
# സംഘടിത

സംഘടിത/സെപ്തംബര്‍ 2021/ വോള്യം 18/ലക്കം 17




**എഡിറ്റര്‍ :**
ഡോ.ഷീബ കെ.എം.
**മാനേജിംഗ് എഡിറ്റര്‍ :**
കെ.അജിത
**ഗസ്റ്റ് എഡിറ്റര്‍ :**
ഹമീദ സി.കെ.
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ജ്യോതി നാരായണന്‍
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരന്‍
ഡോ. ഷംഷാദ് ഹുസൈന്‍
സുല്‍ഫത്ത്
ഡോ. സോണിയ ജോര്‍ജ്
ഡോ. അമീറ വി.യു.
ഡോ.ഷര്‍മ്മിള ആര്‍.
ഗാര്‍ഗി ഹരിതകം
ഡോ.മുത്തുലക്ഷ്മി കെ.
ശ്രീജിത
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോള്‍
**ലേഔട്ട് & കവര്‍ :**
സുവിജ കെ.
**വെബ്സൈറ്റ് :**
വസന്ത പി.

**സംഘടിത മാസിക**
അന്വേഷി വിമന്‍സ് കൗണ്‍സലിംഗ് സെന്റര്‍, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch
Calicut -4

കേരള ജൂതസമൂഹത്തിലെ തായ്‌വഴി സൂചനകള്‍ 8
ഓഫിറ ഗംലിയേല്‍/വിവര്‍ത്തനം: ഗൗരി എം.കെ.

തിരുവിതാംകൂര്‍ ഈഴവരുടെ ഇടയിലെ സാമൂഹ്യപരിഷ്ക്കരണം, നിയമം, ലിംഗാധിഷ്ഠിത സ്വത്വനിര്‍മ്മിതി 16
മീര വേലായുധന്‍/വിവര്‍ത്തനം: ഷീബ എന്‍. കെ.

കടാങ്കോട് മാക്കവും വടക്കേമലബാറിലെ മാതൃദായകുടുംബബന്ധങ്ങളിലെ വൈകാരികസന്തുലിതാവസ്ഥയും27
പ്രവീണ കോടോത്ത് /വിവര്‍ത്തനം: ശ്രീദേവി ഡി.

മരുമക്കത്തായ സമ്പ്രദായവും താമസരീതികളും 31
ജാനകി അബ്രഹാം/വിവര്‍ത്തനം: കൃഷ്ണവേണി

ശ്രീലങ്കന്‍ തീരങ്ങളിലെ താവഴി ആചാരങ്ങളും രീതികളും 38
ഡോ.അപര്‍ണ ഈശ്വരന്‍/ വിവര്‍ത്തനം: അശ്വനി ആര്‍. ജീവന്‍

മീനങ്കാബാവ് മാതൃദായക്രമത്തിലെ സ്ത്രീ നായികത്വത്തില്‍ 'ബുണ്ടോ കണ്ടുവാങ്ങിന്റെ' പങ്ക് 44
ലൂലി സാരി യുസ്ടിന, വാഹ്യുലിസ് ലിഉസ് സെഇന്‍, ഹസ്നാവദി , വിവര്‍ത്തനം : രോഷ്നി പത്മനാഭന്‍

ഗോത്ര മെട്രിലീനിയുടെ ആണ്‍കോയ്മാ സമൂഹങ്ങള്‍ 54
ഇന്ദു മേനോന്‍

മരയ്ക്കാര്‍ മുസ്ലിങ്ങളുടെ താവഴിക്രമം: വിഴിഞ്ഞത്തു നിന്നൊരു അനുഭവക്കുറിപ്പ് 64
ഹമീദ സി. കെ., ഐഷ ബീവി

വയനാട്ടിലെ ആദിവാസിസ്ത്രീകളും താവഴി അറിവു പകര്‍ച്ചകളും
ദീപ വി. കെ.

വണ്ടിപ്പെരിയാറിലെ പെണ്‍കുഞ്ഞുങ്ങള്‍ 76
ഉപ്പും മുളകും /ഗീത

മുക്കുവ ക്രിസ്ത്യാനികള്‍ക്കിടയിലെ മാതൃദായ സമ്പ്രദായം :വ്യവഹാരങ്ങള്‍ക്കിടംകൊടുക്കാത്ത പാരമ്പര്യങ്ങള്‍ 79
സിന്ധു മരിയ നെപ്പോളിയന്‍

മാപ്പിള മരുമക്കത്തായത്തിന്റെ പരിവര്‍ത്തന നാള്‍വഴികള്‍ 84
അസ്മ എം. പി.

മേഘാലയയിലെ മാതൃദായക്രമ സമൂഹങ്ങളും സമകാലിക യാഥാര്‍ത്ഥ്യങ്ങളും 94
ഡോ: സംഹിത ബറൂഹ് / വിവര്‍ത്തനം: ശ്രുതി റ്റി. സി

മരുമക്കത്തായ വ്യവഹാരങ്ങള്‍ ലക്ഷദ്വീപ് സമൂഹത്തില്‍ 102
മറിയം മുംതാസ്

താലിബാനിസം കറകളഞ്ഞ ആണ്‍കോയ്മയുടെ പ്രതീകം 112
പെണ്‍പക്ഷം/അജിത കെ.

തിയ്യ, ഈഴവ മാതൃദായക്രമ വ്യവഹാരം: സമുദായവും പിന്തുടര്‍ച്ചാവകാശവും 114
ശ്രീബിത പി. വി.

കുറ്റിച്ചിറയിലെ മാതൃദായ സമ്പ്രദായവും സ്ത്രീകളും 121
ആയിശ ഫാബിന്‍

മാതൃദായക്രമം വര്‍ക്കലയിലും പരിസരപ്രദേശങ്ങളിലും 125
ഡോ. എ. ജെദീദ

മണിപ്രവാളകൃതികളും താവഴിസമ്പ്രദായവും 127
ലക്ഷ്മി ചന്ദ്രന്‍ സി. പി.

'എന്റെ അഭിമാനവും എന്റെ സ്ഥാനമാനങ്ങളും' മേഘാലയയിലെ 'അ'ച്ചിക്ക് മാതൃദായ സമ്പ്രദായത്തില്‍ 131
സുമേ സംമ്മാ/ വിവര്‍ത്തനം : അനു ഉഷ

കേരളത്തിലെ നായര്‍ മരുമക്കത്തായവും സ്ത്രീസ്വാതന്ത്ര്യവും 139
വര്‍ഷ കെ.

ലൈംഗികത, വിവാഹം, കുടുംബം : മാതൃദായക്രമവും കേരള സമൂഹത്തിന്റെ പുനര്‍നിര്‍മ്മിതിയും 142
ഡോ.ലേഖ.എന്‍.ബി.

കോഴിക്കോട്ടെ കോയമാര്‍ക്കിടയിലെ മരുമക്കത്തായം: മാറ്റങ്ങളും തുടര്‍ച്ചകളും 148
അലീന സബാസ്റ്റ്യന്‍/ വിവര്‍ത്തനം :ഷംല മുസ്തഫ മൊഹമ്മദ്

പൊന്നാനിയിലെ മരുമക്കത്തായ സമ്പ്രദായം ചരിത്രവഴികളിലൂടെ 153
ജസി സലീം

പെണ്ണിടങ്ങള്‍ : മധ്യകാല സന്ദേശകാവ്യങ്ങളിലേക്കുള്ള ലിംഗപദവി നോട്ടങ്ങള്‍ 157
ഡോ. മാളവിക ബിന്നി

മരുമക്കത്തായം : മാറിയ സാഹചര്യത്തില്‍ കണ്ണൂരില്‍ നിന്നുള്ള ചില നിരീക്ഷണങ്ങള്‍ 160
സുലേഖ

മരുമക്കത്തായ വ്യവസ്ഥിതിയും സ്ത്രീകളും 162
ഡയാന കെ.

അതെ, അതിനു വേണ്ടി ഞങ്ങള്‍ കാത്തിരിക്കുന്നു 165
വാസ്തവം / ഡോ.ജാന്‍സി ജോസ്

കാളിദാസികളാകുന്ന പെണ്‍പിറവികള്‍ 166
പാര്‍വ്വതി കൃഷ്ണ പി.എല്‍.

അഫ്ഘാന്റെ മകള്‍ 172
വഴിത്താരകള്‍ /ജാനകി

തനിയെ 174
കഥ / സിന്ധു ഉല്ലാസ്

പൊന്നാനിയിലെ മരുമക്കത്തായം
അജ്ന സി. എച്ച്. 176

ബഹിരാകാശ സ്വപ്നങ്ങളിലേക്ക് പറന്ന ശിരിഷ 178
ശാസ്ത്രം /സീമ ശ്രീലയം

## മുഖവുര



ഷീബ കെ.എം.

സ്വാതന്ത്ര്യത്തിന്റെ അമൃതവർഷം ആഘോഷിക്കപ്പെടുമ്പോൾ ഈ രാജ്യത്തെ ജനങ്ങൾ അനുഭവിക്കുന്ന പാരതന്ത്ര്യങ്ങളുടെ കൂടി കണക്കെടുപ്പ് ആവശ്യമാണ്. 2020 ആഗസ്റ്റിൽ ആരംഭിച്ച കർഷകസമരം ഇന്ത്യൻ ജനതയുടെ മുഴുവൻ നിലനില്പിന്റെ പ്രശ്നത്തെ പ്രതിനിധീകരിച്ചിട്ടും ഒരു വർഷമായും പരിഹാരമില്ലാതെ തുടരുകയാണ്.ഈ സമരത്തോടുള്ള ഭരണകൂടസമീപനങ്ങൾ സ്വാതന്ത്ര്യമെന്ന സങ്കല്പനത്തെ തന്നെ റദ്ദാക്കുകയാണ്. കർണ്ണാലിൽ പ്രതിഷേധിക്കുന്ന കർഷകരുടെ തലയടിച്ചു പൊളിക്കാൻ ആഹ്വാനം ചെയ്ത പോലീസ് ഉദ്യോഗസ്ഥന്റെ വാക്കുകൾ ഇതിന് ഉത്തമ ഉദാഹരണമാണ്. തിരുത്താൻ ശേഷിയുള്ള പ്രതിപക്ഷത്തിന്റെ അഭാവത്തിൽ സ്വേച്ഛാധിപത്യത്തിന്റെ പിടിയിൽ പൂർണ്ണമായും അമരുകയാണ് ഇന്ത്യൻ ജനത. അതിനിടയിൽ സ്വാതന്ത്യസമരചരിത്രം തിരുത്തി പ്രതിനിനീധകരിച്ചും ജവഹർലാൽ നെഹ്രുവിനു പകരം വീർ സവർക്കറെ പ്രതിഷ്ഠിച്ചും വ്യാജ ഭൂതകാലരൂപങ്ങൾ നിർമ്മിച്ചെടുക്കുകയാണ് ഹിന്ദുത്വ അധികാരിവർഗ്ഗം . മുതലാളിത്തവ്യവസ്ഥയുടെ നടത്തിപ്പുകാരായി വിദ്യാഭ്യാസ രംഗത്തെ ആകമാനം ഉടച്ചുവാർക്കാനുള്ള ശ്രമങ്ങളും തകൃതിയായി നടക്കുന്നു. തീർത്തും അശുഭകരമായ അനേകം സംഭവവികാസങ്ങൾ .

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുമ്പോഴും നീതി നടപ്പിലാക്കേണ്ടുന്ന കോടതികളുടെ സ്ത്രീവിരുദ്ധതകൾക്ക് അറുതിയുണ്ടാകുന്നില്ല. ഗുവാഹതി ഐ. ഐ. ടി. യിലെ 21 വയസ്സുള്ള വിദ്യാർത്ഥിനി ലൈംഗിക ബലാൽക്കാരത്തിന് വിധേയമായ കേസ്സിൽ കുറ്റാരോപിതനായ അതേ സ്ഥാപനത്തിലെ വിദ്യാർത്ഥി ഉത്സവ് കദം ന് ഹൈക്കോടതി ജാമ്യം അനുവദിച്ചു. അവൻ മിടുക്കനായ വിദ്യാർത്ഥിയും നാടിന്റെ ഭാവിവാഗ്ദാനവുമാണെന്നായിരുന്നു കോടതിയുടെ നിരീക്ഷണം. നീതി നടപ്പാക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ തന്നെ ഇപ്രകാരം കൊടും വിവേചനത്തിന്റെയും അനീതിയുടെയും ഇടങ്ങളായി നിലകൊള്ളുന്നത് നമ്മുടെ പ്രതീക്ഷകളെ അപ്പാടെ തകർക്കുന്നുണ്ട്. ശക്തമായി അപലപിക്കുന്നു.

രാഷ്ട്രീയപാർട്ടികളുടെ ഔദ്യോഗികപ്രവർത്തനങ്ങൾ ഏറിയും കുറഞ്ഞും പുരുഷാധിപത്യമൂല്യങ്ങളെ പിൻപറ്റുന്നതായി തന്നെ തുടരുന്നു. അതിനാൽ തന്നെ പാർട്ടികൾക്കകത്തെ രാഷ്ട്രീയ നടത്തിപ്പുകളെ സ്ത്രീപക്ഷമാക്കുക എന്നത് ദുഷ്ക്കരമാവുകയും ചെയ്യുന്നു. എം.എസ്. എഫ്. ന്റെ പുരുഷനേതാക്കൾ സ്ത്രീവിരുദ്ധമായി പെരുമാറി എന്ന് ആരോപിച്ച് 'ഹരിത ' എന്ന വനിതാവിഭാഗം ഉയർത്തിയ വിമർശനങ്ങൾ ഏറെ പ്രതീക്ഷയോടെ കാണുന്നു. ഈ പ്രതിഷേധത്തിന് വഴി തുറന്ന ഫാത്തിമ തഹലിയ, മുഫീദ തസ്നിയ തുടങ്ങിയവർക്ക് അഭിവാദ്യങ്ങൾ. കടുത്ത നടപടികൾ തങ്ങൾക്കെതിരെ ഉണ്ടാവുമെന്ന് ഉറപ്പുള്ളപ്പോഴും ഈ പ്രശ്നം തുറന്നു കാട്ടാൻ കാണിച്ച അനന്യമായ ധൈര്യത്തിന് പൂർണ്ണപിന്തുണ. മറ്റ് രാഷ്ട്രീയപാർട്ടികൾക്കകത്തും ഇതൊരു മാതൃകയാവട്ടെ എന്ന് ആഗ്രഹിക്കുന്നു.

ഏഷ്യയുടെ നോബൽ സമ്മാനം എന്നറിയപ്പെടുന്ന രമൺ മാഗ്സസെ പുരസ്കാരം ഇത്തവണ ലഭിച്ചവരിൽ ഒരാൾ ബംഗ്ലാദേശ് വാക്സിൻ ശാസ്ത്രജ്ഞ ഡോ. ഫിർദൗസി ഖദ്രിയാണ്. എല്ലാ പ്രായക്കാർക്കും വായിലൂടെ നൽകാവുന്ന, ചെലവ്കുറഞ്ഞ കോളറ വാക്സിനും ടൈഫോയ്ഡ് കൺജുഗേറ്റ് വാക്സിനും ഫിർദൗസി വികസിപ്പിച്ചെടുത്തു. വികസ്വരരാജ്യങ്ങളിലെ സാധാരണക്കാരെ ബാധിക്കുന്ന ടൈഫോയ്ഡ്, വയറിളക്ക രോഗങ്ങൾ തുടങ്ങിയ പകർച്ചവ്യാധികളാണ് ഡോ. ഫിർദൗസി ഖദ്രിയുടെ പ്രധാന പ്രവർത്തനമേഖല. അഭിനന്ദനങ്ങൾ!

താവഴിക്രമം സ്ത്രീപക്ഷമായ സാമൂഹ്യക്രമീകരണമെന്ന മട്ടിലാണ് പൊതവെ കണക്കാക്കപ്പെടുന്നത്. അതിനുശേഷം പുരുഷാധിപത്യ വ്യവസ്ഥ കടന്നുവന്നതിനെ 'മാതൃ അവകാശങ്ങളുടെ ചരിത്രപതനം' എന്നാണ് ഫ്രഡറിക് എംഗൽസ് തന്റെ 'കുടുംബം സ്വകാര്യസ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം' എന്ന ഗ്രന്ഥത്തിൽ കുറിക്കുന്നത്. കേരളത്തിൽ നായൻമാർക്കിടയിലുണ്ടായിരുന്ന മാതൃദായക്രമമാണ് നമുക്കിടയിൽ ഏറിയപങ്കും ചർച്ചചെയ്യപ്പെട്ടിരുന്നത്. എന്നാൽ പല ജാതികളിലും ഇന്ത്യയുടെ പല ഭാഗങ്ങളിലും ഇത് വ്യത്യസ്ത രീതികളിൽ നിലനിന്നിരുന്നു എന്ന് നമുക്കിന്ന് അറിയാൻ കഴിയുന്നുണ്ട്. ഈ വ്യവസ്ഥ സ്ത്രീയവസ്ഥകളെ എങ്ങനെയായിരിക്കും നിർണ്ണയിച്ചിരുന്നത്? ആണധികാര സമ്പ്രദായങ്ങൾക്കുള്ള ബദലുകളായി ഇതിന് വർത്തിക്കാൻ കഴിഞ്ഞിരുന്നോ? ഹമീദ സി.കെ. അതിഥിപത്രാധിപയായി ഈ വിഷയം വിമർശനാത്മകമായി കൈകാര്യം ചെയ്യുന്ന സെപ്തംബർ ലക്കം സംഘടിത സമർപ്പിക്കുന്നു.

# തെക്ക് തെക്ക് -കിഴക്കൻ ഏഷ്യയിലെ സ്ത്രീകളും താവഴി സംസ്ക്കാരങ്ങളും



**ഹമീദ സി. കെ.**
കോഴിക്കോട്
സർവകലാശാലയിലെ
സ്ത്രീ പഠന
വിഭാഗം അധ്യാപിക

മധ്യകാലഘട്ട സാമൂതിരിയുടെ പ്രശസ്തിയാർജ്ജിച്ച തീരദേശ തുറമുഖ നഗരമായ കോഴിക്കോട് കുറ്റിച്ചിറയിൽ ജനിച്ചു വളർന്ന വ്യക്തിയെന്ന നിലയിൽ ഒരുപാട് കൗതുകങ്ങൾ ഈ പുരാതന നഗരം എന്റെ കണ്ണുകൾക്കും മനസ്സിനും നൽകിയിട്ടുണ്ട്. കടൽ കടന്നെത്തുന്ന സ്നേഹ ബന്ധങ്ങളുടെയും പ്രതീക്ഷകളുടെയും കരുതലിന്റെയും സമ്പത്തിന്റെയും പ്രതീകമായി അറബിക്കടൽ മുതിർന്നവരുടെ വാക്കുകളിലും ഇവിടുത്തെ കുഞ്ഞുങ്ങളുടെ ഹൃദയങ്ങളിലും നിറഞ്ഞു നിന്നിരുന്നു. എൺപതുകളുടെ അവസാനവും തൊണ്ണൂറുകളുടെ ആരംഭത്തിലും ഈ പട്ടണ തീരങ്ങളിൽ അറബികളുടെയും അവർ വന്ന കപ്പലുകളുടെയും സാന്നിധ്യം സാധാരണമായിരുന്നു. അതോടൊപ്പം തന്നെ തീരങ്ങളിലെ കടൽപ്പാലങ്ങളും പാണ്ടികശാലകളും ഈ കാലഘട്ടത്തിൽ ഏറെക്കുറേ സജീവമായിരുന്നു. അറബികളും അവരുടെ കോഴിക്കോട്ടെ കുടുംബങ്ങളും ഈ പ്രദേശത്ത് സാധാരണമായിരുന്നു. സുന്ദരന്മാരായ അറബികൾക്ക് പെൺകുട്ടികൾ 'വാഉന്നത്' (കല്യാണം കഴിക്കുന്നത്) അക്കാലത്ത് സൗഭാഗ്യമായി കണ്ടു. അറബികൾ കല്യാണം കഴിച്ചു കൊണ്ടുപോയ സ്ത്രീകൾ അവരുടെ അറബിക്കുട്ടികളുമായി നാട്ടിലെ കുടുംബത്തെ സന്ദർശിക്കുന്നതും ഇവിടെ സാധാരണമായിരുന്നു. കൂടാതെ അറബികൾ കല്യാണം കഴിച്ച് ഉപേക്ഷിച്ച് പോയ സ്ത്രീകളും കുട്ടികളും ഇവിടെ സാധാരണമായിരുന്നു. അമ്മയുടെ കൂട്ടുകുടുംബങ്ങൾക്കൊപ്പമായിരുന്നു ഈ കുഞ്ഞുങ്ങൾ വളർന്നത്. സന്തോഷങ്ങളും സങ്കടങ്ങളും ഇവർ കൂട്ടമായി തന്നെ പങ്ക് വച്ചു.

മധ്യേഷ്യയിൽ നടന്ന സാമ്പത്തിക വ്യതിയാനങ്ങളുടെ ഭാഗമായി കോഴിക്കോടും അറബ് നാടുകളുമായുള്ള സമുദ്രാനന്തര വ്യാപാരം പിന്നീട് പാടേ നിലച്ചു. ഇത് വെറും വ്യാപാര ബന്ധങ്ങളുടെ നിലയ്ക്കൽ മാത്രമായിരുന്നില്ല നൂറ്റാണ്ടുകളായി കോഴിക്കോട് അങ്ങാടിയുമായി അറബികൾ നിലനിർത്തിയിരുന്ന ബന്ധുത്വങ്ങളുടെ അവസാനം കൂടിയായിരുന്നു അത്. യമൻ, ഇറാൻ, സൗദി അറേബ്യ, ഒമാൻ, സോമാലിയ, യുഎഇ തുടങ്ങിയ രാജ്യക്കാരുമായാണ് ഈ പ്രദേശത്തെ സ്ത്രീകൾ വൈവാഹിക ബന്ധത്തിൽ ഏർപ്പെട്ടിരുന്നത്.

2008-ൽ ഹൈദരാബാദ് സർവകലാശാലയിൽ സ്ത്രീപഠനത്തിൽ എംഫിൽ ഗവേഷണം നടത്താൻ തീരുമാനിച്ചപ്പോൾ 'അറബിക്കല്യാണങ്ങളും മാപ്പിള മുസ്ലിം സ്ത്രീകളും' എന്ന വിഷയം തീരുമാനിക്കാൻ വേറൊന്നും തന്നെ ആലോചിക്കേണ്ടി വന്നില്ല. അറബിക്കല്യാണം എന്നാൽ എന്താണ് അർത്ഥമാക്കുന്നത്? കോഴിക്കോട് തീരത്ത് അറബിക്കല്യാണം എന്ന പ്രതിഭാസം ഉടലെടുക്കുവാൻ ഉണ്ടായ സാഹചര്യങ്ങൾ എന്തെല്ലാം ആയിരുന്നു? അറബിക്കല്യാണം കൊണ്ട് ഈ പ്രദേശത്ത് ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്? മാപ്പിള മുസ്ലിം സ്ത്രീകളും അറബികളും തമ്മിലുള്ള വിവാഹബന്ധം എന്ന പ്രതിഭാസത്തിന് അറുതിവരാനുള്ള കാരണങ്ങൾ എന്തെല്ലാം ആയിരുന്നു? തുടങ്ങിയവയായിരുന്നു ഗവേഷണ ചോദ്യങ്ങൾ. അതുവരെ അറബിക്കല്ല്യാണത്തെപ്പറ്റി ആരും തന്നെ പഠിച്ചിട്ടുണ്ടായിരുന്നില്ല. ഇതിന്റെ ചരിത്രപശ്ചാത്തലം മനസ്സിലാക്കാൻ ഞാൻ അന്ന് ഉപയോഗിച്ചത് മലബാറിനെ കുറി

ച്ചറിയാനുള്ള പ്രാഥമിക ചരിത്രരേഖകളായ അർകൈവൽ രേഖകളും ഇബിൻ ബത്തൂത്ത, ബാർബോസ തുടങ്ങിയ അക്കാലത്തെ വിദേശസഞ്ചാരികൾ എഴുതിയ കുറിപ്പുകളും ആയിരുന്നു. കൂടാതെ മരുമക്കത്തായത്തെ കുറിച്ചും മലബാറിലെ മുസ്ലിംകളെ കുറിച്ചും എഴുതപെട്ട ഇംഗ്ലീഷ്, മലയാളം രചനകളും ആയിരുന്നു. മരുമക്കത്തായം കാലാന്തരത്തിൽ പല മാറ്റങ്ങൾക്കും വിധേയമായിട്ടുണ്ട്. ചുരുക്കം ചില സ്ത്രീപക്ഷ എഴുത്തുകൾ ഒഴിച്ചാൽ ഒട്ടു മിക്ക പഠനങ്ങളും അർകൈവൽ രേഖകളും പുരുഷന്മാരുടെ അഭിപ്രായങ്ങളെ മാത്രമാണ് പ്രധിനിധീകരിക്കുന്നതെന്നു അന്ന് മനസ്സിലായി. പ്രത്യേകിച്ചും പുരുഷന്മാർ എഴുതിയ മാപ്പിള ചരിത്രഗ്രന്ഥങ്ങളും മറ്റും അറബിക്കല്യാണം എന്ന പ്രതിഭാസത്തെ പറ്റി ഗഹനമായി എഴുതിയിരുന്നില്ല. സാമൂഹിക ഉന്നമന പ്രസ്ഥാനങ്ങളുടെ കാലഘട്ടത്തിൽ എഴുതിയ ഇത്തരം ഗ്രന്ഥങ്ങൾ സമുദായ മഹിമയെ ഉത്ഘോഷിക്കുന്നവയായിരുന്നു. അതുകൊണ്ട് തന്നെ കോഴിക്കോട്ടെ മാപ്പിളമാരെപ്പറ്റിയുള്ള നിലവിലുള്ള പഠനങ്ങൾ അപൂർണ്ണം എന്ന് തന്നെ പറയേണ്ടി വരും. സമൂഹത്തിന്റെ വലിയൊരു ഭാഗമായ സ്ത്രീകളുടെ അനുഭവങ്ങൾ ഇല്ലാത്ത ചരിത്രത്തെ എങ്ങിനെയാണ് ചരിത്രമെന്ന് വിളിക്കുന്നത്? ഒരു ചരിത്രഗവേഷക എന്ന നിലയിൽ എന്നെ പലപ്പോഴും അലട്ടിയ ചോദ്യമായിരുന്നു ഇത്.

അറിവുൽപാദനത്തിൽ/വിജ്ഞാനനിർമ്മാണ പ്രക്രിയയിൽ പലപ്പോഴും പുരുഷന്റെ അനുഭവങ്ങൾക്കും അറിവുകൾക്കുമാണ് പ്രാധാന്യം നൽകപ്പെടുന്നത്. അവിടെ പുരുഷാധിപത്യ കാഴ്ചപാടിൽ നിന്നും മോചിതരല്ലാത്ത പുരുഷന്മാരാണ് അറിവുശേഖരിക്കുന്നതും രേഖപെടുത്തുന്നതും. ഇതിൽ സ്ത്രീകളുടെ അറിവ്/അനുഭവം ഉൾകൊള്ളിക്കുന്നില്ല എന്നത് നൂറ്റാണ്ടുകളായി പുരുഷാധിപത്യ ഞ്ജാനവ്യവസ്ഥ കൈക്കൊള്ളുന്ന രീതിയണ്. പലപ്പോഴും സ്ത്രീകളുമായി ബന്ധപെട്ട് കിടക്കുന്ന ഒരു വിഷയം മനസ്സിലാക്കാൻ ചരിത്രരേഖകൾ പര്യാപ്തമല്ല എന്നിടത്ത് തന്നെ ഇവ പഠിക്കപ്പെടുന്നതിനാവശ്യമായ രീതിശാസ്ത്രം വികസിപ്പിച്ചെടുക്കേണ്ടത് അനിവാര്യമായ കാര്യമാണ് എന്ന് അന്ന് മനസിലാക്കി. അതിനാൽത്തന്നെ അറബിക്കല്യാണവും കാലങ്ങളായി ഈ വ്യവസ്ഥയിൽ വന്ന മാറ്റങ്ങളും ഈ മാറിയ കാലഘട്ടത്തിൽ സ്ത്രീകൾ എങ്ങിനെ അതിജീവിക്കുന്നു എന്നതും സ്ത്രീകളുടെ തന്നെ അനുഭവങ്ങളുടെ വെളിച്ചത്തിൽ നോക്കി കാണേണ്ടതുണ്ട് എന്ന ഉൾക്കാഴ്ചയോടുകൂടിയാണ് സ്ത്രീകളുമായുള്ള അഭിമുഖങ്ങളിലൂടെ അറബിക്കല്യണങ്ങളുടെ വാമൊഴിചരിത്രം എഴുതാൻ അന്ന് ശ്രമം നടത്തിയത്.

പക്ഷെ എല്ലാവരേയും ഞെട്ടിച്ചു കൊണ്ടുള്ള ഇടപെടലുകളായിരുന്നു ഹൈദരാബാദ് സർവകാലശാലയിലെ സ്ത്രീപഠന വകുപ്പിലെ ചില അദ്ധ്യാപകരിൽ നിന്നും നേരിട്ട പ്രതികരണം. വ്യപാരത്തിന്റെ ഭാഗമായി ഉത്ഭവിച്ച അറബി-മാപ്പിളസ്ത്രീ ബന്ധം ഒരു 'ഫ്ലെഷ് ട്രൈഡ്' ആയി കാണുവാൻ മാത്രമേ സാധിക്കുകയുള്ളൂ എന്നതായിരുന്നു അവരുടെ വാദം. സാമൂഹിക സാഹചര്യങ്ങളെയും ചരിത്രവിശകലനങ്ങളെയും അടർത്തി മാറ്റി വിക്ടോറിയൻ വ്യവസ്ഥാപിത വിവാഹങ്ങളുടെ ചട്ടകൂടിനുള്ളിൽ നിന്നുകൊണ്ട് സ്ത്രീയുടെ ലൈംഗികതയെ ചൂഷണം ചെയ്യുന്ന ഒരു ഏർപ്പാടായി മാത്രമായാണ് അവരതിനെ കണ്ടത്.

അറബിക്കല്ല്യാണം മലബാർ തീരത്ത് നൂറ്റാണ്ടുകളായി നിലനിന്നിരുന്ന മാതൃപാര്യമ്പര്യത്തിന്റെയും അറേബ്യൻ മണലാരണ്യങ്ങളിൽ നിലനിന്നിരുന്ന മാതൃപാരമ്പര്യ രീതികളുടെയും സംഗമമായിരുന്നു. ഇരുദേശങ്ങളിലും ഇത്തരം വിവാഹബന്ധങ്ങൾ വഴി ഉണ്ടാകുന്ന കുഞ്ഞുങ്ങൾ അമ്മയുടെ കുടുംബസ്വത്ത് ആയാണ് കണക്കാക്കപ്പെടുന്നത്. അവരെ നോക്കി വളർത്തേണ്ട ചുമതല അമ്മകുടുംബത്തിന്റെ കൂട്ടായ ചുമതല ആയിരുന്നു, പ്രത്യേകിച്ചു മാതൃസഹോദരന്റെ. വിവാഹബന്ധം വേണ്ടെന്നു വയ്ക്കാനും വേറെ വിവാഹത്തിൽ ഏർപ്പെടാനും സ്ത്രീകൾക്ക് കഴിയുമായിരുന്നു. അറബ് വ്യാപാരികൾ ഗുജറാത്ത് തീരങ്ങളിലും, ശ്രീലങ്കയിലും, ഇന്തോനേഷ്യയിലും തായ്‌ലാണ്ടിലും സമാന രീതിയിലുള്ള വിവാഹങ്ങൾ നടത്തിയതായി പഠനങ്ങൾ ഉണ്ട്. ഈ പ്രദേശങ്ങളിൽ ഒക്കെ തന്നെ താവഴി സംസകാരങ്ങൾ നിലനിൽക്കുന്നതായി കാണാം. നായർ മരുമക്കത്തായത്തിലെ സംബന്ധം എന്ന സമ്പ്രദായം എത്രത്തോളം പാശ്ചാത്യ/സ്വദേശ പുരുഷ വിമർശനങ്ങൾക്ക് ഹേതുവായിട്ടുണ്ടോ അതുപോലെ തന്നെ അറബിക്കല്ല്യാണവും ആധുനിക കാലഘട്ടത്തിൽ വിമർശനങ്ങൾക്ക് കാരണമാവുകയാണ് ചെയ്തത്. ആധുനിക ചിന്താഗതിക്കാരായ മാപ്പിള മുസ്ലിം സാംസ്കാരിക പ്രവർത്തകർ ഇത്തരം വിവാഹങ്ങളെ ശക്തിയുക്തം എതിർത്ത് കളിയാക്കി. അറബിക്കല്ല്യാണവുമായി ബന്ധപെട്ട സ്റ്റീരിയോടൈപ്പ് പ്രകടമാക്കുന്നതിനു ഉദാഹരണമാണ് അന്ന് ചിട്ടപെടുത്തിയ ഒരു മാപ്പിളഗാനം 'കോഴിക്കോട്ടെ കടപ്പു

റത്തടുത്തുന്നു സുഹറബീവിയെ അറബി കെട്ടി. കിളവൻ അറബിയുടെ കള്ളതാടി കണ്ടിട്ട് പടച്ചോനെ പെണ്ണിന്റെ ഖൽബ് പൊട്ടി'.

മേൽപ്രസ്താവിച്ച പോലെ താവഴി സംസ്കാരങ്ങളെ ആധുനികതയുടെ അളവുകോൽ കൊണ്ട് അളക്കാനും നോക്കി കാണാനും ആണ് മിക്ക സാമൂഹികപ്രവർത്തകരും യാഥാസ്ഥിതിക സാമൂഹികശാസ്ത്രജ്ഞന്മാരും അക്കാദമിക മേഖലയിലെ ചില സ്ത്രീകളും ശ്രമിച്ചത്. ചരിത്രവിരുദ്ധമായ ഇത്തരം ബോധങ്ങളെ പുനർവിചിന്തനം ചെയ്യേണ്ടത് അനിവാര്യമായ ഒന്നാണ് എന്ന് കരുതികൊണ്ടാണ് തെക്ക് കിഴക്കൻ ഏഷ്യൻ മേഖലകളിലെ സ്ത്രീകളും താവഴിപാര്യമ്പര്യവും എന്ന പേരിൽ ലേഖനങ്ങൾ സമാഹാരിച്ചത്. മാട്രിലിനി എന്നാൽ നായർ മരുമക്കത്തായവും മാപ്പിള മരുമക്കത്തായവുമാണ് അതും തറവാട്, സ്വത്ത് എന്നുള്ള വ്യവഹാരങ്ങൾക്കുള്ളിൽ നിന്നു മാത്രമേ നമുക്ക് താവഴിസംസ്കാരത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കഴിയുകയുള്ളൂ എന്നൊക്കെയുള്ള പല വ്യവസ്ഥാപിത ധാരണകളെ തച്ചുടയ്ക്കുന്ന തരത്തിലുള്ളതാണ് ഇതിലുള്ള ലേഖനങ്ങൾ.

തെക്ക്-തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളിലെ വിവിധ സമൂഹങ്ങൾക്കിടയിൽ പ്രബലമായിരുന്ന മാതൃപാരമ്പര്യങ്ങളെയും അതിലെ ദായകക്രമങ്ങളും മറ്റും മലയാളത്തിൽ അവതരിപ്പിക്കുന്ന ഇരുപത്തിയാറു ലേഖനങ്ങളാണ് ഈ ലക്കം സംഘടിതയിലൂടെ വായനക്കാർക്ക് മുന്നിൽ ചർച്ചയ്ക്കായി അവതരിപ്പിച്ചിരിക്കുന്നത്. ഈ മേഖലയിൽ പഠനങ്ങളും അന്വേഷണങ്ങളും അനുഭവങ്ങളും ഉള്ള പെൺകൂട്ടമാണ് ഇത് യാതർത്യമാക്കിയത്. ഇന്തോനേഷ്യയിലെ മീനങ്കാവ് താവഴിക്രമം മുതൽ ലക്ഷദ്വീപിലെ താവഴിക്രമം വരെ അന്വേഷിക്കുന്ന വ്യത്യസ്ഥ മത ജാതി വർഗ്ഗങ്ങൾക്കിടയിലെ വൈവിധ്യമാർന്ന മാതൃദായ ക്രമങ്ങളെ വിശദീകരിക്കുന്ന പഠനങ്ങളും അനുഭവങ്ങളും തീർത്തും പുതുമയുള്ളതും കൂടുതൽ അന്വേഷണങ്ങൾ ആവശ്യപ്പെടുന്നതുമാണ്. കേരളത്തിലെയും മറ്റ് പ്രദേശങ്ങളിലേയും താവഴികളെക്കുറിച്ച് ധാരാളം പഠനങ്ങൾ ഇംഗ്ലീഷിൽ വന്നിട്ടുണ്ട്. ഇതിലെ പല എഴുത്തുകാരും അത്തരം സംരംഭങ്ങളിൽ ഭാഗവുമാണ്. അവരെയൊക്കെ ഒരുകുടക്കീഴിൽ മലയാളത്തിൽ എത്തിക്കുക എന്ന ശ്രമം കൂടി വിജയിച്ചു എന്നതാണ് ഈ ലക്കം അതിഥിപത്രധിപയായി നിർവഹിക്കുമ്പോൾ തോന്നുന്നത്. അതിനാൽ തന്നെ മലയാളത്തിൽ വിവിധ സമൂഹങ്ങളിലെ താവഴിക്രമങ്ങളുടെ വേരന്വേഷിക്കുന്ന ഒരു സമാഹാരം അത്യധികം ഉത്സാഹവും ഉണർവുമാണ് ഒരു ഗവേഷക എന്നതരത്തിലും അധ്യാപിക എന്ന തരത്തിലും സമ്മാനിക്കുന്നത്. സംഘടിത ഇതിന് അവസരം നൽകുമ്പോൾ തുറക്കുന്നത് ബോധപൂർവം വിസ്മൃതിയിൽ ആഴ്താൻ ശ്രമിക്കുന്ന നമ്മുടെ വർത്തമാന ചരിത്രമാണ് എന്നതിൽ തർക്കമില്ല.

വരേണ്യ വ്യവസ്ഥാപിത അക്കാദമിക മേഖല അവഗണിച്ച പല ഘടകങ്ങളും ഈ ലക്കത്തിൽ ചേർത്ത് വയ്ക്കാൻ സാധിച്ചു എന്നതിൽ തന്നെ നിറഞ്ഞ ചാരിധാർത്ഥ്യം നൽകുന്നുണ്ട്. ലേഖന സമാഹരണ പ്രക്രിയകളും വിവർത്തനങ്ങളും തികച്ചും വെല്ലു വിളികൾ നിറഞ്ഞതായിരുന്നു. ഒരുപാടുപേരുടെ കഠിനാധ്വാനത്തിന്റെ ഫലമാണ് ഈ ലേഖനങ്ങൾ. വെല്ലുവിളികളുടെ മദ്ധ്യത്തിൽ ലേഖനങ്ങൾ തന്നു സഹായിച്ച ഈ ലക്കം സംഘടിതയുടെ പ്രിയപ്പെട്ട എഴുത്തുകാർക്കും വിവർത്തകാർക്കും മറ്റു വിലപ്പെട്ട സഹായങ്ങൾ വാഗ്ദാനം ചെയ്ത അനു ഉഷ, കെ. പി. ഗിരിജ, ഗൗരി എം. കെ., സഫിയസീ സീ. കെ., ശ്രീദേവി, ഷീബ എൻ. കെ., ജ്യോത്സ്ന കെ. വൈ., സിദ്ദിക്ക് ആർ., ഷഹല റഫീക്ക്, റഹിയ ബക്കർ, സമീർ ഡയാന, രാജലക്ഷ്മി, സുവിജ കെ. തുടങ്ങിയവർക്ക് ഞാൻ എന്റെ ഹൃദയംഗമായ നന്ദി രേഖപെടുത്തുന്നു. നിറഞ്ഞ ക്ഷമയും വിശ്വാസവും എന്നിൽ അർപ്പിച്ചതിനു സംഘടിതയുടെ എഡിറ്റർ ബഹുമാന്യ ഡോ. ഷീബ കെ. എമ്മിനു ഞാൻ എന്റെ ഹൃദയം നിറഞ്ഞ സ്നേഹം രേഖപെടുത്തുന്നു. അന്വേഷിയും അവിടുത്തെ പെണ്ണുങ്ങളും ഇല്ലാതെ സംഘടിത എന്ന ഇടം സാധ്യമല്ല എന്ന തിരിച്ചറിവോടെ അജിതേച്ചിക്കും അന്വേഷിയിലെ എന്റെ പ്രിയപ്പെട്ടവർക്കും സംഘടിതയുടെ പ്രിയ വായനക്കാർക്കും, എൻറെ ആയിഷമാമയ്ക്കും വരും തലമുറയ്ക്കും, ഞാൻ ഈ ലേഖന സമാഹാരങ്ങൾ സമർപ്പിക്കുന്നു.




**ഓഫിറ ഗംലിയേൽ**
പ്രൊഫസർ, യൂണിവേഴ്സിറ്റി ഓഫ് ഗ്ലാസ്ഗോ, യുണൈറ്റഡ് കിംഗ്ഡം

വിവർത്തനം:
**ഗൗരി എം. കെ.**
ബി.എ സ്.എൻ.എൽ.ലിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും തിരിച്ചും പന്ത്രണ്ടോളം പുസ്തകങ്ങൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

# കേരള ജൂത സമൂഹത്തിലെ തായ്‌വഴി സൂചനകൾ

ലേയ പള്ളിപ്പറമ്പിൽ, തെക്കുംഭാഗം എറണാകുളം പള്ളി 1950s,
courtesy: Poomala (പൂമാല) Elias collection

പലതരത്തിൽ ഇസ്ലാം മതത്തോടു സാമ്യമുള്ള പിതൃദായക്രമം പിന്തുടരുന്ന വിഭാഗമാണ് യഹൂദമതം. മതപരമായ ബന്ധങ്ങൾ കിട്ടുന്നത് അമ്മയിലൂടെയാണ് എന്ന ഒരേയൊരു വ്യത്യാസമേയുള്ളു. ഗാർഹികസാമൂഹിക ജീവിതം പൂർണ്ണമായും നടത്തിക്കൊണ്ടു പോകുന്നത് പുരുഷന്മാർ മാത്രമാണ്. പഴയ കാലത്ത് സ്വത്തിന്മേലുള്ള പാരമ്പര്യാവകാശം ആണ്മക്കൾക്ക് മാത്രമായിരുന്നു. ഏതായാലും മഹ്മൂദ് കൂരിയ ചൂണ്ടിക്കാണിക്കും പോലെ മാതൃദായവ്യവസ്ഥയ്ക്ക് പല രൂപങ്ങളുണ്ടെന്നും പിതൃദായവ്യവസ്ഥയോട് പലതരത്തിൽ ചേർന്നു നിലൽക്കാനും സഹവർത്തിയ്ക്കാനും കഴിവുറ്റതാണ് അതെന്നും ഉറപ്പാണ് (എം. കൂരിയ, 'മാട്രിലിനീയൽ നെഗോഷിയേഷൻ വിത്ത് ഇസ്ലാം', ഇന്റർനാഷണൽ



ഫെമിനിസ്റ്റ് ജേർണൽ ഓഫ് ദി പൊളിറ്റിക്സ്, 23 നം. 2 (2021), 192197). കൂരിയയുടെ ഗവേഷണങ്ങളുടെ ചുവടുപിടിച്ചാണ് കേരളത്തിലെ യഹൂദന്മാരുടെ ചരിത്രം, ഇന്ത്യാസമുദ്ര മാതൃദായ സമുദായങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് കൂടുതൽ പഠിക്കാൻ ഞാനൊരുമ്പെട്ടത്.

കേരളത്തിലെ യഹൂദചരിത്രത്തെ നാം നോക്കിക്കാണുന്ന രീതിയ്ക്ക് സമൂലമായ ഒരു മാറ്റം ഈ വിഷയത്തെ അഭിസംബോധന ചെയ്യുമ്പോൾ ഉണ്ടാകേണ്ടതുണ്ട്. ചില ചരിത്രകാർ കുറിയ്ക്കുന്നത് ജൂത അഭയാർത്ഥി തരംഗം 70 കോമൺ ഇറയിൽ ജറുസലേമിൽനിന്നും 1492-ൽ സ്പെയിനിൽ നിന്നുമുള്ള പലായനങ്ങളിലൂടെയാണെന്നാണ്. പക്ഷേ, അത്തരം അനുമാനങ്ങൾ ചരിത്രത്തെയല്ല മറിച്ച് ഇതിഹാസങ്ങളെ അടിസ്ഥാനപ്പെടുത്തി രൂപം കൊണ്ടവയാണ്. ഇതിനുപകരം തെളിവുകൾ ചൂണ്ടിക്കാട്ടുന്നത് പരിശോധിച്ചാൽ വിവിധ കാലഘട്ടങ്ങളിൽ കച്ചവടത്തിനുള്ള അവസരങ്ങൾ തിരഞ്ഞ് യഹൂദവ്യാപാരികൾ മലബാർ തീരത്ത് എത്തിച്ചേർന്നതായി കണ്ടെത്താനാണ് കഴിഞ്ഞിട്ടുള്ളത്. മിക്കപ്പോഴും അവർ മുസ്ലിം വ്യാപാരികളുടെ ഒപ്പമാണ് വന്നിട്ടുള്ളത്. മലബാറിൽ ജൂതരുടെ പ്രഥമ സാന്നിദ്ധ്യം സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് കൊല്ലം തരിസാപ്പള്ളി ചെമ്പുതകിടുകളിലാണ് (849 സി.ഇ). കൊല്ലത്ത് ഒരു വ്യാപാരക്കരാർ നിർമ്മിക്കുന്നതിൽ നാല് പേർഷ്യൻ യഹൂദ വ്യാപാരികൾ അറബികളുമായും പേർഷ്യക്കാരുമായും കൈകോർത്തിരുന്നു. അവരുടെ പേരുകൾ ഹിബ്രു ലിപിയിൽ മുദ്രണങ്ങളിൽ കൊത്തിവെച്ചിട്ടുണ്ട് (എം.ആർ. രാഘവവാരിയർ, കേശവൻ വെളുത്താ

ട്ട്, തരിസാപ്പള്ളി പട്ടയം, സാഹിത്യപ്രവർത്തക സഹകരണസംഘം, 2013). തുടർന്നു വന്ന നൂറ്റാണ്ടുകളിൽ അധിനിവേശത്തിന് മുൻപുള്ള ഇന്ത്യാസമുദ്ര വിപണന രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖ നഗരങ്ങളിലൊന്നായി മാറി കൊല്ലം. ഈ നാല് യഹൂദ വ്യാപാരികൾ ഒരു പക്ഷേ പേർഷ്യയിലേയ്ക്ക് മടങ്ങിയിട്ടുണ്ടാകാം. രണ്ടു നൂറ്റാണ്ടുകൾക്കു ശേഷം മാത്രമാണ് മലബാർ തീരത്തേക്ക് യാത്ര ചെയ്ത യഹൂദ വ്യാപാരികളെക്കുറിച്ചുള്ള തെളിവുകൾ വീണ്ടും ലഭിയ്ക്കുന്നത്. വടക്കൻ ആഫ്രിക്കയിൽ നിന്നും ലെവാന്റിൽ നിന്നും യെമനിൽ നിന്നുമുള്ള അറബി-യഹൂദ വ്യാപാരികളായിരുന്നു അവർ. പതിനൊന്നാം നൂറ്റാണ്ടിനും പതിമൂന്നാം നൂറ്റാണ്ടിനുമിടയിൽ ജൂഡോ-അറബിക് വ്യാപാരക്കത്തുകളിലൂടെ ആശയവിനിമയം നടത്തിയവരായിരുന്നു അവർ. ഇവരുടെ വ്യാപാരരേഖകൾ കെയ്റോവിലെ ഒരു ജൂതപ്പള്ളിയിലെ കൈയ്യെഴുത്തു പ്രതികൾ സൂക്ഷിയ്ക്കുന്ന ഗെനീസ എന്നു വിളിയ്ക്കുന്ന മുറിയിൽ സുരക്ഷിതമായി ഇരിപ്പുണ്ട്. (എസ്.ഡി. ഗോട്ടൈൻ ആന്റ് എം.എ. ഫ്രൈഡ്മാൻ, ഇന്ത്യാ ട്രേഡേഴ്സ് ഓഫ് ദ മിഡിൽ ഏജസ് : ഡോക്യുമെന്റ് ഫ്രം ദ കെയ്റോ ഗെനീസ 'ഇന്ത്യാ ബുക്', ലീഡെൻ: ബ്രിൽ 2008).

ഈ കാലഘട്ടത്തിന്റെ അടുത്തിടകളിൽ ജൂതർ ക്രമേണ ഇവിടെ വാസമുറപ്പിയ്ക്കാനാരംഭിച്ചു. പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിനു മുൻപായി ഇവിടെ സ്ഥിരതാമസമാക്കിയ ജൂതരെക്കുറിച്ച് രേഖകളൊന്നും തന്നെ ഇല്ല. എങ്കിലും അറബി



ജൂതരും പ്രാദേശികമായ വിവിധ ജാതികളിൽപെട്ടവരും തമ്മിലുള്ള ബന്ധങ്ങൾ ഉറവെടുത്തതിന് തെളിവ് നിർദ്ദേശിക്കുന്ന അവലംബിയ്ക്കാവുന്ന രേഖകളുണ്ട്. പ്രശസ്തനായ ജൂതവ്യാപാരി അബ്രഹാം ബെൻ യിജുവിന് തന്റെ ബിസിനസ്സ് പങ്കാളിയായിരുന്ന ഒരു നായരുടെ സഹോദരിയിൽ കുഞ്ഞുങ്ങളുണ്ടായിരുന്നു. കെയ്റോ ഗെനീസയിൽ ബെൻ യിജു ബാക്കിയാക്കിയ രേഖകൾ വായിച്ചാൽ അദ്ദേഹത്തിന്റെ അളിയനായ നായർ, ജൂഡോ-അറബിക് രീതിയിൽ 'ദാബട്ടൻ' എന്നറിയപ്പെട്ടിരുന്ന ധർമ്മടത്തുകാരനായിരുന്നിരിക്കാനാണ് സാദ്ധ്യത. ആ നായർ ബിസിനസ്സുകാരനും അദ്ദേഹത്തിന്റെ സഹോദരിയും ഒരു തുടർ മരുമക്കത്തായ തറവാടിന്റെ ഭാഗങ്ങളും ആയിരുന്നിരിയക്കാം.പല ലേഖനങ്ങളിലും അബ്രഹാം ബെൻ യിജുവിന്റെ ജീവചരിത്രം പരാമർശിയ്ക്കപ്പെട്ടിട്ടുണ്ട്. അടുത്തിടെ അദ്ദേഹത്തെക്കുറിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട് (എലിസബത്ത് ലംബോൺ, അബ്രഹാംസ് ലഗേജ്, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ്, 2018).

അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് മലയാളത്തിൽ 'ആശു' എന്നും ഹീബ്രുവിൽ 'ബെറാഖാ' എന്നുമായിരുന്നു. മലബാർ തീരത്തെത്തിക്കഴിഞ്ഞ് ഒട്ടും താമസമില്ലാതെ, 1132 ഒക്ടോബർ 17–ാം തീയതി തയ്യാറാക്കിയ ഒരു അടിമ വിടുതൽ ഉടമ്പടി (ഡീഡ് ഓഫ് മാനുമിഷൻ) കണ്ടെത്താനായിട്ടുണ്ട്. അതിൽ അദ്ദേഹം പ്രഖ്യാപിച്ചിരിക്കുന്നത് ആശുവിനെ ഒരു അടിമപ്പെൺകുട്ടിയായി യജമാനത്തിയുടെ കൈയിൽനിന്നും വാങ്ങി, മതപരിവർത്തനം നടത്തി അവളെ ഭാര്യയാക്കി എന്നാണ്. പക്ഷേ തന്റെ ബിസിനസ്സ് പങ്കാളിയായിരുന്ന നായരുടെ സഹോദരിയെ എങ്ങനെ അടിമയായി അദ്ദേഹം വാങ്ങി? ഈ സമസ്യയ്ക്ക് ഒരുപാട് നിർദ്ധാരണങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അവയിൽ സുവ്യക്തവും വിശ്വസനീയവുമായത് ഒന്നേയുള്ളു. കഥകൾ ബെൻ യിജു കെട്ടിച്ചമച്ചവയാണ്. ആശുവിൽ ജനിച്ച കുഞ്ഞുങ്ങളുടെ ജൂതവംശത്വം നിയമാനുസൃതമാക്കാനുള്ള ഒരു രേഖ നിർമ്മിക്കാൻ അദ്ദേഹം നിർബന്ധിതനായി. അല്ലെങ്കിൽ സ്വത്തുക്കൾ ഏദനിലെ യെമനി ജൂതസഭ കണ്ടുകെട്ടുക തന്നെ ചെയ്യുമായിരുന്നു. ജൂത പിന്തുടർച്ചാ  നിയമം അത്തരത്തിലായിരുന്നു. പിന്തുടർച്ചാവകാശികൾ ജൂതരെന്ന് തെളിയിക്കാനായില്ലെങ്കിൽ സ്വത്തുക്കൾ



സ്വാഭാവികമായും ജൂതസഭയിലേക്ക് പോകും (ഒ. ഗംലിയേൽ, 'ആശു ദ കണ്വെർട്ട് : എ സ്ലേവ് ഗേൾ ഓർ നായർ ലാന്റ് ഓണർ?' എൻടാങ്കൾഡ് റിലീജിയൻസ് 6, 2018). യഥാർത്ഥത്തിൽ യിജു ആദ്യമായി ചെയ്ത ഒരു ചെപ്പടിവിദ്യയൊന്നുമായിരുന്നില്ല ഇത്. കെയ്റോ ഗെനീസയിൽ ജൂത മതപരിവർത്തനം ചെയ്യപ്പെട്ടവരെക്കുറിച്ച് പഠിയ്ക്കുന്ന പണ്ഡിതനായ മോഷെ യാഗുർ വിവരിയ്ക്കുന്നത്, ജൂതരല്ലാത്ത സ്ത്രീകളുമായുണ്ടായിരുന്ന പ്രേമബന്ധങ്ങളെ സാധൂകരിക്കാൻ, നിയമാനുസൃതമാക്കാനുള്ള 'അതിവേഗ' മതപരിവർത്തനത്തിനുള്ള ഒരു മാർഗ്ഗമായിരുന്നു 'സാങ്കല്പിക അടിമത്തം' എന്നാണ്. (മോഷെ യാഗുർ, 'റിലീജിയസ് ഐഡന്റിറ്റി ആന്റ് കമ്മ്യൂണൽ ബൗണ്ടറീസ് ഇൻ ഗെനീസ സൊസൈറ്റി (ടെൻന്ത്–തേർട്ടീ  സെൻചറീസ്) : പ്രൊസെലിറ്റ്സ്, സ്ലേവ്സ്, അപ്പോസ്തലേറ്റ്സ്', പിഎച്ച്ഡി ., ഹിബ്രു യൂണിവേഴ്സിറ്റി ഓഫ് ജെറുസലേം (2017),  115). അനന്തരാവകാശത്തെ ചുറ്റിപ്പറ്റിയുള്ള ഗെനീസ രേഖകളിലെ നിയമവ്യവഹാരങ്ങൾ ഒരു ചോദ്യം ആവർത്തിലച്ചുയർത്തുന്നു. മതപരിവർത്തിതയായ അമ്മ തന്റെ അടിമസ്ഥിതിയിൽ നിന്നും മോചിതയാക്കപ്പെടുന്നത് ജൂത കാമുകന്റെ/ഭർത്താവിന്റെ/യജമാനന്റെ കുഞ്ഞിനെ ഗർഭം ധരിച്ചതിന് ശേഷമോ അതിന് മുമ്പോ?

പതിമൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തിനടുത്തായി കെയ്റോ ഗെനീസയിൽ നിന്നും ഇന്ത്യൻ ജൂതവ്യാപാരികൾ അപ്രത്യക്ഷരാകുകയാണ്. എന്തായാലും

ജൂതരും മലബാർ തീരവുമായുള്ള സമ്പർക്കവും ഒരു പക്ഷേ, പ്രാദേശിക സ്ത്രീകളുമായുള്ള മിശ്രവിവാഹങ്ങളും തുടർന്നിരിക്കണം. രേഖകളോ തെളിവുകളോ ഒന്നുംതന്നെ അവശേഷിപ്പിച്ചില്ലെങ്കിലും കേരളത്തിന്റെ വടക്കൻ, മദ്ധ്യ ഭാഗങ്ങളിൽ നിരവധി ജൂത കുടുംബങ്ങൾ ഉരുത്തിരിഞ്ഞിരിക്കാനും സാദ്ധ്യതകൾ ഏറെയാണ്. പതിമൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ 1269–ൽ ചേന്ദമംഗലത്തുനിന്ന് കണ്ടെടുത്ത സാറാ ബാത് ഇസ്രായേൽ (മതപരിവർത്തിതയാകാനാണിട) എന്ന ഒരു പേര് ഹീബ്രുവിൽ കൊത്തിവെച്ച ഒരു ശവക്കല്ലറ ഇതിനുള്ള ഒരു തെളിവായിട്ടെടുക്കാം. ശവമടക്കിന് കുറച്ചു ഭൂമിയും അതിൽ പേര് കൊത്തിവെയ്ക്കാനുമെല്ലാമുള്ള ചെലവ് വഹിക്കാനാവുന്നിടത്തോളം ധനസ്ഥിതിയുമുണ്ടായിരുന്നവരായിരിക്കണം അവരുടെ മക്കൾക്ക് 137 വർഷം മുമ്പുണ്ടായിരുന്ന ആശുവിനെപ്പോലെ ഈ മതപരിവർത്തിത സ്ത്രീയും ഭൂവുടമകളായിരുന്ന ഏതോ തറവാട്ടിലെ അംഗമായിരുന്നിരിക്കണം. സാങ്കല്പിക അടിമത്തം എന്ന അതിവേഗ മതപരിവർത്തന പ്രക്രിയയിലൂടെയാകാം ഈ സ്ത്രീയും ജൂതമതക്കാരിയായത്.

അധിനിവേശത്തിന് മുൻപുള്ള കാലത്ത് അടിമത്തം എന്നത് അയിത്തത്തിന്റെയോ വംശത്തിന്റെയോ ഒന്നും പ്രശ്നമായിരുന്നില്ലെന്ന് വായനക്കാർ ഏതായാലും ദയവായി ഓർക്കുക. അടിമകളും സ്വതന്ത്രവ്യക്തികളും തമ്മിലുള്ള വ്യത്യാസം തീരുമാനിക്കപ്പെട്ടിരുന്നത് ഭൂവുടമാവകാശം അടിസ്ഥാനപ്പെടുത്തി മാത്രമായിരുന്നു. പ്രത്യേകിച്ചും (ജൂതർ അവിഭാജ്യഘടകമായിരുന്ന) ഇസ്ലാമിക ലോകത്തിൽ അടിമത്തം എന്നത് ഒരു താൽക്കാലിക സ്ഥിതി മാത്രമായിരുന്നു. കാലക്രമത്തിൽ പല അടിമകളും മോചിപ്പിക്കപ്പെടുകയും അവരുടെ യജമാനരുടെ അനന്തരാവകാശികളായി മാറുകയും ചെയ്തിട്ടുണ്ട്. ഈജിപ്തിലെ മാം



ലുക് സാമ്രാജ്യത്തിലെപ്പോലെ (1250–1517) ഇസ്ലാമിക ലോകത്തിലെ അടിമകളിൽ ചിലർ രാജാക്കന്മാർ വരെ ആയിത്തീർന്നിരുന്നു. മുസ്ലീങ്ങളെപ്പോലെ തന്നെ ജൂതരും അടിമകളെ മതപരിവർത്തനം ചെയ്യിക്കുകയും അവരെ സമുദായത്തിലേക്കും കുടുംബത്തിലേക്കും സ്വീകരിക്കുകയും ചെയ്തു. ഇന്ത്യാ മഹാസമുദ്രത്തിന്റെ തീരപ്രദേശങ്ങളിൽ മുസ്ലീങ്ങളെയും ജൂതരെയും തങ്ങളുടെ സമുദായങ്ങളെയും വ്യാപാരശൃംഖലകളെയും സ്ഥാപിക്കാനും വിപുലീകരിക്കാനും ഇത് സഹായിച്ചിട്ടുമുണ്ടാകാം. ജൂത ഹലാഖാ എന്ന നിയമവ്യവസ്ഥ മതപരിവർത്തനങ്ങളെ സങ്കീർണ്ണമാക്കിയിരുന്നു എന്നതാണ് ജൂത, മുസ്ലിം വിഭാഗങ്ങൾ തമ്മിലുള്ള പ്രധാന വ്യത്യാസം. എങ്ങനെയായാലും അധിനിവേശ പൂർവ്വം കേരളത്തിൽ ജൂത, മുസ്ലിം വ്യാപാരികൾ ഭൂവുടമകളാകാനും കച്ചവടം പോഷിപ്പിക്കാനും സ്വാധീനവും ധാരാളം ഭൂമിയുള്ള കുടുംബങ്ങളിൽ നിന്നും മിശ്രവിവാഹം ചെയ്തിരിയ്ക്കാനുമുള്ള സാദ്ധ്യതകൾ ഏറെയുണ്ട്. മലബാറിൽ ഭൂവുടമസ്ഥാവകാശത്തിന്റെയും ഭരണാധികാരത്തിന്റെയും പ്രാദേശിക മാ

തൃദായക്രമവുമായി ജൂത പിതൃദായക്രമം  വളരെയേറെ വിലപേശലുകൾ നടത്തിയിരുന്നിരിക്കാൻ ഇടയുണ്ട്. ഭർത്താവിനെ പരാമർശിക്കുമ്പോൾ ജൂതമലയാളം ഉപയോഗിക്കുന്ന അവസാന വ്യക്തി കൂടി ഇന്നും 'പുതിയാപ്ല' എന്ന വാക്കുപയോഗിക്കാൻ കാരണം ഇതു തന്നെയായിരിക്കണം. പ്രഗൽഭ ഭാഷാ പണ്ഡിതൻ ശ്രീ. ടി.ബി. വേണുഗോപാലപ്പണിക്കരുടെ അഭിപ്രായപ്രകാരം ഈ വാക്ക് ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത് അമ്മാമന്റെ മകനാണ് ഏറ്റവും അഭികാമ്യനായ ഭർത്താവ് എന്ന മാതൃദായക്രമം സാക്ഷ്യപ്പെടുത്തുന്ന 'മാമൻ' എന്നും 'പിള്ള' എന്നുമുള്ള രണ്ടു വാക്കുകളുടെ മിശ്രണം കൊണ്ടാണ്.

ഗെനീസ കാലഘട്ടത്തിനുശേഷം ജൂത കുടുംബങ്ങൾ ക്രമത്തിൽ സ്ഥിര സമുദായങ്ങളായി കടലിനക്കരെ പാശ്ചാത്യ നാടുകളിലെ ജൂതരുമായി ബന്ധം പുലർത്തിക്കൊണ്ടുതന്നെ ഇവിടെ തുടർന്നു. 1344-ൽ കൊച്ചിയിലെ സ്വാഭാവിക തുറമുഖം നിർമ്മിക്കപ്പെട്ട വൻ വെള്ളപ്പൊക്കത്തിനു ശേഷം മൂന്നു കൊല്ലങ്ങൾ പിന്നിട്ടപ്പോൾ പടിഞ്ഞാറൻ മെഡിറ്ററേനിയൻ പ്രദേശത്തുനിന്നുമുള്ള വ്യാപാരികളുടെ സഹായത്തോടെ പ്രാദേശിക ജൂതർ കൊച്ചിയിലെ ജൂതപ്പള്ളി സ്ഥാപിച്ചു. 1954-ൽ ഈ സമുദായം ഇസ്രായേലിലേക്ക് കുടിയേറുന്നതുവരെ കൊച്ചിയിലെ കടവുംഭാഗം ജൂതപ്പള്ളിയുടെ തട്ടിൽ സൂക്ഷിച്ചിരുന്ന ഒരു കല്ലിൽ ഈ വിവരങ്ങൾ കൊത്തിവെച്ചിട്ടുണ്ട്. ഈ ശിലാലിഖിതങ്ങൾ നിർമ്മിച്ച ജൂതർ, അക്കാലത്ത് യൂറോപ്യൻ ജൂതർ മാത്രം ഉപയോഗിച്ചിരുന്ന 'ആനോ-മൂണ്ഡിത'എ



ന്ന കാലഗണനക്രമമാണ് ഉപയോഗിച്ചിട്ടുള്ളത്. യൂറോപ്യൻ ജൂതരുമായി അവർക്കുണ്ടായിരുന്ന ബന്ധം സാക്ഷ്യപ്പെടുത്തുന്നതാണിത്. ഈ പടിഞ്ഞാറൻ ജൂതർ പ്രാദേശിക ജൂത കുടുംബങ്ങളുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കാം. ഒരു പക്ഷേ ചേന്ദമംഗലത്തെ സാറാ ബാത് ഇസ്രായേലിന്റെ പിന്തുടർച്ചക്കാരുമായും.

1489-ൽ സ്പെയിനിലെ കാസ്റ്റിലിൽ നിന്നും ഒരു ജൂതവ്യാപാരി കൊച്ചിയിലെത്തുന്നു. 1344-ൽ പണിത ജൂതപ്പള്ളിക്ക് തെല്ല് വടക്കുമാറി മറ്റൊരു പള്ളികൂടി പണിയാനദ്ദേഹം പ്രാദേശിക ജൂതരുടെ സഹായം തേടുന്നു. ഏതാണ്ട് ഒരു നൂറ്റാണ്ടിനുശേഷം നിലവിൽ വന്ന പരദേശി ജൂതപ്പള്ളിക്ക് സ്വല്പം തെക്കു ഭാഗത്തുള്ളതിനാൽ ഈ പള്ളി തെക്കുംഭാഗം എന്ന പേരിൽ അറിയപ്പെട്ടതായിരിക്കാം. സ്പാനിഷ് ജൂതവ്യാപാരി ജേക്കബ് കാസ്റ്റിലി, ഒരു പ്രാദേശിക ജൂത വനിതയെ വിവാഹം കഴിച്ചിരിക്കാനാണ് സാദ്ധ്യത. കാരണം പിന്നീട് പതിനെട്ടാം നൂറ്റാണ്ട് വരെ അദ്ദേഹത്തിന്റെ മക്കളുടെയും പേരക്കുട്ടികളുടെയും പേരുകൾ കൊച്ചിയിലെയും പറവൂരിലെയും രേഖകളിൽ ഇടംപിടിച്ചു കാണുന്നു. 1686-ൽ കേരളത്തിൽ ഡച്ച്-പോർച്ചുഗീ

സ് ജൂതർ വന്നു ചേർന്നുപ്പോൾ കാസ്റ്റിലി കുടുംബാംഗങ്ങളെ അവർ മുദ്രകുത്തിയത് 'വെള്ളക്കാരല്ലാത്തവർ' എന്നായിരുന്നു. അതിനർത്ഥം അവർ മിശ്രമൗലികത ഉള്ളവരാണ് എന്നു തന്നെയാണ്.

എന്തിനാണ് ജേക്കബ് കാസ്റ്റിലി കൊച്ചിയിൽ രണ്ടാമതൊരു ജൂതപ്പള്ളി നിർമ്മിച്ചത്? ജൂതരിലെ വിഘടനവാദ സമുദായത്തിൽപെട്ട മിക്കവാറും മാടായിയിൽ, ഒരു കുടുംബത്തിൽ നിന്നായിരിക്കാം അദ്ദേഹം വിവാഹം കഴിച്ചത്. ഇതിനുള്ളത് സാഹചര്യത്തെളിവുകളാണ്. 'അബിഗെയ്ൽ മാടായി' എന്നു പേരുള്ള ഒരു സ്ത്രീ 1876-ൽ ജൂത മലയാളത്തിൽ അവരുടെ പേരോടുകൂടിയുള്ള ഒരു നോട്ടുപുസ്തകം എഴുതിവെച്ചിട്ടുള്ളതായി കാണുന്നു. അതിൽ ഏറ്റവും പഴക്കമേറിയ ജൂതമലയാളപ്പാട്ടുകൾ, പതിനഞ്ചാം നൂറ്റാണ്ടോടുകൂടി മലയാള സാഹിത്യത്തിൽ പ്രചാരം നിലച്ച മോന, എതുക താളത്തിലുള്ള പയ്യന്നൂർ പാട്ടിന്റെ അതേ താളത്തിലും രീതിയിലും സമാനമായി ഉപയോഗിച്ചിട്ടുണ്ട്. അബ്രഹാം ബെൻ യിജുവിന്റെ വ്യാപാര ശൃംഖല വടക്കേ മലബാർ കേന്ദ്രീകരിച്ചായിരുന്നു എന്ന് നാം ഓർക്കേണ്ടതുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ധർമ്മടത്ത് ഒരു വെങ്കലക്കമ്പനി സ്ഥാപിച്ചിരുന്നു അദ്ദേഹം. അവിടെ പണിയെടുക്കാൻ യെമനിൽ നിന്നും ജൂത ജോലിക്കാരെ കുടിയേറ്റക്കാരായി കൊണ്ടുവരിക കൂടി ചെയ്തു അദ്ദേഹം. പിന്നീട് ആണ്മകക്കൾക്കും മകൾക്കുമൊപ്പം യെമനിലേക്ക് മടങ്ങിയപ്പോൾ ഈ വ്യാപാര സംരംഭം കടലിനക്കരെയുള്ള ജൂതർക്കൊപ്പം പ്രവർത്തിക്കുന്ന ഒരു ചെറിയ സമുദായമായി മാറിയിരിക്കാം. പിന്നീട് പതിനഞ്ചാം നൂറ്റാണ്ടിൽ കൊച്ചിയെ ഉയർന്നുവരുന്ന ഒരു തുറമുഖ നഗരമായി തിരിച്ചറിഞ്ഞ് മാടായിയിലെ ജൂതർ കാസ്റ്റിലിൽ നിന്നുള്ള സ്പാനിഷ് ജൂതവ്യാപാരിയുമായി ചേർന്ന് 1489-ൽ തെക്കുംഭാഗം ജൂതപ്പള്ളി പണിയാൻ ഉത്സാഹിച്ചിട്ടുണ്ടാകാം.




ഈ നിഗമനത്തെ തുണക്കുന്ന മറ്റൊരു തെളിവു കൂടിയുണ്ട്. പതിനാറാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, 1535 നും 1552 നുമിടയിലായി അറബി സംസാരിക്കുന്ന യഹൂദനായ ഒരാൾ കെയ്റോവിലെ റബ്ബി ഡേവിഡ് ബെൻ സിംറായ്ക്ക് ഒരു ഹലാഖി സംബന്ധമായ സംശയക്കുറിപ്പ് അയച്ചു. മിക്കവാറും ആ ആൾ അക്കാലത്തെ പോർച്ചുഗീസ് രേഖകളിൽ പേര് രേഖപ്പെടുത്തിയിട്ടുള്ള ഐസക് ഡി കെയ്റോ ആയിരിക്കാനാണ് സാദ്ധ്യത. (ജോസ് ആൽബുർട്ടോ റോഡ്രിഗ്സ് ദ സില്വാ തവിം, പുരിം ഇൻ കൊച്ചിൻ അറ്റ് ദ മിഡിൽ ഓഫ് ദ സിക്സ്റ്റീന്ത് സെഞ്ചുറി അക്കോർഡിംഗ് റ്റു ലിബ്സൺസ് ഇൻക്വിസിഷൻ ട്രയൽസ്' ജേർണൽ ഓഫ് ഇൻഡോ-ജൂഡായിക് സ്റ്റഡീസ് (2010), .10) രണ്ടു സമുദായങ്ങൾ തമ്മിലുള്ള കടുത്ത മത്സരമാണ് നിയമപ്രശ്നമായിട്ടുള്ളത്. അവയിൽ ഒന്ന് ദരിദ്രവും ചെറുതുമാണെങ്കിലും 'ശുദ്ധ' ജൂതപാരമ്പര്യം അവകാശപ്പെടുന്നതാണ്. മറ്റേത് വലുതും ധനസ്വാധീനമുള്ളതുമാണ്. കൊച്ചിയിലെ രാജകുടുംബവുമായി നല്ല ബന്ധമുണ്ടായിരുന്ന ഈ സമുദായമായിരുന്നു തുറമുഖ നഗരത്തിലെ കച്ചവടത്തിൽ ഏകാധിപത്യം പുലർത്തിയിരുന്നത്. 'ശുദ്ധ' ജൂതന്മാരെന്നവകാശപ്പെടുന്ന ചെറിയ വിഭാഗത്തിന് അടിമ പിന്തുടർച്ചക്കാരെന്ന് പാതിത്യം കല്പിക്കുകയാൽ ഇവർക്കൊപ്പം പ്രാർത്ഥിക്കാനോ വിവാഹബന്ധങ്ങൾ സ്ഥാപിക്കാനോ താല്പര്യം അശേഷമില്ല. വലുതും ധനികവുമായ സമുദായം ഉദ്ഭവിച്ചിരിക്കുന്നത് പേർഷ്യ, യെമൻ, തുർക്കി തുടങ്ങിയ സ്ഥലങ്ങളിലെ ജൂതവ്യാപാരികളിൽ നിന്നാണ് എന്നാണവരുടെ വാദം. ഈ വ്യാപാരികൾ പ്രാദേശികരായ വേശ്യാസ്ത്രീകളെയും അടിമപ്പെൺകുട്ടികളെയും വിവാഹം കഴിച്ചു. നിയമപരമായ സംശയങ്ങളുന്നയിച്ചിട്ടുള്ള കക്ഷി എഴുതിയിട്ടുള്ളത്, ചെറിയ, ദരിദ്രമായ സമുദായം മറ്റേ കൂട്ടരെ അടിമ പിന്തുടർച്ച ക്കാർ എന്നാ

രോപിക്കുന്നത് അസൂയയും വെറുപ്പും കാരണമാണെന്നാണ്. വലിയ സമുദായം ധനികം കൂടിയാണ് എന്നുള്ളതുമൂലം അസൂയ വർദ്ധിക്കുന്നു. ധനസ്വാധീനമുള്ള അംഗബലം കൂടുതലുള്ള സമുദായാംഗങ്ങൾ നല്ല, നിഷ്ഠയുള്ളവരും ജൂതമത സംബന്ധിയായ ഗ്രന്ഥങ്ങളിലും രീതികളിലുമെല്ലാം അറിവുള്ളവരുമാണ് എന്നുകൂടി അദ്ദേഹം കൂട്ടിച്ചേർക്കുന്നു. 'ശുദ്ധ' ജൂതർ എന്നവകാശപ്പെടുന്നവർ കേരളത്തിലല്ലാതെ വേറെ ഒരു സ്ഥലത്തുനിന്നുമുള്ള പാരമ്പര്യം അവകാശപ്പെടുന്നില്ല എന്ന വസ്തുത വ്യക്തമാക്കുന്നത്, അവർ മലബാറി ജൂതന്മാ രായിരുന്നു എന്നാണ്. 1489-ൽ കൊച്ചിയിൽ പുതിയ ജൂതപ്പള്ളി പണിയാൻ ജേക്കബ് കാസ്റ്റിലിയെ സഹായിച്ചവരാണ് അവർ എന്നും അനുമാനിക്കാം.

കേരളത്തിലെ ജൂതസമുദായത്തിൽ നിലനിന്നിരുന്ന അടിമത്തം, മിശ്രവിവാഹം, മാതൃദായക്രമം തുടങ്ങിയ രീതികളിലേക്ക് നമ്മെ എത്തിക്കുന്നതാണ് ഈ ഹിബ്രുരേഖ. അബ്രഹാം ബെൻ യിജുവിനെയും അദ്ദേഹത്തിന്റെ മതപരിവർത്തിത ഭാര്യ ആശുവിനെയും നമ്മെ ഓർമ്മിപ്പിക്കുന്ന വിധത്തിലാണ് കൊച്ചിയിലെ ഈ വലിയ ധനികസമുദായത്തി



ന്റെ വിവരണം. കടവുംഭാഗത്ത് താമസമുറപ്പിച്ചിരുന്ന സമുദായം ധനികരും അന്നത്തെ കൊച്ചി രാജകുടുംബത്തിനോടും മന്ത്രിമാരോടും ബന്ധമുള്ളതും ആയിരുന്നിരിക്കണം. ഇടയ്ക്കെപ്പോഴോ വെച്ച് അബ്രഹാം ബെൻ യിജുവിനെയും മറ്റ് ജൂതവ്യാപാരികളെയും പോലെ ഭൂവുടമകളായ മരുമക്കത്തായ കുടുംബങ്ങളിൽ മിശ്രവിവാഹം ചെയ്യാൻ അധിനിവേശ പൂർവ്വ മതപരിവർത്തനത്തിന്റെ 'സാങ്കല്പിക അടിമത്ത' അതിദ്രുത വഴികൾ സ്വീകരിച്ചിട്ടുണ്ടാവാം. അബ്രഹാം ബെൻ യിജുവിന്റെ മക്കൾ ജൂതയല്ലാത്ത ഒരു സ്ത്രീയിൽ ജനിച്ചവരാകയാൽ അദ്ദേഹത്തിന്റെ സ്വത്തിന് അവർ അവകാശികളല്ല എന്നു വാദിച്ച യെമൻ ജൂതന്മാരെപ്പോലെ, ചില സാമൂഹിക സാമ്പത്തിക ഉദ്ദേശങ്ങൾ കണ്ടുകൊണ്ടുണ്ടായതാകാം മറ്റേ സമുദായത്തിന്റെ ആരോപണങ്ങളും അപവാദ പ്രചാരണങ്ങളും.

അങ്ങനെ പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിൽ കേരളത്തിൽ മാതൃദായക്രമം അനുവർത്തിക്കുന്ന ജൂതകുടുംബങ്ങളെക്കുറിച്ച് നമുക്ക് തെളിവുകളില്ല എന്നിരിക്കേ, ഈ സമുദായത്തിന് ചരിത്രത്തിൽ അമ്മ വഴി പാരമ്പര്യമുള്ളതായി നമുക്ക് കണ്ടെത്താം. ഒരളവുവരെ ഇതിന്റെ അവശേഷിപ്പുകൾ ഇവരുടെ പല അനുഷ്ഠാനങ്ങളിലും ഇപ്പോഴും നമുക്ക് കണ്ടെത്താം. ഒരു കാലത്ത് നിലനിന്നിരുന്ന ജൂതസ്ത്രീകളുടെ പാട്ടുകളിലും, 'മാപ്പിള' തുടങ്ങിയ വാക്കുകളിലും ഇസ്രായേലിലുള്ള മലബാറി ജൂതരുടെ ഇടയിൽ ഇന്നും നിലവിലുള്ള ആചാരങ്ങളിലും (ഉദാ: ഓരോ സെപ്റ്റംബർ-ഒക്ടോബർ കാലത്തും സമുദായത്തിലെ ഏറ്റവും മുതിർന്ന പുരുഷാംഗത്തെ ബഹുമാനിച്ചുകൊണ്ടു നടത്തുന്ന പ്രത്യേക ചടങ്ങ്) ഇതിന്റെ നിഴലുകൾ തന്നെയാണ് കാണുന്നത്. 'ഒന്നാം കാർണ്ണോര്' എന്നറിയപ്പെടുന്ന ഈ ചടങ്ങ് ഒരു മരുമക്കത്തായ തറവാട്ടിലെ പ്രധാനിയായ പുരുഷസ്ഥാനത്തെ ബഹുമാനിക്കുന്നതിന്റെ സൂചന തന്നെയാണ്.

ചർച്ചാവിഷയം



**മീര വേലായുധൻ**
പോളിസി അനലിസ്റ്റ്, മുൻ ഐ.എ.ഡബ്ല്യു.എസ്. പ്രസിഡന്റ്



വിവർത്തനം: **ഷീബ എൻ. കെ.**
ഹൈസ്കൂൾ ഇംഗ്ലീഷ് വിഭാഗം അധ്യാപിക



എൽ.കെ.അനന്തകൃഷ്ണ അയ്യരുടെ പുസ്തകത്തിൽ നിന്ന്

# തിരുവിതാംകൂർ ഈഴവരുടെ ഇടയിലെ സാമൂഹ്യപരിഷ്ക്കരണം, നിയമം, ലിംഗാധിഷ്ഠിത സ്വത്വനിർമ്മിതി

**ആമുഖം**

കേരളത്തിലെ പൊതുപ്രവർത്തനത്തിന്റെ വളർച്ചക്കും, സമ്പത്ത്, അധികാരം എന്നിവയുടെ വിതരണത്തെ സംബന്ധിച്ച നൂതനാശയങ്ങളുടെ കടന്നുവരവിനും വഴിയൊരുക്കിയ ഘടകങ്ങളിൽ ചിലത് കോളനിവത്ക്കരണം, ഭൂബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ, സമ്പദ്വ്യവസ്ഥയുടെ വാണിജ്യവത്ക്കരണം, ഔപചാരിക വിദ്യാഭ്യാസത്തിന്റെ വളർച്ചയും വ്യാപനവും എന്നിവയാണെന്ന് സ്ത്രീപക്ഷ ഗവേഷകർ പൊതുവെ നിരീക്ഷിച്ചിട്ടുണ്ട്. 1880കൾ മുതൽ 1950കൾ വരെയുള്ള കാലയളവിൽ കേരളത്തിലെ സ്ത്രീകളുടെ ജീവിതത്തിൽ വന്ന കാതലായ പല മാറ്റങ്ങൾക്കും കളമൊരുക്കിയതും മേൽപ്പറഞ്ഞ സംഭവവികാസങ്ങളാണ്.

സമൂഹത്തിൽ നീതിന്യായബോധം വളർത്തുന്നതോടൊപ്പം തന്നെ വിവിധ സമുദായങ്ങളിലെ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങൾ, പിന്തുടർച്ചാവകാശ നിയമങ്ങളിൽ വന്ന മാറ്റങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. എങ്കിലും അതൊരു സങ്കീർണ്ണപ്രക്രിയായിരുന്നു എന്നു മാത്രമല്ല, അതിന്റെ ഫലമായി സാമൂഹിക പ്രക്രിയകളിൽ

വൈരുദ്ധ്യങ്ങൾ ഉടലെടുക്കുകയും ചെയ്തു. 20ാം നൂറ്റാണ്ടിൽ ബന്ധുത്വത്തിലുണ്ടായ മാറ്റങ്ങളുടെയും സ്ത്രീ, പുരുഷൻ, നായർജാതി എന്നിങ്ങനെയുള്ള പുതിയ സ്വത്വരൂപീകരണത്തിൽ ഈ മാറ്റങ്ങൾ വഹിച്ച പങ്കിന്റെയും പിന്നിലുള്ള ചാലകശക്തി, നായർ തറവാടുകളിലെ അധികാരബന്ധങ്ങളുടെ ചരിത്രപരമായ പുനഃക്രമീകരണം ആണെന്ന്, മേൽജാതി നായർ-മരുമക്കത്തായ തറവാടുകളെപ്പറ്റിയുള്ള പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. കീഴ്ജാതി ഈഴവരുടെയിടയിലെ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനമാകട്ടെ, അതിനുള്ളിൽത്തന്നെയുള്ള വ്യത്യസ്ത ധാരകൾ തമ്മിലുള്ള മത്സരത്തെക്കുറിച്ചു മാത്രമല്ല, സ്ത്രീകളുടെ സ്വതന്ത്രപ്രവർത്തനം നടക്കുന്ന നിരവധി മണ്ഡലങ്ങളുടെ വികാസത്തെക്കുറിച്ചു കൂടിയും സൂചിപ്പിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ സ്ത്രീകളുടെ സാമൂഹികപങ്കിനെക്കുറിച്ച് അവബോധം സൃഷ്ടിച്ചു. എന്നിരുന്നാലും, ഈഴവസാമൂഹ്യപരിഷ്ക്കരണപ്രസ്ഥാനത്തിനുള്ളിൽത്തന്നെ ഉള്ള മരുമക്കത്തായം, പിന്തുടർച്ച, വിവാഹം എന്നീ വ്യവഹാരങ്ങളും ഈഴവർക്കായി ഒരു വിവാഹ-പിന്തുടർച്ചാവകാശ നിയമം കൊണ്ടുവരാനുള്ള പ്രചാരണവും, ഒരു പ്രത്യേകതരം ലിംഗബോധനിർമ്മിതിയെ ആധാരമാക്കിയുള്ളവയായിരുന്നു.

**പശ്ചാത്തലം**

കേരളത്തിലെ സുഗന്ധവ്യഞ്ജനങ്ങളുടെ പ്രശസ്തി യൂറോപ്യൻ കച്ചവടക്കമ്പനികളെ ഇന്ത്യൻ തീരങ്ങളിലേക്ക് ആകർഷിച്ചതും ലോകവ്യാപാരകമ്പോളത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നാണ്യവിളകൃഷി വ്യാപകമായതും കേരളത്തിന്റെ സാമൂഹികഘടനയിൽ ദൂരവ്യാപക ഫലങ്ങളുളവാക്കിയിട്ടുണ്ട്. തിരുവിതാംകൂറിൽ നാണ്യവിളകൃഷിയുടെ വ്യാപനം ദ്രുതഗതിയിലായത്, 20ാം നൂറ്റാണ്ടിൽ മലയോര പ്രദേശങ്ങളിൽ കമ്പനിവക തോട്ടങ്ങൾ ആരംഭിച്ചതോടുകൂടിയും, കായൽ നിലങ്ങൾ വ്യാപകമായി വാണിജ്യാടിസ്ഥാനത്തിലുള്ള നെൽകൃഷിക്കായി ഉപയോഗിച്ചു തുടങ്ങിയതോടു കൂടിയും ആണ്. 1921 ആയപ്പോഴേക്കും തിരുവിതാംകൂറിലെ കൃഷിഭൂമിയുടെ പകുതിയിൽ താഴെ ഭൂമിയും നാണ്യവിളത്തോട്ടങ്ങളായി മാറിക്കഴിഞ്ഞിട്ടുണ്ടായിരുന്നു.

സാമൂഹികഘടനയുടെ ആധാരശിലയായി വർത്തിച്ചതും, തിരുവിതാംകൂർ ഫ്യൂഡലിസത്തിന്റെ സ്വഭാവത്തെ തന്നെ നിർണ്ണയിച്ചതുമായ ജാതിയാകട്ടെ, അപ്പോഴും കാര്യമായ പരിക്കേൽക്കാതെ നിലനിൽക്കുകയായിരുന്നു. സ്ഥാനികമായും സാമ്പത്തികമായും ഉന്നത സ്ഥിതിയിലായിരുന്നിട്ടു കൂടിയും.



സമൂഹത്തിലെ ഒരു ചെറുന്യൂനപക്ഷം മാത്രമായിരുന്ന ബ്രാഹ്മണരെ ഒഴിച്ചുനിർത്തിയാൽ, തികച്ചും വ്യത്യസ്തമായ പ്രതീകാത്മക - സാംസ്കാരിക-ആചാര മണ്ഡലങ്ങളിൽ വ്യാപരിക്കുകയും അതിവിശാലവും അതീവവിപുലവുമായ സാമ്പത്തിക-രാഷ്ട്രീയ വിഭവങ്ങൾ കയ്യാളുകയും ചെയ്തിരുന്ന നാലു പ്രധാന ജാതികളാണ്, അതിന്റെ വിശാലാർത്ഥത്തിൽ, കേരളത്തിലുണ്ടായിരുന്നത്. ഈ അധികാരശ്രേണിയുടെ ഏറ്റവും മുകളിലായിരുന്നു, പ്രധാന ജന്മിവിഭാഗവും മാട

മ്പി-പടയാളികളും തിരുവിതാംകൂർ ഭരണകർത്താക്കളുമായിരുന്ന നായന്മാരുടെ സ്ഥാനം. ഭൂവുടമകളല്ലാത്ത നായന്മാർ, ബ്രാഹ്മണരിൽ നിന്നും സർക്കാരിൽ നിന്നും സർക്കാർ അധീനതയിലുള്ള അമ്പലങ്ങളിൽ നിന്നും ചിലപ്പോൾ സമ്പന്നരായ മറ്റു നായന്മാരിൽ നിന്നുമെല്ലാം കാണക്കുടിയാൻ സ്ഥാനം കൈക്കൊള്ളുകയും അവരുടെ പാട്ടഭൂമിയിൽ, സാധാരണയായി സുറിയാനി ക്രിസ്ത്യാനികളുടെയോ ഈഴവക്കുടിയാന്മാരുടെയോ സഹായത്തോടെ, അല്ലെങ്കിൽ പാട്ടക്കുടിയാന്മാരുടെയും അസ്പൃശ്യരും ഭൂരഹിതരുമായ തൊഴിലാളികളുടെയും സംയുക്ത സഹായത്തോടെ, കൃഷി ചെയ്യുകയും ചെയ്തു.

നാനാവിധ ജീവിതവൃത്തിയിലേർപ്പെട്ടുവന്നിരുന്ന ഈഴവരാകട്ടെ, കോളനിവത്ക്കരണത്തിന്റെയും ഭൂബന്ധങ്ങളിലുണ്ടായ മാറ്റങ്ങളുടെയും വാണിജ്യവത്ക്കരണത്തിന്റെയും അഭ്യസ്തവിദ്യരായ ഒരു പുതുമധ്യവർഗ്ഗത്തിന്റെ ഉയർച്ചയുടെയും ഫലമായി തങ്ങൾക്കു മുന്നിൽ പുതുതായി വന്നുപെട്ട അവസരങ്ങളെ വേണ്ടുംവിധം പ്രയോജനപ്പെടുത്തുകയും ചെയ്തു. പല ചെറുകിട സംരംഭകരും വ്യാപാരികളും അവരുടെ ഇടയിൽ നിന്നും ഉയർന്നുവന്നു. ഒരു ചെറുവിഭാഗം പാട്ടക്കുടിയായ്മാവകാശവും ഭൂമിയും സ്വന്തമാക്കി. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഒരു മധ്യവർഗ്ഗം എന്നതുപോലെ തന്നെ, വിശാലമായൊരു തൊഴിലാളിവർഗ്ഗവും അവരുടെയിടയിൽ നിന്നുണ്ടായി. ഇങ്ങനെ, തിരുവിതാംകൂറിലെ അധീശവിഭാഗമല്ലാതിരുന്ന ജാതി-സമുദായങ്ങൾക്കിടയിൽ നിന്നും പുതിയ സാമൂഹിക വർഗ്ഗങ്ങൾ ഉദയം കൊണ്ടതിന്റെ പശ്ചാത്തലത്തിലാണ്, തിരുവിതാംകൂർ കണ്ടതിൽ വെച്ച് ഏറ്റവും കൂടുതൽ പ്രചാരം ലഭിച്ച ബഹുജനപ്രസ്ഥാനമായ ഈഴവസാമൂഹ്യപരിഷ്ക്കരണപ്രസ്ഥാനത്തിന്റെ ആവിർഭാവം, എന്ന് നിസ്സംശയം പറയാം.

എസ്.എൻ.ഡി.പി യോഗം വിവാഹ-പിന്തുടർച്ചാവകാശ നിയമത്തിനായി ഈഴവരുടെ ഇടയിൽ നടത്തിയ പ്രചാരണത്തിൽ നിന്നും തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭയ്ക്കു വേണ്ടി തയ്യാറാക്കിയ 1919ലെ ഈഴവനിയ



മസമിതിയുടെ റിപ്പോർട്ടിൽ നിന്നും ഒരു പോലെ തെളിയുന്നൊരു വസ്തുതയാണ്, മാറിക്കൊണ്ടിരുന്ന ചുറ്റുപാടുകളെ ധ്വനിപ്പിക്കുന്ന പുതിയൊരു സാമൂഹിക- സാംസ്കാരിക വ്യവഹാരം ഉടലെടുത്തു കഴിഞ്ഞിരുന്നു എന്നത്. ഇത് സംബന്ധിച്ച പഠനങ്ങൾ അധികമില്ലെങ്കിലും, സാമൂഹ്യപദവിയിൽ നായന്മാർക്കു തൊട്ടുതാഴെയായിരുന്ന അയിത്തജാതിക്കാരായ ഈഴവർ, പരമ്പരാഗതമായി, നായന്മാരുടെയോ നമ്പൂതിരിമാരുടെയോ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിലും നെൽവയലുകളിലും പണി ചെയ്തിരുന്ന പാട്ടക്കുടിയാന്മാരായിരുന്നു എന്നാണ് അതിലൊരു പ്രധാനപഠനം സൂചിപ്പിക്കുന്നത്. തദ്ദേശീയമായി താവഴിബന്ധങ്ങൾ ഉണ്ടായിരുന്നതു കൊണ്ടു തന്നെ സമ്പന്ന

വിഭാഗത്തിലെ അംഗങ്ങൾ പാട്ടാവകാശം പാരമ്പര്യമായി അനുഭവിച്ചുപോരുകയും ഏതെങ്കിലുമൊരു നായർ ജന്മികുടുംബവുമായി ബന്ധപ്പെട്ട്, അവരുടെ ആശ്രിതത്വത്തിൽ കഴിഞ്ഞുപോരുകയും ചെയ്തു.

19-ാംനൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ നാണ്യവിളകൃഷി വ്യാപകമായതിന്റെയും കമ്പോളസമ്പദ് വ്യവസ്ഥയിലേക്കുള്ള ചുവടുമാറ്റത്തിന്റെയും ഫലമായി ഈഴവ മരുമക്കത്തായ തറവാടുകൾക്ക് പാട്ടഭൂമിയിന്മേലുള്ള അവയുടെ പാരമ്പര്യ ജന്മാവകാശം നഷ്ടമാകാൻ തുടങ്ങി. വ്യക്തിഗതമായി ഭൂമി കൈവശം വച്ചിരുന്ന നിരവധി ഈഴവർ, ഹ്രസ്വകാല പാട്ടക്കുടിയാന്മാർ ആയപ്പോൾ, ഗണ്യമായ മറ്റൊരു വിഭാഗത്തിന് എല്ലാ പാട്ടാവകാശങ്ങളും നഷ്ടപ്പെടുകയും അവർ കൂലിത്തൊഴിലാളികളായി മാറേണ്ടി വരികയും ചെയ്തു. മൂന്നാമതൊരു വിഭാഗം ഈഴവർ, കച്ചവടത്തിലേക്ക് തിരിയുകയോ സ്വന്തം നിലക്ക് ഭൂവുടമകളായി മാറുകയോ ഒക്കെ ചെയ്തു.

തിരുവിതാംകൂർ ഈഴവരിൽ ഒരു വലിയ വിഭാഗം മരുമക്കത്തായ സമ്പ്രദായവും മറ്റൊരു വിഭാഗം മക്കത്തായം അഥവാ പിതൃദായക്രമമനുസരിച്ചുള്ള പിന്തുടർച്ചാരീതിയും പിൻതുടർന്നു വന്നപ്പോൾ മൂന്നാമതൊരു വിഭാഗം ഈ രണ്ടുസമ്പ്രദായങ്ങളും ചേർന്ന മിശ്രദായക്രമവും പിന്തുടർന്നു പോന്നു. മിശ്രദായ ക്രമത്തിൽ, ഒരു പുരുഷൻ, അദ്ദേഹത്തിന്റെ ഒസ്യത്ത് എഴുതിവയ്ക്കാതെ മരണപ്പെടു



കയാണെങ്കിൽ അയാളുടെ തറവാട്ടുസ്വത്തിന്റെ ഭാഗമല്ലാത്ത ആർജ്ജിത ഭൂസ്വത്ത് മരണപ്പെട്ടയാളുടെ മക്കൾക്കും തറവാടിനുമായി വീതം വയ്ക്കപ്പെട്ടു. ഹൈക്കോടതി നടത്തിയ ഒരു പ്രസ്താവന പ്രകാരം, തെക്കൻ തിരുവിതാംകൂറിൽ ഈഴവർക്ക് സ്ഥിരമായ ദായക്രമങ്ങൾ ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല കാലാകാലങ്ങളിൽ അവർക്ക് മികച്ചതെന്നു തോന്നിയ രീതികൾ

കൈക്കൊള്ളാനും, അവരുടെ ചുറ്റുവട്ടത്തുള്ള അധീശജാതിക്കാരുടെയിടയിൽ പ്രചാരത്തിലിരുന്ന സമ്പ്രദായങ്ങൾ ഇടവിട്ട് പിന്തുടർന്നു പോരാനുള്ള പ്രവണത കാണിക്കുകയും ചെയ്തു. ഈഴവനിയമസമിതിയുടെ റിപ്പോർട്ടു പ്രകാരം, മരുമക്കത്തായ സമ്പ്രദായം പിന്തുടർന്നു പോന്ന തിരുവിതാംകൂറിൽ, ഈഴവർ എവിടെയൊക്കെ മക്കത്തായ രീതിയിലേക്ക് ചുവടുമാറിയോ, അവിടെയെല്ലാം സ്വത്തു സംബന്ധിച്ച കുടുംബകലഹങ്ങളും കോടതിവ്യവഹാരങ്ങളും കുത്തനെ കുറഞ്ഞു. ഈഴവനിയമസമിതിയുടെ അഭിപ്രായത്തിൽ, ഈ പ്രദേശങ്ങളിലുണ്ടായ മാറ്റം വിരൽചൂണ്ടുന്നത് മക്കത്തായ സമ്പ്രദായം പിന്തുടർന്നിരുന്ന സമീപപ്രദേശങ്ങളുടെ സ്വാധീനത്തിലേക്ക് മാത്രമല്ല, സമുദായ-മതസംഘടനകളുടെ സ്വാധീന ത്തിലേക്കും കൂടിയാണ്.

ഈഴവ ജാതിയിൽപ്പെട്ട എല്ലാവർക്കും ബാധകമാകുന്ന ഒരു പൊതു പിന്തുടർച്ചാനിയമം കൊണ്ടുവരുന്നതു വഴി എല്ലാ ഈഴവരെയും ഒന്നിച്ചു നിർത്താൻ ഈഴവസാമൂഹ്യപരിഷ്ക്കരണപ്രസ്ഥാനം ശ്രമിച്ചു. ഈഴവ സമുദാ

യസ്വത്വം രൂപപ്പെടുത്തുന്നതിനായി ചെയ്യേണ്ടതെന്തെന്ന് വ്യക്തമാക്കിക്കൊണ്ട്, 1909ൽ എസ്.എൻ.ഡി.പി യോഗത്തിന് അയച്ച ഒരു സന്ദേശത്തിൽ, ശ്രീനാരായണഗുരു ഇങ്ങനെ പറഞ്ഞു: സമുദായത്തിൽ മരുമക്കത്തായ രീതി പിന്തുടരുന്നയിടങ്ങളിൽ ഒരു പുരുഷന്റെ വ്യക്തിഗതസമ്പാദ്യത്തിന്റെ ഒരു ഭാഗം അയാളുടെ ഭാര്യയ്ക്കും കുട്ടികൾക്കും നൽകുന്നതിനായുള്ള ഒരു ചട്ടം, നിയമത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. അല്ലാത്തപക്ഷം, വിവാഹം എന്നത് അർത്ഥശൂന്യമായിത്തീരും. കൂടുതൽ പര്യാലോചനകൾക്കു ശേഷം, ഈയൊരു ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള അവശ്യനടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.' മക്കത്തായ സമ്പ്രദായം പിന്തുടരുന്ന വിഭാഗങ്ങളുടെ എതിർപ്പുമൂലം, നിർദ്ദിഷ്ട നിയമത്തിന്റെ പരിധിയിൽ നിന്നും അത്തരം വിഭാഗങ്ങളെ ഒഴിവാക്കാൻ ഈഴവനിയമസമിതി തീരുമാനിച്ചു. മരുമക്കത്തായം, മിശ്രദായം, മക്കത്തായം എന്നീ ദായക്രമങ്ങൾ പിന്തുടരുന്ന എല്ലാ വിഭാഗങ്ങൾക്കും ബാധകമായ ഒരു പൊതുനിയമം എന്നത്, തീർത്തും വിപ്ലവകരമായ ഒരു ചുവടുവയ്പ്പായിട്ടാണ് അക്കാലത്ത് കരുതപ്പെട്ടത്. പൊതുസ്വത്വത്തിനും അന്തസ്സിനും വേണ്ടി കീഴ്ജാതിവിഭാഗങ്ങൾ പൊതുവെ അവരുടെ സ്വത്വനിർദ്ധാരണത്തിനും അന്തസ്സിനും വേ

**സമുദായത്തിൽ മരുമക്കത്തായ രീതി പിന്തുടരുന്നയിടങ്ങളിൽ ഒരു പുരുഷന്റെ വ്യക്തിഗതസമ്പാദ്യത്തിന്റെ ഒരു ഭാഗം അയാളുടെ ഭാര്യയ്ക്കും കുട്ടികൾക്കും നൽകുന്നതിനായുള്ള ഒരു ചട്ടം, നിയമത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. അല്ലാത്തപക്ഷം, വിവാഹം എന്നത് അർത്ഥശൂന്യമായിത്തീരും. കൂടുതൽ പര്യാലോചനകൾക്കു ശേഷം, ഈയൊരു ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള അവശ്യനടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.' മക്കത്തായ സമ്പ്രദായം പിന്തുടരുന്ന വിഭാഗങ്ങളുടെ എതിർപ്പുമൂലം, നിർദ്ദിഷ്ട നിയമത്തിന്റെ പരിധിയിൽ നിന്നും അത്തരം വിഭാഗങ്ങളെ ഒഴിവാക്കാൻ ഈഴവനിയമസമിതി തീരുമാനിച്ചു.**

ണ്ടി പോരാടിക്കൊണ്ടിരുന്ന ഒരു കാലത്ത്, ഈഴവ സാമൂഹ്യപരിഷ്ക്കരണപ്രസ്ഥാനത്തിന്റെ പ്രചാരണപ്രവർത്തനങ്ങളാകട്ടെ, ഈഴവരുടെ വിദ്യാഭ്യാസ-സാമൂഹ്യ പദവികൾ ഉയർത്തുന്നതിനെ മാത്രം ലക്ഷ്യംവച്ചുകൊണ്ടുള്ളവ ആയിരുന്നില്ല. മറിച്ച് അവരെ സാമൂഹ്യബന്ധനങ്ങളിൽ നിന്നും മാമൂലുകളിൽ നിന്നും മുക്തരാക്കുന്നതിനുവേണ്ടി കൂടിയും ഉള്ളവയായിരുന്നു. ഇത്തരം മാമൂലുകളാകട്ടെ, മേൽജാതിക്കാരുടേതിന്റെ അനുകരണമായും കരുതപ്പെട്ടു. ഇങ്ങനെയുള്ള മാമൂൽ സമ്പ്രദായങ്ങൾക്ക്, സ്ത്രീ ജീവിതത്തിന്മേലും അവരുടെ ലിംഗാധിഷ്ഠിത സ്വത്വത്തെക്കുറിച്ച് സമുദായത്തെ ധരിപ്പിക്കുന്നതിലും പ്രധാന പങ്കുണ്ട്.

താലികെട്ടു കല്യാണം (പെൺകുട്ടി ഋതുമതിയാകുന്നതിന് മുമ്പ് നടത്തപ്പെടുന്ന ചടങ്ങ്), തിരണ്ടുകുളി (ആദ്യ ആർത്തവത്തിനു ശേഷം പെൺകുട്ടിയെ കുളിപ്പിക്കുന്ന ചടങ്ങ്), പുളികുടി (ഗർഭധാരണവുമായി ബന്ധപ്പെട്ട ചടങ്ങ്) എന്നിവയുൾപ്പെടെ ആർഭാടം നിറഞ്ഞതും ചെലവേറിയതുമായ ചടങ്ങുകൾ അവസാനിപ്പിക്കാൻ എസ്.എൻ.ഡി.പി.യോഗം അതിന്റെ ആരംഭകാലത്തു തന്നെ ആഹ്വാനം ചെയ്തിരുന്നു. കൂടാതെ, പുതിയൊരു വിവാഹനിയമനിർമ്മാണം നടത്തുന്നതിനു വേണ്ടിയും യോഗം ആവശ്യപ്പെട്ടു. സമുദായനേതാവും കവിയുമായിരുന്ന

കുമാരനാശാൻ 1904ൽ തന്നെ ഇങ്ങനെ എഴുതിയിട്ടുണ്ടായിരുന്നു. ആചാരപരിഷ്ക്കരണത്തെ സംബന്ധിച്ച് നമ്മുടെ ആളുകൾക്കിടയിൽ ഒരു പുത്തനുണർവ്വ് ഉണ്ടായിരിക്കുന്നു. യോഗം പ്രവർത്തകർക്ക് രണ്ടു പ്രധാന ലക്ഷ്യങ്ങളാണ് ഉള്ളത്: ഒന്ന്, അർത്ഥശൂന്യമായ നിരവധി ആചാരങ്ങളും ചടങ്ങുകളും നിലനിർത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി വരുത്തിവയ്ക്കുന്ന ഭീമമായ ചിലവുകളും അനുബന്ധപ്രയാസങ്ങളും സമുദായപുരോഗതിയിൽ സൃഷ്ടിക്കുന്ന തടസ്സങ്ങൾ, സാധ്യമാകുന്നത്രയും ഒഴിവാക്കുക.

രണ്ട്, ഇടിഞ്ഞു കൊണ്ടിരിക്കുകയും പരിഹാസപാത്രമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സമുദായാന്തസ്സ് സംരക്ഷിക്കുക. കെട്ടുകല്യാണസമ്പ്രദായം അനാവശ്യവും അനാചാരവുമാണെന്നാണ് നമ്മുടെ പൂജനീയ ഗുരുസ്വാമിയുടെ സുചിന്തിതാഭിപ്രായം. ഹിന്ദുക്കളുടെ വേദഗ്രന്ഥങ്ങളിലോ മതാചാരങ്ങളിലോ ഒന്നും തന്നെ ഈയൊരു സമ്പ്രദായം കാണാനാകില്ല. വിവാഹത്തിന് സ്വാഭാവികമായി ത്തന്നെ മനുഷ്യജീവിതത്തിൽ പ്രാധാന്യമുണ്ട്. ഹിന്ദു ചടങ്ങുകളിലാകട്ടെ, അതിന് അതിപ്രധാനമായൊരു സ്ഥാനമാണുള്ളത് താനും. ഇത്രയും സവിശേഷമായൊരു സംഗതിയെ അത്യാഢംബര പൊങ്ങച്ചപ്രകടനങ്ങളോടെ ആഘോഷിക്കുന്ന വെറുമൊരു കുട്ടിക്കളിയാക്കി ചുരുക്കിയതിൽ നമുക്കിനിയും ലജ്ജ തോന്നുന്നില്ല എന്നതോർത്ത് നമ്മൾക്ക്, യഥാർത്ഥ ആത്മബഹുമാനവും ആത്മാഭിമാനവുമുള്ള ഒരു സമുദായമാണ് നമ്മളെങ്കിൽ, ഖേദം തോന്നേണ്ടതാണ്.

വർഷങ്ങൾക്കു ശേഷം ഈഴവ നിയമസമിതിയും ഇതേ കാഴ്ചപ്പാട് പങ്കിട്ടുകൊണ്ട് പ്രസ്താവിച്ചു: ഭൂരിഭാഗം ഈഴവർക്കും താലികെട്ടുകല്യാണം എന്നത് ചിലവേറിയ ഏർപ്പാടാണെന്ന് മാത്രമല്ല, ഈ ചടങ്ങ് പല ഈഴവതറവാടുകളേയും ആഭ്യന്തര പിരിമുറുക്കത്തിലേക്കും കോടതി വ്യവഹാരങ്ങളിലേക്കും നയിക്കുകയും ചെയ്തിട്ടുണ്ട്. കാരണം, താലികെട്ടുകല്യാണം തറവാട്ടിലെ അനിവാര്യതയായി കണക്കാക്കപ്പെടുകയും ഈ ചടങ്ങ് നടത്തുന്നത് വഴിയുണ്ടാകുന്ന പണച്ചിലവ്, തറവാട്ട് സ്വത്ത് അന്യാധീനപ്പെട്ടു പോകുന്നതിലേക്ക് നയിക്കുകയും ചെയ്തിട്ടുണ്ട്.'

### വിവാഹമെന്ന പുത്തൻ ആദർശ മാതൃക

തിരുവിതാംകൂറിലെ ഈഴവർ പൊതുവെ രണ്ടുതരം വിവാഹ സമ്പ്രദായങ്ങൾ പിന്തുടർന്നുവന്നതായാണ് കാണുന്നത്– നാട്ടുനടപ്പനുസരിച്ചുള്ള 'മുണ്ടുകൊട'/'പുടവകൊട'യും ശ്രീനാരായണഗുരു പരിചയപ്പെടുത്തിയ 'വിവാഹ'വും. ഈഴവർ പിന്തുടർന്നുവന്ന സാമ്പ്രദായിക വിവാഹ രീതിയായ 'സംബന്ധം' എന്നത് ഈഴവനിയമസമിതിയുടെ റിപ്പോർട്ട് പ്രകാരം, ഈഴവർ യാതൊരു കൂറും കാണിക്കാത്ത സ്മൃതി പോലെയുള്ള ഹിന്ദു നിയമങ്ങൾ അടിസ്ഥാനപ്പെടുത്തി ഉള്ളതായിരുന്നില്ല. സംബന്ധത്തിൽ ഏർപ്പെട്ടവരിൽ ഒരു ഭാഗത്തിന്റെ അറിവോ സമ്മതമോ കൂടാതെ മറുഭാഗം ഏകപക്ഷീയമായി നടത്തുന്ന പ്രഖ്യാപനമോ എടുക്കുന്ന നടപടിയോ മതിയാകുമായിരുന്നില്ല ആ സംബന്ധം പിരിയാൻ. സംബന്ധത്തിലേർപ്പെടുന്ന പുരുഷന് ആ ബന്ധത്തിലുണ്ടാകുന്ന കുട്ടികളോട് തോന്നുന്ന പിതൃഭാവത്തിന്റെ പടിപടിയായുള്ള വികാസം, മക്കത്തായം അഥവാ പിതൃദായക്രമം പിന്തുടരുന്ന സമുദായങ്ങളിലെ പുരുഷന്മാരിൽ ക്രമേണ വളർന്നു വരുന്ന പിതൃഭാവത്തിന് സമാനമായിരുന്നു.

പിതൃമേധാവിത്വത്തിൽ ഊന്നിയ ഏകപതി/ പത്നീ സമ്പ്രദായം എന്ന ആദർശ മാതൃക വിശദീകരിച്ചുകൊണ്ട് സമിതി വ്യക്തമാക്കി : കർക്കശമായ ഏകഭാര്യാ–ഭർതൃ സമ്പ്രദായം ഭാവിയിൽ നിർബന്ധമാക്കുന്നതരം വിവാഹ നിയമത്തെ അനുകൂലിച്ചുകൊണ്ടുള്ള സമുദായാംഗങ്ങളുടെ അഭിപ്രായ ഐക്യത്തിൽ നിന്നും, അതുപോലെതന്നെ വിവാഹമോചന സംഭവങ്ങളുടെ വിരളതയിൽ നിന്നും മനസ്സിലാകുന്നത് , ഈഴവർ ഉയർന്ന ദാമ്പത്യവിശ്വാസ്യത മുറുകെ പിടിക്കുന്നവരും താലിയുടെ പവിത്രതയെ സംബന്ധിച്ച സൂക്ഷ്മ ബോധ്യം വെച്ചുപുലർത്തുന്നവരുമാണ് എന്നതാണ്. ഈഴവ ഭാര്യ അവരുടെ ഭർത്താവിന്റെ കൂടെ, അയാളുടെ സംരക്ഷണയിലാണ് ജീവിക്കുന്നത് എന്നാണ് കണക്കുകൾ പൊതുവെ സൂചിപ്പിക്കുന്നത്.

അമ്പലത്തിലോ വിശാലമായ വീട്ടുമുറ്റത്ത്, പുരോഹിതരുടെയും സമുദായ പ്രമാണിമാരുടെയും സാന്നിധ്യത്തിലോ നടത്തപ്പെടുന്ന ലളിതമായ ഒരു ചടങ്ങിൽ പിതാവോ പിതൃസ്ഥാനത്തുള്ളവരോ വധുവിനെ വരന്റെ കൈപിടിച്ചേൽപ്പിക്കുന്നതും വരൻ വധുവിന്റെ കഴുത്തിൽ മംഗല്യസൂത്രം (താലിച്ചരട്) അണിയിക്കുന്നതും ഉൾപ്പെട്ടതായിരുന്നു ശ്രീനാരായണഗുരു പ്രചരിപ്പിച്ച 'വിവാഹം' എന്ന പുതിയ സമ്പ്രദായം. ഈ ചടങ്ങുകൾക്കുശേഷം മന്ത്രങ്ങളുരുവിടും. ഈ പുതിയ വിവാഹസമ്പ്രദായം അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുമ്പോൾ ത്തന്നെ, അന്നത്തെ ഈഴവ ജനസംഖ്യയുടെ വലിയൊരു ശതമാനം ജാരസന്തതികൾ ആയി അറിയപ്പെടുന്നത് ഒഴിവാക്കാനായി, പഴയ



സംബന്ധ സമ്പ്രദായത്തിനും അംഗീകാരം നൽകേണ്ടതുണ്ടെന്ന് ഈഴവനിയമസമിതി നിരീക്ഷിച്ചു. സമുദായവികാരത്തിന് എതിരായേക്കാം എന്ന കാരണത്താൽ നിർബന്ധിത വിവാഹ രജിസ്ട്രേഷനെ എതിർത്ത സമിതി മുന്നോട്ടുവെച്ച നിർദേശം, സമുദായത്തിലെ ഉപവിഭാഗങ്ങൾ തമ്മിലുള്ളതും തിരുവിതാംകൂറിലും പുറത്തുമുള്ള ഈഴവ സമുദായാംഗങ്ങൾക്കിടയിൽ ഉള്ളതുമായ വിവാഹങ്ങൾക്ക് നിയമസാധുത നല്കുക എന്നതാണ്. ഈഴവരിൽ തന്നെ ഭൂസ്വത്തുള്ള വിഭാഗങ്ങൾക്കിടയിലാകട്ടെ, തിരുവിതാംകൂറിന്റെ വിവിധഭാഗങ്ങളിലുള്ള സമുദായാംഗങ്ങളുമായുള്ള വിവാഹബന്ധം ഒരു സാധ്യതയായി ഉയർന്നുവരികയും ചെയ്യുന്നുണ്ടായിരുന്നു .അങ്ങനെ, തെക്കൻ മലബാറിലെ ഷൊർണൂരിനടുത്ത് ജനിച്ച ഒരു ഈഴവന് ആലപ്പുഴയിലെ നാണ്യവിളവ്യാപാരകമ്പനിയുടെ മാനേജർ ആകാമെന്നും കൊല്ലത്ത് വേരുകളുള്ള ഒരു കുടുംബത്തിലെ സ്ത്രീയെ വിവാഹം ചെയ്യാം എന്നും ഉള്ള സാധ്യത കൈവരികയും തിരിച്ച്, മധ്യതിരുവിതാംകൂറിൽ നിന്ന് ചകിരിയും കയറും ആലപ്പുഴയിലേക്ക് കടത്തുന്നത് വഴി, കൊല്ലത്തുള്ള ഒരു കുടുംബത്തിന് സാമ്പത്തികാഭിവൃദ്ധി കൈവരിക്കാം എന്ന സാധ്യത നിലനിൽവരുകയും ചെയ്തു.

വാണിജ്യവൽക്കരണവും വ്യവസായങ്ങളുടെ വളർച്ചയും സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച നിരവധി പുതിയ മേച്ചിൽപുറങ്ങൾ തേടി ഈഴവർ സഞ്ചരിക്കാൻതുടങ്ങിയതോടുകൂടി, ഈഴവ ജാതിയിലെ വിവിധ ഉപജാതികൾ തമ്മിലുള്ള സമ്പർക്കവും വർദ്ധിച്ചു. 'പിതൃമേധാവിത്വത്തിലൂന്നിയ കുടുംബം' എന്ന ആദർശമാതൃകയെ 'സ്വാഭാവികമായ'തെന്നും 'പരിഷ്കാരരീതിക്കിണങ്ങുന്നതും പരിഷ്കാരചായ്‌വുള്ളതും' എന്നും വിശേഷിപ്പിച്ച ഈഴവനിയമസമിതി, ഈ മാതൃകയെ കൂടുതൽ ബലപ്പെടുത്തും വിധം അതിനെ ഒന്നുകൂടി വിശദീകരിക്കാനായി മുന്നോട്ടുവരികയും അതിനായി, മനു ഉൾപ്പെടെയുള്ള ബ്രാഹ്മണ നിയമങ്ങളും ബെന്താമിന്റെയും മില്ലിന്റെയും പുരോഗമനാശയങ്ങളും വ്യാഖ്യാനിച്ചുപയോ

ഗിക്കുകയും ചെയ്തു. 'ധാർമികതയുടെ വികാസത്തിനും കുടുംബജീവിതത്തിലെ സ്വാസ്ഥ്യത്തിനും വിഘാതം നിൽക്കുന്ന തടസ്സങ്ങൾ' എന്ന നിലക്ക് ഈഴവ വിഭാഗങ്ങൾക്കിടയിൽ പ്രചാരത്തിലിരുന്ന ബഹുഭാര്യ ബഹുഭർതൃ സമ്പ്രദായങ്ങളെ ഒരുപോലെ എതിർത്ത നിയമസമിതി 'ആത്മനിയന്ത്രണം ശീലിക്കുവാനും, ഗാർഹിക സമാധാനത്തിൽ വിള്ളൽ വീഴ്ത്തുന്നതിൽ മുൻപന്തിയിലുള്ള സ്ത്രീസഹജമായ അസൂയ ഇല്ലാതാക്കുന്നതിനും ഏറ്റവും യോജിച്ചത് ഏകഭാര്യാ/ഭർതൃ സമ്പ്രദായമാണെന്ന് അടിവരയിട്ട് പറഞ്ഞു. സാമൂഹികജീവിതത്തിന്റെ സൂക്ഷ്മനിരീക്ഷകൻ ആയിരുന്ന ജനകീയകവി കുഞ്ചൻ നമ്പ്യാർ ഇങ്ങനെ പാടി: പൊണ്ടാട്ടിമാർ രണ്ടു കൊണ്ടു നടക്കുന്ന/ സാധു ഭുജിക്കില്ല സ്വാസ്ഥ്യ പ്രസാദം,' വിവിധ കീഴ്വഴക്കങ്ങൾ തിരുവിതാംകൂറിലെ മരുമക്കത്തായ വിഭാഗങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ആഭ്യന്തരപിരിമുറുക്കങ്ങളും വിവാഹമോചനത്തിനായുള്ള കോടതി വ്യവഹാരങ്ങളും കൈകാര്യം ചെയ്യേണ്ടി വന്നതിൽ നിന്നും, സമുദായത്തിൽ പ്രചാരത്തിലിരുന്ന പല കീഴ്വഴക്കങ്ങളും പരിശോധനയ്ക്കു വിധേയമാക്കാൻ ഈഴവനിയമസമിതി നിർബന്ധിതമായി.

വിവാഹമോചനവുമായി ബന്ധപ്പെട്ട നാട്ടുനടപ്പുകൾ പലവിധമായിരുന്നു. വിവാഹമോചനം അനുവദിക്കാനുള്ള ഉപാധികൾ സംബന്ധിച്ച കോടതി തീരുമാനങ്ങളാകട്ടെ, വൈരുദ്ധ്യങ്ങൾ നിറഞ്ഞവയുമായിരുന്നു. വിവാഹമോചന കീഴ്വഴക്കങ്ങൾ സംബന്ധിച്ച ഒരു വിവരണം വെളിപ്പെടുത്തുന്നത്, ഇരുവിഭാഗവും വിവാഹമോചനം ആവശ്യപ്പെടുകയാണെങ്കിൽ ആദ്യം ബന്ധുക്കളെയും സമുദായപ്രമാണിമാരേയും വിവരമറിയിച്ചിരുന്നു എന്നാണ്. ഒത്തുതീർപ്പുശ്രമങ്ങൾ ഫലം കാണുന്നില്ലെങ്കിൽ, ഭർത്താവ് അയാളുടെ ഭാര്യയ്ക്ക് ആദ്യം, അവളുടെ യൗവനത്തിനും ആരോഗ്യത്തിനും കോട്ടംവരുത്തിയതിനുള്ള നഷ്ടപരിഹാരമായി 'അഴിവും', വിവാഹം നടത്തുന്നതിനാവശ്യമായി വന്ന 'ചിലവും' നൽകും. പിന്നീട്, വിവാഹവേളയിൽ ഭർത്താവു ഭാര്യയ്ക്കു സമ്മാനിച്ച പുടവ ഒഴിയുന്നതായി സൂചിപ്പിക്കുന്ന 'ഒഴിവുപുടവ' അഥവാ 'ഒഴിമുറി' (വിവാഹമോചന പ്രമാണം) നൽകുന്നതോടുകൂടി ആ ബന്ധം അവസാനിച്ചു എന്നുവരുന്നു. പരസ്പരസമ്മതത്തോടുകൂടി നടപ്പിലാക്കപ്പെടുന്ന വിവാഹമോചനരീതിയായിരുന്നു മറ്റൊന്ന്. ഇത്തരം വിവാഹമോചന നടപടികളിൽ വിവാഹമോചനം നേടാനുള്ള ഭർത്താവിന്റെ ഇച്ഛ സമുദായ സഭ പിന്താങ്ങുകയും ഭർത്താവ്, തൻറെ സ്വത്തിൽ ഒരു ഓഹരിയോ 101 പണമോ 101 പണത്തിനുള്ള പ്രമാണമോ ഭാര്യയ്ക്ക് നൽകുകയും ചെയ്യുന്നു തീരുമാനങ്ങൾ എടുക്കാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായതിനുശേഷം, വിവാഹമോചനം നൽകാനുള്ള ഉപാധികൾ പലതരത്തിൽ വ്യാഖ്യാനിക്കുന്ന സമുദായസഭയ്ക്ക് പകരം, 'തിരുവിതാംകൂർ നായർ റഗുലേഷൻ ആക്ട്' മാതൃകയിൽ ജില്ലാ മുൻസിഫ് കോടതി വിവാഹ മോചനം അനുവദിച്ചു കൊടുക്കണമെന്ന് ഈഴവനിയമസമിതി നിർദ്ദേശിച്ചു. എന്നിരുന്നാലും, വിവാഹമോചനത്തിൽ നഷ്ടപരിഹാരത്തുക ഭർത്താവിൽനിന്നു മാത്രം ഈടാക്കാൻ അനുവദിക്കുന്ന 'നായർ റെഗുലേഷ'നിൽ നിന്നും വിഭിന്നമായി, വിവാഹമോചന വിഷയത്തിന്മേൽ ഈഴവ നിയമസമിതി വിസ്തരിച്ച സാക്ഷികളിൽ (പ്രധാനമായും പുരുഷന്മാർ) ഭൂരിഭാഗവും അഭിപ്രായപ്പെട്ടത്, ഭാര്യയും നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥയാണ് എന്നാണ്. അതിനാൽ വിവാഹമോചനം ആവശ്യപ്പെടുന്ന കക്ഷി, അതായത് ഭാര്യയോ ഭർത്താവോ, ആണ് നഷ്ടപരിഹാരം നൽകേണ്ടതെന്ന് ഈഴവനിയമസമിതി നിഷ്കർഷിച്ചു. 94 ശതമാനത്തിലധികം ഹരജികളിലും വിവാഹമോചനാവശ്യം മുന്നോട്ടുവച്ചത് ഭാര്യമാരായിരുന്നു എന്നത് ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. ഈഴവനിയമനിർമ്മാണസമിതി പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത് ആർജ്ജിതസ്വത്ത് സംബന്ധിച്ച ചർച്ചകളിൽ ആയിരുന്നു. മരുമക്കത്തായ കുടുംബങ്ങൾക്ക് തറവാട്ടുസ്വത്തിലുള്ള പിന്തുടർച്ചാവകാശം സംബന്ധിച്ച നിയമങ്ങളിൽ മാറ്റം കൊണ്ടുവരാൻ ആഗ്രഹിക്കുന്നില്ലെന്നും സമിതി ആവർത്തിച്ച് വ്യക്തമാക്കി. ഇവിടെയും, തിരുവിതാംകൂറിലെ ഈഴവരുടെ ഇടയിൽ പ്രചാരത്തിലിരുന്ന പല കീഴ്വഴക്കങ്ങളേയും നിയമസമിതിക്ക് കണക്കിലെടുക്കേണ്ടി വന്നു. അവയിൽ ചിലതാകട്ടെ, കോടതിവിധി വഴി നിയമസാധുത നേടിയെടുത്തവയുമായിരുന്നു. അത്തരത്തിലൊന്നായ 'വത്സരാവകാശ' സമ്പ്രദായം എന്നത്, സ്വത്ത് ഭാഗം വയ്ക്കുന്നതിനു മുമ്പുള്ള ഒരു

വർഷക്കാലം ഒരു വ്യക്തിയുടെ മുഴുവൻ ആർജ്ജിതസ്വത്തും അയാളുടെ ഭാര്യയ്ക്കും മക്കൾക്കും അനുഭവിക്കാം എന്നുള്ള നിയമമായിരുന്നു. 'ചെറുനേട്ടം' അഥവാ 'ചെറുതെട്ടും' സമ്പ്രദായമാകട്ടെ, വ്യക്തിയുടെ ആർജ്ജിത സ്വത്തിൽ നിന്ന് ഒരു അധികഓഹരി അയാളുടെ പ്രായപൂർത്തിയാകാത്ത മക്കളുടെ വിവാഹച്ചെലവുകൾക്കായി നീക്കിവയ്ക്കണമെന്ന് നിഷ്കർഷിച്ചു. ഇത്തരം കീഴ്‌വഴക്കങ്ങളുടെ തുടക്കം സംബന്ധിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്.

ഈ ആചാരങ്ങളുടെ ഉത്ഭവം സംബന്ധിച്ച ജുഡീഷ്യൽ തീരുമാനങ്ങളും വ്യത്യസ്തമായിരുന്നു. ആർജ്ജിതസ്വത്തിലുള്ള സ്ത്രീകളുടെ സംഭാവനയെയും അതിന്മേലുള്ള അവരുടെ അവകാശത്തെയും അനുകൂലിച്ചും പ്രതികൂലിച്ചും കൊണ്ടുള്ള നിരവധി വാദങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നു. ഇതു സംബന്ധിച്ച് സദ്ദാർ കോടതിയുടെ തീർപ്പ് ഇങ്ങനെയായിരുന്നു – ഭർത്താവിന്റെ പാതിസ്വത്തിൽ ഭാര്യയ്ക്കുള്ള അവകാശം അംഗീകരിക്കപ്പെടുന്നത്, ആ സ്വത്തിൽ അവളുടെ അധ്വാനത്തിന്റെ പങ്ക് കൂടി ഉള്ളതുകൊണ്ടാണ്. പരിശ്രമശാലികളായ ഈഴവസമുദായഅംഗങ്ങളുടെ ഇടയിൽ സാധാരണയായി, ഭാര്യ അവളുടെ ഭർത്താവിനെ അയാളുടെ ജോലിയിൽ, അത് വ്യവസായസംരംഭമായാലും കച്ചവടമായാലും, സഹായിക്കാറുണ്ട് എന്നും സദ്ദാർ കോടതി നിരീക്ഷിച്ചു.

ഈ കീഴ്‌വഴക്കത്തിന്റെ പിറവി സംബന്ധിച്ച് സൂചന നൽകിക്കൊണ്ട് സദ്ദാർകോടതി ഇങ്ങനെ അനുശാസിച്ചു: 'ഈഴവർക്കിടയിലെ ഒരു തറവാട്ടംഗം സ്വന്തമായി സ്വത്ത് സമ്പാദനത്തിലേർപ്പെടുമ്പോൾ, തന്റെ അധ്വാനത്തിലൂടെ അയാളുടെ ഭാര്യയും ആ സ്വത്തിലേക്ക് ഒരു പങ്ക് സംഭാവന ചെയ്യുന്നുണ്ട്. ഭാര്യ പ്രസ്തുത തറവാട്ടിലെ അംഗമല്ലാത്തതിനാൽ, അവളുടെ അധ്വാനഫലത്തിന്റെ ഗുണം അനുഭവിക്കാനുള്ള അവകാശം അവളുടെ മക്കൾക്കാണ്. ഈ അവകാശമെന്നത് മേൽസ്വത്തിന്റെ തുല്യ പകുതിക്കു വരെയുള്ള അവകാശമാണ്. അതുകൊണ്ടുതന്നെ, ഭർത്താവിന്റെ ആർജ്ജിതസ്വത്തിന്റെ പകുതി, ഭാര്യയുടെ അനന്തരാവകാശികൾക്ക് (ഇവർ ഭർത്താവിന്റെ അനന്തരാവകാശികളായിരിക്കില്ല) അവകാശപ്പെട്ടതാണ് എന്നതാണ് ഇതിലെ തീർപ്പ്.' വിവാഹബന്ധത്തിലെ കുട്ടികൾക്ക് പിതാവിന്റെ ആർജ്ജിതസ്വത്തിന്റെ പങ്ക് ലഭിക്കുന്നത് അയാളുടെ അനന്തരാവകാശികൾ എന്ന നിലയ്ക്കല്ല, മറിച്ച് ആർജ്ജിതസ്വത്തിൽ തന്റെ അധ്വാനത്തിന്റെ പങ്ക് നിക്ഷേപിച്ചുകൊണ്ട്, ആ സ്വത്തിന്റെ തുല്യ ഉടമസ്ഥതയ്ക്ക് അവകാശിയായ മാതാവിന്റെ അനന്തരാവകാശികൾ എന്ന നിലയ്ക്കാണ്. കൂട്ടായ അധ്വാനസിദ്ധാന്തം അടിസ്ഥാനമാക്കിയുള്ള സദ്ദാർ കോടതിയുടെ ഈ വ്യാഖ്യാനത്തെ ചോദ്യംചെയ്തുകൊണ്ട് ഹൈക്കോടതി പ്രസ്താവിച്ചത്, സ്വത്തവകാശം സംബന്ധിച്ച

കീഴ്‌വഴക്കങ്ങളുടെ തുടക്കത്തിനു കാരണം സംയുക്തഅധ്വാനം ആണോ അതോ 'സ്വാഭാവിക സ്നേഹവാത്സല്യങ്ങൾ' ആണോ എന്ന് നിശ്ചയമില്ല എന്നാണ്. സംയുക്തഅധ്വാന സിദ്ധാന്തം പിന്നീട് ഹൈക്കോടതി തള്ളുകയും, ആർജ്ജിത സ്വത്ത് സമ്പാദനം നടന്നത് പിതാവുമായുള്ള മാതാവിന്റെ വിവാഹത്തിനു മുമ്പോ ശേഷമോ എന്നത് കണക്കിലെടുക്കാതെ തന്നെ കുട്ടികൾക്ക് പിതാവിന്റെ ആർജ്ജിതസ്വത്തിൽ അവകാശമുണ്ടെന്ന് വ്യക്തമാക്കുകയും ചെയ്തു. മിശ്രദായക്രമത്തിനേറ്റ കനത്ത പ്രഹരമായാണ് ഈ ഹൈക്കോടതി വിധിയെ ഈഴവനിയമസമിതി നോക്കികണ്ടത്. സ്വത്തവകാശം ആൺസന്തതിയിൽ നിക്ഷിപ്തമാക്കുന്ന ഒരു നിയമത്തിനു വേണ്ടി ഈഴവ വിഭാഗങ്ങളുടെ ഇടയിൽ നിന്ന്, കുറച്ചുകാലത്തേക്കെങ്കിലും, മുറവിളി ഉയരാൻ ഈ വിധി കാരണമാവുകയും ചെയ്തു. സ്വത്തിന്മേൽ കുട്ടികൾക്കുള്ള നിയമപരമായ അവകാശം പിതാവുമായുള്ള അവരുടെ ബന്ധത്തിൽ നിന്ന് ഉണ്ടാകുന്നതാണ് എന്ന് ഹൈക്കോടതി ഊന്നിപ്പറഞ്ഞു. സാമ്പ്രദായിക കീഴ്‌വഴക്കം അനുസരിച്ച് ഭാ

ര്യക്കും മക്കൾക്കും ആർജ്ജിത സ്വത്തിൽ അവകാശം ഇല്ലെങ്കിലും, തന്റെ ആർജ്ജിത സ്വത്ത് ഭാര്യക്കും മക്കൾക്കും നൽകാൻ പുരുഷന്മാർ തയ്യാറാകുന്ന പ്രവണത മരുമക്കത്തായക്രമം പിന്തുടരുന്ന ഈഴവരുടെ ഇടയിലും വർധിച്ചുവരുന്നതായി ഈഴവ നിയമസമിതി നിരീക്ഷിച്ചിട്ടുണ്ട്.

എസ്.എൻ.ഡി.പി. യോഗവും അറുപതിൽപ്പരം മറ്റു ഈഴവ സംഘടനകളും ചേർന്ന ഈഴവ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനവും, ഭർത്താവിന്റെ ആർജ്ജിത സ്വത്തിൽ ഭാര്യക്കും മക്കൾക്കും അവകാശം നൽകണമെന്ന വാദം ഉയർത്തിപ്പിടിച്ചു. ഹൈക്കോടതിയുടെ ഭാഷ്യത്തെ അനുകൂലിച്ച് നിലപാട് എടുത്തവരിൽ സമ്പന്ന ഈഴവ തറവാടുകളിലെ കാരണവന്മാരും ഉൾപ്പെട്ടിരുന്നു. വ്യാഖ്യാനത്തെ അനുകൂലിച്ച നേതാക്കന്മാരിൽ, എസ്.എൻ.ഡി.പി. യോഗം സ്ഥാപകരായ ശ്രീനാരായണഗുരു, ഡോക്ടർ പൽപ്പു, മാധവൻ വൈദ്യൻ, കുഞ്ഞുശങ്കരൻ വൈദ്യൻ സമ്പന്ന കാരണവരായ കൊച്ചുകുഞ്ഞു ചാന്നാർ എന്നിവരും നാരായണപ്പണിക്കർ, അയ്യപ്പൻ രാമൻ തുടങ്ങിയ ഈഴവ നേതാക്കളും ഉൾപ്പെട്ടിരുന്നു. എങ്കിലും ഈഴവരുടെ ഇടയിലെ ചെറു വിഭാഗങ്ങൾ ഹൈക്കോടതിയുടെ വ്യാഖ്യാനത്തെ എതിർത്തു. കാരണം, ആർജ്ജിതസ്വത്ത് സംബന്ധിച്ച അധികാര കൈമാറ്റാവകാശവും സ്വത്തിന്റെ ആളോഹരി വീതംവയ്പും ചേർന്ന് മരുമക്കത്തായ കുടുംബങ്ങളെ തകർക്കുമെന്നും, മക്കത്തായത്തിന്റെ വളർച്ച സമുദായത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് എതിരായിരിക്കുമെന്നും അവർ ഭയന്നു.

ഈ വാദമുയർത്തിയ വിഭാഗത്തിലെ പ്രമുഖരിൽ സി. ഒ. മാധവൻ, കോമത്ത് കുഞ്ചുപ്പണിക്കർ, സി.വി. കുഞ്ഞുരാമൻ, സി. പരമേശ്വരൻ, ശങ്കരപ്പണിക്കർ എന്നിവർ ഉൾപ്പെടുന്നു. ഈഴവനിയമസമിതിയുടെ അഭിപ്രായത്തിൽ, ദാമ്പത്യബന്ധത്തെ പവിത്രവും അലംഘനീയവുമായ ഒന്നായിട്ടാണ് ഈഴവസമുദായം കണ്ടിരുന്നത്. പിതൃബോധമാകട്ടെ, രൂഢമൂലവുമായിരുന്നു. ഭാര്യ, സാധാരണയായി ഭർത്താവും കുട്ടികളുമായി, ഭർതൃവീട്ടിലാണ് കഴിഞ്ഞിരുന്നത്. പിതാവ്, കുട്ടികളുടെ രക്ഷിതാവായി പ്രവർത്തിക്കുകയും അവരെ വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്തു. അയാൾ, അയാളുടെ ഭാര്യക്കും മക്കൾക്കും വേണ്ടി ജീവിക്കുകയും അധ്വാനിക്കുകയും ചെയ്തപ്പോൾ, ഭാര്യയും മക്കളും, അയാളുടെ ആർജ്ജിത സ്വത്തിലേക്ക് സംഭാവന ചെയ്താലും ഇല്ലെങ്കിലും, പൊതുവേ അയാളുടെ അദ്ധ്വാനഫലം അനുഭവിക്കാൻ അവകാശം ഉള്ളവരാണെന്നു വന്നു.

പിതാവ് മരണപ്പെടുമ്പോൾ മക്കൾ പുല ആചരിക്കുകയും ശേഷക്രിയകൾ ചെയ്യുകയും ശ്രാദ്ധമൂട്ടുകയും ചെയ്തു. അങ്ങനെ, പിതാവ് വഴി മക്കൾക്ക് ലഭിക്കുന്ന സ്വത്ത് നിലവിൽ വരികയും, ഈ സ്വത്തിൽ പിതാവിന്റെ തറവാടിന് യാതൊരു അവകാശവും ഇല്ലാതെ വരികയും ചെയ്തു. സംരംഭകശീലത്തിന് പേരുകേട്ട ഈഴവസമുദായത്തിന്റെ പരിശ്രമശീലം ബലപ്പെടുത്തുന്നതിൽ മേൽപ്പറഞ്ഞ മൂലധനം നൽകിയ സംഭാവന ഒട്ടും ചെറുതല്ല. മക്കത്തായ സമ്പ്രദായം ഉളവാക്കിയ സ്വാഭാവികമാറ്റങ്ങളുടെ ഫലമായി, ഉയർന്ന പിതൃ-പുത്രകർത്തവ്യബോധം വളർത്തിയെടുക്കാൻ ഈഴവർക്ക് കഴിഞ്ഞു. അതുകൊണ്ടുതന്നെ മക്കത്തായ അഥവാ പിതൃദായ ക്രമത്തിലേക്കുള്ള 'സ്വാഭാവിക' ചുവടുമാറ്റമാണ് ലക്ഷ്യമെന്ന് ഈഴവനിയമസമിതി ഊന്നിപ്പറഞ്ഞു. എന്നിരുന്നാലും ഒരു ഈഴവ പുരുഷന്റെ മരണസമയത്ത് തീർപ്പ് കൽപ്പിക്കാതെ അവശേഷിക്കുന്ന അയാളുടെ ആർജ്ജിതസ്വത്ത് സംബന്ധിച്ചു മാത്രമേ നിർദ്ദിഷ്ടനിയമം സംസാരിക്കുന്നുള്ളൂവെങ്കിലും, നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷമുള്ള ആർജ്ജിതസ്വത്തിനും മേൽനിയമം ബാധകമായിരിക്കുമെന്ന് നിയമസമിതി വ്യക്തമാക്കി.

ഭൂരിഭാഗം ഈഴവരും തൊഴിലാളികളായിരുന്നു എന്നതിനാൽ ഒരേക്കറിലധികം ഭൂമിയുള്ള ഈഴവതറവാടുകളുടെ എണ്ണം അയ്യായിരത്തിലധികം വരില്ലെന്ന് ഈഴവക്ഷേമസമിതി വിലയിരുത്തി. എങ്കിലും വ്യക്തികളുടെ ആർജ്ജിതസ്വത്ത് ധാരാളമുണ്ടായിരുന്നു. മരുമക്കത്തായം പിന്തുടരുന്ന ഈഴവകൂട്ടുകുടുംബങ്ങളുടെ മേൽ, വർദ്ധിച്ചുകൊണ്ടിരുന്ന തൊഴിലവസരങ്ങൾക്ക് ഗണ്യമായ സ്വാധീനമുണ്ടായിരുന്നു. ആർജ്ജിതസ്വത്തിന്മേലുള്ള വ്യക്തിയുടെ അവ


കാശത്തിന് അംഗീകാരം നൽകാനുള്ള തീരുമാനം വളരെ നേരത്തെ തന്നെ നിലവിൽ വന്നതും, സ്വന്തമായി സമ്പാദ്യം ഉള്ള വ്യക്തിക്ക് തന്റെ അധ്വാനഫലം തറവാട്ടിലെ മറ്റ് അംഗങ്ങളുമായി പങ്കിടാനുള്ള വൈമുഖ്യം കാരണമാകാം. തറവാട്ടിൽ നിന്നും വേർപിരിഞ്ഞ് സ്വന്തമായി വീടും വീട്ടുകാര്യം നടത്താനുള്ള അധികാരവും ആവശ്യമായി വന്നതും ഇതിനു മറ്റൊരു കാരണമായിരുന്നു. സമ്പത്തിന്മേലുള്ള വ്യക്തിഗത ഉടമസ്ഥത ലഭിക്കുന്നത്, ഭൂസ്വത്ത് കൂടുതൽ വിസ്തൃതമാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അതിനായി കൂടുതൽ അധ്വാനിക്കാനുമുള്ള പ്രചോദനമാകുമെന്നും, ഇത് മെച്ചപ്പെട്ട കൃഷി രീതികൾ പരീക്ഷിക്കാനും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാനുമുള്ള ശ്രമങ്ങളിലേക്ക് വഴിതെളിക്കുമെന്നും ഈഴവനിയമസമിതി മനസ്സിലാക്കി. ഇക്കാരണത്താൽ തന്നെ കുടുംബസ്വത്തിന്റെ വ്യക്തിഗത ഭാഗംവയ്പിനെ സമിതി അനുകൂലിക്കുകയും ചെയ്തു. അപ്പോഴും, ഇക്കാര്യത്തിൽ ജാഗ്രത വേണമെന്ന് സമിതി സമുദായത്തെ ഉപദേശിക്കുകയും ചെയ്തു. കാരണം, വ്യക്തിഗത ഭാഗംവയ്പ്പിനായുള്ള ഒരു നിയമ നിർമ്മാണം, കർഷകസമുദായമായ ഈഴവരുടെ ഭൂസ്വത്ത് വിഭജിച്ചു പോകുന്നതിലേക്കും താമസിയാതെ അത് അന്യാധീനപ്പെട്ടുപോകുന്നതിലേക്കും നയിച്ചേക്കുമെന്ന് സമിതി ഭയപ്പെട്ടിരുന്നു.

**ഉപസംഹാരം**

സമുദായസ്വത്വം, കീർത്തി, സാമൂഹികപദവി എന്നിവയോടൊപ്പം തന്നെ സ്ത്രീകളുടെ കീഴാളനിലയും നിർമ്മിച്ചെടുക്കാനുള്ള ശ്രമങ്ങൾ കൂടിയാണ് ഈഴവനിയമസമിതി നടത്തിയത് എന്നാണ്, പിന്തുടർച്ചാ-സ്വത്തവകാശ-വിവാഹ നിയമങ്ങൾ നടപ്പിൽ വരുത്താനുള്ള സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വ്യവഹാരം സൂചിപ്പിക്കുന്നത്. പുതുതായി രൂപംകൊണ്ട 'കുടുംബം' എന്ന ഘടകത്തിനകത്ത് ആൺ-പെൺ വിഭാഗങ്ങൾക്കിടയിലെ ആസ്തിബന്ധം ഉൾപ്പെടെയുള്ള ബന്ധങ്ങളെ നിയന്ത്രിച്ചു കൊണ്ടാണ് സ്ത്രീകളുടെ ഈ കീഴാളനില നിർമ്മിച്ചെടുക്കാൻ സമിതി ശ്രമിച്ചത് . മരുമക്കത്തായ സമ്പ്രദായങ്ങൾ അവസാനിപ്പിക്കാനായി എസ്.എൻ.ഡി.പി. യോഗത്തിന്റെ നേതൃത്വത്തിൽ ഈഴവ സാമൂഹ്യപരിഷ്ക്കരണപ്രസ്ഥാനം നടത്തിയ സംയുക്തശ്രമങ്ങൾ, അക്കാലത്തെ എഴുത്തുകൾ, പത്രവാർത്തകൾ, മഹിളാസമാജങ്ങളുടെ യോഗറിപ്പോർട്ടുകൾ എന്നിവയിൽ നിന്നെല്ലാം മനസ്സിലാക്കാൻ സാധിക്കും. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഈഴവസംഘടനകൾ, മതനേതാക്കന്മാർ, അഭ്യസ്തവിദ്യരായ മധ്യവർഗ്ഗം, സർക്കാർ ജീവനക്കാർ എന്നിവരുടെയെല്ലാം പ്രതിനിധികൾ ഉൾപ്പെട്ടപ്പോൾ, ഈഴവസ്ത്രീകൾ അവഗണിക്കപ്പെട്ടു. സ്വയംബോധ്യമുള്ളതും സമർത്ഥമായതുമായ അഭിപ്രായങ്ങൾ പ്രകാശിപ്പിക്കാൻ കഴിവില്ലാത്തവരായാണ് പൊതുവെ സ്ത്രീകൾ വീക്ഷിക്കപ്പെട്ടത്. സാക്ഷി വിസ്താരത്തിനായി ആളുകളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് ഈഴവനിയമസമിതി, തഹസിൽദാർമാർക്ക് നൽകിയ ഉത്തരവിൽ നിന്നും ഈയൊരു മനോഭാവം വ്യക്തമാണ്. തെളിവ് നൽകാൻ അവർ പ്രാപ്തരാണെന്ന് ബോധ്യപ്പെടുകയാണെങ്കിൽ, ഏതാനും സ്ത്രീസാക്ഷികളെയും സാക്ഷിവിസ്താരത്തിൽ ഉൾപ്പെടുത്താനായിരുന്നു സമിതിയുടെ നിർദ്ദേശം. 863 സാക്ഷികളിൽ ആകെ 10 പേരായിരുന്നു സ്ത്രീകൾ. എന്നാൽ, എവിടെയെല്ലാം സ്ത്രീകളുടെ അഭിപ്രായം തേടിയോ, അവിടെയെല്ലാംതന്നെ കൃത്യമായ ആശയങ്ങൾ അവർ പങ്കുവെച്ചിട്ടുണ്ട് എന്ന് നിയമസമിതി തന്നെ അംഗീകരിക്കുന്നുമുണ്ട്. കായംകുളം കേന്ദ്രത്തിൽ മാത്രം നാല് സ്ത്രീകളുമായി കൂടിയാലോചിച്ചു. അവരോട് ചോദിച്ച ചോദ്യങ്ങൾക്ക് സുവ്യക്തവും സമർത്ഥവുമായ ഉത്തരങ്ങളാണ് എല്ലാ സ്ത്രീസാക്ഷികളും നൽകിയത്. സമിതി തയ്യാറാക്കിയ ചോദ്യങ്ങൾ ആഴത്തിൽ പഠിക്കാൻ അവർ മിനക്കെട്ടിട്ടുണ്ടെന്നും, മതിയായ ശ്രദ്ധ അവയ്ക്കു കൊടുത്തിട്ടുണ്ടെന്നും ആണ് മനസ്സിലാകുന്നത്. വാചാവിസ്താരത്തിനു തയ്യാറായവരും, ഉത്തരങ്ങൾ എഴുതി അയച്ചവരുമായ സ്ത്രീസാക്ഷികൾ കാണിച്ച, പ്രായേണ ഗൗരവമേറിയ, ഈ താത്പര്യത്തിനുള്ള അഭിനന്ദനങ്ങൾ ഞങ്ങളിവിടെ രേഖപ്പെടുത്തുന്നു' എന്നാണ് സമിതി, ഇതു സംബന്ധിച്ച് പ്രസ്താവിച്ചത്. ഈഴവസ്ത്രീകളുടെ ലിംഗാധിഷ്ഠിതസ്വത്വം നിർമ്മിക്കപ്പെട്ടത് ഈ നിയമം വഴി മാത്രമായിരുന്നില്ലെങ്കിലും, തിരുവിതാംകൂറിലെ ഈഴവസാമൂഹ്യപരിഷ്ക്കരണപ്രസ്ഥാനത്തിനുള്ളിൽ പിന്നീട് ഉയർന്നു വന്ന പലതരം തർക്കങ്ങളും ഉടലെടുത്തത് ഈ നിയമമൊരുക്കിയ ചട്ടക്കൂടിനകത്തുനിന്നായിരുന്നു.

**സമ്പത്തിന്മേലുള്ള വ്യക്തിഗത ഉടമസ്ഥത ലഭിക്കുന്നത്, ഭൂസ്വത്ത് കൂടുതൽ വിസ്തൃതമാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അതിനായി കൂടുതൽ അധ്വാനിക്കാനുമുള്ള പ്രചോദനമാകുമെന്നും, ഇത് മെച്ചപ്പെട്ട കൃഷി രീതികൾ പരീക്ഷിക്കാനും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാനുമുള്ള ശ്രമങ്ങളിലേക്ക് വഴി തെളിക്കുമെന്നും ഈഴവനിയമസമിതി മനസ്സിലാക്കി. ഇക്കാരണത്താൽ തന്നെ കുടുംബസ്വത്തിന്റെ വ്യക്തിഗത ഭാഗംവയ്പിനെ സമിതി അനുകൂലിക്കുകയും ചെയ്തു.**

**പ്രവീണ കോടോത്ത്**
പ്രൊഫസർ, സെന്റർ ഫോർ ഡെവലപ്മെൻറ് സ്ററഡീസ് , തിരുവനന്തപുരം



# കടാങ്കോട് മാക്കവും വടക്കേ മലബാറിലെ മാതൃദായകുടുംബബന്ധങ്ങളിലെ വൈകാരിക സന്തുലിതാവസ്ഥയും





പരിഭാഷ : ശ്രീദേവി ഡി.
സ്വതന്ത്രഗവേഷക. ഇന്ദ്രിയാനുഭവ പഠനം, സാഹിത്യപഠനം, ദൃശ്യസംസ്കാരപഠനം, എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നു.

വടക്കേ മലബാറിലെ തെയ്യങ്ങളിൽ പ്രസിദ്ധമാണ് മാക്കം പോതി ( മാക്കം ഭഗവതി) തെയ്യം. ആ ദേശത്തിന്റെ മരുമക്കത്തായ കുടുംബവ്യവസ്ഥയിലുള്ള സംഘർഷങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന വസ്തുതകൾ മാക്കം തെയ്യത്തിൽ കാണാം. നിരപരാധികൾക്ക് നേരെ നടക്കുന്ന അനീതികളുടെ മൂർത്തരൂപമാണ് മാക്കം തെയ്യം . മാക്കം തെയ്യത്തിന്റെ ഭാഗമായുള്ള തോറ്റം പാട്ടിൽ പന്ത്രണ്ടു സഹോദരന്മാരുടെ ഏക സഹോദരിയായ മാക്കത്തിന്റെ കഥ വിവരിക്കുന്നുണ്ട്. പന്ത്രണ്ട് സഹോദരന്മാരുടെയും പ്രിയപ്പെട്ടവളായിരുന്നു മാക്കം . ഇതിൽ അസൂയപൂണ്ട നാത്തൂന്മാർ (സഹോദര ഭാര്യമാർ) മാക്കത്തിനെതിരെ പ്രവർത്തിക്കാനുള്ള സന്ദർഭത്തിനായി തക്കംപാർത്തിരുന്നു. പന്ത്രണ്ട് സഹോദരന്മാരും കോലത്തിരിക്കുവേണ്ടി യുദ്ധത്തിനുപോയ കാലയളവിൽ ഒരു ദിവസം മാക്കത്തിന്റെ ആർത്തവ ദിവസത്തിൽ മാക്കത്തെ തറവാട്ടിൽ തനിച്ചാക്കി നാത്തൂന്മാർ മാറി നിന്നു. അപ്പോൾ ആ തറവാട്ടിലേക്ക് എണ്ണവിൽപ്പനക്കാരൻ വന്നു. തനിക്കു എണ്ണ വാങ്ങുവാൻ സാധിക്കാത്തതിനാൽ തറവാടിനകത്ത് കൊണ്ടുവന്നു വയ്ക്കുവാൻ മാക്കം പറഞ്ഞു. ഇതേസമയം പുറത്തു കാത്തു നിന്ന നാത്തൂന്മാർ അവിടെയെത്തി, ആരുമില്ലാത്ത സമയത്ത് അന്യപുരുഷന്മാരെ വീട്ടിൽ കേറ്റിയെന്നു പറഞ്ഞു അവർ മാക്കത്തെ അധിക്ഷേപിച്ചു.

മാക്കത്തിന്റെ നാത്തൂൻമാർ തങ്ങളുടെ ഭർത്താക്കന്മാരുടെ തറവാട്ടിലാണ് താമസിക്കുന്നത് എന്നത് ഈ കഥയിലെ സങ്കീർണ്ണമായ ഒരു കാര്യമാണ്. മരുമക്കത്തായ സമ്പ്രദായത്തിൽ ഇത് അസാധാരണമായി തോന്നാമെങ്കിലും വടക്കേ മലബാറിൽ സ്ത്രീകൾ തങ്ങളുടെ സംബന്ധക്കാരന്റെ തറവാട്ടിലേക്കു താമസം മാറുന്ന ഒരു പ്രക്രിയ നില നിന്നുരുന്നു എന്നുള്ളതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അവർ ഇടയ്ക്കു സ്വന്തം തറവാടുകളിലേയ്ക്ക് പോവുകയും ബാക്കി സമയം മുഴുവൻ ഭർത്താക്കന്മാരുടെ തറവാടുകളിൽ കഴിയുകയും ചെയ്തു. വിവാഹബന്ധം വേണ്ടെന്നു വയ്ക്കുകയോ, വിധവയാകുകയോ ചെയ്യുമ്പോൾ അവർ തങ്ങളുടെ തറവാടുകളിലേക്കു മടങ്ങി വേറൊരു വിവാഹം ചെയ്യുന്നതുവരെ അവിടെ സ്ഥിരമായി താമസിക്കുന്നു.


ഇത്തരം കുടുംബവ്യവസ്ഥയിൽ രക്തബന്ധമുള്ള സ്ത്രീകളും പുരുഷന്മാരും (സഹോദരി സഹോദരന്മാർ, അമ്മയും മകളും, അമ്മാവനും മരുമക്കളും ) വിവാഹബന്ധത്തിലൂടെ വന്ന സ്ത്രീകളും (നാത്തൂന്മാർ, അമ്മാവന്റെ ഭാര്യമാർ) എന്നിവർ ഒരുപാടു കാലത്തേക്ക് ഒരു തറവാട്ടിൽ ഒന്നിച്ചു താമസിക്കേണ്ടിവരുന്നുണ്ട്. 1940 കളിൽ ഇ.ജെ. മില്ലർ നടത്തിയ ഒരു വിവര ശേഖരണത്തിൽ ഏതാണ്ട് 300 വർഷം പഴക്കമുള്ള തറവാടുകളിൽ സഹോദരന്മാരുടെ ഭാര്യമാരുടെ സാന്നിധ്യം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിനർത്ഥം വടക്കേ മലബാറിൽ ബ്രാഹ്മണന്മാരുമായിട്ടുള്ള സംബന്ധം തീരെ ഇല്ലായിരുന്നു എന്നല്ല, മറിച്ച് എണ്ണത്തിൽ അത് കുറവായിരുന്നു. ബ്രാഹ്മണരുമായി സംബന്ധത്തിലേർപ്പെട്ട ജന്മിഗൃഹങ്ങളിൽ സംബന്ധക്കാരനെ തറവാടിന് പുറത്തു പ്രത്യേക മഠം/പുരയിലാണ് താമസിപ്പിച്ചിരുന്നത് . ശുദ്ധാശുദ്ധങ്ങൾ വളരെയധികം ശക്തമായതുകൊണ്ടുതന്നെ സംബന്ധക്കാരന് സ്വന്തമായി ഭക്ഷണം പാചകം ചെയ്യാനാവശ്യമുള്ള സാധനങ്ങൾ എത്തിച്ചു കൊടുക്കുകയാണ് ചെയ്തിരുന്നത്. നമ്പൂതിരി ഗ്രാമങ്ങൾ കൂടുതലും തെക്കേ മലബാറിൽ / മധ്യ കേരളത്തിലായതിനാൽ വന്നുപോകുന്ന ഭർത്തൃബന്ധം പലപ്പോഴും സഹോദരമല്ലാത്ത ബഹുഭർത്തൃത്വത്തിനു തുല്യമായിരുന്നു.

**വടക്കേ മലബാറിൽ സ്ത്രീകൾക്ക് ഒരു സമയം ഏക ഭർത്തൃബന്ധം എന്ന നിലയിൽ ബന്ധങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. ഈ കാലത്ത് ബഹുഭർത്തൃത്വത്തിനെക്കുറിച്ചുള്ള തെളിവുകൾ ലഭിച്ചിരുന്നില്ല. ഈ പ്രദേശങ്ങളിൽ തറവാടുകൾ തമ്മിൽ നല്ല ദൂരമുള്ളതിനാലും ഇടയിൽ വനപ്രദേശമായതിനാലും വന്നുപോവുന്ന ഭർത്തൃബന്ധം പ്രയോഗികമായിരുന്നില്ല എന്ന് കാതലീൻ ഗൗവ് അഭിപ്രായപ്പെടുന്നു. മാത്രമല്ല നമ്പൂതിരി കുടുംബങ്ങൾ കൂടുതലും കേന്ദ്രീകരിച്ചിരുന്നത് തെക്കേ മലബാറിലെ ഫലഭൂയിഷ്ഠമായ പ്രദേശങ്ങളിലാണ്.**

വടക്കേ മലബാറിൽ സ്ത്രീകൾക്ക് ഒരു സമയം ഏക ഭർത്തൃബന്ധം എന്ന നിലയിൽ ബന്ധങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. ഈ കാലത്ത് ബഹുഭർത്തൃത്വത്തിനെക്കുറിച്ചുള്ള തെളിവുകൾ ലഭിച്ചിരുന്നില്ല. ഈ പ്രദേശങ്ങളിൽ തറവാടുകൾ തമ്മിൽ നല്ല ദൂരമുള്ളതിനാലും ഇടയിൽ വനപ്രദേശമായതിനാലും വന്നുപോവുന്ന ഭർത്തൃബന്ധം പ്രയോഗികമായിരുന്നില്ല എന്ന് കാതലീൻ ഗൗവ് അഭിപ്രായപ്പെടുന്നു. മാത്രമല്ല നമ്പൂതിരി കുടുംബങ്ങൾ കൂടുതലും കേന്ദ്രീകരിച്ചിരുന്നത് തെക്കേ മലബാറിലെ ഫലഭൂയിഷ്ഠമായ പ്രദേശങ്ങളിലാണ്. വടക്കേ മലബാറിൽ ആകെയുള്ള പ്രധാന കുടുംബങ്ങൾ പെരിഞ്ചെല്ലൂർ (തളിപ്പറമ്പിലും), പയ്യന്നൂർ എന്നിവിടങ്ങളിലാണ്. അവയാകട്ടെ തെക്കേ മലബാറിൽ നിന്നും ഏതാണ്ട് 150 കിലോമീറ്റർ ദൂരയാണുതാനും. ബ്രാഹ്മണേതര ( നായർ, മാപ്പിള, തീയ ) സമുദായങ്ങളാണ് വടക്കൻ മലബാറിലെ പ്രധാന ജന്മിമാർ. തെക്കേമലബാറുമായി താരതമ്യം ചെയ്യുമ്പോൾ വടക്കേ മലബാറിലെ ബ്രാഹ്മണേതര ജന്മികുടുംബങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ ഉണ്ടായിരുന്നു.

മരുമക്കത്തായ കുടുംബങ്ങളിലെ താമസരീതികൾ തികച്ചും വ്യത്യസ്തങ്ങളായിരുന്നു. സംബന്ധക്കാരന്റെ തറവാട്ടിലുള്ള ജീവിതം പുറത്തുനിന്നും വന്ന ഭാര്യമാരും, നാത്തൂന്മാരും, അമ്മമാരും തമ്മിൽ ചേർന്നുള്ള വൈകാരികമായി പലതലത്തിലുള്ള - സ്നേഹപൂർവ്വമോ അല്ലെങ്കിൽ പകയോടെയോയുള്ള - ബന്ധങ്ങളാണ് സൃഷ്ടിച്ചത്. ഈ പ്രദേശങ്ങളിലെ കുട്ടികൾ അച്ഛന്റെ ബന്ധത്തിലുള്ളവരോടാണ് കൂടുതൽ അടുപ്പം പുലർത്തിയത്. അച്ഛന്റെ സഹോദരിയുടെ മകനെയാണ് പെൺകുട്ടി പലപ്പോഴും വിവാഹം കഴിക്കേണ്ടിവരിക. അച്ഛന്റെ സഹോദരിയെ പ്രായമനുസരിച്ച് വലിയമ്മ അല്ലെങ്കിൽ ഇളേമ്മ എന്ന് വിളിച്ചു. എന്നാൽ തെക്കേ മലബാറിൽ ഇവരെ അമ്മായി എന്നാണ് വിശേഷിപ്പിക്കുന്നത്. വടക്കേ മലബാറിൽ കുട്ടികൾ അച്ഛന്റെ മരണാന്തര ചടങ്ങുകളിൽ പങ്കെടുക്കുകയും ദുഃഖം ആചരിക്കുകയും ചെയ്യുമ്പോൾ തെക്കേ മലബാറിൽ അത് നിലനിന്നിരുന്ന കീഴ്‌വഴക്കങ്ങൾ ലംഘിച്ചു മാത്രമേ പങ്കെടുക്കാൻ സാധിച്ചിരുന്നുള്ളു.രക്തബന്ധങ്ങളിലും വൈവാഹികബന്ധങ്ങളിലുമുള്ള വിരോധങ്ങളും പകയുമെല്ലാം പല നാട്ടു പറച്ചിലുകളിലും കാണാം. ഉദാഹരണത്തിന് 'അമ്മായിയമ്മയെ കല്ലിന്മേൽ വച്ചിട്ട് മറ്റൊരു കല്ലു കൊണ്ട് നാരായണാ'. നാത്തൂനെ ചക്കിൽ ചേർത്തുകെട്ടി ചോര വരുന്നതുവരെ പണിയെടുപ്പിക്കുക എന്നുള്ളത് മറ്റൊരു പറച്ചിലാണ് .



ഇങ്ങനെയുള്ള സങ്കീർണ്ണമായ പശ്ചാത്തലത്തിലാണ് മാക്കംപൊതിയുടെ തോറ്റം പാട്ടിൽ വൈകാരികമായി തകർന്ന സഹോദരീസഹോദര ബന്ധങ്ങളെയും ഭാര്യഭർത്തൃ ബന്ധങ്ങളെക്കുറിച്ചുമൊക്കെ വിവരിക്കുന്നത്. തോറ്റം പാട്ടിൽ പറയുന്നു, ഉണ്ണിച്ചിറയ്ക്കു ഒരുപാടു പ്രാർത്ഥനകൾക്കു ശേഷം ലഭിച്ച മകളാണ് മാക്കം. തോറ്റത്തിലെ ഉണ്ണിച്ചിറയുടെ വാക്കുകൾ മാതൃദായക്രമത്തിൽ പെൺകുട്ടിക്കുള്ള ഉത്കൃഷ്ടമായ സ്ഥാനത്തെ സൂചിപ്പിക്കുന്നു. ഉണ്ണിച്ചിറ തന്റെ പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നത് പെൺവരത്തിനാണ്. ആൺവരമായി പന്ത്രണ്ടു കുട്ടികളുണ്ടെങ്കിലും പെൺകുട്ടിയില്ലെങ്കിൽ തന്റെ തറവാടിന് പിൻഗാമിയില്ലാതെ വരുമെന്നാണ് ഉണ്ണിച്ചിറ പറയുന്നത്.

ദൈവം :
നീ അല്ലെ പെണ്ണെ
മുന്നാൾ പന്തീരാണ്ടുവരം കൊണ്ടത് ?
മറുപടി:
പന്തീരാണ്ടു വരം മുന്നേ ഞാൻ
കൊണ്ടുപോയതിൽ
പന്ത്രണ്ടും ആൺവരമല്ലേ
കിട്ടിയതെനക്കേ

ഉണ്ണിച്ചിറയുടെ തറവാടിനെകുറിച്ചുള്ള വരികളുടെഅർത്ഥം ഇങ്ങനെയാണ് :
ഒരു മലയുടെ അറ്റം മുതൽ മറ്റൊരു മലയുടെ അറ്റം വരെ
ഉള്ള ഭൂസ്വത്തുനമ്മൾക്കുണ്ടെ
ഒരു കടൽ മുതൽ മറ്റൊരു കടൽ വരെ
ഏല തോട്ടവും ചന്ദനത്തോട്ടവും
അളന്നു തീർക്കാൻ പറ്റാത്തത്ര സ്വത്തും
സ്വത്തിനൊരു ഉടമയില്ലല്ലോ.

സ്വത്തുക്കളുടെ അവകാശവും തറവാടിന്റെ പിന്തുടർച്ചയും ഉറപ്പാക്കുന്നത് പെൺ

സന്തതിയാണ്. തറവാട് അന്യംനിന്നുപോകാതിരിക്കുവാൻ പെൺകുട്ടി അത്യാവശ്യമാണ്.

ഉണ്ണിച്ചിറയുടെ സങ്കടം ഇപ്രകാരമാണ്:

എന്റെ ഈയൊരു കുഞ്ഞിമംഗലം തറവാട് വാഴാൻ വേണ്ടി ഒരു പെൺസന്തതി ആകുന്ന വരത്തെത്തന്നു എനിക്ക് മോക്ഷം തന്നില്ല മോചനം.

സ്വത്തിനെക്കുറിച്ചും മോക്ഷത്തെക്കുറിച്ചുമുള്ള പരാമർശങ്ങൾ സൂചിപ്പിക്കുന്നത് മരുമക്കത്തായസമ്പ്രദായത്തിൽ പെൺകുട്ടിയുടെ ഭൗതികമായും ആത്മീയമായുംഉള്ള പ്രാധാന്യത്തെക്കുറിച്ചാണ്. കടാങ്കോട് മാക്കം തെയ്യത്തിന്റെ തോറ്റം മറ്റുള്ളവയെക്കാൾ കൂടുതൽ നീളമുള്ള തോറ്റമാണ്. അതിൽ ഉണ്ണിച്ചിറയുടെ പ്രസവ തയ്യാറെടുപ്പുകൾ വിശദമായി വിവരിച്ചിട്ടുണ്ട്.

സുഖപ്രസവത്തിനുവേണ്ടിയുള്ള വ്യായാമങ്ങൾ, പാരമ്പര്യ എണ്ണ ഉഴിച്ചിലുകൾ, പ്രസവഗൃഹനിർമാണം, ശേഷം ആ ഗൃഹത്തെ അഗ്നിക്കിരയാക്കുന്നത് തുടങ്ങിയ പ്രസവ കാര്യങ്ങളെ ദീർഘമായി വിവരിക്കുന്നു. കൂടാതെ തേജസ്സ്വിയായ കുട്ടിയുടെ വിശേഷണങ്ങളുമുണ്ട് . മാക്കത്തിനെ വളരെയധികം കരുതലോടെയാണ് വളർത്തിയത്. മാക്കം വിദ്യാഭ്യാസം പൂർത്തിയാക്കിയപ്പോൾ ഗുരു ഒരു സ്വർണ എഴുത്താണി സമ്മാനമായി നൽകി. മാക്കത്തിന്റെ പന്തൽ മംഗലം ( താലികെട്ടുകല്യാണം ) ആഘോഷപൂർവ്വം നടത്തി. ശേഷം മാക്കത്തെ വിവാഹം കഴിച്ചയാളിനെക്കുറിച്ചുള്ള ഒരു ചെറു വിവരണമാണ്. പിന്നീട് മാക്കത്തിന്റെ കുഞ്ഞിമംഗലം തറവാടിനെക്കുറിച്ചും നാത്തൂന്മാരുടെ പകയെക്കുറിച്ചുമാണ് തോറ്റം വിശദീകരിക്കുന്നത്.

സഹോദരന്മാർ ജയിച്ച് തിരിച്ചുവന്നപ്പോൾ നാത്തൂന്മാർ മാക്കത്തിനെക്കുറിച്ചു പറഞ്ഞ അപവാദങ്ങൾ വിശ്വസിച്ചു. പിന്നീടവർ മാക്കത്തെയും രണ്ടു മക്കളെയും ചതിയിലൂടെ കൊന്നു. മാക്കത്തിന്റെയും കുട്ടികളുടെയും കൊലപാതകം ആ തറവാടിനെ നാശത്തിലേക്കെത്തിച്ചു. അനന്തരഫലമായി സഹോദരന്മാർ തമ്മിൽ വഴക്കുണ്ടായി. അവർ സ്വന്തം വാളുകൊണ്ട് വെട്ടി മരിച്ചു. നാത്തൂന്മാർക്കു ഭ്രാന്തുപിടിച്ചു, അങ്ങനെ കടാങ്കോട്തറവാട് നശിച്ചുപോയെന്നും തോറ്റം പാടുന്നു.

പ്രാദേശിക സമുദായങ്ങളിൽ നിലനിൽക്കുന്ന അധികാരശ്രേണികളെയും, തറവാടുകളിൽ നടക്കുന്ന മണ്ണിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചുള്ള സാമ്പത്തിക അധികാര വടംവലികളെയും തെയ്യത്തിന്റെ ഭാഗമായുള്ള അനുഷ്ഠാനങ്ങളിൽ നമുക്ക് കാണാവുന്നതാണ്. തെയ്യം കെട്ടുന്നത് ജാതിശ്രേണിയിൽ അടിച്ചമർത്തപ്പെട്ട വണ്ണാൻ, മലയൻ മുതലായ വിഭാഗക്കാരാണ്. തെയ്യം കെട്ടുന്ന ദിവസം ഇവർ ദൈവമായിമാറുന്നു. അന്ന് ജാതിശ്രേണിയുടെ മുകളിൽ നിന്ന് ജന്മിയെ വിമർശിക്കാനും തെറ്റുകൾക്ക് ശിക്ഷ നൽകാനും ഇവർക്ക് സാധിക്കുന്നു. അതോടൊപ്പംതന്നെ ചിലയിടങ്ങളിൽ പ്രാദേശികമായ ആചാരങ്ങളിൽ മാപ്പിള കുടുംബങ്ങൾക്ക് കൃത്യമായി നിർവചിച്ച സ്ഥാനങ്ങളുണ്ട്. കളിയാട്ടത്തിലെ ചില തെയ്യവുമായി ബന്ധപെട്ടു ചില പ്രത്യേക അവകാശങ്ങൾത്തന്നെയുണ്ട്. തെയ്യങ്ങളായ അലി ചാമുണ്ഡി, ബാപ്പിരിയ എന്നിവർ മാപ്പിള വീരയോദ്ധാക്കളാണ്. കാഞ്ഞങ്ങാട് മുച്ചിലോട്ടുഭഗവതിയുടെ കാവിലെ പെരുങ്കളിയാട്ടം തുടങ്ങുന്നതുതന്നെ ആ പ്രദേശത്തെ ഒരു മാപ്പിള തറവാട്ടിൽ നിന്നും കൊടുക്കുന്ന കയറും തൊട്ടിയുമുപയോഗിച്ചു വെള്ളം കോരിയിട്ടാണ് .

മരുമക്കത്തായസമ്പ്രദായത്തിൽ നാത്തൂന്മാർ അല്ലെങ്കിൽ അമ്മായിഅമ്മമാരിൽ ഉണ്ടാവുന്ന സംഘർഷത്തെക്കുറിച്ചുള്ള സന്ദർഭങ്ങൾ മാക്കംപോതി തെയ്യത്തിൽ കാണാം. മരുമക്കത്തായസമ്പ്രദായത്തിന്റെ പ്രാധാന്യം പറയുന്നതോടൊപ്പം അതിനകത്തുള്ള അസ്ഥിരതകളും കലഹങ്ങളും, എതിർപ്പുകളും എങ്ങനെയാണ് ബന്ധങ്ങളിലെ വൈകാരികതയെ നശിപ്പിച്ച് പൂർണമായും നാശത്തിലേക്കു നയിക്കുന്നത് എന്നും തോറ്റം പ്രതിപാദിക്കുന്നു. മരുമക്കത്തായകുടുംബത്തിലെ ബന്ധങ്ങളിലുണ്ടാവുന്ന വിദ്വേഷങ്ങൾ, വെറുപ്പും പകയും മൂലം ഉണ്ടാകാനിടെയുള്ള ദുരന്തത്തിന്റെ വലിപ്പം,ആഴം എല്ലാം ഇതിൽ അടിവരയിടുന്നുണ്ട്. മാക്കത്തിനും കുട്ടികൾക്കും നേരിടേണ്ടി വന്ന അനീതിയെ വീണ്ടും വീണ്ടും എടുത്തു പറയുന്നതിലൂടെ സമൂഹത്തിനോട് തോറ്റം വ്യവസ്ഥാപിത കുടുബങ്ങളിലെ സഹോദരിസഹോദര, ഭാര്യാഭർത്തൃ ബന്ധങ്ങളിലുണ്ടാവുന്നവൈകാരികമായ തകർച്ചഉണ്ടാക്കുന്നനാശനഷ്ടങ്ങളെക്കുറിച്ച് മുന്നറിയിപ്പുനൽകുന്നുണ്ട്



**ജാനകി അബ്രഹാം**
ഡൽഹി യൂണിവേഴ്സിറ്റി
സോഷ്യോളജിപഠന
വകുപ്പിൽ പ്രൊഫസറാണ്



വിവർത്തനം:
**കൃഷ്ണവേണി**
വയനാട്

# മരുമക്കത്തായ സമ്പ്രദായവും താമസരീതികളും[1]



മരുമക്കത്തായത്തെക്കുറിച്ചുള്ള[2] നമ്മുടെ ധാരണ പ്രധാനമായും രൂപം കൊണ്ടിട്ടുള്ളത് രണ്ടു കാര്യങ്ങളിലൂടെയാണ്. ഒന്ന്, മരുമക്കത്തായവും മാട്രിയാർക്കിയും തമ്മിലുള്ള ആശയക്കുഴപ്പം. രണ്ടാമത്തേത്, മദ്ധ്യകേരളത്തിലെ ഭൂവുടമകളായ നായർ തറവാടുകളിലെ സ്ത്രീകൾ സ്വന്തം തറവാടുകളിൽ താമസിക്കുകയും സംബന്ധക്കാരനായ പുരുഷൻ ഇടയ്ക്കിടെ വന്നുപോവുകയും ചെയ്യുന്ന മരുമക്കത്തായസമ്പ്രദായത്തിൽ ഊന്നിയുള്ള ധാരണ. ഇത് സൂചിപ്പിക്കുന്നത് കേരളത്തിലെ [3] മറ്റുസമുദായങ്ങളിലെ മരുമക്കത്തായസമ്പ്രദായത്തെക്കുറിച്ചുള്ള പഠനങ്ങളുടെ കുറവാണ്. അതിൽത്തന്നെ ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യമാണ് വിവാഹാനന്തരം സ്ത്രീയുടെ താമസരീതികൾ പല പ്രദേശങ്ങളിലും പല സമുദായങ്ങളിലും വ്യത്യസ്തമാണ് എന്നത്. വിവാഹാനന്തരമുള്ള സ്ത്രീയുടെ താമസരീതികൾ കണക്കിലെടുക്കാത്തത് മരുമക്കത്തായവ്യവസ്ഥിതിയിൽ വന്ന മാറ്റങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കുന്നതിനെ ബാധിച്ചിട്ടുണ്ട്. നായർ സമുദായത്തിൽ നിന്നു മാറി മരുമക്കത്തായം[4] ശീലിച്ചുപോന്ന വടക്കൻ കേരളത്തിലെ തീയ്യ[5] സമുദായത്തെയാണ് ഞാൻ എന്റെ ഗവേഷണത്തിൽ പഠനവിഷയമാക്കിയത്. ഇതിനുള്ള ഫീൽഡ്‌വർക് ചെയ്തത് പ്രധാനമായും തലശ്ശേരിയിലായിരുന്നു. തീയ്യസമുദായ

ത്തിന്റെ വ്യവസ്ഥാപിത ദാമ്പത്യബന്ധത്തെക്കുറിച്ച് 2011-ൽ ജാനകി അബ്രഹാം എഴുതിയ ലേഖനത്തിലെ ചില ശകലങ്ങൾ ഉൾച്ചേർന്നതാണ് ഈ ലേഖനം. ഈ പ്രബന്ധം വിവർത്തനം ചെയ്ത കൃഷ്ണവേണിയോടും വിലപ്പെട്ട സഹായങ്ങളേകിയ ശ്രീദേവി ഡി. യോടും ഷജീം എം. ഫസലിനോടും ഞാൻ എന്റെ നന്ദി രേഖപെടുത്തുന്നു. ഇവിടെ പിന്തുടർച്ചാവകാശവും സ്വത്തും സ്ത്രീകളിലൂടെയാണ്. സ്വത്തു കൂട്ടുകുടുംബത്തിലും തറവാടിന്റെ പിന്തുടർച്ച അമ്മയുടെ വഴിയിലൂടെയും ആണ് നിലനിന്നിരുന്നത്. സ്ത്രീയുടെ മക്കൾ അവളുടെ തറവാട്ടിലെയും പുരുഷന്റെ മക്കൾ അയാളുടെ ഭാര്യയുടെ തറവാട്ടിലെയും ആയിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്. 1891 ലെ മലബാർ മാര്യേജ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം മലബാറിൽ 138 ജാതികളും ഉപജാതികളും മരുമക്കത്തായവ്യവസ്ഥിതി പിന്തുടർന്നിരുന്നു 1881 സെൻസസ് പ്രകാരം മലബാറിലെ ജനസംഖ്യയിൽ 30 ശതമാനം പേരും മലബാർ ജില്ലയിലെ ഹിന്ദു ജനസംഖ്യയിൽ 42 ശതമാനം പേരും മരുമക്കത്തായം പിന്തുടരുന്നു. വടക്കേ മലബാറിൽ നായർ, നമ്പ്യാർ, തീയ്യ സമുദായങ്ങളും ദളിത് വിഭാഗത്തിലെ വണ്ണാൻ മുതലായ വിഭാഗവും മാപ്പിള വിഭാഗവും മരുമക്കത്തായവ്യവസ്ഥിതി പിന്തുടരുന്നു. പയ്യന്നൂരിലുള്ള ബ്രാഹ്മണവിഭാഗത്തിനും മരുമക്കത്തായസമ്പ്രദായത്തിന്റെ ചരിത്രം കാണാം. അവർക്കു മാത്രമാണ് ബ്രാഹ്മണ സമൂഹത്തിൽ ഇത് കാണുന്നത്. ഇതിനു വിപരീതമായി തെക്കേ മലബാറിൽ തീയ്യസമുദായത്തിന് പിതൃവഴിയാണ് പിന്തുടർച്ച[10]. തീയ്യസമൂഹം കേരളത്തിൽ ഒബിസി വിഭാഗത്തിൽപ്പെടുത്തിയിട്ടുള്ള സമുദായമാണ്. വളരെ വൈവിധ്യമുള്ള ഈ സമുദായത്തിൽ കള്ളുചെത്തൽ, കൃഷി, ആയുർവേദ ഡോക്ടർ, ബ്യൂറോക്രാറ്റിക് ജോലികൾ എന്നിങ്ങനെ പലവിധ ജോലികൾ ചെയ്യുന്നവർ ഇന്നുണ്ട്. അതിൽ ഉൾപ്പെടുന്ന വിവാഹാചാരങ്ങളും അനുഷ്ഠാനങ്ങളും പ്രത്യേകിച്ച് താമസരീതികളെക്കുറിച്ചുള്ള നിയമങ്ങളുമാണ് ഞാൻ പഠനവിധേയമാക്കുന്നത്. അമ്മവഴിയുള്ള പിന്തുടർച്ചാവകാശവും, ഭർത്താവിന്റെ വീട്ടിലുള്ള താമസവും, "ചെലവിനു നൽകുന്ന"[6] ഭർത്താവ് എന്നതും വിവാഹത്തെ പലവിധത്തിൽ മാറ്റിമറിച്ചു. ചെലവിനു കൊടുക്കുന്ന ഭർത്താവ് എന്നത് വ്യവസ്ഥാപിത ദാമ്പത്യത്തിലെ പ്രധാന ആശയമാവുകയും അത് മരുമക്കത്തായവ്യവസ്ഥിതിയിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം മുതൽ വന്ന മാറ്റങ്ങളെ സൂചിപ്പിക്കുകയും ചെയ്യുന്നു.



### വിവാഹ നിയമങ്ങളും ചെലവിനു നൽകുന്ന ഭർത്താവും

വിവാഹശേഷം പ്രത്യേകിച്ച് ഭർത്താവിന്റെ മരണശേഷം ഭാര്യക്കും മക്കൾക്കും ചെലവിന് കൊടുക്കുക എന്ന പുരുഷാധിപത്യപരമായ വിവാഹരീതി 1896 അവതരിപ്പിക്കുകയും 1933 നിയമം വിധേയമാക്കുകയും ചെയ്തതാണ്. അങ്ങനെ 1896 മുതൽ ഒരാൾ ഒസ്യത്ത് എഴുതി വയ്ക്കാതെ മരിച്ചാൽ സ്വയം ആർജ്ജിച്ച സ്വത്തിന്റെ പകുതി ഭാര്യക്കും മക്കൾക്കും ഉള്ളതാണ്. 1933 നിയമപ്രാബല്യം വന്നതോടെ സ്വയാർജിതമായ മുഴുവൻ സ്വത്തും ഭാര്യക്കും മക്കൾക്കും എന്നതുമായി. ആധുനിക കാലത്തെ പുരുഷാധിപത്യം നിലവിലു

ള്ള കുടുംബ ബന്ധങ്ങളാണ് ഇത്തരം നിയമത്തിനും നടപടികൾക്കും വഴിയായത്(അരുണിമ 2003, കോടോത്ത് 2003). എന്തായാലും പിന്തുടർച്ചാവകാശ കാര്യങ്ങളിൽ പലയിടത്തും പല രീതികൾ ആണ് കാണപ്പെടുന്നത്. മലബാർ വിവാഹ കമ്മീഷനു ലഭിച്ച പ്രതികരണങ്ങളിൽ ഈ കാര്യം വ്യക്തമാവുന്നുണ്ട്. 1890ൽ ഈ ബിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയപ്പോൾ വടക്കൻ മലബാറിൽ ഇത്തരമൊരു നിയമത്തിന്റെ ആവശ്യമില്ലെന്നും അവരുടെ മൂർത്തമായ വിവാഹബന്ധത്തിൽ [7] വിവാഹിതയായ സ്ത്രീ ഭർത്താവിന്റെ വീട്ടിലേക്ക് പോവുകയും അവിടെ അവരും കുട്ടികളും ഭർത്താവിന്റെ സംരക്ഷണയിൽ തന്നെ ജീവിക്കുകയും ചെയ്യുന്നു എന്ന് അറിയിച്ചു. മറുപടി നൽകിയ മിക്കവാറുംപേർ സ്വയാർജിതമായസ്വത്ത് തറവാട്ട് കാരണവരിലേക്ക് (അമ്മയുടെ സഹോദരൻ)[8] പോകരുതെന്നു ആഗ്രഹിച്ചു. മറിച്ച് സ്വത്ത് താവഴിയിൽത്തന്നെ വേണമെന്ന് ചിലർ ആഗ്രഹിച്ചു. പലതരം അഭിപ്രായങ്ങൾ ഉണ്ടായെങ്കിലും ഏറ്റവും പ്രാധാന്യമർഹിക്കുന്നകാര്യം കുടുംബം എന്നതിൽ ആരൊക്കെയാണുള്ളത്, ആര് ആരോടൊപ്പം ജീവിക്കുന്നു, ആരെയാണ് സംരക്ഷിക്കേണ്ടത് എന്നുള്ള ധാരണക്കുള്ള മാറ്റം നിയമം വരുന്നതിനു മുന്നേ തന്നെ കാണാമായിരുന്നു എന്നതാണ്. അടുത്ത ഭാഗത്തിൽ തീയ്യസമുദായത്തിലെ വിവാഹബന്ധത്തിൽ ഭർത്താവിന്റെ വീട്ടിലെ താമസത്തിന്റെ പ്രാധാന്യവും എല്ലാം നൽകി സംരക്ഷിക്കുന്ന ഭർത്താവ് എന്ന ആശയം എത്രമാത്രമുണ്ട് എന്ന് പരിശോധിക്കുന്നു

### വിവാഹത്തിലെ അയയ്ക്കൽ-മരുമക്കത്തായസമ്പ്രദായവും ഭർതൃവീട്ടിലെ താമസവും

'എന്തിനാ നിങ്ങൾ എന്നെ ഇങ്ങനെ അയച്ചത്'? എന്ന് ശോഭ അമ്മയോട് ചോദിക്കുന്നു. വടക്കേ മലബാറിലെ ഫീൽഡ് വർക്കിനിടയിൽ ഞാൻ എപ്പോഴും ശ്രദ്ധിച്ചിരുന്ന ഒരു കാര്യം വിവാഹത്തെക്കുറിച്ചു സംസാരിക്കുമ്പോഴൊക്കെ സ്ത്രീയെ വിവാഹം ചെയ്ത് അയക്കുക എന്ന് തന്നെയാണ് പറയാറ്. അങ്ങനെ കല്യാണത്തെ കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ "അയയ്ക്കലും" ഒരുമിച്ച് വരുന്നു.

**കല്യാണത്തെ കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ "അയയ്ക്കലും" ഒരുമിച്ച് വരുന്നു. "കല്യാണം കഴിച്ചയയ്ക്കണം" എന്നത് വെറും "അയയ്ക്കണം" എന്നും "അയച്ചു" എന്നും പറയുന്നു. ഒപ്പം തന്നെ ഭർത്താവിന്റെ വീട്ടിലേക്ക് പോകുന്നതും വിവാഹത്തോടനുബന്ധിച്ച ആചാരമാകുന്നു. വിവാഹശേഷം ഭർത്താവിന്റെയോ തത്തുല്യമായ മറ്റൊരു വീട്ടിലേക്കോ പോകുന്നത് വിവാഹചടങ്ങ് തന്നെയാണ്.**

"കല്യാണം കഴിച്ചയയ്ക്കണം" എന്നത് വെറും "അയയ്ക്കണം" എന്നും "അയച്ചു" എന്നും പറയുന്നു. ഒപ്പം തന്നെ ഭർത്താവിന്റെ വീട്ടിലേക്ക് പോകുന്നതും വിവാഹത്തോടനുബന്ധിച്ച ആചാരമാകുന്നു. വിവാഹശേഷം ഭർത്താവിന്റെയോ തത്തുല്യമായ മറ്റൊരു വീട്ടിലേക്കോ പോകുന്നത് വിവാഹചടങ്ങ് തന്നെയാണ്. വധൂഗൃഹത്തിൽ നിന്നോ അമ്പലത്തിൽനിന്നോ ഓഡിറ്റോറിയത്തിൽ നിന്നോ ഹോട്ടലിൽ നിന്നോ വിവാഹശേഷം ഉടൻതന്നെ വധു വരന്റെ വീട്ടിലേക്ക് പോകുന്നതോടെയാണ് വിവാഹചടങ്ങുകൾ പൂർത്തിയാവുന്നത്. ഏതായാലും കേരളത്തിലെ വടക്കേ ഇന്ത്യയിലേതു പോലെ "ബിദായി" (വധു സ്വന്തം രക്ഷിതാക്കളുടെ വീട്ടിൽ നിന്നും പോകുന്നത്)[9] എന്നത് വധുവിനെ എന്നേക്കുമു

ള്ള പറിച്ചു നടൽ ആവുന്നില്ല. തീയ്യ സമുദായക്കാരിൽ സ്ത്രീക്കും സ്വത്തിന് അവകാശം ഉള്ളതിനാൽ വേർപിരിഞ്ഞു താമസിക്കാനോ ദാമ്പത്യം ഒഴിവാക്കി വരാമെന്നുമുള്ള സന്ദർഭം ഉണ്ടാകയാൽ സ്വന്തം വീട്ടിലേക്ക് തന്നെ തിരികെ വരാനും അവിടെ തന്നെ ശിഷ്ടകാലം ജീവിക്കുവാനും സാധിക്കും. ശോഭയുടെ കാര്യത്തിൽ തന്നെ "എന്തിനാണ് നിങ്ങൾ എന്നെ ഇങ്ങനെ അയച്ചത്?" എന്ന് ചോദിക്കുമ്പോൾ ഇപ്പോൾ എവിടെയാണ് ജീവിക്കുന്നത് എന്ന് പറയുന്നില്ല. അവൾ ഭർത്താവിനും കുട്ടികൾക്കും ഒപ്പം അമ്മയുടെ വീട്ടിൽ തന്നെ താമസിക്കുന്നു. അമ്മയുടെ കാലശേഷം വീട് ശോഭയ്ക്കുള്ളതാണ്. ഭർത്താവ് എവിടെ താമസിക്കുന്നു എന്നതിനനുസരിച്ചാണ് വിവാഹശേഷം വധു താമസിക്കാൻ പോകുന്നതും. വരന്റെ അച്ഛന്റെ തറവാട്ടിലോ അമ്മയുടെ തറവാട്ടിലോ അച്ഛന്റെയും



അമ്മയുടെയും മാത്രമായ വീട്ടിലോ ആവാം അത്. ഭർത്താവിന്റെ ജോലി അകലെയാണെങ്കിൽ അവിടെ വേറൊരു വീട്ടിലുമാവാം വിധവയായ സ്ത്രീ സ്വന്തം അമ്മയുടെ വീട്ടിലേക്കോ കൂട്ടുകുടുംബമായി ജീവിക്കുന്ന തറവാട്ടിലേക്കോ കുട്ടികളോടൊപ്പം വന്ന് താമസിക്കുന്നു. ഭാര്യഭർത്താക്കന്മാർ സ്വന്തമായി വീട് ഉണ്ടാക്കിയ വരാണെങ്കിൽ ഭർത്താവിന്റെ മരണശേഷവും ഭാര്യക്ക് കുട്ടികളോടൊപ്പം അവിടെ താമസിക്കാം. അങ്ങനെ വിവാഹം "കഴിച്ച് അയയ്ക്കൽ" എന്നത് വിവാഹ ജീവിത കാലം മാത്രമാകുന്നു. ഭർത്താവിനോടൊപ്പമാണെങ്കിലും ഭാര്യയ്ക്ക് സ്വന്തം തറവാട്ട് ഭാഗത്തിൽ വീടുവച്ചു താമസിക്കാൻ അവകാശമുണ്ട് എന്തൊക്കെയായാലും നിയമങ്ങളിലെ മാറ്റങ്ങൾ ഭാര്യയ്ക്ക് ഭർത്താവിന്റെ തറവാട്ട് സ്വത്തിന്മേൽ അവകാശം നൽകുന്നു. ചിലപ്പോൾ ഭർത്താവിന്റെ മരണശേഷവും ഭാര്യ കുട്ടികൾക്കൊപ്പം ഭർത്താവിന്റെ തറവാട്ടുവീട്ടിൽ തന്നെ താമസിക്കാറുണ്ട്.[10] 1990നു ശേഷം ഇത് അത്ര സാധാരണമല്ല. ഭാര്യ എവിടെ താമസിച്ചാലും "അയച്ച" ബന്ധത്തിൽ പെടുത്തിയാൽ ഭർത്താവിന്റെയും ഭർതൃവീട്ടുകാരുടേയും ഉത്തരവാദിത്വമാണ് ഭാര്യയെ സംരക്ഷിക്കുക എന്നത്. അപ്പോൾ വരനെ തിരഞ്ഞെടുക്കുമ്പോൾ ജോലിയോ, സമ്പത്തോ ഒക്കെ പരിഗണിക്കുകയും ചെയ്യുന്നു. "സംരക്ഷിക്കുക" എന്നത് വിവാഹ ചടങ്ങുകളിലും ആചാരങ്ങളിലും പ്രാധാന്യമേറിയതും പ്രധാനലക്ഷ്യം തന്നെയാവുന്നു.

### "ചെലവിനു" നൽകുന്ന ഭർത്താവും സ്വത്തിന്മേൽ ഭാര്യയുടെ പിന്തുടർച്ചാവകാശവും

കേരളത്തിൽ "മരുമക്കത്തായം" പിന്തുടരുന്ന സമുദായങ്ങളിൽ ഭാര്യയ്ക്ക് ചെലവിന് കൊടുക്കുക എന്നത് വിവാഹത്തിന്റെ പ്രധാന അർത്ഥം തന്നെയാണ്. എവിടെ താമസിച്ചാലും ചെലവിന് കൊടുക്കൽ വിവാഹബന്ധത്തിന്റെ തുടർച്ചയേയും പുരുഷാധിപത്യത്തിന്റെ നിലനിൽപ്പിനെയും ആണ് സൂചിപ്പിക്കുന്നത്. തീയ സമുദായത്തിൽ വധു വിവാഹ ദിവസം അണിയുന്ന സ്വർണ്ണം മാത്രമായാണ് ഭർത്താവിന്റെ വീട്ടിലേക്കു പോവുന്നത്. ബാക്കിയെല്ലാം, അവൾക്കു വേണ്ട തുണിത്തരങ്ങളും, ഒരുങ്ങാനുള്ള സാമഗ്രികളും സ്വർണ്ണാഭരണങ്ങൾക്കു വേണ്ട ചരടുകൾ പോലും കൊടുക്കുന്നത് വരന്റെ കുടുംബമാണ്[11] .

തീയ്യസമുദായക്കാരിൽ കുഞ്ഞ് ജനിക്കുമ്പോൾ ഭർത്താവ് ഭാര്യവീട്ടുകാർക്ക് പ്രസവച്ചെലവുകൾ നൽകുന്ന ചടങ്ങുണ്ട്. മാത്രമല്ല ഭാര്യയും കുട്ടികളും അമ്മ വീട്ടിൽ താമസിച്ചാലും അവർക്ക് ചെലവിനു നൽകാൻ ഭർത്താവിന് ബാദ്ധ്യതയുണ്ട്. ഉദാഹരണമായി ഞാൻ വീടുകളെക്കുറിച്ച് നടത്തിയ സർവ്വേയിൽ ഭാര്യ സ്വന്തം തറവാട്ടിലോ ഭർത്താവിന്റെ വീട്ടിലോ എവിടെതാമസിച്ചാലും അവരുടെ ജീവിതച്ചെലവുകൾ മുഴുവനും ഭർത്താവാണ് വഹിക്കുന്നത് എന്ന് പറയാറുണ്ട്. ഇത് ദാമ്പത്യബന്ധം നിലനിൽക്കുന്നുണ്ട് എന്നതിന്റെ സൂചകവുമാണ്[12]. ഭർത്താവ് കുടുംബം നടത്തിക്കൊണ്ടു പോവുന്നതിനുള്ള ചെലവുകൾ വഹിക്കണമെന്ന് പ്രതീക്ഷിക്കപ്പെടുമ്പോൾ വീട്ടുജോലികൾ ചെയ്യേണ്ട മുഴുവൻ ഉത്തരവാദിത്തവും ഭാര്യയ്ക്കാണ്. വീട് വൃത്തിയാക്കുക, കുഞ്ഞുങ്ങളെ പരിപാലിക്കുക തുടങ്ങിയ ജോലികൾ ഭർത്താവ് ചെയ്യുമ്പോൾ അത് ഭാര്യയെ വീട്ടിലെ മറ്റ് സ്ത്രീകളെ സഹായിക്കൽ മാത്രമാണ്[13].

കേരളത്തിൽ ധാരാളം സ്ത്രീകൾ ജോലിക്കായി പുറത്ത് പോകുമ്പോഴും അവർ ചെയ്യേണ്ടി വ

രുന്ന വീട്ടുജോലികളുടെ കാര്യത്തിൽ പൊതുചർച്ചകളൊന്നും തന്നെ നടന്നിട്ടില്ല. പുരുഷൻ അധികാരിയും ധനസമ്പാദനത്തിന് (അതത്ര പ്രധാന കാര്യമല്ലെങ്കിലും) ഉത്തരവാദിയും ആകുമ്പോൾ സ്ത്രീപുരുഷഭേദത്തിലുള്ള തൊഴിൽ വിഭജനം സാധാരണകുടുംബജീവിതത്തിന്റെ ഭാഗം തന്നെ ആവുകയാണ്. അങ്ങനെ ചെലവ് നടത്തുന്ന ഭർത്താവ് എന്ന സങ്കല്പം ഭാര്യ എവിടെ താമസിച്ചാലും ആശ്രയിക്കപ്പെടുകയാണ് എന്നതോടൊപ്പം തന്നെ ഭർത്താവിന്റെ സ്പഷ്ടമായ അധികാരത്തേയും ശക്തമായി പ്രതിഫലിപ്പിക്കുന്നു. വിവാഹത്തിന് മുൻപേ തന്നെ പുരുഷൻ കല്യാണം കഴിക്കാനുദ്ദേശിക്കുന്ന സ്ത്രീയുടെ കാര്യത്തിലും (പ്രതിരൂപാത്മകമായെങ്കിലും) ആണധികാരം വ്യക്തമാവുന്നുണ്ട്. വിവാഹം നിശ്ചയിച്ചു കഴിഞ്ഞാൽ ദൈനം ദിനകാര്യങ്ങൾക്കെല്ലാതെ പുറത്തുപോവുന്നതിന് ഭർത്താവിന്റെയോ ഭർത്തൃബന്ധുക്കളുടേയോ സമ്മതം "മേടിക്കണം" "ചോദിക്കണം" എന്നുള്ള വാക്ക് വിവാഹജീവിതത്തിലുടനീളം സ്ത്രീയുടെ സ്വന്തം വാക്കു തന്നെയാണ്. മാത്രമല്ല "ചോദിക്കാം" എന്നുള്ളത് എപ്പോഴും അവരുടെ സംസാരത്തിനിടെ ഗവേഷണകാലത്ത് ഞാൻ കേട്ടതാണ്. ഇത് മറ്റ് നിബന്ധനകൾക്കനുസരിച്ച് സമരസപ്പെടാറുണ്ട്.

കുഞ്ഞുങ്ങളുടെ ജനനം, കാലത്തിനനുസരിച്ചുള്ള മാറ്റം, പ്രായം, വരുമാനം എന്നിവയിലാണത്. ഭർത്താവിന് ഭാര്യയുടെ മേലുള്ള അവകാശം സാമൂഹ്യപരമായി സാധാരണമാണ് എന്നൊരു കാഴ്ചപ്പാടാണ് രൂപപ്പെടുന്നത്. ഞാൻ പഠനസമയത്ത് ഈ വസ്തുതയുടെ പ്രാധാന്യം മനസ്സിലാക്കിയതാണ്. ആ രീതിയിൽ സ്ത്രീകൾ ഇത്തരം പരുഷാധിപത്യവുമായി സമരസപ്പെട്ട് ജീവിക്കുകയാണ്. പുരുഷനാകട്ടെ, അതേ സമയം അധികാരം കൊണ്ടു തന്നെ സ്ത്രീയുടെ വിലപേശാനുള്ള സാധ്യതയും കുറയ്ക്കുന്നു. കേരളത്തിലെ ഗാർഹികപീഡനങ്ങളിൽ ഏറിയ ഭാഗവും ഇത്തരം നിയന്ത്രണങ്ങളുടെ ഭാഗമായുണ്ടാവുന്നവയാണ്. പൊതുധാരയിൽ മുഖ്യസ്ഥാനത്ത് പുരുഷനായതിനാൽ ചെലവിന് നൽകുന്ന ഭർത്താക്കന്മാരുടെ സ്ഥാനവും പ്രമുഖമാകുന്നു. മാത്രമല്ല സ്ത്രീകളുടെ സ്ഥാനം അറിഞ്ഞുകൊണ്ടു തന്നെ പിന്നിലേക്ക് ആവും വിധമാണ് രൂപപ്പെടുത്തിയിരിക്കുന്നത്. സ്ത്രീകളുടെ വസ്ത്രധാരണം, പൊതുസ്ഥലങ്ങളിലെ ഇടപെടൽ എന്നിവ ചില സാമൂഹ്യധാരണകളാൽ തന്നെ ക്രമപ്പെടുത്തി നിയന്ത്രിച്ചിരിക്കുന്നു. ഇത് സമൂഹത്തിൽ ദാമ്പത്യത്തോടനുബന്ധിച്ച "മാന്യത" നൽകുന്നതായും വിവാഹമെന്നത് ഒഴിവാക്കാനാവാത്ത ഒന്നാണെന്ന ധാരണ വരുകയുമായിരുന്നു. ഈ വിധത്തിൽ വരനെ തെരഞ്ഞെടുക്കുക എന്നത് വളരെ പ്രാധാന്യമേറിയ ഒന്നായി മാറി. വരന് വിദ്യാഭ്യാസവും വധുവിനേക്കാൾ വരുമാനവും (വധു ജോലി ചെയ്യുകയാണെങ്കിൽ) കൂടുതൽ ഉയരം, പ്രായം, എന്നിവയും വേണമെന്ന നിർബന്ധവും ആയി. കേരളത്തിനകത്തും പുറത്തുമുള്ള പുരുഷമേധാവിത്വം നിലനിൽക്കുന്ന മറ്റ് സമുദായക്കാരിൽ നിന്നും വിഭിന്നമായി തീയസമുദായക്കാർക്കിടയിൽ സ്ത്രീക്ക് സ്വത്തിനുള്ള അവകാശവും അനന്തരാവകാശവും തറവാട്ടിലോ അമ്മ വീട്ടിലോ (കൂട്ടുകുടുംബം) താമസിക്കാനുള്ള അധികാരവും ഉണ്ട്. ഭർത്താവ് ചെലവിന് കൊടുക്കുന്ന സമ്പ്രദായം പുരുഷന് അധികാരം നൽകുന്നതോടൊപ്പം തന്നെ സമൂഹത്തിന് ഒരാദർശവും ഭാര്യയ്ക്ക് എവിടേയും താമസിക്കാം എന്ന സ്വാതന്ത്ര്യവും നൽകുന്നുണ്ട്. പക്ഷേ, ഭാര്യവീട്ടിൽ താമസിക്കുന്നത് പുരുഷനെ സംബന്ധിച്ച് "കൊറവ്" തന്നെയാണ്. അത് നാണക്കേടാണ്. അങ്ങനെ ചെയ്യുന്ന അല്ലെങ്കിൽ ചെയ്തിരുന്ന പുരുഷൻ അതേകുറിച്ച് സംസാരിക്കാൻ ഇഷ്ടപ്പെടാതിരിക്കുകയോ, അങ്ങനെ താമസിക്കേണ്ടി വന്നതിനെ ന്യായീകരിക്കുകയോ ചെയ്യും. എവിടെയും താമസിക്കാം എന്നതു തന്നെ സ്ത്രീക്ക് സ്വന്തം വീട്ടിലെ സ്വത്തിലും താമസത്തിലും ഉള്ള

> **പൊതുധാരയിൽ മുഖ്യസ്ഥാനത്ത് പുരുഷനായതിനാൽ ചെലവിന് നൽകുന്ന ഭർത്താക്കന്മാരുടെ സ്ഥാനവും പ്രമുഖമാകുന്നു. മാത്രമല്ല സ്ത്രീകളുടെ സ്ഥാനം അറിഞ്ഞുകൊണ്ടു തന്നെ പിന്നിലേക്ക് ആവും വിധമാണ് രൂപപ്പെടുത്തിയിരിക്കുന്നത്. സ്ത്രീകളുടെ വസ്ത്രധാരണം, പൊതുസ്ഥലങ്ങളിലെ ഇടപെടൽ എന്നിവ ചില സാമൂഹ്യധാരണകളാൽ തന്നെ ക്രമപ്പെടുത്തി നിയന്ത്രിച്ചിരിക്കുന്നു. ഇത് സമൂഹത്തിൽ ദാമ്പത്യത്തോടനുബന്ധിച്ച "മാന്യത" നൽകുന്നതായും വിവാഹമെന്നത് ഒഴിവാക്കാനാവാത്ത ഒന്നാണെന്ന ധാരണ വരുകയുമായിരുന്നു.**

അവകാശവും താമസസൗകര്യം വിപുലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എവിടെ താമസിക്കണം എന്നതിലുള്ള നിയന്ത്രണങ്ങളും സന്ധിപ്പെടുന്നു. ഇത് വിവാഹബന്ധം നിലനിന്നുപോരുന്നതിൻറെ പ്രധാന കാരണവുമാകുന്നുണ്ട്. ചില കേസുകളിൽ പ്രധാനമായും ദമ്പതികൾ ഒന്നിൽ കൂടുതൽ ബന്ധുക്കളൊടൊപ്പം താമസിച്ചാലും മിക്കവാറും സ്ത്രീതന്നെയാവും സ്വത്തിൻറെ അവകാശി. ചിലപ്പോൾ ഒറ്റക്കുട്ടിയായതുകൊണ്ടാവാം സഹോദരങ്ങൾ അവിവാഹിതരോ, മക്കളില്ലാത്തവരോ ആയതുകൊണ്ടാവാം. വളരെ സാധാരണമാണിവ. ഇവിടെ സ്ത്രീ ബഹുമാന്യയാവുന്നു. സ്ത്രീയുടെ മാതൃകുടുംബത്തിൽ താമസിക്കാനുള്ള അധികാരത്തിന്റെയും സ്വത്തവകാശത്തിന്റെയും പ്രതിഫലനമാണ് 1990 കളോടെകണ്ടുവരുന്ന താമസിക്കാനുള്ള സ്ഥലത്തിന്റെ തിരഞ്ഞെടുപ്പ് എന്നുള്ളത്. ഒരു കേസിൽ കുട്ടികളില്ലാതിരുന്ന ദമ്പതികൾ ആഴ്ചയിൽ മൂന്ന് ദിവസം ഭർത്താവിന്റെ വീട്ടിലും നാലുദിവസം ഭാര്യയുടെ പ്രായം ചെന്ന് മാതാപിതാക്കൾക്കൊപ്പവു മായി താമസം. കയ്യിലൊരു പ്ലാസ്റ്റിക് കവറുമായി ജോലിക്ക് പോവുന്ന വേളയിലാണ് ഞാനവരെ കണ്ടുമുട്ടിയത്. ഇത് വാസസ്ഥലം സ്വയം നിർണ്ണയിച്ച് ഇഷ്ടപ്രകാരം ജീവിക്കാം എന്നതിനുള്ള ഉദാഹരണമാണ്.

### ഉപസംഹാരം

മരുമക്കത്തായസമ്പ്രദായത്തിന്റെ ഭൂതകാലപശ്ചാത്തലമുള്ള വടക്കേ മലബാറിലെ തീയ്യസമുദായക്കാരുടെ ദാമ്പത്യബന്ധങ്ങളിൽ പുരുഷാധിപത്യപ്രവണതകൾ എങ്ങനെയാണു രൂപം കൊണ്ടിരിക്കുന്നത് എന്നാണ് ഈ ലേഖനത്തിൽ ഞാൻ നോക്കാൻ ശ്രമിച്ചിട്ടുള്ളത്. വ്യവസ്ഥാപിത വിവാഹബന്ധങ്ങളിൽ പുരുഷനെ അധികാരിയും ചെലവിന് കൊടുക്കുന്നവനുമായിട്ടാണ് കാണുന്നത്. പുരുഷമേധാവിത്വം പ്രകടമാക്കുന്ന ചടങ്ങുകളും ആചാരങ്ങളും അധികാരവും എല്ലായിടത്തും നിലനിൽക്കുന്നുണ്ട്. അങ്ങനെ ഇവിടെ താലി മാത്രം വിവാഹമുദ്രയായി ധരിക്കുന്ന സ്ത്രീകൾ സീമന്തരേഖയിൽ സിന്ദൂരം ധരിക്കുന്നു. ഇത് കുടിയേറ്റങ്ങളുടെയും ടെലിവിഷന്റെയും ഒക്കെ സ്വാധീനത്താലാണ്. കൂടാതെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർക്കുന്നതും തറവാട്ട് പേര് ഒഴിവാക്കി ഇനീഷ്യൽ ചേർക്കുന്നതും ഇന്ത്യയിലേയും പൊതുവേ ലോകത്തിലെ തന്നേയും രീതികൾ പ്രാദേശികമായ രീതികളെ മാറ്റിത്തീർക്കുന്നതിന്റെ ഭാഗമായി വന്നവയാണ്. ഇത് ആധുനികമെന്ന് പറയുകയും ചെയ്യുന്നു. വിവാഹസമയത്ത് വധുവിന് നൽകുന്ന സ്വർണ്ണാഭരണങ്ങളുടെ കാര്യത്തിലും വളരെ മാറ്റങ്ങൾ വന്നിട്ടുണ്ട്. തീയ്യർ സ്ത്രീധനം കൊടുക്കാറും വാങ്ങാറുമില്ലെന്ന് അഭിമാനത്തോടെ പറയുമ്പോഴും വിവാഹസമയത്ത് അണിയുന്ന സ്വർണ്ണവും അവകാശത്തിലുള്ള സമ്പത്തും വിവാഹ ബന്ധത്തിലെ പ്രധാനഘടകം തന്നെയാണ്. വടക്കേ മലബാറിൽ ചിലയിടങ്ങളിൽ സ്ത്രീധനം ആവശ്യപ്പെടാറുണ്ട്.

**മരുമക്കത്തായസമ്പ്രദായത്തിന്റെ ഭൂതകാലപശ്ചാത്തലമുള്ള വടക്കേ മലബാറിലെ തീയ്യസമുദായക്കാരുടെ ദാമ്പത്യബന്ധങ്ങളിൽ പുരുഷാധിപത്യപ്രവണതകൾ എങ്ങനെയാണു രൂപം കൊണ്ടിരിക്കുന്നത് എന്നാണ് ഈ ലേഖനത്തിൽ ഞാൻ നോക്കാൻ ശ്രമിച്ചിട്ടുള്ളത്. വ്യവസ്ഥാപിത വിവാഹബന്ധങ്ങളിൽ പുരുഷനെ അധികാരിയും ചെലവിന് കൊടുക്കുന്നവനുമായിട്ടാണ് കാണുന്നത്. പുരുഷമേധാവിത്വം പ്രകടമാക്കുന്ന ചടങ്ങുകളും ആചാരങ്ങളും അധികാരവും എല്ലായിടത്തും നിലനിൽക്കുന്നുണ്ട്.**

സ്ത്രീക്ക് ചില പോരായ്മകൾ ഉണ്ടെന്ന് പറയുന്ന സന്ദർഭങ്ങളിൽ സ്ത്രീധനം ആവശ്യപ്പെടുകയോ നൽകാമെന്ന് സമ്മതിക്കുകയോ ചെയ്യുന്ന പ്രവണതയുണ്ടെന്ന് പ്രവീണ കോടോത്ത്(2008) ഒരു ലേഖനത്തിൽ പറയുന്നുണ്ട്. അതിൽത്തന്നെ പറയുന്നു, വിവാഹത്തോടനുബന്ധിച്ചു സമൂഹത്തിൽ ലഭിക്കുന്ന മാന്യതയാണ് സ്ത്രീധനസമ്പ്രദായത്തെ നിലനിർത്തുന്നത്. സ്ത്രീ നിർബന്ധമായും വിവാഹം കഴിച്ചിരിക്കണമെന്ന കാഴ്ചപ്പാടുകളും ഇതിനെ പ്രോത്സാഹിപ്പിക്കുന്നു. അതേ സമയം വടക്കൻ കേരളത്തിലെ തീയ്യസമുദായക്കാരെ മറ്റ് സമുദായക്കാരുടെ മരുമക്കത്തായസമ്പ്രദായചരിത്രത്തിൽ നിന്നും വ്യത്യസ്തമാക്കുന്നത് സ്ത്രീക്ക് സ്വത്തവകാശവും മാതൃകുടുംബത്തിൽ താമസിക്കുന്നതിനുള്ള അധികാരവും ഇന്നും നൽകുന്നുണ്ട് എന്നതിലാണ്. താമസക്കാര്യത്തിൽ നിർബന്ധം പിടിക്കാതിരിക്കുന്നതിനാൽ സമൂഹം പുരുഷന് കൽപ്പിച്ച് നൽകിയ ആധിപത്യത്തോട് സന്ധിചെയ്യാനുള്ള അവസ്ഥയും ദാമ്പത്യം തുടരാനുള്ള കരുത്തും സ്ത്രീക്ക് നൽകുന്നു. ഇന്ത്യയിൽ തന്നെ സ്ത്രീക്ക് സ്വത്തവകാശം കൽപ്പിച്ചിട്ടുണ്ടെങ്കിലും പ്രായോഗികമായി വളരെ കുറച്ച് പേർക്ക് മാത്രമേ സ്വത്ത് കൈവശമുള്ളൂ. അതുകൊണ്ടുതന്നെ മരുമക്കത്താ

യവ്യവസ്ഥിതിയിലെ ഇത്തരം പിന്തുടർച്ചാവകാശങ്ങൾക്കു സ്ത്രീയുടെ വൈവാഹികജീവിതത്തിൽ വളരെയധികം പ്രാധാന്യമുണ്ട്.

## References


Abraham, Janaki. 2011. "Why Did you Send Me like This?: Marriage, Matriliny and the 'Providing Husband' in North Kerala, India. *Asian Journal of Women's Studies* 17(2): 32-65.

Arunima, G. 2003. There Comes Papa: *Colonialism and the Transformation of Matriliny in Malabar*, Kerala. C. 1850-1940. New Delhi: Orient Longman.

Gough 1961. 'Nayar: Central Kerala; Nayar: North Kerala; The Modern Disintegration of Matrilineal Descent Groups'; 'Tiyyar: North Kerala'; 'Mappilla: North Kerala.' In *Matrilineal Kinship*, eds. David M. Schneider and Kathleen Gough, 298-384, 404-42. Berkeley and Los Angeles: University of California Press.

Kodoth, Praveena. 2003. "Here Comes Papa": Matriliny, Men and Marriage in Early Twentieth century Malabar. Paper presented at Exploring Masculinities: Travelling Seminar, North East Hill University, Shillong. 2008. Gender, Caste and Matchmaking in Kerala: A rationale for Dowry. Development and Change 39(2): 263-283.

Report of the Malabar Marriage Commission. 1891. Madras: Lawrence Asylum Press.



1. ഈ പ്രബന്ധം വിവർത്തനം ചെയ്ത കൃഷ്ണ വേണിയോടും വിലപ്പെട്ട സഹായങ്ങളേകിയ ശ്രീദേവി ഡി. യോടും ഷജീം എം ഫസലിനോടും ഞാൻ എന്റെ നന്ദി രേഖപെടുത്തുന്നു.


2 .ഇവിടെ പിന്തുടർച്ചാവകാശവും സ്വത്തും സ്ത്രീകളിലൂടെയാണ്. സ്വത്തു കൂട്ടുകുടുംബത്തിലും തറവാടിന്റെ പിന്തുടർച്ച അമ്മയുടെ വഴിയിലൂടെയും ആണ് നിലനിന്നിരുന്നത്. സ്ത്രീയുടെ മക്കൾ അവളുടെ തറവാട്ടിലെയും പുരുഷന്റെ മക്കൾ അയാളുടെ ഭാര്യയുടെ തറവാട്ടിലെയും ആയിട്ടാണ് കണക്കാക്കിയിരുന്നത്

3. 1891 ലെ മലബാർ മാര്യേജ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം മലബാറിൽ 138 ജാതികളും ഉപജാതികളും മരുമക്കത്തായവ്യവസ്ഥിതി പിന്തുടർന്നിരുന്നു 1881 സെൻസസ് പ്രകാരം മലബാറിലെ ജനസംഖ്യയിൽ 30 ശതമാനം പേരും മലബാർ ജില്ലയിലെ ഹിന്ദു ജനസംഖ്യയിൽ 42 ശതമാനം പേരും മരുമക്കത്തായം പിന്തുടരുന്നു വടക്കേ മലബാറിൽ നായർ, നമ്പ്യാർ, തീയ്യ സമുദായങ്ങളും ദളിത് വിഭാഗത്തിലെ വണ്ണാൻ മുതലായ വിഭാഗവും മാപ്പിള വിഭാഗവും മരുമക്കത്തായവ്യവസ്ഥിതി പിന്തുടരുന്നു പയ്യന്നൂരിലുള്ള ബ്രാഹ്മണവിഭാഗത്തിനും മരുമക്കത്തായസമ്പ്രദായത്തിന്റെ ചരിത്രം കാണാം. അവർക്കു മാത്രമാണ് ബ്രാഹ്മണ സമൂഹത്തിൽ ഇത് കാണുന്നത്.

4. ഇതിനു വിപരീതമായി തെക്കേ മലബാറിൽ തീയ്യസമുദായത്തിന് പിതൃവഴിയാണ് പിന്തുടർച്ച

5. തീയ്യ സമൂഹം കേരളത്തിൽ ഒബിസി വിഭാഗത്തിൽപ്പെടുത്തിയിട്ടുള്ള സമുദായമാണ്. വളരെ വൈവിധ്യമുള്ള ഈ സമുദായത്തിൽ കള്ളു ചെത്തൽ, കൃഷി, ആയുർവേദ ഡോക്ടർ, ബ്യൂറോക്രാറ്റിക് ജോലികൾ എന്നിങ്ങനെ പലവിധം ജോലികൾ ചെയ്യുന്നവർ ഇന്നുണ്ട്

6. 'Providing husband'

7. മറുപടികൾ സൂചിപ്പിക്കുന്നത് ഒരുപാടു കാലം ഒന്നിച്ചുള്ള ഭർത്താവിന്റെ വീട്ടിലുള്ള താമസം മൂർത്തമായ വിവാഹബന്ധമാണെന്നാണ്. (മലബാർ മാര്യേജ് കമ്മീഷൻ റിപ്പോർട്ട് 1894 )

8. കാരണവർ അമ്മയുടെ അമ്മയുടെ സഹോദരനുമാവാം

9. തലശ്ശേരിയിൽ വിവാഹത്തിനുശേഷം ഭർത്താവിന്റെ വീട്ടിലേക്കു പോവുമ്പോൾ വധു കരയാറുണ്ടെങ്കിലും അത് ഉത്തരേന്ത്യയിലേതുപോലെ നാടകീയമല്ല . അവിടെ വധുവിനോടൊപ്പം ബന്ധുക്കളും കരയും

10. നിയമങ്ങളിൽ വന്ന മാറ്റങ്ങളും ഭർത്താവിന്റെ സ്വത്തിലുള്ള അധികാരവും സ്ത്രീക്കും കുട്ടികൾക്കും ഭർത്താവിന്റെ തറവാട്ടിലോ ഭർത്താവിന്റെ വീട്ടിലോ താമസിക്കാനുള്ള അവകാശം നൽകി. എന്നാൽ 1990കളോടെ ഇത് സാധാരണയായി കണ്ടുവരുന്നില്ല

11. For a detailed discussion see Abraham 2011.

12 . This is true for the Nayars as well. See Gough 1961.

13. രാജ്യത്ത് എല്ലായിടത്തുമെന്ന പോലെ സ്ത്രീയുടെ വേതനമില്ലാത്ത വീട്ടുജോലിയെക്കുറിച്ചുള്ള ചർച്ചകൾ ഫെമിനിസ്റ്റ് പഠനങ്ങളിലോ സ്ത്രീമുന്നേറ്റങ്ങളിലോ ഇപ്പോൾ ഇല്ല .എന്നാൽ ഈയടുത്ത് The Great Indian Kitchen എന്ന സിനിമ ഇതിനെക്കുറിച്ചുള്ള ചർച്ചകൾ വീണ്ടും കൊണ്ടുവന്നു.

### കൃഷ്ണവേണിയുടെ പരിഭാഷകൃതികൾ

1. ഇസഡോറ ഡങ്കന്റെ ആത്മകഥ - എന്റെ ജീവിതം
2. യവ്ജനിയവത്ഷെങ്കോയുടെ ആത്മകഥ
3. കേറ്റ് ചോപ്പിന്റെ നോവൽ - ഉയിർപ്പ്
4. അമൃതാപീതത്തിന്റെ ആത്മകഥ - റവന്യൂസ്റ്റാമ്പ്
5. ഇവാൾഡ് ഫ്ലിസറിന്റെ നോവലുകൾ
   1. എനിക്ക് സമയം ഉണ്ടായിരുന്നുവെങ്കിൽ
6 . 2. എന്റെ പിതാവിന്റെ സ്വപ്നങ്ങൾ
7. മർലിൻ മണറോയുടെ ആത്മകഥ
8. ഷാർലെറ്റ് പെർക്കിൻസ് ഗിൽമാന്റെ നോ

ചർച്ചാവിഷയം



**ഡോ.അപർണ ഈശ്വരൻ**
ജെ.എൻ.യു.വിൽ , സ്ത്രീപഠനത്തിൽ ICSSR ഗവേഷക



വിവർത്തനം:
**അശ്വനി ആർ. ജീവൻ,** എഡിറ്റർ, പരിഭാഷക

# ശ്രീലങ്കൻ തീരങ്ങളിലെ താവഴി ആചാരങ്ങളും രീതികളും



'വേരോട്ടി വളർത്തി മുളർത്താലും തായ് വലിട്ട് തപ്പാത്' (ബാറ്റിക്കലോവയിൽ പ്രചാരത്തിലുള്ള ഒരു തമിഴ് പഴമൊഴി) (ഒരാൾ വേരൂന്നി മറ്റൊരിടത്ത് വളരുമെങ്കിലും, മാതൃബന്ധം ഒരിക്കലും നഷ്ടപ്പെടുന്നില്ല) കേരളവും ശ്രീലങ്കയും തമ്മിലുള്ള സമാനതകൾ ഇളങ്കൈ സന്ദർശിക്കുന്ന ഏതൊരു മലയാളിയെയും ആകർഷിക്കുകയും ആശയക്കുഴപ്പത്തിലാക്കുകയും ചെയ്യും. താമരക്കുളങ്ങൾ, കുന്നുകൾ, ചുറ്റുമുള്ള കടൽ എന്നിവയാൽ ചുറ്റപ്പെട്ട മനോഹരമായ ഭൂപ്രകൃതി; നമ്മുടെ തോട്ടങ്ങളിൽ 'പെമ്പിളൈ ഒരുമൈ' തുടർച്ചയായി നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്ന ബ്രിട്ടീഷുകാർ കുടിയേറ്റ തൊഴിലാളികളായി കൊണ്ടുപോയി കോളനിവത്കരണത്തിന് ശേഷം രാജ്യരഹിതരാക്കിയ തേയിലത്തോട്ടങ്ങളിൽ താമസിക്കുന്ന തമിഴർ; നമ്മുടെ തേങ്ങ ചമ്മന്തിയോട് സാമ്യമുള്ള രുചിക്കൂട്ടുകൾ, മലബാറിലെ മധുരപോളകളുടെ ഘടനയും രുചിയും പ്രതിധ്വനിപ്പിക്കുന്ന ശ്രീലങ്കൻ മുസ്ലീം സമുദായത്തിന്റെ വത്തലപ്പങ്ങൾ, നമ്മുടെ വാഴയിലയിൽ പൊതിഞ്ഞെടുക്കുന്ന പൊതിച്ചോറിനെ ഓർമിപ്പിക്കുന്ന ഡച്ച് ബർഗറുകളിലെ ലാംപ്രൈസ്.

മതപരവും ദാർശനികപരവുമായ മേഖലകളിലും ഈ സാദൃശ്യം പ്രതിഫലിക്കുന്നുണ്ട്. കേരളത്തിലെ ആറ്റുകാൽ അമ്മയുടെ ഉത്ഭവ കഥകളുമായി 'പട്ടിണി/കണ്ണകി' ഐതിഹ്യം ബന്ധപ്പെട്ടിരിക്കുന്നു. തമിഴ് സംസാരിക്കുന്ന കേരളത്തിലെ ബുദ്ധ വ്യാപാരികളും വാഞ്ചി പ്രദേശത്ത് നിന്നുള്ള മറ്റ് കുടിയേറ്റക്കാരും ചേർന്ന് ഇളങ്കൈയിലേക്ക് കൊണ്ടുവന്ന ഇളങ്കോ അടികളുടെ ജൈന കൃതിയായ ചിലപ്പതികാരത്തിലെ കണ്ണകി, ശ്രീലങ്കയിലെ സിംഹള, തമിഴ്സംസ്കാരങ്ങളിൽ വ്യത്യസ്ത രൂപങ്ങളിൽ ആദരിക്കപ്പെടുന്നതിനെ പറ്റി ഡോ. ഗണനാഥ് ഓബീയെസെക്കറെ തന്റെ പ്രബന്ധത്തിൽ (The Matrilineal East Coast, Circa

**നമ്മുടെ തേങ്ങ ചമ്മന്തിയോട് സാമ്യമുള്ള രുചിക്കുട്ടുകൾ, മലബാറിലെ മധുരപോളകളുടെ ഘടനയും രുചിയും പ്രതിധ്വനിപ്പിക്കുന്ന ശ്രീലങ്കൻ മുസ്ലീം സമുദായത്തിന്റെ വത്തലപ്പങ്ങൾ, നമ്മുടെ വാഴയിലയിൽ പൊതിഞ്ഞെടുക്കുന്ന പൊതിച്ചോറിനെ ഓർമിപ്പിക്കുന്ന ഡച്ച് ബർഗറുകളിലെ ലാംപ്രൈസ്.**

1968: Nostalgia and Post Nostalgia in our Troubled Time) പ്രതിപാദിക്കുന്നുണ്ട്. കേരളത്തിലെ കൊടുങ്ങല്ലൂർ ഭഗവതി ആരാധനയ്ക്ക് പട്ടിണി ആരാധനയിലെ 'സംസാര രൂപേണയുള്ള ആചാരങ്ങളിൽ' ചില സവിശേഷമായ സാമ്യതകളും അദ്ദേഹം കണ്ടെത്തുന്നു. കിഴക്കൻ ഇന്ത്യയിലെ കലിംഗയിൽ നിന്നുള്ള പരാക്രമബാഹു ഒന്നാമന്റെ (1153–1186) ശ്രീലങ്കയെ ഏകീകരിക്കുന്നതിനുള്ള പ്രചാരണത്തിനിടയിൽ സൈന്യത്തിന്റെ ഭാഗമായിരുന്നു 'കേരളക്കാർ', കൂടാതെ കിഴക്കൻ ഇന്ത്യയിലെ കലിംഗയിൽ നിന്നുള്ള (ഇന്നത്തെ ഒഡീഷ) മാഘ എന്ന സ്വേച്ഛാധിപതിയുടെ ശക്തമായ 24,000 അധിനിവേശ സൈന്യത്തിന്റെ ഒരു പ്രധാന ഘടകവുമായിരുന്നു.

സമീപകാല ചരിത്രമെടുത്താൽ, സുപ്രധാന മലയാളി നവോത്ഥാന നായകനായിരുന്ന ശ്രീ നാരായണ ഗുരു 1918 ലും തുടർന്ന് 1926 ലും സിലോൺ സന്ദർശിച്ചിട്ടുണ്ട്. 2009 ൽ അദ്ദേഹത്തിന്റെ 155-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് ശ്രീലങ്ക



പ്രത്യേക തപാൽ സ്റ്റാമ്പ് പുറത്തിറക്കുകയും ശ്രീ നാരായണ ഗുരു സൊസൈറ്റി അംഗങ്ങൾ കൊളംബോയിൽ അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുകയും ചെയ്തു. 'പാവങ്ങളുടെ പേർഷ്യ' എന്നറിയപ്പെട്ടിരുന്ന സിലോണിൽ, സ്വപ്നങ്ങളുടെ ദേശത്തേക്ക് കുടിയേറി, നിരവധി ആളുകൾ തങ്ങളുടെ ഭാഗ്യം പരീക്ഷിച്ചു. മലയാളികളും ശ്രീലങ്കയും തമ്മിലുള്ള ബന്ധം തുടരുന്നതുമായി ബന്ധപ്പെട്ട ലേഖനത്തിൽ മീര ശ്രീനിവാസൻ, കൊളംബോയിലെ കൊച്ചിക്കഡെ എന്ന സ്ഥലവും അടുത്തുള്ള നെഗോംബോയിലെ മറ്റൊരു പ്രദേശവും കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാർ ഈ പ്രദേശങ്ങളിൽ സ്ഥിരതാമസമാക്കിയ കാലഘട്ടത്തിൽ നിന്നാണ് ഉത്ഭവിച്ചതെന്ന് കരുതപ്പെടുന്നു എന്ന് പറയുന്നുണ്ട്.

എന്റെ സ്വന്തം മുത്തച്ഛൻ ഫിലിപ്പ്, കൊളംബോയിൽ വർഷങ്ങളോളം ചെലവഴിച്ചു, കേരളത്തിൽ തന്റെ കുടുംബത്തിന് ഒരു ഭാവിയുണ്ടാക്കി, അദ്ദേഹത്തിന്റെ ഇടവകയിൽ 'കൊളംബൻ' എന്ന് അറിയപ്പെട്ടു, കൂടാതെ അദ്ദേഹം തന്റെ മകളായ എന്റെ മുത്തശ്ശിക്ക് പ്രാദേശികമായി അറിയപ്പെട്ടിരുന്ന ഒരു സിംഹള രാജകുമാരിയുടെ സമോവതി എന്ന പേരിട്ടു.

കേരളവും ഇളങ്കൈയും തമ്മിലുള്ള സാമ്യതകൾ പറയുമ്പോൾ സാധാരണയായി പരാമർശിക്കപ്പെടുന്ന ഒരു പ്രധാന സാമ്യമാണ് മാട്രിലീനൽ വ്യവസ്ഥിതിയുടെ വ്യാപനം, ഈ മേഖലയിൽ സെൽവി തിരുചന്ദ്രൻ, എച്ച്. തമ്പിയ, ഡെന്നിസ്, മക് ഗിൽവറേ, കൽപന റുവാൻപുര, നെലൂഫർ ഡി മെൽ, ശാരിക തിരനാഗമ തുടങ്ങിയവർ ചെയ്ത പ്രധാന പഠനങ്ങളെ ആസ്പദമാക്കി കൂടുതൽ നിരീക്ഷണങ്ങൾ നടത്താനാണ് ഞാൻ ഇവിടെ ശ്രമിക്കുന്നത്.

തെസവാലാമൈ- ജാഫ്നയിലെ തമിഴരുടെ പതിവ് നിയമങ്ങൾ ശ്രീലങ്കയുടെ വടക്കൻ ജാഫ്നയിലെ തമിഴരുടെ പാരമ്പര്യ നിയമങ്ങളാണ് തെസാവാലമൈ, ഇത് അനന്തരാവകാശം, സ്വത്തവ

**എന്റെ സ്വന്തം മുത്തച്ഛൻ ഫിലിപ്പ്, കൊളംബോയിൽ വർഷങ്ങളോളം ചെലവഴിച്ചു, കേരളത്തിൽ തന്റെ കുടുംബത്തിന് ഒരു ഭാവിയുണ്ടാക്കി, അദ്ദേഹത്തിന്റെ ഇടവകയിൽ 'കൊളംബൻ' എന്ന് അറിയപ്പെട്ടു, കൂടാതെ അദ്ദേഹം തന്റെ മകളായ എന്റെ മുത്തശ്ശിക്ക് പ്രാദേശികമായി അറിയപ്പെട്ടിരുന്ന ഒരു സിംഹള രാജകുമാരിയുടെ സമ്മോവതി എന്ന പേരിട്ടു.**

കാശം, സ്ത്രീധനം, ദത്തെടുക്കൽ, വിവാഹമോചന നിയമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതാണ്. 1706 -ൽ ഡച്ചുകാർ ക്രോഡീകരിക്കുകയും പ്രാദേശിക മേധാവി അംഗീകരിക്കുകയും ചെയ്തു, ഇത് പിന്നീട് ബ്രിട്ടീഷുകാർ സ്വീകരിച്ചു. തെസവലാമൈ അതിന്റെ ഉൾച്ചേർത്ത മാതൃശക്തിയുടെ ശക്തമായ അനുരണനങ്ങൾക്ക് പേരുകേട്ടതാണ്, സെൽവി തിരുചന്ദ്രനെപ്പോലുള്ള പണ്ഡിതന്മാർ അവരുടെ കൃതികളിൽ അവകാശപ്പെടുന്നത്, ക്രോഡീകരിക്കുന്ന പ്രക്രിയയിൽ അതിലേക്ക് കടന്നുവന്ന ധർമ്മശാസ്ത്ര സങ്കൽപ്പങ്ങളുടെ സ്വാധീനം മൂലമാണ് പുരുഷാധിപത്യ വ്യവസ്ഥയുടെ സ്വാധീനം കാണാനാകുന്നതെന്നാണ്. തെസവലാമെ സ്വത്തിനെ മൂന്നായി തരംതിരിക്കുന്നു: മുത്തിസം, ചിദാനം, തേടിയത്തേടം. മുത്തിസം ഒരു വ്യക്തിയുടെ മാതാപിതാക്കളിൽ നിന്ന് പാരമ്പര്യമായി ലഭിച്ച സ്വത്താണ്, ഇത് നിയമപരമായി ഭർത്താവിനും ഭാര്യയ്ക്കും അവകാശപ്പെട്ടതാണ്. ഭർത്താവിന്റെ ഷെയർ പിന്നീട് ആൺമക്കൾക്ക് പാരമ്പര്യമായി ലഭിക്കും, സ്ത്രീയുടെ വിഹിതം അവളുടെ പെൺമക്കളിലേക്ക് പോകും.



സ്ത്രീകളുടെ ഏറ്റവും പ്രധാനപ്പെട്ട സ്വത്തവകാശമായ ചിത്താനത്തിൽ, വിവാഹസമയത്ത് പാരമ്പര്യത്തിന്റെ ഭാഗമായി അവളുടെ മാതാപിതാക്കൾ നൽകിയ സ്ത്രീയുടെ സ്വത്ത് നിയമപരമായി സ്ത്രീക്ക് മാത്രമുള്ളതാണ്. അവളുടെ മരണശേഷം ചിദാനം സ്വത്ത് അവളുടെ പെൺമക്കൾക്ക് അല്ലെങ്കിൽ അവളുടെ സഹോദരിമാർക്ക്/അവളുടെ സഹോദരിയുടെ പെൺമക്കൾക്ക് അല്ലെങ്കിൽ കൊച്ചുമകൾക്ക് (ആ ക്രമത്തിൽ) കൈമാറുന്നു. പുരുഷനും സ്ത്രീയും അവരുടെ ജീവിതകാലത്ത് സ്വന്തമാക്കിയ സ്വത്താണ് തേടിയത്തേടം. ഈ സ്വത്ത് പുത്രന്മാർക്കും പുത്രിമാർക്കും തുല്യമായി വിഭജിക്കപ്പെട്ടിരിക്കുന്നു, മാതാപിതാക്കൾ മരിച്ചതിനുശേഷം മാത്രമേ ആൺമക്കൾ അത് നേടുന്നുള്ളൂ, അതേസമയം വിവാഹസമയത്ത് മകൾക്ക് അത് ലഭിക്കും. ഒരു സ്ത്രീയുടെ ചിതനം ഭർത്താവിന്റെ കടങ്ങൾക്ക് ബാധ്യതയല്ല, അവളുടെ ചിതനം സ്വത്തിൽ നിന്നുള്ള വാടകയോ ലാഭമോ ഭർത്താവിന്റെ കടങ്ങൾ അടയ്ക്കാൻ ബാധ്യസ്ഥമല്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

വിധവകൾ പുനർവിവാഹം ചെയ്യുമ്പോൾ രണ്ട് വിവാഹങ്ങളിലൂടെയുള്ള പെൺമക്കൾക്ക് അവളുടെ സ്വത്ത് ലഭിക്കുന്നു. അതേസമയം ഒരു വിധവ പുനർവിവാഹം ചെയ്യുമ്പോൾ, അയാൾ തന്റെ മുൻ ഭാര്യയുടെ സ്വത്തും സമ്പാദിച്ച സമ്പത്തിന്റെ അമ്പത് ശതമാനവും സ്ത്രീധനമായി പെൺകുട്ടികൾക്ക് പോകുന്നുവെന്ന് ഉറപ്പാക്കണം.

സ്ത്രീയുടെ കാര്യത്തിലും ഇതുതന്നെയാണ്- അവൾക്ക് സ്ത്രീധനവും ലഭിച്ച സ്വത്തിന്റെ അമ്പത് ശതമാനവും തിരികെ ലഭിക്കും. 'കുടുംബ സ്ഥാപനത്തിന്റെ പരിപാലനത്തിൽ സ്ത്രീകൾ നൽകുന്ന ഉൽപാദനപരവും പ്രത്യുൽപാദനപരവുമായ അധ്വാനത്തിനുള്ള ശരിയായ വേതനം' എന്നാണ് തിരുചന്ദ്രൻ ഇതിനെ വിശേഷിപ്പിക്കുന്നത്. ഒ. ണ. തംബിയ, ജാഫ്ന തമിഴരും തെസാവലമയിയും 'ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരത്തെ മലബാറുകളു'മായുള്ള ബന്ധം കാണിക്കുന്നുവെന്ന് വാദിക്കുന്നു. ഉദാഹരണത്തിന് വിവാഹ സഖ്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദം വിവാഹമല്ല, സംബന്ധമാണ്. എന്നിരുന്നാലും, സ്ത്രീക്ക് അവളുടെ ചിദാനത്തിലെ സ്ഥാവര വസ്തുക്കൾ (ഭൂമി) വിൽക്കാനും ക്രമപ്പെടുത്താനും അനുമതി ആവശ്യമില്ലെങ്കിലും, ജംഗമ സ്വത്ത് (പണം, ആഭരണങ്ങൾ, മറ്റ് വിലയേറിയ വസ്തുക്കൾ) ഉൾപ്പെടുന്ന ഏത് ഇടപാടുകൾക്കും അവളുടെ ഭർത്താവിന്റെ അനുമതി ആവശ്യമാണ്. യുദ്ധസമയത്ത് ശ്രീലങ്കയിൽ തമിഴർക്കുനേരെയുള്ള ക്രൂരമായ അക്രമത്തിന്റെ പരിണിതഫലമായി സംഭവിച്ച വലിയ തോതിലുള്ള കുടിയേറ്റവും സ്ഥാനചലനവും സ്ത്രീധനം അല്ലെങ്കിൽ ചിദാനത്തിന് കൂടുതൽ സങ്കീർണ്ണവും കുറച്ച്സ്ത്രീപക്ഷവുമായ മാനങ്ങൾ നൽകുന്നു. ശ്രീലങ്കയിലെ നീണ്ട ആഭ്യന്തരയുദ്ധകാല

ത്തും അതിനുശേഷവും തമിഴ് സമൂഹത്തിലെ അംഗങ്ങൾ സാംസ്കാരിക പാരമ്പര്യങ്ങൾ പുന:പരിശോധിച്ചു. ആലോചിച്ചുറപ്പിച്ച വിവാഹങ്ങൾ സാധാരണമായി തുടരുമ്പോൾ തന്നെ യുവാക്കൾ, സ്ത്രീകളുടെ തുല്യതയെ മാനിക്കാത്ത വിവാഹത്തെ വെറും സാമ്പത്തിക കൈമാറ്റമാക്കി മാറ്റുന്നതുമായ സ്ത്രീധനം ആവശ്യപ്പെടാനോ വാഗ്ദാനം ചെയ്യാനോ തയ്യാറാവുന്നില്ല. പക്ഷെ, ഈ യാഥാസ്ഥിതിക സമൂഹങ്ങളിലെ പഴയ അംഗങ്ങൾ, സ്ത്രീധനം യുവ ദമ്പതികൾക്ക് ഒരുമിച്ച് ഒരു ജീവിതം കെട്ടിപ്പടുക്കുന്നതിനുള്ള സുരക്ഷിതമായ സാമ്പത്തിക അടിത്തറ നൽകുന്നു എന്നു വാദിച്ചു കൊണ്ട് ആചാരത്തിന്റെ പക്ഷം പിടിക്കുന്നുണ്ട്. കൂടാതെ, സ്ത്രീധനം വധുവിന്റെ കുടുംബങ്ങൾക്ക് സാമൂഹിക അംഗീകാരവും അന്തസ്സും നൽകുന്നു എന്ന വാദവുമുണ്ട്. എന്തു തന്നെ ആയാലും, സുസ്ഥിരമായ ഉപജീവനമാർഗങ്ങളില്ലാത്ത ഗൃഹനാഥകൾ ഉള്ള കുടുംബങ്ങൾ പെൺമക്കളുടെ വിവാഹത്തിലേക്കായി അമിതമായ സ്ത്രീധനം സ്വരൂപിക്കാൻ വളരെയധികം കഷ്ടപ്പെടുന്നു. തീർത്തും നിരാശയോടെ, തങ്ങളുടെ പെൺമക്കൾക്ക് വിവാഹ സമ്മാനം നൽകണമെന്ന പരമ്പരാഗത ആവശ്യകത നിറവേറ്റാൻ ഉദ്ദേശിക്കുന്ന അത്തരം സ്ത്രീകളിൽ വലിയൊരു വിഭാഗം മൈക്രോ ഫിനാൻസ് വായ്പകൾക്കും ഇരയായി.



യുദ്ധത്തിന്റെ കൊടുമുടിയിൽ, ലിബറേഷൻ ടൈഗേഴ്സ് ഓഫ് തമിഴ് ഈലം (എൽ.ടി.ടി.ഇ.) സ്ത്രീധന സമ്പ്രദായത്തെ തങ്ങളുടെ 'ഈഗാലിറ്റേറിയൻ ഈലം' എന്ന ആശയത്തിലൂന്നി നിരോധിച്ചിരുന്നു. എന്നിരുന്നാലും കുടിയേറിയ ദേശങ്ങളിൽ, തമിഴർ അവരുടെ സാംസ്കാരവും ബന്ധങ്ങളും നിലനിർത്തുന്നതിനുള്ള ഒരു മാർഗ്ഗമായി സ്ത്രീധന സംബന്ധിയായ ആചാരങ്ങളെ സംരക്ഷിച്ചു. എൽ.ടി.ടി.ഇ.യെ പിന്തുണയ്ക്കുന്ന കുടുംബങ്ങളിലും ഇത് കണ്ടു. കുടിയേറ്റക്കാരുടെയും ശ്രീലങ്കയിൽ നിന്നുള്ള പ്രവാസികളുടെയും ദൈനംദിന ജീവിതത്തിൽ പുരുഷാധിപത്യ രീതികൾ തുടരാമെങ്കിലും അതേസമയം സ്വദേശത്തെ എൽ.ടി.ടി.ഇ.യിലേക്കും സ്ത്രീ പോരാളികളിലേക്കുമുള്ള വിപ്ലവകരമായ ആദർശങ്ങളുടെ കൈമാറ്റമായി ഇതിനെ കാണാമെന്ന് ശാരിക തിരണഗാമ എഴുതുന്നു. തന്റെ "In my Mother's House : Civil War in Sri Lanka" എന്ന പുസ്തകത്തിൽ, ശ്രീലങ്കയിൽ സ്ത്രീധനം- അമ്മയിൽ നിന്ന് മകളിലേക്ക് ഭൂമി കൈമാറുന്നത്- അസ്തിത്വത്തെ സംബന്ധിച്ച സങ്കല്പനത്തിനുള്ള ഒരു പ്രധാന മാർഗമാണെന്ന് അഭിപ്രായപ്പെടുന്നു.

സ്ത്രീധനം ഭാവിയിലെ തുടർച്ചയെക്കുറിച്ച് സങ്കൽപ്പിക്കുന്നു. ശ്രീലങ്കയിലെ വെള്ളാർ തമിഴർക്കിടയിലെ ദേശാന്തര വിവാഹങ്ങളെക്കുറിച്ചുള്ള തന്റെ 'Marrying for a Future' എന്ന പുസ്തകത്തിൽ സിദ്ധാർത്ഥൻ മൗനഗുരു, പരമ്പരാഗത വെള്ളാളർ ജാതി വിവാഹത്തിന്റെ ഭാഗമായി, ചിദാനത്തിൽ ഭൂമി (ചിലപ്പോൾ വീട്), ആഭരണങ്ങൾ, പണം എന്നിവ ഉൾപ്പെടുന്നു. എന്നാൽ പാശ്ചാത്യ രാജ്യങ്ങളിൽ താമസിക്കുന്ന ഒരു വധുവിനെ ഉൾക്കൊള്ളുന്ന അന്തർദേശീയ വിവാഹങ്ങളിൽ, വരൻ പണമോ ഭൂമിയോ പ്രതീക്ഷിക്കുന്നില്ല. കാരണം കുടിയേറാനും ആ രാജ്യത്തെ പൗരനാകാനുമുള്ള സാധ്യത സ്ത്രീധനത്തിന്റെ ഭാഗമായിത്തീരുന്നു. എന്നാൽ, വരൻ ഒരു പാശ്ചാത്യ രാജ്യത്തിലും വധു ശ്രീലങ്കയിലുമാണ് താമസിക്കുന്നതെങ്കിൽ, അവളുടെ കുടുംബം ഭൂമിയേക്കാൾ കൂടുതൽ പണവും ആഭരണങ്ങളും നൽകണമെന്ന് പ്രതീക്ഷിക്കപ്പെടുന്നു (കാരണം ജാഫ്നയിലെ അക്കാലത്തെ ഭൂരിഭാഗം സ്ഥലവും സൈനിക അധിനിവേശത്തിനു കീഴിലായിരുന്നു). ചില സന്ദർഭങ്ങളിൽ, കൊളംബോയിലെ അപ്പാർട്ട്മെന്റുകൾ യുദ്ധകാലത്ത്, സ്ത്രീധന

മായി ഭൂമിക്ക് പകരം കൊടുത്തു. തത്ഫലമായി, ജാഫ്ന തമിഴർ അവരുടെ പെൺമക്കൾക്ക് സ്ത്രീധനമായി നൽകാൻ നിരവധി അപ്പാർട്ട്മെന്റുകൾ വാങ്ങി. അതിൽ കൂടുതലും കൊളംബോയിലെ, പെൺമക്കളുടെ മാതാപിതാക്കളോ ബന്ധുക്കളോ ആയിരുന്നു. അങ്ങനെ, സ്ത്രീധനത്തിന്റെ സ്കെയിലുകളും ഘടകങ്ങളും, ഇണകളുടെ സ്ഥാനവും യുദ്ധത്തിന്റെ അടിസ്ഥാന സാഹചര്യവും അനുസരിച്ച് മാറുന്നു. പല കേസുകളിലും, സ്ത്രീധനത്തിന്റെ കൈമാറ്റം വിവാഹത്തിന്റെ സാധുത നിയമപരമായി അംഗീകരിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിച്ചു. ജനനീക്കങ്ങളിൽ രേഖകൾ ഒരു പ്രധാന ഭാഗഭാക്കായ യുദ്ധകാലത്ത്, എംബസി ഉദ്യോഗസ്ഥരെപ്പോലുള്ള അന്തർദേശീയ അഭിനേതാക്കൾ പോലും സ്ത്രീധനം നിയമാനുസൃതമായ വിവാഹത്തിന്റെ ആധികാരിക അടയാളങ്ങളായി അംഗീകരിച്ചു! ശ്രീലങ്കയുടെ കിഴക്കൻ തീരത്തുള്ള മാട്രിക്ലാൻ കുടികളും താവഴി പിന്തുടർച്ചാവകാശവും ശ്രീലങ്കയുടെ കിഴക്കൻ ഭാഗങ്ങളിൽ പ്രത്യേകിച്ച് ബാറ്റിക്കലോവയിലും അമ്പാറ ജില്ലകളിലും ട്രിങ്കോനോമിലിയുടെ ചില ഭാഗങ്ങളിലും മുസ്ലീങ്ങളുടെയും ഹിന്ദുക്കളുടെയും ഒരു പ്രധാന സവിശേഷതയാണ് അമ്മ വഴിക്കുള്ള പിന്തുടർച്ചാവകാശം. ചരിത്രപരമായി, മുസ്ലീങ്ങളും ഹിന്ദുക്കളും മാട്രിലീനിയൽ വ്യവസ്ഥിതിയുടെയും മാട്രിലോക്കൽ വിവാഹ സമ്പ്രദായത്തിന്റെയും അടിസ്ഥാനത്തിൽ സമാനമായ കുടുംബബന്ധ രീതികൾ പങ്കുവെച്ചിട്ടുണ്ട്.



വിവാഹങ്ങൾ വധുവിന്റെ ജന്മ വീട്ടിൽ നടക്കുന്നു, വിവാഹിതരായ ദമ്പതികൾ വധുവിന്റെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുമൊപ്പം ആറുമാസം മുതൽ രണ്ട് വർഷം വരെ താമസിക്കുന്നു. ഇതിനുശേഷം, വിവാഹിതയായ മകൾ തന്റെ സ്ത്രീധനത്തിന്റെ പൂർത്തീകരണത്തിനായി ജനന വീടിന്റെ മുഴുവൻ ഉടമസ്ഥതയും ഏറ്റെടുക്കുന്നു, അതേസമയം അവളുടെ മാതാപിതാക്കളും സഹോദരങ്ങളും അതേ കോമ്പൗണ്ടിൽ മറ്റൊരു വീട്ടിലേക്ക് മാറുന്നു. എല്ലാ സമ്പത്തും സ്ഥാവരസ്വത്തുക്കളും മൂത്ത മകളുമായി സ്ത്രീധനമായി കൈമാറ്റം ചെയ്യപ്പെടുന്നു /പണയം വയ്ക്കുന്നു. വീടുകളിൽ നിന്ന് പോകുന്നതിന് മുൻപ് സഹോദരിമാർക്ക് ജീവനാംശം നൽകാൻ ആങ്ങളമാർ സഹായിക്കേണ്ടതുണ്ട്. കിഴക്കൻ മേഖലയിലെ ഏറ്റവും സവിശേഷമായ സംവിധാനമാണ് കുടി എന്നറിയപ്പെടുന്ന മെട്രിക്ലാനുകളുടെ സംവിധാനം. 'തായ് വഴിയും പെൺ വഴിയും' എന്നറിയപ്പെടുന്ന മാട്രിലിനി നിയമമാണ് കുടിയിലെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ഈ കുടികൾ അന്യജാതിയിൽ നിന്നും വിവാഹം ചെയ്യുന്നു; ചില മെട്രിക്ലാനുകൾ നിർദ്ദിഷ്ട പ്രദേശങ്ങളിൽ മാത്രമായി പരിമിതപ്പെടുമ്പോൾ, മറ്റുള്ളവ കൂടുതൽ പ്രഭയോടു കൂടി പരന്നു കിടക്കുന്നു. തമിഴർക്കിടയിൽ, ഓരോ ജാതിയും കലിങ്ക കുടി, വിരാമാണിക്യം കുടി, കുടി എന്ന് പേരുള്ള സ്ഥലം എന്നിങ്ങനെ കുടികളായി പിന്നെയും വിഭജിക്കപ്പെട്ടിട്ടുണ്ട്.

കൗതുകകരമെന്നു പറയട്ടെ, കിഴക്കൻ ഹിന്ദുക്കൾക്കിടയിൽ മുക്കുവർ എന്ന പ്രബലമായ ഒരു ജാതി ഉണ്ട്, അവർ കേരളത്തിൽ നിന്നുള്ളവരാണെന്ന് കണ്ടെത്തി, അവരിലൂടെയാണ് മാതൃസംവിധാനം ഈ മേഖലയിൽ ഉത്ഭവിച്ചതെന്ന് കരുതപ്പെടുന്നു. കേരളത്തിലെ മുക്കുവർ പാരമ്പര്യ മത്സ്യത്തൊഴിലാളികളായി അംഗീകരിക്കപ്പെടുമ്പോൾ, ബാറ്റിക്കലോവയിലോ മറ്റക്കലപ്പിലോ, മുക്കുവർ തങ്ങളെ ഒരിക്കലും മത്സ്യത്തൊഴിലാളികളായി കണക്കാക്കിയിട്ടില്ലെന്നു മാത്രമല്ല ശക്തരായ ഭൂവുടമകളായി (പോട്ടിയാർ) കരുതുകയും ചെയ്യുന്നു. സിംഹള ചരിത്ര രേഖകളായ 'ദംബദേവിയാസ്ന', പ്രത്യേകിച്ച് പന്ത്രണ്ടാം നൂറ്റാണ്ടിലും പതിമൂന്നാം നൂറ്റാണ്ടിലും കേരളത്തിൽ നിന്നുള്ള യോദ്ധാക്കൾ ഉൾപ്പെടെ നിരവധി കൂലിപ്പട

കളുടെ ആക്രമണങ്ങളെക്കുറിച്ച് പരാമർശിക്കുന്നു.'മട്ടകലപ്പ് മൻമിയം' എന്ന് വിളിക്കപ്പെടുന്ന ബട്ടിക്കലോവയിൽ നിന്നുള്ള പ്രാദേശിക പാരമ്പര്യങ്ങളുടെ ഒരു ശേഖരം. കലിംഗ രാജാവായ മാഘയുടെ ഭരണത്തിൻ കീഴിലുള്ള മുക്കുവരുടെ ആഗമനം ആഘോഷിക്കുന്നു.

പ്രദേശത്തെ നാടോടി പാരമ്പര്യങ്ങൾ, മുക്കുവർക്ക് അവരുടെ യുദ്ധ സേവനങ്ങളുടെ പ്രതിഫലമായി ബാറ്റികലോവയിൽ സ്ഥലങ്ങളും പ്രാദേശിക മേധാവിത്വവും അനുവദിച്ചുവെന്ന് വിശ്വസിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ബ്രിട്ടീഷ് അധിനിവേശത്തിൽ മാട്രിലീനിയൽ കീഴ് വഴക്കങ്ങളിൽ വേരൂന്നിയ 'മുക്കുവ നിയമം' അപ്രത്യക്ഷമാകുമ്പോഴും, അമ്മ വഴി ലഭിച്ച വസതിയിൽ താമസിക്കുന്നതിലൂടെയും സ്ത്രീധന സ്വത്ത് കൈമാറ്റത്തിലൂടെയും മാതൃവ്യവസ്ഥയുടെ അടയാളങ്ങൾ നിലനിൽക്കുന്നു. തമിഴരുടെ വണ്ണക്കാർ, മുസ്ലീങ്ങളുടെ മരയ്ക്കാർ തുടങ്ങിയ ക്ഷേത്രങ്ങളുടെയും പള്ളികളുടെയും നേതാക്കളെയും മാനേജ്മെന്റ് കമ്മിറ്റികളെയും തിരഞ്ഞെടുക്കുന്നതിൽ ഈ വ്യവസ്ഥ അല്ലെങ്കിൽ കുടി ഒരു പ്രധാന പങ്ക് വഹിച്ചു. അക്കരൈപ്പാട്ട് പോലുള്ള ചില സ്ഥലങ്ങളിൽ ഈ സമ്പ്രദായം ഇന്നും തുടരുന്നുണ്ടെങ്കിലും, കിഴക്ക് ഏറ്റവും പ്രധാനപ്പെട്ട സവിശേഷത വിവാഹത്തിന് ശേഷമുള്ള മാതൃ ഗൃഹ വാസവും പെൺമക്കൾക്ക് സ്ത്രീധനമായി സ്വത്ത് കൈമാറുന്നതുമാണ്.

**ബ്രിട്ടീഷ് അധിനിവേശത്തിൽ മാട്രിലീനിയൽ കീഴ് വഴക്കങ്ങളിൽ വേരൂന്നിയ 'മുക്കുവ നിയമം' അപ്രത്യക്ഷമാകുമ്പോഴും, അമ്മ വഴി ലഭിച്ച വസതിയിൽ താമസിക്കുന്നതിലൂടെയും സ്ത്രീധന സ്വത്ത് കൈമാറ്റത്തിലൂടെയും മാതൃവ്യവസ്ഥയുടെ അടയാളങ്ങൾ നിലനിൽക്കുന്നു. തമിഴരുടെ വണ്ണക്കാർ, മുസ്ലീങ്ങളുടെ മരയ്ക്കാർ തുടങ്ങിയ ക്ഷേത്രങ്ങളുടെയും പള്ളികളുടെയും നേതാക്കളെയും മാനേജ്മെന്റ് കമ്മിറ്റികളെയും തിരഞ്ഞെടുക്കുന്നതിൽ ഈ വ്യവസ്ഥ അല്ലെങ്കിൽ കുടി ഒരു പ്രധാന പങ്ക് വഹിച്ചു.**

മാട്രിലോക്കൽ സ്ത്രീധന-ഭവന സമ്പ്രദായം, അടുത്തടുത്തായി താമസിക്കുന്ന സഹോദരിമാർക്കും ശക്തമായ ബന്ധുബന്ധങ്ങൾ ഉണ്ടാക്കുന്നു. എന്നിരുന്നാലും, സുനാമിക്ക് ശേഷമുള്ള പുനരധിവാസത്തിൽ, അന്താരാഷ്ട്ര സർക്കാർ ഏജൻസികളും എൻജിഒകളും, അവരുടെ തിടുക്കത്തിൽ അവർ മാതൃത്വത്തിന്റെ തത്വം അവഗണിക്കുകയും പുരുഷന്മാർ പുനർനിർമ്മാണ ഫണ്ടുകൾ കുത്തകയാക്കുകയും സുനാമിക്ക് ശേഷം പുതുതായി നിർമ്മിച്ച വീടുകൾക്ക് പ്രത്യേക കരാർ നൽകുകയും ചെയ്തു. പുതുതായി രൂപീകരിച്ച ബഫർ മേഖലകളിലെ പരമ്പരാഗത സ്ത്രീധന വീടുകളും ഭൂമിയും നഷ്ടപ്പെട്ട സ്ത്രീകൾക്ക് ഇത് വളരെയധികം ബുദ്ധിമുട്ടുകൾക്കും അനിശ്ചിതത്വങ്ങൾക്കും ഇടയാക്കി. എന്നിരുന്നാലും, ഡെന്നിസ് മക് ഗിൽവറെയും പട്രീഷ്യ ലോറൻസും അവരുടെ പഠനത്തിൽ സൂചിപ്പിക്കുന്നത് പോലെ, ദീർഘകാലാടിസ്ഥാനത്തിൽ സ്ത്രീകൾക്ക് സ്വത്തുക്കളുടെ മേൽ പരമ്പരാഗത പാരമ്പര്യ അവകാശം നഷ്ടമാകില്ല, കാരണം അടുത്ത തലമുറ സ്ത്രീകൾക്ക് ഇത് വീണ്ടും പുരുഷന്മാരിൽ നിന്ന് നിന്ന് അവകാശമാക്കും. എന്നിരുന്നാലും, പരമ്പരാഗത തായ്‌വഴി സമുദായങ്ങളിലെ സ്ത്രീകളുടെ നേതൃത്വത്തിലുള്ള കുടുംബങ്ങളിൽ പോലും ആഴത്തിലുള്ള പുരുഷാധിപത്യ ബന്ധങ്ങളുടെ സാന്നിധ്യം കണ്ടെത്തുന്നതിലൂടെ നമുക്ക് മുന്നറിയിപ്പ് നൽകുന്ന കാഞ്ചന റുവൻപുരയുടെ Matrilineal Communities, Patriarchal Realities' കൃതി പോലുള്ള മാതൃ വ്യവസ്ഥകളിലേക്ക് ഫെമിനിസ്റ്റ് ഏജൻസി ഉപയോഗിക്കുമ്പോൾ ജാഗ്രത പുലർത്തേണ്ടതുണ്ട്. കേരളത്തിലെ 'മാട്രിലിനി' സംബന്ധിച്ച് ഫെമിനിസ്റ്റ് പണ്ഡിതർ നമുക്കു നൽകിയ മുന്നറിയിപ്പ് പോലെ ഒരു 'ഫെമിനിസ്റ്റ് നിർവാണ'യായി കരുതരുതെന്ന് അവർ മുന്നറിയിപ്പ് നൽകുന്നു.

# മീനങ്കബാവ് മാതൃദായ ക്രമത്തിലെ സ്ത്രീ നായികത്വത്തിൽ ‘ബുണ്ടോ കണ്ടുവാങ്ങിന്റെ’ പങ്ക്





ലൂലി സാരി യുസ്ടിന



വാഹ്യുലിസ് ലിഉസ് സെഇൻ



ഹസ്നാവദി



വിവർത്തനം :
**രോഷ്നി പത്മനാഭൻ**
റിസർച്ച് ഓഫീസർ,
കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

**മാ**തൃദായക്രമം അല്ലെങ്കിൽ മാതാവിന്റെ വംശ പരമ്പരയിലൂടെ വംശാവലി അടയാളപ്പെടുത്തുന്നത് സ്ത്രീകൾക്ക് സാമൂഹികജീവിതത്തിൽ നിർണായക സ്ഥാനം നൽകാൻ സഹായിക്കുന്നു. പടിഞ്ഞാറൻ സുമാത്രയിലെ മീനങ്കബാവിൽ വംശീയത, ഗോത്രം, പാരുയിക്ക് (ഒരു അടുത്ത മാതൃ ബന്ധു) എന്നിവയുടെ നിലനിൽപ്പ് സ്ത്രീകളെ ആശ്രയിച്ചിരിക്കുന്നു.സ്ത്രീകളുടെ അഭാവത്തിൽ അവയുടെ നിലനിൽപ്പ് തുടച്ചുനീക്കപ്പെടുന്നു. തങ്ങളുടെ ഗോത്രത്തിന്റെയും ജനങ്ങളുടെയും നിലനിൽപ്പ് സംരക്ഷിക്കുന്നതിൽ സ്ത്രീകളുടെ സ്ഥാനം നിമിത്തം അന്നാട്ടിലെ സ്ത്രീകളെ ലിം പാ പ്പെ റൂഫമാൻ ഗഡാങ്' എന്നും അവരുടെ വംശത്തിന്റെയും ജനങ്ങളുടെയും സ്വത്ത് കൈകാര്യം ചെയ്യുന്നതിൽ നിർണായകമായ പങ്കു വഹിക്കുന്നതായ നിലയ്ക്ക് സ്ത്രീകളെ അംബർ പുരുവാക്ക് എന്നും വിളിക്കുന്നു. തങ്ങളുടെ മക്കളുടെയും ജനതയുടെയും ജീവിതവും തുടർച്ചയും ഉറപ്പുവരുത്താൻ സ്ത്രീകൾ അവരുടെ ആസ്തികൾ വിവേകപൂർവം പരിപാലിക്കേണ്ടതുണ്ട്. ഇതുകൂടാതെ യുവതലമുറയ്ക്ക് മാർഗനിർദേശവും സ്വാധീനവും നൽകിക്കൊണ്ട് സ്ത്രീകളാണ് വീടിന്റെയും നഗരിയുടെയും നെടുംതൂണായി വർത്തിക്കുന്നത്.

ഖുർആനിൽ (16: 72) എഴുതിയിരിക്കുന്നത് അനുസരിച്ച് സ്ത്രീകളെ നിസാ അല്ലെങ്കിൽ ഉമ്മ ഹത്തു എന്നു വിളിക്കുന്നു, അതിനർത്ഥം നെടുംതൂൺ എന്നാണ് ഈ വാക്കിന്റെ വ്യാഖ്യാനം സൂചിപ്പിക്കുന്നത്.

സ്ത്രീകൾക്ക് നേതാവ്, തിരഞ്ഞെടുക്കപ്പെട്ട വരേണ്യവർഗം സദ്ഗുണങ്ങൾ ഉള്ള വിദഗ്ധ എന്നിവയാകാം എന്നാണ്. സ്ത്രീകൾ നഗരിയുടെ താങ്ങും തടിയാണ് അതായത് സ്ത്രീകൾ നല്ലവരാണെങ്കിൽ മുഴുവൻ നഗരിയും നന്നായിരിക്കും. അതിനാൽ ഇസ്ലാമിക നിയമത്തിന്റെ അടിത്തറയായ ഖുർആൻ സ്ത്രീകളെ ഉമ്മ ഹത് അല്ലെങ്കിൽ 'അമ്മ എന്ന് വിളിക്കുന്നു.

" അഡോവ്വൻ നാൻ ദി സബ്ളിയിക് പരവ്വാൻ തപാകായ് താതാതിക് ജോ സോപാൻ മമാകായ് ബസോ ജോ ബസി തവോ ദി ഇറേങ്ങു ജോ ഗെൻഡെങ്" എന്ന മീനാങ്കബാവ് പഴഞ്ചൊല്ല് അർത്ഥമാക്കുന്നത്. മാതൃദായക്രമം പിന്തുടരുന്ന സ്ത്രീകൾ സ്വഭാവ വൈശേഷ്യം ഉള്ളവരായിരിക്കണം. സാമൂഹികജീവിതത്തിൽ നല്ല പെരുമാറ്റം നിലനിർത്തണം, മധുരമായി സംസാരിക്കാന്നും ഇടപെടാനും കഴിയണം, ചുറ്റുപാടുകളെക്കുറിച്ച് ബോധവതികളായിരിക്കണം. കൂടാതെ അവരുടെ സ്ഥാനത്തെ സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടാവണം. ഈ പഴഞ്ചൊല്ല് തുടങ്ങുന്നതിങ്ങനെയാണ്

" മമകായി രാസോ ജോ പരേസ്സോ മനാരുഹ മാലൂ ജോ സോപാൻ മഞ്ചനഹി സംബോങ് ജോ സലാം, മൂലക് മനിഹ് ബസോ കാതുജ് കതോ ബയംക് കസിന്തൻ മുറംഹു പന്തായി ബശാവ സാവോ ഗദങ് ഇതിനർത്ഥം സ്ത്രീകൾക്ക് നല്ല മനസ്സാക്ഷിയും അനുകമ്പയും നല്ല ബുദ്ധിയും വികാരങ്ങളെ നിയന്ത്രിക്കാൻ ഉള്ള കഴിവും നാണക്കേടും തെറ്റുകളും തെറ്റായ പെരുമാറ്റങ്ങളും ഒഴിവാക്കാനുള്ള ദൃഢനിശ്ചയവും നല്ല വാചാലതയും സമപ്രായക്കാരും ആയി ഒത്തുചേരാൻ ഉള്ള കഴിവും ഉണ്ടായിരിക്കുന്നതാണ്.

ഇപ്പോഴും മീനങ്കബാവു സമൂഹം മാതൃദായക്രമം അനുവർത്തിക്കുകയും അമ്മമാരിൽ നിന്നും അവരുടെ വംശാവലി പിന്തുടരുകയും ചെയ്യുന്നു സമ്പത്തും അന്തസ്സും സ്ഥാനപ്പേരുകളും അമ്മ വഴിയാണ് കൈമാറി കിട്ടുന്നത്. വിവാഹവും മറ്റു കാര്യങ്ങളും കുടുംബങ്ങളുടെ സമ്മതത്തോടെ 'നിനക് മാമാക്ക്' എന്ന മാതൃ ബന്ധുക്കളിൽ ഉന്നതരുടെ അഭിപ്രായ സമന്വയത്തിൽ ആണ് തീരുമാനിക്കുന്നത്. മീനാങ്കബാവിലെ വായ്മൊഴി പാരമ്പര്യമായ 'കബ' അനുസരിച്ച് മഹാനായ അലക്സാണ്ടറുടെ കാലം മുതൽ മീനാങ്കാബാവിലേക്ക് ഇസ്ലാം മതം വരുന്നതുവരെ ഹിന്ദുമത രീതിയിലുള്ള മാതൃദായക്രമം വളരെ കാലമായി സ്ഥാപിതമായ ഒരു പാരമ്പര്യം ആയിരുന്നു. ആ പാരമ്പര്യത്തിൽ സ്ത്രീയെ 'ബുണ്ടോ കണ്ടുവാങ്' എന്ന് വിളിക്കുന്നു.

ഒറ്റ നോട്ടത്തിൽ ബുണ്ടോ കണ്ടുവാംഗ് എന്ന

പദം എല്ലാ മീനാങ്കബാവു സ്ത്രീകളെയും വിളിക്കാവുന്ന പദമാണെങ്കിലും ഈ ഗോത്രത്തിലെ ഏറ്റവും പ്രായം കൂടിയ സ്ത്രീയായ മേണ്ട ബാക്കോയെ അഭിസംബോധന ചെയ്യാനാണ് ബുണ്ടോ കണ്ടു വംഗ് എന്ന പദം പ്രധാനമായും ഉപയോഗിക്കുന്നത്. മീനങ്കാബാവൂ പാരമ്പര്യമനുസരിച്ച് ഈ സ്ത്രീക്ക് മെച്ചപ്പെട്ട സ്ഥാനവും സദ്ഗുണങ്ങളും ഉള്ളതിനാൽ അവരെ എല്ലാവരും ബഹുമാനിക്കുന്നു. അവൾ സ്വന്തം ജന്നത്തിന്റെ തീരുമാനം എടുക്കുന്നവളാണ്. ബുണ്ടോ കണ്ടു വാങ്ങിന്റെ പ്രധാന്യം നിത്യ ജീവിതത്തിൽ കാണാവുന്നതാണ്. അതായത് ജന്മ നാടിന്റെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിനും കുടുംബത്തിന് സന്തോഷം നൽകുന്നതിനും കുടുംബാംഗങ്ങളെ നന്മയിലേക്ക് നയിക്കുന്നതിനും അവരുടെ കുടുംബത്തിൽ ഐക്യം കൊണ്ടുവരുന്നതിനും അവയുടെ സ്വാഭാവികത സംരക്ഷിക്കുന്നതിനും സ്ത്രീയുടെ പങ്ക് പ്രധാനപ്പെട്ടതാണ്. മീനങ്കബാവ് സംസ്കാരത്തിൽ സ്ത്രീകൾ തങ്ങളുടെ പ്രതിഛായ നിലനിർത്തുന്നതിലും അവരുടെ സ്ഥാനം മനസ്സിലാക്കുന്നതിലും കഴിവുള്ളവരാണ്. അതിനാൽ ഈ പാരമ്പര്യമനുസരിച്ച് ബുണ്ടെ കണ്ടുവാംഗ് എല്ലാം തികഞ്ഞ ഒരു സ്ത്രീയാണ് അവർ അവരുടെ കർത്തവ്യം പൂർണ്ണമായും നിർവഹിക്കുകയാണെങ്കിൽ സമുദായങ്ങൾക്കിടയിൽ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ ഉണ്ടാവില്ലെന്നും യുവതലമുറയിൽ ഇന്ന് സംഭവിക്കുന്ന ധാർമിക ച്യുതി ഉണ്ടാവില്ലെന്നും സമുദായ അംഗങ്ങൾ വിശ്വസിക്കുന്നു. ഏതാണ്ട് എല്ലാ ദിവസവും അച്ചടി മാധ്യമങ്ങളിലും ഇലക്ട്രോണിക് മാധ്യമങ്ങളിലും വിവിധ അധാർമിക പ്രവർത്തനങ്ങൾ (വേശ്യാവൃത്തി, ഗർഭഛിദ്രം മുതലായവ) ഇന്നത്തെ കൗമാരക്കാർ ചെയ്യുന്ന മറ്റു കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്യുന്നു. ഇത്തരം അപചയങ്ങൾ വൻ നഗരങ്ങളിൽ മാത്രമല്ല മീനങ്കബാവ് പോലെയുള്ള സമുദായങ്ങൾ ഉൾപ്പെടുന്ന ചെറിയ ഗ്രാമങ്ങളിലും സംഭവിക്കുന്നു.





മീനങ്കബാവ് സമുദായ പാരമ്പര്യം എന്തൊക്കെ പെരുമാറ്റങ്ങൾ അനുവദിക്കുകയും ഏതൊക്കെ നിഷേധിക്കുകയും ചെയ്യുന്നു എന്ന വ്യവസ്ഥകൾ ഒന്നും തന്നെ ഇത്തരം പ്രശ്നങ്ങളെ ബാധിക്കുന്നതായി തോന്നുന്നില്ല. ആധുനിക സാങ്കേതിക വിദ്യയുടെ പുരോഗതി മനുഷ്യന്റെ പെരുമാറ്റത്തെ സാരമായി സ്വാധീനിച്ചിട്ടുണ്ട് ഇത് സന്മാർഗ പാഠങ്ങളെയും പാരമ്പര്യ രീതികളെയും അവഗണിക്കാൻ അവരെ പ്രേരിപ്പിക്കുന്നു.മീനങ്കാബാവ് സമുദായത്തിലെ മാതാപിതാക്കളും മാമുഖും, മുണ്ടെ സകോയും യുവതലമുറയ്ക്ക് മതിയായ വിദ്യാഭ്യാസവും ശ്രദ്ധയും നൽകിയിട്ടില്ല. തിരക്കേറിയ ജീവിതത്തിൽ അനുകമ്പ, ലജ്ജ മര്യാദ എന്നീ ആശയങ്ങളും അവഗണിക്കപ്പെട്ടു. ഈ രീതി തുടർന്നാൽ മീനങ്കാബാവിലെ മഹത്തായ പാരമ്പര്യവും സംസ്കാരം ഒരു ദിവസം തുടച്ചുനീക്കപ്പെടും. നിലവിലെ അവസ്ഥകളോട് പ്രതികരിക്കാൻ ഗോത്ര

ത്തിലെ ഓരോ അംഗത്തെയും അതായത് മാമക് മുണ്ടെ സാക്കോ, അനക് കാമനാകാൻ, എന്നിവരുടെ കടമകളെ വീണ്ടും രേഖപ്പെടുത്തേണ്ടത് ആവശ്യമാണ്. യുവതലമുറയും പൊതുജനങ്ങളും ഈ പാരമ്പര്യങ്ങളെ പുനർ പഠനം നടത്തുകയും നിത്യജീവിതത്തിൽ നടപ്പിലാക്കുകയും വേണം. ആയതിനാൽ മീനങ്കാബാവ്, ലുവാക് രൻതാനു, എന്നിവിടങ്ങളിലെ മാതൃദായ സമ്പ്രദായങ്ങളിൽ ബുണ്ടോ കണ്ടുവാങ്ങിന്റെ പങ്കും സ്ഥാനവും സംബന്ധിച്ചുള്ള പഠനം നിർണായകമാണ് .

വിവരണാത്മക വിശകലന രീതിയാണ് ഈ പഠനത്തിൽ ഉപയോഗിച്ചിരിക്കുന്നത് പടിഞ്ഞാറൻ സുമാത്രയിലെ പതാങ് പത്താങ്ങിലെ സെൻറർ ഓഫ് മീനങ്കബാവു കൾച്ചറൽ ഇൻഫർമേഷനിലും പതാങ് സിറ്റിയിലെ ആദിത്യ വർമ്മൻ മ്യൂസിയത്തിലും നടത്തിയ നിരീക്ഷണങ്ങളും ഇൻറർവ്യൂവും ഉൾപ്പെടുന്ന ഗവേഷണ രീതിയും ലൈബ്രറി ഗവേഷണ രീതി



ഉപയോഗിച്ചു നടത്തിയ ഗവേഷണങ്ങൾ : അതായത് സൈദ്ധാന്തിക പഠനങ്ങൾ അപഗ്രഥിക്കുകയും കുലീനതയെ കുറിച്ചുള്ള മീനങ്കാബാവു പഴഞ്ചൊല്ലുകളുടെ അർത്ഥ വ്യാഖ്യാനം എന്നിവ ഉൾപ്പെടുന്ന ഗവേഷണ രീതിയാണ് പഠനത്തിൽ ഉപയോഗിച്ചിട്ടുള്ളത് ഗവേഷണങ്ങളെ കൂടാതെ ഈ പഠനം മീനങ്കബാവ് സ്ത്രീകൾ സ്വഭാവ വിദ്യാഭ്യാസ നടത്തുന്നവരാണ് എന്ന് കണ്ടു സ്വഭാവ വിദ്യാഭ്യാസം എന്ന സങ്കൽപത്തെ വിശകലനം ചെയ്യുന്നു

### വിശകലനം

സ്വന്തം കടമയിലൂടെ ബുണ്ടോ കണ്ടു വാങ്ങിന് ദൈനംദിന ജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കാനുള്ള തന്റെ കഴിവുകൾ കാണിക്കാൻ പറ്റും. ഇത് ചെയ്യാൻ അവൾ പുതിയ കാര്യങ്ങൾ പഠിക്കുകയും മനസ്സിലാകാത്ത കാര്യങ്ങൾ ചോദ്യങ്ങൾ ചോദിക്കുകയും മറ്റുള്ളവരെ സഹായിക്കുകയും മറ്റും ചെയ്യുമെന്നും തീരുമാനിക്കണം. ഒരു മീനങ്കബാവ് പഴഞ്ചൊല്ല് അവളെ 'കപെക്ക് കാകി റിംഗാൻ ടിംഗാൻ' എന്നു പരാമർശിക്കുന്നു. അതായത് അവൾ നിപുണയും ചടുലയും ആയിരിക്കണം അവളുടെ ആളുകൾ അവളെ സ്നേഹിക്കുന്നു. വീട്ടുജോലികൾ ആയ പാചകം വീട് വൃത്തിയാക്കൽ തുടങ്ങിയവയിൽ അവളുടെ പങ്കിനെ ഉദ്ദേശിച്ചുള്ളതാണ് ഈ പഴഞ്ചൊല്ല്. ദിവസവും ചെയ്യുന്ന വീട്ടുജോലികൾ സ്ത്രീയുടെ മനോഭാവത്തെ പ്രതിഫലിപ്പിക്കുന്നു. വീടു വൃത്തിയായും ശുചിയായും സൗന്ദര്യത്തോടെയും സൂക്ഷിക്കുന്നതിന് വേണ്ടി ഗൃഹോപകരണങ്ങൾ ക്രമീകരിക്കുന്നതിൽ ഉള്ള വൈദഗ്ധ്യം, ഭക്ഷണപദാർത്ഥങ്ങൾ തീൻമേശയിൽ വിളമ്പി വയ്ക്കുന്ന രീതി (കാണുന്ന ഇയാൾക്ക് വിശപ്പ് തോന്നി എന്ന രീതിയിൽ ), ഭക്ഷണത്തിനു മുന്നിൽ ഇരിക്കുന്നവരെ ബഹുമാനിക്കുക തുടങ്ങിയ കാര്യങ്ങൾ ഇതിൽ ഉൾപ്പെടും. മമാക്ക്, രംഗ് സുമെണ്ടോ, ആൺമക്കൾ എന്നിവർക്കാണ് ഭക്ഷണം വിളമ്പുക. വിളമ്പുന്ന ചോറ് നന്നായി ക്രമീകരിക്കണം. ചോറ് ഒരു കൂന പോലെ നടുവിൽ കുറച്ചു ഉയർന്ന രീതിയിൽ വേണം വിളമ്പാൻ.

പാത്രത്തിന് അരികിലുള്ള ചോറ് ഒരു ഉറുമ്പിൻ കൂട്ടം നടന്നു പോകുന്ന രീതിയിൽ വെക്കണം. മീനങ്കാബാവ് പഴഞ്ചൊല്ലുകളിൽ ഒന്നിൽ ഇത് പരാമർശിക്കപ്പെടുന്നു.

'ടി ടാപ്പി സമുയിക് ബൈ രിയാങ് ഡി തങ്ക അവാൻ ബാജുമ്പോ' അതുപോലെ കറികളും പച്ചക്കറിയും ഭംഗിയായി വിളമ്പണം. സോസ് പാത്രത്തിന് പുറത്തേക്ക് ഒഴുകരുത്. അങ്ങനെ പുറത്തേക്ക് ഒഴുകിയാൽ കറി കൂടുതൽ ഇളക്കിയിട്ട് ഉണ്ടെന്നതിന്റെ സൂചനയാണത്. വിഭവങ്ങൾ എല്ലാം ചിട്ടയായി ഒരുക്കിവെച്ചിരിക്കുന്നു ഭക്ഷണം കഴിക്കുന്നവരും വൃത്തിആയിട്ടാണ് ഇരിക്കുക. വെള്ളം വയ്ക്കുന്ന ഫിംഗർ ബൗൾ പത്രത്തിന്റെ വ

ലതുഭാഗത്തും ഗ്ലാസ് ഇടതുഭാഗത്താണ് വയ്ക്കുക. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് പരിമിതികളുണ്ടെങ്കിലും അവരുടെ ജോലികൾ പൂർത്തിയാക്കുന്നതിൽ അവർ ചടുലത ഉള്ളവരായിരിക്കണം.അടുക്കളയിൽ പാചകം ചെയ്യുമ്പോൾ മൂർച്ചയുള്ള ഉപകരണങ്ങളും കത്തി അല്ലെങ്കിൽ മറ്റ് അപകടം ഏറിയ ഉപകരണങ്ങളും ഉപയോഗിക്കുമ്പോൾ സ്വയം പരിക്കേൽക്കാതെ ഇരിക്കാൻ അവർക്ക് വേഗത്തിലും കൃത്യതയിലും കഴിയണം. അടുക്കളയിൽ അവ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യണം അല്ലെങ്കിൽ അവരുടെ ഭക്ഷണം കരിഞ്ഞു പോകും. വീടിനു തീ പിടിക്കും .

ഒരു ലിംഗം മറ്റൊരു ലിംഗത്തിന് മേൽ ആധിപത്യം സ്ഥാപിക്കുമ്പോൾ ആ സമൂഹം കൈവരിച്ച സാമൂഹിക സന്തുലിതാവസ്ഥ തകരും, അതായത് അവരുടെ പങ്കാളിത്തത്തിൽ സ്ത്രീയും പുരുഷനും തുല്യരാണ്. 'അമ്മ മാമക്' എന്നീ സ്ഥാപനങ്ങൾ സന്തുലിതമായി പ്രവർത്തിക്കുന്നതിനായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മീനങ്കബാവ് പാരമ്പര്യ ഭവനത്തിൽ സ്ഥാപിതമാണ് അമ്മ എങ്കിൽ മീനങ്കബാവ് പാരമ്പര്യ ഹാളിൽ ( ബലായ് ആദത്ത് ) സ്ഥാപിതമാണ്. സ്ത്രീകൾ ഉടമസ്ഥാവകാശം നേടുമ്പോൾ പുരുഷൻ അധികാരം നേടുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. പാരമ്പര്യത്തിലും അതാത് സമൂഹത്തിൽ പുരുഷന്മാർ നേടിയ അധികാരം സർക്കാർ സംഘടനകളുടെയും നേതൃത്വത്തിന്റെയും രൂപത്തിലാണ്. അതേസമയം സ്ത്രീകൾക്ക് ലഭിച്ച ഉടമസ്ഥാവകാശം അവരുടെ ഗോത്രത്തിന് സ്വത്തുക്കളായ വീടുകൾ, ഭൂമി നെൽവയലുകൾ കൃഷിയിടങ്ങൾ കുട്ടികൾ എന്നിവയാണ്



പെൺ ഗുലു, ഇമാം, ഖത്തീബ്, ബിലാൽ മാലിൻ, മന്തി, ദുബലാങ്, വാലി നഗരി തുടങ്ങിയ സമൂഹത്തിലും പാരമ്പര്യത്തിലും ( അദാത്തു) പുരുഷന്മാർ നിർണായക സ്ഥാനം വഹിക്കുന്നു. എന്നിരുന്നാലും ഒരു തീരുമാനമെടുക്കുന്നതിനും നടപ്പാക്കുന്നതിനു മുമ്പ് അവർ സ്ത്രീകളുടെ ആഗ്രഹങ്ങളെ മാനിക്കണം ( റൗദ തായിബ് , 21-23) ഫെബ്രുവരി 2014 മീനങ്കാബാവ് പാരമ്പര്യമനുസരിച്ച് സമൂഹത്തിൽ പ്രധാനപ്പെട്ട സ്ഥാനമുള്ള കേന്ദ്ര വ്യക്തിത്വങ്ങളാണ് സ്ത്രീകൾ. സമൂഹത്തിലെ ഒരു നിയമ സ്ഥാപനമെന്ന നിലയിൽ അദത്തു (പാരമ്പര്യം) നിരവധി കടമകളും പ്രവർത്തനങ്ങളും ഒരേസമയം വഹിക്കുന്നൊരു ആദർശ വ്യക്തിയായി സ്ത്രീകളെഅവതരിപ്പിക്കുന്നു.ചില മീനങ്കാബാവ് പഴഞ്ചൊല്ലുകളും 'കബഡാൻ ആദത്' പ്രസംഗം പോലുള്ള വാമൊഴി പാരമ്പര്യങ്ങളിലും സ്ത്രീകളുടെ ഈ സ്ഥാനം വ്യക്തമാണ്. മീനങ്കാബാവ് പഴഞ്ചൊല്ലുകൾ വീടിനകത്തും പുറത്തും ആദർശ വനിതകളുടെ പങ്കും പ്രവർത്തനവും പൂർണമായി സംഗ്രഹിക്കുന്നു

1) ലിം പ പെ റുമാഹ് നാൻ ഗ്രേ ഡാ ജ് എന്ന നിലയിൽ ബുണ്ടോ കണ്ടു വാങ് 2 ) ഉമ്പുൻ പുരുക് പഗംഗൻ കഞ്ചി' എന്ന നിലയിൽ ബുണ്ടോ കണ്ടുവാങ് 3) 'പുസക് ജലോ കമ്പുളൻ താലി' എന്ന നിലയിൽ ബുണ്ടോ കണ്ടു വാങ് 4) 'സുമരത് ദാലം നഗരി ഹൈസൻ ദാലം കച്ചുവാങ്' . 5) 'നൻ ഗഡാങ്' ബസ്ബതുവാ എന്ന നിലയിൽ ബുണ്ടോ കണ്ടുവാങ് .

മേൽസൂചിപ്പിച്ച പഴഞ്ചൊല്ലുകൾ ബുണ്ടോകണ്ടുവാങ്ങിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്.

മീനങ്കാബാവ് സമൂഹത്തിൽ അമ്മയ്ക്ക് സവിശേഷവും സുപ്രധാനമായ പങ്കുണ്ട് അമ്മയെ 'ലിംപാച്ചേ റുമാ നാൻ ഗഡംഗേ' എന്നു അടയാളപ്പെടുത്തുന്നു. അമ്മയുടെ നിർണ്ണായക സ്ഥാനത്തെ സൂചിപ്പിക്കുന്നതാണ് ഇത്. പുതിയയുടെ (2003:291) അഭിപ്രായമനുസരിച്ച് മീനങ്കാബാവിലെ മാതൃദായക്രമം ആരംഭിക്കുന്നത് പ്രകൃതിയെ അനുകരിച്ചു കൊണ്ടാണെന്നാണ്. പുരാതന മീനങ്കാബാവിലെ ആളുകൾ പ്രകൃതിയെ നിരീക്ഷിച്ചപ്പോൾ മനസ്സിലായത് ,

അമ്മച്ചെടിക്കു സമീപം കുഞ്ഞു ചെടികൾ വളരുന്നു എന്നും പിതാവ് അജ്ഞാതൻ ആണെന്നുമായിരുന്നു. കൂടാതെ മൃഗങ്ങളിലും കുഞ്ഞുങ്ങളെ വളർത്തുകയും ഭക്ഷണം നൽകുകയും കൂട്ടമായി കൊണ്ടുനടക്കുകയും ചെയ്യുന്നത് അവയുടെ അമ്മയാണ്. പിതാവിനെ അവ ഇടയ്ക്ക് മാത്രം കാണുന്നു. എന്നാൽ ശത്രുക്കളിൽനിന്ന് സംരക്ഷിക്കുന്നത് പിതാവാണ്. ബുദ്ധിയുള്ള ജീവികൾ എന്ന നിലയിൽ മനുഷ്യവർഗ്ഗം മൃഗങ്ങളെക്കാൾ ബുദ്ധിയുള്ളവർ, പക്ഷെ അമ്മ തന്നെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നു മുലയൂട്ടുന്നു തീറ്റ നൽകുന്നു അവയെ പരിപാലിക്കുന്നു. അവർക്ക് അവളോട് കൂടുതൽ അടുപ്പം ഉണ്ടാകുന്നു. ഇസ്ലാമിന്റെ ആവിർഭാവത്തോടെ മീനങ്കാബാവിലെ ജീവിത തത്വ ശാസ്ത്രം ഇസ്ലാമിക നിയമത്തിൽ സ്ഥാപിതമായ പാരമ്പര്യം, ഖുർആനിൽ സ്ഥാപിതമായ ഇസ്ലാമിക നിയമം എന്നിവ ഉപയോഗിച്ച് പരിഷ്കരിക്കപ്പെട്ടു.



മാതൃദായക്രമം പിന്തുടർന്നെങ്കിലും മീനങ്കാബാവ് സമൂഹം താവഴിയുള്ള ദായക്രമം നിർബന്ധമായും നടപ്പാക്കിയിരുന്നില്ല. അമ്മ വഴി വംശപരമ്പര കണ്ടെത്തുന്നതിൽ മാത്രമാണ് ഈ സംവിധാനം പ്രയോഗിക്കുന്നത്. അതേസമയം സ്വത്തിന്റെ അധികാരം ഇപ്പോഴും പുരുഷന്മാർക്കും അമ്മമാരുടെ സഹോദരങ്ങൾക്കും പുരുഷ ഗോത്ര നേതാക്കൾക്കും ഉള്ളതാണ്.

'കാമനകൾ ബരാൻഡോ കാ മാമത്' എന്ന പഴഞ്ചൊൽ ഈ സമ്പ്രദായത്തോട് യോജിക്കുന്നു. 'മാമക്' അല്ലെങ്കിൽ അമ്മയുടെ ജേഷ്ഠൻ ഒരു ചെറിയ മാതൃ കുടുംബയൂണിറ്റിന്റെ (ജുറൈ) അധികാരമുണ്ട്. ഒരു വലിയ മാതൃ കുടുംബ യൂണിറ്റിന് ഉള്ളിൽ (പാരുക്ക്) പുരുഷന്മാർ കപേലോ ചാരുത / പെൻഘുഘു ആണ്ടിഗോ എന്ന പദ്ധതിയുടെ അധികാരം നിലനിർത്തുന്നു. ഏറ്റവും പഴക്കം ചെന്ന ഒരു മാതൃകുടുംബം യൂണിറ്റിലെ യൂണിറ്റായ ജുറൈയിൽ നിന്നാണ് കപാലോ പാരൂക്ക് നെ തിരഞ്ഞെടുക്കുന്നത് . മീനങ്കാബാവ് സമൂഹത്തിലെ മാതൃദായക്രമം മാതൃദായ സമ്പ്രദായം അല്ല മറിച്ച് അമ്മയുടെ ആങ്ങളമാർക്ക് അധികാരം കൈവശം ഉള്ളതിനാൽ ഒരു പുരുഷാധിപത്യം ആണ്. എന്നിരുന്നാലും ഗസൽ ബയുടെ (1967: 290) അഭിപ്രായത്തിൽ മീനങ്കാബാവ് മാതൃദായ സമ്പ്രദായത്തിന് മാതൃദായക്രമത്തിനു സമാനമായ സ്വഭാവവിശേഷങ്ങൾ ഉണ്ടായിരുന്നു.

1 ) ബന്ധുത്വം അമ്മ വഴി അടയാളപ്പെടുത്തിയിരിക്കുന്നു
2) സ്ത്രീ ബന്ധുക്കളിലൂടെ ബന്ധുത്വം വഴി പാരമ്പര്യ സ്വത്ത് കൈമാറുന്നു.
3) നവദമ്പതികൾ ഭാര്യയുടെ വീടിനുസമീപം താമസിക്കുന്നു
4) സാമൂഹിക ജീവിതത്തിൽ സ്ത്രീകൾ ഉയർന്ന സ്ഥാനം വഹിക്കുന്ന. ഈ സ്ഥിതി വിശേഷങ്ങളെല്ലാം മീനങ്കാബാവ് സമൂഹിക ഘടനയ്ക്ക് ബാധകമാണ്.

ഇത് ചുവടെപ്പറയുന്ന വസ്തുതകളെയാണ് വീണ്ടും വീണ്ടും ഊന്നിപ്പറയുന്നത്

എ) വീട് സ്ത്രീകളുടേതാണ്
ബി) പുരുഷന്മാർക്ക് വീടില്ല
സി) രാഷ്ട്രീയ സംവിധാനം സ്ത്രീകളുടെ വിവേചനശേഷി ആദർശങ്ങൾ ആവശ്യങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു
ഡി) സ്ത്രീക്ക് സ്വത്ത് പാരമ്പര്യമായി ലഭിക്കും. അതിന്റെ വിനിയോഗത്തെ കുറിച്ചു പുരുഷ ബന്ധുക്കളുമായി ആലോചിച്ചശേഷം തീരുമാനമെടുക്കാനുള്ള അധികാരം സ്ത്രീക്ക് ഉള്ളതാണ്.
ഇ) കുട്ടിയുടെ മേലുള്ള അമ്മയുടെ അധികാരം അവരുടെ ആങ്ങള മാർക്ക് വിട്ടു നൽകിയിട്ടുള്ളതാണ്
എഫ് )വിവാഹനിശ്ചയം നിർദേശവും സ്ത്രീധനവും സ്ത്രീയുടെ ഭാഗത്തുനിന്ന് വരുന്നു.

എൽഫി റേയുടെ (2014:1 )ഒന്ന് കാഴ്ചപ്പാടിൽ മീനങ്കബാവ് മാതൃദായ ക്രമം പിന്തുടരുന്നു എന്ന വീക്ഷണത്തിന് ആധാരം പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ഡച്ചു സർക്കാർ ഈ പദം സാധാരയായി ണഉപയോഗിച്ചിരുന്നത് മുതലാണ്. എന്നിരുന്നാലും ചില പാശ്ചാത്യ നരവംശശാസ്ത്രജ്ഞർ ഈ വാദം തള്ളിക്കളയുന്നു. കാരണം അപ്രകാരം ഇപ്പോഴും സഹോദരൻ അമ്മയുടെ അമ്മാവൻ എന്നീ സ്ഥാനങ്ങളിൽ ഉള്ള പുരുഷന്മാരുടെ കൈകളിലാണ് അധികാരം. ഇതിനാൽ തന്നെ മാതൃയായ ബന്ധുത്വ സമ്പ്രദായം മാതൃദായക്രമം അല്ല.

ഇന്തോനേഷ്യയിലെ ഏറ്റവും പഴയ ബന്ധുത്വ സംവിധാനമായി മാതൃദായക്രമം കണക്കാക്കപ്പെടുന്നു. ഹാക്കിമി (1977 : 38) പറയുന്നത് മീനങ്കാബാവിൽ ഇസ്ലാംമതം വരുന്നതിന് വളരെ മുമ്പുതന്നെ ഈ സമ്പ്രദായം നിലനിന്നിരുന്നു. ലോകത്തു മീനങ്കബാവ് നിലനിൽക്കുന്നിടത്തോളം അത് തുടരുമെന്നാണ്. അമ്മമാർ പാരമ്പര്യത്തിലും മതത്തിലും സുപ്രധാനമായ പങ്കു വഹിക്കുന്നു എന്നു മീനങ്കാബാവ് സമൂഹം വിശ്വസിക്കുന്നു. അവർ കുഞ്ഞുങ്ങളെ പ്രസവിച്ചു വളർത്തുന്നവർ മാത്രമല്ല വരുംതലമുറയ്ക്ക് അറിവ് പകർന്നു കൊടുക്കുന്ന അധ്യാപികമാരും കൂടി ആണ്. ഈ സുപ്രധാന കാരണം അവരെ അനുകമ്പ, കരുതൽ അന്തസ്സ് മര്യാദ എന്നീ ഗുണങ്ങളുള്ള വ്യക്തികൾ ആക്കി മാറ്റുന്നു. ഈ ലോകത്ത് മത്സരിക്കാനായി വരും തലമുറകളിലും സദ്ഗുണങ്ങൾ വളർത്തിയെടുക്കാൻ ഈ നാല് ഗുണങ്ങൾ അത്യന്താപേക്ഷിതമാണ്. മാതൃദായക്രമത്തിലുള്ള ബന്ധുത്വ സമ്പ്രദായം ഉള്ള ഒരുഗോത്രവിഭാഗം എന്ന നിലയിൽ, മീനങ്കബാവ് ആളുകൾ മാത്രമല്ല ഈ മാതൃദായസംവിധാനം പിന്തുടരുന്നത്. ലോകത്ത്മറ്റു 39 മാതൃദായക്രമമുള്ളസമൂഹങ്ങളുണ്ട്. എന്നിരുന്നാലും അവരുടെ ബന്ധുത്വ സമ്പ്രദായം മീനങ്കബാവ് ജനതയുടേത് പോലെയല്ല.



മീനങ്കബാവിലെ സ്ത്രീകളുടെ രാഷ്ട്രീയനേതൃത്വം കുടുംബത്തിലും ഗോത്രത്തിലും ബന്ധുത്വത്തിലും കാണപ്പെട്ടു. അവരുടെ വംശത്തിന്റെ തുടർച്ച നിർണ്ണതയിക്കുന്നതിലും അധികാരം നിയന്ത്രിക്കുതിലും സ്ത്രീകൾ ഒരു കേന്ദ്രസ്ഥാനം വഹിക്കുന്നു. എന്നിരുന്നാലും, ഇതുവരെ രാഷ്ട്രതന്ത്രം കുടുംബത്തെ ഏറ്റവും ചെറിയ സാമൂഹിക ഘടകമായി കണക്കാക്കിയിട്ടില്ല. അതിനാൽ കുടുംബത്തെ ഒരു ഉപവിഭാഗമായി ചർച്ചചെയ്യുന്ന രാഷ്ട്രീയ തത്വങ്ങളെ സംബന്ധിച്ച പുസ്തകങ്ങൾ കണ്ടെത്തുത് എളുപ്പമല്ല.

അങ്ങനെ അധികാരത്തെ ഒരു കേന്ദ്രീകൃത സംവിധാനമൊ രാജ്യത്തിനുള്ളിലെ വിവിധ സ്ഥാപനങ്ങളുടെ കൂടെയോ വ്യാഖ്യാനിക്കുതിനു വിപരീതമായി, മീനാങ്കബാവ് സമൂഹത്തിലെ അധികാര സങ്കല്പം ഫൂക്കോ നിർദ്ദേശിക്കുന്നത് പോലെയാണ്. അതായത് പ്രത്യേക ചെറു അധികാരങ്ങളിൽ നിന്നും രൂപം കൊണ്ട് ഒരു പ്രത്യേക സമൂഹത്തിലെ സങ്കീർണ്ണ തന്ത്രത്തിന്റെ മാതൃകയാണ് അധികാരം. മീനാങ്കബാവ് സംസ്കാരത്തിലെ അധികാരം എന്ന ആശയം പ്രകൃതിയിൽ നിന്നും ഉത്ഭവിക്കുന്ന ഏകതാനകമായ അധികാരമാണ്.

മീനാങ്കബാവിലെ സ്ത്രീയുടെ അധികാരം പൊതു/ഔപചാരിക/ വ്യക്തിതാല്പര്യമില്ലാത്തതെങ്കിലും വ്യക്തിപരമാണ്. അധികാരം വ്യക്തിപരമായും അല്ലെങ്കിൽ നയതന്ത്രപരമായും നിർണ്ണയിക്കാനാകും. വിലപേശൽ പ്രക്രിയ യഥാർത്ഥത്തിൽ ഏറ്റവും സ്വകാര്യ സ്ഥലത്ത്, അതായത് കിടപ്പുമുറിയിൽ പോലും സംഭവിക്കാം. കൂടാതെ കുടുംബത്തിലെ (മൈക്രോ) ഈ പ്രത്യേക അധികാരങ്ങൾ പൊതു (മൈക്രോ) ഇടങ്ങളി

ലേക്ക് വ്യാപിപ്പിക്കാൻ കഴിയുന്നത്, മാട്രിഫോക്കൽ നെറ്റ്‌വർക്കുകളിലൂടെയാണ്. അമ്മമാർക്ക്  എല്ലായ്പ്പോഴും അവരുടെ ഇടയിൽ ശക്തമായ ഒരു ശൃംഖലയുണ്ട്. അത് അവരുടെ സാമൂഹികവല്ക്കരണ ശീലങ്ങൾക്കൊപ്പം വികസിക്കും. പലപ്പോഴും, കിടക്കയിൽ അവരുടെ ഭർത്താക്കന്മാരുമായുള്ള അവരുടെ സംഭാഷണങ്ങൾ ഈ സാമൂഹ്യബന്ധങ്ങളിലേക്ക് വിരൽചൂണ്ടുന്നു. അതിനാൽ, അവരുടെ ഭാര്യമാർ അവരുടെ നെറ്റ്‌വർക്കിൽ എത്ര നയതന്ത്രജ്ഞരാണ് എന്നതിനെ ആശ്രയിച്ച് അവരുടെ ജോലിയിൽ ഭർത്താക്കന്മാരുടെ സ്ഥാനം കൂടുതലും നിർണ്ണയിക്കപ്പെടുമെന്ന് അർത്ഥമുണ്ട്. ഒരിക്കലും ഒത്തുപോകാത്ത ഭാര്യമാരെ ഒറ്റപ്പെടുത്തുകയും, ഭർത്താക്കന്മാരുടെ ഓഫീസിലെ തീരുമാനങ്ങൾ നിർണ്ണയിക്കുന്നതിൽ അവരുടെ പ്രവേശനം നിഷേധിക്കുകയും ചെയ്യും.



സ്ത്രീകൾ ഔപചാരികമായ പെരുമാറ്റരീതികൾ പ്രകടിപ്പിക്കുന്ന അനുഭവപരമായ വസ്തുതകൾ സൂചിപ്പിക്കുന്നു. അതിനാൽ അവരുടെ അധികാരം അല്ലെങ്കിൽ ശക്തി പൊതുജനങ്ങൾക്ക് അദൃശ്യമായ തിരശ്ശീലക്കു പിന്നിൽ നില്ക്കുന്നു (ക്രിസ്റ്റീന എസ്. ഹാൻഡ  യാനി, 2004:24) രാഷ്ട്രീയനരവംശശാസ്ത്രം, പരമ്പരാഗത സമൂഹങ്ങളിൽ കുടുംബത്തെ സാമൂഹ്യവ്യവസ്ഥിതിയായി അംഗീകരിച്ചിട്ടുണ്ടെങ്കിലും രാഷ്ട്രീയനരവംശശാസ്ത്രത്തിൽ കുടുംബത്തെ സമൂഹത്തിന്റെര രാഷ്ട്രീയചിഹ്നമായി പരിശോധിക്കുന്നു. കൂടാതെ സമൂഹത്തിൽ മതത്തിന്റെ  പങ്ക്, വിവിധ തരം നേതൃത്വങ്ങൾ, പാരമ്പര്യവാദം, അധികാര വിഭജനം, ആധുനിക അന്താരാഷ്ട്ര സംവിധാനത്തിൽ വിവിധ സംസ്ഥാനങ്ങളുമായുള്ള ബന്ധങ്ങൾ എന്നിവയും അപഗ്രഥിക്കുന്നു. അങ്ങനെ, നരവംശശാസ്ത്രത്തിലെ പ്രധാനഘടകമായി കുടുംബമെന്ന സങ്കല്പത്തെ അത് തിരസ്കരിക്കുന്നു. അമ്പതുകൾ വരെ കുടുംബമെന്ന സ്ഥാപനം അടിസ്ഥാനപരമായ സാമൂഹിക യൂണിറ്റായി സാമൂഹ്യശാസ്ത്ര പഠന മേഖലയിൽ ഉൾപ്പെട്ടിരുന്നു. കുടുംബത്തെ സമൂഹത്തിന്റെ വിത്തായി കണക്കാക്കപ്പെട്ടിരുന്നു. എന്നിരുന്നാലും പാശ്ചാത്യ സമൂഹത്തിൽ അറുപതുകളിൽ മതേതരവല്ക്കരണത്തിന്റെ ആവിർഭാവവും സാമൂഹ്യ ശാസ്ത്രങ്ങളുടെ മതേതര വല്ക്കപരണവും കൊണ്ട്, കുടുംബം ചരിത്രവികാസത്തിന്റെ  ഫലമായി കണക്കാക്കപ്പെട്ടു. അതിൽ വിശുദ്ധമായ ഒന്നുമില്ല(ഹിബ്ബ റൗഫ് ഇസാത്, 1997:140).

മിനാങ്കബാവ് സമൂഹം ഇപ്പോഴും കുടുംബത്തെയും ബന്ധുക്കളെയും പവിത്രമായി കണക്കാക്കുന്നു. കുടുംബത്തിൽ യോജിപ്പുള്ള ജീവിതവും കെട്ടുറപ്പും യാഥാർത്ഥ്യമാകാൻ സ്ത്രീകൾ അവരുടെ തൊഴിൽ സംബന്ധിച്ച് പെരുമാറുന്നതിലും തീരുമാനമെടുക്കുന്നതിലും എപ്പോഴും സാമൂഹ്യ മാനദണ്ഡങ്ങളും സ്വീകാര്യതയും യുക്തിയും മനസ്സും(ബുഡി. ദാൻ സാംഗ്കോ) മതപരമായ മൂല്യങ്ങളും മാനദണ്ഡങ്ങളും പാലിക്കണമെന്ന അർത്ഥം വരുന്ന ‘അദാത് ബസന്തി സ്യാരാക്, സ്യാരാക് ബസന്തി കിത്താബുള്ള’ അടിസ്ഥാനമാക്കിയുള്ള പ്രകൃതിയിൽ നിന്നും  പഠിക്കുക(അലം തക്കംബാംഗ് ജാഡി ഗുരു) എന്ന തത്വചിന്തയിൽ അനുസൃതമായി ജീവിക്കണം. ഇതനർത്ഥം  മിനാങ്കബാവിലെ സ്ത്രീകൾ വലിയ സാംസ്കാരികഭാരം വഹിക്കുന്നു എന്നതുതന്നെ ഇതിനു വ്യത്യസ്തമായി നോർവെയിൽ സ്ത്രീകൾ മീനാങ്കബാവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറഞ്ഞ സാംസ്കാരികഭാരമാണ് വഹിക്കുത്. ഉദാഹരണത്തിന് വിവാഹമെന്ന  വ്യവസ്ഥിതി താഴയപ്പെട്ടു അതിനാൽ ഇത്തെ കുട്ടികളിൽ പകുതിയും അവിവാഹിതരായ അമ്മമാർക്ക്  ജനിക്കുന്നു. പെറ്റേഴ്സ പ്രദേശത്ത് 82% ദമ്പതിമാർക്കും വിവാഹബന്ധത്തിലൂടെയാണ് അവരുടെ ആദ്യ കുട്ടി പിറക്കുന്നത്. ഈ

കണക്ക് സ്വീഡനും ഡെന്മാർക്കിനും തുല്യമാണ്. പല ദമ്പതികളും അവരുടെ ആദ്യത്തെ അല്ലെങ്കിൽ രണ്ടാമത്തെ കുട്ടിയുടെ ജനനത്തിനുശേഷം വിവാഹിതരാകുമെങ്കിലും സ്കാൻഡിനേവിയയുടെ ചിലഭാഗങ്ങളിൽ ആളുകൾ വിവാഹമെന്ന വ്യവസ്ഥിതി ഏതാണ്ട് ഉപേക്ഷിച്ചു.

എന്നിരുന്നാലും സ്കാൻഡിനേവിയൻ രാജ്യങ്ങളിലെ കുടുംബ നയങ്ങൾ എല്ലായ്പ്പോഴും സ്ത്രീകൾക്ക് അനുകൂലമാവുന്നില്ല. ഭരണത്തിൽ (രാഷ്ട്രീയം) വിജയിച്ചിട്ടുണ്ടെങ്കിലും, സ്ത്രീ തൊഴിൽ അന്വേഷകർക്ക് സ്വകാര്യമേഖലയിൽ ജോലി ലഭിക്കുത് ബുദ്ധിമുട്ടാണ്. സ്ത്രീകളെ നിയമിക്കാനോ പ്രോത്സാഹിപ്പിക്കാനോ കമ്പനികൾ വിമുഖത കാണിക്കുന്നില്ല. കാരണം, സ്ത്രീകൾക്ക് ചിലപ്പോൾ കുട്ടികളെ വളർത്താൻ തൊഴിൽ ഉപേക്ഷിക്കേണ്ടി വരാം. സ്ത്രീകൾ എപ്പോഴും പുരുഷന്മാരെ ആശ്രയിക്കരുത്, അവർക്ക് അവരുടെ പങ്കാളികൾക്കും കൂട്ടുകാർക്കും ഉള്ള അതേ അവകാശങ്ങളുണ്ട്. ഈ പഠനം സമത്വവും പ്രാതിനിധ്യവും തമ്മിലുള്ള വിടവ് കണ്ടെത്തുന്നു.

കാരണം സമത്വവാദവും പൊതുതിരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് ലഭിക്കുന്ന വോട്ടുകളും തമ്മിൽ കാര്യകാരണബന്ധമില്ല. സാഹചര്യങ്ങള്ക്കടനുസൃതമായി രാഷ്ട്രീയസ്ഥാനങ്ങളിലേക്ക് മത്സരിക്കുതിൽ സ്ത്രീകളുടെ താല്പര്യവും രാഷ്ട്രീയ അവബോധവുമായി ഇത് അടുത്തു ബന്ധപ്പെട്ടിരിക്കുന്നു. ഫീൽഡ് പഠനങ്ങളിൽ നിന്നും വനിതാ നേതാക്കളുമായി നടത്തിയ ആഴമേറിയ അഭിമുഖങ്ങളിൽ നിന്നും നിരവധി സ്ത്രീകൾന്ന ഉയർ വിദ്യാഭ്യാസമുള്ളവരാണെന്ന് കണ്ടെത്തി. അതായത് പലരും പ്രഫസർമാർ, ഡോക്ടർമാർ, നിയമ ബിരുദധാരികൾ, സോഷ്യൽ സയൻസ് ബിരുദധാരികൾ തുടങ്ങിയവർ. എന്നിരുന്നാലും, അവരിൽ പലർക്കും രാഷ്ട്രീയത്തിൽ താല്പര്യമില്ല. 2004ലെ പൊതുതിരഞ്ഞെടുപ്പിൽ ഇതു വ്യക്തമായി. അതിൽ വളരെ കുറച്ചുപേർ മാത്രമേ രാഷ്ട്രീയസ്ഥാനങ്ങളിലേക്ക് മത്സരിച്ചുള്ളൂ.




രാഷ്ട്രീയത്തിൽ ചേരാനുള്ള സ്ത്രീകളുടെ തീരുമാനത്തെക്കുറിച്ച് കുറഞ്ഞത് നാലു വിശദീകരണങ്ങളെങ്കിലും ഉണ്ട്. ഘടനാപരം, സ്ഥാപനപരം, സാംസ്കാരികം, മതപരം, ഏജൻസി. മീനാങ്കബാവ് സ്ത്രീകൾ പാർലമെണ്ടിൽ താഴ്ന്ന സ്ഥാനം വഹിക്കുന്നു. കാരണം (1) അവർക്ക് അതിന് കഴിയുില്ല( അവർക്ക് വിഭവങ്ങളില്ല) (2) അവർക്ക് സാധ്യതയില്ല( അവർക്ക് താല്പര്യമില്ല) (3) ആരും അവരോട് ആവശ്യപ്പെടുന്നില്ല( അവർക്ക് നെറ്റ്‌വർക്കില്ല)(4) നിയമങ്ങൾ( ഭരണഘടന) അവരെ തടയുന്നു.

മീനാങ്കബാവ് ഒരു പങ്കാളിത്ത സമൂഹമാണ്. മാതൃദായ പാരമ്പര്യത്തിന്റെ രീതികളുടെ അടിസ്ഥാനത്തിൽ ഒരു സാമൂഹിക സന്തുലനമായി പ്രവർത്തിക്കുന്നു. പാശ്ചാത്യർ മാതൃദായക്രമത്തെ സ്ത്രീയുടെ അധികാരമായി നിർവചിക്കുന്നു. പുരുഷാധിപത്യത്തിന്റെ നേർ എതിർ ചിത്രം എന്ന തരത്തിൽ മാതൃദായക്രമത്തിന്റെ നിർവചനം രണ്ടു തെറ്റായ അനുമാനങ്ങളെ അടിസ്ഥാനമാക്കിയിയുള്ളതാണ്. സമൂഹത്തിൽ ഒരു പ്രധാന സ്ഥാനം വഹിക്കുന്നതിൽ സ്ത്രീകൾ പുരുഷന്മാരെ പോലെ ആയിരിക്കണം

എന്നതാണ്  ആദ്യ അനുമാനം. രണ്ട് ലിംഗക്കാർക്കുമുള്ള സാമൂഹികപദവി സാമൂഹിക അംഗീകാരത്തെ മാത്രം അടിസ്ഥാനമാക്കിയുള്ളതാണ്. നമുക്ക് അറിയാവുന്നത് പോലെ, ഇത് എല്ലായ്പ്പോഴും ജനങ്ങളുടെ മേലുള്ള അധികാരമാണ് എന്നതാണ് രണ്ടാമത്തെ അനുമാനം. ഈ രണ്ടു അനുമാനങ്ങളും മീനാങ്കബാവിലെ ദൈനംദിന ജീവിതത്തിലെ ജനാധിപത്യമൂല്യങ്ങളുടെ പങ്കുമായും മാതൃത്വത്തിന്റെ  അർത്ഥവുമായും പൊരുത്തപ്പെടുന്നില്ല.


സ്ത്രീയുടെ അധികാരത്തിന്റെ അടിസ്ഥാനത്തിൽ മാതൃദായ സമ്പ്രദായത്തെ നിർവചിക്കുന്നത്, അല്ലെങ്കിൽ അമ്മദേവതകളെ മാത്രം പരാമർശിക്കുന്നത് പങ്കാളിത്ത സമൂഹങ്ങളിൽ സ്ത്രീകളുടെ യഥാർത്ഥവും പ്രതീകാത്മകവുമായ പങ്കുകളുടെ സാമൂഹിക സങ്കീർണ്ണിതകളെ അവഗണിക്കുന്നു. സമൂഹത്തിലും സ്വർഗ്ഗത്തിലും സ്ത്രീകൾ ഭരണാധികാരികളാകുന്നില്ല. മുഖ്യധാരാ പണ്ഡിതന്മാർക്ക് സാർവ്വത്രിക പുരുഷമേധാവിത്വം അവകാശപ്പെടാനും കഴിയും. ഇതിന്റെ അന്തിമഫലം: അഹങ്കാരവും അതിക്രമവും യുദ്ധവുമാണ്. മറുവശത്ത് തുല്യത, മനുഷ്യാവകാശം, കുട്ടികളുടെ സംരക്ഷണം, ദാരിദ്ര്യം, പരിസ്ഥിതി സംരക്ഷണം എന്ന പേരിൽ പ്രവർത്തിയക്കുകയാണെങ്കിൽ ഏതു ലിംഗം ഭരിച്ചാലും അവർക്കു ഭാവിതലമുറയ്ക്ക് വേണ്ടി ലോകത്തെ സംരക്ഷിക്കാൻ കഴിയും.



സമ്പൂർണ്ണ അധികാരം ജനങ്ങൾക്കല്ല പകരം പാരമ്പര്യത്തിനാണ് (ആദത്). മാതൃകയായ പാരമ്പര്യം (ആദത്) പവിത്രവും മാറ്റമില്ലാത്തതുമായി കണക്കാക്കപ്പെടുന്നു. അമ്മയുടെ അമ്മാവന്മാർക്ക്  അധികാരമുണ്ട്. അതോടൊപ്പം ബുണ്ടോ കണ്ടുവാനും അധികാരമുണ്ട്. മാമാകും(മാതൃ അമ്മാവന്മാർ)ബുണ്ടോ കണ്ടുവാനും തമ്മിൽ പങ്കിടുന്ന അധികാരം പരസ്പരാശ്രിതത്വമാണ്. ഒരാൾക്ക്  മറ്റാളില്ലാതെ പ്രവർത്തിക്കാൻ കഴിയില്ല. ഇരുവരും പരസ്പരം ബഹുമാനിക്കുന്നു.

മിനാങ്കബാവുക്കാരുടെ താലി ബുഡി (നല്ല ബന്ധങ്ങൾ) അടിസ്ഥാനമാക്കിയുള്ള കാഴ്ചപ്പാടാണിത് (തൗഫിക് അബ്ദുള്ള, 1985:14). മിനാങ്കബാവു സമൂഹം സ്വീകരിച്ച സമത്വമൂല്യങ്ങൾക്കനനുസൃതമായി സ്ത്രീകളുടെയും പുരുഷന്മാരുടെയും സ്ഥാനം തുല്യമാണെന്നും സ്ത്രീകൾ അവരുടെ കുടുംബത്തിലും ഗോത്രത്തിലും ബന്ധുത്വ സമ്പ്രദായത്തിലും മമക്കിനോട് ഉയർന്നവരാണെന്നു വ്യക്തമാക്കുന്നു. എന്നിരുന്നാലും മുകളിൽ പറഞ്ഞ കാര്യങ്ങൾ അവരെ പരിമിതപ്പെടുത്തുതിനാൽ, രാഷ്ട്രീയമായ തെരഞ്ഞെടുപ്പുകൾ നടത്തുതിലും ഒരു രാഷ്ട്രീയ നിലപാട് എടുക്കുതിലും സ്ത്രീകള്ക്ക്  പൂർണ്ണസ്വാതന്ത്ര്യമില്ല. പാശ്ചാത്യസമൂഹം സ്വീകരിച്ച ദാർശനിക പശ്ചാത്തലം മിനാങ്കബാവു സമൂഹത്തിൽ നിന്നും  വ്യത്യസ്തമാണ്. ‘ആലം തകംബാങ് ഗുരു ’ അനുസരിച്ച് പ്രകൃതി ഘടകങ്ങളെ സ്ഥാപനങ്ങൾ, സമുദായങ്ങൾ, അല്ലെങ്കിൽ വ്യക്തികൾ തുടങ്ങിയവയായി വ്യാഖ്യാനിക്കുന്നു. അവയിലോരോരുത്തരും  പരസ്പരം സംയോജനത്തോടെ നിലനില്ക്കണം. പ്രകൃതിയിൽ എല്ലാ ഘടകങ്ങൾക്കും  വ്യത്യസ്ത സ്ഥലങ്ങളും കടമകളും ഉണ്ട്(എ .എ. നാവിസ്, 199:129).

മിനാങ്കുബാവിലെ സ്ത്രീകൾ ഒരു കേന്ദ്രസ്ഥാനം വഹിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ തെക്കുകിഴക്കനേഷ്യയിലെ സ്ത്രീകളുടെ അവസ്ഥ പൊതുവിലും ഇന്തോനേഷ്യയിൽ പ്രത്യേകിച്ചും സ്ഥിതി വ്യത്യസ്തമല്ല. ഒരു ഫെമിനിസ്റ്റ് വീക്ഷണകോണിൽ നിന്നു നോക്കുമ്പോൾ രാഷ്ട്രീയ നേതൃത്വത്തിലെ താഴ് സ്ഥാനം സ്ത്രീകൾക്കത് ദോഷകരമാണ്. പല സ്ത്രീകളും നേതാക്കളാകുന്നതിലും പ്രസിഡണ്ടാകുന്നതിലും വിജയിച്ചിട്ടുണ്ട്. ഇത് രാഷ്ട്രീയ നേതൃത്വത്തിൽ അവരുടെ സ്ഥാനം ഉയർത്താനും സ്ത്രീകളോടുള്ള അനീതി കുറയ്ക്കാനും കഴിയും. പൊതു രംഗത്ത് സ്ത്രീകളുടെ ഇടപെടലും നേതൃസ്ഥാനങ്ങൾ നേടാനുള്ള ശ്രമങ്ങളും പ്രസ്ഥാനങ്ങളും അനാവശ്യമാണെും ഈ പഠനം പൂർണ്ണമായും പറയുന്നില്ല. എന്നാൽ മുന്നോട്ടുള്ള  എല്ലാ പടവുകളും മുകളിൽ സൂചിപ്പിച്ച പുതിയ ധാരണയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരിക്കണം. കാരണം അത് ദീർഘകാലമായി സ്ഥാപിതമായ തത്വങ്ങൾ അല്ലെങ്കിൽ തത്വചിന്തയെ  അടിസ്ഥാനമാക്കിയതാണ്.



ചർച്ചാവിഷയം


**ഇന്ദു മേനോൻ**
കേരള സർക്കാരിന്റെ നരവംശശാസ്ത്ര ഗവേഷണ കേന്ദ്രത്തിൽ ലക്ചർ

# ഗോത്ര മെട്രിലീനിയുടെ ആൺകോയ്മാ സമൂഹങ്ങൾ

## നിയമം വിഴുങ്ങുന്ന ആൺകോയ്മകൾ

2005 വർഷത്തിൽ കേരളത്തിലെ സ്ത്രീകളെ നാളെ അത്യധികം സ്വത്വപരമായും സാമൂഹികപരമായും നിയമ പ്രതിസന്ധിയിൽ ആഴ്ത്തുന്ന ഒരു തീരുമാനം ഒരു ഉത്തരവ് രൂപത്തിൽ ജി. ഓ. എം എസ് (25) 2005 എന്നപേരിൽ കേരളത്തിൽ നിലവിൽ വരികയുണ്ടായി. മിശ്രവിവാഹിതർ ദമ്പതിമാരിൽ കുട്ടിക്ക് മാതാപിതാക്കളിൽ ആരുടെ വേണമെങ്കിലും  ജാതിമതനില സ്വീകരിക്കാമെന്ന് 27 വർഷമായി നിലനിന്നിരുന്ന ഒരു ഉത്തരവിനെ റദ്ദ് ചെയ്തുകൊണ്ട്, ഇനിമേൽ ഹിന്ദു മുറപ്രകാരം കുട്ടിയുടെ ജാതിയായി പിതാവിന്റെ ജാതി മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന് ആ ഉത്തരവ് നമ്മളോട് പറഞ്ഞു. ഇതിലൂടെ ഒരു സമുദായം ആന്തരികമായി മെട്രിലീനിയോ പാട്രിലീനിയോ എന്നത് മറികടന്നു കൊണ്ട് സംവരണാനൂകൂല്യങ്ങളും വിദ്യാഭ്യാസം, ജോലി, എന്നിവ സംബന്ധിച്ച മറ്റു സകല ആനുകൂല്യങ്ങളും പുരുഷന്റെ സന്താനങ്ങൾക്ക് മാത്രമാക്കി ചുരുക്കി.

അക്കാലത്തെ കണക്കുകൾ സൂചിപ്പിച്ചിരുന്നത് സംവരണാനുകൂല്യങ്ങൾ നൂറു ശതമാനം പട്ടിക സമുദായാംഗമായ കുട്ടികളെക്കാൾ മിശ്രവിവാഹിത ദമ്പതിമാരുടെ കുട്ടികൾ ആണ് ഭൂരിഭാഗവും ഉപയോഗിച്ച് പോന്നിരുന്നത് എന്നാണ്. ഇതിനെ കുറച്ചെങ്കിലും തടയിടുവാൻ ഈ ഉത്തരവ് കൊണ്ട് കഴിഞ്ഞിരുന്നു. എന്നിരുന്നാലും ഇത് പരിപൂർണ്ണമായും സ്ത്രീവിരുദ്ധമായ ഒന്നായിരുന്നുവന്നു പറയാതെ വയ്യ. പുനീത് റായ് വേഴ്സസ് ദിനേശ് ചൗധരി എന്ന സുപ്രീംകോടതി വിധിയെ അടിസ്ഥാനപ്പെടുത്തിയാണ് ഈ ഉത്തരവ് ഇറങ്ങിയത്. ഇതിനെതിരെ സുശക്തമായ പ്രക്ഷോഭങ്ങൾ ഒന്നുമുണ്ടായില്ല. ചെറിയ രീതിയിലുള്ള എതിർപ്പുകൾ ഒറ്റക്കും മറ്റും ഉണ്ടായി. കുട്ടികളുടെ മേലുള്ള പദവി/ ജാതി തുടർച്ചകൾക്കുള്ള അമ്മയുടെ അധികാരത്തെ ഈ ഉത്തരവ് നിയമകരമായി തന്നെ ഉല്ലംഘിച്ചു. കുട്ടികൾ അവരുടെ അച്ഛന്മാരുടെ സ്വത്തായി കണ



ക്കാക്കപ്പെട്ടു. അവിവാഹിത അമ്മമാർ, ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകളുടെ കുട്ടികൾ, ലൈംഗികചൂഷണത്തിലൂടെ ഉണ്ടാകുന്ന കുട്ടികളെയൊക്കെയും ഇത് പ്രതികൂലമായി ബാധിച്ചു. തങ്ങളെ അംഗീകരിക്കാത്ത ഒരു പിതാവിന്റെ വംശപരമ്പരയെ പിന്തുടരാൻ ഇത് മനുഷ്യരെ നിർബന്ധിച്ചു. പല ദളിത് സമൂഹങ്ങളിലും ജാതികളിലും ഗോത്രങ്ങളിലും വംശപരമ്പരകൾ നിലനിൽക്കുന്നത് അവരുടെ അമ്മയിലൂടെയാണ്. ഇത്തരമൊരുത്തരവ് സമൂഹത്തിന്റെ അടിത്തട്ടിലെ ശ്രേണിയിലെ സമൂഹങ്ങളെയാണ് വളരെ സാരമായി തന്നെ ബാധിച്ചത്. പട്ടികവിഭാഗങ്ങളുടെ പ്രത്യേകിച്ചും ഗോത്രങ്ങളുടെ സാമൂഹ്യ നില പരിശോധിക്കുമ്പോൾ ഒരുപക്ഷേ അച്ഛനെക്കാൾ ഏറെ അമ്മയുടെ വഴിയാണ് കുഞ്ഞുങ്ങൾ പിന്തുടരുന്നതെന്ന് കാണാം. സഹ്യാർദ്രിഗോത്രങ്ങളിലും പ്രത്യേകിച്ച് നീലഗിരിഗോത്രങ്ങളിലും താവഴി തന്നെയാണ് പ്രമുഖം ആയിട്ടുള്ളത്. ചിലരെങ്കിലും യഥാർത്ഥത്തിൽ അമ്മയുടെ ജാതിയാണ് കുട്ടികൾക്ക് നൽകേണ്ടത് എന്ന് പോലും വാദിച്ചു. പക്ഷെ ഗോത്രസമൂഹങ്ങളിൽ നിന്നൊന്നും വളരെ ശക്തമായ ആവശ്യങ്ങളോ ശബ്ദങ്ങളോ ഉയർന്നതേയില്ല. ഗോത്രമതാവഴിയെന്ന സാമൂഹിക സംവിധാനം പുരുഷാധിപത്യത്തിനു കീഴിലായാതോ അതിനോട് സമരസപ്പെട്ട് സാമൂഹ്യക്രമങ്ങളെ ആൺകോയ്മാ കാഴ്ചപ്പാടിൽ കാണാൻ പഠിച്ചതോ ആയിരിക്കണം ഈ തണുപ്പൻ മട്ടിന് പുറകിൽ. നിരന്തര ശ്രമഫലമായി 2008 പുതിയൊരു ഉത്തരവ് ഉണ്ടായി. അമ്മയുടെ ജാതിയും കുട്ടിയ്ക്ക് നൽകാമെന്ന നില പുനഃസ്ഥാപിക്കപ്പെട്ടു. താവഴി എന്ന ഉദ്ഘോഷിയ്ക്കുന്ന ഒരു തട്ടിൽ പോലും പാട്രിയാർക്കി / ആൺകോയ്മ അതിന്റെ വിശ്വരൂപം കാണിച്ച ഒരു സന്ദർഭമായിരുന്നു അത്. സമൂഹത്തിന്റെ പല അടരുകളിലും മാനങ്ങളിലും പെൺവഴി തുടരുമ്പോൾ തന്നെ പുരുഷാധിപത്യം അതിനെയെല്ലാം കീഴടക്കിയതായി കാണാം. നിയമങ്ങളിൽ പോലും ഈ സ്ത്രീവിരുദ്ധത പ്രകടമായതിനു തെളിവാണിത്.

### സ്ത്രീയുടെ പദവികളും അവകാശങ്ങളും

സമൂഹത്തിൽ സ്ത്രീയുടെ കോയ്മയായ പെൺകോയ്മ ഇന്നും ഹൈപോതെറ്റിക്കലായ ഒരു സങ്കല്പം മാത്രമാണ്. വംശപരമ്പരപഠനങ്ങളിൽ കോയ്മ, അധികാരം, അധീശത്വം എന്നിവയിലേക്ക് ഒരു സമൂഹത്തെ നടത്തുന്ന പല ഘടകങ്ങളുണ്ട്. വംശപരമ്പരാവഴികൾ ഇണകളുടെ തിരഞ്ഞെടുപ്പ്, ഇണകളുടെ എണ്ണം, വിവാഹ ശേഷമുള്ള താമസസ്ഥലത്തിന്റെ തെരഞ്ഞെടുപ്പ് സ്വത്തിന്റെ കൈമാറ്റം അഥവാ ദായക്രമം, സ്വത്തിന്മേലുള്ള അവകാശം വിവാഹമോചനം, പുനർവിവാഹമെന്നതിനുള്ള സ്വാതന്ത്ര്യം, വിധവകളുടെ പദവി ഇവയെല്ലാം ഇതിൽ ചിലതാണ്. വളരെ പരന്ന ഉപരിതലത്തിൽ അതിൽ നമുക്ക് ഇതിനെ സൂക്ഷ്മമായി വായിക്കുകയോ വ്യാഖ്യാനിക്കുകയും ചെയ്യേണ്ടതില്ല. അതുകൊണ്ടുതന്നെ പലപ്പോഴും ആളുകൾ മെട്രിയാർക്കി, മെട്രിലീനി, മാട്രിലോക്കൽ എന്നീ സഞ്ജ്ഞകളെയൊക്കെ ഒന്നായി തെറ്റിദ്ധരിക്കുകയും വ്യാഖ്യാനിക്കുകയും ഉപയോഗിക്കുകയും ചെയ്തു കണ്ടിട്ടുണ്ട്. മലയാളത്തിൽ വളരെ കൃത്യമായ ബദൽ പദങ്ങൾ ഇവയ്ക്കായി ഇല്ല.



### മെട്രിയാർക്കി v/s മെട്രിലിനി മെട്രിയാർക്കി/പെൺകോയ്മ/ സ്ത്രീയാധിപത്യം

പരിപൂർണവും സമ്പൂർണവുമായ അധീശത്വവും അധികാരവും സ്ത്രീകളിൽ നിക്ഷിപ്തമാവുന്ന തരം സാമൂഹികക്രമാണ് പെൺകോയ്മ. സാമ്പത്തികമായ വ്യവഹാരങ്ങളിലുള്ള അധികാരം സ്ത്രീകൾക്കായിരിക്കും. ദായം, ഓഹരി സ്വത്ത്, സമ്പത്ത് ഭൂമി എന്നിവ ഉപയോഗിക്കുന്നതും വ്യവഹാരം ചെയ്യേണ്ടുന്നതും എങ്ങനെയെന്ന് തീരുമാനിക്കാനുള്ള അധികാരവും സ്ത്രീകളിൽ മാത്രം നിക്ഷിപ്തമായിരിക്കും. സ്ത്രീയിൽ നിന്നും പുതുതലമുറ സ്ത്രീയിലേയ്ക്കിത് കൈമാറ്റം ചെയ്യപ്പെടുന്നു. സാമൂഹികവും രാഷ്ട്രീയപരവുമായ അധികാരവും ഇണകളെ തിരഞ്ഞെടുക്കാനുള്ള അധികാരവും വീട്ടിലെ നിയമ ക്രമങ്ങളും നാട്ടി



ലെ നിയമക്രമങ്ങളും തീരുമാനിക്കാനുള്ള അവകാശവും സ്ത്രീയ്ക്ക് തന്നെയായിരിക്കും. അതാത് സാമൂഹ്യ സംവിധാനങ്ങളിൽ മുതിർന്ന ഒരു സ്ത്രീ ഗ്രാമ അധികാരിയും ഗോത്രതലവനും കുലതലവനും ആവുന്നു. ഒരുതരത്തിലുമുള്ള വിലക്കുകൾ സ്ത്രീകൾക്ക് പൊതുവെ ഉണ്ടായിരിക്കില്ല. പുരുഷന്മാർക്ക് ഇത്തരം സമൂഹത്തിൽ പ്രത്യേകിച്ച് സ്ഥാനം ഉണ്ടായിരിക്കില്ല. എന്നാൽ മാട്രിയാർക്കി ഒരു സങ്കല്പസാമൂഹിക ക്രമമാണ്.

### മെട്രിലീനി അഥവാ താവഴിക്രമം

വംശാവലിപരമ്പര എപ്രകാരം നിർമ്മിക്കപ്പെടുന്നു എന്നതാണ് അടുത്ത കാര്യം. ഫ്രാറ്ററി, മോയിറ്റി, കുലം, വംശാവഴി എന്നിവ പരിഗണിക്കുന്നത് സ്ത്രീയിലൂടെയാണെങ്കിൽ അത്തരം സമൂഹത്തിനെ നമുക്ക് മട്രിലീനിയൽ സമൂഹങ്ങളെന്നു വിളിക്കാം. സ്ത്രീയും അവളുടെ സന്താനങ്ങളുമടങ്ങുന്നതാണിതിന്റെ ഘടന. പെൺവഴിയിലൂടെ മാത്രം വംശാവലിപരമ്പര വളരുന്നു. പലയിടങ്ങളിലും മെട്രിലീനിയെ മാതൃദായക്രമം എന്നു എഴുതിക്കാണാറുണ്ട്. എന്നാൽ അത് ദായം അഥവാ തറവാട്ടിൽ നിന്നും സ്വായത്തമാകുന്ന സമ്പത്തിന്റെ അടിസ്ഥാനത്തിലുള്ള ക്രമത്തെ സൂചിപ്പിക്കുന്നു. മട്രിലീനിയ്ക്കു ബദലായി താവഴി, തായ് വഴിക്രമം പെൺവംശവഴി, മാതൃവംശാവഴി, അമ്മവഴിക്രമം എന്നിവ ഉപയോഗിക്കാനാണ് ഞാൻ താത്പര്യപ്പെടുന്നത്. അത് തന്തവഴി അഥവാ പാട്രിലീനിയിൽ നിന്നും വ്യത്യസ്തമായി വംശവഴികൾ സ്ത്രീയിൽ നിന്നും സ്ത്രീയിലേക്ക് കൈമാറുന്നു. കുടുംബം എന്നത് സ്ത്രീകളും അവരുടെ കുട്ടികളും അടങ്ങുന്ന സംഘം ആയിരിക്കും. ചാർച്ച എന്നത് സ്ത്രീകളിലും മക്കളിലും കൂടി നിലനിൽക്കുന്ന ഒന്നായിരിക്കും. ഒരു താവഴിക്കാർ രക്തബന്ധമുള്ളവരാണെന്ന് കരുതുന്നു. പരസ്പരമുള്ള വിവാഹം നിഷിദ്ധമാണ്. പേറ്റുപുലകളും ചാവ് പുലകളും അമ്മവഴിമാത്രമുള്ള ബന്ധുക്കൾക്കിടയിലെ ഉണ്ടാവുകയുള്ളു.

### മാതൃദായക്രമം

എല്ലാ മട്രിലീനിയൽ കുടുംബാംഗങ്ങളും സ്വത്ത് കൈമാറുന്നത് സ്ത്രീയിൽ നിന്നും സ്ത്രീയുടെ മക്കളിലേക്കും അവരിലെ സ്ത്രീകളിൽ നിന്നും അവരുടെ മക്കളിലേക്കും ആയിരിക്കും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ അവകാശമുണ്ടായിരിക്കും. എന്നാൽ ഇത് ആണ്കുട്ടിയിൽ നിന്നും പുതു തലമുറയിലേക്കു കൈമാറുകയില്ല. ഈ മാതൃ ദായക്രമം/ തായക്രമം മരുമക്കത്തായം എന്നു പറയാറുണ്ട്. നായർ മട്രിലീനിയിലാണ് ദായക്രമം മരുമക്കത്തായം എന്നറിയപ്പെടുന്നത്. സ്വത്ത് സ്ത്രീകളിൽ നിന്നും സ്ത്രീകളിലേയ്ക്ക് പോകുമെങ്കിലും അധികാരി തറവാട്ടിലെ മുതിർന്ന പുരുഷൻ ആയിരിക്കും. അവനിൽ നിന്നും ദായസ്വാം മരുമകനിലേയ്ക്ക് പോകുന്നു. മട്രിലീനിയൽ സമൂഹമാണെങ്കിൽ പോലും സമ്പൂർണ്ണ സാമ്പത്തികഅധികാരം പുരുഷനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എല്ലാ സ്ത്രീകൾക്കും ആളോഹ

രി അവകാശവും ആൺകുട്ടികൾക്ക് സ്വത്തിന്മേൽ പ്രത്യേക അധികാരവും ഉണ്ടായിരിക്കും. ഇത് ഓരോ മാതൃദായക്രമങ്ങളിലും വ്യത്യസ്തമാണ്. അതിൽ സ്ത്രീകൾക്ക് സ്വത്ത് ഉപയോഗിക്കാനോ സ്വേച്ഛയാൽ കൈമാറാനോ അവകാശം ഇല്ല. ഈ അവകാശം അവളുടെ മൂത്തമകന് ലഭിക്കുന്നു. സ്ത്രീയുടെ അടുത്ത തലമുറ പുരുഷനിലേയ്ക്ക് സ്വത്തധികാരം കൈമാറ്റം ചെയ്യപ്പെടുന്നു. നായർ, തച്ചനാടൻ, കുറിച്യ എന്നീ സമുദായങ്ങൾ ഉദാഹരണം. ചില ഗോത്രങ്ങളിൽ സ്വത്തിനെ ചലിക്കുന്നവ ചലിക്കാത്തവ എന്നിങ്ങനെ വിഭജിച്ച് ചലിക്കുന്നവ സ്ത്രീയ്ക്കും ചലിക്കാത്തവ / സ്ഥിരമായവ പുരുഷന്മാർക്കും നൽകി വരാറുണ്ട്. കന്നാലികൾ തുടങ്ങിയവ ചലിക്കുന്നവയും, ഭൂമി, വൃക്ഷങ്ങൾ തുടങ്ങിയ സ്ഥിരസമ്പത്തുകൾ പുരുഷന്മാർക്കും നൽകുന്ന തരം ദായക്രമങ്ങളും ഉണ്ട്. ഇടുക്കിയിലെ ഊരാളി ഗോത്രത്തിൽ ഇത്തരത്തിലുള്ള ദായക്രമാണ് ഉണ്ടായിരുന്നത്.

## താവഴിയിലെ അധികാരങ്ങൾ

അധികാരം സമൂഹത്തിൽ പല രീതിയിൽ പ്രവർത്തിക്കുന്നു. സ്വത്ത് കൈകാര്യം ചെയ്യൽ, കൂട്ടുകുടുംബത്തിലുള്ള ജോലി, ചെലവിനുള്ളവ എന്നിവ നൽകൽ, സ്ത്രീകളുടെ അടുക്കള ജോലിയും അകമേ ജോലിയും തീരുമാനിക്കൽ, ഭൂമി പാട്ടത്തിനു നൽകുന്നത്, അടിമകളിലെ അധികാരം, സ്ത്രീകളുടെ വിവാഹം തീരുമാനിക്കൽ, ജീവിതചര്യകളിലെ അധികാരങ്ങൾ, പെൺപണം/ സ്ത്രീധനം കൈപ്പറ്റൽ, താലികെട്ട് അധികാരങ്ങൾ, ജനനവുമായും മരണവുമായും ദൈവീകവൃത്തികളുമായും ബന്ധപ്പെട്ട അധികാരങ്ങളും സ്ഥാനപദവികളും. താവഴിയിൽ എപ്പോഴും ഈ അധികാരി ഏറ്റവും മുതിർന്ന പുരുഷനോ അല്ലെങ്കിൽ വീട്ടിലെ മുതിർന്ന സ്ത്രീയുടെ മൂത്ത മകനോ ആയിരിക്കും. മിക്കവാറും എല്ലാത്തരം അധികാരം നിക്ഷിപ്തമായിരിക്കുക. സ്വത്ത്, പദവി, ഇണയെ സ്വീകരിക്കൽ തുടങ്ങിയ ഒട്ടുമിക്കകാര്യങ്ങളിൽ ഒക്കെയും ഈ പുരുഷകാരണവരുടെ, ഈ അധികാരിയുടെ തീരുമാനങ്ങളാണ്.

## കേരളത്തിന്റെ താവഴി വംശപരമ്പരകൾ

കേരളത്തിന്റെ താവഴി വംശപരമ്പരകളെക്കുറിച്ച് നിരവധി പഠനങ്ങൾ വന്നിട്ടുണ്ട് ഉണ്ട്. കാതലീൻ ഗോ, റോബർട്ട് ജെഫ്രീ തുടങ്ങിയവരുടെ പഠനങ്ങൾ മുഖ്യധാരയിലെ സമുദായങ്ങളെ കുറിച്ചുള്ളതാണ്. മധ്യകേരളത്തിലും വടക്കൻ കേരളത്തിലെയും നായർ സമുദായങ്ങളെകുറിച്ചും വടക്കൻ കേരളത്തിലെ അതിലെ തിയ്യ, മാപ്പിള സമുദായങ്ങളെ കുറിച്ചുമെല്ലാം വളരെ പ്രധാനപ്പെട്ട പഠനങ്ങളാണ് വന്നിട്ടുള്ളത്. കേരളത്തിലെ മാട്രിലീനിയൽ സമുദായങ്ങളെക്കുറിച്ച് കെ.ടി രവിവർമ്മ തന്റെ മരുമക്കത്തായം എന്ന രണ്ട് വാല്യം പുസ്തകത്തിലൂടെ കേരളത്തിലെയും ലക്ഷദ്വീപിലേയും മരുമക്കത്തായത്തെക്കുറിച്ച് വിശദമായി പഠിച്ചിരിക്കുന്നു. എന്നാൽ ഗോത്രങ്ങൾക്കിടയിലെ പെൺവഴിക്രമങ്ങൾ അഥവാ മാട്രിലീനിയെക്കുറിച്ച് ഏറെ പഠനങ്ങളൊന്നും വ



ന്നിട്ടില്ല. ആധുനികകാലത്ത് പലരീതിയിൽ മെട്രിലീനിയൽ ആയ ഗോത്രാചാരങ്ങൾ, കൂട്ടുകുടുംബങ്ങൾ എന്നിവയിൽ മാറ്റങ്ങൾ വരികയോ ആചാരങ്ങളും രീതികളും നഷ്ടപ്പെട്ടു പോവുകയോ ചെയ്തിട്ടുണ്ട്. എന്നാലും ഇന്നും ചില ഗോത്രങ്ങളെങ്കിലും ചെറിയ മാറ്റങ്ങളോടുകൂടി മാറ്റ്രിലീനിയൽ വംശപരമ്പരാരീതി പിന്തുടരുന്നവരാണ്. സഹ്യാദ്രിയിലെ പ്രത്യേകിച്ച് നീലഗിരിയിലെ പല ഗോത്രങ്ങൾക്കിടയിലും വ്യത്യസ്തമായ മട്രിലീനിയൽ സാമൂഹിക വ്യവസ്ഥകൾ കാണാം. ചില ഗോത്രങ്ങൾ പെട്രിലിനിയലായ് തുടരുമ്പോൾ അപൂർവ്വം ചിലവ ദ്വിവംശാവഴികൾ അഥവാ ഡബിൾ ഡിസെൻസിസ്റ്റം പിന്തുടരുന്നതായി നമുക്ക് കാണാവുന്നതാണ്.

## ഗോത്ര വംശാവഴികൾ

കേരളത്തിലെ സുപ്രധാന ഗോത്ര മേഖലകൾ കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം എന്നിവയാണ്. ഇവിടങ്ങളിലായി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 38 സമുദായങ്ങളും ഉൾപ്പെടാത്ത നാലഞ്ചു സമുദായങ്ങളുമായി കേരളജനസംഖ്യയുടെ 1.45% ത്തോളം ആളുകൾ ജീവിക്കുന്നു. നീലഗിരിയുടെ കേരളാ ഭാഗമായ വയനാട് ഗോത്ര മേഖലയിൽ നിരവധി മട്രിലീനിയൽ ഗോത്രങ്ങൾ ഉണ്ട്. റാവുളേർ (അടിയർ) മുള്ളുകുറുമർ, തച്ചനാടൻ മൂപ്പൻ കുണ്ടുവാടിയൻ, കുറിച്യൻ, വയനാട് കാടർ, എന്നീ ഗോത്രങ്ങളാണ് ഇതിൽ പ്രധാനം. മുഖ്യവയനാടൻ ഗോത്രങ്ങളായ ബെട്ടക്കുറുബർ, പറ്റ്രിലീനിയൽ സമുദായമാണ്. എന്നാൽ അതീവ ദുർബല ഗോത്ര വിഭാഗമായ കാട്ടുനായ്ക്കർ, ചോലനായ്ക്കർക്കിടയിൽ കുലം പിരിവുകൾ ഉണ്ടായി വന്നിട്ടില്ല. ചെമ്മനം എന്ന് വിളിക്കുന്ന പ്രാദേശിക വിഭജനമാണ് അവർക്ക് പ്രധാനം. കാട്ടുനായ്ക്കരുടെ ചെമ്മാം പാട്രിലീനിയൽ സ്വഭാവത്തോട് കൂടിയതാണ്. കാസർഗോഡ്, കണ്ണൂർ ഭാഗങ്ങളിലേയ്ക്ക് എത്തുമ്പോൾ മലവേട്ടുവർ, കൊറഗർ, മാവിലർ എന്നിവരും മലപ്പുറത്ത് മലമുത്തൻ ഗോത്രവും ഇടുക്കിയിലാകട്ടെ മുതുവാൻ, ഊരാളി, മലയരയ, മല ഉള്ളാടർ, മന്നാൻ എന്നീ ഗോത്രങ്ങളും തിരുവനന്തപുരത്ത് അഗസ്ത്യാർകൂടത്തിലെത്തുമ്പോൾ കാണിക്കാർ ഗോത്രങ്ങളുമാണ് പൂർണ്ണമായും മറ്റ്രിലീനി അഥവാ താവഴി വംശപരമ്പര ഗോത്രങ്ങൾ. ഇതിൽ തച്ചനാടൻ മൂപ്പൻ, പണിയ എന്നീ ഗോത്രങ്ങൾ ഡബിൾ ഡിസൈൻഡ് രീതി പിന്തുടർന്ന് വരുന്നു.



## ബന്ധുവും പന്തിയും പെൺവഴി വംശപരമ്പരയുടെ കുറിച്യ മോയിറ്റികൾ

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ പെൺവഴി കൂട്ടുകുടുംബമാണ് കുറിച്യരുടേത്. വേട്ടയും വനവിഭവ ശേഖരണവും മാറ്റകൃഷിയും കടന്നു കൂട്ടു സ്വത്തിൽ സുസ്ഥിര കൃഷി നടത്തുന്ന ഗോത്രമാണിത്. സ്വാതന്ത്ര്യ സമരകാലത്തിനും മുമ്പ് തന്നെ ആംഗ്ലോ- കുറിച്യയുദ്ധങ്ങളിൽ ബ്രിട്ടീഷുകാരെ തുരത്തിയ പന്ത്രണ്ട് വർഷത്തെ സുദീർഘ യുദ്ധപാരമ്പര്യവും പഴശ്ശി സൗഹൃദവും ഈ ഗോത്രത്തിനു സ്വന്തം. കുറിച്യഗോത്രം വയനാട്ടിലും കണ്ണവം വനത്തിലുമായാണ് ജീവിക്കുന്നത്. ഇവർ രണ്ടു വ്യത്യസ്ത ഉപഗോത്രങ്ങളായി കാണപ്പെടുന്നു. പരസ്പ്പര വിവാഹബന്ധം ഇല്ലാത്തവരാണ് ഈ ഉപഗോത്രങ്ങൾ. രണ്ടു ഗോത്രങ്ങളും താവഴി ക്രമം പിന്തുടരുന്നവരുമാണ്.

വയനാടൻ കുറിച്യരുടെ സുശക്തമായ മാതൃകൂട്ടുകുടുംബവ്യവസ്ഥ ഇന്നും വലിയ മാറ്റമില്ലാതെ പിന്തുടരുന്നതായി കാണാം. മിറ്റം എന്നറിയപ്പെടുന്ന വീട് നാലുകെട്ട് മാതൃകയിലുള്ളതാണ്. തെക്കിനി, വടക്കിനി, കിഴക്കിനി, പടിഞ്ഞാറ്റിനി ചേർന്നുള്ള ഈ ഗോത്ര നിർമ്മിതിയിൽ കൂട്ടുകുടുംബത്തിന്റെ അതിവ്യത്യസ്തമായ ആർക്കിടെക്ചർ മുഖം കാണാനാകും. ഇവിടെ അമ്മയിൽ നിന്നും മക്കളിലേക്കും പെൺമക്കളിൽ നിന്നും ചെറുമക്കളിലേക്കുമാണ് കുടുംബം പോകുന്നത്. എന്നാൽ കുടുംബത്തിന്റെ സമ്പത്തും അധികാരവും കൈകാര്യം ചെയ്യുന്നത് കുടുംബത്തിലെ മൂത്ത പുരുഷൻ തന്നെയാണ്. മട്രിലീനിയലായ ഈ സമൂഹം പൂർണ്ണമായും ആൺകോയ്മയിലാണ് പ്രവർത്തിക്കുന്നത്.

നായർ മാട്രിലീനിയിൽ നിന്നും വിഭിന്നമായി ഇവർ പിന്തുടരുന്നത് കെട്ടിപ്പകർച്ച വിവാഹരീതിയും താമസവുമാണ്. അവുങ്കു ലോക്കൽ/ ഉക്സോറി ലോക്കൽ താമസ രീതി എന്നിതിനെ വിശേഷിപ്പിക്കാം. വിവാഹ ശേഷം വധു വരന്റെ ഒപ്പം പോകുമെങ്കിലും ആ വരൻ വധുവിനെയും കൊണ്ട് അയാളുടെ അമ്മാവന്റെ /അമ്മയുടെ തറവാട്ട് വീട്ടിലേക്കാണ് കൊണ്ടുപോകുന്നത്. വിവാഹശേഷം വധൂഗൃഹത്തിൽ ദമ്പതി

കൾ താമസിയ്ക്കുന്ന സമൂഹങ്ങളേക്കാൾ അയവ് കുറഞ്ഞ രീതിയാണിത്. മാട്രിലോക്കൽ താമസത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന മട്രിലോക്കൽ താമസരീതി ആകുമ്പോൾ തന്നെ വധുവായസ്ത്രീയുടെ പരിപ്രേക്ഷ്യത്തിൽ അത് പട്രിലോക്കലും ആകുന്നു. നായർ മാട്രിലീനിയൽ കുടുംബത്തിൽ വിവാഹശേഷവും വധു സ്വഗൃഹത്തിലാണ് താമസമെങ്കിലും കാരണവരായ പുരുഷന്റെ ഭാര്യയ്ക്ക്/ വല്യമ്മായിക്ക് വിവാഹം കെട്ടിപ്പകർച്ച / അവ്ങ്കുലോക്കൽ താമസ രീതിയാണ്. അവർ ഭർത്താവിന്റെ അമ്മവീട്ടിൽ തന്നെ താമസിയ്ക്കുന്നു.

കുറിച്യരിൽ കുട്ടികളുണ്ടാകുന്നതും ആറേഴു വയസ്സാകുന്നതും വരെ അച്ഛന്റെ മിറ്റത്താണ് താമസിയ്ക്കുക. പ്രായപൂർത്തിയാകുമ്പോൾ അമ്മയുടെ തറവാട്ടിലേക്ക് തിരിച്ചു കൊണ്ടു പോകുന്നു. പെൺകുട്ടി വയസ്സ് അറിയിക്കുന്ന ചടങ്ങായ തെരട്ട് കല്യാണം അമ്മാവന്റെ വീട്ടിൽ വേണം നടത്താൻ. പ്രായപൂർത്തിയ്ക്കു തൊട്ടു മുമ്പോ ആയശേഷമോ അച്ഛന്റെ തറവാട് ഉപേക്ഷിച്ച് അവൾ അമ്മയുടെ തറവാട്ടിലേക്ക് മടങ്ങുന്നു. ആൺകുട്ടികളും പ്രായപൂർത്തിയായി കഴിഞ്ഞാൽ അമ്മയുടെ തറവാട്ടിലേക്ക് തിരികെ മടങ്ങും സ്ത്രീ വംശപരമ്പരയിലൂടെ ഉണ്ടാകുന്ന പെൺകുട്ടികളെ കിഞ്ഞി കുട്ടികൾ എന്ന് വിളിക്കുന്നു. അച്ഛന്റെയും അമ്മയുടെയും ഒപ്പം അച്ഛന്റെ തറവാട്ടുമുറ്റത്ത് താമസിക്കുമ്പോൾ തന്നെ കുട്ടികൾ അമ്മയുടെ വീട്ടിലെ കിഞ്ഞി കുട്ടികൾ ആയാണ് കണക്കാക്കപ്പെടുന്നത്. അച്ഛന് ആവശ്യമുണ്ടെങ്കിൽ ആൺകുട്ടികളെ കുറച്ചുകാലത്തേക്ക് വായ്പയായി അമ്മാവനിൽ നിന്നും വാങ്ങിക്കാവുന്ന സമ്പ്രദായവും ഉണ്ട്. അച്ഛന്റെ മിറ്റത്തെ കാര്യങ്ങളും കൃഷിയുമൊക്കെ ചെയ്യാനുള്ള താത്കാലിക സംവിധാനമാണിത്.

### കുറിച്യ സാമൂഹ്യ ഘടനയും മാറ്റ്രിലീനിയൽ പിരിവുകളും

കുറിച്യ സമുദായം ആദ്യം ബന്ധു പന്തി എന്നിങ്ങനെ കൃത്യം രണ്ട് സമഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ ഭാഗങ്ങളെ മോയിറ്റികൾ എന്നാണ് വിളിക്കുന്നത്. ഈ മോയിറ്റികൾ വീണ്ടും കുടുംബം എന്നറിയപ്പെടുന്ന കുലങ്ങൾ(clan) ആയി വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ കുലവും വീണ്ടും മൂന്നു താവഴികൾ ആയി വിഭജിക്കപ്പെട്ടിട്ടുണ്ട്. ഈ താവഴികൾ തറവാട് എന്ന് വിളിക്കപ്പെടുന്നു. തറവാടുകൾ മൂന്നു വിധമാണ്. ഒന്നാങ്കൂർ, രണ്ടാങ്കൂർ/ ആന്ത്രയോൻ, മൂന്നാങ്കൂർ എന്നിങ്ങനെ മൂന്നു വ്യത്യസ്തങ്ങളായ സ്ഥാനങ്ങളാണീ താവഴികൾക്ക്. പന്തി മോയിറ്റിയിൽ ഉൾപ്പെട്ട എല്ലാ തറവാടുകളും സഹോദര കുലങ്ങളാണ്. അവയ്ക്കുള്ളിൽ നിന്നോ പരസ്പരമോ വിവാഹബന്ധം അനുവദനീയമല്ല. ബന്ധു തറവാട്ടുകാർ പന്തിതറവാട്ടുകാരെ മാത്രമേ വിവാഹം ചെയ്യുവാൻ പാടുള്ളു. ബന്ധു വിഭാഗത്തിൽ 23 കുടുംബങ്ങളും പന്തി വിഭാഗത്തിൽ 21 കുടുംബങ്ങളുമാണ് നിലവിലുള്ളത്. അങ്ങനെ മൊത്തം 44 അമ്മവഴിക്കുലങ്ങളാണ് മോയിറ്റി, ക്ലാൻ, ലീനിയേജ് വിഭജനങ്ങളെ



ല്ലാം തന്നെ സ്ത്രീകളിൽ നിന്നും അവരുടെ മക്കളിലേയ്ക്ക് മാത്രമാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. അതിൽ പെൺമക്കൾക്ക് മാത്രമാണ് പുതു വംശാവലിയുണ്ടാക്കാൻ കഴിയുക. സ്ത്രീകൾ വിവാഹത്തിനു ശേഷം ഭർത്താവിന്റെ വീട്ടിലേക്ക് പോകുമെങ്കിലും ഭർത്താവിന്റെ മരണശേഷം സ്വന്തം വീട്ടിലേക്ക് തിരിച്ചു വരുന്നു. ഭർത്താവ് ഉള്ളടത്തോളം കാലം ഭർത്താവിനെ തറവാട്ടിലെ താമസക്കാരിയായിരിക്കുകയും സ്വന്തം തറവാട്ടിലെ കിഞ്ഞി കുട്ടിയായിരിക്കുകയും ചെയ്യുന്നവൾ, ഭർത്താവിന്റെ മരണശേഷം അവിടെയുള്ള സകല അധികാരങ്ങളും ഇല്ലാതായി തിരികെ സ്വന്തം തറവാട്ടിലേക്ക് തിരികെ വരികയും വ

ളരെ സാധാരണമായ ജീവിതം നയിക്കുകയും ചെയ്യുന്ന ഒരു കാഴ്ച നമുക്കിവിടെ കാണാം. ഓരോ താവഴിയ്ക്കും അതായത് ഓരോ കുടുംബത്തിനും ഓരോ ഓരോവീടുകളുണ്ട്. 57 ഓളം ഇടങ്ങളിൽ വർഷങ്ങളോളം പഴക്കമുള്ള ഈ വീടുകൾ ഗാംഭീര്യത്തോടെ നിലകൊള്ളുന്നു. മിറ്റമെന്നറിയപ്പെടുന്ന ഈ കുടുംബവീട്ടിൽ നിന്നും വേർപിരിഞ്ഞ താമസിക്കാൻ അംഗങ്ങൾക്ക് അവകാശമില്ല. അംഗങ്ങളുടെ എണ്ണം വർദ്ധിക്കുമ്പോൾ മിറ്റത്തിന് ആളുകളെ ഉൾക്കൊള്ളാൻ കഴിയാതെ വരും അപ്പോൾ മിറ്റത്തിനടുത്ത് ഒരു താൽക്കാലിക സംവിധാനമുണ്ടാക്കി താമസിക്കുന്നു. ഇതിനെ പന്തൽ എന്നാണ് വിളിക്കുക. ചിലപ്പോൾ കുടുംബത്തിലെ കാരണവരുടെയും ഗോത്രദൈവങ്ങളുടെയും സമ്മതത്തോടെ മറ്റുചില സ്ഥലങ്ങളിലേക്ക് ഓരോ അണുകുടുംബാംഗങ്ങൾക്ക് താമസിക്കാവുന്നതാണ്. കൃഷിഭൂമി സംരക്ഷണമോ ആളുകൾ അധികരിക്കുന്നതോ ഒക്കെയാണ് ഇതിന്റെ കാരണം. ഇവ ആത്തറകൾ എന്നും എരിപൊരകൾ എന്നും അറിയപ്പെടുന്നു.



## കുറിച്യ വീട്ടിലെ സ്ത്രീ

കുറിച്യകുടുംബത്തിനകത്ത് സ്ത്രീകൾക്ക് വളരെയധികം ബഹുമാനകരമായിട്ടുള്ള ഒരു പദവി ഉണ്ട്, എങ്കിലും ഏറ്റവും സമുന്നതമായ പദവി കുടുംബത്തിലെ മുതിർന്ന പുരുഷന് തന്നെയാണ്. ഒടെയ്ക്കാരൻ എന്നാണ് കുടുംബ തലവൻ അറിയപ്പെടുന്നത്. കാർന്നോര്, പിട്ടൻ എന്ന പേരിലും അദ്ദേഹം അറിയപ്പെടുന്നു. ഇദ്ദേഹത്തെ മിറ്റത്തെ കിഞ്ഞിക്കുട്ടികൾ വിളിക്കുന്നത് പൂപ്പൻ എന്നാണ്. അദ്ദേഹത്തിന്റെ ഭാര്യ കാർന്നോത്തി ഒടേക്കാരത്തി, പൂപ്പത്തി , പിട്ടത്തി എന്നെല്ലാം അറിയപ്പെടുന്നു. ഒടെയ്ക്കാരനാണ് സർവ്വാധികാരി. കൃഷിയുടെ, കുടുംബത്തിന്റെ എല്ലാം നാഥൻ. സ്വത്ത് പാട്ടത്തിന് കൊടുക്കുവാനും കൃഷിചെയ്യാനും ചെയ്യാതിരിക്കുവാനും നെല്ല്, കൃഷിവിഭവങ്ങൾ, മറ്റു വനഉത്പന്നങ്ങൾ വിൽക്കാനും എല്ലാ അധികാരവും അദ്ദേഹത്തിൽ നിക്ഷിപ്തമാണ്. അദ്ദേഹത്തിന്റെ ഭാര്യയ്ക്കും കുടുംബത്തെ സംബന്ധിച്ച അനവധി ചുമതലകൾ നിറവേറ്റേണ്ടതുണ്ട്. കുടുംബത്തിന് അകത്തുള്ള സകലകാര്യങ്ങളിലും അവരുടെ അനുമതി നിർബന്ധമാണ്.

ഗാർഹികമായ എന്തിന്റെയും അധികാരിയാണവൾ. എന്തുപാചകം ചെയ്യണമെന്നും എങ്ങനെ പാചകം ചെയ്യണമെന്നും ആര് പാചകം ചെയ്യണമെന്നും തീരുമാനിക്കുന്നത്, സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് തീരുമാനവും തീർപ്പും കൽപ്പിക്കുന്നത്, എല്ലാ ഉത്തരവാദിത്വങ്ങളും നോക്കി നടത്തുന്നത്, എല്ലാ ചടങ്ങുകളിലും വിശിഷ്ട വ്യക്തി ആയിരിക്കുന്നത് എല്ലാം അമ്മാവന്റെ ഭാര്യയായ ഈ പൂപ്പത്തി ആയിരിക്കും. കുടുംബത്തിനകത്തെ സ്ത്രീകൾക്ക് നല്ല വഴി പറഞ്ഞു നൽകുന്നതും അച്ചടക്കശീലം പഠിപ്പിക്കുന്നതും ലൈംഗികവിദ്യാഭ്യാസം നൽകുന്നതും അവരെ നന്നായി വളർത്തുന്നതും ഒടെക്കാരത്തിയുടെ ഉത്തരവാദിത്വമാണ്. മറ്റ് സഹോദരന്മാരുടെ ഭാര്യമാരുടെ മേലുള്ള അധികാരവും ഇവരിൽ നിക്ഷിപ്തമാണ്. പെൺകുട്ടി വയസ്സറിയിച്ച് ഇരിക്കുന്ന തെരട്ടു ചടങ്ങ്, താലികെട്ട് കല്യാണം, ഗർഭം തുടങ്ങിയ ഏത് പെൺ ചടങ്ങുകൾക്ക് മുഖ്യകാർമികത്വം വഹിക്കുന്നതും ഇവർ തന്നെ മറ്റൊരു പ്രധാനപ്പെട്ട സ്ത്രീ മുത്താച്ചി ആണ്. തറവാട്ടിലെ സ്ത്രീകളിൽ ഏറ്റവും പ്രായം കൂടിയ ആളാണ് മുത്താച്ചി. സവിശേഷമായതും പ്രത്യേകമായതുമായ ഒരു സ്ഥാനം മുത്താച്ചിക്കുണ്ട്. കുലപരമായ പല ചടങ്ങുകളിലും പ്രധാനിയായി ഇരിക്കുക എന്നത് അവരുടെ ഉത്തരവാദിത്തമാണ്.വയസ്സ് അറിയിക്കുന്ന ചടങ്ങിനും ഗർഭച്ചടങ്ങിനും മുത്താച്ചി യുടെ സാന്നിദ്ധ്യം അത്യാവശ്യമാണ്.

മറ്റൊന്ന് മൂന്നാമൻ എന്ന പദവിയാണ്. നായർ സമുദായത്തിൽ എണങ്ങൻ എന്ന് പറയുന്ന സ്ഥാനത്തിന് തുല്യമാണ് ഈ പദവി. ഒടേക്കാരന്റെ അസാന്നിധ്യത്തിൽ മൂന്നാമൻ ചില ചടങ്ങുകൾ നടത്താൻ ചുമതലപ്പെട്ടിരിക്കുന്നു. ചങ്ങായി എന്നും ഇദ്ദേഹം അറിയപ്പെടുന്നു. സ്ത്രീകളുടെ വിവാഹ കാര്യത്തിൽ അന്തിമതീരുമാനം ഒടേക്കാരന്റേതാണ്. അവൾക്കു യാതൊരു തരത്തിലുള്ള അഭിപ്രായമോ തീരുമാനമോ ഇതിലില്ല. അവളുടെ അമ്മയ്ക്കോ അച്ഛനോ പോലും യാതൊരു അവകാശവുമില്ല പൂർണ്ണമായും കുടുംബ കാരണവരായ ഒടേക്കാരനാണ് ഇത് തീരുമാനിക്കുക. മുമ്പ് കാലങ്ങളിൽ താലികെട്ട് കല്യാണം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതൊന്നും നടത്താറില്ല.

വിവാഹമോചന ശേഷം സ്ത്രീക്ക് ഭർതൃകുടുംബത്തിലെ വലിയ പദവി നഷ്ടപ്പെടും എന്നുള്ളത് സത്യമാണ്. എന്നാൽ അവളുടെ വീട്ടിൽ അവൾ സർവ്വ അധികാരത്തോടും കൂടിവാഴുന്നുണ്ട്. പുനർവിവാഹത്തിന് യാതൊരു ബുദ്ധിമുട്ടുമില്ല. കുട്ടികൾ ഉണ്ടായാലും ശരി ഇല്ലെങ്കിലും ശരി അത് ആ വിവാഹത്തെ ബാധിക്കുകയില്ല. വീട്ടിലെ മുത്താച്ചി പദവി മിക്കവാറും വിധവയോ വിവാഹമോചിതയുമായ ഒരു സ്ത്രീക്കാ യിരിക്കും. ഇതിനെയൊന്നും മോശമായി കുടുംബങ്ങൾ കാണുന്നില്ല. എല്ലാ ചടങ്ങുകളിലും പദവിയും പ്രാധാന്യവും വിധവകൾക്കും വിവാഹമോചിതർക്കും ഉണ്ടായിരിക്കും.

## റാവുളേർ ഗോത്രത്തിന്റെ മാട്രിലീനിയൽ സമൂഹഘടനയും സ്ത്രീ പദവിയും

അടിയർ എന്നു അറിയപ്പെടുന്ന ഈ ഗോത്രസമൂഹം 1978 വരെ അടിമകളായാണ് ജീവിച്ചത്. കൗണ്ടർമാരുടെയും നായന്മാരുടെയും ചെട്ടിമാരുടെയും പാടങ്ങളിൽ കാളകൾക്കൊപ്പം ഒപ്പം പൂട്ടുകയും പണിയെടുക്കുകയും ചെയ്യേണ്ട ഒരു അടിമത്ത ജീവിതം സദാ അവർ അനുഭവിച്ചു പോന്നു. മാട്രിലീനിയൽ വംശാവഴികളുള്ള ഗോത്രമെങ്കിലും ഈ അടിമത്തം സ്ത്രീകളുടെ സാമൂഹികാവസ്ഥയെ അത്യധികം പരിതാപകരമാക്കി. ഈ സമുദായം പൂർണ്ണമായും പെൺവഴിക്രമത്തിലൂടെയാണ് വംശപാരമ്പരയുടെ തുടർച്ചയുണ്ടാക്കുന്നത്. മൂന്നു മന്റ് അഥവാ മൂമന്റ് എന്നറിയപ്പെടുന്ന ഫ്രാറ്ററികൾ ചേർന്നിട്ടുള്ള ഉള്ള സമൂഹഘടനയാണ് ഇവരുടേത്. ഈ മന്റുകൾ സ്ത്രീകളിൽ നിന്നും സ്ത്രീകളിലേക്ക് ആണ് കൈമാറ്റം ചെയ്യപ്പെടുന്നത്. എന്നാൽ സ്ത്രീകൾക്ക് പ്രത്യേക പദവിയൊന്നും സമൂഹത്തിൽ ഉണ്ടായിരുന്നില്ല താനും. ഈ ഫ്രെറ്ററികൾ ക്ളാനുകളായി/കുലങ്ങളായി വീണ്ടും വിഭജിക്കപ്പെട്ടിരിക്കുന്നു. ചെമ്മം എന്ന് വിളിക്കുന്ന പിരിവുകളാണത്.

കുലത്തിലെ തലവന്മാർ ചെമ്മക്കാരൻ എന്നറിയപ്പെടുന്നു. അദ്ദേഹത്തിന്റെ ഭാര്യ ചെമ്മക്കാരത്തിയാകുന്നു. കുലത്തിലെ ചില ചടങ്ങുകളിൽ അവർക്ക് പ്രത്യേക അധികാരങ്ങളും അവകാശങ്ങളും ഉണ്ട്. നാട്ടുമൂപ്പൻ, കുന്നു മൂപ്പൻ എന്നിവരാണ് നാടിന്റെയും കുന്നിന്റെയും കാരണവന്മാർ. ഗോത്രത്തിലെ ഏറ്റവും വലിയ സർവ്വാധികാരികളും അവർ തന്നെ. അവരുടെ ഭാര്യമാർ നാട്ടുമൂപ്പത്തി, കുന്നു മൂപ്പത്തി എന്നിങ്ങനെ അറിയപ്പെടുന്നു. രേഖപ്പെടുത്തപ്പെട്ട ഒരു ചരിത്ര പുസ്തകത്തിലും റാവുളേർ കൂട്ടുകു



ടുംബമായി കഴിഞ്ഞതിന്റെ ഒരു തെളിവുമില്ല. ഒരാൾക്കും അത്തരമൊരു ജീവിതവും അറിയുകയില്ല. ഓർമ്മകളിലോ പുരാവൃത്തങ്ങളിലോ അത്തരം കഥകൾ കേട്ടിട്ടുമില്ല. 1500 ലെ വായനാട്ടിലേക്കുള്ള പുറംലോകത്തിന്റെ വരവ് കാലത്ത് തന്നെ റാവുളേറെ അടിമകളാക്കി വിൽപ്പന നടത്തിയിരുന്നു. ഈ അടിമത്തം ആണ് കുടുംബത്തെപ്പോലും പിരിയ്ക്കുന്നു. അടിമത്തത്തിനുശേഷം കൂട്ടുകുടുംബ വ്യവസ്ഥയുടെ അ

വസ്ഥ പറയാനുമില്ല. ഇവർക്കിടയിൽ എല്ലാവരും ബെള്ളൂർക്കാവ് ഉത്സവത്തിൽ ജന്മിമാർക്ക് വിൽക്കാനാകുന്ന കേവല ഉരുപ്പടികൾ മാത്രമായിരുന്നു. ഏതെങ്കിലും പാടങ്ങളിലോ കൃഷിത്തോട്ടത്തിലോ അടിമത്തതൊഴിലാളിയായ് പണിയെടുക്കുന്ന ഒരു ദുരിതാവസ്ഥ സമൂഹത്തെ മൊത്തമായി ബാധിച്ചു. ഇത് സ്ത്രീകളെ കൂടുതൽ സാരമായിത്തന്നെ ബാധിച്ചു. കോലുബെല്ലി എന്നറിയപ്പെടുന്ന പെൺപണം ഇവർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. 2005 കാലഘട്ടത്തിൽ പോലും കോലുബെല്ലി കൊടുക്കാനില്ലാത്തതിനാൽ വിവാഹം ചെയ്യാനാകാത്ത വ്യക്തികളെ കണ്ടിട്ടുണ്ട്. ജോലി ചെയ്തു കൊടുത്തു വിവാഹം ചെയ്യുന്ന രീതിയും അടുത്തകാലം വരെ ഇവർക്കിടയിൽ നിലനിന്നിരുന്നു. വിവാഹം തീരുമാനിച്ചു കഴിഞ്ഞാൽ പെണ്ണിന്റെ വീട്ടിലേക്ക് ആവശ്യമായ വിറക് കൊണ്ടുവരികയും മറ്റു ജോലികൾ ചെയ്തു കൊടുക്കുകയും വെള്ളം കോരി കൊടുക്കുകയും ചെയ്യേണ്ടത് പുരുഷന്റെ ചുമതലയായിരുന്നു. ഇപ്പോൾ ഇത്തരം വിവാഹങ്ങൾ ഒന്നും തന്നെ ഇല്ല. ചടങ്ങിന്റെ ഭാഗമായി വെള്ളം കൊണ്ടുവരികയും ഇറക്കുകയും ചെയ്യും എന്ന് മാത്രം.

മാട്രിലീനിയിൽ പലതരം ഇളതരങ്ങളും സൗഭാഗ്യങ്ങളും സ്ത്രീകൾക്ക് ഏറിയും കുറഞ്ഞും ലഭിക്കാറുണ്ട്. എന്നാൽ ഇത്തരത്തിലെ ഒരു സൗഭാഗ്യങ്ങളും അനുഭവിക്കാത്ത ഒരു സ്ത്രീ സമൂഹമാണീ റാവുളേരുടെ മാട്രിലീനിയൽ സമൂഹം.

ഏറ്റവുമധികം ചൂഷണത്തിന് വിധേയരായ സ്ത്രീകളാണ് ആണ് ഇവർക്കിടയിൽ ഉള്ളത്. (നിരവധി അവിവാഹിത അമ്മമാരും ചൂഷണം ചെയ്യപ്പെട്ട സ്ത്രീകളുമുണ്ട് എന്ന് കണക്കുകൾ കാണിക്കുന്നു.)

**മുള്ളുക്കുറുമരുടെ പെണ്ണാട്ട് പെരുമ**

മറ്റൊരു ഒരു പെൺ വഴി കുടുംബം മുള്ളുക്കുറുമരുടെതാണ്. ആചാരപരമായ എല്ലാ കാര്യങ്ങളിലും സ്ത്രീകൾക്ക് സവിശേഷമായ സ്ഥാനവും പ്രസക്തിയും കുറിച്യഗോത്രത്തിലെ പോലെത്തന്നെ ഈ സമൂഹത്തിലുണ്ട്. ഭാര്യ, അമ്മ, മകൾ പദവികൾക്ക് ബഹുമാനവും മൂല്യവുമുണ്ട്. കുറുമ രാജാവിനു തുല്യനായ അപ്പാട്ട് തലച്ചിലാണ് ഗോത്രത്തിന്റെ തലവൻ. കുന്നുകളായും നാടുകളായും ഇവരുടെ ദേശം പ്രാദേശികമായി വിഭജിക്കപ്പെട്ടിരിയ്ക്കുന്നു. നാട്ടു മൂപ്പനും കുന്നുമൂപ്പനും സങ്കേതമായ കുടിയുടെ തലവനായി പോർനമുത്തനും പോരാത്ത മുത്തനും ഉണ്ട്. ഇവരുടെ എല്ലാം ഭാര്യമാർക്ക് സമൂഹത്തിൽ നല്ല അധികാരങ്ങളും ഉത്തരവാദിത്തങ്ങളുമുണ്ട്. പെണ്ണാട്ടു പെരുമ പരക്കുന്നത് നാല് കുലങ്ങളിലൂടെയാണ്. വെല്ലിപ്പക്കൊലം, കാതികക്കൊലം, വെങ്കടേക്കോലം, വടക്കേക്കോലം എന്നീ നാല് ക്ലാനുകളിലൂടെയാണ് വംശവഴി വളരുന്നത്. സുസ്ഥിര കൃഷി ഗോത്രമായതിനാൽ സമൃദ്ധജീവിതം ഈ ഗോത്രത്തിനു സാധ്യമാണ്. സ്ത്രീകളുടെ നിലയും അതിനാലൊക്കെ തന്നെ മികച്ചതുമാണ്. അപ്പാട് തലച്ചിൽ എന്ന രാജാവാകണമെങ്കിലുള്ള ചടങ്ങിൽ ഭാര്യയുടെ സാന്നിദ്ധ്യം നിർബന്ധമാണ്. ഈ സ്ഥാനാരോഹണത്തിനായി വൃദ്ധരായവർ പോലും ഒത്ത സ്ത്രീകളെ വിവാഹം ചെയ്യുന്നു.



ഭാര്യയില്ലാതെ സ്ഥാനാരോഹണം നടത്തുവാൻ സാധ്യമല്ല. കുലങ്ങളുടെ ഉത്പത്തി പുരാവൃത്തങ്ങളിലും എല്ലാ ജീവിത ചര്യകളിലും സ്ത്രീകൾക്ക് അധിതീയമായ സ്ഥാനമുണ്ട്. കാണപ്പണം എ

ന്ന പെൺപണമില്ലാതെ വിവാഹം നടക്കുകയില്ല. വിവാഹമോചനവും പുനർവിവാഹവും സ്ത്രീകൾക്കിടയിൽ സ്വാഭാവികമാണ്. മരണാന്തരവും സ്ത്രീകൾക്ക് അവളുടെ കുടിയുമായുള്ള ബന്ധം നിൽക്കുന്നു. മണ്ണറീക്ക എന്ന ചടങ്ങ് തുടങ്ങുന്നത് സ്ത്രീയുടെ തറവാട്ടിൽ നിന്നാണ്. മറ്റൊന്ന് സ്ത്രീകൾ തുന്നിയ ഒല്ലിയെന്ന ചരമാവരണവും സ്ത്രീകൾ കുത്തിയ പച്ച എന്ന അവലുമില്ലാതെ ഒരു മരിച്ച വ്യക്തിയ്ക്കും പൂർവ്വികരുടെ ലോകത്തേയ്ക്ക് പോകാൻ കഴിയില്ല.

ഇനിയുമുണ്ട് വയനാടൻ ഗോത്രങ്ങൾക്കിടയിൽ വ്യത്യസ്തമായ മട്രിലീനിയൽ സമൂഹങ്ങൾ. പെണ്ണിനെ വിത്തായിക്കരുതുന്ന വിത്തായ പെണ്ണിന് റെള്ളന്റെ (ഭർത്താവിന്റെ) വീട്ടിൽ വെച്ച് അപകടം പറ്റിയാൽ അതെ നാണയത്തിൽ പ്രതികാരം ചെയ്യുന്ന തച്ചനാടൻ ഗോത്രത്തിന്റെ മട്രിലീനിയിലും സ്ത്രീകളുടെ മേൽ ആധിപത്യം പുരുഷന് തന്നെയാണ്. സ്വത്തിന്റെ അധികാരം, നായാട്ടിന്റെ അധികാരം, വനവിഭവശേഖരണത്തിന്റെ അധികാരം ഒക്കെ പുരുഷനു തന്നെ.

ആർത്തവകാലത്ത് അകലെയുള്ള തീണ്ടാരിപ്പുരകളിലേയ്ക്ക്, പള്ളപ്പുരകളിലേയ്ക്കും അടുക്കളയിലേയ്ക്കെല്ലാം അവൾ മാറ്റപ്പെടുന്നു. സ്വത്വപരമായും സമൂഹപരമായും ഏറ്റവുമധികം പ്രതിസന്ധി നേരിട്ടത് റാവ്ളേർ, തച്ചനാടൻ, പണിയ സമൂഹങ്ങളിലെ സ്ത്രീകളാണ്. ജെൻഡർ എന്ന ഐഡന്റിറ്റിയ്ക്കു മീതെ അടിമത്തം കടന്നു വരുമ്പോൾ ജീവിതത്തിനു മേൽ സ്ത്രീകൾക്ക് ഇരട്ട ആഘാതങ്ങൾ നേരിടേണ്ടി വരുന്നു. അടിമയായ സ്ത്രീ എന്ന സ്വത്വം സ്ത്രീയുടെ അവസ്ഥയെ കൂ

**ജെൻഡർ എന്ന ഐഡന്റിറ്റിയ്ക്കു മീതെ അടിമത്തം കടന്നു വരുമ്പോൾ ജീവിതത്തിനു മേൽ സ്ത്രീകൾക്ക് ഇരട്ട ആഘാതങ്ങൾ നേരിടേണ്ടി വരുന്നു. അടിമയായ സ്ത്രീ എന്ന സ്വത്വം സ്ത്രീയുടെ അവസ്ഥയെ കൂടുതൽ പരിതാപകരമാക്കുന്നു.**



ടുതൽ പരിതാപകരമാക്കുന്നു. മാട്രിലീനി എത്ര കൃത്യമായി പിന്തുടർന്നാലും കുട്ടികൾക്ക് പെൺ തറവാടിന്റെ ലേബൽ നൽകിയാലും വിവാഹത്തിന് പെണ്ണിന് പെൺപണം നൽകിയാലും വിവാഹശേഷം വധൂഗൃഹത്തിൽ താമസിച്ചാലും ബഹുഭർതൃത്തം അനുവദിച്ചാലും വിവാഹമോചനവും പുനർവിവാഹങ്ങളും വിധവാ വിവാഹങ്ങളും നടപ്പിലാക്കിയാലും പെൺകോയ്മ എന്ന സാമൂഹ്യസംവിധാനം ഉണ്ടാക്കുക എളുപ്പമല്ല. ഏറ്റവും കാതലായ സമ്പത്ത്, അധികാരം എന്നിവ കൈകാര്യം ചെയ്യുന്നത് പുരുഷൻ ആയിരിക്കുന്നിടത്തോളം കാലം അധീശത്വവും സമ്പൂർണ്ണ അധികാരവും അവനു തന്നെ കിട്ടും. പാട്ര്യാർക്കിയോടുള്ള ആന്ധ്യമായ വിധേയമാനോഭാവം ഓരോ സമൂഹത്തിലുമുണ്ട്. അതിനാൽ ആൺകോയ്മയോട് ചേർന്ന് നിന്നുകൊണ്ട് മാത്രമാണ് ഗോത്രമട്രിലീനിയൽ സമൂഹങ്ങൾ മുമ്പോട്ട് ചലിയ്ക്കുന്നത്.



**ഹമീദ സി. കെ.**
കോഴിക്കോട്
സർവകലാശാലയിലെ
സ്ത്രീപഠന വിഭാഗം അധ്യാപിക



**ഐഷ ബീവി**
വിഴിഞ്ഞം സ്വദേശിനി

# മരയ്ക്കാർ മുസ്ലിങ്ങളുടെ താവഴിക്രമം: വിഴിഞ്ഞത്തു നിന്നൊരു അനുഭവക്കുറിപ്പ്



കടൽ ഉപജീവനമാക്കുന്ന മത്സ്യതൊഴിലാളികളുടെ എണ്ണത്തിൽ മുന്നിലാണല്ലോ തിരുവനന്തപുരം. അതിൽ വിഴിഞ്ഞം എന്ന മത്സ്യഗ്രാമം കേരളത്തിന്റെ തന്നെ മത്സ്യ തൊഴിലാളി സമൂഹത്തിന്റെ പരിച്ഛേദമായി നമുക്ക് വിലയിരുത്താവുന്ന ഒന്നാണ്. ഈ പ്രസ്താവന പൊതുസമൂഹം സംശയത്തോടെ കാണുമെങ്കിലും വിഴിഞ്ഞത്തെക്കുറിച്ചു പരിചയപ്പെടുമ്പോൾ പറയുന്നത് കുറഞ്ഞ് പോകും എന്ന് തോന്നും തീർച്ച. മത്സ്യബന്ധനം ഉപജീവനമാക്കിയ ഈ ദേശവാസികളുടെ സാമൂഹിക ചുറ്റുപാടിൽ കണ്ണോടിച്ചാൽ തന്നെ അത് വ്യക്തമാകും. ഈ മത്സ്യബന്ധന ഗ്രാമത്തിൽ ഹിന്ദു മതത്തിൽ പെട്ട മത്സ്യ തൊഴിലാളികളും ക്രിസ്തുമതത്തിൽ പെട്ട മത്സ്യതൊഴിലാളികളും ഇസ്ലാം മതത്തിൽപെട്ട മത്സ്യതൊഴിലാളികളും ഉണ്ട്. അതിൽ തന്നെ ഓരോ മതത്തിലുമുള്ള മത്സ്യ ബന്ധനക്കാർ വ്യത്യസ്തമായ ജാതിവ്യവസ്ഥ പോലും ഉള്ളവരാണ് എന്നതും സാമൂഹിക ശ്രേണീബന്ധങ്ങൾ സാമൂഹികമായി അരികുപുറങ്ങളിൽ ജീവിക്കുന്നവർക്കിടയിൽ ഉണ്ട് എന്നതും കാണാം. മറ്റൊരു പ്രത്യേകത ഈ വ്യത്യസ്ഥ വിഭാഗങ്ങൾ അവരുടെ വിഭാഗക്കാരുമൊത്ത് ഒരു കൂട്ടമായാണ് കഴിയുന്നത്. വിവാഹബന്ധങ്ങളിലും ഈ സ്വജാതി വംശമുറ തന്നെയാണ് അധികവും ഇപ്പോഴും

സ്വീകരിച്ച് പോരുന്നത്. അതിൽ ഏറ്റവും പ്രധാനം ഇവരിൽ നല്ലൊരു ഭാഗം ഇപ്പോഴും വിവാഹം കഴിച്ച് താമസിക്കുന്നത് സ്ത്രീകളുടെ (ഭാര്യ) വീട്ടിലാണ് എന്നതാണ്. വിഴിഞ്ഞത്തെ മത്സ്യതൊഴിലാളികൾ അതിനാൽ മാതൃദായസമ്പ്രദായം അഥവാ താവഴിക്രമം പുലർത്തിയിരുന്നവരാണ്, ഇപ്പോഴും നല്ലൊരു ശതമാനം ഇത് തുടരുന്നുമുണ്ട്. ഇസ്ലാംമത വിശ്വാസികളായ മരയ്ക്കാർ വിഭാഗത്തിൽ പെടുന്ന മത്സ്യതൊഴിലാളികളുടെ താവഴിക്രമത്തെ കുറിച്ചാണ് ഈ ചെറുകുറുപ്പിൽ വിശദീകരിക്കുന്നത്.

ഹിന്ദു മത്സ്യതൊഴിലാളികളിൽ നുളയർ, അരയർ എന്നിവരാണ് ഇവിടെ ഉള്ളത്. എന്നാൽ കാലക്രമേണ ഇവർ വിഴിഞ്ഞത്തിന്റെ വടക്ക് പടിഞ്ഞാറൻ ഭാഗത്തേക്ക് മാറി. ചിപ്പി തൊഴിലാളികളും, കട്ടമരത്തിൽ പോകുന്ന തീരക്കടൽ മീൻപിടുത്തം, കരമടി വളക്കൾ(കമ്പവല ഉപയോഗിച്ചുള്ള മീൻപിടുത്തം) മുതലായവയാണ് ഇവരുടെ പ്രധാന തൊഴിലുകൾ. ചെറിയ തോതിൽ പുലയസമുദായത്തിൽ പെട്ടവരും, നാടാർ സമൂഹത്തിൽ പെട്ടവരും ഈ പണിക്ക് ഇവരെ സഹായിക്കുന്നുണ്ട്. പ്രത്യേകിച്ചും തട്ടുമടി അഥവാ പാറുപൂവുക, ചിപ്പിപണി മുതലായവ. ഇപ്പോൾ ഇവരുടെ ഇടയിൽ നിന്ന് മത്സ്യബന്ധനത്തിന് പോകുന്നവരുടെ എണ്ണം വളരെ കുറവാണ്. വിഴിഞ്ഞത്തിന്റെ വടക്ക് കിഴക്ക് ഭാഗത്ത് ക്രിസ്ത്യൻ മുക്കുവർ താമസിക്കുന്ന തുറൈകുടിയും, കരിമ്പള്ളികരയും, കോട്ടപ്പുറവും, പള്ളിതുറയും, കുരിശടിയും, തുപ്പാഷിക്കുടിയും തുടങ്ങി വിവിധ മേഖലയിൽ വ്യത്യസ്തമായ ക്രിസ്തീയമുക്കുവരെ നമുക്ക് കാണാൻ കഴിയും. കുഞ്ചുവരും തക്യാട്ട്കാരും തമ്മിലുള്ള കലഹങ്ങളും മറ്റും ഗോത്രങ്ങൾ തമ്മിലുള്ള വൈരാഗ്യം പോലെ പതിറ്റാണ്ടുകൾ പഴക്കമുള്ളതാണ്.

ഇസ്ലാംമതത്തിൽപ്പെട്ട മത്സ്യതൊഴിലാളികൾ വിഴിഞ്ഞത്തിന്റെ തെക്കുഭാഗത്താണ് ഉള്ളത്. മുഹിയുദ്ധീൻ പള്ളിയുടേയും വലിയപള്ളിയുടേയും ചുറ്റിലാണ് ഇവർ താമസിച്ചിരുന്നത്. കീളാപ്പുറം എന്നറിയപ്പെട്ടിരുന്ന എട്ട് തെങ്ങ് തോപ്പും, ചെന്നവിളാകം, പള്ളിവിളാകം, പുതുവൽ, പട്ടാണിക്കോളനി, മേലാപ്പുറം എന്നറിയപ്പെട്ടിരുന്ന മതിപ്പുറവും, മൈലാഞ്ചിക്കല്ല്, ലബ്ബ വിളാകം, ആലിയന്നു വിള, വലിയപറമ്പ്, കപ്പച്ചാല, ചെറിയമണ്ണ് തുടങ്ങി വിവിധ സ്ഥലങ്ങളായാണ് ഇവിടം അറിയപ്പെടുന്നത്. ഇതിൽ കീളാപ്പുറവും പള്ളിവിളാകവും പൂർണ്ണമായും ചെന്നവിളാകം ഭാഗികമായും ഇന്ന് ഇല്ല. 1995ലെ വിഴിഞ്ഞം കലാപത്തിൽ പൂർണ്ണമായും കത്തിക്കപ്പെട്ട ഈ പ്രദേശം ഇന്ന് വിഴിഞ്ഞം തുറമുഖത്തിലെ മത്സ്യബന്ധന ഭാഗമാണ്. പുതിയ പോലീസ് സ്റ്റേഷൻ ഇപ്പോൾ ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. അന്ന് കുടിയൊഴിപ്പിക്കപ്പെട്ടവർ ഇപ്പോൾ ടൗൺഷിപ്പ് കോളണിയിലാണ് താമസം. ഹാർബർ റോഡിന്റെ നിർമ്മാണത്തിന്റെ ഭാഗമായി അറുപത്തിയഞ്ച് വർഷം മുൻപ് കുടിയൊഴിപ്പിക്കപ്പെട്ട മത്സ്യതൊഴിലാളികളെ പുനരധിവസിപ്പിച്ചത് വലിയവിള മുസ്ലിം കോളനിയിലാണ്. ചന്ത വിളാകം, പൊട്ടിവിളാകം എന്നീ സ്ഥലങ്ങളെ സർക്കാർ റോഡും മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി ഏറ്റെടുത്തപ്പോൾ പുനരധിവസിപ്പിച്ചതാണ് വലിയപറമ്പിൽ. അതിനടുത്തുള്ള സ്ഥലത്താണ് ഇപ്പോൾ അദാനി പുനരധിവാസത്തിനായി അമ്പത് വീടുകൾ പണിതത്. ഇവിടത്തെ താമസക്കാർ ജെന്റം പദ്ധതി പ്രകാരം വീട് നിർമ്മിച്ചപ്പോൾ കുടിയിറക്കപ്പെട്ടവരാണ്.



മുസ്ലിംസമുദായം രണ്ടുവിഭാഗമായി തിരിഞ്ഞായിരുന്നു കഴിഞ്ഞിരുന്നത്. ഒരു വിഭാഗം മത്സ്യബന്ധനം നടത്തുന്നവരും മറ്റേത് വിപണനം നടത്തുന്നവരുമായിരുന്നു. ആലിയന്നു വിളാകം, ലബ്ബ വിളാകം, പള്ളിവിളാകം, ഭാഗികമായി ചെന്നവിളാകം എന്നിവിടങ്ങളിലാണ് പ്രധാനമായും മത്സ്യ കച്ചവടകാരായ മുസ്ലിങ്ങൾ അഥവാ വടക്കെപ്പുറംകാർ താമസിച്ചിരുന്നത്. ഇവരിൽ ലബ്ബ, ഒസാൻ, മുതലായജാതി എന്ന് അവകാശപ്പെടുന്നവരും ഉണ്ട്. വിഴിഞ്ഞത്തെ മറ്റ് ഭാഗങ്ങളിൽ മരയ്ക്കാർ എന്ന് അറിയപ്പെടുന്ന മീൻപിടുത്തക്കാരാണ് ഉള്ളത്. പണ്ട് കാലങ്ങളിൽ (3040) വർഷങ്ങൾക്ക് മുൻപ് വരെ കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുന്നത് അനുസരിച്ചു നിർധനരായ മത്സ്യത്തൊഴിലാളികൾ ജമാത്തിനു ചെറിയ തുക നൽകി ജമാത്ത് ഭൂമിയിൽ (മൈലാഞ്ചിക്കല്ല്, മതിപ്പുറം, ചെറുമണൽ, കപ്പച്ചാല, എന്നിവിടങ്ങളിൽ) കുടിലുകെട്ടി താമസിച്ചു പോന്നിരുന്നു.

ഒരേ തുറയിലും പള്ളിയിലുമാണ് മരയ്ക്കാരും കച്ചവടക്കാരും കൂടിയിരുന്നത് എങ്കിലും ഇവർ തമ്മിൽ സാധാരണ ഗതിയിൽ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നില്ല. ജാതീയമായ മാറ്റിനിർത്തലുകളാണ് ഇതിന് അടിസ്ഥാനം. ഈ വേർതിരിവ് രൂക്ഷമായതിന് ശേഷമാണ്, പ്രത്യേകിച്ചും 1960നു ശേഷം ഇവർ രണ്ട് പള്ളിക്കാർ ആകുകയും അത് പിന്നെ മൂന്ന് ജമാത്ത് ആയി മാറുകയും ചെയതു(വിഴിഞ്ഞത്തെ തെക്കുംഭാഗം, വടക്കുംഭാഗം, സെൻട്രൽ ജമാഅത്തുകൾ).ഈ വിഭജനത്തിന്റെ കാരണം പള്ളിയിലെ വലിയ ഉസ്താദ് (ഇമാം) ലബ്ബകളായ കച്ചവടക്കാരുടെതാണ് എന്ന വാദത്തെ എതിർത്തതാണ്. അന്ന് നാട്ടിലെ ഏറ്റവും വലിയ



പണ്ഡിത പട്ടം കിട്ടിയ താഹിർ മൗലവി മരയ് ക്കാർ വിഭാഗത്തിൽപെട്ടതാണ്. ഇദ്ദേഹവും മരക്കാർ മുസ്ലിങ്ങളും വാദിച്ചത് ലബ്ബ എന്നത് പാണ്ഡിത്യം ആർജ്ജിക്കാൻ കഴിയുന്നതാണ് അത് ജന്മസിദ്ധമല്ല എന്നും ആർക്കും അത് സാധ്യമാകും എന്നതിനെ ചൊല്ലി തുടങ്ങിയ തർക്കങ്ങൾ ജമാത്തിന്റെ വിഭജനത്തിലേക്ക് കലാശിച്ചു. ഇതിനോട് പ്രതികരണമായി താഹിർ മൗലവിയെ ഖുതുബയിലെ മിമ്പറിൽ (വെള്ളിയാഴ്ച പ്രാർത്ഥന നടത്തുന്ന സ്ഥലം) ആക്രമിക്കുകയും പ്രതികരണം എന്ന നിലയ്ക്ക് വലിയ ഭിന്നിപ്പും കോടതി കേസുമായാണ് ജമാഅത് പിളർന്നത്.

**മരയ്ക്കാർക്കിടയിലെ വിവാഹങ്ങളും ദായക്രമങ്ങളും**

ഓരോ കൂട്ടരും അതത് ജമാത്തുകളിൽപെട്ടവർ തമ്മിൽ മാത്രമേ വിവാഹം പാടുള്ളൂ എന്നതരത്തിൽ ചട്ടങ്ങൾ കൊണ്ടുവരുകയും പിന്തുടരുകയും ചെയ്തു പോന്നു. ഇതിന് വപരീതമായി വെവ്വേറെ ജമാത്തുകളിൽ നിന്നും (വിഴിഞ്ഞത്തിന് അകത്ത് നിന്നും) കല്യാണം കഴിക്കാൻ ശ്രമിച്ചത് പലപ്പോഴും കലഹങ്ങൾക്ക് കാരണമായി. എന്നാൽ മരയ്ക്കാർ മറ്റ് തുറകളിലെ മരക്കാരെയും കച്ചവടക്കാർ മറ്റ് സ്ഥലങ്ങളിലെ കച്ചവടക്കാരേയും വിവാഹം കഴിക്കുന്നതിൽ കുഴപ്പം ഉണ്ടായിരുന്നില്ല. എന്നാൽ ഇവർ ജമാത്തിനു ഒരു നിശ്ചിത തുക സമ്മതത്തിനായി അടക്കേണ്ടതായുണ്ട്. കൊല്ലം,പെരുമാതുറ, പുതുക്കുറിച്ചി, ബീമാപള്ളി, പൂവാർ, തുടങ്ങി, തക്കല, തേങ്കാപട്ടണം, ഏർവാടി, തൂത്തുക്കുടി വരെ നീളുന്ന വിവാഹബന്ധങ്ങളാണ് വിഴിഞ്ഞത്തെ മരക്കാർമാർക്കുള്ളത്. മരക്കാർ ബന്ധുത എന്നത് തെക്കൻ ഇന്ത്യയുടെ തന്നെ തീരങ്ങളെ ബന്ധിപ്പിക്കുന്നതാണ്. ലക്ഷദ്വീപിലും, സിലോണിലും മാല ദ്വീപിലുമെല്ലാം പടർന്ന ബന്ധുത കൂടി എഴുതപ്പെടാത്ത വാമൊഴിയിൽ ഇവർക്കുണ്ട് എന്നത് സൂക്ഷ്മവും സ്ഥൂലവുമായ ചരിത്രത്തിന്റെ എഴുതപ്പെടാത്ത മുഖമാണ്. സൂക്ഷ്മമായ തരത്തിൽ വിഴിഞ്ഞത്തെ മുസ്ലിം ജനസംഖ്യയിൽ ഏറെയും കോവളം മുതൽ മുക്കോല വരേയുള്ള വലിയ ഒരു ഭൂപ്രദേശത്തേക്ക് മത്സ്യതൊഴിലാളികളും കച്ചവടക്കാരും ഇന്ന് പടർന്നിട്ടുണ്ട്.

ഒരാളുടെ കുടുംബത്തിൽ വിവാഹം നടത്തുമ്പോൾ അവരുടെ വരുമാനം ജീവിതരീതി കുടുംബ മഹിമ (ഇത് പലപ്പോഴും അവരുടെ തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ടിരുന്നു) എന്നിവ നോക്കുക പതിവായിരുന്നു. കാലഘട്ടത്തിന്റെ നിലവാരം അനുസരിച്ചും ആൺകുട്ടിയുടെ അധ്വാന ശേഷിയും തൊഴിലിന്റെ നൈപുണ്യവും അനുസരിച്ചും ആയിരുന്നു സ്ത്രീധനം നൽകിയിരുന്നത്. മൂലൈക്കാർ എന്ന് അറിയപ്പെടുന്ന മതിപ്പുറം മൈലാഞ്ചിക്കല്ല് എന്നിവയുടെ തെക്ക് ഉള്ള കടൽ പണിക്കാര നിപുണരായ മുങ്ങൽ വിദഗ്ദരും ചൂണ്ടപ്പണിയിലും, ചിപ്പി, ശംഖ്, മറ്റ് ഷെൽ മത്സ്യങ്ങൾ റാൽ (ലോബ്സ്ടർ) പിടിക്കുന്നതിൽ വിദഗ്ദ്ധരുമായിരുന്നു. ഈ പണിചെയ്യുന്നതിനല്ല അധ്വാന ശേഷിയും നൈപുണ്യവും ആവശ്യമാണ്. ഇവർക്ക് പൊതുവിൽ പണ്ട് കാലങ്ങളിൽ വിവാഹത്തിനു വലിയ തോതിലുള്ള ഡിമാണ്ട് ആയിരുന്നു. അതിനാൽ തന്നെ നല്ല സ്ത്രീധനം നൽകി പുരുഷനെ വീട്ടിലേക്ക് കൊണ്ടുവരികയാണ് രീതി. സ്ത്രീധനം ഒരു തരത്തിൽ പുരുഷനെ വളർത്തിയ കൂലി പോലെയാണ് പലപ്പോഴും താവ

ഴി ക്രമത്തിൽ നൽകിയിരുന്നത്. ഒരിക്കൽ സ്ത്രീയുടെ വീട്ടിൽ പുതിയാപ്പിള ആയി വന്നാൽ അയാളുടെ അധ്വാനം പിന്നെ ഭാര്യക്കും കുടുംബത്തിനുമായിരുന്നു. അതിനാൽ തന്നെ സ്ത്രീധനം അവരുടെ ചിലവനുസരിച്ചു കാശും സ്വർണവും വെള്ളിയും പുരുഷന്റെ മാതാവിനും സഹോദരങ്ങൾക്കും കൊടുത്ത് ഒഴിവാക്കിയിരുന്നു എന്നുവേണം മനസ്സിലാക്കാൻ. ഇങ്ങിനെ കൊടുക്കുന്ന പണവും, സ്വർണവും, വസ്തുവകകളും മഹൽ രജിസ്ട്രറിൽ രേഖപെടുത്തി വയ്ക്കുന്നത് വിഴിഞ്ഞത്തെ രീതിയാണ്. സ്ത്രീകളുടെ അല്ലാതെ ഏതെങ്കിലും തരത്തിൽ വിവാഹബന്ധം വേർപെടുത്തുന്ന സാഹചര്യം ഉണ്ടായാൽ മഹൽ കമ്മറ്റിയിൽ രേഖപെടുത്തിയ തുകയുടെ മൂന്നിരട്ടി നഷ്ടപരിഹാരം തുക നൽകേണ്ടതുണ്ട്. ഇത് ഇപ്പോഴും കർശനമായി പാലിക്കപെടുന്ന ഒരു സമ്പ്രദായമാണ്. അതിനാൽ തന്നെ വിവാഹമോചനങ്ങളുടെ നിരക്ക് തുലോം കുറവാണ്. സ്ത്രീകൾക്ക് വിവാഹബന്ധത്തിലെ സ്ഥാനം വളരെ വലുതാണ്. ബഹുഭാര്യാത്വം മരയ്ക്കാർക്കിടയിൽ ഇല്ലാതിരിക്കാനുള്ള കാരണം തന്നെ ഇതായിരികം. വൈവാഹിക ജീവിതത്തിനിടയിൽ പങ്കാളി മരണപെട്ടാൽ സ്ത്രീകളും പുരുഷന്മാരും പുനർവിവാഹം നടത്തുക പതിവാണ്. ഭാര്യയാണ് മരണപെട്ടതെങ്കിൽ ഭാര്യക്ക് ഭർത്താവിന്റെ കുടുംബത്തിലുള്ള പുരുഷന്മാരെയോ അടുത്ത ബന്ധുക്കളെയോ മറ്റുള്ളവരേയോ വിവാഹം കഴിക്കുന്നതിന് ഒരു തടസ്സവും ഇല്ല. ഇതേ രീതി തന്നെയാണ് ഭാര്യ മരണപ്പെട്ടാൽ പുരുഷന്മാർക്കും ബാധകം.

സ്ത്രീധനത്തിന് പുറമേ നിർധനരായ പുരുഷന്റെ മാതാപിതാക്കൾക്ക് വളർത്ത് കൂലിയായി വാർധക്യകാലം ചിലവിടുന്നതിനും പണം ക്രിസ്ത്യൻ മുക്കുവർക്കിടയിൽ പതിവായിരുന്നു. എന്നാൽ ഇതിന്റെ അളവ് മരക്കാർ മുസ്ലിങ്ങളുടെ ഇടയിൽ അത്രവ്യാപകമല്ല. സ്ത്രീകൾ പുരുഷന്മാരുടെ വീട്ടുകാർക്ക് അങ്ങോട്ട് ധനം നൽകും എങ്കിലും വിവാഹത്തിനുശേഷം ഭാര്യയെ തൊടുന്നതിനു മുൻപ് മഹർ നൽകുക എന്ന ഇസ്ലാമിക വിവാഹ പതിവ് മരക്കാർ മുസ്ലിങ്ങളും അനുവർത്തിച്ചിരുന്നു. ഇസ്ലാമിൽ നിർബന്ധമാക്കിയ കാര്യം ആണ് ഇത്. അതിനാൽ തന്നെ മഹർസ്ത്രീയുടെ അധികാരവും അവകാശവുമാണ്. ഇവിടെ സ്ത്രീകൾ അത് കൃത്യമായി ചോദിച്ച് വാങ്ങുകയും അത് ഒരു കാരണവശാലും നഷ്ട്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്യും.

പുരുഷന്മാരെ മഹറിനു കെട്ടിക്കുക എന്ന നാട്ടു നടപ്പ് കൂടി വിഴിഞ്ഞത്ത് പ്രകടമാണ്. സ്ത്രീധനം വാങ്ങാതെ പെണ്ണിന് മഹർ അങ്ങോട്ട് കൊടുത്ത് കല്യാണം കഴിക്കുന്ന രീതിയാണ്. പലപ്പോഴും നേർച്ച എന്ന രീതിയിലാണ് പുരുഷന്റെ അമ്മ മകനെ കൊണ്ട് മഹർ കല്യാണം നടത്തുന്നത്.

വിവാഹം കഴിഞ്ഞാൽ വധു വരന്മാർ വധുവിന്റെ വീട്ടിലാണ് തലമുറകളോളം താമസിക്കുക. പലകുടുംബങ്ങളും ഒരു കുടുംബവീട്ടിൽ തന്നെയായിരുന്നു തലമുറകളോളം കഴിഞ്ഞു പോന്നിരുന്നത്. പെൺമക്കൾ കല്ല്യാണശേഷം അമ്മവീട്ടിലും ആൺമക്കൾ ഭാര്യവീട്ടിലും ആയിരുന്നു നൂറ്റാണ്ടുകളായി വിഴിഞ്ഞത്ത് താമസിച്ചിരുന്നത്. പിൽക്കാലത്ത് ഈ രീതിക്ക് മാറ്റംവന്നു എങ്കിലും ഇപ്പോഴും പഴയരീതികൾ തുടർന്നു പോകുന്നതും നമുക്ക് കാണാൻ സാധിക്കും. മുൻകാലങ്ങളിൽ എല്ലാവരും കൂട്ടുകുടുംബമായി കഴിയുകയും മാറിതാമസിക്കുന്നതിനെ കുറിച്ചു ചിന്തിക്കുക പോലും ഉണ്ടായിരുന്നില്ല എന്നതായിരുന്നു മരക്കാർ ചരിത്രമായി ഞങ്ങളെ പഠിപ്പിച്ചിരുന്നത്. ആധുനീകതയുടെ വരവോടെ അതിനും മാറ്റങ്ങൾ വന്നു തുടങ്ങി. അവകാശങ്ങൾ പെണ്മക്കൾക്കും അവരുടെ മക്കൾക്കും ആയിരുന്നു. പിന്നീട് അതിലും മാറ്റം വന്നു തുടങ്ങി. പെണ്മക്കളുടെ അവകാശത്തെക്കാളും ആണ്മക്കൾക്കായി അവകാശങ്ങൾ. ഇവിടെ സ്ത്രീകൾ വീടിനുള്ളിലായിരുന്നു കഴിഞ്ഞിരുന്നത്, പുറത്തൊന്നും അധികം പോകാറില്ലായിരുന്നു. പിന്നെ അവിടെയും മാറ്റങ്ങൾ വന്ന് തുടങ്ങി. വിദ്യാഭ്യാസ പരമായി മുന്നോട്ട് പോയതിനാൽ ആയിരുന്നു ഈ മാറ്റങ്ങൾ ഉണ്ടായത്. ഇന്ന് പലമേഖലകളിലും സ്ത്രീകൾ മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ പല സമ്പ്രദായങ്ങളും പുതിയ രീതികളിൽ പരിണമിച്ചുകൊണ്ടിരിക്കുന്നു.

### മരയ്ക്കാർ സമുദായവും താവഴി ആചാരങ്ങളും

എത്തരത്തിലാണ് മരയ്ക്കാർ മുസ്ലിങ്ങൾടയിൽ താവഴി ഊട്ടി ഉറപ്പിക്കപ്പെട്ടത് എന്ന് അവിടത്തെ ആചാരങ്ങൾ മനസ്സിലാക്കിയാൽ തന്നെ വ്യക്തമാകും. പെണ്ണിന്റെ വീട്ടിൽ നിന്നും ചെറുക്കന്റെ വീട്ടിൽ വിവാഹം നിശ്ചയിക്കാൻ പോകും. വിവാഹാലോചന പലപ്പോഴും പെണ്ണിന്റെ വീടിലെ മുതിർന്ന സ്ത്രീകൾ ആയിരിക്കും നടത്തുക. "ചെറുക്കന് വല്ല സംബന്ധ ആലോചനയും വന്നോ?" അല്ലെങ്കിൽ 'പെണ്ണിന് വല്ല സംബന്ധവും ആലോചിക്കുന്നുണ്ടോ?' എന്നുള്ളതാണ് പ്രധാന ചോദ്യം. പുരുഷന്റെ വീട്ടിൽ നിന്നും പെണ്ണിന്റെ വീട്ടിലേക്കാണ് മറ്റെല്ലാ ചടങ്ങുകളും, അതിന്റെ ചിലവുകൾ പെൺവീട്ടുകാരായിരുന്നു വഹിച്ചിരുന്നത്. മൈലാഞ്ചി ഇടീക്കൽ അതിന് ശേഷം ആയിരുന്നു വിവാഹ ചടങ്ങുകൾ.

മൈലാഞ്ചിയോടൊപ്പം തന്നെ മുഖം മിനുക്കൽ എന്ന പരിപാടിയുണ്ട്. കല്യാണ ചെറുക്കന്റെ സഹോദരിമാർ കൂടെ കൊണ്ടുവരുന്ന ഒസാത്തി കല്യാണപ്പെണ്ണിന്റെ മുഖത്തുള്ള അനാവശ്യ രോമങ്ങൾ കത്തികൊണ്ട് വടിച്ചു മാറ്റി കോഴിമുട്ടയും വെളിച്ചെണ്ണയും തേങ്ങാപാലും കുഴമ്പ് രൂപത്തിലാക്കി പെണ്ണിന്റെ മുഖം മിനുക്കി സുന്ദരിയാക്കുന്ന ചടങ്ങാണ് ഇത്. ഇതിന് ശേഷം കല്യാണ പെണ്ണിനെ കുളിപ്പിച്ച് ഒരുക്കുന്ന ചുമതല കല്യാണ ചെറുക്കന്റെ സഹോദരിമാർക്ക് ആണ്. ഇതെല്ലാം കാണിക്കുന്നത് വീട്ടിലെ സ്ത്രീകൾക്ക് സാമൂഹിക ആചാരങ്ങളിൽ മാറ്റി നിർത്താനാവാത്ത പങ്കു

ണ്ട് എന്നാണ്. ആദ്യകാലത്ത്  ഈ ചടങ്ങുകൾ ഒരേ ദിവസം ആയിരുന്നു. വൈകുന്നേരം മൈലാഞ്ചിയും രാത്രി വിവാഹവും എന്ന രീതിയിൽ ആയിരുന്നു. എന്നാൽ കാലത്തിനനുസരിച്ച് ചടങ്ങുകൾ രണ്ടു ദിവസം എന്ന കണക്കിനായി മാറി. ചിലവ് അധികരിച്ചു. പഴയ കാലത്ത് സ്ത്രീകളുടെ വീട്ടിൽ തന്നെയായിരുന്നു പുരുഷന്മാർ കല്യാണം കഴിച്ചു താമസിച്ചിരുന്നത് എന്ന് പറഞ്ഞല്ലോ. അത് ഇപ്പോൾ ചെറുക്കന്റെ വീട്ടിലേക്ക് സ്ത്രീകളെ വലിയ പാരിദോഷികങ്ങൾ നൽകി വിടുന്ന പുതിയ രീതിയിലേക്ക് മാറിയിട്ടുണ്ട്. ഈ മാറ്റം താവഴിക്രമത്തിൽ നിന്നും മാറിപ്പോകുന്ന ഒരു കാഴച്ചയാണ് അടുത്തകാല ചരിത്രം വഴി നമുക്ക് തുറന്ന് തരുന്നത്. സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ മുന്നേറ്റത്തിന്റെ അടിസ്ഥാനത്തിൽ അതിന് മാറ്റം വന്നു എന്ന് പറയുമ്പോഴും സ്ത്രീകളുടെ അരക്ഷിതാവസ്ഥയ്ക്ക് വഴിതുറക്കുന്ന രീതിയായയാണ് പലപ്പോഴും സ്ത്രീകളെ കല്യാണം കഴിപ്പിച്ചയക്കൽ വഴി ഉണ്ടാകുന്നത്. എന്നാൽ പുരുഷന്മാരെ കല്യാണം കഴിച്ച് കൊണ്ടുവരുന്ന താവഴി ക്രമത്തിന്റെ നല്ലൊരു ഭാഗം ഇപ്പോഴും മുസ്ലിം മത്സ്യതൊഴിലാളികളായ മരയ്ക്കാർ സമൂഹത്തിനിടയിൽ ഉണ്ട് എന്നതിന് വിഴിഞ്ഞം പോലെ തന്നെ പെരുമാതുറയിലും, ബീമാപള്ളിയിലും, പൂവാറ്റും,  തൂത്തുക്കുടിയിലും ചാവക്കാടും, കോഴിക്കോടും ഒക്കെ കാണാൻ കഴിയുന്നത് താവഴിക്രമമാണ് മത്സ്യബന്ധന മുസ്ലിങ്ങൾക്കിടയിൽ എന്നതിന് വ്യക്തമായ തെളിവാണ്.

അമ്മായി പൊന്ന്, മദിനി പൊന്ന് (മദനി ഭർതൃ സഹോദരി), അളിയന്മാർക്ക് അച്ചാരം, താലി പൊന്ന്, വെള്ളം കുടി (ആഹാരവും പലഹാരവും കഴിപ്പിക്കുന്ന ചടങ്ങ്) മുതലായ ചടങ്ങുകൾ വിവാഹത്തിൽ വിഴിഞ്ഞത്ത് പ്രധാനമാണ്. ഇപ്പോൾ ഇതിൽ ചിലതിൽ മാറ്റം വന്നിട്ടുണ്ട് ചിലത് തുടരുകയാണ്. അച്ചാരം എന്ന് പറയുന്നത് ചെറുക്കനെ കണ്ട് ഇഷ്ട്ടപ്പെട്ടാൽ നൽകുന്ന പ്രത്യേക പാരിദോഷികം നൽകൽ ചടങ്ങാണ്. മാല,മോതിരം എന്നിവ അവരവരുടെ കഴിവനുസരിച് കൊടുക്കുന്നു. അമ്മായി പൊന്ന് വിവാഹസമയത്തു കല്യാണ ചെറുക്കന്റെ അമ്മയ്ക്ക്  കൊടുക്കുന്നതാണ് അത് വളരെ പ്രധാനമാണ്. മദനി പൊന്ന് വരന്റെ സഹോദരിമാർക്ക് കൊടുക്കുന്നതാണ്. എത്ര സഹോദരിമാരുണ്ടോ അതനുസരിച്ചാണ് കൊടുക്കുന്നത്. താലി പൊന്ന് കാശല്ലെങ്കിൽ പൊന്നാണ് കൊടുക്കുന്നത്. എന്നാൽ ഇപ്പോൾ ഇതിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇതെല്ലാം മുൻകാലങ്ങളിൽ പ്രധാനം ആയിരുന്നു. വെള്ളം കുടി എന്നത് ആഹാരസാധാനങ്ങൾ, പലഹാരങ്ങൾ, കാശ്, സ്വർണം എന്നിവയും കൊടുക്കാറുണ്ട്. ഈ ചടങ്ങുകൾ പെൺ വീട്ടുകാർ വരൻറെ  വീട്ടുകാർക്ക് ചെയ്തുകൊടുക്കുന്ന ചടങ്ങുകൾ ആണ്. ഇതിനൊന്നും വിഴിഞ്ഞത്ത് അധികം മാറ്റം വന്നിട്ടില്ല. ചിലതിന് കാലക്രമേണ ചെറിയ രൂപഭേദം വന്നിട്ടുണ്ട്. ഇത്തരം ആചാരങ്ങൾ കാ

**അമ്മായി പൊന്ന്, മദിനി പൊന്ന് (മദനി ഭർതൃ സഹോദരി), അളിയന്മാർക്ക് അച്ചാരം, താലി പൊന്ന്, വെള്ളം കുടി (ആഹാരവും പലഹാരവും കഴിപ്പിക്കുന്ന ചടങ്ങ്) മുതലായ ചടങ്ങുകൾ വിവാഹത്തിൽ വിഴിഞ്ഞത്ത്പ്രധാനമാണ്. ഇപ്പോൾ ഇതിൽ ചിലതിൽ മാറ്റം വന്നിട്ടുണ്ട് ചിലത് തുടരുകയാണ്. അച്ചാരം എന്ന് പറയുന്നത് ചെറുക്കനെകണ്ട് ഇഷ്ട്ടപ്പെട്ടാൽ നൽകുന്ന പ്രത്യേക പാരിദോഷികം നൽകൽ ചടങ്ങാണ്. മാല,മോതിരം എന്നിവ അവരവരുടെ കഴിവനുസരിച്ച് കൊടുക്കുന്നു.**

ണിക്കുന്നത് ഒരു പുരുഷനെ പെൺവീട്ടിലേക്ക് കല്യാണം കഴിച്ചു കൊണ്ട് വരണമെങ്കിൽ അയാളുടെ സഹോദരിമാരേയും അമ്മേയേയും സ്വർണ്ണം നൽകി തൃപ്തിപെടുത്തണം എന്നാണ്.

വരന്റെ വീട്ടിൽ നിന്നും വധുവിന്റെ വീട്ടിൽ കൊടുക്കുന്ന ചടങ്ങുകളുമുണ്ട്. വരൻ വധുവിന്റെ വീട്ടിൽ ആദ്യമായി വിവാഹശേഷം വരുമ്പോൾ കാല് കഴുകൽ നടത്തുന്നത് വധുവിന്റെ സഹോദരൻ ആണ്. തുടർന്ന് ചെറുക്കൻ അളിയന് മോതിരം കൊടുക്കുന്നതാണ് ചടങ്ങ്. കല്യാണ ശേഷം ചെറുക്കനു വധുവിന്റെ അമ്മ മധുരം കൊടുക്കൽ ചടങ്ങിന് ശേഷം വധുവിന്റെ അമ്മയ്ക്ക് വരൻ സ്വർണം കൊടുക്കുന്നത് ഇന്നും തുടർന്ന് പോരുന്നു. കൂടാതെ കല്യാണ ശേഷം മറു വീട് എന്ന ചടങ്ങിൽ വധുവിനെ വരന്റെ വീട്ടിലേക്ക് വരന്റെ അമ്മയും സഹോദരിമാരും വരവേൽക്കുന്ന ചടങ്ങുണ്ട്. ഈ ചടങ്ങിൽ വരന്റെ ഗൃഹത്തിൽ എത്തിയ വധുവിനെ സ്വർണ്ണം കൊണ്ടുള്ള ആഭാരണങ്ങളും മറ്റ് സമ്മാനങ്ങളും നൽകി വരന്റെ അമ്മയും സഹോദരിമാരും മാറ്റ് ബന്ധുക്കളും വരവേൽക്കുന്നു. ഇതിന് ശേഷം വധുവിന്റെ ബന്ധുക്കൾ വന്നു പെ

ണ്ണിനെ അവളുടെ സ്വന്തം വീട്ടിലേക്ക് കൊണ്ട് പോകുന്നു. ആദ്യരാത്രി ചടങ്ങുകൾ ഇപ്പോഴും വിഴിഞ്ഞത്ത് പെൺവീട്ടിലാണ് നടക്കുക. വിവാഹം കഴിഞ്ഞു നാല് ദിവസം വധു അവളുടെ വീടിന് പുറത്തിറങ്ങാൻ പാടില്ല 'പുതുമണം പോകും വരെ പുറത്തിറങ്ങരുത്' എന്നാണ് ആചാരം. ആദ്യകാലങ്ങളിൽ മൂന്നാം കല്യാണം എന്ന ചടങ്ങ് ഉണ്ടായിരുന്നു.

വരന്റെ അമ്മയെ വധുവിന്റെ വീട്ടിലേക്കു സൽക്കരിക്കുന്ന ചടങ്ങാണിത്. കോഴിക്കോട് കുറ്റിച്ചിറ ഭാഗത്ത് മരുമക്കത്തായ കുടുംബങ്ങളിൽ ഇപ്പോഴും 'അമ്മായിതക്കാരം' എന്ന പേരിൽ ഈ ആചാരം നിലനിൽക്കുന്നുണ്ട്. എന്നാൽ വിഴിഞ്ഞത്ത് ഈ ചടങ്ങും നാലാം കല്യാണവും ഒരുമിച്ചാണ് ഇപ്പോൾ നടത്തുന്നത്. നാലാം കല്യാണത്തിനു വരന്റെ സഹോദരിമാർ കോഴിമുട്ടയും വെളിച്ചണ്ണയും പട്ടുസാരികളും മറ്റും കൊണ്ട് വന്നു പെണ്ണിനെ കുളിപ്പിച്ച് ചെറുക്കന്റെ വീടിലേക്ക് കൊണ്ട് പോകുന്ന ചടങ്ങാണ് ഇത്. മൂന്ന് രാത്രികൾ വരന്റെ ഗൃഹത്തിൽ താമസിച്ച ശേഷം വരന്റെ വീട്ടിൽ വച്ചു നടത്തുന്ന എഴാം കല്യാണം എന്ന ചടങ്ങോടെ വധുവരന്മാർ വധുഗൃഹത്തിലേക്ക് തിരിച്ചു പോകുന്നു. അതിനു ശേഷം ഒട്ടുമിക്ക ദമ്പതിമാരും ഭാര്യാഗൃഹത്തിൽ തന്നെ ശിഷ്ട കാലം താമസിക്കുന്നു. ചില ആളുകൾ ഭാര്യവീട്ടിൽ കുറച്ച് കാലം ഭാതൃ വീട്ടിൽ കുറച്ച് കാലം എന്ന വിധേന ജീവിക്കുന്നു. കല്യാണപെണ്ണിന്റെ വീട്ടിൽ താമസ്സിക്കുന്ന പ്രവണതയാണ് പൊതുവേ കണ്ടു വരുന്നത്. പ്രത്യേകിച്ചും കുഞ്ഞുങ്ങളായി കഴിഞ്ഞാൽ സ്ത്രീകൾ തങ്ങളുടെ സ്വന്തം വീട്ടിൽ താമസ്സിക്കനാണ് താല്പര്യപെടുന്നത്. കല്യാണ സമയത്ത് വധുവിന് അവളുടെ കുടുംബ സ്വത്തിൽ നിന്നും പതിച്ചു നൽകുന്ന സ്ഥലത്തോ അല്ലെങ്കിൽ അത് വിറ്റ് പുതിയ സ്ഥലം വാങ്ങി അവിടെ പുതിയ വീട് നിർമ്മിച്ച് താമസിക്കുന്ന രീതിയും സാധാരണമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ അവരുടെ അമ്മ വീട്ടിൽ തന്നെ തലമുറകളോളം താമസിക്കുന്നതായി കാണാം.

കല്യാണം കഴിഞ്ഞു ഗർഭധാരണത്തിന് ശേഷം ഏഴാം മാസം അല്ലേൽ ഒമ്പതാം മാസം വയറ്റുനേർച്ച നടത്തുന്നത് പതിവാണ്. വയറ്റുനേർച്ച പെൺവീട്ടിൽ ആണ് നടക്കുന്നത് ഇരു കൂട്ടരും ചേർന്ന് ഒരു കല്യാണ പ്രതീതിയിലാണ് ഈ ചടങ്ങ് നടത്തുന്നത്. വയറ്റുനേർച്ചയിൽ ഒത്തിരി ചടങ്ങുകൾ ഉണ്ട്, കന്നി കഴിയാത്ത പെൺകുട്ടികൾക്ക് കണ്മഷി, മൈലാഞ്ചി, പൂവ്, എണ്ണ, നെയ്യപ്പം, വെറ്റില, പാക്ക് എന്നിവ പയ്യന്റെ വീട്ടിൽ നിന്നും ഏഴു പേർക്ക് പെണ്ണിന്റെ വീട്ടിലും, പെണ്ണിന്റെ വീട്ടിൽ നിന്നും ഏഴു പേർക്ക് ചെറുക്കന്റെ വീട്ടിലും കൊടുക്കുന്നത് ഇന്നും പിന്തുടർന്ന് പോകുന്നു. ഭർത്താവിന്റെ സഹോദരി പെണ്ണിന്റെ മടിയിൽ നെയ്യപ്പം നിറക്കുന്നതാണ് പ്രധാന ചടങ്ങ്.

പ്രസവാനന്തരം കുട്ടികളുടെ തലമുടി കളയൽ, നൂലുകെട്ട് എല്ലാം പ്രധാന ചടങ്ങുകൾ ആണ്. കുട്ടികൾ ജനിച്ചാൽ ആൺ-പെൺകുഞ്ഞുങ്ങൾക്ക് സുന്നത്ത് നടത്തും. ആൺ കുട്ടികൾക്ക് 10 വയസിനുള്ളിൽ സുന്നത്തു നടത്തുകയും പെൺകുട്ടികൾ ജനിച്ചു 40 ദിവസത്തിനുള്ളിലും സുന്നത്തു നടത്തുക എന്നതാണ് രീതി. ഇത് ഇരുകൂട്ടരും ചേർന്നാണ് നടത്തുന്നത് എങ്കിലും പെണ്ണിന്റെ വീട്ടിലാണ് ചടങ്ങുകൾ അരങ്ങേറുന്നത്. ഇന്നും ഈ ചടങ്ങുകൾക്ക് വല്യതോതിലുള്ള മാറ്റം ഒന്നും വന്നിട്ടില്ല. വിഴിഞ്ഞത്ത് ഇത് വളരെ പ്രാധാന്യത്തോടു കൂടിയാണ് അനുഷ്ഠിച്ചു പോകുന്നത്. ഇതു നടക്കാതിരുന്നാൽ സമൂഹം വളരെ മോശമായി ആ കുടുംബത്തെ ചിത്രീകരിക്കുകയും പലപ്പോഴും ഊരുവിലക്ക് പോലുള്ള കടുത്ത നടപടി പോലും നേരിടേണ്ടതായും വന്നിട്ടുണ്ട്. പെൺകുട്ടികൾ വളർന്നതിന് ശേഷം വയസറിയിക്കൽ കല്യാണം. അതായത് പെൺകുട്ടികൾ ഋതുമതി ആകുന്നതിന്റെ ആഘോഷമാണ് മറ്റൊരു ചടങ്ങ്. ഇത് മിക്കവാറും കേരള സമൂഹത്തിൽ ഉള്ളതാണല്ലോ. എന്നാൽ ഋതുമതികളെ ഒരുക്കാനും മറ്റ് ചടങ്ങുകൾ ചെയ്യാനും അവകാശപ്പെട്ടത് അമ്മാവൻ-അമ്മായിമാരുടെ മക്കൾക്കാണ്. മരുമക്കത്തായമാണ് ഇവിടെ നിലനിൽക്കുന്നതിന്റെ ആദ്യ ഉദാഹരണമാണ് ഇത്.

പെൺകുട്ടികളെ സഹാദരന്റെയോ സഹോദരിയുടെ മക്കളെ കൊണ്ടാണ് കൂടുതലും വിവാഹം നടത്തിയിരുന്നത്. അതായത് മരുമക്കളാണ് മക്കളെ മരയ്ക്കാർ മുസ്ലിങ്ങളുടെ ഇടയിൽ ഇന്നും വിവാഹം കഴിക്കുന്നത്. അതുവഴി സ്വത്തുക്കളും മറ്റും താവഴി വഴി അവർക്കിടയിൽ തന്നെ നിലനിന്ന് പോകുന്ന വിവാഹ സമ്പ്രദായമാണ് വിഴിഞ്ഞത്തേത് എന്നതാണ് മറ്റൊരു പ്രധാന വിശേഷം. ഇങ്ങനെ ചെയ്യുന്നത് മൂലം ആൺമക്കളുടെയും പെൺ മക്കളുടെയും കുടുംബങ്ങൾ ഒരുമിച്ചു നിൽക്കാൻ എന്നും കഴിഞ്ഞിരുന്നു. വിഴിഞ്ഞത്തുള്ള മറ്റ് എല്ലാ സമുദായത്തിലും ഈ രീതി നല്ലതോതിൽ ഇന്നും നിലനിൽക്കുന്നു. ആൺകുട്ടികളുടെ സുന്നത്ത് കല്യാണമാണ് മരയ്ക്കാർ മുസ്ലിങ്ങളുടെ ഇടയിലെ ഇന്നും തുടർന്ന് പോരുന്ന മറ്റൊരു പ്രധാന ആഘോഷം. ഈ സമ്പ്രദായത്തിൽ ചേലാകർമ്മം നടക്കുന്ന ചടങ്ങിനു കാർമികത്വം വഹിക്കുന്നത് അമ്മാവൻ/അമ്മായിയുടെ മക്കളാണ് അഥവാ മച്ചാൻ/അളിയൻമാരാണ്. മരണാനന്തര ചടങ്ങുകളിലും മക്കളെക്കാൾ കർമ്മങ്ങൾ ചെയ്യാൻ അവകാശപ്പെട്ടതും ഇപ്പോഴും മരുമക്കൾക്കാണ്. ജനനം മുതൽ മരണം വരെയുള്ള എല്ലാ കർമ്മങ്ങൾക്കും കാർമികത്വം വഹിക്കുന്ന മരുമക്കൾ സമ്പ്രദായം താവഴി ക്രമത്തിന്റെ ഊടും പാവുമാണ്. വിഴിഞ്ഞത്തെ മരയ്ക്കാർ മുസ്ലിങ്ങളുടെ ആചാരങ്ങളിൽ ഇതിന്റെ തുടർച്ച വല്യ രൂപഭേദങ്ങളില്ലാതെ ഇന്നും തുടരുന്നത് ഈ സമൂഹം കാലങ്ങളായി താവഴിക്രമത്തിലാണ് എന്നതിന് ഉദാഹരണമാണ്.

ചർച്ചാവിഷയം

# വയനാട്ടിലെ ആദിവാസിസ്ത്രീകളും താവഴി അറിവു പകർച്ചകളും

## വയനാടിലെ ആദിവാസി സ്ത്രീകളെ പറ്റി ഒരു പഠനം



പാരമ്പര്യ അറിവുകൾ എന്നത് എല്ലായ്പ്പോഴും ഒരു വ്യക്തിയെ മാത്രം ആശ്രയിച്ചു നിലനിൽക്കുന്ന ഒന്നല്ല. ലോകമെമ്പാടുമുള്ള പാരമ്പര്യ അറിവുകളുടെ ഉപയോഗവും, വിതരണവും വികാസവും ഒരു ലിംഗപരമായ ഇടപെടൽ കല്പിച്ചു നൽകുന്നുണ്ട്. അതിലാകട്ടെ സ്ത്രീകളുടെ പങ്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് താനും. എന്നിരിക്കിലും ലോകമെമ്പാടുമുള്ള സ്ത്രീകളുടെ  ഈ തരത്തിലുള്ള ഇടപെടലുകളും പങ്കും വേണ്ട വിധത്തിൽ ശ്രദ്ധിക്കപ്പെടാതെ പോയിട്ടുണ്ടെന്നാണ് പഠനങ്ങൾ വിലയിരുത്തുന്നത്. നമ്മുടെ പാരമ്പര്യഅറിവുകൾ ഏറെയും നിക്ഷിപ്തമായിരിക്കുന്നത് ആദിവാസി ഗോത്ര വിഭാഗങ്ങളിലാണ്. അവയിൽത്തന്നെയാകട്ടെ ഏറിയ പങ്കും സ്ത്രീകളാണ് വഹിക്കുന്നത്. എന്നാൽ ഇത് ഏറെക്കുറെ അംഗീകരിക്കപ്പെടാതെ പോയ വസ്തുതയാണ്. ഈയടുത്തായി പല രാഷ്ട്ര- അന്താരാഷ്ട്ര സ്ഥാപനങ്ങളും ഈയൊരു ന്യൂനത ചർച്ചയ്ക്ക് വിധേയമാക്കാൻ തുടങ്ങിയിട്ടുണ്ട്.  ഈയൊരു അവസരത്തിൽ നമ്മുടെ കേരളം പോലെയുള്ള ആദിവാസി ഗോത്ര വൈവിധ്യം കൈമുതലായുള്ള ഒരു സംസ്ഥാനത്തിലെ സ്ത്രീകളുടെ പങ്ക് വിസ്മരിക്കപ്പെട്ടുകൂടാത്തതാണ്.



**ദീപ വി.കെ.**
റിസർച്ച് കൺസൾട്ടന്റ്
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഹെൽത്ത്, ബാംഗ്ലൂർ

കേരളത്തിലെ വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ആദിവാസി ജനത താമസിച്ചുപോരുന്നത്. കാലങ്ങളായി പിന്തുടർന്ന് വന്ന പല നയങ്ങളും അവരുടെ ജീവിതത്തെയും അവർ പിന്തുടർന്നുപോരുന്ന പല അറിവുകളെയും വിപരീതമായി ബാധിച്ചിട്ടുള്ളവയാണ്. അതുകൊണ്ടുതന്നെ ഈ പഠനം അത്തരം ഒരു വിഷയത്തെയാണ് കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നത്. വയനാട്ടിൽ പ്രധാനമായും കുറിച്യ, മുള്ളുകുറുമ,  ഊരാളികുറുമ, കാട്ടുനായ്ക്ക, പണിയ, അടിയ വിഭാഗങ്ങളിൽ പെട്ട ആദിവാസി സമൂഹമാണ് ഉള്ളത്. ഈ ഓരോ വിഭാഗത്തിനും അവരവരുടേതായ വിശ്വാസങ്ങളും ആചാരങ്ങളും രീതികളും നിലവിലുണ്ട്. കാലങ്ങളായി അവർ വിശ്വസിച്ചുപോന്ന ഓരോ ആചാരങ്ങളും ഏറെക്കുറെ അവർ ഇന്നും പിന്തുടർന്നുപോരുന്നുമുണ്ട്.

പാരമ്പര്യമായി അവർ നിലനിർത്തികൊണ്ടുപോരുന്ന അറിവിനെയും അതിന്റെ ഉപയോഗത്തിനെയും പറ്റി പറയുകയാണെങ്കിൽ അവയിൽ എല്ലാകാലത്തും ഒരേപോലെ  പ്രധാനപ്പെട്ടതാണ് അവരുടെ പാരമ്പര്യ ചികിത്സാരീതിയും അത് ഉൾപ്പെടുന്ന വിശ്വാസങ്ങളും അതിൽ സ് ത്രീകൾ വഹിക്കുന്ന പങ്കും. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ പാരമ്പര്യചികിത്സാ സമ്പ്രദായവും അതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളും നിലനിർത്തിപോരുന്നതിൽ വായനാട്ടിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ വലിയ പങ്കു വഹിക്കുന്നുണ്ടെങ്കിലും അത് വേണ്ട രീതിയിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ളത് സംശയമാണ്. വയനാട്ടിലെ ഇത്തരത്തിലുള്ള പ്രവർത്തനവും മറ്റുരാജ്യങ്ങളിൽ ഉള്ളതുപോലെതന്നെ ഒരു കൂട്ടായ പ്രവർത്തനമാണ്.

നേരത്തെ സൂചിപ്പിച്ചതുപോലെ, പലസമയങ്ങളിൽ സ്വീകരിച്ചിട്ടുള്ള നയങ്ങൾ ഈ അറിവിനെയും അതിന്റെ ഉപയോഗത്തെയും വിപരീത വിധത്തിൽ ബാധിച്ചിട്ടുണ്ട്.  കുറുമരുടെയും കുറിച്യരുടെയും അവസ്ഥയെപ്പറ്റി പറയുകയാണെങ്കിൽ ഈ തരത്തിലുള്ള ഇടപെടൽ അവരുടെ അറിവിനെ കുറച്ചൊന്നുമല്ല ബാധിച്ചിട്ടുള്ളത്. ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്, ഇത്തരം അറിവുകൾ സൂക്ഷിക്കുന്നതിലും തലമുറകളാ

യിക്കൈമാറ്റം ചെയ്യപ്പെടുന്നതിലും സ്ത്രീകൾ വഹിക്കുന്ന പങ്ക് വിസ്മരിക്കപ്പെടുന്നു എന്നതുതന്നെയാണ്. വയനാട് കേന്ദ്രീകരിച്ചു നടത്തിയ പഠനത്തിൽ വെളിപ്പെടുന്ന ഒരു കാര്യവും ഇതുതന്നെയാണ്. എല്ലാ വിഭാഗങ്ങളിലും പാരമ്പര്യ അറിവുകൾ കാത്തുസൂക്ഷിക്കുന്നത് സ്ത്രീകൾ ആണെങ്കിലും അത് വേണ്ട വിധത്തിൽ പരിഗണിക്കപ്പെട്ടിട്ടില്ല. ഇതിന്റെ പ്രധാനമായിട്ടുള്ള കാരണങ്ങളിൽ ഒന്ന് നിലവിൽ നിലനിന്നുപോരുന്ന സാമൂഹിക സാമ്പത്തിക ചുറ്റുപാടുകളും അതിനെ ചുറ്റിപ്പറ്റി സമൂഹത്തിൽ നിലനിന്നുപോരുന്ന വിശ്വാസങ്ങളും ആണെന്നതിൽ തർക്കമില്ല, ഇത് സ്ത്രീകളുടെ ഇത്തരത്തിലുള്ള പങ്കിനെ അരികുവൽക്കരിക്കുന്നു. പ്രത്യേകിച്ച് ആർത്തവം പോലെ അശുദ്ധി കല്പിക്കപ്പെടുന്ന നാളുകളിൽ സ്ത്രീകൾ പരിശുദ്ധമായി നടത്തിയിരുന്ന പാരമ്പര്യ ചികിത്സാസമ്പ്രദായത്തിൽ നിന്ന് അവർക്ക് വിലക്ക് ഏർപ്പെടുത്തപ്പെടുന്നു. ഈ നാളുകളിൽ സ്ത്രീകൾ ഇത്തരത്തിലുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടാൽ അത് ഫലപ്രാപ്തി ഇ

**കുറിച്യവിഭാഗം പലതരം ഭാഗങ്ങളായി അറിയപ്പെട്ടിരിക്കുന്നു, ഇതിൽ പ്രധാനമായവ അംശം തറവാട് ഇവയൊക്കെയാണ്. വയനാടിലെ ആദിവാസി വിഭാഗങ്ങളിൽ വെച്ചു ഏറ്റവുമധികം ആധുനികവൽക്കരിക്കപ്പെട്ട വിഭാഗമാണ് ഇക്കൂട്ടർ. പ്രധാനമായും കുറുമവിഭാഗത്തിൽ ആണ് കൂടുതൽ സ്ത്രീകൾ പാരമ്പര്യ ചികിത്സാരീതിയിൽ ഏർപ്പെട്ടിരിക്കുന്നത്.**

ല്ലാതാക്കും എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് സംഭവിക്കുന്നത്. തങ്ങളുടെ ദൈനം ദിന ജീവിതത്തിൽ ഔഷധസസ്യങ്ങൾക്ക് ഏറെ പ്രാധാന്യം ഉണ്ടെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ അവർ ഇത്തരം ഭക്ഷണപദാർത്ഥങ്ങൾ കൂടുതലായി ഉപയോഗിക്കുവാൻ നിഷ്കർഷ പുലർത്തിപോരുന്നു.

കുറിച്യവിഭാഗം പലതരം ഭാഗങ്ങളായി അറിയപ്പെട്ടിരിക്കുന്നു, ഇതിൽ പ്രധാനമായവ അംശം, തറവാട് ഇവയൊക്കെയാണ്. വയനാടിലെ ആദിവാസിവിഭങ്ങളിൽ വെച്ചു ഏറ്റവുമധികം ആധുനികവൽക്കരിക്കപ്പെട്ട വിഭാഗമാണ് ഇക്കൂട്ടർ. പ്രധാനമായും കുറുമ വിഭാഗത്തിൽ ആണ് കൂടുതൽ സ്ത്രീകൾ പാരമ്പര്യ ചികിത്സാ രീതിയിൽ ഏർപ്പെട്ടിരിക്കുന്നത്. കുറിച്യ വിഭാഗത്തിൽപ്പെട്ട സ്ത്രീകളും ഈ പ്രവർത്തനത്തിൽ ഏർപ്പെടുന്നുണ്ടെങ്കിലും അത് മിക്കവാറും പുരുഷന്മാരുടെ അഭാവത്തിൽ ആണ്, അതുകൊണ്ടുതന്നെ പ്രത്യക്ഷത്തിൽ അവരുടെ പങ്ക് കാണാൻ പ്രയാസമാണ്. അതിനൊക്കെ പുറമെ അവർ ഇങ്ങനെയൊരു അറിവ് പുറത്തുപറയാൻ വിമുഖത കാണിക്കുന്നു എന്നുള്ള കാര്യവും കണക്കിൽ എടുക്കേണ്ടതാണ്. ഇത് അവലംബിച്ചുപോരുന്ന ഒരു നടപടിയുടെ ഭാഗം കൂടെയാണ്, കാരണം അവരുടെ ഇത്തരത്തിലുള്ള അറിവ് ഒരുപാട് ചൂഷണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകൾ പൊതുവെ ഇത്തരത്തിലുള്ള അവരുടെ അറിവ് പുറത്തുപറയാൻ മടി കാണിക്കുന്നതിന് ഒരു കാരണം ഇതാണ്. വേറെ ഒരു കാരണം, സ്ത്രീകൾ മിക്കവാറും ഈ തരത്തിലുള്ള അറിവിന്റെ പരിചരണവും അതിന്റെ മേലുണ്ടാകുന്ന നയരൂപീകരണത്തിലും പങ്ക് ഒന്നും തന്നെ വഹിക്കുന്നില്ല എന്നുള്ളതാണ്. അവരെ അങ്ങിനെയുള്ള ഒരു നയരൂപീകരണത്തിന്റെ ഭാഗമായി കണക്കാക്കാൻ ഇതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ലെന്ന് സാരം. സ്ത്രീകൾക്കാകട്ടെ പാരമ്പ

ര്യചികിത്സാരീതിയുമായി ബന്ധപ്പെട്ട്, മരുന്നുചെടി ശേഖരിക്കുവാൻ ദൂരെ കാടുകളിൽ പോവാനുള്ള ബുദ്ധിമുട്ട് പുരുഷന്മാരെ അപേക്ഷിച്ചു കൂടുതൽ ആണ് താനും. അതുകൊണ്ടുതന്നെ ഇത്തരം സന്ദർഭങ്ങളിൽ അവർ പ്രധാനമായും പുരുഷന്മാരെ ആശ്രയിക്കുന്നതായാണ് കാണപ്പെടുന്നത്. പക്ഷെ ഇങ്ങനെയൊരു അവസ്ഥ പാരമ്പര്യ ചികിത്സാരംഗത്തു മുൻപന്തിയിൽ നിൽക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ കാര്യമായ കുറവ് വരുത്തുന്നതിന് കാരണമായി. പണിയവിഭാഗമാകട്ടെ, കാലങ്ങളായി ജന്മിമാരുടെ കീഴിലെ വേലക്കാരായി അടിമത്തം അനുഭവിച്ചുജീവിച്ച വിഭാഗക്കാർ ആയിരുന്നു. പണിയ വിഭാഗത്തിലെ വൈദ്യന്മാരെ മരുന്നുകാർ എന്നാണ് വിളിച്ചുപോന്നിട്ടുള്ളത്, കൂടാതെ അവർ ദൈവക്കാർ  എന്നും അറിയപ്പെട്ടിരുന്നു. അവരാകട്ടെ, മുൻകാലങ്ങളിൽ വീടുകളിൽപോയി സേവനം നടത്തി പ്രതിഫലം പറ്റി ജീവിച്ചുപോന്നിട്ടുള്ളവർ ആണ്. അവർ


മുള്ളുകുറുമ വൈദ്യർ

ഓരോ വീടുകളിലേക്കും ചികിത്സക്ക് പോവുന്ന വഴിക്കായിരുന്നു മരുന്നുകൾ ശേഖരിച്ചുപോന്നിട്ടുള്ളത്. എന്നിരുന്നാലും അവർ ഏറെക്കുറെ ഈയൊരു ചികിത്സാരംഗത്തുനിന്നു ഈയിടെയായി വിട്ടുനിൽക്കുന്നതായാണ് കണ്ടുവരുന്നത്. ഇതാകട്ടെ പണിയവിഭാഗത്തിലെ സ്ത്രീകളുടെ ചികിത്സാരംഗത്തുള്ള സംഭാവനയെയും പ്രതികൂലമായി ബാധിച്ചു.

മുള്ളുകുറുമർ ആകട്ടെ കാലങ്ങളായി കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്ത് ജീവിച്ചുപോന്നവരാണ്. അവർ താമസിച്ചുപോന്ന കാടിനുള്ളിലെ കുടിലുകൾ കുടി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അവരുടെ പാരമ്പര്യചികിത്സാരീതികൾ അവർ പിന്തുടർന്നുപോന്നിട്ടുള്ള വിശ്വാസങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരുന്നു. അവരിൽ പ്രധാനമായും രണ്ടുതരത്തിലുള്ള ചികിത്സാരീതികൾ കാണപ്പെട്ടിരുന്നു, ഏതെങ്കിലും ഒരു രോഗത്തിന് മാത്രം ചികിത്സിച്ചുപോന്നിട്ടുള്ള ആളുകളും, അല്ലാതെ ഒരുപാട് രോഗങ്ങൾക്ക് ചികിത്സിച്ചുപോന്നിട്ടുള്ളവരും.

ഈയടുത്തകാലം വരെ മുള്ളുകുറുമർക്കിടയിൽ നിസ്തുലമായ സേവനം അനുഷ്ഠിച്ചു പോന്നിട്ടുള്ളവരാണ് വയറ്റാട്ടികൾ ആധുനിക വൈദ്യം പ്രാബല്യത്തിൽ വന്നതോടെ വയറ്റാട്ടികളുടെ സേവനത്തിനു കാര്യമാത്ര പ്രസക്തി നഷ്ടപ്പെട്ടു. നേരത്തെപറഞ്ഞതുപോലെ കാടിനുള്ളിൽ പോയി മരുന്നു

ചെടികൾ ശേഖരിക്കാൻ ബുദ്ധിമുട്ടുകൾ നേരിട്ട് തുടങ്ങിയതും സ്ത്രീകൾക്ക് വെല്ലുവിളിയായി മാറി. സ്ത്രീകൾ അവരുടെ ഈ അറിവിനെ സത്യമുള്ള ഒന്നായി കണക്കാക്കുകയും, ഏതൊരു തരത്തിലുള്ള ബാഹ്യ ഇടപെടലുകളും അതിന്റെ ശക്തിയെ വിപരീതമായി ബാധിക്കുമെന്നും മനസ്സിലാക്കി. അതിന്റെ ഭാഗമായിത്തന്നെ മരുന്നുചെടികൾ ലഭ്യമാകുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ വേറൊരാൾക്ക് പകർന്നുകൊടുക്കുന്നതിലും അവർ വൈമനസ്യം കാണിച്ചിരുന്നു.

പരമ്പരാഗത കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്ന് അണുകുടുംബത്തിലേക്കുള്ള മാറ്റവും, തുടർന്നുണ്ടായ വ്യക്തികേന്ദ്രീകൃതമായ ബൗദ്ധീക സ്വത്തവകാശവും, ആദിവാസിവിഭാഗത്തിനുപുറത്തുനിന്നുള്ള വിവാഹബന്ധവും ഒക്കെ സ്ത്രീകളുടെ പാരമ്പര്യഅറിവിന്റെ ഉപയോഗത്തിൽ നിന്നുള്ള വിട്ടുനിൽക്കലിന് കാരണമായിട്ടുണ്ട്. ഇതിനുപുറമെ,കീടനാശിനികളുടെ അമിതപ്രയോഗം കാരണം മുന്നത്തെപോലെ വീടിനടുത്തുള്ള മരുന്നുചെടികൾ ഉപയോഗിക്കുന്നതിൽനിന്നും അവരെ തടസ്സപ്പെടുത്തി, അത് ദൂരദേശങ്ങളിൽ മരുന്നുചെടികൾ അന്വേഷിച്ചുപോവേണ്ട ഒരു സ്ഥിതിവിശേഷം ഉളവാക്കി. കുടുംബപരമായ ഉത്തരവാദിത്തങ്ങളും, പുതിയതലമുറ ഇത്തരത്തിലുള്ള അറിവിനെ പ്രോത്സാഹിപ്പിക്കുന്നതിൽ



**കാട്ടുനായ്ക്ക വൈദ്യർ**

താല്പര്യം പ്രകടിപ്പിക്കാത്തതും ഒക്കെ സ്ത്രീകൾ ഈ മേഖലയിൽ നേരിടുന്ന വെല്ലുവിളികളിൽ പ്രധാനപ്പെട്ടതാണ്. കാട്ടുനായ്ക്ക വിഭാഗം ഏറ്റവും പ്രാചീനമായ വിഭാഗങ്ങളിൽ ഒന്നായാണ് കണക്കാക്കപ്പെടുന്നത്. അവർ മുഖ്യമായും കാട്ടിലെ വിഭവങ്ങളെ മാത്രം ആശ്രയിച്ചു കഴിഞ്ഞുപോന്നവരാണ്. ഈ വിഭാഗത്തിലെ സ്ത്രീകളാവട്ടെ പരുഷന്മാരെ അപേക്ഷിച്ചു ഈ മേഖലയിൽ കൂടുതൽ പ്രാവീണ്യമുള്ളവരും എണ്ണത്തിൽ കൂടുതൽ ആയിട്ടും ഉള്ളതായാണ് കാണപ്പെടുന്നത്. എന്നിരുന്നാലും അവരുടെ ചികിത്സാരീതി വീടിനുള്ളിൽമാത്രം ഒതുങ്ങിക്കൂടുന്നവയാണ്.

മരുന്നുചെടികളുടെ ശേഖരണം അവർക്കും ഒരു വെല്ലുവിളിയാണ്, ഇതുമറികടക്കാനായി അവർ ഒരു നൂതനരീതി അവലംബിച്ചുപോരുന്നു. അവർ മുറ്റത്തോ പറമ്പിലോ കുഴിയുണ്ടാക്കി മരുന്ന് ചെടികൾ കുറെനാളത്തേക്ക് കേടുകൂടാതെ സൂക്ഷിക്കുകയും ആവശ്യാനുസരണം എടുത്ത് ഉപയോഗിക്കുകയും ചെയ്തുപോരുന്നു. അതിനാകട്ടെ ചില പോരായ്മകൾ ഉണ്ടുതാനും, കീടനാശിനികൾ കലർന്ന മണ്ണ് അവയുടെ ഗുണനിലവാരത്തെ സാരമായി ബാധിച്ചേക്കാം.

ഊരാളികുറുമർ എന്ന വിഭാഗം ആവട്ടെ കാടിനുള്ളിൽ നിന്ന് പുറത്തേക്ക് മാറ്റപ്പെട്ടതോടെ ഇത്തരം സമ്പ്രദായങ്ങൾ സൂക്ഷിക്കാൻ നന്നേ പാടുപെടുന്ന വിഭാഗമാണ്, ഇത് അവരിലെ സ്ത്രീകളുടെ ചികിത്സാരീതിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. അന്താരാഷ്ട്രതലത്തിൽ തന്നെ ഏറെ ശ്രദ്ധയാകർഷിച്ച ഒരു മേഖലയാണ് പാരമ്പര്യ ചികിത്സാരീതിയും അതിന്റെ പരിപാലനവും. കൂടുതലും മരുന്നുചെടികൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. പ്രത്യേകിച്ച് കേരളത്തിനെ സംബന്ധിച്ചിടത്തോളം ആദിവാസിവിഭാഗത്തിന്റെ അറി



ഊരാളികുറുമ വൈദ്യർ

വും അതിന്റെ ഉപയോഗവും കേരളത്തിന്റെ ഭൂപ്രകൃതിയുടെ നിലനില്പിനെത്തന്നെ സ്വാധീനിക്കുന്ന ഒന്നാണ്. സ്ത്രീകളാവട്ടെ ഇതിൽ ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം അറിവുകളുടെ ഉപയോഗവും പരിചരണവും അതിലുള്ള സ്ത്രീകളുടെ പങ്കും കാലികപ്രസക്തി ആവശ്യപ്പെടുന്ന ഒന്നാണ്.

ഉപ്പും മുളകും




ഗീത

# വണ്ടിപ്പെരിയാറിലെ പെൺകുഞ്ഞുങ്ങൾ

അഞ്ചര വയസ്സ് മാത്രം പ്രായമുള്ള ഒരു പെൺകുഞ്ഞിനെ ലൈംഗികമായി ഉപയോഗിച്ച ശേഷം കെട്ടിത്തൂക്കി കൊല്ലുന്ന ഒരിടമായി വണ്ടിപ്പെരിയാർ കേരളത്തിൽ അടയാളപ്പെടുന്നു. പെൺകുഞ്ഞ് ഷാളിൽ കുരുങ്ങി അബദ്ധവശാൽ മരിച്ചു പോയതാണെന്നു തോന്നിപ്പിക്കും മട്ടിലായിരുന്നു കുരുക്കിട്ടത്. രക്ഷിതാക്കൾക്കു പോലും സംശയം തോന്നാത്ത വിധം സമർഥമായ ആസൂത്രണം. അയൽപക്കത്തെ ചെറുപ്പക്കാരൻ വീട്ടുകാരോടൊപ്പം കരഞ്ഞു വിളിച്ചു കുഞ്ഞിന്റെ കുഴിമാടം വരെയെത്തി.

സമർഥമായ ഒരു പോലീസന്വേഷണം അവിടെ നടന്നു. അത് അപകടമരണമല്ലെന്നും കരുതിക്കൂട്ടിയുള്ള കൊലപാതകമാണെന്നുമുള്ള കണ്ടെത്തലിൽ സിഐ ടി ഡി സുനിൽകുമാറിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം എത്തിച്ചേർന്നു. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കുന്ന പോലെ ഇച്ഛാശക്തിയുണ്ടങ്കിൽ കേരളാ പോലീസിനും നിഷ്പ്രയാസം സ്ത്രീകളെയും കുഞ്ഞുങ്ങളെയും പീഡിപ്പിക്കുന്ന പുരുഷന്മാരെ കണ്ടെത്താമെന്നതിന്റെ സമീപകാല സാക്ഷ്യം കൂടിയാണ് വണ്ടിപ്പെരിയാർ സംഭവം. കുഞ്ഞിനു വേണ്ടി ഏറ്റവും നിലവിളിച്ച അതേ അയൽപക്കക്കാരനിലേക്ക്  കേസ് എത്തിച്ചേർന്നു. അവൻ കാര്യങ്ങൾ തുറന്നു പറഞ്ഞു. അവയിൽ പ്രധാനമായവ താഴെ അക്കമിട്ടു പറയാം.





1. അവനിത് ഇപ്പോൾ ആദ്യമായി ചെയ്യുന്നതല്ല. കഴിഞ്ഞ രണ്ടര – മൂന്നു വർഷമായി ചെയ്യുന്നതാണ്. അതായത് കുട്ടിക്ക് രണ്ടര വയസ്സായതു മുതൽ ഈ അയൽക്കാരൻ കുട്ടിയെ ലൈംഗികമായി ഉപയോഗിക്കുന്നുവെന്നർഥം.

2. അതിനവൻ ദിവസേന നൂറു രൂപക്കുവരെ മഞ്ച് ഉൾപ്പെടെയുള്ള ചോക്കലേറ്റുകൾ അവൾക്കു കൊടുക്കാറുണ്ടായിരുന്നു –

ഓർക്കണേ പീഡോഫീൽസിന്റെ ആ പഴയ മഞ്ചു വാദം!

3 .സംഭവം നടന്ന ദിവസം ആരുമില്ലാത്ത സന്ദർഭം പാത്ത് അയൽക്കാരൻ അവളുടെ മുറിയിൽ കയറുകയും അവളെ പതിവിനു വിരുദ്ധമായി മലർത്തിയിട്ടുചെയ്യാൻ ശ്രമിക്കുകയും ചെയ്തു. വേദനിച്ച് ഉറക്കെ കരഞ്ഞ കുഞ്ഞിന്റെ വാ പൊത്തിപ്പിടിച്ച് അവളെ കമഴ്ത്തിയിട്ട് തന്റെ ഇംഗിതം സാധിച്ചു.

4. ബോധം നഷ്ടപ്പെട്ട കുഞ്ഞ് മരിച്ചെന്നു കരുതി അവളെ ഷാളിൽ കെട്ടി തൂക്കി.

5. കഴുത്തു മുറുകിയപ്പോൾ കണ്ണുകൾ തെള്ളിത്തുറിച്ചു വന്നപ്പോൾ കുഞ്ഞു മരിച്ചില്ലെന്നു മനസ്സിലായി. രണ്ടു വിരലുകൾ കൊണ്ട് കണ്ണുകൾ അകത്തേക്കു തള്ളി കുരുക്കു മുറുക്കി.

6. എന്നിട്ട് മുറി അകത്തുനിന്നു കുറ്റിയിട്ട് കമ്പിയില്ലാത്ത ജനാലയിലൂടെ പുറത്തു പോയി ഒന്നും സംഭവിക്കാത്ത മട്ടിൽ കൂട്ടുകാരോടൊപ്പം ചേർന്നു.


എങ്ങനെയുണ്ട് അദ്ദേഹത്തിന്റെ ആനന്ദമാർഗം? വായനക്കാർ തന്നെ നിശ്ചയിക്കുക. മറ്റു ചില കാര്യങ്ങൾ കൂടി ഈ സംഭവവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ വരേണ്ടതുണ്ട്. മൂന്നാറിലെ തോട്ടം തൊഴിൽ മേഖലകളിലെ ലയങ്ങളിലെ ജീവിതമാണത്. ഒരു മുറിയോ രണ്ടു മുറിയോ ഉള്ള ചെറിയ 'ക്വാർട്ടേഴ്സു'കളാണ് ലയങ്ങൾ. ചായത്തോട്ടത്തിലെ തൊഴിലാളികളാണവയിൽ താമസിക്കുന്നത്. രാവിലെ 8 മണി തൊട്ട് വൈകുന്നേരം 5 മണി വരെയാണ് അവരുടെ പ്രവൃത്തി സമയം. ഈ കോവിഡ് കാലം അവരുടെ ദൈനംദിന ജീവിതത്തെ കൂടുതൽ ദുരിതപൂർണമാക്കി. അവരുടെ കൂലി വെട്ടിക്കുറക്കപ്പെട്ടു. അവർക്കു മനസിലാകാത്ത കമ്പനിയുടെ നഷ്ടത്തിന്റെ കഥകൾ പറഞ്ഞ് മുതലാളിമാരും തൊഴിലാളി നേതാക്കളും അവരുടെ വായടപ്പിച്ചു.



ഇതിലധികമായി വണ്ടിപ്പെരിയാറിലെ ചുരക്കുളം എസ്റ്റേറ്റിൽ കോവിഡ് കാലം തുടങ്ങുന്നതിനു മുമ്പുതന്നെ കമ്പനി നഷ്ടത്തിന്റെ പേരിൽ അവിടെയുള്ള പുള്ളപ്പുരകൾ നിർത്തലാക്കപ്പെട്ടു. എ




സ്റ്റേറ്റിൽ പണിക്കു പോകുന്ന സ്ത്രീകളുടെ കൈക്കുഞ്ഞുങ്ങളെ അവരുടെ ജോലി സമയം കഴിയുവോളം ആയ മാരെ ഏല്പിച്ചു പോകാനുള്ള ആരോഗ്യകരമായ ഒരു സംവിധാനമാണ് പുള്ളപ്പുരകൾ. കുട്ടികൾക്ക് അംഗനവാടിയിലോ സ്കൂളിലോ പോകാറാവുന്നതു വരെ പുള്ളപ്പുരകളിൽ സുരക്ഷിതമായ സംരക്ഷണവും ഭക്ഷണവും ഉറപ്പായിരുന്നു. 'ക്രഷേ' പോലെ ഒരു സംവിധാനം. അമ്മമാർക്ക് ഇടയ്ക്കു വന്നു മുലയൂട്ടാം. സൗകര്യപ്രദമായ ആ സംവിധാനമാണ് അവർക്കു നഷ്ടമായത്. ഫലമോ രക്ഷിതാക്കൾ ജോലിക്കു പോയി തിരിച്ചു വരുന്നതുവരെ ( രാവിലെ 8 മണി തൊട്ട് വൈകുന്നേരം 5 മണി വരെ) കുട്ടികൾ അരക്ഷിതരാണ്. ചുരക്കുളം എസ്റ്റേറ്റിലെ കുട്ടികളെ 3 വയസു മുതലെങ്കിലും സംരക്ഷിക്കാൻ അംഗനവാടികളോ ബാലവാടികളോ തുടങ്ങിയുമില്ല. ഇത്തരം സാഹചര്യങ്ങൾ മേല്പറഞ്ഞ ' അയൽപക്കക്കാരന്മാർ'ക്ക് സ്വന്തം കാമ പുർത്തിക്ക് സുരക്ഷിതമായ മാർഗങ്ങൾ ഒരുക്കിക്കൊടുക്കുകയായിരുന്നു.എന്നിട്ടും കുറ്റം മക്കളെ പോറ്റാൻ പണിക്കു പോണ രക്ഷിതാക്കൾക്കാണേ! അവർ ശ്രദ്ധിക്കാഞ്ഞിട്ടാണ്. കുളിപ്പിക്കുമ്പോൾ നോക്കാഞ്ഞിട്ടാണ് എന്നു തുടങ്ങി നിരവധി കുറ്റങ്ങൾ ആ അമ്മക്കും ചാർത്തി കിട്ടിയിട്ടുണ്ട്.


എട്ടു വയസുകാരിയെ അയൽവാസി പീഡിപ്പിച്ചതായി പരാതി

ഈ കേസിലെ പ്രധാന പ്രതി അറസ്റ്റിലായി. പക്ഷേ ഇതെഴുതുന്ന സമയം വരെ കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടില്ല. മാത്രമല്ല പ്രത്യേക അതിവേഗ കോടതിയും പ്രത്യേക പബ്ളിക് പ്രോസിക്യൂട്ടറും ആവശ്യമായ കേസാണിത്. അതിനുള്ള നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. അതുമല്ല നിത്യവൃത്തിക്കു വിഷമിക്കുന്ന ഈ കുടുംബത്തിന് സർക്കാരിന്റെ ഭാഗത്തു നിന്ന് യാതൊരു സാമ്പത്തിക പിന്തുണയും ഇതുവരെ പ്രഖ്യാപിക്കപ്പെട്ടിട്ടു



മില്ല. അത് നഷ്ടപ്പെട്ട കുഞ്ഞിനു പകരമാകില്ലെന്നറിയാം. ഒരു കാര്യം വ്യക്തമാക്കാനാണ് ശ്രമിച്ചത്, പോലീസ് കാര്യക്ഷമമായി ഇടപെട്ട കേസായിട്ടും സർക്കാരിന്റെ ഭാഗത്തു നിന്നു തികച്ചും നിരുത്തരവാദപരമായ സമീപനമാണ് തുടരുന്നത് എന്നാണ്.

'മുലകുടി മാറാത്ത കുട്ടി'യെന്നത് ഇവിടെ അതിശയോക്തിയല്ല. നൂറു ശതമാനം വസ്തുതയാണ്. മാധ്യമങ്ങളോ സ്ത്രീ കൂട്ടായ്മകളോ ഈ വിഷയം അവഗണിച്ചതെന്തുകൊണ്ട് ? മറ്റേതെങ്കിലും സംസ്ഥാനത്തായിരുന്നെങ്കിൽ മാത്രം കത്തിക്കാവുന്നതല്ലല്ലോ മെഴുകുതിരികൾ.

വണ്ടിപ്പെരിയാറിൽ നിന്ന് ഇക്കഴിഞ്ഞ ദിവസവും ശിശു പീഡനത്തിന്റെ വാർത്തകളും പോക്സോ കേസു രജിസ്റ്റർ ചെയ്ത വാർത്തകളും പുറത്തു വന്നു കൊണ്ടേയിരിക്കുന്നു...

ചർച്ചാവിഷയം

**സിന്ധു മരിയ നെപ്പോളിയൻ**
ഇംഗ്ലണ്ടിലെ യൂണിവേഴ്സിറ്റി ഓഫ് സസക്സ്സിൽ റിസർച്ച് അസിസ്റ്റന്റ്
സ്വതന്ത്ര മാധ്യമപ്രവർത്തക, കേന്ദ്ര സർവ്വകലാശാലയിൽ
നിന്ന് മാധ്യമ പഠനത്തിൽ ബിരുദാനന്തര ബിരുദം ,
ഏഷ്യാനെറ്റ് ന്യൂസിൽ റിപ്പോർട്ടറായിരുന്നു

# മുക്കുവ ക്രിസ്ത്യാനികൾക്കിടയിലെ മാതൃദായ സമ്പ്രദായം :

## വ്യവഹാരങ്ങൾക്കിടം കൊടുക്കാത്ത പാരമ്പര്യങ്ങൾ



പുരുഷന് ചുറ്റും ഒരു പമ്പരം പോലെ തിരിയുന്ന സാമൂഹികഘടനയിൽ ജനിച്ച്, ജീവിച്ച്, മരിച്ച് പോവുന്നവരാണ് നാം. ജനിച്ചത് ആൺകുട്ടിയാണോ അതോ പെൺകുട്ടിയോ എന്ന തീർത്തും സാധാരണമായ കുശലാന്വേഷണത്തിൽ തുടങ്ങി, ഒരു വ്യക്തിയുടെ മരണശേഷമുള്ള ഓർമ്മയാചരിക്കലുകളിൽ പോലും പുരുഷ സ്ത്രീ വ്യത്യാസം കൃത്യമായി ചാർത്തി വയ്ക്കാൻ വെമ്പുന്ന ഒരു സമൂഹത്തിൽ വാശി പിടിച്ചും വഴക്കുണ്ടാക്കിയും സമരം ചെയ്തും പെണ്ണുങ്ങൾ നേടിയെടുത്ത തുല്യതാ സങ്കല്പങ്ങളുടെ കഥകളാണ് നമുക്കേറെയും പരിചയമുള്ളത്. എന്തുടുക്കണം, എപ്പൊ പുറത്തിറങ്ങണം, ഏതു നേരത്ത് അകത്തേക്ക് കയറണം, ആരോട് മിണ്ടണം എന്നു തുടങ്ങി എന്തിലുമേതിലും വിലക്കുകൾ സ്വാഭാവികമായിത്തന്നെയുള്ള ഒരു സാമൂഹിക അന്തരീക്ഷത്തിൽ അതിലും സ്വാഭാവികമായി കുടുംബാധികാരം അനുഭവിക്കാൻ സാധിച്ചവർ എന്ന നിലയ്ക്കാണ് ഒരു പക്ഷേ മരുമക്കത്തായ വ്യവസ്ഥയിൽ ജീവിച്ച സ്ത്രീകൾ ചരിത്രത്തിലും സമകാലികത്തിലും വ്യത്യസ്തരാവുന്നത്. സമകാലികം എന്നെടുത്ത് പറഞ്ഞതിന് കാരണമുണ്ട്. ചരിത്രത്തിന്റെ ഏതോ ഒരു അധ്യായത്തിൽ മാത്രമായി, കേരളത്തിന്റെ ഏതോ ഒരറ്റത്ത് താമസിച്ചിരുന്ന ചുരുക്കം ചില മനുഷ്യർ മാത്രം ആചരിച്ചു പോന്നതും കാലക്രമേണ നിന്നു പോയതുമായ ഒരു



സാമൂഹിക സംവിധാനമായാണ് മരുമക്കത്തായത്തെ അഥവാ സ്ത്രീ കേന്ദ്രീകൃതമായ മാതൃദായ സമ്പ്രദായത്തെ നമ്മുടെ ചരിത്രമെഴുത്തുകാർ അടയാളപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അതിന്റെ യഥാർത്ഥ രൂപത്തിൽ അല്ലങ്കിലും അതിനോട് സദൃശ്യമായ വിധത്തിൽ മാതൃദായ രീതി ഇന്നും പിന്തുടരുന്ന കേരളത്തിലെ ഒരു പ്രത്യേക സമുദായത്തെപ്പറ്റിയാണ് പറഞ്ഞു വരുന്നത്.

ഈ ലേഖനം എഴുതുന്നതിന് വേണ്ടി കേരളത്തിൽ മാതൃദായക്രമം പിന്തുടരുന്ന / പിന്തുടർന്നിരുന്ന വിഭാഗങ്ങളെപ്പറ്റിയുള്ള എഴുത്തുകളും വിവരണങ്ങളും ഇൻറർനെറ്റിൽ പരതുകയായിരുന്നു. വടക്കൻ മലബാറിലും തിരുവിതാംകൂറിന്റെ ഭാഗമായ ചിറയിൻകീഴിന്റെ സമീപ പ്രദേശങ്ങളിലുമുള്ള ഇസ്ലാം മതവിശ്വാസികൾക്കിടയിലും വടക്കൻ കേരളത്തിലും തിരുവനന്തപുരം ജില്ലയിലുള്ള നായർ ജാതിയിൽപ്പെട്ടവർക്കിടയിലുമാണ് പൊതുവേ മാതൃദായ സമ്പ്രദായം വ്യാപകമായി കാണപ്പെട്ടിരുന്നതെന്ന് വിവിധ ചരിത്രകാരന്മാർ പറഞ്ഞുവയ്ക്കുന്നു. ഇവരിൽ പലരും ഇന്ന് പിതൃദായ രീതികളിലേക്ക് മുഴുവനായോ ഭാഗികമായോ മാറിക്കഴിഞ്ഞു. എന്നാൽ മേൽപ്പറഞ്ഞ വിവരണങ്ങളിലൊന്നും തീരെ പരാമർശിച്ചിട്ട് പോലുമില്ലാത്തവരും മാതൃദായരീതിയുടെ പല സവിശേഷതകളുമുള്ള ജീവിതശൈലി പിന്തുടരുന്നവരുമായ ഒരു കൂട്ടരാണ് തെക്കൻ കേരളത്തിന്റെ തെക്കേയറ്റത്ത് ജീവിക്കുന്ന ലത്തീൻ കത്തോലിക്കരായ മുക്കുവ ക്രിസ്ത്യാനികൾ. ഒരു പക്ഷേ കേരളത്തിൽ മാതൃദായ രീതി പിന്തുടരുന്ന ഒരേയൊരു ക്രിസ്തുമത വിഭാഗവും ഇവരായിരിക്കാം. മീൻപിടിത്തം മുഖ്യ ഉപജീവന മാർഗമാക്കിയ, പിന്നാക്കാവസ്ഥയും വംശീയ വിവേചനങ്ങളും നിത്യജീവിതത്തിന്റെ അനിഷേധ്യ യാഥാർത്ഥ്യങ്ങളായ ഒരു വിഭാഗമാണ് മുക്കുവ സമുദായം. 'കേരള മോഡലി'ന്റെ വിജയഗാഥകളുടെ പങ്ക് പറ്റാൻ ഇന്നേ വരെ ഇവർക്ക് സാധിച്ചിട്ടില്ലെന്നും മുഖ്യധാര കേരളത്തിന്റെ പുറമ്പോക്കിൽ (ഔട്ട്ലെയർ) ഒതുക്കപ്പെട്ടുപോയവരാണ് ഈ മനുഷ്യരെന്നും പ്രമുഖ സാമൂഹിക ശാസ്ത്രജ്ഞനായ ജോൺ കുര്യൻ നിരീക്ഷിക്കുന്നുണ്ട് (ജോൺ കുര്യൻ, 1994). സാക്ഷരത, വിഭവങ്ങളിന്മേലുള്ള അധികാരം, രാഷ്ട്രീയ പ്രാതിനിധ്യം എന്നിവയിലെല്ലാം കേരളത്തിലെ മറ്റ് സവർണ ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് പിറകിൽ മാത്രം നിൽക്കുന്നവരാണ് മുക്കുവ ക്രിസ്ത്യാനികൾ. പൊതുവെ പ്രകടമായ സാമൂഹിക യാഥാർത്ഥ്യത്തിന്റെ ചിത്രം ഇതൊക്കെയാണെന്നിരിക്കെ, ഈ സമുദായത്തിലെ സ്ത്രീകളുടെ സ്ഥിതി സമാന പിന്നാക്കാവസ്ഥ നേരിടുന്ന മറ്റ് സമുദായങ്ങളെ അപേക്ഷിച്ച് വളരെ മെച്ചപ്പെട്ടതാണെന്ന് പലപ്പോഴും പല വിദഗ്ധരും ഗവേഷകരും വിലയിരുത്തിയിട്ടുണ്ട്. ഒരർത്ഥത്തിൽ ചില സവർണ സമുദായങ്ങളിലെ സ്ത്രീകളേക്കാൾ മെച്ചപ്പെട്ട സാമൂഹിക സാഹചര്യം ചില മേഖലകളിൽ മുക്കുവ സ്ത്രീകൾക്കുണ്ടെന്നതാണ് സത്യം. ഇതിന് പിന്നിലെ കാരണം എന്താണെന്ന അന്വേഷണമാണ് ഈ സമുദായം പിന്തുടർന്നു പോരുന്ന മാതൃദായ ക്രമത്തിലേക്ക് എത്തിച്ചത്. കുടുംബംഗത്വവും കുടുംബത്തിനുള്ളിലെ സ്വത്തവകാശവും സ്ത്രീകളിലൂടെ നിർണയിക്കപ്പെടുന്നതാണല്ലോ മാതൃദായ സമ്പ്രദായത്തിന്റെ അടിസ്ഥാന സ്വഭാവം. മുക്കുവ കുടുംബങ്ങളിലെ സ്ത്രീകളാണ് കുടുംബ സ്വത്തിന്റെ നല്ലൊരു പങ്കും അനുഭവിക്കുന്നത്. സ്ത്രീധനത്തിലൂടെയാണ് പ്രധാനമായും ഈ സ്വത്ത് കൈമാറ്റം നടക്കുന്നത് എന്നതാണ് ഇതിന്റെ മറ്റൊരു സവിശേഷത. ഇവിടെ പെൺകുട്ടിയെ വിവാഹം കഴിച്ച് അയക്കുകയല്ല, പകരം പുരുഷനെ വിവാഹം ചെയ്ത് കൊണ്ടുവരുന്നതാണ് രീതി. അതായത് വിവാഹ ശേഷം ഭർത്താവ് ഭാര്യയുടെ വീട്ടിൽ താമസിക്കുന്നതാണ് രീതി. ഭർതൃവീട്ടിലേക്ക് ഭാര്യ അതിഥിയെപ്പോലെ ഇടയ്ക്കെപ്പോഴെങ്കിലും പോവുന്നതല്ലാതെ, അധികസമയവും ഇരുവരും ഭാര്യയുടെ വീട്ടിൽ തന്നെയായിരിക്കും താമസം. അതുകൊണ്ടുതന്നെ 'അച്ചി വീട്ടിൽ' സ്ഥിരതാമസമാക്കിയ മരുമകനെ അപഹസിക്കുന്ന തമാശകൾ കേട്ടാൽ പൊതുവേ ഇവിടുള്ളവർ ചിരിക്കാറില്ല. അതിലിപ്പൊ എന്താ കുഴപ്പം എന്ന് അവർ തിരിച്ച് ചോദിക്കാനേ തരമുള്ളൂ.

ഒരു കുടുംബത്തിന്റെ സ്വത്തും ആസ്തിയുമൊക്കെ പങ്കുവയ്ക്കുന്ന നിർണായക സമയം എന്ന നിലയ്ക്ക് കൂടിയാണ് ഈ സമുദായത്തിനുള്ളിൽ വിവാഹങ്ങൾ കൂടുതൽ പ്രസക്തമാവുന്നത്. വളരെ വലിയ തുകയായും സ്വർണമായും വധുവിന്റെ വീട്ടുകാർ വരന്റെ വീട്ടുകാർക്കും വരനും കൈമാറുന്ന സ്ത്രീധനത്തുകയാണ് ഇവിടുത്തെ വിവാഹങ്ങളിലെ ഏറ്റവും വലിയ സവിശേഷത. പൊതുവേ തെക്കൻ തിരുവിതാംകൂറുകാർ മുന്തിയ സ്ത്രീധനക്കണക്കിന്റെ പേരിൽ കുപ്രസിദ്ധി ആർജിച്ചവർ ആണെങ്കിലും, മുക്കുവ സമുദായത്തിനുള്ളിൽ ഈ സ്ത്രീധനത്തിന്റെ ചലനാത്മകത മറ്റു സമുദായങ്ങളിലേതിൽ നിന്ന് വ്യത്യസ്തമാണ്. മകൾക്ക് വിവാഹം കഴിക്കാനും, മരുമകനായി വീട്ടിലേക്ക് കൊണ്ടുവരാനും പറ്റിയ പുരുഷന് വേണ്ടിയുള്ള അന്വേഷണം നടത്തുന്നത് സ്ത്രീയുടെ വീട്ടുകാർ ആയിരിക്കും. തനിക്ക് ഇഷ്ടമുള്ള പുരുഷനെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പൂർണമായും സ്ത്രീക്ക് ലഭിക്കുന്നില്ല. എങ്കിലും അഭിപ്രായം പറയാനോ വേണ്ടെന്നു പറയാനോ ഉള്ള ഇടങ്ങൾ കുടുംബവ്യവസ്ഥയ്ക്കുള്ളിൽ സ്ത്രീക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട്. മകൾ ആരെ വിവാഹം ചെയ്യണം എന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നത് പലപ്പോഴും വീട്ടിലെ മുതിർന്ന സ്ത്രീയായിരിക്കും. വിവാഹസംബന്ധമായ പ്രാഥമിക ചർച്ചകളിൽ 'നിങ്ങൾ എത്ര കൊടുക്കും' എന്ന ചോദ്യമല്ല, പകരം 'ഞ

ങ്ങൾ ഇത്ര തുക തരാം, നിങ്ങളുടെ മകനെ ഞങ്ങളുടെ വീട്ടിൽ മരുമകനായി അയക്കാൻ തയ്യാറാണോ' എന്ന ചോദ്യമാണ് പെൺവീട്ടുകാരുടെ ഭാഗത്ത് നിന്നും ഉണ്ടാവുക. തൊഴിൽസ്ഥിരതയും സ്വഭാവഗുണവുമാണ് (പുരുഷന്മാർക്കിടയിലെ മദ്യപാനം വളരെ ഗുരുതരമായൊരു പ്രശ്നമായതു കൊണ്ടുതന്നെ മദ്യം കഴിക്കാത്തവർക്കായും അന്വേഷണം നടക്കാറുണ്ട്) പുരുഷനെ തെരഞ്ഞെടുക്കാനുള്ള പ്രധാന മാനദണ്ഡങ്ങൾ. തൊഴിലിന്റെ സ്വഭാവം മാറുന്തോറും സ്ത്രീധനവും വർധിക്കുന്ന രീതിയാണുള്ളത്. തിരുവനന്തപുരം ജില്ലയിലും മറ്റും നിലവിലെ സാഹചര്യത്തിൽ ഏറ്റവും മുന്തിയ സ്ത്രീധനം ലഭിക്കുന്നത് കരസേന പോലുള്ള കേന്ദ്ര സർക്കാർ സർവ്വീസിലുള്ളവർക്കും ഗൾഫ്, യൂറോപ്പ് പോലുള്ള വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്കുമാണ്. കടൽപ്പണിക്ക് പോവുന്ന പുരുഷന്മാർക്ക് വളരെ ചെറിയ തുകയാണ് സ്ത്രീധനമായി ലഭിക്കാറുള്ളത്. അതേസമയം തിരുവനന്തപുരത്തിന്റെ അതിർത്തിക്ക് അപ്പുറം തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലും മത്സ്യബന്ധനം മുഖ്യ ഉപജീവനമാക്കിയ മുക്കുവ സമുദായക്കാരുണ്ട്. കരയിൽ നിന്നു മാറി മാസങ്ങളോളം ആഴക്കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന അതിവിദഗ്ധരാണ് അവിടത്തെ മത്സ്യത്തൊഴിലാളികൾ. കന്യാകുമാരിയിൽ നിന്നും മറ്റും ധാരാളമായി വിവാഹ ബന്ധങ്ങളിൽ ഏർപ്പെടുന്നവരുമാണ് തെക്കൻ തിരുവനന്തപുരത്തെ തീരദേശ ഗ്രാമവാസികൾ. അതേസമയം കന്യാകുമാരിയിലേക്ക് എത്തുമ്പോൾ മത്സ്യബന്ധനം വലിയ വരുമാനം നൽകുന്ന ജോലി ആയതുകൊണ്ടുതന്നെ അവിടെ കടൽപ്പണിക്കാരായ മത്സ്യത്താഴിലാളികൾക്കാണ് കല്യാണ കമ്പോളത്തിൽ കൂടുതൽ ഡിമാൻഡ് കേരളത്തിലെ മുക്കുവ സമുദായത്തിൽ സ്ത്രീധനമായി ശരാശരി പത്തും പതിനഞ്ചും ലക്ഷങ്ങൾ നൽകുമ്പോൾ, തമിഴ്നാട്ടിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളായ പുരുഷന്മാർക്ക് 25 ലക്ഷത്തിന് മേലെയാണ് സ്ത്രീധനം ലഭിക്കാറുള്ളത്.

ഈ സമുദായാംഗങ്ങൾ തമ്മിലുള്ള വിവാഹങ്ങളിലെ സ്ത്രീധന കൈമാറ്റത്തിൽ ഏറ്റവും വിചിത്രമായുള്ള സംഗതി 'ചെലവുപണം' അഥവാ 'വളർത്തു കൂലി' എന്ന പേരിൽ പുരുഷന്റെ വീട്ടുകാർക്ക് നൽകുന്ന തുകയാണ്. മിക്കവാറും സന്ദർഭങ്ങളിൽ ആകെ നൽകുന്ന സ്ത്രീധന തുകയുടെ നേർ പകുതി പയ്യന്റെ മാതാപിതാക്കൾക്കും സഹോദരിമാർക്കുമായി ഇപ്പറഞ്ഞ ചെലവു പണമിനത്തിൽ നൽകുന്നു. സമുദായത്തിനുള്ളിലെ നാട്ടു നടപ്പനുസരിച്ച് വിവാഹം കഴിയുന്നതോടെ പുരുഷൻ സമ്പാദിക്കുന്നതിന്റെ ഏക അവകാശി അയാളുടെ ഭാര്യയാണ്. മകനെ വളർത്തി, വിദ്യാഭ്യാസം നൽകി, സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തനാക്കിയതിന്റെ പ്രതിഫലമായും മകൻ വിവാഹാനന്തരം സമ്പാദിക്കുന്ന പണത്തിന്റെ പങ്ക് പറ്റാൻ വരാതിരിക്കുന്നതിനുള്ള നഷ്ടപരിഹാരമായും ആണ് ഈ വളർത്തുകൂലി പുരുഷന്റെ മാതാപിതാക്കൾ പെൺവീട്ടുകാരിൽ നിന്നും വാങ്ങുന്നത്. സ്ത്രീധനത്തിന്റെ ബാക്കി പകുതിയിൽ നിന്നാണ് പെൺകുട്ടിക്ക് സ്വർണവും വരന്റെയും വധുവിന്റെയും പേരിൽ ബാങ്കിൽ നിക്ഷേപിക്കാനുള്ള തുകയും കണ്ടെത്തുന്നത്. പൊതുവേ രണ്ടാമത് പറഞ്ഞ ഈ തുകയിൽ അല്പ സ്വല്പം കുറവുണ്ടായാലും പുരുഷന്റെ വീട്ടുകാർക്ക് നൽകുന്ന തുക ഒട്ടും കുറയ്ക്കാതിരിക്കാനാണ് പെണ്ണിന്റെ വീട്ടുകാർ ശ്രമിക്കുന്നത്. സ്ത്രീധനത്തിന്റെ കനം കൂടുന്നതിനനുസരിച്ച് പെൺകുട്ടിക്ക് പുരുഷന് മേലും അയാളുടെ വീട്ടുകാർക്ക് മേലുമുള്ള അധികാരവും കൂടുതലായിരിക്കും. വിവാഹം കഴിഞ്ഞ് ഇരുവരുടെയും സ്ഥിരതാമസം സ്ത്രീയുടെ വീട്ടിൽ തന്നെയായിരിക്കും എന്നതിനാൽ മറ്റ് സമുദായങ്ങളിൽ സർവ്വ സാധാരണമായ അമ്മായിയമ്മ മരുമകൾ പ്രശ്നമോ സ്ത്രീധനം കുറഞ്ഞു പോയതിന്റെ പേരിലുണ്ടാവുന്ന കലഹങ്ങളോ ഇവിടെ കാണാനാവില്ല. സ്ത്രീധന പീഡനം പോലുള്ള കേസുകൾ വളരെ അപൂർവ്വമായി മാത്രമാണ് ഈ സമുദായത്തിൽ നിന്ന് റിപ്പോർട്ട് ചെയ്യാറുള്ളത്.

സഹോദരിക്ക് 'മാന്യമായ' സ്ത്രീധനം നൽകുന്നതിനു വേണ്ടി വരുന്ന സാമ്പത്തികബാധ്യത മുഴുവനും ഏറ്റെടുക്കുന്നത് വീട്ടിലെ ആൺ സന്തതി ആയിരിക്കും. പലപ്പോഴും തന്റെ വരുമാന പരിധിക്കുള്ളിൽ നിൽക്കാത്ത സ്ത്രീധനത്തുകയായിരിക്കും സഹോദരിക്ക് നൽകേണ്ടി വരുന്നത്. തന്മൂലം സമുദായത്തിനുള്ളിൽത്തന്നെയുള്ള സമ്പന്നരായ വള്ളമുടമകളിൽ നിന്നും മറ്റും പണം പലിശയ്ക്കെടുത്താണ് സഹോദരിയുടെ വിവാഹം നടത്തുന്നത്. വീട്ടിലെ മുതിർന്ന സ്ത്രീയുടെ സാന്നിധ്യത്തിൽ മാത്രമാണ് ഇത്തരത്തിലുള്ള പണം കടം കൊടുക്കലുകൾ നടക്കാറുള്ളത്. വർഷങ്ങളോളം പണിയെടുത്താൽ മാത്രമേ വിവാഹത്തിന് പിന്നാലെയുണ്ടാവുന്ന ഈ ഭീമമായ കടബാധ്യത തീർക്കാൻ പെൺകുട്ടിയുടെ സഹോദരന് സാധിക്കുകയുള്ളൂ. കടം തീർത്തതിന് പുറകേ ഇതേ സഹോദരന്റെ കല്യാണം നടക്കുന്ന വേളയിൽ ഇങ്ങോട്ട് സ്ത്രീധനം ലഭിക്കുമെങ്കിലും അതിന്റെ നല്ലൊരു പങ്കും മാതാപിതാക്കളും കുടുംബത്തിനുള്ളിലെ വിവാഹിതരായ മറ്റ് സഹോദരിമാരും കൂടി പങ്കിട്ടെടുക്കുന്നതാണ് രീതി. ചുരുക്കത്തിൽ മുക്കുവ സമുദായത്തിൽ കുടുംബത്തിലെ ആൺമക്കളാണ് സാമ്പത്തിക ബാധ്യത മുഴുവൻ ചുമക്കേണ്ടത്. പെൺമക്കൾ കല്യാണം കഴിഞ്ഞാലും സ്വന്തം വീട്ടിൽത്തന്നെ തുടരുന്നതിനാൽ തന്റെ സഹോദരന് ലഭിക്കുന്ന സ്ത്രീധനത്തിന്റെ പങ്ക് ഉൾപ്പെടെ കുടുംബത്തിലെ ബാക്കിയായ എല്ലാത്തരം സ്വത്തുക്കളിലും സ്ത്രീകൾക്കാണ് അധികാരം കൂടുതൽ. മാതാപിതാക്കളുടെ കാലശേഷം അവരുടെ വീടും പെൺമക്കളിലേക്ക് തന്നെ കൈമാറ്റം ചെയ്യപ്പെടുന്നത് ഇവിടെ സർവ്വസാധാരണമാണ്.

എല്ലാ കുടുംബങ്ങളിലും ഇവ പാലിക്കപ്പെടണമെന്ന് നിർബന്ധമില്ലെങ്കിലും പെൺമക്കളിലൂടെ സ്വത്തുക്കൾ കൈമാറ്റം ചെയ്യപ്പെടുന്നതാണ് പോതുവേ സമുദായത്തിലെ എല്ലാവരും പിന്തുടരുന്ന രീതി. ആൺമക്കൾക്ക് മേലുള്ള കടബാധ്യത എത്ര തന്നെയായിരുന്നാലും പെൺമക്കൾക്ക് സാമ്പത്തിക സുരക്ഷിതത്വം നൽകുന്നതിലാണ് മാതാപിതാക്കൾ കൂടുതൽ ശ്രദ്ധ കൊടുക്കാറുള്ളത്.

പരമ്പരാഗത സ്വത്തിലും വിവാഹം പോലുള്ള സ്ഥാപനങ്ങളിലും ലഭിക്കുന്ന ഈ മേൽക്കോയ്മ കൊണ്ടു തന്നെ മുക്കുവ സമുദായത്തിൽ സ്ത്രീകളാണ് ആഭ്യന്തര കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്നത്. ഔപചാരിക അർത്ഥത്തിൽ ഭർത്താവ് തന്നെയായിരിക്കും കുടുംബനാഥനെങ്കിലും അനൗപചാരികമായി കുടുംബവ്യവസ്ഥയ്ക്കുള്ളിലെ എല്ലാ വിഷയങ്ങളിലെയും അന്തിമ തീരുമാനം വീട്ടിലെ മുതിർന്ന സ്ത്രീയിൽ നിന്നാണ് ഉണ്ടാവുന്നത്. കേരളത്തിൽ മാതൃദായ സമ്പ്രദായം ആചരിച്ചു പോന്നിരുന്ന ഏറ്റവും പ്രബല സമുദായമായ നായർ വിഭാഗത്തിൽ യുദ്ധത്തിലേർപ്പെടാനും അതിലൂടെ തങ്ങളുടെ പ്രതാപം നിലനിർത്താനുമായി പുരുഷന്മാർ വീട് വിട്ട് ദൂരദേശങ്ങളിൽ പോയതോടെയാണ് ആ സമുദായത്തിലെ സ്ത്രീകൾ ഗൃഹഭരണം ഏറ്റെടുത്തതെന്നും അങ്ങനെയാണ് മാതൃദായ രീതി അവർ സ്വീകരിച്ചതെന്നും ചരിത്ര രേഖകൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മുക്കുവ സമുദായം മാതൃദായ രീതി പിന്തുടരുന്നതിന് പിന്നിലെ കാരണം പൂർണമായും അവരുടെ തൊഴിൽജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്നു. പുരുഷന്മാർ മീൻ പിടിത്തത്തിനായി കടലിലേക്ക് പോവുന്നതോടെ കരയിലെ വ്യവഹാരങ്ങൾ കൈകാര്യം ചെയ്യേണ്ട ഉത്തരവാദിത്വം പൂർണമായും സ്ത്രീകൾ ഏറ്റെടുക്കേണ്ടി വന്നു. മക്കളെ വളർത്തുന്നതും ഭക്ഷണം പാകം ചെയ്യുന്നതും സാധനങ്ങൾ വാങ്ങുന്നതും പണവിനിമയം നടത്തുന്നതും നിക്ഷേപങ്ങൾ നോക്കി നടത്തുന്നതും പൊതു പരിപാടികളിൽ കുടുംബത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നതുമെല്ലാം കുടുംബത്തിലെ സ്ത്രീകളാണ്. സമുദായാംഗങ്ങളുടെ പ്രഥമ അധികാര സ്ഥാപനമായ കത്തോലിക്ക പള്ളിയുമായി ബന്ധപ്പെട്ടതും ദ്വിതീയ അധികാര സ്ഥാപനമായ സ്റ്റേറ്റുമായി ബന്ധപ്പെട്ടതുമായ വ്യവഹാരങ്ങളിൽ ഏർപ്പെടാറുള്ളതും മിക്കപ്പോഴും സ്ത്രീകളാണ്. സാമൂഹികവും തൊഴിൽപരവുമായ ആവശ്യങ്ങൾ സ്റ്റേറ്റിൽ നിന്ന് നേടിയെടുക്കുന്നതിനായി നടത്താറുള്ള പ്രതിഷേധ പരിപാടികളിലും സമരങ്ങളിലും മറ്റൊരിടത്തും കാണാനാവാത്ത വിധത്തിൽ സ്ത്രീകളുടെ അഭൂതപൂർവ്വമായ പങ്കാളിത്തം മുക്കുവ സമുദായത്തിൽ നിന്ന് ഉണ്ടാവുന്നതിന് പിന്നിലെ പ്രധാന കാരണവും അവർക്കുള്ള ഈ ചലനാത്മകതയാണ്. യുദ്ധങ്ങളൊഴിഞ്ഞതും സംബന്ധം പോലുള്ളവ നിർത്തലാക്കിയതും നായർ സമുദായക്കാർക്കിടയിലെ മാതൃദായ രീതിക്ക് അന്ത്യം കുറിച്ചെങ്കിലും മുക്കുവ സമുദായം മാതൃദായ രീതിയിലേക്ക് തിരിയേണ്ടി വന്ന സാമൂഹിക സാഹചര്യത്തിന് ഇന്നും വലിയ മാറ്റങ്ങളൊന്നും ഇല്ലാത്തത് അവരെ ഈ രീതി തന്നെ ഇപ്പോഴും തുടരാൻ നിർബന്ധിതരാക്കുന്നു.



ഭൂ അധികാരത്തിന്റെ കാര്യത്തിൽ കേരളത്തിലെ ആദിവാസി സമൂഹങ്ങൾക്കൊപ്പമോ അവർക്കും പിറകിലോ ആണ് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സ്ഥാ

നം. കടലിനോട് ചേർന്ന് താമസിക്കാൻ താലപര്യപ്പെടുന്നത് കൊണ്ടു തന്നെ ഔദ്യോഗിക രേഖകളിൽ പുറമ്പോക്ക് ഭൂമി എന്നു തീറെഴുതിക്കഴിഞ്ഞ ഇടങ്ങളിലാണ് ഈ സമൂഹത്തിലെ 90 ശതമാനം പേരും ഇന്നും കഴിയുന്നത്. തലമുറകളായി കഴിഞ്ഞു വരുന്ന സ്ഥലത്തിനോ വീടിനോ ഉടമസ്ഥാവകാശം ഇല്ലാത്തതു കൊണ്ടു തന്നെ വീടിനെ ഒരു ആവാസ ഇടം എന്നതിലപ്പുറം ഒരു ആസ്തിയായി കാണാനാവാത്ത അവസ്ഥയാണ് നിലവിലുള്ളത്. പണയപ്പെടുത്താനോ ഈട് വയ്ക്കാനോ സാധിക്കാത്തതിനാൽ തൊട്ടടുത്ത തലമുറയ്ക്ക് നിവസിക്കാനുള്ള ഇടങ്ങൾ മാത്രമാണ് വീടുകൾ. അതുകൊണ്ടാണ് പണമായും സ്വർണമായും മറ്റും ആസ്തി കൈമാറ്റം ചെയ്യുന്ന രീതി സമുദായാംഗങ്ങൾ സ്വീകരിച്ചു പോരുന്നത്.

ധനവിനിയോഗവും തീരുമാനങ്ങളെടുക്കാനും അവ നടപ്പിലാക്കാനുമുള്ള അധികാരവും ഉൾപ്പെടെയുള്ള ഒട്ടേറെ അനുകൂല ഘടകങ്ങൾ മുക്കുവ സമുദായത്തിലെ സ്ത്രീകൾക്ക് ലഭിക്കുന്നുണ്ടെങ്കിലും ഇവയിൽ പലതിനും ഒരു അനൗപചാരികതയുടെ ഛായ കാണാനാവും. വീട്ടുകാര്യങ്ങൾ യഥാർത്ഥത്തിൽ നോക്കിനടത്തുന്നത് സ്ത്രീകൾ തന്നെയായിരിക്കുമെങ്കിലും അത് പരസ്യമായി സമ്മതിച്ച് തരാൻ സ്ത്രീകൾ തയ്യാറാവാറില്ല.



കുടുംബത്തിന്റെ നിലനിൽപ്പിനായി തങ്ങൾ ചെയ്യുന്ന കാര്യങ്ങളുടെ ഓണർഷിപ്പ് ഏറ്റെടുക്കാൻ സ്ത്രീകൾക്ക് വിമുഖതയുണ്ടെന്ന് മാത്രമല്ല, കാര്യങ്ങൾ നോക്കി നടത്തുന്നത് വീട്ടിലെ മുതിർന്ന പുരുഷനാണെന്ന് സ്ഥാപിക്കാനാണ് പല സ്ത്രീകൾക്കും താല്പര്യം. സ്ത്രീകളുടെ ലൈംഗികത്വം, അവരുടെ ശരീരത്തിന്മേലുള്ള സ്വാതന്ത്ര്യം, പ്രത്യുല്പാദനം എന്നിവയിൽ മറ്റെല്ലാ യാഥാസ്ഥിതിക സമൂഹങ്ങളെയും പോലെ ഇവിടെയും പുരുഷന്മാരുടെ താല്പര്യങ്ങളാണ് സംരക്ഷിക്കാൻ ശ്രമിക്കാറുള്ളത്. കുടുംബാധികാരമുള്ള മുതിർന്ന സ്ത്രീ പോലും പുരുഷന്റെ ഇച്ഛയ്ക്കൊത്ത് ജീവിക്കാനുള്ള ഉപദേശമാണ് പ്രായത്തിൽ ഇളയവരായ മറ്റു സ്ത്രീകൾക്ക് നൽകുന്നത്. അതുകൊണ്ടൊക്കെ തന്നെ സ്ത്രീക്ക് സാമൂഹിക പ്രാധാന്യം നൽകുന്ന മാതൃദായ രീതിയാണെങ്കിലും പുരുഷമേധാവിത്വത്തിന്റെ മേൽനോട്ടം അഥവാ സർവയലൻസ് അതിന്റെ മുകളിൽ സദാ ജാഗരൂകതയോടെ പ്രതിഷ്ഠിച്ചിട്ടുണ്ട്.

തൊഴിലുമായി ബന്ധപ്പെട്ടുള്ളതാണ് ഈ സമുദായത്തിന്റെ മാതൃദായ രീതി എന്നതും ഇവിടെ പ്രസക്തമാണ്. കാര്യമായ സാമൂഹിക പിന്തുണ ഇല്ലാത്തതും അപകട സാധ്യത വർധിക്കുന്നതും സ്ഥിരതയില്ലാത്ത വരുമാനവും മൂലം മത്സ്യബന്ധനം ഉപേക്ഷിച്ച് മറ്റ് തൊഴിലുകളിലേക്ക് തിരിയുന്നവരുടെ എണ്ണം കൂടി വരികയാണ്. മറ്റ് തൊഴിലുകളിലേക്ക് പ്രവേശിക്കുന്നതോടെ പിതൃദായ രീതി വ്യാപകമാവുന്നതും ഇന്ന് മുക്കുവ സമുദായത്തിനുള്ളിലെ സ്ഥിരം കാഴ്ച്ചയാണ്. സ്ത്രീകൾക്ക് മെച്ചപ്പെട്ട സാമൂഹിക പദവി നൽകുന്ന ഈ നാട്ടുനടപ്പും കാലക്രമേണയുണ്ടാവുന്ന സാമൂഹിക മാറ്റങ്ങളോടൊപ്പം അവസാനിച്ചു പോവാനും ഇതൊക്കെയും ചരിത്രമായി മാറുന്നതുമായ കാലം അതീവ ദൂരത്തിലല്ല എന്നതാണ് ദുഃഖകരമായ സത്യം!

ചർച്ചാവിഷയം

# മാപ്പിള മരുമക്കത്തായത്തിന്റെ പരിവർത്തന നാൾവഴികൾ





**അസ്മ എം.പി.**
ഗവേഷക, ചരിത്ര വിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

കേരളീയ സമൂഹത്തിന്റെ സമൂലമായ പരിവർത്തനകാലമായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ. കൊളോണിയൽ ആധുനികതയുടെയും നവോത്ഥാന ശ്രമങ്ങളുടെയും ഫലമായുണ്ടായ ഈ മാറ്റങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് മാതൃദായക്രമ കുടുംബസംവിധാനത്തിൽ നിന്നും പിതൃമേധാവിത്വ കുടുംബവ്യവസ്ഥയിലേക്കുള്ള മാറ്റം. കേരളീയ സമൂഹത്തിന്റെ ഏകദേശം പകുതിയോളം വിഭാഗങ്ങൾ പിന്തുടർന്നിരുന്ന സ്ത്രീകേന്ദ്രിതമായ മരുമക്കത്തായ വ്യവസ്ഥ പുനർനിർവചനങ്ങൾക്കും പുന:ക്രമീകരണങ്ങൾക്കും വിധേയമാക്കപ്പെടുന്നത് ഈ കാലഘട്ടത്തിലാണ്. ഈ മാറ്റങ്ങളെ പൊതുവേ പുരോഗമനപരം ആധുനികം എന്നിങ്ങനെ വിലയിരുത്താറുണ്ടെങ്കിലും കുടുംബം, സ്ത്രീ എന്നീ സങ്കല്പങ്ങളിൽ ഈ കാലഘട്ടത്തിലുണ്ടായ മാറ്റങ്ങൾ എത്രത്തോളം പുരോഗമനപരമായിരുന്നു എന്നത് ഒരു തർക്കവിഷയമാണ്. കാലങ്ങളായി പിന്തുടർന്നുവന്നിരുന്ന ദായക്രമ-വിവാഹ സമ്പ്രദായങ്ങൾ പ്രകൃതിവിരുദ്ധവും ആധുനിക സമൂഹത്തിന് ചേരാത്തതുമായി വിലയിരുത്തപ്പെട്ടു. മലബാറിലെ മുസ്ലിങ്ങൾ അഥവാ മാപ്പിളമാർക്കിടയിൽ അത് മതവിരുദ്ധവും കുറ്റകരവുമായാണ് വീക്ഷിക്കപ്പെട്ട



ത്. ഇത്തരത്തിലുള്ള സാമൂഹ്യ കാഴ്ചപ്പാടുകൾ മാപ്പിള സമുദായത്തിൽ രൂപപ്പെട്ടുവന്ന പശ്ചാത്തലം, അതിനുപൂരകമായി പ്രവർത്തിച്ച ബ്രിട്ടീഷ് ഗവണ്മെന്റിന്റെ നിയമ നടപടികൾ എന്നിവയെക്കുറിച്ചും തൽഫലമായി മാപ്പിള മരുമക്കത്തായത്തിനുണ്ടായ പരിവർത്തനങ്ങളെ കുറിച്ചുമുള്ള ഒരു അന്വേഷണമാണ് ഈ ലേഖനം.

കൃത്യതയാർന്ന ഇസ്ലാമിക ചട്ടക്കൂടുകൾക്കുള്ളിൽ ഒതുക്കാൻ കഴിയാത്ത തനതും വ്യതിരിക്തവുമായ സാംസ്കാരിക സവിശേഷതകളുള്ള മുസ്ലിം സമുദായമാണ് മാപ്പിളമാർ. കൊളോണിയൽ പൂർവ്വഘട്ടത്തിലെ മാപ്പിള സ്വത്വത്തെയും ജീവിതത്തെയും രൂപപ്പെടുത്തിയതിൽ ഇസ്ലാമിക വിശ്വാസങ്ങൾക്കൊപ്പം തന്നെ പ്രധാന പങ്ക് വഹിക്കുന്നവയാണ് തദ്ദേശീയമായ വിശ്വാസങ്ങളും ആചാരങ്ങളും. ഇങ്ങനെയുള്ള നാട്ടാചാരങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മലബാറിന്റെ തീരപ്രദേശങ്ങളിൽ കണ്ണൂർ, തലശ്ശേരി, മാഹി, വടകര, കോഴിക്കോട് എന്നിവിടങ്ങളിൽ വ്യാപകമായിരുന്ന മാതൃദായക്രമത്തിലധിഷ്ഠിതമായ കുടുംബവ്യവസ്ഥ. മലബാറിലെ ഇസ്ലാമിന്റെ വ്യാപനം ആദ്യഘട്ടത്തിൽ

പ്രധാനമായും നടന്നത് അറബികളും തദ്ദേശിയരായ മാതൃദായക്രമ സമുദായങ്ങളിലെ സ്ത്രീകളുമായുള്ള വിവാഹബന്ധങ്ങളിലൂടെ ആയിരുന്നു. ഇസ്ലാമും മരുമക്കത്തായവും സമാന്തരങ്ങളായ രണ്ടു സങ്കല്പങ്ങൾ ആയാണ് കരുതപ്പെടുന്നത്. കാതലിൻ ഗഫ്, ലീല ദുബെ, ഫോർബ്സ്, ബെൻഡ ബെക്ക്മാൻ തുടങ്ങിയവരുടെ നരവംശ-സാമൂഹ്യശാസ്ത്ര പഠനങ്ങളിൽ സ്ത്രീകേന്ദ്രിതമായ മരുമക്കത്തായ വ്യവസ്ഥ പിതൃമേധാവിത്വ ഇസ്ലാമിക കുടുംബ സങ്കല്പത്തിന് വിരുദ്ധമായ ഒരു വ്യവസ്ഥയായാണ് വിലയിരുത്തപ്പെടുന്നത്. എന്നാൽ ഇസ്ലാമിന്റെ ഉത്ഭവകാലത്ത് അറേബ്യയിൽ നിലനിന്നിരുന്ന മാതൃദായ – മാതൃമേധാവിത്വ സങ്കല്പങ്ങളുടെ വർദ്ധിച്ച സ്വാധീനം പിതൃമേധാവിത്വ പിതൃദായ സങ്കല്പങ്ങൾക്കൊപ്പം തന്നെ ഇസ്ലാമിൽ നിലനിന്നിരുന്നു എന്ന് ഇസ്ലാമിലെ വിവാഹം, വിവാഹമോചനം, സ്വത്തവകാശം തുടങ്ങിയവയിൽ സ്ത്രീകളുടെ അവകാശങ്ങൾ ഉദ്ധരിച്ച് എഹറൻഫിൽസ് നിരീക്ഷിക്കുന്നു. ഇന്ത്യൻ സമുദ്രതീരങ്ങളിലെ ശ്രീലങ്ക, ലക്ഷദ്വീപ്, ഇന്തോനേഷ്യ, മലേഷ്യ, വടക്കെ ആഫ്രിക്ക, മൊസാംബിക്, കോമറോസ് തുടങ്ങിയ പ്രദേശങ്ങളിലെ മാതൃദായക്രമം പിന്തുടരുന്ന ഇസ്ലാമിക സമുദായങ്ങളെ ഉദാഹരിച്ച് ഇസ്ലാമും മാതൃദായക്രമവും പരസ്പര വിരുദ്ധങ്ങളായിരുന്നില്ല എന്നും ഇസ്ലാമിന്റെ വ്യാപനത്തിൽ മാതൃദായക്രമവും സ്ത്രീകളും വൈവാഹിക ബന്ധങ്ങളും എത്രമാത്രം പ്രധാനമായിരുന്നു എന്നും ലിയാസത്ത് ബൊനെയ്റ്റ് നിരീക്ഷിക്കുന്നു. ഇസ്ലാം, കുടുംബം, ലിംഗപദവി എന്നിവയെക്കുറിച്ചുള്ള പൊതുധാരണയിൽ നിന്നു വ്യത്യസ്തമായി കൂടുതൽ ലിംഗതുല്യമായ, കൂടുതൽ അവകാശങ്ങൾ സ്ത്രീകൾക്ക് നൽകിയിരുന്ന ഇത്തരത്തിലുള്ള മുസ്ലിം മാതൃദായ സമൂഹങ്ങളെ കുറിച്ചുള്ള പഠനങ്ങൾക്ക് സമീപകാലത്ത് കൂടുതൽ പ്രാധാന്യം ലഭിച്ചിട്ടുണ്ട്. ഏകശിലാത്മകമായ പിതൃമേധാവിത്വ ഇസ്ലാം എന്ന വാർപ്പുമാതൃകാ സങ്കല്പത്തിൽ നിന്നും വ്യത്യസ്തമായ പലതരത്തിലുള്ള ഇസ്ലാം (ഞൗഹശേുഹല കഹെമാ) ഏഷ്യയുടെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്നതായി ഇന്ത്യൻ സമുദ്രതീരങ്ങളിലെ മാതൃദായക്രമ സമൂഹങ്ങളെ ഉദാഹരിച്ച് സെബാസ്റ്റ്യൻ പ്രാങ്കെ അഭിപ്രായപ്പെടുന്നു.



മലബാറിലെ മാപ്പിള മരുമക്കത്തായ കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഇന്ത്യയിലെ മറ്റു സ്ഥലങ്ങളിലെ മുസ്ലിം സ്ത്രീകൾ അനുഭവിച്ചിരുന്നതിനേക്കാൾ കൂടുതൽ അവകാശങ്ങളും സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. 1935 വരെ വിശാലമായ ഭൂവിടങ്ങളുടെയും പള്ളി ഭൂമികളുടെയും ഉടമകളായിരു

ന്ന സ്ത്രീകളെ കുറിച്ച് ആർ.എൽ.എസ്.ലക്ഷ്മിയും പള്ളിയുടെ മുതവല്ലി സ്ഥാനം ഉൾപ്പെടെയുള്ള ഉത്തരവാദിത്ത അധികാര സ്ഥാനങ്ങൾ വഹിച്ചിരുന്ന സ്ത്രീകൾ മലബാറിൽ ഉണ്ടായിരുന്നതായി മഹമൂദ് കൂരിയയും നിരീക്ഷിക്കുന്നു. 1800 ൽ മലബാർ ബ്രിട്ടീഷ് പ്രവിശ്യയായി മാറിയതിനുശേഷം നീതിന്യായ- ഭരണ അധികാരികൾ എന്ന നിലയിൽ മരുമക്കത്തായ വ്യവസ്ഥ അവർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു. അതിലുപരിയായി മാപ്പിള മാർക്കിടയിൽ മാതൃ-പിതൃദായക്രമം പിന്തുടർന്നിരുന്ന കുടുംബങ്ങൾ തമ്മിലുള്ള വിവാഹങ്ങൾ സാധാരണമായിരുന്നതിനാൽ മാപ്പിള മരുമക്കത്തായ കേസുകൾ കൂടുതൽ സങ്കീർണ മായിരുന്നുവെന്ന് വില്യം ഹോളോവേ, ലെവിസ്മൂർ, ഹെർബർട്ട് വിഗ്രാം തുടങ്ങിയ ബ്രിട്ടീഷ് ജഡ്ജിമാരുടെ കേസ് റിപ്പോർട്ടുകളിൽ നിന്നും വിശദമായ നിയമസംവാദങ്ങളിൽ നിന്നും വ്യക്തമാകുന്നു. മലബാറിലെ മരുമക്കത്തായം ബ്രിട്ടീഷുകാരെ സംബന്ധിച്ച്



അസ്വസ്ഥജനകവും സങ്കീർണ്ണവുമായതിനുകാരണം ബ്രിട്ടീഷുകാരുടെ മാതൃകാ കുടുംബത്തെ കുറിച്ചുള്ള സങ്കല്പങ്ങൾ വിക്ടോറിയൻ ആശയങ്ങളിൽ അധിഷ്ഠിതമായിരുന്നു. പ്രകൃതിദത്ത മായി ആണിനും പെണ്ണിനും നൽകപ്പെട്ട വ്യത്യസ്തമായ ലിംഗപദവികളും കർശനമായ പൊതു/ സ്വകാര്യ ഇടങ്ങളുടെ വേർതിരിവും പുരുഷന്റെ ആനന്ദത്തിനും സുഖത്തിനും അനുയോജ്യമായ വിധത്തിൽ നിർണയിക്കപ്പെട്ട സ്ത്രൈണഗുണങ്ങളും അടിസ്ഥാനപ്പെടുത്തിയുള്ള അവരുടെ പിതൃമേധാവിത്വ കുടുംബ സങ്കല്പത്തിന് വിരുദ്ധമായ വ്യവസ്ഥയായിരുന്നു മലബാറിൽ അവർക്ക് കൈകാര്യം ചെയ്യേണ്ടിവന്നത്. അതിനുപുറമെ ഇസ്ലാമിക കുടുംബം എങ്ങനെയായിരിക്കണം എന്നതിനെ കുറിച്ചുള്ള അവരുടെ സങ്കല്പവും, ഇസ്ലാമിനെ കുറിച്ചുള്ള ഓറിയന്റ്ലിസ്റ്റ് പരികല്പനയിൽ നിന്നുള്ളതായിരുന്നു. അതിൽ മാതൃദായക്രമമോ, മാതൃഗൃഹവാസമോ, മാതൃമേധാവിത്വമോ ഇസ്ലാമികമായിരുന്നില്ല. മറിച്ച് ഇസ്ലാമിക വിരുദ്ധമായിരുന്നു.

മാതൃദായക്രമം എന്നത് അപരിഷ്കൃതമായ ഒരു സമൂഹത്തിന്റെ അടയാളമായാണ് ബ്രിട്ടീഷുകാർ കണക്കാക്കിയത്. കാരണം അന്ന് യൂറോപ്പിൽ എല്ലാ വൈജ്ഞാനിക മണ്ഡലങ്ങളേയും സ്വാധീനിച്ച പരിണാമ സിദ്ധാന്തം നരവംശ ശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ പഠനങ്ങളെയും വളരെയധികം സ്വാധീനിച്ചിരുന്നു. ലെവിസ് ഹെന്റി മോർഗൻ, ഹെന്റി സമ്മർമെയ്ൻ തുടങ്ങിയ ചിന്തകർ അവതരിപ്പിച്ച മനുഷ്യജീവിതത്തിന്റെ കുടുംബ -സാമൂഹ്യ പരിണാമഘട്ടങ്ങളിൽ പ്രാകൃതജീവിതത്തിൽ

പിന്തുടരുന്ന വ്യവസ്ഥയായി മാതൃദായക്രമവും സാമൂഹ്യ പുരോഗതിയുടേതായ ഘട്ടത്തിൽ സ്വീകരിക്കുന്ന പുരോഗമനപരവും ആധുനികവുമായ വ്യവസ്ഥയായി പിതൃമേധാവിത്വ കുടുംബവും അവതരിപ്പിക്കപ്പെട്ടു. അതുകൊണ്ടുതന്നെ സ്വാഭാവികമായ ലിംഗപദവികൾക്ക് എതിരായ വ്യവസ്ഥിതി തകർക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെയും പരിണാമ പ്രക്രിയയുടെയും അനിവാര്യതയാണ് അവർ കണ്ടത്. മാത്രമല്ല, പൗരസ്ത്യ സമൂഹങ്ങളെ കുറിച്ചുള്ള ബ്രിട്ടീഷ് വീക്ഷണങ്ങൾ ഓറിയന്റലിസ്റ്റ് യുക്തിയെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. പൗരസ്ത്യമായതിനെയെല്ലാം പരിഷ്കൃതരായ പാശ്ചാത്യസമൂഹത്തിന്റെ നേർവിപരീതമായി പ്രതിഷ്ഠിക്കുന്ന ആ കൊളോണിയുക്തിയിൽ കേരളത്തിലെ മാതൃദായ വ്യവസ്ഥയെ അവർ സങ്കല്പിച്ചത് പാശ്ചാത്യ പിതൃമേധാവിത്വ കുടുംബവ്യവസ്ഥയുടെ നേർ വിപരീതമായ മാതൃമേധാവിത്വ വ്യവസ്ഥയായാണ്.



ഇത്തരത്തിൽ അസ്വസ്ഥകരവുമായ സങ്കീർണവുമായ മരുമക്കത്തായ കേസുകളിൽ തീർപ്പുകൽപിക്കുക എന്നത് അവരെ സംബന്ധിച്ച് വളരെ ദുഷ്കരമായിരുന്നു. അതിനാൽ ഇത്തരം കേസുകളിലെ വിധിതീർപ്പുകൾക്ക്, അതായത് ഹിന്ദു മരുമക്കത്തായ കേസുകളിൽ ബ്രാഹ്മണിക നിയമശാസ്ത്രങ്ങളെയും മാപ്പിള മരുമക്കത്തായ കേസുകളിൽ ശരിഅത്ത് നിയമങ്ങളെയുമായിരുന്നു അവർ കൂട്ടുപിടിച്ചത്. അതായിരുന്നു അവരെ സംബന്ധിച്ചിടത്തോളം എളുപ്പവും സ്വീകാര്യവും. കാരണം ബ്രാഹ്മണിക ശരിഅത്ത് കുടുംബ നിയമങ്ങൾ അവരുടെ കുടുംബ സങ്കല്പത്തോട് ചേർന്നു നിൽക്കുന്നതും ഐക്യപ്പെടുന്നതുമായിരുന്നു. ബ്രിട്ടീഷ് കോടതികൾ മരുമക്കത്തായ കേസുകൾ കൈകാര്യം ചെയ്യുന്നതിലുണ്ടായ തെറ്റിദ്ധാരണകളും ഇത്തരത്തിലുള്ള ഒരു വ്യവസ്ഥിതിയിൽ അവർക്കുണ്ടായിരുന്ന അസ്വസ്ഥതകളും യാഥാർത്ഥ്യത്തിൽ നിന്നും വളരെ വിദൂരമായ അവരുടെ ഓറിയന്റ് ലിസ്റ്റ് സങ്കല്പങ്ങളും ചേർന്ന് 20-ാം നൂറ്റാണ്ടിന്റെ ആരംഭമാവുമ്പോഴേക്ക് മരുമക്കത്തായം ഒരു പരിവർത്തനഘട്ടത്തിലൂടെ കടന്നുപോവുകയും ഒരു കാരണവ-പിതൃമേധാവിത്വ വ്യവസ്ഥ (അ്മിരൗഹമ്യ ജമൃേശമൃരവ്യ) ആയി പരിണമിക്കുകയും ചെയ്തിരുന്നു എന്ന് ജി.അരുണിമ അഭിപ്രായപ്പെടുന്നു. കാരണം ബ്രിട്ടീഷ് കോടതി വ്യവഹാരങ്ങളിൽ മരുമക്കത്തായ തറവാടുകളുമായി ബന്ധപ്പെട്ട കേസുകളിൽ സ്വത്തിന്റെ അവകാശി എന്ന നിലയിൽ ഏർപ്പെടാനുള്ള അവകാശം കാരണവനു മാത്രമായി ചുരുക്കിയതും കാരണവ സ്ഥാ

നത്തിനുള്ള അവകാശം ഒരു ലിംഗപരമായ അവകാശമായി മാറ്റപ്പെട്ടതും ഇത്തരത്തിലുള്ള പടിപടിയായുള്ള നിയമ ഇടപെടലുകളിലൂടെയുള്ള സാമൂഹികമാറ്റമായി കാണാവുന്നതാണ്.

മരുമക്കത്തായത്തെ കുറിച്ചുള്ള ഈ ഒരു ബ്രിട്ടീഷ് ബോധ്യത്തിൽ നിന്നുകൊണ്ടുതന്നെയാണ് മലബാറിലെ മാപ്പിളമാർക്കിടയിൽ നിലനിന്നിരുന്ന സ്ത്രീസ്വത്തു തറവാടുകളെയും ബ്രിട്ടീഷ് കോടതി നിരീക്ഷിച്ചത്. സ്ത്രീകൾ കാരണവത്തികളായുള്ളതും തറവാട്ടിലെ പുരുഷന്മാർക്ക് ചെലവിന് ലഭിക്കും എന്നതല്ലാതെ മറ്റു കൈവശാവകാശമോ കർത്തൃത്വാവകാശമോ ഒന്നും തന്നെയില്ലാത്ത ഇത്തരം തറവാടുകൾ അംഗീകരിക്കാൻ കൊളോണിയൽ കോടതികൾ തയ്യാറായിരുന്നില്ല. ബ്രിട്ടീഷ് കോടതികളുടെ വീക്ഷണത്തിൽ ഇത്തരം തറവാടുകൾ, അതായത് സ്ത്രീക്ക് മാത്രമായി അവകാശങ്ങൾ പരിമിതപ്പെടുത്തിയിരുന്നവ., മലബാറിൽ നിലവിലുണ്ടായിരുന്ന ആചാരങ്ങൾക്ക് വിരുദ്ധമായിരുന്നു. അതിനാൽ സ്ത്രീസ്വത്തു തറവാടുമായി ബന്ധപ്പെട്ട കേസുകളിൽ പലപ്പോഴും തീർപ്പുണ്ടായത് തറവാട്ടിലെ പുരുഷന്മാർക്ക് അനുകൂലമായാണ്. ഇത് കൊളോണിയൽ ഭരണത്തിന്റെ ആദ്യദശകങ്ങളിൽ ഇത്തരം തറവാടുകൾ തകരുന്നതിന് കാരണമായി എന്ന് ഹമീദ് അലി അഭിപ്രായപ്പെടുന്നു. ബ്രിട്ടീഷ് കോടതിയുടെ ന്യായവിധികളുടെയും കൊളോണിയൽ ആധുനികതയുടെയും ഫലമായി രൂപപ്പെട്ട സാമൂഹ്യ മൂല്യവ്യ



വസ്ഥയും സാമ്പത്തിക മാറ്റങ്ങളും എല്ലാം ചേർന്ന ഒരു ചുറ്റുപാടിൽ എല്ലാ സമുദായങ്ങളിൽ നിന്നും മരുമക്കത്തായത്തിനെതിരെ ശക്തമായ വിമർശനങ്ങൾ ഉയർന്നുവരികയുണ്ടായി. ഇത്തരത്തിലുള്ള ഒരു പൊതുവായ പിതൃമേധാവിത്വ ആധുനിക കുടുംബ സങ്കല്പത്തിന്റെ സ്വീകാര്യതയുടെ പശ്ചാത്തലത്തിലാണ് മാപ്പിള മരുമക്കത്തായത്തിലും മാറ്റങ്ങൾ ഉണ്ടായത്.

നായർ മരുമക്കത്തായ വ്യവസ്ഥയുമായി മാപ്പിള മരുമക്കത്തായത്തിന് നിരവധി സാമ്യതകൾ ഉണ്ടായിരുന്നുവെങ്കിലും സൂക്ഷ്മതലത്തിൽ അത് വ്യത്യസ്തവുമായിരുന്നു. നായർ മരുമക്കത്തായത്തിനെതിരെയുള്ള പ്രധാന വാദമുഖങ്ങളിലൊന്നായ ബ്രാഹ്മണ മേധാവിത്വത്തിന്റെയോ ലൈംഗിക അധികാര പ്രയോഗത്തിന്റെയോ പശ്ചാത്തലം മാപ്പിള മരുമക്കത്തായത്തിനുണ്ടായിരുന്നില്ല. പിന്നെ പൊതുവെ നായർ തറവാടുകളിലെ യുവാക്കൾക്കിടയിൽ അന്ന് ആധുനിക വിദ്യാഭ്യാസം വ്യാപകമായിരുന്നതിനാൽ അവർക്കുണ്ടായ രീതിയിലുള്ള ഗവണ്മെന്റുദ്യോഗങ്ങൾക്കായുള്ള ദൂരസ്ഥലത്തേക്കുള്ള വാസസ്ഥലമാറ്റങ്ങളും മാപ്പിളമാർക്കിടയിൽ അത്ര സാധാരണമായിരുന്നില്ല. കാരണം, മാപ്പിളമാർ പൊതുവെ കൊളോണിയൽ ഭരണത്തിന്റെ ആദ്യഘട്ടത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് ആഭിമുഖ്യം കാണിച്ചിരുന്നില്ല. അവർ കൂടുതലായും ഏർപ്പെട്ടിരുന്നത് കച്ചവടത്തിലായിരുന്നു. കച്ചവടത്തിലെ ലാഭ തറവാട്ടുസ്വത്തിനോട് ചേർക്കപ്പെട്ടിരുന്നു വെങ്കിലും വിപുലമായ കച്ചവട സംരംഭങ്ങളിൽ മുതൽ മുടക്കാനുള്ള പ്രാപ്തി അവർക്ക് നൽകിയത് തറവാടുകളുടെ

ശക്തമായ സാമ്പത്തിക അടിത്തറയായിരുന്നു. മാപ്പിള സ്ത്രീകൾ പൊതുവെ തറവാടിന്റെ സ്വത്തുടമസ്ഥതയുടെയും പിന്തുടർച്ചാവകാശത്തിന്റെയും കേന്ദ്രമായിരുന്നെങ്കിൽ കൂടി നായർ വ്യവസ്ഥയിലേതുപോലെയുള്ള ലൈംഗിക സ്വയം നിർണയാവകാശം മാപ്പിളസ്ത്രീകൾക്ക് ഉണ്ടായിരുന്നില്ല. മാപ്പിള തറവാടുകളിൽ പുരുഷനെ ഒരിക്കലും രണ്ടാം തരക്കാരൻ ആയി കണക്കാക്കിയിരുന്നില്ല. ഒരേ സമയം ആണിനും പെണ്ണിനും സ്ഥാനവും അന്തസ്സും ലഭിച്ചിരുന്ന ഒരു അധികാര വികേന്ദ്രീകൃത വ്യവസ്ഥയാണ് മാപ്പിള തറവാടുകളിൽ നിലനിന്നിരുന്നത്. ഭാര്യവീട്ടിൽ താമസിച്ചിരുന്നുവെങ്കിലും പുതിയാപ്പിളമാർ എന്നറിയപ്പെട്ടിരുന്ന ഭർത്താക്കന്മാർക്ക് ബഹുമാന്യമായ ഒരു സ്ഥാനമായിരുന്നു ഭാര്യാകുടുംബങ്ങളിൽ ഉണ്ടായിരുന്നത്. ഹിന്ദു മാതൃദായ കുടുംബങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു മാപ്പിള തറവാടുകളിൽ പിതാവിന്റെ സ്ഥാനം. ഹിന്ദുതറവാടുകളിൽ പിതാവ് കുടുംബതലവനാണെങ്കിലും സാമൂഹ്യ ചുമതലകൾ ഒന്നും നിർവഹിച്ചിരുന്നില്ല. എന്നാൽ മാപ്പിള കുടുംബങ്ങളിൽ പിതാവ് സ്ഥിരമായി വീട്ടിൽ താമസിക്കുകയും ഭാര്യയുടെയും കുട്ടികളുടെയും ചെലവിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തിരുന്നു. പിതൃമേധാവിത്വ ക്രമത്തിലെ സ്ത്രീയുടെ സംഘർഷാത്മകമായ വേഷപ്പകർച്ചകൾ ആരും കാര്യമായി പരിഗണിക്കാറില്ലെങ്കിലും മാതൃദായക്രമത്തിലെ പ്രധാന പ്രശ്നമായി നരവംശ ശാ



സ്ത്രജ്ഞർ ചൂണ്ടിക്കാണിച്ചിട്ടുള്ള പുരുഷന്റെ നിത്യജീവിതത്തിലെ ചുമതലകൾ തമ്മിലുള്ള സംഘർഷങ്ങൾ താരതമ്യേന കുറവായ, പുരുഷന്റെ അന്തസ്സും അധികാരവും ഏറെക്കുറെ പോറലേൽപിക്കാതെ നിലനിർത്തിയ ഒരു വ്യവസ്ഥിതിയായിരുന്നു മാപ്പിള തറവാടുകളിൽ ഉണ്ടായിരുന്നത്.

പിന്നെ എന്തായിരുന്നു മാപ്പിള മരുമക്കത്തായത്തിനെതിരായി ഉയർന്നുവന്ന പ്രധാന എതിർപ്പുകളുടെ പരിസരം? മറ്റുള്ള സമുദായങ്ങളിലെ മരുമക്കത്തായത്തിന്റെ തകർച്ചയ്ക്ക് കാരണമായ അടിസ്ഥാന കാരണങ്ങൾ നിലനിൽക്കുമ്പോൾതന്നെ മാപ്പിള മരുമക്കത്തായത്തിനെതിരെ ഉയർന്നുവന്ന എതിർപ്പുകളിൽ ഏറ്റവും പ്രധാനം അത് അനിസ്ലാമികവും മതവിരുദ്ധവും ആണെന്നതായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ മാപ്പിള സാമൂഹ്യ പശ്ചാത്തലത്തിൽ നിന്നാണ് അത്തരത്തിലുള്ള ഒരു വിമർശനം മരുമക്കത്തായത്തിനെതിരായി ഉയർന്നു വരുന്നത്. കൊളോണിയൽ ആധുനികതയും ആധുനിക വിദ്യാഭ്യാസവും അച്ചടിയുടെ പ്രചാരവും തൽഫലമായുണ്ടായ മറ്റു



ഇസ്ലാമിക സമൂഹങ്ങളിലെ നവോത്ഥാന പ്രവർത്തനങ്ങളെ കുറിച്ചുള്ള തിരിച്ചറിവും മാപ്പിള സമുദായത്തിനുനേരെ ഉണ്ടായ ക്രിസ്ത്യൻ മിഷനറിമാരുടെയും ബ്രിട്ടീഷ് ഗവണ്മെന്റിന്റെയും ഇസ്ലാം മതവിരോധവും ഇസ്ലാമിനെതിരെയുള്ള രൂക്ഷവിമർശനങ്ങളും അതിന്റെ ഫലമായി ഒരു പ്രതിരോധമെന്ന നിലയിൽ രൂപപ്പെട്ട സ്വന്തം സാംസ്കാരിക അസ്തിത്വത്തെ ശക്തിപ്പെടുത്താനുള്ള സാമുദായിക സ്വത്വരൂപീകരണശ്രമങ്ങളും ഒരു സമുദായമെന്ന നിലയിൽ രാഷ്ട്രീയവും സാംസ്കാരികവുമായ ഇടങ്ങൾ സൃഷ്ടിക്കാനുള്ള താല്പര്യവും എല്ലാം ചേർന്നതായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ മാപ്പിള സാമൂഹ്യ പശ്ചാത്തലം എന്ന് വാൻഡർവീർ നിരീക്ഷിക്കുന്നു. മാപ്പിള സമുദായത്തിന്റെ ഇസ്ലാമികവല്കരണ പ്രക്രിയ നടന്ന ഈയൊരു ഘട്ടത്തിൽ മരുമക്കത്തായമുൾപ്പെടെ പല നാട്ടാചാരങ്ങളും ഇസ്ലാമികമല്ലാത്തതിനാൽ ചോദ്യം ചെയ്യപ്പെട്ടു.

മറ്റു സമുദായങ്ങളിലേതുപോലെ തന്നെ ആധുനിക വിദ്യാഭ്യാസം ലഭിച്ച സ്വന്തം സമൂഹത്തെക്കുറിച്ച് പുതിയ ഉൾക്കാഴ്ചകളുള്ള യുവതലമുറയിൽ നിന്നാണ് മരുമക്കത്തായ വ്യവസ്ഥയെക്കുറിച്ചുള്ള വിമർശനങ്ങൾ കൂടുതൽ ഉയർന്നുവന്നത്. എന്നാൽ അതോടൊപ്പം തന്നെ മതപണ്ഡിതന്മാരുടെയും പിന്തുണ ഈ വാദങ്ങൾക്ക് ലഭിച്ചിരുന്നതായി കാണാം. കാതലിൻ ഗഫ് നിരീക്ഷിക്കുന്നതുപോലെ കൊളോണിയൽ സമ്പദ് വ്യവസ്ഥയിലുണ്ടായ മാറ്റങ്ങൾ തങ്ങൾ സമ്പാദിച്ച സ്വത്തുക്കൾ ഭാര്യയും മക്കളും ഉൾപ്പെടുന്ന കുടുംബത്തിന് കൈമാറാൻ ആഗ്രഹിക്കുന്ന, കൂടുതൽ വ്യക്തിവൽക്കരിക്കപ്പെട്ട, യുവതലമുറയ്ക്ക് രക്തബന്ധത്തിൽ അധിഷ്ഠിതമായ മാതൃദായകക്രമത്തേക്കാൾ വിവാഹബന്ധത്തിലധിഷ്ഠിതമായ കുടുംബ സംവിധാനം കൂടുതൽ പ്രിയങ്കരവും സ്വീകാര്യവുമായി മാറി. ആധുനിക വിദ്യാഭ്യാസത്തിലധിഷ്ഠിതമായ സാമൂഹ്യ കാഴ്ചപ്പാടുകൾ സ്വന്തം സമൂഹത്തെ കുറിച്ചുള്ള അവജ്ഞാബോധത്തിനും സ്വയം വിശകലനത്തിനുമുള്ള പ്രേരകങ്ങളായി മാറി. വിവിധ ജാതിമത സമുദായങ്ങൾ തങ്ങളുടെ സാമുദായിക സ്വത്വത്തെ കൂടുതൽ ശക്തിപ്പെടുത്താനും ഒരു വ്യതിരിക്ത സമുദായമായി മാറാനും വ്യഗ്രത കാണിച്ചു. അന്നത്തെ സാമുദായിക സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ഇതു മനസ്സിലാക്കാൻ കഴിയുന്നതാണ്.

മാപ്പിള സമുദായത്തിലും ഇത്തരത്തിലുള്ള ഒരു ഇസ്ലാമിക സാമൂഹിക സ്വത്വം രൂപപ്പെടുത്താനുള്ള ശ്രമം ഊർജിതമായി നടന്നു. ഈയൊരു ഘട്ടത്തിൽ ഓരോ സമുദായവും കൊളോണിയൽ പൂർവ്വഘട്ടത്തിലുണ്ടായിരുന്ന അയഞ്ഞതും അസ്പഷ്ടവുമായ അതിർവരമ്പുകൾക്കു പകരം പ്രത്യേക കളങ്ങളിൽ ഒതുക്കി നിർത്തപ്പെടുകയും സാമുദായിക ചട്ടക്കൂടുകൾ പ്രബലമാവുകയും ചെയ്തു എന്ന് സുദീപ്ത കവിരാജ് നിരീക്ഷിക്കുന്നു. ഇത്തരത്തിലുള്ള സാമുദായിക ചട്ടക്കൂടുകളുടെ നിർമ്മിതിക്കൊപ്പം തന്നെ പുരുഷതാല്പര്യങ്ങൾക്കനുസൃതമായ പിതൃമേധാവിത്വ കുടുംബവും അടക്കവുമൊതുക്കവുമുള്ള സ്ത്രീസങ്കല്പവും ഓരോ സമുദായത്തിന്റെയും അന്തസ്സിന്റെ അടയാളങ്ങളായി പ്രതീകവൽക്കരിക്കപ്പെട്ടു. വിവിധസാമൂഹ്യ മതപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ആശയങ്ങളിലും പ്രവർത്തനങ്ങളിലും ഇത് നിരീക്ഷിക്കാൻ കഴിയുമെന്ന് പാർത്ഥാ ചാറ്റർജി അഭിപ്രായപ്പെടുന്നു. ഇത്തരത്തിലുള്ള ചോദനകളിൽ നിന്നാണ് മാപ്പിള മരുമക്കത്തായം എന്ന അനിസ്ലാമിക സംവിധാനത്തെ ഒഴിവാക്കാനും ഇസ്ലാമിക സ്വത്വത്തെ ശക്തിപ്പെടുത്താനുമുള്ളശ്രമങ്ങൾ ഉണ്ടാവുന്നത്. കുടുംബത്തിനകത്ത് കർത്തൃത്വ അധികാരവും തീരുമാനമെടുക്കുന്നതിലുമൊക്കെ സ്ത്രീക്ക് കുറേക്കൂടി പ്രാമുഖ്യമുണ്ടായിരുന്ന ഒരു വ്യവസ്ഥ അനഭിമതമാവുന്നത്.

മരുമക്കത്തായത്തിനെതിരായി സമുദായത്തിൽ നിന്നും ഉയർന്നുവന്ന എതിർപ്പുകൾ എത്രത്തോളം ശക്തമായിരുന്നെന്നും കുടുംബം, കുടുംബത്തിലെ സ്ത്രീയുടെ പദവി എന്നിവയെക്കുറിച്ച് അന്നത്തെ സ്വീകാര്യമായ സങ്കല്പങ്ങൾ എന്തായിരുന്നുവെന്നും മുസ്ലിം സമുദായത്തിലെ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച മക്തിതങ്ങളുടെ പ്രസംഗങ്ങളിലും ലേഖനങ്ങളിലും നമുക്ക് നിരീക്ഷിക്കാവുന്നതാണ്. മരുമക്കത്തായത്തിനെതിരായി നിരവധി ലേഖനങ്ങളും ലഘുലേഖകളും അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു.
പാർക്കലീത്ത പോർക്കളം എന്ന കൃതിയിൽ അദ്ദേഹം ഇസ്ലാമിക നിയമങ്ങൾ നടപ്പിലാക്കാനുള്ള ബ്രിട്ടീഷുകാരുടെ ശുഷ്കാന്തിയെ പുകഴ്ത്തുകയും മുസ്ലിങ്ങളുടെ ശ്രമം ഇല്ലാത്തതിനാൽ അവ പരാജയപ്പെടുന്നതിനെക്കുറിച്ച് പ്രസ്താവിക്കുകയും ചെയ്തു. ഇസ്ലാമിൽ പുരുഷന് ഭാര്യയിൽ പൂർണ്ണമായ അധികാരം അനുവദിക്കപ്പെട്ടിരുന്നുവെങ്കിലും ധനമോഹികളായ മുസ്ലിങ്ങൾ ഹിന്ദുക്കൾ പോലും തെറ്റു തിരിച്ചറിഞ്ഞിട്ടും ഇന്നും ശങ്കരാചാര്യരുടെ ആചാരം പിന്തുടരു

ന്നതിനെ കുറിച്ച് അദ്ദേഹം എഴുതി. ഭാര്യയെ ഭർത്താവായി സങ്കല്പിച്ചു കൊണ്ടുള്ള വ്യവസ്ഥയിൽ പുരുഷന്റെ നിസ്സഹായാവസ്ഥയെ കുറിച്ചും അദ്ദേഹം സൂചിപ്പിക്കുന്നു. നാരീനരാഭിചാരി എന്ന ലേഖനത്തിൽ മക്തിതങ്ങൾ കുടുംബത്തിൽ സ്ത്രീയുടെ സ്ഥാനം എന്തായിരിക്കണം എന്നു പരാമർശിക്കുന്നു. വിവിധ മത പാരമ്പര്യങ്ങളുടെ താരതമ്യ പഠനത്തിലൂടെയും സ്ത്രീഎന്നതിനു പകരം മലയാളഭാഷയിൽ പ്രയോഗത്തിലുള്ള നിരവധി പദങ്ങൾ ഉദ്ധരിച്ചുകൊണ്ട് സ്ത്രീ എത്ര ഉന്നതിയിലായിരുന്നാലും പുരുഷന്റെ ആശ്രയത്തിൽ കഴിയേണ്ടവളാണെന്ന് അദ്ദേഹം അടിവരയിടുന്നു. ആദാമിന്റെ വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ട സ്ത്രീക്ക് ഒരിക്കലും പുരുഷന് തുല്യയാവാൻ കഴിയില്ല. കൂത്തുപറമ്പിലെ (കണ്ണൂർ) ഷാദുലി പള്ളിയിൽ വെച്ച് നടത്തിയ പ്രസംഗത്തിൽ അദ്ദേഹം മരുമക്കത്തായത്തെ മൃഗങ്ങൾ പോലും ചെയ്യാത്ത ആചാരം എന്നാണ് വിശേഷിപ്പിച്ചത്.

കുടുംബത്തിന്റെ ഘടന, കുടുംബത്തിൽ സ്ത്രീയുടെ പദവി എന്നിവ എന്തായിരിക്കണം എന്നതിനെക്കുറിച്ചുള്ള മക്തിതങ്ങളുടെ ഈ കാഴ്ചപ്പാടുകളോട് ചേർന്നുനിൽക്കുന്നവയാണ് പൊതുവെ മറ്റു സമുദായങ്ങളിലെ പരിഷ്കർത്താക്കളുടെ ആശയങ്ങളും. നവോത്ഥാന കാലഘട്ടത്തിൽ സ്ത്രീവിദ്യാഭ്യാസം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പുരോഗമനപരമായ നില

**സ്ത്രീഎന്നതിനു പകരം മലയാളഭാഷയിൽ പ്രയോഗത്തിലുള്ള നിരവധി പദങ്ങൾ ഉദ്ധരിച്ചുകൊണ്ട് സ്ത്രീ എത്ര ഉന്നതിയിലായിരുന്നാലും പുരുഷന്റെ ആശ്രയത്തിൽ കഴിയേണ്ടവളാണെന്ന് അദ്ദേഹം അടിവരയിടുന്നു. ആദാമിന്റെ വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ട സ്ത്രീക്ക് ഒരിക്കലും പുരുഷന് തുല്യയാവാൻ കഴിയില്ല. കൂത്തുപറമ്പിലെ (കണ്ണൂർ) ഷാദുലി പള്ളിയിൽ വെച്ച് നടത്തിയ പ്രസംഗത്തിൽ അദ്ദേഹം മരുമക്കത്തായത്തെ മൃഗങ്ങൾ പോലും ചെയ്യാത്ത ആചാരം എന്നാണ് വിശേഷിപ്പിച്ചത്.**

പാടുകൾ അവതരിപ്പിക്കപ്പെടുമ്പോഴും ആത്യന്തികമായി സ്ത്രീ പിതൃമേധാവിത്വ കുടുംബ-സാമൂഹ്യ വ്യവസ്ഥകളിൽ കൂടുതൽ ചുറ്റിമുറുക്കപ്പെടുന്നതായി നിരീക്ഷിക്കാവുന്നതാണ്. എന്നാൽ മരുമക്കത്തായത്തെക്കുറിച്ചുള്ള മക്തിതങ്ങളുടെ ഇത്തരത്തിലുള്ള വാദമുഖങ്ങൾക്ക് സമുദായത്തിൽ നിന്ന് പൂർണ്ണ പിന്തുണ ലഭിച്ചിരുന്നില്ല. കണ്ണൂരിൽ മരുമക്കത്തായത്തിനെതിരെ നടന്ന ഒരു മീറ്റിംഗിൽ മക്തിതങ്ങൾ ആക്രമിക്കപ്പെട്ടു. എന്നാൽ ഈ വാദത്തെ അനുകൂലിക്കുന്നവരെയപേക്ഷിച്ച് എതിർക്കുന്നവരുടെ അംഗസംഖ്യ കുറവായിരുന്നു. ഇനി ഇതിൽതന്നെ ആരുടെയെല്ലാം പ്രതികരണങ്ങൾ രേഖപ്പെടുത്തപ്പെട്ടു എന്നതും അവർ എന്തിനുവേണ്ടി പ്രതികരിച്ചു എന്നതും മറ്റൊരു വിഷയം. രേഖപ്പെടുത്തപ്പെട്ട പ്രതികരണങ്ങളിൽ പ്രധാനമായി ഉയർന്നത്, സ്ത്രീഅവകാശങ്ങളുടെ നഷ്ടത്തെക്കുറിച്ചുള്ള സന്ദേഹങ്ങളായിരുന്നില്ല മറിച്ച് കാരണവർ സ്ഥാനത്തിന്റെ നഷ്ടത്തെക്കുറിച്ചുള്ള ആശങ്കകളായിരുന്നു.

ഈയൊരു സാമൂഹ്യ പശ്ചാത്തലത്തിലാണ് മാപ്പിള മരുമക്കത്തായ കുടുംബ ഘടനയെ ഇസ്ലാമികവല്കരിക്കാൻ ഗവണ്മെന്റ് തലത്തിലുള്ള ഇടപെടലിനായി ആവശ്യം ഉയർന്നുവന്നത്. ഇതിനുവേണ്ടിയുള്ള ആദ്യ ഇടപെടൽ നടത്തിയത് കണ്ണൂരിലെയും പരിസരപ്രദേശങ്ങളിലെയും മാപ്പിളമാരാണ്. മുസ്ലിം കുടുംബങ്ങളിലെ പിന്തുടർച്ചാവകാശം ഇസ്ലാമിക-ശരിഅത്ത് നിയമപ്രകാരം ആക്കണമെന്നതിനുള്ള ഒരു നിവേദനമാണ് അവർ മലബാർ കലക്ടർക്ക് സമർപ്പിച്ചത്. ഇതിൽ തീരുമാനമെടുക്കുന്നതിന്റെ ഭാഗമായി കലക്ടർ വിശദമായ ഒരു അഭിപ്രായ സമാഹരണം നടത്തി. ഇതിനായി അ

ഞ്ചരക്കണ്ടി, അഴീക്കൽ, തളിപ്പറമ്പ്, പയ്യന്നൂർ, കോട്ടയം, കുറുമ്പ്രനാട് തുടങ്ങിയ പ്രദേശങ്ങളിൽ നടത്തിയ മീറ്റിംഗുകൾ ആളുകളുടെ വർധിച്ച പ്രാതിനിധ്യവും ഐക്യകണ്ഠേനയുള്ള തീരുമാനങ്ങളും കൊണ്ട് ശ്രദ്ധേയമായിരുന്നു. ഈ മീറ്റിംഗുകളിലെ മിനുട്ട്സുകൾ വ്യക്തമാക്കുന്നത് പല മീറ്റിംഗുകളിലും അധ്യക്ഷം വഹിച്ചത് മൗലവിമാരും ഖാസിമാരും ആയിരുന്നു എന്നതാണ്. മുഹമ്മദൻ നിയമത്തിന് എതിരായുള്ള ഈ സമ്പ്രദായം ആരെങ്കിലും പിന്തുടരുന്നുവെങ്കിൽ അവർ കാഫിർ (അവിശ്വാസി) ആകും എന്നുവരെയുള്ള പ്രഖ്യാപനങ്ങൾ ഈ മീറ്റിംഗുകളിൽ ഉണ്ടായി. മലബാറിലെ ഡെപ്യൂട്ടി കലക്ടറായിരുന്ന കുഞ്ഞായന്റെ മീറ്റിംഗ് റിപ്പോർട്ടിൽ അദ്ദേഹം വ്യക്തമാക്കുന്നത് മരുമക്കത്തായത്തിന്റെ പൂർണ്ണ നിരോധവും ഇസ്ലാമിക ശരിഅത്ത് വ്യവസ്ഥയുടെ കർശനമായ നടപ്പിലാക്കലും കൊണ്ടുമാത്രമേ മാപ്പിളമാർ സംതൃപ്തരാകൂ എന്നാണ്. ചിറക്കൽ താലൂക്കിൽ നിന്നുള്ള റിപ്പോർട്ട് സൂചിപ്പിക്കുന്നത് മീറ്റിംഗിൽ പങ്കെടുത്ത ഒരാൾക്കും മരുമക്കത്തായത്തെ അനുകൂലിച്ച് ഒന്നും പറയാനുണ്ടായിരുന്നില്ല എന്നാണ്. എന്നാൽ ഈ പൊതുജനാഭിപ്രായ സമാഹരണ റിപ്പോർട്ടുകളിൽ ചിലത്, ഉദാഹരണത്തിന് കുറുമ്പ്രനാട് തഹസിൽദാരുടെ റിപ്പോർട്ട്, പങ്കെടുത്തവരുടെ എതിരഭിപ്രായത്തെ കുറിച്ച് സൂചിപ്പിക്കുന്നു. എന്നാൽ ഭൂരിഭാഗം റിപ്പോർട്ടുകളും പൊതുവെ മരുമക്കത്തായത്തിനെതിരായുള്ള നിയമപരമായ നടപടികളുടെ ആവശ്യകതയെ അനുകൂലിച്ചുകൊണ്ടുള്ളതായിരുന്നു.

ഇത്തരത്തിലുള്ള വ്യാപകമായ സാമൂഹ്യ പിന്തുണയുടെ പശ്ചാത്തലത്തിലാണ് 1918 ലെ മാപ്പിള പിന്തുടർച്ചാവകാശ നിയമം പാസ്സാക്കപ്പെട്ടത്. ഇതനുസരിച്ച് മാപ്പിളമാരുടെ സ്വയാർജ്ജിത സ്വത്തുക്കൾ ശരിഅത്ത് നിയമപ്രകാരം മക്കൾക്ക് കൈമാറാനുള്ള അനുവാദം നൽകപ്പെട്ടു. മുസ്ലിങ്ങളുടെ വ്യക്തിനിയമം ഇസ്ലാമികവല്കരിക്കുന്നതിനായുള്ള നിയമനിർമ്മാണങ്ങളിൽ ആദ്യത്തേതായിരുന്നു ഈ നിയമം. ഇത് മാപ്പിള തറവാടുകളുടെ സാമ്പത്തികമായ ഉന്നമനത്തിന് തടസ്സമാവുകയും ആത്യന്തികമായി മാപ്പിള തറവാടുകളുടെ തകർച്ചയ്ക്ക് കാരണമാവുകയും ചെയ്തു. മാപ്പിള ഒസ്യത്ത് നിയമം (1928), മാപ്പിള മരുമക്കത്തായ നിയമം (1939) എന്നിവയാണ് മറ്റു രണ്ട് പ്രധാന നിയമനിർമ്മാണങ്ങൾ. മാപ്പിള മരുമക്കത്തായ നിയമവുമായി ബന്ധപ്പെട്ട ബിൽ മലബാർ ലെജിസ്ലേറ്റീവ് കൗൺസിലിൽ അവതരിപ്പിച്ചത് കാസർഗോഡ് താലൂക്കിന്റെ പ്രതിനിധിയായ ഷംനാട് സാഹിബ് ആയിരുന്നു. ഈ ബില്ലിനെ കുറിച്ച് മുസ്ലിംലീഗ്/മജ്ലിസ് നേതാക്കൾ തമ്മിൽ നടന്ന വാഗ്വാദങ്ങൾ സൂചിപ്പിക്കുന്നത് മാപ്പിള മരുമക്കത്തായ തറവാടുകളുടെ തകർച്ചക്ക് കാരണമാവുന്ന ഈ നിയമത്തിനെതിരെ സമുദായത്തിൽ നിന്നുതന്നെ ഉയർന്നുവന്ന എതിരഭിപ്രായങ്ങളാണ്. എതിർപ്പുകൾക്കിടയിലും 1939 ലെ മരുമക്കത്തായ നിയമം പാസ്സാക്കപ്പെട്ടു. കുടുംബം സമുദായത്തിന്റെ അടിസ്ഥാന യൂണിറ്റായതുകൊണ്ടുതന്നെ മാപ്പിള സമുദായത്തിന്റെ ഇസ്ലാമികവല്ക്കരണത്തിലേക്കുള്ള ഒരു പ്രധാന ചുവടുവെപ്പായിരുന്നു ഈ നിയമനിർമ്മാണം. ആത്യന്തികമായി മാപ്പിള മരുമക്കത്തായത്തിന്റെ നിയമപരമായ തകർച്ചയ്ക്കും മാപ്പിള കുടുംബസ്ഥലിയെ ഇസ്ലാമിക നിയമങ്ങൾക്കനുശസൃതമായി പുന:സംഘടിപ്പിക്കുന്നതിനും ഈ നിയമങ്ങൾ വഴിതെളിയിച്ചു. ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടത്തിന്റെ വിക്ടോറിയൻ സങ്കല്പത്തിലധിഷ്ഠിതമായ ഒരു ആധുനിക കുടുംബ വ്യവസ്ഥ സാധ്യമാക്കാനുള്ള ശ്രമങ്ങളും നവോത്ഥാന ഭൂമികയിൽ ഉയർന്നുവന്ന പിതൃമേധാവിത്വ കുടുംബസങ്കല്പവും ഇസ്ലാമികം/അനിസ്ലാമികം എന്നിവയുടെ നിരന്തരമായ സംവാദ പരിസരങ്ങളിലൂടെ ഉയർന്നുവന്ന ഇസ്ലാമിക സ്വത്വ രൂപവൽക്കരണത്തിനനുയോജ്യമായ ഇസ്ലാമിക കുടുംബ സങ്കല്പവും പരസ്പര പൂരകങ്ങളായി പ്രവർത്തിച്ചതിനാലാണ് ഈ മാറ്റം സാധ്യമായത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ലോകത്തിലെതന്നെ പല പ്രദേശങ്ങളിലും ഒപ്പം കേരളത്തിലെ മറ്റു സമുദായങ്ങളുടെ ഇടയിലുമുള്ള മരുമക്കത്തായ കുടുംബ വ്യവസ്ഥകളുടെ തകർച്ചയുടെ പശ്ചാത്തലത്തിലാണ് മാപ്പിള മരുമക്കത്തായവും മാറ്റങ്ങൾക്ക് വിധേയമാക്കപ്പെട്ടത്.


1.Lewis More, *Malabar Laws and Customs.*

2. Hamid Ali, *Custom and Law in Anglo Muslim Jurisprudence.*

3. Kathleen Gough, *Mappilas of North Kerala in Matrilineal Kinship*

4. Dr.L.R.S.Laxmi, *Malabar Muslims : A Different Perspective.*

5. Van der Veer, *Religious Nationalism, Hindus and Muslims in India.*

6. Sudipta Kaviraj, *The Imaginary Institution of India, Subultern Studies,* Vol.II.

7. Partha Chatterjee, The Nationalist Resolution of the Women's Question., *Recasting Women: Esssays in Colonial History.*

8. Makthi Thangal, Parkaleetha Porkalam, Nari Narabhichari in Makthi Thangalude Sampoornakrithikal.

9. Letter by P.Kunjayan, Deputy Collector, Calicut dated Sept. 23, 1914.

10. Report of Tahsildar of Kurumbranad to the Sub Collector, Tellicherry, dated Feb. 13, 1915. KRA.

# മേഘാലയയിലെ മാതൃദായക്രമ സമൂഹങ്ങളും സമകാലിക യാഥാർത്ഥ്യങ്ങളും



ഡോ: സംഹിത ബറൂഹ്
സാമൂഹ്യപ്രവർത്തക, മേഘാലയ



വിവർത്തനം:
ശ്രുതി റ്റി.സി
എം.ഫിൽ ഗവേഷക
കാലിക്കറ്റ് സർവകലാശാല



ഇന്ത്യയിൽ, മേഘാലയയിലും കേരളത്തിലും മാതൃദായക്രമം പിന്തുടരുന്ന സമൂഹങ്ങളെ കണ്ടെത്തിയിട്ടുണ്ട്. മേഘാലയിലെ ഖാസി, ഗാരോ, ജയന്തിയ എന്നിങ്ങനെ മൂന്ന് പ്രധാനപ്പെട്ട സമൂഹങ്ങളാണ് എല്ലാ അർത്ഥത്തിലും മാതൃദായക്രമം പിന്തുടർന്നു വരുന്നത്. ഇത്തരം സമൂഹങ്ങളിൽ ഓരോ വ്യക്തിയുടെയും പാരമ്പര്യം കുടുംബത്തിലെ സ്ത്രീകളുമായി ബന്ധപ്പെട്ട് നിലനിൽക്കുകയും കുടുംബത്തിലെ ഇളയവൾ പൂർവ്വിക സ്വത്തുക്കളും വിഭവങ്ങളും പരമ്പരാഗതമായി സംരക്ഷിച്ചു പോരുകയും ചെയ്യുന്നു. 'വെയ്റ്റിംഗ് ഫോർ ആൻ ഈക്വൽവേൾഡ്, ജെൻഡർ ഇൻ ഇന്ത്യാസ് നോർത്തീസ്റ്റ്' എന്ന പുസ്തകത്തിൽ പ്രമുഖ പത്രപ്രവർത്തകയും എഴുത്തുകാരിയുമായ പട്രീഷ്യ മുഖീ എഴുതുന്നു: 'മാതൃദായക്രമ സമൂഹം എന്നത് ഏറ്റവും മഹത്തരമെന്ന് പ്രശംസിക്കപ്പെടുന്നതും എന്നാൽ ഏറ്റവും കുറച്ചു മനസ്സിലാക്കപ്പെടുന്നതുമായ സാമൂഹിക സമ്പ്രദായമാണ്'. പുസ്തകത്തിലെ വ്യത്യസ്ത ലേഖനങ്ങളിലൂടെ മാതൃദായക്രമസമ്പ്രദായത്തെ മുഴുവനായി വിശകലനം ചെയ്യുകയും നിലവിലുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുകയും ചെയ്യുന്നു.

സ്ത്രീ സംഘടനയുടെ വടക്കുകിഴക്കനഗംങ്ങൾ പടിഞ്ഞാറൻ ഖാസി കുന്നുകളിലെ സ്ത്രീകളുമായി ഈ സമ്പ്രദായത്തെക്കുറിച്ച് സംവദിച്ച(2017) അനുഭവം അവർ പറയുന്നു. ഈ സമൂഹം ശാക്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായി ഒരു സ്ത്രീ അഭിപ്രായപ്പെട്ടു. ഇതിനു വിപരീതമാണ് യഥാർത്ഥത്തിൽ ഖാസി സമൂഹത്തിന്റെ അവസ്ഥ. ഇവിടങ്ങളിൽ അസമത്വങ്ങൾ ഇന്നും നിലനിൽക്കുന്നു. സ്ത്രീകളുടെ പദവിയെ അംഗീകരിക്കുവാനോ സ്ത്രീകൾക്ക് ഇത്തരം ഉത്തരവാദിത്തങ്ങൾ വഹിക്കാൻ കഴിയുമെന്നോ ഇവിടുത്തെ പുരുഷന്മാർ കരുതുന്നില്ല. അനാദരവുള്ളവരും അഹങ്കാരികളുമായി പുരുഷന്മാരാൽ സ്ത്രീകൾ വിലയിരുത്തപ്പെടുന്നു. ഗ്രാമീണ പ്രശ്നങ്ങളിൽ സ്ത്രീകളുടെ നിർദ്ദേശങ്ങളെ പുരുഷന്മാർ

നിരസിക്കുകയും വെറുക്കുകയും ചെയ്യുന്നു. സ്ത്രീകൾ ഡോർബോർ ഷ്നോങ്ങിന്റെ ഭാഗമല്ലാത്തതിനാൽ അവരുടെ അഭിപ്രായങ്ങൾ അപ്രസക്തമാണെന്ന് കരുതുന്നു. മേഘാലയയിലെ മിക്ക ഗ്രാമങ്ങളിലും നിലനിൽക്കുന്ന വേതന സമ്പ്രദായത്തിലെ സ്ത്രീപുരുഷഭേദം ഈ അസമത്വത്തിന് തെളിവാണ്. പ്രദേശത്തെ ഒരു സ്ത്രീയുടെ തന്നെ വാക്കുകളിൽ പറഞ്ഞാൽ : 'ഞങ്ങളെ, എതിരാളിയെ വെട്ടി മുന്നേറുന്ന ലൂഡോ കളിയുമായി താരതമ്യം ചെയ്യാവുന്നതാണ്. 'പള്ളികളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. പുരുഷന്മാരാണ് പള്ളികളിലെ അധികാരികളും വൈദികസ്ഥാനം വഹിക്കുന്നവരും. സഭാകാര്യങ്ങളിൽ തീരുമാനമെടുക്കുന്ന സമിതികളിൽ സ്ത്രീകളെ ഉൾപ്പെടുത്തിയിട്ടില്ല.




**മേഘാലയയിലെ മാതൃദായക്രമസമൂഹങ്ങളെ കുറിച്ച് സ്ത്രീകളുമായി സംവാദം**

നഗരപ്രദേശങ്ങളായ ഷില്ലോങ് പോലെയുള്ള ഇടങ്ങളിൽ സമീപകാലത്ത് അണുകുടുംബങ്ങൾ സാധാരണമാണ്. അവിടെ പുരുഷന്മാരും സ്ത്രീകളും അവരുടെ താമസസ്ഥലം സ്വന്തമാക്കുന്നു.അവർ അവരുടെ സമ്പാദ്യം എല്ലാമക്കൾക്കുമായി വിഭജിച്ചു നൽകുന്നു.കുടുംബങ്ങൾക്കു സ്ത്രീ അവകാശികൾ ഇല്ലെങ്കിൽ അവരുടെ മരുമകളെ ദത്തെടുക്കുകയും സ്വത്തിന്റെ സംരക്ഷകരാക്കുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ അവകാശികളില്ലാതെ വരുമ്പോൾ പുരുഷന്മാർക്ക് അവകാശം നൽകപ്പെടും. ഖാസി വിഭാഗങ്ങളിലെ പുരുഷന്മാർ സമകാലിക കാലഘട്ടത്തിൽ അമ്മമാരെ സംരക്ഷിക്കുകയും ഇളയ സഹോദരിയോടൊപ്പം കുടുംബ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു നടത്തുകയും ചെയ്ത് വരുന്നു. ഗൃഹ പരിചരണത്തിന്റെ നട്ടെല്ല് സ്ത്രീകളാണെന്നും അവരാണ് കുടുംബ ജോലികളുടെ നിർണായക ഘടകങ്ങൾ എന്നും മാതൃസമ്പ്രദായം ഉറപ്പാക്കുന്നു. പുരുഷന്മാർ ഗാർഹിക ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിവാകുകയും ഡോർബാസ്, ഹിമകിങ്ഡം, നോക്മ സമിതികൾ പോലെയുള്ള സമൂഹ സംഘടനകളുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തു നടത്തുകയും ചെയ്യുന്നു. ലൈംഗിക ന്യൂനപക്ഷങ്ങളുടെ സ്വത്ത് അവകാശങ്ങളെക്കുറിച്ചുള്ള വിഷയത്തിൽ സമൂഹമിന്നും നിശബ്ദമാണ്. എൽ.ജി.ബി.ടി.ക്യു കമ്മ്യൂണിറ്റികൾ ഭൂസ്വത്തിന്റെയും പരമ്പരാഗതസ്വത്തിന്റെയും അവകാശികളായി വരാറില്ല. കുടുംബത്തിൽ ഒരേയൊരു കുട്ടി ആയിരിക്കുകയും മറ്റ് സ്ത്രീ അവകാശികൾ ഇല്ലാതെയും വരുമ്പോൾ മാത്രം ഒരു ട്രാൻസ് വുമണിന് പരിമിതമായ അവകാശങ്ങൾ നൽകപ്പെടുന്നു. മിക്ക കേസുകളിലുംഎൽജിബിടിക്യു കമ്മ്യൂണിറ്റികൾ അദൃശ്യരാണ്. അവർ തിരഞ്ഞെടുത്ത ലിംഗവ്യക്തിത്വത്തിന്റെ പേരിൽ കുടുംബങ്ങളിൽ നിന്ന് പുറത്താക്കപ്പെടുകയും പോലീസ്റ്റേഷൻ പോലെയുള്ള സ്ഥലങ്ങളിൽ അഭയം തേടുകയുമാണ് പതിവ്. മേഘാലയയിലെ ആദിവാസി ഇതര സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ആദിവാസി ഭൂമി സ്വന്തമാക്കാൻ കഴിയില്ല. ഇവർക്ക് ആദിവാസി സമുദായങ്ങളിൽ നിന്ന് വിവാഹമാകാം. അപ്പോഴും സ്വത്തിന്റെയോ വിഭവങ്ങളുടെയോ അവകാശം ലഭിക്കുകയുമില്ല. മുസ്ലിം സമുദായങ്ങളിലെ പല സ്ത്രീകളും വ്യത്യസ്തതരത്തിലുള്ള പ്രത്യുല്പാദന ആരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഗാരോമലനിരകളിലെ വനിത ഗ്രൂപ്പുകളുമായുള്ള കൂടിക്കാഴ്ചയിൽ അതിർത്തി പ്രദേശങ്ങളിലെ തൊഴിലാളികളുടെ പരിമിതികളെ കുറിച്ചും പുരുഷകേന്ദ്രീകൃത വ്യവസ്ഥയുടെ വലിയ പ്രത്യാഘാതങ്ങളെ കുറിച്ചും ഒരു സ്ത്രീ സംസാരിച്ചതായി ഞാനോർക്കുന്നു.

മാർക്കറ്റ് ഇടങ്ങളിൽ വ്യത്യസ്തമാർന്ന സ്ത്രീ കൂട്ടായ്മകളെ ഞാൻ കണ്ടുമുട്ടുകയുണ്ടായി. അവിടെ സ്ത്രീകൾ കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുകയും അവരുടെ കുടുംബങ്ങളുടെ പ്രാഥമിക ആവശ്യങ്ങളിൽ ഇടപെടുകയും ചെയ്യുന്നു. മാർക്കറ്റ് പ്രദേശങ്ങളിലെയും റെസിഡൻഷ്യൽ വെൽഫെയർ ഗ്രൂപ്പുകളിലെയും ഫുഡ്ഷോപ്പുകളിലെയും കൂട്ടായ്മകളുടെ ഭാഗമാണ് ഇവിടങ്ങളിലെ സ്ത്രീകൾ. സർക്കാർ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും ബിസിനസ് സ്ഥാപനങ്ങളിലും ക്ലറിക്കൽ ജോലികളും മറ്റും ചെയ്തുവരുന്ന സ്ത്രീകളുമുണ്ട്. ഇത്തരത്തിൽ പൊതു ഇടങ്ങളിൽ സ്ത്രീകളുടെ ദൃശ്യപരത മേഘാലയയിൽ കൂടുതലാണ്. സ

മൂഹങ്ങൾക്ക് ഉള്ളിലെ ഇത്തരം സാന്നിധ്യങ്ങൾ സ്ത്രീകൾ സംസ്ഥാനത്തെ സാമൂഹിക സ്വകാര്യ പൊതുകാര്യങ്ങളിൽ പങ്കെടുക്കുന്നു എന്നത് ഉറപ്പാക്കപ്പെടുന്നു. എന്നിരുന്നാലും 1972-ൽ മേഘാലയ സംസ്ഥാനം നിലവിൽ വന്നത് മുതലുള്ള രാഷ്ട്രീയത്തിൽ സ്ത്രീകളുടെ സാന്നിധ്യം പരിമിതമാണ്. ദേശീയ സംസ്ഥാന തലങ്ങളിൽ രണ്ട് മുതൽ മൂന്ന് വരെ മാത്രമേ സ്ത്രീ പ്രാതിനിധ്യം ഉള്ളൂ.

ജയന്തിയ വിഭാഗക്കാരുടെ സ്വയംഭരണകൗൺസിലിൽ വനിതാ അംഗങ്ങളേയില്ല. രണ്ടുവീതം അംഗങ്ങൾ മാത്രമേ ഖാസി, ഗാരോ കൗൺസിലുകളിലുമുള്ളു.

### മാതൃദായക്രമം - പ്രാഥമികവിവരങ്ങൾ

ഷില്ലോങിലെ മാർട്ടിൻ ലൂഥർ ക്രിസ്ത്യൻ യൂണിവേഴ്സിറ്റി



ഫാക്കൽറ്റിയായ ഡോ. മാർബാബിയാഗ് ഷിമെലെ പറയുന്നു: 'മേഘാലയയിൽ ഒരുപരിധിവരെ സ്ത്രീശാക്തീകരണം സാധ്യമാക്കിയ സമ്പ്രദായമാണ് മാതൃദായക്രമം. ഇവിടെ സ്ത്രീക്ക് സ്വന്തമായി അവളുടെ പേരിൽ ഭൂമിയുണ്ട് പട്ടയവുമുണ്ട്. എന്നാൽ കുടുംബത്തിലെ കാരണവരോ സഹോദരനോ അറിയാതെ ഈ ഭൂമി വിൽക്കാൻ കഴിയുകയില്ല. വ്യക്തിഗത ഭൂമിയാണെങ്കിൽ വിൽക്കുന്നതിനു സമ്മതം ആവശ്യമില്ല. അപ്പോഴും സമുദായത്തിലെ നേതാവിന്റെയോ രംഗ്ബാ ഷ്നോംഗിന്റെയോദ്ധ ഡോർബാർ എക്സിക്യൂട്ടീവിന്റെയോ അനുമതി വാങ്ങേണ്ടതുണ്ട്. ഈ സ്ഥാനങ്ങളൊക്കെ കൈകാര്യം ചെയ്യുന്നത് പുരുഷന്മാരാണ്. ഭൂമി ആണിന്റെതാണെങ്കിലും ശരി പെണ്ണിന്റേതാണെങ്കിലും ശരി ആർക്കാണ് വിൽക്കാൻ കഴിയുക എന്ന കാര്യത്തിൽ ഓരോ സമുദായത്തിനും നിശ്ചിതമായ മാനദണ്ഡങ്ങളും ചട്ടങ്ങളും നിശ്ചയിച്ചിട്ടുണ്ട്.ഇവിടങ്ങളിൽ വ്യക്തിഗത ഭൂമി കൂടാതെ കുലഭൂമിയും സമുദായ ഭൂമിയുമുണ്ട്. കുലഭൂമിയുടെ ഉടമസ്ഥാവകാശം അതേ വംശത്തിൽപ്പെട്ട സ്ത്രീകൾക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സമിതികളും ഉണ്ട്. എന്നാൽ ഈ സമിതി യോഗങ്ങളിൽ ഭൂരിഭാഗവും പങ്കെടുക്കുന്നത് പുരുഷൻമാരാണ്. അനന്തരാവകാശവുമായി ബന്ധപ്പെട്ട നിയമങ്ങളും സംസ്ഥാനത്ത് വ്യത്യസ്തമാണ്. ഉദാഹരണത്തിന് ഞാനൊരു ഖാസിയാണ്, സ്വത്തുക്കൾ പുരുഷനും സ്ത്രീയും തുല്യമായി നൽകുന്നു എന്ന് വിചാരിക്കുക. എന്നിരുന്നാലും ഖദ്ദുവിനാണ് വീട് ലഭിക്കുക. അവൾക്കാണ് മാതാപിതാക്കളെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം നൽകിയിട്ടുള്ളത്.

സ്ത്രീകൾക്ക് ഉടമസ്ഥാവകാശമുണ്ട്, സംരംഭകരാകാൻ ഉള്ള സ്വാതന്ത്ര്യവുമുണ്ട്. ബാരാബസാറിലെ കട ഉടമകളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. അവർ സാമ്പത്തികമായി ശാക്തീകരിക്കപ്പെട്ടവരുമാണ്. എൺപതുവയസ്സുള്ള ഒരു പഴക്കച്ചവടക്കാരിയുടെ അടുത്ത് ഞാൻ പോകാറുണ്ട്. അവരിപ്പോഴും കഷ്ടപ്പെടുന്നത് സാമ്പത്തികമായി സ്വതന്ത്രമായി ജീവിക്കാൻ ഇഷ്ടപ്പെടുന്നതുകൊണ്ടാണ്. സമ്പദ്വ്യവസ്ഥയുടെ ഭാഗമാകുവാനും പൊതു മണ്ഡലത്തിന്റെ ഭാഗമാകുവാനും അവർ ഇഷ്ടപ്പെടുന്നു. സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതും അവരുടെ പുത്രന്മാരും മരുമക്കളും ചില സമയങ്ങളിൽ അവരുടെ പെണ്മക്കളും മരുമകളും കൈകാര്യം ചെയ്യുന്നതുമായ വലിയ വാണിജ്യ സംരംഭങ്ങളും നിലവിലുണ്ട്. തീർച്ചയായും പാരമ്പര്യ സ്വത്ത് എന്റെ പേരിൽ തന്നെയാണ്.

### മാതൃദായക്രമത്തിലെ തലമുറതലത്തിലുള്ള പ്രതിഫലനങ്ങൾ

എന്റെ പന്ത്രണ്ടാം വയസ്സിലെ അനുഭവം പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. ആ സമയത്ത് ഞാനായിരുന്നു കുടുംബത്തിലെ ഏക മകൾ, എന്റെ അമ്മ ഗർഭിണിയും. അമ്മായി എന്നോട് ചോദിച്ചു: 'നിനക്ക് ഒരു സഹോദരിയാണ് ഉണ്ടാകുന്നതെങ്കിൽ നീ നിരാശപ്പെട്ടുമോ? നിനക്ക് എല്ലാം നഷ്ടമാകും' ആളുകളുടെ പൊതുമനോഭാവം ഇതാണ്. ഞാൻ ഒരിക്കലും ഈ അനുഭവം മറക്കില്ല. ഞാൻ ഒരു പെൺകുട്ടിക്ക് ജന്മം നൽകിയപ്പോൾ എന്റെ മുഴുവൻ കുടുംബവും വളരെ സന്തോഷിച്ചു. ഞാനൊരു ആൺകുട്ടിക്ക് ജന്മം നൽകിയിരുന്നെങ്കിലോ? ഞങ്ങൾക്ക് ആൺഭ്രൂണഹത്യ ഇല്ല. എന്റെ അമ്മായി 7 ആൺകുട്ടികളെ പ്രസവിച്ചശേഷമാണ് ഒരു പെൺകുട്ടിക്ക് ജന്മം നൽകുന്നത്. മിക്ക കുടുംബങ്ങളും ഇങ്ങനെയൊക്കെയായിരുന്നു. ഗ്രാമത്തിൽ ഒരു സ്ത്രീയ്ക്ക് 10 ആൺ മക്കളുണ്ടായിരുന്നു. ഒരു പെൺകുട്ടി ഉണ്ടാകുന്നതുവരെ പ്രസവം തുടരാൻ ആ സ്ത്രീ ആഗ്രഹിച്ചു. പെൺകുട്ടികൾ മാത്രമുള്ള എനിക്കറിയാവുന്ന ഒരു സ്ത്രീ വയലിൽ പണിയെടുക്കുന്നതിനും സ

ഹായിക്കുന്നതിനുമായി ഒരാൺകുട്ടി വേണമെന്ന് ആഗ്രഹിക്കുന്നു. ഇത്തരം സംഭവങ്ങളുമുണ്ട്.

### പൊതുമണ്ഡലവും മാതൃദായക്രമവും

രാഷ്ട്രീയ രംഗത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്.അതിന് മാതൃദായക്രമവുമായി നേരിട്ട് ബന്ധമില്ല. എന്തുകൊണ്ടാണ് സ്ത്രീ പങ്കാളിത്തം കുറവ് എന്നതിനെക്കുറിച്ച് എനിക്ക് ധാരണയില്ല. യാഥാസ്ഥിതിക കുടുംബങ്ങളിൽ സ്ത്രീ, രാഷ്ട്രീയത്തിൽ ഇറങ്ങുന്നത് പ്രോത്സാഹിപ്പിക്കാറില്ല. അവർ പറയുന്നത് രാഷ്ട്രീയം പുരുഷന്മാരുടെ ജോലി ആണെ ന്നാണ്. നേരത്തെ വീട്ടിൽ വരാവുന്ന തരത്തിലുള്ള ജോലികളാണ് സ്ത്രീകൾ തിരഞ്ഞെടുക്കാറ്. വൈകിയുള്ള സമയക്രമങ്ങൾ സ്ത്രീകളുടെ കാര്യത്തിൽ പ്രോത്സാഹിപ്പിക്കാറില്ല. എന്നാൽ പുതിയ കാലത്തെ വിദ്യാഭ്യാസം സങ്കല്പങ്ങളെ വിശാലമാക്കിയിട്ടുണ്ട്. കുടുംബങ്ങൾ സ്ത്രീക്ക് പുതിയ അവസരങ്ങൾ തുറന്നു നൽകുന്നു. ലിംഗപരമായ പദവികൾ മാതൃദായക്രമത്തിൽ വേരൂന്നിയതാണ്. കുടുംബങ്ങളുടെ പിന്തുണ ഇന്ന് സ്ത്രീയ്ക്ക് ലഭിക്കുന്നുമുണ്ട്.

### മാതൃദായക്രമവും ലൈംഗികന്യൂനപക്ഷങ്ങളും

സമൂഹത്തിൽ ട്രാൻസ് വുമൺസിനെ പൊതുവേ അംഗീകരിക്കുകയില്ല. ചില സന്ദർഭങ്ങളിൽ അത്തരം ആളുകൾ കുലത്തിൽ നിന്ന് പുറത്താക്കപ്പെടുന്നു. നികൃഷ്ടമായ കുറ്റകൃത്യം ചെയ്ത അല്ലെങ്കിൽ വംശത്തിന് മാനദണ്ഡങ്ങൾക്ക് എതിരായി അല്ലെങ്കിൽ പരമ്പരാഗത മാനദണ്ഡങ്ങൾക്ക് പുറത്തു നിൽക്കുന്നവരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണ് തൈറ്റ്കൂർ എന്നത് .

### മാതൃദായക്രമത്തിലെ അന്തർഗോത്ര പശ്ചാത്തലം

മിശ്രവിവാഹങ്ങൾ ഇന്ന് സാധാരണമാണ്. വിവാഹമെന്നത് കുടുംബവുമായി ബന്ധപ്പെട്ട ഒരു കാര്യമായി കരുതിവരുന്നു. ഒരു ഖാസി, ആദിവാസി അല്ലാത്ത ഒരാളെ വിവാഹം കഴിച്ചാൽ അത് മിശ്രവിവാഹമാണ്. അത് സ്വീകരിക്കുന്നത് കുടുംബത്തെ ആശ്രയിച്ചാണ്. മറ്റു ഗോത്രങ്ങൾ തമ്മിലുള്ള മിശ്രവിവാഹം കുടുംബങ്ങൾക്ക് സ്വീകാര്യമാണ്. എന്റെ കുടുംബത്തിൽ അമ്മായി ഒരു നാഗവംശജനെയാണ് കല്യാണം കഴിച്ചത്. അവരുടെ കുട്ടികൾ എല്ലാവരും നാഗന്മാരാണ്. എന്നിരുന്നാലും അവരുടെ മകൾ ഒരു ഖാസിയെ വിവാഹം കഴിച്ചു. അവളുടെ കുട്ടികൾ ഖാസി വംശജരാണ്. കുടുംബങ്ങൾ തമ്മിൽ ഈ കാര്യങ്ങളിൽ നല്ല ധാരണ നിലനിൽക്കുന്നു. പ്രകൃതിവിഭവങ്ങളും മാതൃദായക്രമവും ഖാസി കുന്നുകളിൽ സിയാമുകൾ എല്ലാം പുരുഷന്മാരാണ്. സ്ത്രീകൾ പ്രകൃതിവിഭവങ്ങളുടെ സൂക്ഷിപ്പുകാരാണെങ്കിലും ഭൂമി സംരക്ഷിക്കുന്നത് കൂടുതലും സഹോദരങ്ങളെയോ അമ്മാവന്മാരെയോ ആശ്രയിച്ചാണ് . ഒരു അയൽക്കാരി അവരുടെ സ്ഥലം മുഴുവൻ വിറ്റിട്ട് ഒരു ചെറിയ വീട്ടിൽ താമസിക്കുന്നു. കാരണം എനിക്ക് വ്യക്തമല്ല. നിറയെ കുട്ടികളും ഭർത്താവിന് പ്രത്യേകിച്ച് വരുമാനവുമില്ലാതെയിരിക്കുന്ന സാഹചര്യത്തിൽ കുടുംബത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള സമ്മർദവും പ്രശ്നങ്ങളുമൊക്കെ ഒരു കാരണമാവാം .

### മേഘാലയയിലെ മാതൃദായക്രമത്തിന്റെ ഭാവി

മേഘാലയയിൽ ഭാവിയിലും മാതൃദായക്രമം തുടരണമെന്ന് ഞാൻ കരുതുന്നു. ഈ സമ്പ്രദായത്തിൽ പ്രജനനം കുറവാണ്. അതുപോലെ വം



ശങ്ങളെ ഒരുമിച്ചു കൊണ്ടു വന്നത് ഇതാണ്. അനാഥർ, അവിവാഹിതരായ അമ്മമാർ, ഉപേക്ഷിക്കപ്പെട്ട കുട്ടികൾ എന്നിവരെയും കുലങ്ങൾ പിന്തുണയ്ക്കുന്നു. എന്നിരുന്നാലും ഇപ്പോൾ അണുകുടുംബങ്ങളാണധികം. കുലത്തിന് പിന്തുണ കുറഞ്ഞുവരുന്നു. ഞാൻ വിശ്വസിക്കുന്നത് പഴയതിനെ വീണ്ടെടുക്കാൻ കഴിയുമെന്നും കുലത്തിലെ സംവിധാനങ്ങളെ ശക്തിപ്പെടുത്താൻ കഴിയുമെന്നുമാണ്. ആഗോള സാഹചര്യങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഞങ്ങൾക്കും മാറ്റമുണ്ടായി. ഇപ്പോൾ ഞങ്ങളും തിരക്കിലാണ്. പണ്ട് മുതിർന്നവരെ കാണുന്നതിനും സംസാരിക്കുന്നതിനു മൊക്കെ സമയം കണ്ടെത്തിയിരുന്നു. ഇന്ന് അതൊക്കെ മാറി. സ്വയംഭരണ സ്ഥാപനങ്ങളിൽ ചിലത് മാതൃദായക്രമം മാറണമെന്ന് ആഗ്രഹിക്കുന്നു. മേഘാലയ മാതൃപരമാണ് .പക്ഷേ പിതൃപരമാണ് പലപ്പോഴും അതിന്റെ സ്വഭാവം.കുടുംബത്തിൽ ഇപ്പോഴും ഗൃഹനാഥനാണ് സ്ഥാനം. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും കൂടുതലാണ്. പുരുഷന്മാരും അക്രമങ്ങൾക്ക് ഇരയാകുന്നുണ്ട്. അതിനെ കുറിച്ച് പഠനങ്ങൾ നടക്കാത്തതിനാൽ എനിക്കും കൂടുതൽ അറിവില്ല. മ

ദ്യപാനം ഭരണകൂടം അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നമാണ്. പുരുഷനെ അടിച്ചമർത്തുന്നത് കൊണ്ടായിരിക്കാം ഒരുപക്ഷേ ഇങ്ങനെ സംഭവിക്കുന്നത്. ആ വഴിക്കും കാര്യമായ ഗവേഷണങ്ങളൊന്നും നടന്നിട്ടില്ല. പുരുഷന്മാർ അവരുടെ വീട്ടിലുള്ള ജോലി ആരുമായും പങ്കു വയ്ക്കാറില്ല. പുരുഷൻ ഖത്തുൻവിന്റെ വീടുമായി പൊരുത്തപ്പെടണം. ആക്രമങ്ങൾ നേരിടേണ്ടിവന്നേക്കാം. പുരുഷൻ കരയാറില്ല എന്ന ആഗോള സത്യത്തെ അംഗീകരിക്കുന്നതിനാൽ അവർ ആരുമായും ഇത്തരം പ്രശ്നങ്ങൾ പങ്കുവയ്ക്കാറില്ല. ഞങ്ങൾക്ക് സ്വത്തുണ്ടെങ്കിലും പുരുഷാധിപത്യം അനുഭവിക്കുന്നുണ്ട്. പുരുഷനാണ് മിക്ക കുടുംബങ്ങളും നിയന്ത്രിക്കുന്നത്.

* ഖാസി, ഗാരോ കുന്നുകളിൽ നിന്നുള്ള ബിരുദാനന്തരബിരുദ വിദ്യാർത്ഥികളുമായി നടത്തിയ അഭിമുഖം. 10 വിദ്യാർത്ഥികളിൽ നാലുപേർ മാത്രമാണ് പങ്കെടുത്തത്.



*ഈ കാലഘട്ടത്തിൽ മാതൃദായക്രമത്തിന്റെ സ്വാധീനതയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്ത് ?*

മാതാപിതാക്കളുടെ സ്വത്തിന്റെ പകുതിയിലധികവും ഇളയവൾക്ക് നൽകുന്നു. കുറച്ച് മാത്രമേ ബാക്കി പെൺകുട്ടികൾക്ക് നൽകുന്നുള്ളൂ. ആധുനികവൽക്കരണത്തിന്റെയും നഗരവല്ക്കരണത്തിന്റെയും സ്വാധീനം നിമിത്തം മാതാപിതാക്കൾ ഇന്ന് എല്ലാ പെൺകുട്ടികൾക്കും ഒരുപോലെ സ്വത്തുക്കൾ നൽകുന്നുണ്ട്.അതുകൊണ്ടുതന്നെ പ്രായമായ മാതാപിതാക്കളെ നോക്കാൻ പലപ്പോഴും ആളില്ലാതെ വരുന്നു, അവർ അവഗണിക്കപ്പെടുന്നു. പണ്ടൊക്കെ ഇളയവളെ കല്യാണം കഴിക്കുന്നത് അനുഗ്രഹമായി കരുതിയിരുന്നു എന്നാലിന്ന് അധികഭാരമായി കരുതുന്നു. ഏക രക്ഷകർത്ത്യത്വ നിരക്ക് വർദ്ധിക്കുന്നു. കാരണം മറ്റ് വിവാഹേതര ബന്ധങ്ങൾക്ക് വിലക്കില്ല. പുരുഷന് എപ്പോൾ വേണമെങ്കിലും കുടുംബത്തെ ഉപേക്ഷിച്ചു പോകാൻ സാധിക്കും, ആരും പരാതിപ്പെടുകയുമില്ല. മുതിർന്നവരിൽ നിന്നുള്ള അധിക്ഷേപങ്ങൾ പുരുഷനും ഏൽക്കേണ്ടി വരുന്നു. സ്വത്തുക്കളിൽ യാതൊരു അവകാശവും അവർക്കില്ല. പ്രായമായി കഴിഞ്ഞാലും അവനെ നോക്കാൻ ആളില്ലാത്ത സാഹചര്യവുമുണ്ട്.

*നിങ്ങളെപ്പോലെയുള്ള പുതുതലമുറയെ ഈ സമ്പ്രദായം ശാക്തീകരിക്കാൻ ഇടയാക്കിയിട്ടുണ്ടോ ?*

ഉണ്ട്. എല്ലാ പെൺകുട്ടികൾക്കും ആൺകുട്ടികളെ പോലെ തന്നെ വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്നു. സ്വന്തം പങ്കാളിയെ സ്വയം തിരഞ്ഞെടുക്കാനുള്ള അവകാശവുമുണ്ട്. തീരുമാനമെടുക്കുന്നതിൽ അമ്മയും അമ്മൂമ്മയും വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. ജീവിക്കുന്നതിനുള്ള സുരക്ഷിതത്വം മാതൃദായക്രമം ഉറപ്പാക്കുന്നുണ്ട്. വീട് പണിയുന്നതിനും മറ്റുമൊക്കെ കുടുംബത്തിൽ നിന്ന് സഹായം ലഭിക്കും. ഭർത്താവിന് സ്വത്തിന്മേൽ യാതൊരു അവകാശവുമില്ല. സ്ത്രീക്ക് സ്വതന്ത്ര ജീവിതം നയിക്കുന്നതിനുള്ള എല്ലാ അവകാശങ്ങളുമുണ്ട്. പലരും വിവാഹം കഴിക്കാതിരിക്കാൻ ഇഷ്ടപ്പെടുന്നു. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി അവർ പൂർണ സുരക്ഷ അനുഭവിക്കുന്നു മിക്ക ചെറുകിട ബിസിനസുകളും നിയന്ത്രിക്കുന്നത് സ്ത്രീകളാണ്.

*മാതൃദായക്രമം കൂടുതൽ ഫലപ്രദവും സുസ്ഥിരവും ആണെന്ന് ഉറപ്പു വരുത്തുവാൻ ഭാവിയിൽ നിങ്ങൾ ഏതു തരം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു ?*

പുരുഷന്റെ സഹായമില്ലാതെ സ്ത്രീക്ക് എല്ലാം സ്വതന്ത്രമായി ചെയ്യാമെന്ന നില വന്നപ്പോൾ ഏക രക്ഷാകർതൃത്വം എണ്ണത്തിൽ കൂടി. സ്ത്രീ ഗർഭിണിയായാൽ ഒരിക്കലും അവളുടെ കാമുകനെയോ ഭർത്താവിനെയോ പഴിച്ചിരുന്നില്ല. കുട്ടികളെ ഉപേക്ഷിച്ചു പോകാൻ പുരുഷന്മാർക്കും നാണക്കേട് തോന്നാറില്ല.കാരണം അവർ വിശ്വസിക്കുന്നത് അമ്മയുടെ മാത്രം ഉത്തരവാദിത്തമാണ് കുട്ടികളെ വളർത്തുക എന്നത്.യഥാർത്ഥത്തിൽ അങ്ങനെയല്ല വേണ്ടത് കുട്ടികൾക്ക് രണ്ടുപേരും ആവശ്യമാണ്. മേഘാലയിലെ പലസ്ഥലങ്ങളിലും ആചാരവിശ്വാസങ്ങളും ജീവിതരീതികളും വ്യത്യസ്തമാണ്.

*ഗാരോ സമൂഹം: ഈ മെയിലിലൂടെയും വാട്സ്ആപ്പ് വഴിയും നോർത്ത് ഈസ്റ്റ് ഹിൽ ടൂറാ സർവകലാശാല ക്യാമ്പസിലെ ഗവേഷക വിദ്യാർത്ഥികളുമായി നടത്തിയ അഭിമുഖം . ഖാസി അല്ലെങ്കിൽ ജയന്തിയ പോലെതന്നെ മാതൃസമൂഹമാണ് ഗാരോ കളുടേതും. ഗോത്രസംരക്ഷണത്തിനായി അഹോം രാജവംശകാലത്ത് പൂർവികർ മാതൃദായക്രമം സ്വീകരിച്ചതായി പറയപ്പെടുന്നു. മാതാപിതാക്കളുടെ സ്വത്തിന്റെ അവകാശം

ഇളയ മകൾക്കാണ്. പക്ഷേ ആധുനിക കാലഘട്ടത്തിൽ തങ്ങൾക്ക് പ്രിയപ്പെട്ട മകൾക്കാണ് സ്വത്ത് നൽകാറ്. ചില കുടുംബങ്ങളിൽ മകനും നൽകി വരുന്നു. സ്ത്രീകൾക്കാണ് നോക്മാസഭയുടെ പദവി ലഭിക്കുന്നത്. പക്ഷേ പുരുഷന്മാരായിരിക്കും നോക്മയുടെ പദവി വഹിക്കുന്നത്.

യോഗങ്ങളിൽ സംസാരിക്കാൻ സ്ത്രീകൾക്ക് അവകാശമില്ല. അങ്ങനെ സംസാരിക്കുന്ന സ്ത്രീകളെ പരുഷ വാക്കുകൾകൊണ്ട് പുരുഷൻ അപമാനിക്കുന്നു. വിദ്യാഭ്യാസം നേടിയ സ്ത്രീകൾ കുടുംബ ത്തിൽ തീരുമാനങ്ങൾ എടുക്കാറുണ്ട്. കുടുംബത്തിൽ സ്ത്രീയുടെ ഭർത്താവ് മരിച്ചാൽ അവൾ നിസ്സഹായയാവുന്നു. നോക്മ4 പദവികൊണ്ട് അവൾക്ക് വലിയ കാര്യമൊന്നുമില്ല. അവൾ ഉടൻതന്നെ വംശസംരക്ഷകനായി മകൾക്ക് നല്ലൊരു മരുമകനെ കണ്ടെത്തുന്നു. എന്റെ അഭിപ്രായത്തിൽ തലമുറതലമുറയായി വംശ സ്വത്തുക്കൾ സംരക്ഷിക്കുന്ന ഒരു സമ്പ്രദായമാണ് മാതൃദായക്രമം. ഇവിടെ പ്രധാന പങ്കുവഹിക്കുന്നത് ഭർത്താവ് തന്നെയാണ്. ചിലയിടങ്ങളിൽ മാതൃദായസമ്പ്രദായം ഫലപ്രദമാണ്. കാരണം പെൺകുട്ടികൾക്ക് അവരുടെ ഇടം ഒരിക്കലും ഉപേക്ഷിക്കേണ്ടതായി വരുന്നില്ല. മറ്റൊരു കാരണം പെൺകുട്ടിക്ക് അവരുടെ മാതാപിതാക്കളെ നന്നായി നോക്കാൻ സാധിക്കുന്നു. സ്ത്രീയുടെ വാക്കിന് മാതൃസമൂഹങ്ങളിൽ വിലയില്ലെങ്കിൽ അതിനെ അങ്ങനെ വിളിക്കുന്നതിൽ അർത്ഥമൊന്നുമില്ല. ഈ സാഹചര്യങ്ങളൊക്കെ ഓരോ കുടുംബങ്ങളെ ആശ്രയിച്ചിരിക്കും. സ്ത്രീക്ക് വ്യത്യസ്ത വേഷങ്ങൾ അഭിനയിക്കാൻ കഴിയുമെന്നത് പലർക്കും അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്, അതിന് സമയമെടുക്കും. മറ്റൊരു പ്രതിഭാഗം പറയുന്നു, ' ഗാരോ സമൂഹം പേരിന് മാത്രമാണ് മാതൃ സമൂഹം. ഖാസി സമൂഹം പോലെയല്ല ഗാരോകൾ. ബ്രിട്ടീഷുകാർ  വരുന്നതിനു മുമ്പുവരെ പുരുഷനായിരുന്നു അധികാരി . അവനാണ് തീരുമാനങ്ങൾ എടുത്തിരുന്നത്. യുദ്ധസമയത്താണ് ഇവിടെ മാതൃദായക്രമം സ്വീകരിക്കപ്പെട്ടത്. ഗാരോ വംശം സംരക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു ഇത്. ഇപ്പോൾ പുരുഷന്മാർക്കാണ് സ്ഥാനം ' . നോക്മാ എപ്പോഴും സ്ത്രീ തന്നെയായിരിക്കും.പക്ഷേ തീരുമാനങ്ങൾ പുരുഷന്റേതും. ഭർത്താവ് മരിച്ചാൽ സ്ത്രീ നിസ്സഹായയാവുന്നു. അവരുടെ അഭിപ്രായത്തെ ആരും മുഖവിലക്കെടുക്കുകയില്ല.മകൾക്കായിരിക്കും പിന്നെ ഉത്തരവാദിത്വം .അത് നിർവഹിക്കുന്നത് മകളുടെ ഭർത്താവും . നോക്മ എന്ന നിലയിൽ നല്ല രീതിയിൽ പ്രവർത്തിച്ച ഒരു സ്ത്രീയെ എനിക്ക് അറിയാം. അവർ ഗാംസെഗ്രെയിൽ ബി.സി.ഓ ആയിരുന്നു. അവരാണ് ഗ്രാമത്തിൽ നിന്നുള്ള ആദ്യത്തെ വിദ്യാസമ്പന്ന .



*സംഹിത ബറൂഹ്: വളരെ ഉപകാരപ്രദമാണ്. വംശത്തെയും പൊതു ഭൂമിയുടെയും കാര്യത്തിൽ സ്ത്രീ ഉടമകളാണ്. ഗാരോ കുന്നുകളിൽ ജലം, ഭൂമി, വനവിഭവങ്ങൾ എന്നിവ മെച്ചമായി സംരക്ഷിക്കാൻ ഈ സമ്പ്രദായം സ്ത്രീകളെ സഹായിക്കുന്നുണ്ടോ ?*

അതെ മാഡം. അത് സംരക്ഷിതമാണ്.

*സംഹിത ബറൂഹ്: രാഷ്ട്രീയമായി ശക്തിപ്പെടാൻ മാതൃദായക്രമം സഹായകരമാണോ ? ഗാരോ സ്വയംഭരണ കൗൺസിലിന്റെ ഭാഗമാണോ സ്ത്രീകൾ ?*

കുലഭൂമി ഒരിക്കലും നശിക്കുന്നില്ല. പ്രശ്നങ്ങളെ എല്ലാവരും ഒന്നിച്ചു പരിഹരിക്കുന്നു.

സമൂഹത്തെ മനസ്സിലാക്കിക്കാൻ സമയമെടുക്കും – ഞങ്ങളുടെ മനസ്സ് ഒരിക്കലും പുരുഷമനസ്സ് പോലെയല്ല

*സംഹിത ബറൂഹ് : ഒരു ഗാരോ സ്ത്രീ തന്റെ വിഭാഗത്തിന് പുറത്തുള്ള ഒരാളെ വിവാഹം കഴിച്ചെന്നിരിക്കട്ടെ അപ്പോൾ മറ്റെ തെങ്കിലും ആദിവാസി വ്യക്തിക്ക് പാരമ്പര്യത്തിന് അവകാശം ലഭിക്കുമോ ?*

മുൻപ് അതെ എന്നായിരുന്നു. പക്ഷേ ഇപ്പോൾ നോക്മ നിയമങ്ങളുണ്ട്. നാവുകൊണ്ട് യുദ്ധം ചെയ്യാനേ സ്ത്രീക്ക് കഴിയുകയുള്ളൂ. ബുദ്ധിപരമായി അവൾക്ക് പെരുമാറാൻ കഴിയുകയില്ലെന്ന് പുരുഷന്മാർ വിശ്വസിക്കുന്നു.

*സംഹിത ബറൂഹ് :ഒരു പുരുഷൻ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ പെണ്ണായാൽ അയാളെ അംഗീകരിക്കുമോ ?*

*സ്ത്രീ അവകാശിയില്ലെങ്കിൽ മറ്റൊരാൾക്ക് പാരമ്പര്യ അവകാശം ലഭിക്കാൻ അർഹതയുണ്ടോ ?*

മിശ്രവിവാഹം ആണെങ്കിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരും. എല്ലാ നോക്മയും ഒരുപോലെയല്ല .

***ഒരു ഗാരോ സ്ത്രീയും പുരുഷനും തമ്മിലുള്ള സംഭാഷണം .**

പുരുഷനാണ് കൂടുതൽ അനുഭവിക്കുന്നത്.

: ഞങ്ങൾക്ക് ഭൗതിക സ്വത്തുക്കൾ ഇല്ലാതെ അമ്മയുടെ വീട് വിട്ടു പോകേണ്ടി വരുന്നു.

കൂടാതെ ഇളയ മകളെ ഞങ്ങൾ വിവാഹം കഴിച്ചില്ലെങ്കിൽ ആദ്യം മുതൽ ജീവിതം ആരംഭിക്കേണ്ടതായി വരുന്നു. അതുകൊണ്ട് ധാരാളം ആൺകുട്ടികളുള്ള ഒരു കുടുംബത്തിൽ ഇത് അന്യായമായ സമ്പ്രദായമാണ്. ഇത് ഒരു പുരുഷന്റെ വാക്കുകളാണ്.അയാൾക്ക് 36 വയസ്സുണ്ട് , വിവാഹിതനാണ്.



ക്രിസ്ത്യാനിയായി ആരും അംഗീകരിക്കുകയില്ല.

*സംഹിത ബറൂഹ് : ആ നിയമത്തെ എന്താണ് വിളിക്കുന്നത്?*

അതെ, ചിലപ്പോൾ മരുമകളെ ദത്തെടുക്കുന്നു. അല്ലെങ്കിൽ മകനെ നോക്കാൻ . ഏൽപ്പിക്കുന്നു. എനിക്ക് മാഡത്തെ ഓർമ്മയില്ല. ഇതിപ്പോൾ പ്രവർത്തന ഘട്ടത്തിലാണ്

*സംഹിത ബറൂഹ് : എന്താണ് നിയമം ? എന്തുകൊണ്ടാണ് എതിർപ്പുകൾ ഉണ്ടാകുന്നത് ?*

പല കുടുംബങ്ങളും മിശ്രവിവാഹത്തിന് എതിരാണ്. പക്ഷേ എന്റെ കുടുംബം മിശ്രിതമാണ്.

*സംഹിത ബറൂഹ് : ശരി*

ഒരു ഗാരോ സ്ത്രീ മറ്റൊരു വിഭാഗത്തിലെ ആളെ വിവാഹം ചെയ്താൽ അവരുടെ കുട്ടികളെ ഒരിക്കലും ഗാരോ വിഭാഗമായി പരിഗണിക്കില്ല.

*സംഹിത ബറൂഹ് : ശരി,ഞാൻ മനസ്സിലാക്കുന്നു.*

*സംഹിത ബറൂഹ് :ഗാരോ വിഭാഗത്തിൽപ്പെട്ട പുരുഷൻ മിശ്രവിവാഹം ചെയ്താൽ എന്താണ് സംഭവിക്കുന്നത് ?*

ഞാൻ വിചാരിക്കുന്നു നിയമങ്ങളില്ലായെന്ന്. നിയമങ്ങളെല്ലാം സ്ത്രീകൾക്കു മാത്രമാണ്. പുരുഷന് അവന്റെ മാതാപിതാക്കളെ ഉപേക്ഷിച്ചുപോലും പോകാം .......... നല്ല ചോദ്യം !

*സംഹിത ബറൂഹ് : എന്റെ താല്പര്യം വർധിക്കുന്നു.*

ജാതി ജനന സർട്ടിഫിക്കറ്റുകൾ എടുക്കുന്ന സമയത്ത്

ഇതിൽ പ്രത്യേകിച്ചൊരു തുല്യത ഞാൻ കാണുന്നില്ല. മാതൃദായക്രമം പലപ്പോഴും പേപ്പറുകളിൽ മാത്രമാണ്. തീരുമാനമെടുക്കുന്ന കാര്യത്തിൽ ഒരിക്കലും സ്ത്രീക്ക് തുല്യത ലഭിക്കുന്നില്ല. പല പ്രവർത്തികളിൽ നിന്നും സ്ത്രീകൾ ഒഴിവാക്കപ്പെടുന്നു. അറിവ് നേടാനുള്ള സ്വാതന്ത്ര്യം, സ്വത്തവകാശം, ജോലി ഒക്കെ ഉണ്ടെങ്കിലും എല്ലാ സമൂഹത്തിലും പരമോന്നത പദവി പുരുഷനാണ്. സ്ത്രീകൾ എപ്പോഴും രണ്ടാംതരമാണ് . ഇത് പറഞ്ഞത് 29 വയസ്സുള്ള ഒരു സ്ത്രീയാണ്.

മുകളിലെ സംഭാഷണങ്ങളിൽ നിന്നും ചർച്ചകളിൽ നിന്നും ഖാസി,ഗാരോ സൊസൈറ്റികളുടെ മാതൃദായക്രമത്തെ കുറിച്ച് മനസ്സിലാക്കാൻ സാധിക്കും. ജയന്തിയ സമൂഹങ്ങളിലെ മാതൃദായക്രമം പി.എം. പാഷ് (1Book

chapter on Gender Implications of Jaintia Customary Practices, in the book Gender Implications ofTribal Customary Law: The case of North East India, edited by Melvil Pereria et al, NESRC Publication) പറയുന്നു –ജയന്തിയ പിന്തുടരുന്നത് മാതൃദായക്രമമാണ്. കുട്ടികൾ അവരുടെ അമ്മയുടെ വംശത്തിന്റെ പേരിലറിയപ്പെടുന്നു. അവർ അമ്മയുടെ വംശത്തിലെ അംഗങ്ങളും ആ സാമൂഹിക ഗ്രൂപ്പിൽ ജീവിക്കുന്നവരുമാണ്. ഭാര്യയുടെ വീട്ടിൽ തീർത്തും അപരിചിതനെ പോലെയാണ് ഭർത്താവ്. വംശപരമായ കാര്യങ്ങളിൽ ഇടപെടാറില്ല. ഭാര്യയുടെ കുടുംബകാര്യങ്ങളിൽ നിർണായക പങ്കുവഹിക്കുന്നത് കുടുംബത്തിലെ സഹോദരനോ അ



മ്മാവനോ ഒക്കെയാണ്. മതപരമായി ജയന്തിയയിലെ പെൺമക്കൾ പലകാര്യങ്ങളും നിർവഹിക്കുന്നുണ്ട്. വംശത്തിലും കുടുംബത്തിലുമൊക്കെ ഒരു പുരോഹിതന്റെ പദവി അവർ നിർവഹിക്കുന്നു. ഇവരുടെ ആചാരമനുസരിച്ച് കുടുംബത്തിൽ ഇളയമകൾ ജയന്തിയാത്ര വംശത്തിൽപ്പെടാത്ത ഒരാളെ വിവാഹം കഴിച്ചാൽ അവൾക്ക് പാരമ്പര്യം മാത്രമല്ല മതപരമായ ബന്ധം പോലും പിറന്ന കുടുംബവുമായി പിന്നീട് ഉണ്ടാവില്ല. ചിതാഭസ്മം വരെ കുടുംബത്തിന് പുറത്തെ മരണശേഷം വയ്ക്കുകയുള്ളൂ. അതുപോലെ അവളുടെ മക്കൾക്ക് സ്വത്തിന്റെ അവകാശവും മതപരമായ ചടങ്ങുകളിൽ പങ്കെടുക്കാനുള്ള അവകാശവും നിഷേധിക്കപ്പെടുന്നു.


നിഗമനം മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കനുസൃതമായി മേഘാലയയിലെ മാതൃദായക്രമവും വൈവിധ്യമാർന്ന പരിവർത്തനങ്ങൾക്ക് വിധേയമാകുന്നു. മേഘാലയിലെ ആദിവാസി വിഭാഗങ്ങളിൽ പുരുഷനാണ് നിലവിലുള്ള ഭൗതിക വിഭവങ്ങളുടെ സംരക്ഷകനായി മാറുന്നത്. എല്ലാത്തരം സാമൂഹിക രാഷ്ട്രീയ സാംസ്കാരിക സാമ്പത്തിക ശക്തികളാലും സ്വാധീനിക്കപ്പെടുന്ന ഒരു കമ്പോള സമ്പദ് വ്യവസ്ഥയുടെ ലിംഗപരമായ ബാധ്യതകളും സമ്മർദ്ദങ്ങളും അതിജീവിക്കാൻ സ്ത്രീകൾ പാരമ്പര്യ ആചാരങ്ങളുടെ സംരക്ഷകരായി നിലകൊള്ളുന്നു. ഈ സമ്പ്രദായത്തിനു പുറത്തുള്ളവർ ഈ സംവിധാനത്തിന് ഉള്ളിൽ കണ്ടെത്താൻ പാടുപെടുന്നു.

**കുറിപ്പുകൾ**

1. ഡോർബാ ഷ്നോംഗ് –മേഘാലയൻ ഗ്രാമസഭകൾ
2. രംഗ്ബാ ഷ്നോംഗ് –ഖാസി ഗ്രാമങ്ങളിൽ പരമ്പരാഗതമായി തെരഞ്ഞെടുക്കുന്ന തലവൻ. ഇയാളുടെ കീഴിൽ ഒരു ഭരണസമിതി ഉണ്ടായിരിക്കും.
3. ഖദ്രു –കുടുംബത്തിലെ ഇളയ മകൾ ,കുടുംബത്തിന്റെ അധികാരി, പരമ്പരാഗത സ്വത്തിന്റെ സംരക്ഷക .
4. നോക്മ –വില്ലേജിന്റെ പ്രധാന അധികാരി . കാർഷികമേഖലയിൽ പ്രധാനി ൽ. നോക്മയാണ്.

ചർച്ചാവിഷയം

**മറിയം മുംതാസ്**
ഹൈദരാബാദ് കേന്ദ്ര സർവകലാശാലയിൽ നിന്നും Reforming Tradition: Transformation of Matriliny among the Muslims of Modern Lakshadweep" എന്ന വിഷയത്തിൽ എം.ഫിൽ



# മരുമക്കത്തായ വ്യവഹാരങ്ങൾ ലക്ഷദ്വീപ് സമൂഹത്തിൽ

മരുമക്കത്തായ സമൂഹങ്ങളിലെ ദായക്രമങ്ങളിലെ സ്ത്രീകളുടെ അഭിവാജ്യതയെക്കുറിച്ചു അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം തെളിയിക്കപ്പെട്ടതാണെങ്കിലും ദൈനംദിനചര്യകളിലെ അവരുടെ പങ്ക് എത്രത്തോളം സ്ത്രീകേന്ദ്രീകൃതമായിരുന്നു എന്ന വിഷയത്തിൽ കൃത്യമായ അഭിപ്രായ സമന്വയം/ അഭിപ്രായൈക്യം (Consensus) കണ്ടു വരുന്നില്ല. സ്ത്രീകളുടെ അധികാരത്തിന്റെ പരിമിതികൾ/ പരിധികൾ അളവുകോലാക്കി പുരുഷകേന്ദ്രീകൃതമായ (Patriarchal) മാതൃദായക്രമം (Matriliny) എന്നും സ്ത്രീകേന്ദ്രീകൃതമായ (Matriarchal) താവഴിക്രമം എന്നിങ്ങനെയുള്ള തരംതിരിവിനുള്ള ശ്രമങ്ങൾ കണ്ടുവരുന്നു. അതിൽ തന്നെ സ്ത്രീകളുടെ മൂപ്പുമഹിമയനുസരിച്ച് അവരുടെ ഇടയിലുള്ള അധികാരത്തിന്റെ ഏറ്റക്കുറച്ചിലുകളെക്കുറിച്ചും പഠനങ്ങൾ നടന്നു വരുന്നു. എന്നിരുന്നാലും മാതൃദായ സമ്പ്രദായം പിന്തുടർച്ചാവകാശമായി സ്വീകരിച്ചിരിക്കുന്ന സമൂഹങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങൾ ഭൂരിപക്ഷ പിതൃദായക്രമത്തിൽ നിന്നും വിഭിന്നമായി ആപേക്ഷികമായി കൂടുതലായി കാണപ്പെടുന്നു. സ്വന്തം വീട്ടിൽ നിന്നും പുറന്തള്ളപ്പെടാതിരിക്കാനുള്ള അവകാശം, വിവാഹമോചനത്തിനും പുനർവിവാഹത്തിനുമുള്ള തടസ്സമില്ലായ്മ എന്നിവ അതിലേറ്റവും മഹത്തരമായി കണക്കാക്കപ്പെടുന്നു. ആധുനികതയും നവോത്ഥാനപരമായതും മതാധിഷ്ഠിതമായതുമായ പരിഷ്കരണവാദങ്ങളും മരുമക്കത്തായ സമൂഹങ്ങളുടെ തനിമയിൽ ഇടപെടുകയും അവയുടെ സ്വാഭാവിക നിയമാവലികളെ അഹിതമായി ചിത്രീകരിക്കുകയും ചെയ്തെങ്കിലും ഒരുപാട് മാതൃദായ സമൂഹങ്ങളിൽ അവ കാലാനുസൃതമായ രൂപഭേദം കൈക്കൊണ്ടു ഇപ്പോഴും നിലനിൽക്കുന്നു. ഈ സമൂഹങ്ങളിൽ ജനനം മുതൽ മരണം വരെ സ്ത്രീകൾ മാതാവിന്റെ ഭവനത്തിൽ മാതൃകുടുംബങ്ങളോടൊത്തു ജീവിക്കുന്നു. എല്ലാ മരുമക്കത്തായ അംഗങ്ങൾക്കും തുല്യമായ അളവിൽ കൈവശം വെച്ചു ഉപയോഗിക്കാൻ അനുവാദമുള്ളതും എന്നാൽ



ആ സ്വത്തുക്കളുടെ കൈമാറ്റം സ്ത്രീകൾ വഴി മാത്രം അനന്തരാവകാശികൾക്കു ലഭിക്കുകയും ചെയ്യുന്നു. പിതാക്കന്മാരോ ഭർത്താക്കന്മാരോ ആൺ കുട്ടികളുടെ മക്കളോ ഈ കുടുംബയൂണിറ്റിൽ അംഗമല്ല. കുട്ടികൾ മാതാവിന്റെ കുടുംബങ്ങളോടൊപ്പം മാതാവിന്റെ ഗൃഹത്തിൽ വളരുന്നു. പൊതുവിൽ പിതാക്കന്മാർക്ക് കുട്ടികളുടെ വളർച്ചയിൽ വലിയ പങ്ക് ഉണ്ടാകാറില്ല. പല സമുദായങ്ങളിലും, മരുമക്കത്തായം മക്കത്തായതിനു വഴി മാറിയെങ്കിലും കേരളത്തിൽ ചില മലബാർ മുസ്ലിം സമൂഹങ്ങളിലും ലക്ഷദ്വീപിലെ മുസ്ലിംകളുടെ ഇടയിലും ഇപ്പോഴും മാറ്റങ്ങളോടെ പിൻതുടരുന്നുണ്ട്.

പെണ്ണിടങ്ങളും സ്ത്രീലൈഗികതയും ലക്ഷദ്വീപ് മരുമക്കത്തായതിൽ കേരളത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി സമുദ്രത്താൽ വലയം ചെയ്യപ്പെട്ടു കിടക്കുന്ന തുരുത്തുകളായ ലക്ഷദ്വീപിലെ മരുമക്കത്തായ സാമൂഹിക സ്ഥിതിയിൽ സ്വത്തിലുള്ള കൈമാറ്റാവകാശത്തിൽ സ്ത്രീകളുടെ പങ്ക്, സ്ത്രീധന സമ്പ്രദായത്തിന്റെ അഭാവം, വിവാഹമോചനത്തോടും പുനർവിവാഹങ്ങളോടുമുള്ള സഹിഷ്ണുത തുടങ്ങിയ ഘടകങ്ങൾ ഉപയോഗിച്ചു സ്ത്രീകളുടെ പ്രാമുഖ്യം അടയാളപ്പെടുത്തുന്നു. പൊതുവെ പുരുഷകേന്ദ്രീകൃതമായി കണക്കാക്കപ്പെട്ടു വരുന്ന മുസ്ലിം വാർപ്പുമാതൃകകളിൽ നിന്നും വ്യത്യസ്തമായി ലക്ഷദ്വീപ് ഇസ്ലാമിക സമൂഹം മാതൃദായക്രയം പിന്തുടർച്ചാവകാശമായി സ്വീകരിച്ചിരിക്കുന്നു. മരുമക്കത്തായ, ഇസ്ലാമിക വ്യവഹാരങ്ങളുടെ ഉചിതമായ സമന്വയം ദ്വീപ് നിവാസികൾ പിന്തുടരുന്നതായി ഗവേഷകർ അഭിപ്രായപ്പെടുന്നു. തലമുറകളായി ഒരു സ്ത്രീയിൽ നിന്നും വംശപരമ്പര അവകാശപ്പെടുന്ന സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന ഒരു ഒരു കൂട്ടം വ്യക്തികളെ ദ്വീപ് സമൂഹത്തിൽ തറവാട് എന്ന് വിളിക്കുന്നു. അതിൽ അമ്മമാർ, സഹോദരീ സഹോദരന്മാർ, സഹോദരികളുടെ മക്കൾ, എന്നിവരടങ്ങുന്ന കുടുംബാംഗങ്ങൾ ഒരുമിച്ച് അവർക്കുള്ള പൊതു സ്വത്തിൽ നിന്നും ആദായം എടുക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. ഈ പൊതുസ്വത്തുക്കൾ സ്ത്രീകൾ വഴി അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. തറവാട്ടിലെ പുരുഷന്മാർക്ക് ഈ സ്വത്ത് കൈകാര്യം ചെയ്യാനും അനുഭവിക്കാനുമുള്ള അവകാശം സ്ത്രീകളുടേതിന് തുല്യമാണ്. പക്ഷേ പുരുഷന്മാരുടെ കുട്ടികൾ തറവാട്ടിൽ അംഗമല്ലാത്തതിനാൽ അത് കൈമാറ്റം ചെയ്യാനുള്ള വ്യവസ്ഥ മരുമക്കത്തായത്തിലില്ല. തെങ്ങുകൾ, ചെറിയ കടമുറികൾ എന്നിവയെ ആയിരുന്നു പൊതുവെ സ്വത്തുവകകൾ എന്നത് കൊണ്ട് അർത്ഥമാക്കിയിരുന്നത്. ഭൂനിലം സ്വത്തുക്കളുടെ കൂട്ടത്തിൽ പെടുത്തിയിരുന്നില്ല.



മിനിക്കോയ് ദ്വീപിൽ ഭൂരിഭാഗം കുടുംബങ്ങളിൽ നിന്നും കുറഞ്ഞത് ഒരാളെങ്കിലും വിദേ

ശ കപ്പലുകളിലോ ഇന്ത്യൻ കപ്പലുകളിലോ സീമാൻ (ലെമാമി) ആയി ജോലി നോക്കുന്നു. ഇത് മിനിക്കോയ് ദ്വീപുകളിലെ സ്ത്രീകളുടെ ഓട്ടോണോമി വർധിക്കുന്നതിന് കാരണമായിട്ടുണ്ടാകും. പൊതുവിൽ മറ്റു ദ്വീപുനിവാസികൾ മിനിക്കോയ് ദ്വീപുകളിലെ സ്ത്രീകളുടെ സ്വാതന്ത്രത്തെ നിന്ദാപൂർവ്വം വീക്ഷിക്കുന്ന സ്ഥിതിവിശേഷം കണ്ടുവരുന്നു. ലക്ഷദ്വീപിൽ സ്വത്തുക്കൾ പൊതുവിൽ തറവാട് സ്വത്തെന്നും വ്യക്തിഗത സ്വത്തെന്നും രണ്ടായി തരം തിരിച്ചിട്ടുണ്ട്. തറവാട് സ്വത്തുക്കളിലെ അവകാശം തറവാട് അംഗങ്ങൾക്ക് മാത്രമായിരിക്കും.കുറച്ചു കാലം മുൻപ് വരെ ഈ കൂട്ടായ സ്വത്തുക്കൾ അവിഭാജിതമായിരുന്നു എന്നും ആധുനിക നീതിന്യായവ്യവസ്ഥകളുടെ കടന്നുവരവോടെയാണ് തറവാട് സ്വത്തുവിഭജനം ദ്വീപുനിവാസികളുടെ ഇടയിൽ സർവ്വസാധാരണമായതെന്നും വിജയകുമാറിന്റെ പഠനത്തിൽ സമർത്ഥിക്കുന്നു. പക്ഷേ ചില കാരണവന്മാർ തറവാട് സ്വത്തുക്കൾ തന്നിഷ്ടപ്രകാരം ഭാര്യയുടെയും മക്കളുടെയും പേരിൽ എഴുതാൻ തുടങ്ങിയതോടെ തറവാട്ടിലെ മറ്റു അംഗങ്ങൾ പ്രത്യേകിച്ച് പുതുതലമുറ അതിനെ ചോദ്യം ചെയ്യാൻ തുടങ്ങി.



ഇത് വർഷങ്ങൾ നീളുന്ന നിയമയുദ്ധങ്ങളിലെക് അവരെ നയിച്ചു.തറവാട്ടിലെ സ്വത്തുവകകൾ ഒരു അംഗത്തിന്റെ പേരിലായി എഴുതികൊടുക്കുക്കുന്നതിനായി തറവാട്ടിലെ സ്ത്രീകളുൾപ്പെടെയുള്ള എല്ലാ മരണാവകാശികളുടെയും (reversionaries) സമ്മതപത്രം (deed of consent) വാങ്ങേണ്ടതുണ്ട് എന്ന് പറയപ്പെടുന്നുവെങ്കിലും ഇത് എല്ലായ്പ്പോഴും പാലിക്കപ്പെടാറില്ല. എന്നാൽ വ്യക്തിഗത സ്വത്തുക്കൾ ഇസ്ലാമിക നിയമപ്രകാരമോ അവരവരുടെ താല്പര്യപ്രകാരമോ വിഭജിക്കാവുന്നതാണ്. ധാരാളം ആണുങ്ങൾ അവരുടെ വ്യക്തിഗത സ്വത്തുക്കൾ ഭാര്യയുടെ തറവാട് സ്വത്തിൽ ലയിപ്പിച്ചതിനു രേഖകളുണ്ട്. സ്ത്രീകളുടെ സ്പേസ് മനസിലാക്കുന്നതിനായി സ്ത്രീകളാൽ അടയാളപ്പെടുത്തപ്പെട്ട സാമൂഹിക ഘടനയെക്കുറിച്ച് പ്രതിപാദിക്കേണ്ടതുണ്ട്. മായോട എന്നത് മായിയുടെ / അമ്മായിയമ്മയുടെ അവിടെ എന്നത് ലോപിച്ചുണ്ടായതാകണം. ഭർത്താവിന്റെ വീടിനെ ഭർത്തൃമാതാവിനോട് ചേർത്ത് അടയാളപ്പെടുത്തുന്നു. മായിയെ വിളിക്കൽ എന്നുള്ളത് കല്യാണാചാരങ്ങളുടെ ഭാഗമാണ്. മായിയെ പ്രീതിപ്പെടുത്തുക എന്നത് വളരെ മുഖ്യമായിട്ടാണ് കണക്കാക്കുന്നത്. മായോടയിലേക്ക് പലഹാരങ്ങളും മറ്റും കൊടുത്തയാക്കുക, പ്രസവവിവരങ്ങൾ അറിയിക്കുക, ഇതൊക്കെ സുപ്രധാനമായി കണക്കാക്കുന്നു.



കല്യാണച്ചടങ്ങുകളിൽ വരന്റെ വീട്ടുകാരെ, പ്രത്യേകിച്ച് വരന്റെ വീട്ടിലെ സ്ത്രീജനങ്ങൾക്ക് സവിശേഷ പരിചരണം നൽകി വരുന്നു. ഇതൊക്കെ ചെയ്തില്ലെങ്കിൽ വിവാഹബന്ധം അറ്റുപോകുന്ന സാഹചര്യം വരെ ദ്വീപിൽ കണ്ടിട്ടുണ്ട്. മുത്തിയോട എന്നത് ലക്ഷദ്വീപ് മരുമക്കത്തായത്തിലെ വേറൊരു പ്രധാനമായ ഒരു സ്ഥാപനമാണ്. ഇതിന്റെ പദാനുപദാർത്ഥം &◌39;മുത്തിയുടെ/മുത്തശ്ശിയുടെ അവിടെ &◌39; എന്നാണ്. പിതൃഗൃഹം പിതാവിന്റെ മാതാവിന്റെ പേരിൽ അവിടെ അറിയപ്പെടുന്നു. പിതാവിന്റെ അമ്മ തറവാട്ടിലെ കാരണവത്തിയാണെങ്കിൽ മുത്തശ്ശിക്ക് ആൺ മക്കളോടുള്ള വാത്സല്യം പേരമക്കൾക്കും മുത്തിയോടയിൽ സവിശേഷ പരിഗണന ലഭിക്കുന്നതിനു കാരണമാകുന്നു പലരുടെയും ആദ്യ വിവാഹങ്ങൾ വീട്ടിലെ മുതിർന്നവരുടെ താല്പര്യത്തിനനുസരിച്ചായിരുന്നു നടന്നിരുന്നതെങ്കിലും മുതിർന്നു വരുംതോറും പലർക്കും അവരുടെ ചോയ്സ് (choice) സ്ഥാപിക്കാനുള്ള അവകാശമുണ്ടായിരുന്നു. അതെ സമയം മിനിക്കോയ് ദ്വീപിൽ പ്രണയവിവാഹങ്ങൾ വളരെ സാധാരണമായിരുന്നു. നായർ മരുമക്കത്തായത്തിലെ സംബന്ധത്തെ മുൻ നിർത്തിയും മറ്റു മരുമക്കത്തായ സമൂഹങ്ങളിലെ വിവാഹ വിവാഹമോചന രീതികളിലെ അയഞ്ഞ (flexible) നിലപാടുകൾ കണക്കിലെടുത്തും സ്ത്രീകളുടെ ലൈംഗീക സ്വാതന്ത്ര്യത്തെ പുരോഗമനപരമായ അടയാളപ്പെടുത്താറുണ്ട്. തറവാടുകളിൽ മുതിർന്ന സ്ത്രീകളുടെ കാര്യത്തിൽ ഈ നിരീക്ഷണം കഴമ്പുള്ളതാണെങ്കിലും യുവതി-യുവാക്കളുടെ വിവാഹ/വിവാഹമോചന കാര്യത്തിൽ കാരണവരുടെയും കാരണവത്തിയുടെയും തീരുമാനങ്ങൾ അവസാനവാക്കായി കണക്കാക്കുന്നു. കുടുംബങ്ങൾ തമ്മിലുള്ള അഭിമാനസങ്കർഷങ്ങളും നീരസങ്ങളും വലിയൊരളവു വരെ വിവാഹമോചനത്തിൽ കലാശിച്ചിരുന്നു. അത് കൂടാതെ വിവാഹേതര ബന്ധങ്ങളും ആണുങ്ങളുടെ പുനർവിവാഹങ്ങളും വിവാഹമോചനങ്ങൾക്കു കാരണമായിരുന്നെങ്കിലും ഇവയൊന്നും ഒരു വിലക്കപ്പെട്ടവയായി ദ്വീപുസമൂഹം കണക്കാക്കാത്തിരുന്നത് കൊണ്ട് ഭ്രഷ്ട് , അല്ലെകിൽ ശിക്ഷണ നടപടികൾ ഉണ്ടായിരുന്നില്ല. വിവാഹചടങ്ങുകളുടെ പൂർത്തീകരണത്തോടെ ഭാര്യയുടെ ശരീരത്തിന്മേലുള്ള അവകാശവും (sexual right) ഭർത്താവായിരിക്കുന്നിടത്തോളം അവരിലുണ്ടാകുന്ന കുട്ടികളുടെ പിതൃസ്ഥാനവും പുരുഷനിൽ നിക്ഷിപ്തമാകുന്നു. അതെ സമയം പുരുഷന്മാർക്ക് സാമ്പത്തിക അവകാശമോ (Economic right) അദ്ധ്വാനമോ (labour) ഭാര്യമാരിൽ നിന്നും വിവാഹാനന്തരം ഡിമാൻഡ് ചെയ്യാൻ സാധിക്കുകയില്ലെന്ന് എ.ആർ. കുട്ടി നിരീക്ഷിക്കുന്നു. വിവാഹാനന്തരം രണ്ടു കൂട്ടരും അവരവുടെ തറവാടുകളിൽ തന്നെ കഴിയുന്നതിനാലും പരസ്പരാശ്രയത്വം രാത്രികളിൽ വിരുന്നുവരുന്നത്തിനും വിശേഷാവസരങ്ങളിലും പ്രതിവർഷം ചെലവിന് കൊടുക്കുന്നതിലും ഒതുങ്ങുന്നതിന്നാലും ര

ണ്ടു പേർക്കും പരസ്പര ഉത്തരവാദിത്വങ്ങളോ അധിക ബാധ്യതകളോ ഉണ്ടായിരുന്നില്ല. കുട്ടികൾ മാതാവിന്റെ തറവാട് ഐഡന്റിറ്റിയോട് കൂടി വളർന്നു വന്നു. പിതാക്കന്മാർക്ക് കുട്ടികളോടുള്ള ഉത്തരവതിത്തം ഭാര്യ മാരോട് എന്ന പോലെ പരിമിതമായിരുന്നു. ആൺകുട്ടികളുടെ ചേലാ കർമം, കാതുകുത്തുചടങ്ങ്, കുട്ടികളുടെ ആദ്യകല്യാണങ്ങൾ, ഇസ്ലാമി കനിയമപ്രകാരം പെൺകുട്ടികളുടെ കല്യാണങ്ങളിൽ രക്ഷാധികാരി ആ യിരിക്കുക എന്നിവയിൽ ഇവ ഒതുങ്ങുന്നു. ലക്ഷദ്വീപിൽ പിന്തുടർന്നിരു ന്ന വിവാഹസമ്പ്രദായം കേരളത്തിലെ നായർ- നമ്പൂതിരിമാർക്കിടയിൽ നിലനിന്നിരുന്ന സംബന്ധം എന്ന ആചാരത്തെക്കാളും ഒട്ടും ദൃഢമായ തല്ല എന്നാണ് കൊളോണിയലും സ്വാതന്ത്ര്യാനന്തര എഴുത്തുകളിൽ നിന്ന് വ്യക്തമാകുന്നത്. ഇസ്ലാമിൽ നിയവിധേയമായ ബഹുഭാര്യത്വം ആ ളുകൾ പൊതുവിൽ പിന്തുടരുന്നതായി കാണുന്നില്ല. വളരെയധികം കേ സുകളിൽ ഭർത്താക്കന്മാരുടെ രണ്ടാം വിവാഹം ആദ്യഭാര്യയുമായുള്ള വിവാഹമോചനത്തിന് വഴി ഒരുക്കിയിട്ടുണ്ട്.

ഇസ്ലാം മത വിശ്വാസം പിന്തുടരുന്നവരായിട്ടും ഇവിടുത്തെ സ്ത്രീ കൾക്കു വിവാഹമോചനത്തിന് മുൻകൈ എടുക്കാം എന്നുള്ളത് ആശ്ച ര്യകരമായിട്ടാണ് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. പരിവർത്തനവും ചർച്ച



കളും ആധുനിക സമൂഹത്തിന്റെ ഭാഗമാകുന്ന പ്രക്രിയ ലക്ഷദ്വീപിൽ താര തമ്യേന വൈകിയാണ് തുടങ്ങിയത്. പൂർണമായല്ലെങ്കിൽ പോലും ഇപ്പോ ഴും ലക്ഷദ്വീപ് സമൂഹം മാതൃദായക സമൂഹമെന്ന തരത്തിൽ വേറിട്ടു നിൽ ക്കുന്നു എന്നത് മരുമക്കത്തായതിന്റെ തുടർച്ചയ്ക്ക് ഒരു കാരണമായി പറ യാവുന്നതാണ്. ആധുനിക വിദ്യാഭ്യാസവും സർക്കാർ ജോലികളുടെ സാ ധ്യതകളും ഭൂസ്വത്തുക്കളുടെ മുകളിലുള്ള ആശ്രയത്തിൽ ഗണ്യമായ കുറ വ് വരുത്തുകയും വ്യത്യസ്ത തരത്തിലുള്ള വ്യക്തി ബന്ധങ്ങളിൽ വ്യതി യാനങ്ങൾക്കു കാരണമാകുകയും ചെയ്തു. 1965 -ലെ ലക്ഷദ്വീപ്, മിനിക്കോ യ്, അമിനി ഐലൻഡ് ലാൻഡ് റെവന്യൂ ആൻഡ് ടെനൻസി റെഗുലേഷൻ നൂറ്റാണ്ടുകളായുള്ള ജന്മി-കുടിയാൻ ബന്ധത്തിന് വിരാമമിടുകയും കുടിയാ ന്മാർക്ക് സ്വത്തവകാശം ഉറപ്പാക്കുകയും ചെയ്തു.

ഭൂപരിഷകരണ നിയമങ്ങൾ ഭൂസ്വത്തുക്കളുടെ അളന്നു തിട്ടപ്പെടുത്തലി നും കമ്പോളവത്കരണത്തിലേക്കും നയിച്ചു. ഭൂപരിഷ്കരണനിയമങ്ങൾ കീ ഴ്ജാതിക്കാരും കുടിയാന്മാരുമായ മേലാച്ചേരികൾക്ക് ഗുണകരമായി ഭവിക്കു കയും വ്യക്തിഗത സ്വത്തുക്കളുടെ സമ്പാദനത്തിനു വഴിയൊരുക്കുകയും മ രുമക്കത്തായതിൽ നിന്നും വിടുതൽ നേടുന്നതിനായി സഹായിക്കുകയും ചെ




യ്തെന്ന് ഇത്തമൻ 1970 കളിൽ അമിനി ദ്വീപിൽ നടത്തിയ സർവേയിൽ നിരീക്ഷിക്കുന്നു. കുടിയാന്മാരുടെ എണ്ണം വളരെ കുറവുണ്ടായിരുന്ന കൽപേനി, ആന്ത്രോത്ത് ദ്വീപുകളിൽ ഇപ്പോഴും അവിഭാജിത തറവാടുകളും സ്വത്തുക്കളും ധാരാളമായി കാണാൻ സാധിക്കും. എന്നാൽ അമിനി, കവരത്തി പോലെയുള്ള ദ്വീപുകളിൽ സ്വത്തുവിഭജനം താരതമ്യേന ത്വരിതഗതിയിലായിരുന്നു. നവോത്ഥാന ചിന്തകളിലൂടെ കടന്നു പോയിക്കൊണ്ടിരുന്ന കേരളവുമായുള്ള സമ്പർക്കത്തിലുണ്ടായ വർദ്ധനവും ദ്വീപുനിവാസികളുടെ ചിന്താഗതിയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചു.

വൻകരയിൽ നിന്നും, പ്രത്യേകിച്ചു കേരളത്തിൽ നിന്നും എത്തിയ ഉദ്യോഗസ്ഥവൃന്ദങ്ങൾ മരുമക്കത്തായ ആചാരങ്ങളെ ആക്ഷേപകരമായി ആയി വിശേഷിപ്പിക്കുന്നതും പുതിയ തലമുറ കേരളത്തിൽ പോയി ഉയർന്ന വിദ്യാഭ്യാസം കൈക്കലാക്കാൻ തുടങ്ങിയതും ദ്വീപ് ചിട്ടവട്ടങ്ങളെ പുനർവിചിന്തനം നടത്തണം എന്ന ആഗ്രഹം ദ്വീപ് നിവാസികളിൽ രൂഢമൂലമാകാൻ കാരണമായി. ലക്ഷദ്വീപിൽ ആ സമയത്തു ഇറങ്ങിയ മാഗസിനുകളിൽ കുടുംബബന്ധത്തിന്റെ പ്രാധാന്യം വിവരിക്കുന്ന ഒരുപാട് ലേഖനങ്ങൾ കാണാൻ സാധിക്കും. ദ്വീപിലെ യുവതലമുറ ഇത്തരം ജീവിതരീതികളെ പ്രകൃതമെന്ന ഭാവേന നോക്കിക്കാണാൻ തുടങ്ങുകയും വിക്ടോറിയൻ മൊറാലിറ്റിയിൽ അധിഷ്ഠിതമായ കുടുംബബന്ധങ്ങളെ കാംക്ഷിക്കുകയും ചെയ്തു. ലക്ഷദ്വീപിൽ ആ സമയത്തു ഇറങ്ങിയ മാഗസിനുകളിൽ കുടുംബബന്ധത്തിന്റെ പ്രാധാന്യം വിവരിക്കുന്ന ഒരുപാട് ലേഖനങ്ങൾ കാണാൻ സാധിക്കും. വിദ്യാസമ്പന്നരായ യുവതയുടെ &◌39;നിലവാരമൊത്ത&◌39; ആധുനിക കുടുംബമായി ജീവിക്കാനുള്ള വ്യഗ്രത ഇതിലൂടെ മനസ്സിലാക്കാം.

ലക്ഷദ്വീപിലെ പല ദ്വീപുകളിലായി പല വിധത്തിലുള്ള പ്രാദേശിക വൈവിധ്യത്തോടെ നില നിന്നിരുന്ന മരുമക്കത്തായ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ട് വരുന്നതിനായുള്ള ശ്രമങ്ങൾ 1970 കളോടെ ആരംഭിക്കുകയും ഇന്നും അതിനെക്കുറിച്ചുള്ള സംവാദങ്ങൾ തുടരുകയും ചെയ്യുന്നു. മിക്ക ചർച്ചകൾക്കും മുൻകൈ എടുത്തിരിക്കുന്നത് ദ്വീപ് അഡ്മിനിസ്ട്രേഷനാണ്. ദ്വീപുനിവാസികളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ പങ്കാളിത്തം ഇതിൽ തുലോം കുറവായി കാണാവുന്നതാണ്. ആന്തരിക മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന ലക്ഷദ്വീപ് മരുമക്കത്തായ സിസ്റ്റത്തെ ക്രോഡീകരിക്കാൻ നടത്തിയ റി

പ്പോർട്ടുകളും സംവാദങ്ങളും പരിമിതമായ സ്ത്രീ പങ്കാളിത്തത്താൽ അടയാളപ്പെടുത്താവുന്നതാണ്. 1972 ൽ സമർപ്പിച്ച ശങ്കരനാരായണൻ അയ്യർ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 72 പുരുഷന്മാരെ മാത്രം ഇന്റർവ്യൂ ചെയ്യുകയും അതിനു ശേഷം 1984 ൽ ഈ കമ്മിറ്റ റിപ്പോർട്ട് സിറ്റിസൺ കൗണ്സിലിന്റെ മുൻപാകെ വെക്കുകയും ചെയ്തു. അതിൽ പങ്കെടുത്ത ഒരേ ഒരു സ്ത്രീയുടെ അഭിപ്രയം വേറൊരുമെമ്പർ ഇപ്രകാരം രേഖപ്പെടുത്തുന്നു.

"ആണുങ്ങൾ ആകാശത്തിലെ പറവകളെ പോലെയാണ്. അവർ പോയാലും സ്ത്രീകളെ ജീവിക്കാൻ പ്രാപ്തരാക്കുന്ന സമ്പ്രദായമാണ് മരുമക്കത്തായം. അത് നില നിൽക്കുക തന്നെ വേണം";. മരുമക്കത്തായനിയമങ്ങളുടെ ക്രോഡീകരണത്തിന്റെ ആവശ്യകതയെകുറിച്ച 2003 ൽ കവരത്തിയിൽ വെച്ച് നടന്ന സെമിനാറിൽ വൻകരയിൽ നിന്നും ദ്വീപിൽ നിന്നുമായി പങ്കെടുത്ത അംഗങ്ങളിൽ ഒരു സ്ത്രീ പോലും ഉണ്ടായിരുന്നില്ല. മരുമക്കത്തായം ക്രോഡീകരിക്കുന്നതിന്റെ ഭാഗമായി നടന്ന സംവാദങ്ങളിൽ അതിന്റെ ഏറ്റവും വലിയ വിശേഷവകാശംഅനുഭവിക്കുന്ന സ്ത്രീകൾ എങ്ങനെ തഴയപ്പെട്ടു എന്നതിൽ നിന്നും മരുമക്കത്തായതിന്റെയും ആധുനികതയുടെയും പോരായ്മകൾ കൂടി മനസിലാക്കാൻ സാധിക്കാവുന്നതാണ്.



താവഴിപ്രകാരമുള്ള സ്വത്തുവിഭജനത്തിനു മാറ്റങ്ങളൊന്നും സംഭവിച്ചില്ലെങ്കിലും അണുകുടുംബങ്ങളായി പിരിഞ്ഞു പോകാനുള്ള പ്രവണത സജീവമായിത്തുടങ്ങി. ഈ അണുകുടുംബങ്ങളിൽ അധികാരം ഭർത്താവിൽ അല്ലെങ്കിൽ പിതാവിൽ കേന്ദ്രീകരിക്കുന്ന വിധത്തിൽ രൂപമാറ്റങ്ങൾ സംഭവിച്ചു. സ്വത്തുക്കൾ സ്ത്രീകളുടെ പേരിലാണെങ്കിലും അവരുടെ നിയന്ത്രണം പുരുഷന്മാരിൽ കൂടുതലായി കേന്ദ്രീകരിക്കപ്പെട്ടു. വിദ്യാഭ്യാസപരമായും തൊഴിൽപരമായും സ്ത്രീകൾ പരുഷന്മാർക്കൊപ്പമോ അവരേക്കാളേറെയോ മുന്നേറിയെങ്കിലും പൊതുരംഗങ്ങളിലെ പ്രാതിനിധ്യം അതിനനുസരിച്ച വളർന്നുവന്നതായി കാണാൻ കഴിയുന്നില്ല. ജോലി ചെയ്യുന്ന സ്ത്രീകളിൽ പോലും ആശ്രിതത്വ മനോഭാവം കൂടി വരുന്നതായി കാണുന്നു. കാരണവർ-കാരണവത്തി സിസ്റ്റത്തിന്റെ അഭാവവും തറവാട് വിഭജനങ്ങളും മരുമക്കത്താ

യ സമ്പ്രദായത്തിൽ സ്ത്രീകളുടെ ജീവിതത്തിൽ ഉള്ളതായി കണക്കാക്കപ്പെടുന്ന സ്വാതന്ത്ര്യത്തെ ബാധിച്ചതായി പറയുവാൻ സാധിക്കും. അണുകുടുംബ ജീവിതത്തിലെ ചിട്ടവട്ടങ്ങൾ ആണോ അതോ തറവാട് സിസ്റ്റത്തിലെ ജീവിതമാണോ കൂടുതൽ നല്ലത് എന്ന ചോദ്യത്തിന് പുതിയ തലമുറ ഉൾപ്പെടെയുള്ള മിക്കവാറും സ്ത്രീകൾ പഴയ പോലെയായിരുന്നു നല്ലത് എന്ന ഉത്തരമാണ് നൽകിയത്.

ഭൂരിപക്ഷം വരുന്ന ആണുങ്ങളും നിലവിൽ നടപ്പിലുള്ള സ്വത്തു വിഭജന സമ്പ്രദായത്തെയാണ് പിന്തുണച്ചതെന്ന് കാണാൻ സാധിക്കും. ഇസ്ലാമിക നിയമാവലികളുടെ ആശ്ലേഷണത്തെക്കാളും ആളുകൾ മുൻഗണന കൊടുത്തത് താവഴി പ്രകാരമുള്ള സ്വത്തു കൈമാറ്റത്തിനാണ്. എന്നാൽ തന്നെയും ദൈനംദിനേനയുള്ള ആളുകളുടെ വ്യവഹാരങ്ങളിൽ നിന്നും പ്രായോഗികതയ്ക്കാണ് മുൻതൂക്കം എന്ന് മനസിലാക്കാം. മരുമക്കത്തായ സമ്പ്രദായത്തെ പിന്തുണയ്ക്കുന്ന പലരും മുൻപേ തന്നെ അവരുടെ തറവാടുകളിൽ നിന്നും ഓഹരി വാങ്ങി പിരിഞ്ഞു പോയവരാണെന്ന് കാണാം. അത് കൂടാതെ ഭാര്യവീട്ടിൽ ആണ് കൂടുതൽ സ്വത്തുവകകൾ ഉള്ളതെങ്കിലും ആളുകൾ പൊതുവിൽ മരുമക്കത്തായതിനു വേണ്ടി വാദിക്കുന്നു. കാരണം ഇപ്പോഴത്തെ മാറിയ പരിതസ്ഥിതിയിൽ ഭാര്യയുടെ വീട്ടിലെ സ്വത്തിലെ അവകാശവും സ്വന്തം തറവാട്ടിലെ സ്വത്തുക്കളുടെ കൈവശാവകാശവും ഭർത്താവിൽ നിക്ഷിപ്തമായിരിക്കും. ഇതിന്റെയെല്ലാം അന്തിമമായ പ്രയോജനം ഈ അണുകുടുംബത്തിലുള്ള കുട്ടികൾക്കു ആയിരിക്കും.



വിവാഹബന്ധങ്ങളിൽ കാലക്രമേണ ഉടലെടുത്ത ദൃഢത തറവാട്ടിലെ അംഗങ്ങളുടെ കുടുംബബന്ധത്തിനു ബദലായി മാറി. ഇപ്പോഴുള്ള മാറി മറിഞ്ഞ വ്യവസ്ഥിതിയിൽ കുടുംബബന്ധങ്ങളുടെ രക്ഷാകർതത്വം തറവാടിതര അംഗങ്ങളിൽ നിക്ഷിപ്തമാകുന്ന പ്രവണത കണ്ടുവരുന്നു. കാരണവർ- കാരണവത്തി ദ്വന്ദങ്ങളിൽ നിന്നും ഭർത്താവ്/ ഭാര്യ യിൽ ശിഥിലമായ തറവാട് അധികാരം കേന്ദ്രീകരിക്കുന്ന കാഴ്ചയാണ് കാണുന്നത്. അണുകുടുംബങ്ങളുടെ ആധിക്യത്തോടെ കുടുംബാധിപത്യം മരുമക്കത്തായ ബന്ധത്തിലെ അംഗമല്ലാത്ത ഭർത്താവിൽ ഏകീഭവിക്കുന്നു. തൽഫലമായി ഫലത്തിൽ മരുമക്കത്തായ വ്യവസ്ഥിതി ആണെങ്കിലും അതിന്റെ രക്ഷാകർതത്വം പുരുഷനായ

തറവാടിൽ അംഗമല്ലാത്ത ഒരാളിൽ കേന്ദ്രീകരിക്കപ്പെടുന്നു. സ്ത്രീകളുടെ പദവിയും സുരക്ഷിതത്ത്വവും അത് വഴി വിട്ടുവീഴ്ച ചെയ്യുന്നതിനും മരുമക്കത്തായ സമ്പ്രദായത്തിലെ സ്ത്രീകൾ മാത്രം അനുഭവിക്കുന്ന വിശേശാവകാശങ്ങളിൽ സ്വാഭാവിക മാറ്റങ്ങൾക്കു കാരണമാകുകയും ചെയ്യുന്നു.

ഇസ്ലാമിക കുടുംബ സങ്കല്പങ്ങളും ചെറുതായെങ്കിലും സ്ത്രീകളുടെ ജീവിതശൈലികളിൽ വരുന്ന മാറ്റങ്ങളെ സ്വാധിനിച്ചിട്ടുണ്ട്. തറവാട് സ്വത്തു വിഭജനങ്ങൾ തുടർക്കഥയായെങ്കിലും പൂർണാർത്ഥത്തിൽ മരുമക്കത്തായതിൽ നിന്ന് മക്കത്തായത്തിലേക്കുള്ള ഒരു പരിവർത്തനം ഭൂരിപക്ഷ സ്ത്രീപുരുഷന്മാർക്കു പഥ്യമല്ല എന്നാണു പഠനങ്ങളിൽ നിന്ന് മനസിലാക്കുവാൻ സാധിക്കുന്നത്. മരുമക്കത്തായ നിയമങ്ങളുടെ ക്രോഡീകരണത്തിനു വേണ്ടി ലക്ഷദ്വീപിൽ സംഘടിപ്പിക്കപ്പെട്ട പല ചർച്ചായോഗങ്ങളും വളരെ ചെറിയ ഒരു ഗ്രൂപ്പിന്റെ ഇടയിൽ മാത്രം ഒതുങ്ങി നിന്നു. ഭൂരിപക്ഷം വരുന്ന ദ്വീപ് നിവാസികളും ഇത്തരം ചർച്ചകളിൽ അവഗണിക്കപ്പെടുകയാണുണ്ടായത്.

മാതൃദായ സമ്പ്രദായത്തിലെ സ്ത്രീകളുടെ സ്വാതന്ത്ര്യവുമായി ബന്ധപ്പെടുത്തി നടക്കുന്ന വ്യവഹാരങ്ങൾ അവയുടെ സ്ത്രീശാക്തീകരണ പ്രവണതകളും, സ്ത്രീ രക്ഷാകർതൃത്വം വ്യാജനിർമ്മിതമാണ് എന്ന വാദങ്ങളും ഒരു പോലെ പ്രതിപാദി



ക്കുന്നു. പുരുഷകേന്ദ്രീകൃത/ മേധാവിത്ത വ്യവസ്ഥിതി മാതൃദായസമ്പ്രദായത്തിൽ നടനമാടുന്ന സാഹചര്യത്തിൽ സ്ത്രീകേന്ദ്രീകൃതത എന്ന ഒരു സ്ഥിതിവിശേഷം / അവസ്ഥ എത്രത്തോളം അത്തരം സമുദായങ്ങളിൽ യഥാർത്ഥത്തിൽ പ്രായോഗികമായിരുന്നു എന്നത് അവയുടെ സുഗമമായ/അസുഗമമായ മക്കത്തായ വ്യവസ്ഥിതിയിലേക്കുള്ള പരിവർത്തനത്തിൽ നിന്ന് മനസിലാക്കാവുന്നതാണ്. അതെ സമയം ഓരോ സ്ത്രീയുടെയും കർതൃത്വംകുടുംബവ്യവസ്ഥിതിയിലെ അവരുടെ സ്റ്റാറ്റസുമായി ബന്ധപ്പെട്ടു കിടക്കുകയും ചെയ്യുന്നു.

തീർച്ചയായും മരുമക്കത്തായം ഇപ്പോഴും ലക്ഷദ്വീപിൽ മാറ്റങ്ങളോടെ നിലനിൽക്കുന്നു. ആധുനികത ദ്വീപുനിവാസികളെ “സദാചാരബോധാമുള്ള”വരാക്കിയെങ്കിലും സ്ത്രീകളുടെ വീട്ടിൽ നിൽക്കുന്നതും താവഴി പ്രകാരം സ്വത്തു കൈമാറ്റം ചെയ്യുന്നതൊന്നും മോശം കാര്യം ആയി ദ്വീപ് നിവാസികൾ കണക്കാക്കി തുടങ്ങിയിട്ടി

ല്ല. എന്നാൽ സ്ത്രീകളും പുരുഷന്മാരും വിക്ടോറിയൻ സദാചാര കാഴ്ചപ്പാടുകള്ക് മുറുകെ പിടിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുക. ഇത് തീർച്ചയായും സ്ത്രീകളുടെ ലൈഗികതയെ കടിഞ്ഞാൺ ഇടുന്നതിൽ പങ്കു വഹിച്ചിട്ടുണ്ട്. വിവാഹമോചനകൾ കുറഞ്ഞതും സ്ത്രീകളും പുരുഷന്മാരും അണുകുടുംബത്തിലേക് കാലെടുത്തുവെച്ചതും സ്ത്രീകളുടെ ചലനാത്മാകതയെ സാരമായി ബാധിച്ചിട്ടുണ്ട്.

മരുമക്കത്തായം നിലനിർത്താനായി ഭൂരിപക്ഷം ആണുങ്ങൾ പിന്തുണയ്ക്കുന്ന സാഹചര്യമാണ് ദ്വീപു സമൂഹത്തിൽ കാണാനാകുക. അതിനേക്കാളുപരി, മരുമക്കത്തായ നിയമങ്ങളെ അതിന്റെ അസ്ഥിരമായ അവസ്ഥയിൽ നിലനിർത്തുന്നതിനാണ് കാതലായ ഊന്നൽ നൽകപ്പെട്ടു വരുന്നത്. അത് വഴി മരുമക്കത്തായ നിയമങ്ങളുടെ വിവിധ വശങ്ങളെ അവരവർക്കനുസൃതമായി കൈകാര്യം ചെയ്യാൻ സാധിക്കുകയും സാമ്പത്തിക സാമൂഹിക ആനുകൂല്യങ്ങൾ കരസ്ഥമാക്കുന്നതിനായി ഉപയോഗിക്കുകയും ചെയ്തു വരുന്നു. സ്വത്തു സംബന്ധിയായ വ്യവഹാരങ്ങളുടെ ആധിക്യവും ക്രോഡീകൃതമായ നിയമങ്ങളുടെ അഭാവവും ജുഡീഷ്യറിയുടെ / കോടതിവിധികളുടെ ആശ്രയത്വത്തിലേക്ക് കേസുകളെത്തിക്കുകയും നാനാവിധമായ വിധികളുടെ ആവിർഭാവത്തിനിടയാകുകയും ചെയ്തു. തറവാട് ഒരു അവിഭാജ്യ അസ്തിത്വം ആണ് എന്ന തിരിച്ചറിവ് ജുഡീഷ്യറിയുടെ ഇടപെടലോടുകൂടി മാറിമറിഞ്ഞതായി വിജയകുമാർ നിരീക്ഷിക്കുന്നു.

അനുദിനം വർധിച്ചു വരുന്ന സ്വത്തു സംബന്ധിയായ കോടതി വ്യവഹാരങ്ങൾ ഒട്ടും തന്നെ ആശാസ്യകരമല്ലാത്തതിനാൽ നാട്ടുനടപ്പിലുള്ള നിയമാവലികളുടെ ക്രമീകരണം വളരെയധികം പ്രാധാന്യമർഹിക്കുന്നു. എന്നാൽ ഉന്നതാധികാരികളുടെ നൂലിൽ കെട്ടിയിറക്കുന്ന പ്രതിവിധികളെക്കാളും അഭികാമ്യം താഴെത്തട്ടിലുള്ള inclusive ആയിട്ടുള്ള ചർച്ചകളും സംവാദങ്ങളും ആണ്. ഇതിൽ പ്രായ-ജാതി ഭേദമന്യേയുള്ള സ്ത്രീകളുടെ പങ്കാളിത്തവും ക്രോഡീകരണത്തിൽ സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക സുരക്ഷയും ഉറപ്പു വരുത്തേണ്ടതാണ്.

**Reference**


Dube, Leela. *Matriliny and Islam: Religion and Society* in the Laccadives. Delhi: National Publishing House, 1969.

Innes, C.A. Ed. *Madras District Gazetteers, Malabar and Anjengo,* vol. 1. Madras: Government Press,1915.

Ittaman, K. P. *Amini Islanders*. New Delhi: Abhinav Publications, 1976.

Kutty, A.R. *Marriage and Kinship in an Island Society*. Delhi: National Publishing House, 1972.

Vijayakumar, V. *Traditional Futures: Law and Custom in India's Lakshadweep Islands*. New Delhi: Oxford University Press, 2006.

Mumthas, Mariyam. (2018). Reforming tradition: Transformation of matriliny among the muslims of modern Lakshadweep (Unpublished master's thesis). University of Hyderabad, Hyderabad.

പെൺപക്ഷം



# താലിബാനിസം കറകളഞ്ഞ ആൺകോയ്മയുടെ പ്രതീകം



അജിത കെ.

മുസ്ലിം ലീഗിന്റെ വിദ്യാർത്ഥി സംഘടനയായ എം. എസ്. എഫിന്റെ 'വനിതാ വിംഗ്' ആയി രൂപംകൊണ്ട 'ഹരിത' എന്ന സംഘടനയ്ക്ക് എം.എസ്.എഫ്. നേതൃത്വത്തിൽ നിന്ന് കുറച്ചു മാസങ്ങൾക്ക് മുമ്പുണ്ടായ തിക്തമായ അനുഭവങ്ങൾ ഈയിടെ ചർച്ചയായി. എം .എസ് .എഫിന്റെ ദേശീയ സംഘടനയുടെ അംഗമായ ഫാത്തിമ തഹ്‌ലിയ ആഗസ്റ്റ് മാസം 18ന് നടത്തിയ പത്രസമ്മേളനം ഏറെ ശ്രദ്ധേയമാണ്. ഏതാണ്ട് പത്ത് വർഷത്തോളമായി 'ഹരിത' രൂപംകൊണ്ടിട്ട്. പല കോളേജുകളിലും എം .എസ്. എഫിനേക്കാൾ 'ഹരിത'യ്ക്കാണ് കൂടുതൽ സ്വാധീനമെന്ന് അവർ പറഞ്ഞു. മാത്രമല്ല ഫാറൂഖ് കോളേജിൽ ജനറൽ സീറ്റിൽ ആദ്യമായി ഒരു പെൺകുട്ടി മത്സരിച്ചു ജയിച്ചു എന്നും ഫാത്തിമ പറയുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീ 'സംവരണം' (പങ്കാളിത്തം എന്ന് വായിക്കുക) 33% ആയപ്പോൾ തന്നെ മുസ്ലിംലീഗ് പ്രതിസന്ധിയിലായി. ലീഗിന് സ്ഥാനാർത്ഥിയെ വെക്കേണ്ടിടത്ത് സ്ത്രീ സംവരണ സീറ്റാണെങ്കിൽ ഏതെങ്കിലും നേതാക്കളുടെ ഭാര്യമാരെയാണ് നിർത്തുക. അവർ ജയിച്ച് പഞ്ചായത്ത് പ്രസിഡണ്ടായി എന്നുതന്നെ വെക്കുക. അവർ പിന്നെയും വീട്ടിൽ തന്നെ ഇരിക്കും. അവർക്ക് വേണ്ടി സംസാരിക്കുക നേതാവായ ഭർത്താവ് തന്നെയായിരിക്കും. കൊടുവള്ളി പഞ്ചായത്തിൽ അന്വേഷി യുടെ ഒരു അനുഭവം തന്നെ പറയാം. പത്തിരുപത് വർഷങ്ങൾക്കു മുമ്പാണ് . ഒരു പെൺകുട്ടിക്ക് ഉണ്ടായ പീഡനങ്ങളുടെ ഒരു പ്രശ്നത്തിൽ പെൺകുട്ടിയുടെ പരാതി പ്രകാരം സ്ഥലത്തെ ഒരു പ്രമാണിയുടെ വീട്ടിൽ അന്വേഷി പ്രവർത്തകർ പോയി സംസാരിച്ചു. അവിടുത്തെ കാരണവരുടെ മകനായിരുന്നു പ്രതി. അവസാനം പെൺകുട്ടിയുടെ രക്ഷിതാക്കളും പ്രതിയു



ടെ രക്ഷിതാക്കളും പഞ്ചായത്ത് പ്രസിഡണ്ടിന്റെയും അന്വേഷിയുടെയും ഇടപെടൽ മൂലം ഒത്തുതീർപ്പിലെത്തി. പെൺകുട്ടിക്ക് ഒരു തുക നഷ്ടപരിഹാരം കൊടുത്തു. ഞാൻ പറഞ്ഞുവരുന്നത് അതല്ല, ഒത്തുതീർപ്പ് വ്യവസ്ഥകൾ അടങ്ങിയ രേഖയ്ക്ക് സാക്ഷി ഒപ്പിടാൻ പ്രസിഡണ്ട് വേണം. യോഗത്തിൽ വച്ച് പ്രസിഡണ്ടിനോട് രേഖയിൽ ഒപ്പിടാൻ ഞങ്ങൾ ആവശ്യപ്പെട്ടു. അപ്പോഴാണ് ഒരു കാര്യം ഞങ്ങൾക്ക് മനസ്സിലായത്. പ്രസിഡണ്ട് നേതാവിന്റെ ഭാര്യയാണ്! രേഖ ഒപ്പിടുവിക്കാൻ അത് വീട്ടിൽ കൊണ്ടുപോയി അവരുടെ ഒപ്പുമായി തിരികെ വന്നു . ഈ അവസ്ഥ മാറ്റിയെടുക്കാൻ മുസ്ലിം




ലീഗ് നേതൃത്വം ശ്രമിക്കുന്നതിന്റെ ഭാഗമായാണ് 'ഹരിത' രൂപം കൊണ്ടത് എന്ന് വ്യക്തം. പക്ഷെ, അടിസ്ഥാനപരമായി സ്ത്രീയെ ലൈംഗികവസ്തു മാത്രമായി കാണുകയും അതിഭീകരമായി വീട്ടിനകത്ത് തളച്ചിടുകയും ചെയ്യുന്ന എല്ലാ മതതത്വശാസ്ത്രങ്ങളേയും പോലെ ഇസ്ലാമും ചെയ്യുന്നു. ഇസ്ലാമിലെ ഏറ്റവും പുരോഗമന വിഭാഗത്തിലെ സ്ത്രീകളെയും വീടിനകത്ത് തളച്ചിടുന്നു. അല്ലെങ്കിൽ പുരുഷാധിപത്യം സ്ത്രീകൾക്ക് കല്പിച്ചിട്ടുള്ള റോൾ ഒരണുകിട പോലും വ്യതിചലിക്കാതെ സാമൂഹ്യ മേഖലകളിൽ അവർ ശോഭിച്ചാൽ ആർക്കും പ്രശ്നമില്ല. ഒന്ന് വ്യതിചലിച്ചാൽ മത സദാചാരത്തിന്റെ മൊത്തക്കച്ചവടക്കാർ വാളെടുക്കും. തീർച്ച. മുത്തലാക്കിനേയും ബഹുഭാര്യത്വത്തേയും എതിർക്കാൻ പാടില്ല എന്ന ഒരു അലിഖിത നിയമം ഇതിന്റെയൊക്കെ അടിയിൽ ഉണ്ട്.


എം.എസ്.എഫ്. (മുസ്ലിം സ്റ്റുഡൻസ് ഫെഡറേഷൻ) എന്നാണ് പേര് .പിന്നെ എന്തിനാണ് 'ഹരിത'?ആണും പെണ്ണും സംഘടിക്കുന്നുണ്ടെങ്കിൽ തന്നെ വേറെ വേറെ വേണം . എസ്. ഐ.ഒ ഉണ്ട്. പിന്നെ എന്തിന് ജി.ഐ.ഒ? 'സ്റ്റുഡൻസ്' എന്ന പദത്തിന് വിദ്യാർത്ഥി എന്നല്ലേ അർത്ഥമുള്ളൂ. ആൺ വിദ്യാർത്ഥി എന്ന അർത്ഥമുണ്ടോ? എന്നെ ഒരിക്കൽ ഇത്തരമൊരു സംഘടന നോമ്പുതുറക്കാൻ ക്ഷണിച്ചു. ചെന്നപ്പോൾ മൊത്തം ആണുങ്ങൾ. ഒന്നോ രണ്ടോ സ്ത്രീകൾ ഉള്ളത് ചില അംഗങ്ങളുടെ ഭാര്യമാർ .ഞാൻ ചോദിച്ചു നോമ്പുതുറക്കാൻ എന്താ പെണ്ണുങ്ങൾ ഇല്ലാത്തത് എന്ന്.

പൊതുവെ എല്ലാ മതങ്ങളും പുരുഷാധിപത്യപരമാണ്, സ്ത്രീവിരുദ്ധമാണ്. ഹിന്ദുത്വവാദികളും ഇസ്ലാമിസ്റ്റുകളും ക്രിസ്തുമത അധികാരികളും തികഞ്ഞ സദാചാരവാദികളാണ്. ഇന്ന് നമ്മുടെ പൊതുസമൂഹത്തിൽ വർഗീയ ചിന്താഗതികൾക്ക് ഏറെ സ്വാധീനം ഉണ്ട് .അതാണ് ഏറ്റവും അപകടകരമായ പ്രവണത. ഇന്ത്യയിലിന്നു ഭരിക്കുന്നതാണെങ്കിൽ സവർണ്ണ ഹിന്ദുത്വ ഫാഷിസമാണ്. ജനാധിപത്യവും മതേതരത്വവും ഉയർത്തിപ്പിടിക്കുന്ന ഒരു ഭരണഘടന ഉണ്ടായിട്ടുപോലും ഇതാണ് അവസ്ഥ. അഫ്ഗാനിസ്ഥാന്റെ കാര്യം പിന്നെ പറയാനുണ്ടോ. സ്ത്രീസമൂഹത്തെ അടിമകളാക്കുകയെന്നത് താലിബാന്റെ കൃത്യമായ അജണ്ടയാണ്. മത തത്വശാസ്ത്രങ്ങൾ പൊതുവെ താലിബാനിസത്തിന്റെ വകഭേദങ്ങൾ അല്ലേ ? അതെ എന്നാണ് എന്റെ പക്ഷം.



ശ്രീബിത പി. വി.
കണ്ണൂർ സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗത്തിൽ
അസോസിയേറ്റ് പ്രൊഫസർ

# തിയ്യ, ഈഴവ മാതൃദായക്രമ വ്യവഹാരം:
## സമുദായവും പിന്തുടർച്ചാവകാശവും സ്ത്രീകളും



തിയ്യ, ഈഴവ മാതൃദായക്രമം വലിയ തോതിൽ അവഗണിക്കുന്ന കേരളത്തിലെ മാതൃദായക്രമത്തെ കുറിച്ചുള്ള പഠനങ്ങളെ ഈ ലേഖനം വിമർശനാത്മകമായി നോക്കുകയും, അനന്തരാവകാശം നിയമവിധേയമാക്കുന്നതിനെക്കുറിച്ചുള്ള വ്യവഹാരങ്ങളിൽ ഇരു സമുദായങ്ങളിലെയും പുരുഷന്മാരും സ്ത്രീകളും ഏർപ്പെട്ടിരുന്ന രീതികളും ചർച്ചചെയ്യുന്നു. കേരളത്തിൽ നിലവിലുള്ള മാതൃദായക്രമത്തെ കുറിച്ചുള്ള മിക്ക പഠനങ്ങളും നായർ മാതൃദായക്രമവുമായി ബന്ധപ്പെട്ടതാണ്. ഗൗ (1951), ഉണ്ണി (1958), പുത്തൻകാലം (1977), ജെഫറി (2004) തുടങ്ങി നിരവധി സാമൂഹിക നരവംശശാസ്ത്രജ്ഞരും സാമൂഹ്യശാസ്ത്രജ്ഞരും ഇത് empirical ആയി പഠിച്ചിട്ടുണ്ട്. പി വി ബാലകൃഷ്ണൻ (1981), രഞ്ജിനി (2000), കോടോത്ത് (2001), അരുണിമ (2003) മുതലായ ഗവേഷകർ നായർ മാതൃദായത്തെകുറിച്ചാണ് പ്രധാനമായും പഠനങ്ങൾ നടത്തിയിട്ടുള്ളത്, അവരിൽ ഭൂരിഭാഗവും മലബാറിലെ മാതൃദായക്രമത്തെകുറിച്ചാണ് കൈകാര്യം ചെയ്യുന്നത്.

മീര വേലായുധൻ (2008), അയ്യപ്പൻ (1944), ജെഫ്രി (2004) എന്നിവർ തിയ്യരും ഈഴവരും തമ്മിൽ ഉള്ള വ്യത്യാസത്തെ കുറിക്കാതെ ഈഴവർക്കിടയിലെ മാതൃദായക്രമത്തെക്കുറിച്ച് പഠിച്ചിട്ടുണ്ട്. എന്നിരുന്നാലും വിവാഹ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട് തിയ്യരും ഈഴവനും തമ്മിൽ പ്രാദേശികമായ വ്യത്യാസങ്ങളുണ്ടെന്ന് റോബിൻ ജെഫ്രി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തിയ്യ

സ്ത്രീകളുടെ പദവിയെക്കുറിച്ചു ശ്രദ്ധേയമായ പഠനങ്ങൾ ഇല്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട്, വടക്കൻ മലബാറിൽ 19 -ആം നൂറ്റാണ്ടിന്റെ അവസാനത്തിലും 20 -ആം നൂറ്റാണ്ടിന്റെ തുടക്കത്തിലും മാതൃദായക്രമത്തിലുള്ള തിയ്യ സ്ത്രീകളുടെ യഥാർത്ഥ നിലയും സമഗ്രമായ കൊളോണിയലിസവും പിതൃദായക്രമവും അതെങ്ങനെ മാറ്റിമറിച്ചു എന്നും കണ്ടെത്താൻ മഞ്ജുളയുടെ പഠനം ശ്രമിക്കുന്നു. മാതൃദായക്രമത്തിലെ സ്ത്രീകളുടെ പദവിയുടെ വിരോധാഭാസം അവർ ചൂണ്ടിക്കാണിക്കുന്നു. ഒരു വശത്ത് മാതൃദായക്രമത്തിൽ തിയ്യ സ്ത്രീകളെ ആചാരങ്ങളിലൂടെയും ആഘോഷങ്ങളിലൂടെയും ആദരിച്ചിരുന്നു, മറുവശത്ത് അവർക്ക് സ്വത്തിൽ യാതൊരു അവകാശവുമില്ല എന്നും രേഖപ്പെടുത്തുന്നതോടൊപ്പം കൊളോണിയലിസവും ഇംഗ്ലീഷ് വിദ്യാഭ്യാസവും വടക്കേ മലബാറിലെ തിയ്യ സ്ത്രീകളുടെ ജീവിതത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തി എന്നും അവർ വാദിക്കുന്നു. കൂടാതെ ബ്രിട്ടീഷ് ഭരണത്തിന് മുമ്പും ശേഷവും മാതൃദായക്രമത്തിലുള്ള തിയ്യ സ്ത്രീകളുടെ പദവിയെക്കുറിച്ചും അവർ പഠിച്ചിട്ടുണ്ട്. അവരുടെ ഗവേഷണം തീയ്യ മാതൃദായക്രമവുമായി ബന്ധപ്പെട്ടതാണെങ്കിലും, മാതൃദദായക്രമത്തിലുണ്ടായിരുന്ന തിയ്യ സ്ത്രീകൾക്ക് സ്വത്തിൽ യാതൊരു അവകാശവുമില്ലെന്ന അവരുടെ വാദത്തെ പരിശോധിക്കേണ്ടതുണ്ട്. ജാനകി എബ്രഹാമിന്റെ തിയ്യരുടെ ഇടയിലുണ്ടായിരുന്ന മാതൃദായക്രമത്തെ കുറിച്ചുള്ള ethnography പഠനം (വംശീയ പഠനം) പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ലിംഗഭേദവും ജാതിയും സംബന്ധിച്ച പഠനത്തിനും ഇന്ത്യയിലെ മാതൃദായക്രമങ്ങളെ കുറിച്ചുള്ള പഠനങ്ങൾക്കും ഒരു നിർണായക ചട്ടക്കൂട് നൽകാനുള്ള ശ്രമമാണ് അവരുടെ പഠനം എന്ന് എന്നവർ വാദിക്കുന്നു. ജാതി അതിരുകൾ സാമൂഹികമായും ചരിത്രപരമായും രൂപപ്പെട്ടതാണെന്നും ജാതിയും ദായക്രമങ്ങളും പരസ്പരം രൂപപ്പെടുന്ന രീതിയും പര്യവേക്ഷണം ചെയ്യുന്നുവെന്നും അവർ വാദിക്കുന്നു. ഈ ലേഖനത്തിലൂടെ ഞാൻ തിയ്യരുടെയും ഈഴവരുടെയും പിതൃദായക്രമത്തിലേക്കുള്ള പരിവർത്തന പ്രക്രിയ പരിശോധിക്കുകയും ജാതിയുടെയും സമുദായത്തിന്റെയും പ്രശ്നത്തെ അഭിസംബോധന ചെയ്യുകയും ചെയ്യും.

## തിയ്യരുടെയും ഈഴവരുടെയും മാതൃദായക്രമം

പത്മനാഭ മേനോൻ, കെ കെ പിള്ള, ജെഫ്രി, ഇളംകുളം എന്നിവർ വാദിക്കുന്നത് മരുമക്കത്തായ സമ്പ്രദായം അഥവാ മാതൃദായക്രമം കേരളത്തിൽ 11 -ആം നൂറ്റാണ്ടിൽ ഉത്ഭവിച്ചതാണെന്നും എന്നാൽ പി.വി ബാലകൃഷ്ണനെപ്പോലുള്ളവർ അഭിപ്രായപ്പെടുന്നത് ഇത് മലബാറിന്റെ മണ്ണിൽ നിന്നാണ് ഉടലെടുത്തത് എന്നാണ്. ഈ പഠനങ്ങളിൽ ഭൂരിഭാഗവും ഇത് നായർ സമുദായത്തിൽ നിന്നാണ് ഉത്ഭവിച്ചത് എന്ന അനുമാനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. അത്തരം അനുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മറ്റ് സമുദായങ്ങൾ മാതൃദായ ക്രമം പിന്തുടർന്നത് അവരെ അനുകരിച്ചുകൊണ്ട് മാത്രമാണ് എന്നുള്ള വാദങ്ങളും ഉണ്ട്. കേരളത്തിലെ മാതൃദായക്രമത്തിന്റെ ഉത്ഭവം ഇപ്പോഴും ചർച്ചാവിഷയമായതിനാൽ, അത് എവിടെ, ഏത് സമുദായത്തിൽ നിന്നാണ് ഉത്ഭവിച്ചത് എന്നതിനെക്കുറിച്ച് ഒരു നിഗമനത്തിലും എത്തിച്ചേരാനാകില്ല. എന്നിരുന്നാലും, മിക്കപ്പോഴും സമുദായങ്ങൾ അവർ പിന്തുടരുന്ന അനന്തരാവകാശ സമ്പ്രദായത്താൽ തിരിച്ചറിയപ്പെടുന്നു. ഉദാഹരണത്തിനു തിരുവിതാംകൂർ സംസ്ഥാന മാനുവലിൽ, വേലു പിള്ള പറയുന്നത് പാരമ്പര്യത്തെ സംബന്ധിച്ചിടത്തോളം, വ്യത്യസ്ത സമുദായങ്ങളെ അവർ പിന്തുടരുന്ന സമ്പ്രദായം പിതൃദായമോ മാതൃദായമോ അല്ലെങ്കിൽ രണ്ടിന്റെയും മിശ്രിതമോ ആയി തരംതിരിക്കാം. 1931 -ൽ നടത്തിയ അവസാന സെൻസസിൽ, 3,134,888 വ്യക്തികളിൽ 882,163 പേർ മക്കത്തായികളും 925,902 മരുമക്കത്തായികളും 1,328,821 സമ്മിശ്ര അല്ലെങ്കിൽ സംശയാസ്പദമായ സംവിധാനത്തിന്റെ അനുയായികളാണ് എന്നാണ് (421).

കേരളത്തിലെ ജനസംഖ്യയുടെ പകുതിയോളം മാതൃദായക്രമത്തിലുള്ളവരാണെന്നു വാദിക്കാൻ , ജെഫ്രി 1891 ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ട് ഉദ്ധരിക്കുന്നു, അതിൽ 530,000 കുടുംബങ്ങളെ കണക്കാക്കി, അതിൽ 56 ശതമാനം മാതൃദായക്രമം പിൻതുടരുന്നതായും 44 ശതമാനം പിതൃദായക്രമം പിന്തുടരുന്നതായും രേഖപ്പെടുത്തുന്നു(Legacies 649). എന്നിരുന്നാലും, ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, വളരെ പിന്നീട് 1940 -ൽ പ്രസിദ്ധീകരിച്ച തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ, സമ്മിശ്രമായ അല്ലെങ്കിൽ സംശയാസ്പദമായ ഒരു സമ്പ്രദായം പിന്തുടരുന്ന ഒരു പുതിയ വിഭാഗം നമുക്ക് കാണാം. തുടക്കത്തിൽ മാതൃസമ്പ്രദായത്തിൽ പെടുകയും ക്രമേണ പിതൃദായക്രമത്തിലേക്കു മാറുകയും ചെയ്ത ഗ്രൂപ്പായിരിക്കാം ഇത്. കേരളത്തിലെ മാതൃദായക്രമം പിന്തുടരുന്ന സമുദായങ്ങളെ പുത്തൻകാലം അടയാളപ്പെടുത്തിയിട്ടുണ്ട് .

കൂടാതെ വടക്കൻ കേരളത്തിലെ മിക്കവാറും എല്ലാ ജാതികളും മാതൃദായക്രമം പിന്തുടർന്നതായും ഇദ്ദേഹം ചൂണ്ടിക്കാണിക്കുന്നു (പുത്തൻകലം). തെക്കൻ കേരളത്തിലും വടക്കൻ കേരളത്തിലും അനന്തരാവകാശം സംബന്ധിച്ച കടുത്ത വ്യത്യാസം രണ്ട് പ്രദേശങ്ങളിലെയും അനന്തരാവകാശ നിയമനിർമ്മാണത്തിലും ഭേദഗതിയിലും പ്രതിഫലിച്ചിട്ടുണ്ട്. എന്നാൽ തിയ്യർക്കും ഈഴവർക്കുമിടയിൽ അനന്തരാവകാശ നിയമം പ്രാബല്യത്തിൽ വരുന്നതിനെക്കുറിച്ചുള്ള വ്യവഹാരങ്ങളിൽ അവർ പിന്തുടരുന്ന പാരമ്പര്യ സമ്പ്രദായത്തിന്റെ സങ്കീർണ്ണതകളെ പ്രതിഫലിപ്പിച്ചിട്ടില്ല. അതിലേക്ക് പോകുന്നതിനുമുമ്പ്, തിയ്യർക്കും ഈഴവർക്കുമിടയിലുള്ള സങ്കീർണ്ണമായ പാരമ്പര്യ സമ്പ്രദായത്തെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായം നോക്കാം. ലോഗന്റെ അഭിപ്രായത്തിൽ, വടക്കേ മലബാറിലെ തി

യ്യർ മാതൃദായ ക്രമം പിന്തുടർന്നപ്പോൾ, ദക്ഷിണ മലബാറിലെ തിയ്യർ പിതൃദായക്രമം പിന്തുടർന്നു (മലബാർ മാനുവൽ 115). എഡ്ഗർ തുർസ്റ്റൺ ഇതേ അഭിപ്രായം പങ്കുവെക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ തെക്കൻ മലബാർ തീയ്യരുടെ അവകാശം പുരഷന്മാരിലൂടെയും വടക്കൻ മലബാർ തീയ്യരുടെ അവകാശം സ്ത്രീകളിലൂടെയുമാണ്. തിയ്യരും ഈഴവരും തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്താതെ രാജേന്ദ്രൻ വാദിക്കുന്നത് നോക്കാം:

'വടക്കേ മലബാർ, കാസർകോട്, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലെ ഈഴവർക്കിടയിൽ മരുമക്കത്തായം അഥവാ മാതൃദായ സമ്പ്രദായം നിലവിലുണ്ടായിരുന്നു. അതേസമയം, ദക്ഷിണ മലബാർ, കൊച്ചി സംസ്ഥാനത്തിന്റെ വടക്കൻ ഭാഗം, തിരുവിതാംകൂറിന്റെ ചില ഭാഗംഎന്നിവിടങ്ങളിൽ മക്കത്തായം അവർ പിന്തുടർന്നു. സൗത്ത് ക്വിലോണിലെ ഈഴവർ, രണ്ട് സംവിധാനങ്ങളും പിന്തുടർന്നു(27).'

തിരുവിതാംകൂർ സംസ്ഥാന മാനുവൽ കുറിപ്പുകളിൽ വേലു പിള്ള, ഈഴവർ മിശ്രിതമോ സംശയാസ്പദമോ ആയ സംവിധാനത്തിന്റെ അനുയായികളാണെന്നു രേഖപ്പെടുത്തുന്നു (422). ജോസഫിനും ഇതേ അഭിപ്രായമാണ്. അദ്ദേഹം പ്രസ്താവിക്കുന്നു:

'തെക്കൻ തിരുവിതാംകൂറിലെ ഈഴവർ, പൊതുവെ മരുമക്കത്തായ സമ്പ്രദായത്തിന്റെ അനുയായികളാണെങ്കിലും, സ്വന്തമായി സ്വത്തുക്കളുടെ കാര്യത്തിൽ ഇരട്ട പൈതൃക സമ്പ്രദായം സ്വീകരിച്ചിട്ടുണ്ട്. അവർ 'മിശ്രവാഴി' അല്ലെങ്കിൽ 'മക്കൾ അല്ലെങ്കിൽ മരുമക്കൾവഴി ' പാരമ്പര്യ സമ്പ്രദായത്തിന്റെ അനുയായികളാണെന്ന് പറയപ്പെടുന്നു(റ്വേ. പുത്തൻകാലം 19).' കൊച്ചി സ്റ്റേറ്റ് മാനുവലിൽ, കൊച്ചിയിലെയും കണയന്നൂർ താലൂക്കിലെയും ഈഴവർ മാതൃദായക്രമമാണെന്നും ബാക്കിയുള്ള സ്ഥലങ്ങളിൽ പിതൃദായക്രമമാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. തിരുവിതാംകൂറിലെയും കൊച്ചിയിലെയും മിക്കവാറും എല്ലാ ഈഴവരും പിതൃദായക്രമം അല്ലെങ്കിൽ 'മിശ്രവാഴി' (സമ്മിശ്ര പൈതൃക സമ്പ്രദായം) പിന്തുടരുന്നുണ്ടെങ്കിലും, മയ്യനാട്ടിലെ ചാന്നാർ (ക്വിലോണിന് തെക്ക്), കണിയന്നൂർ താലൂക്കിലെ ഈഴവർ (എറണാകുളം ജില്ല ), ഒരു ചെറിയ ന്യൂനപക്ഷം, മാതൃദായക്രമം പിന്തുടരുന്നു എന്ന് പുത്തൻകാലവും അഭിപ്രായപ്പെടുന്നു. ലോഗനെപ്പോലുള്ളവർ ഈഴവർ പിതൃദായക്രമമാണ് പിന്തുടർന്നതെന്ന് അഭിപ്രായമുണ്ട്. എന്നിരുന്നാലും, തിരുവിതാംകൂറിലെ ഈഴവർ മാതൃദായക്രമം (മരുമക്കത്തായം), പിതൃദായക്രമം (മക്കത്തായം), മിശ്രിത സമ്പ്രദായം (മിശ്രദായം ) എന്നിവ പിന്തുടർന്നപ്പോൾ, തെക്കൻ മലബാറിലെ തിയ്യർ പിതൃദായക്രമവും വടക്കൻ മലബാറിലെ തിയ്യർ മാതൃദായക്രമവും മാത്രമാണ് പിന്തുടർന്നതെന്ന നിഗമനത്തിലെത്താം.

### പിന്തുടർച്ചാവകാശ നിയമം: സമുദായവും സ്ത്രീകളും

1933 -ലെ മദ്രാസ് മരുമക്കത്തായം ആക്ട് തിയ്യ പരിഷ്ക്കർത്താക്കൾ ചോദ്യം ചെയ്യാതെ സ്വീകരിച്ചതിനെ വിമർശനാത്മകമായി വിശകലനം ചെയ്യുന്നതോടോപ്പം മാതൃദായക്രമവുമായി ബന്ധപ്പെട്ടുള്ള വ്യവഹാരങ്ങളിൽ ഈഴവരുടെ പങ്കാളിത്തവും നിയമനിർമ്മാണവും പരിശോധിക്കാം .

മാതൃദായക്രമം പിന്തുടർന്ന സമുദായങ്ങളിൽ, ഓരോ പ്രദേശത്തെയും വിവാഹത്തിന്റെയും അനന്തരാവകാശത്തിന്റെയും നിയമനിർമ്മാണത്തിന് മുൻകൈ എടുത്തത് നായർമാരാണെന്ന് നമുക്കറിയാം (ജെഫ്രി 651). മറ്റ് കാര്യങ്ങളിലെന്നപോലെ, തുടക്കത്തിൽ, ഈഴവരുടെ വിവാഹത്തിനും സ്വത്തവകാശത്തിനും നിയമനിർമ്മാണം നടത്തണമെന്ന ഈഴവരുടെ ആവശ്യത്തിലേക്ക് സർക്കാർ ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല. വിവേകോദയത്തിൽ നിന്ന് എടുത്ത

ഒരു കുറിപ്പ് നോക്കാം.

'ഇത്തവണ ഏഴ് ഈഴവ പ്രതിനിധികൾ പ്രജാസഭയിൽ ഉണ്ടായിരുന്നു. ഈ ഏഴ് അംഗങ്ങളെയും സർക്കാർ നിയോഗിച്ചതായിരുന്നു. അവരിൽ സി. കൃഷ്ണൻ വൈദ്യന്റെ പ്രസംഗം നായർ റെഗുലേഷന്റെ മാതൃകയിൽ മറ്റൊരു നിയമം ഈഴവർക്ക് വേണ്ടി ഉണ്ടാക്കുകയോ നായർ റെഗുലേഷനിൽ തന്നെ ചില മാറ്റങ്ങൾ വരുത്തുകയോ ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചായിരുന്നു. മറ്റ് പല ഈഴവ പ്രതിനിധികളും ഇതിനെക്കുറിച്ച് മുമ്പ് സംസാരിച്ചിട്ടുണ്ട്, അവർ ഒരു പ്രത്യേക മെമ്മോറിയൽ പോലും സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശവും വിവാഹവും സംബന്ധിച്ച ഒരു നിയമത്തിന്റെ അഭാവത്തിൽ ഈഴവർ നിരവധി സമുദായ പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്ന് നമുക്കറിയാം. അതിനാൽ, ദയയോടെ സർക്കാർ മുകളിൽ പറഞ്ഞ നിയമം നടപ്പിലാക്കാൻ ശ്രമിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു'(11)

പിതൃദായക്രമം നിയമമാക്കണമെന്ന് ആവശ്യപ്പെട്ട് ഈഴവർ സമർപ്പിച്ച മെമ്മോറിയലുകളോടുള്ള സർക്കാരിന്റെ അവഗണനയാണ് ഈ കുറിപ്പ് സൂചിപ്പിക്കുന്നത്. പിന്നീട്, പ്രമുഖ ഈഴവരും ഈഴവ സമാജങ്ങളും സർക്കാരിന് സമർപ്പിച്ച മെമ്മോറിയലുകളുടെ അടിസ്ഥാനത്തിൽ, 1916 –ൽ, തിരുവിതാംകൂർ സർക്കാർ ഈഴവ സമുദായം വിവാഹവും അനന്തരാവകാശവും സംബന്ധിച്ച്പിന്തുടരുന്ന ആചാരങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഒരു സമിതിയെ നിയോഗിച്ചു.

1917 ലെ വിവേകോദയം എഡിറ്റോറിയലുകൾ ഈഴവ നിയമ സമിതിയുടെ പ്രവർത്തനങ്ങളുടെ കാലതാമസം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പിന്തുടർച്ചയുടെ നിയമനിർമാണം സംബന്ധിച്ചു നായർ റെഗുലേഷൻ പിന്തുടരുന്നത് കൂടുതൽ സൗകര്യപ്രദമാണെന്ന് നിർദ്ദേശിക്കപ്പെട്ടപ്പോൾ വിവാഹവും വിവാഹമോചനങ്ങളും സംബന്ധിച്ച നിയമങ്ങൾ ശ്രദ്ധാപൂർവ്വം എടുക്കണം എന്നായിരുന്നു അവ സൂചിപ്പിച്ചതു (വിവേകോദയം 1917, 151–152). എന്നാൽ പൊതുജനാഭിപ്രായം വ്യത്യസ്തമായിരുന്നു. അത് പിന്നീടുള്ള വിവേകോദയം ലക്കത്തിൽ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട് . ഈഴവർ നായർ റെഗുലേഷൻ പിൻതുടരുന്നതിനെ അവർ നിശിതമായി വിമർശിച്ചു. തിരുവിതാംകൂറിലെ ഈഴവർക്കായി ഒരു നിയമം രൂപീകരിക്കാൻ, സർക്കാർ നിയോഗിച്ച സമിതിക്ക് സാക്ഷികളിലൂടെ വിവരങ്ങൾ ശേഖരിക്കാനുള്ള അനുമതി നൽകണമെന്ന് വിവേകോദയം മുഖേന നടത്തിയ മുൻ ശ്രമങ്ങളെ കുറിച്ചാണ് വിവേകോദയത്തിന്റെ (1917) എഡിറ്റോറിയൽ കുറിപ്പ്. ഇത് സംബന്ധിച്ച് ഒരു തീരുമാനം കുമ്പം 1 ന് ചേർന്ന കമ്മറ്റി യോഗത്തിൽ എടുക്കുകയും അത് സർക്കാരിന് അയക്കുകയും ചെയ്തു എന്നും രേഖപ്പെടുത്തുന്നു. ഇത് കൂടാതെ പ്രജാസഭയുടെ ഈഴവ പ്രതിനിധികളും ഈഴവ റെഗുലേഷന് സാക്ഷിയുടെ ആവശ്യം നിർബന്ധമാണെന്ന് വ്യക്തമാക്കി വിചാരണയും അതിനുള്ള അനുമതിയും അഭ്യർത്ഥിച്ചുകൊണ്ടു ദിവാൻജിക്കു ഒരു മെമ്മോറാണ്ടം സമർപ്പിച്ചതായും പറയുന്നുണ്ട് . ഇതിനായി എല്ലാ ചെലവുകളും വഹിക്കാൻ അവർ ദിവാൻജിയോട് ആവശ്യപ്പെടുകയും ചെയ്തു . ഇതിൽ ഏറ്റവും പ്രധാനം കമ്മിറ്റി രൂപീകരിക്കുന്നതിന് മുമ്പ്, ഈഴവ നേതാക്കൾക്ക് നായർ റെഗുലേഷൻ പരിഷ്കരിച്ചുകൊണ്ടു ഈഴവ റെഗുലേഷൻ രൂപീകരിക്കാൻ കഴിയുമെന്ന് അഭിപ്രായമുണ്ടായിരുന്നു, അവർ സർക്കാരിനെയും അറിയിച്ചിരുന്നു എന്നിരുന്നാലും ഈ വിഷയത്തിൽ പൊതുജനാഭിപ്രായം വ്യത്യസ്തമായിരുന്നതിനാൽ, പൊതുജനാഭിപ്രായം പരിഗണിക്കേ

ണ്ടതിന്റെ ആവശ്യകത അവർ വ്യക്തമാക്കി. ചുരുക്കത്തിൽ, ഈ കുറിപ്പ് സാക്ഷി വിചാരണ നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വാദിക്കുകയും കമ്മിറ്റി അംഗങ്ങളുടെയും പ്രജാസഭ അംഗങ്ങളുടെയും അഭ്യർത്ഥന പരിഗണിക്കാൻ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു (വിവേകോദയം 1917, 137–83).

നെയ്യാറ്റിൻകര താലൂക്കിലെ ക്രിസ്ത്യ ഈഴവർ, ബിഷപ്പുമാരുടെ കത്തുകൾ , ഈഴവ പുരുഷന്മാരുടെയും ഈഴവ സ്ത്രീകളുടെയും വിവിധ മീറ്റിംഗുകളുടെ പ്രമേയം മുതലായവ സംബന്ധിച്ച നിവേദനം ഈഴവ നിയമ സമിതി പരിശോധിച്ചിട്ടുണ്ട്, എന്നാൽ മീര വേലായുധൻ പ്രസ്താവിക്കുന്നതുപോലെ, സ്ത്രീകളെ പൊതുവെ കാര്യമായ അഭിപ്രായം രേഖപ്പെടുത്താൻ കെൽപ്പില്ലാത്തവരായി അല്ലെങ്കിൽ അതിനുള്ള യോഗ്യതയില്ലാത്തവരായി അവർ കരുതി . 863 സാക്ഷികളിൽ 10 പേർ മാത്രമാണ് സ്ത്രീകൾ (Reform 2481). എന്നിരുന്നാലും അനേകം ഈഴവ പുരുഷന്മാരും സ്ത്രീകളും അത്തരം നിയമം നടപ്പാക്കുന്നതിൽ വിയോജിച്ചു. മീര വേലായുധൻ എഴുതുന്നു:

അവരുടെ എതിർപ്പിനെത്തുടർന്ന് നിർദ്ദിഷ്ട നിയമനിർമ്മാണത്തിന്റെ പരിധിയിൽ നിന്ന് മക്കത്തായം അനന്തരാവകാശ സമ്പ്രദായമായി പിന്തുടരുന്ന വിഭാഗങ്ങളെ ഒഴിവാക്കാൻ ഈഴവ നിയമ കമ്മിറ്റി തീരുമാനിച്ചു. മരുമക്കത്തായം, മിശ്രദായം , മക്കത്തായം എന്നിവ പിന്തുടരുന്നവരെ ഉൾക്കൊള്ളുന്ന ഒരു പൊതു നിയമനിർമാണം ആ കാലഘട്ടത്തിലെ വളരെ സമൂലമായ ഒരു മാറ്റമായി കണക്കാക്കപ്പെട്ടു (2482) ഈ നിയമത്തിൽ പ്രശ്നമുണ്ടായിരുന്നത് മക്കത്തായിമാർക്ക് (പിതൃദായക്രമത്തിൽപ്പെട്ട) മാത്രമല്ല, മരുമക്കത്തായികളും (മരുമക്കത്തായ സമ്പ്രദായത്തിൽ പെട്ട ആളുകൾ) ഈ നിയമത്തിൽ താൽപ്പര്യമില്ലായ്മ കാണിച്ചു. ഈഴവ റെഗുലേഷന്റെ പേരിൽ സി കേസവനും അദ്ദേഹത്തിന്റെ ഭാര്യ പിതാവ് സി വി കുഞ്ഞിരാമനും മുഴിഞ്ഞതിനെ കുറിച്ച് സി കേശവൻ തന്റെ ആത്മകഥയിൽ പറയുന്നുണ്ട്(190-191). ഈഴവ റെഗുലേഷനുവേണ്ടിയുള്ള വാദം എസ് എൻ ഡി പി യിൽ ഉണ്ടായെന്നും പല സംഭവ പരമ്പരകളും തരണം ചെയ്തു ആയിരത്തിഒരുനൂറാമാണ്ട് ഒരു ഈഴവ റെഗുലേഷൻ രൂപം പൂണ്ടു എന്നും കേരളീയദായക്രമം എന്ന് ഇന്നും അറിയപ്പെടുന്ന മരുമക്കത്തായതിൽ നിന്നും മക്കത്തായത്തിലേക്കും ആളോഹരിഭാഗത്തിലേക്കും ഉള്ള ഒരു കുതിച്ചുകയറ്റമാണ് ഈഴവർ നടത്തിയത് എന്നുമാണ് സി കേശവന്റെ അഭിപ്രായം.

ദേശാഭിമാനിയിൽ ഉജ്ജ്വലമായ ഒരു ലേഖന പരമ്പര പ്രസിദ്ധപ്പെടുത്തി സി വി കുഞ്ഞുരാമൻ എന്ന ഈഴവ പരിഷ്കർത്താവ് ആണ് ഈഴവരുടെ ഇടയിൽ മാതൃദായക്രമത്തിൽ നിന്നും പിതൃദായക്രമത്തിലേക്കു മാറ്റങ്ങൾക്ക് തുടക്കമിട്ടതും ഈഴവരെ അതിൽ നിന്ന് പിതൃദായക്രമത്തിലേക്കു മാറാൻ പ്രോത്സാഹിപ്പിച്ചതും എന്നും സി കേശവൻ പറയുന്നു. ഒരിക്കൽ ഈ സന്ദേശം സമൂഹത്തിൽ പ്രചരിക്കപ്പെട്ടെങ്കിലും , കുഞ്ഞുരാമൻ തന്റെ മനസ്സ് പിന്നീട് മാറ്റി, മിശ്രദായത്തിനു വേണ്ടി വാദിച്ചു എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട് (മക്ക മരുമക്കത്തായ സമ്പ്രദായം ) (വാല്യം. 2: 191). തൽഫലമായി, ഈ ലക്ഷ്യത്തെ പിന്തുണയ്ക്കുന്നതിനായി കേരളകൗമുദി കൊല്ലം -പറവൂരിൽ നിന്ന് പ്രവർത്തനം പുനരാരംഭിച്ചു. മാതൃദായ സമ്പ്രദായത്തെയോ അനന്തരാവകാശ സമ്പ്രദായത്തെയോ പിന്തുണയ്ക്കുന്നതിനായി നിരവധി പ്രചാരണങ്ങളും പൊതുയോഗങ്ങളും ഉണ്ടായിരുന്നു. ഈ സമയത്ത്, ദേശാഭിമാനിയിൽ റിപ്പോർട്ടുചെയ്തതുപോലെ, മയ്യനാട്ടിൽ ഒരു മിസ്രമിശ്രമഹായോഗം നടത്തുകയും ഈ ലക്ഷ്യത്തെ പിന്തുണയ്ക്കുകയും സെക്ഷൻ 33 മിശ്രദായത്തിനു പിന്തുണ നൽകുകയും ചെയ്തു. സി.കേശവൻ പറഞ്ഞതുപോലെ, അദ്ദേഹത്തിന്റെ ഭാര്യ വാസന്തി, അദ്ദേഹത്തോട് വിയോജിക്കുകയും അവരുടെ പിതാവിന്റെ (സി. വി. കുഞ്ഞുരാമൻ) പിന്തുണയോടെ, മാതൃദായക്രമത്തെ പിന്തുണയ്ക്കുന്ന നിവേദനത്തിൽ ഒപ്പിട്ടു (വാല്യം 2: 191–193). മാതൃദായ സമ്പ്രദായം നിലനിർത്തുന്നതിൽ സ്ത്രീകളുടെ ഉത്സാഹമായി വാസന്തിയുടെ പ്രവൃത്തി വായിക്കാവുന്നതാണ്. നമുക്ക് ഇത് ഒരു കുടുംബത്തിന്റെ ചരിത്രമായിട്ടല്ല, ഒരു സമൂഹത്തിന്റെ ചരിത്രമായി വായിക്കാം. സി. കേശവൻ അദ്ദേഹത്തോടുള്ള കുഞ്ഞുരാമന്റെ അനുഭാവപൂർവ്വമായ ശ്രമം ആയി ഇതിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നുണ്ട് . തറ

വാട്ടിൽ അധികം സ്ത്രീകൾ ഇല്ലാത്തതിനാൽ മാതൃദായക്രമത്തിൽ തുടരുകയാണെങ്കിൽ അത് തന്റെ മകൾക്കും പരോക്ഷമായി അദ്ദേഹത്തിന്റെ മരുമകനും (സി. കേശവൻ) ഗുണം ചെയ്യുമെന്ന് കുഞ്ഞുരാമൻ മനസ്സിലാക്കിയിരിക്കാം എന്നദ്ദേഹം പറയുന്നുണ്ട്. ഈഴവരുടെ മാതൃദായ സമ്പ്രദായത്തിൽ, സ്വത്ത് സ്ത്രീകൾക്ക് പോകുന്നുവെന്നും പരോക്ഷമായി പുരുഷന്മാർക്കും പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ഇത് ചൂണ്ടിക്കാണിക്കുന്നു. തിരുവിതാംകൂർ ഈഴവ റെഗുലേഷനിൽ ഈഴവരുടെ നിർവചനത്തിൽ ചോവ, തിയ്യർ എന്നിവരും ഈഴവർ എന്നറിയപ്പെടുന്നവരും അംഗീകരിക്കപ്പെട്ടവരും ഉൾപ്പെടുന്നു (ഈഴവ റെഗുലേഷൻ 783). തിരുവിതാംകൂറിൽ മക്കത്തായം പിന്തുടരുന്നവർ ഒഴികെയുള്ള എല്ലാ ഈഴവർക്കും തിരുവിതാംകൂറിൽ താമസിക്കുന്നവുമായി വൈവാഹികബന്ധമുള്ള എല്ലാ ഈഴവർക്കും ഈ നിയമം ബാധകമാണ്. ഏറ്റവും രസകരമായ ഒരു കാര്യം ടിപ്പുവിന്റെ അധിനിവേശകാലത്ത് മലബാറിൽ നിന്ന് തിരുവിതാംകൂറിലേക്ക് കുടിയേറിപ്പാർക്കുകയും തിയ്യ എന്ന ജാതിപ്പേര് ഉപേക്ഷിക്കാതിരിക്കുകയും ചെയ്തവരെ ഈഴവ നിയമ സമിതി റിപ്പോർട്ട് പരിഗണിക്കുന്നു (കെ. ജി. നാരായണൻ 41). തിയ്യരെ (മലബാറിൽ നിന്ന് കുടിയേറിയ തിയ്യർ) ഉൾപ്പെടുത്തിയും ഈഴവർ എന്നറിയപ്പെടുന്ന തിയ്യരെയും വിഭാവനം ചെയ്തുകൊണ്ട് ഈഴവ റെഗുലേഷനും ഈ രണ്ട് സമുദായങ്ങളെ ഏകീകൃതമാക്കുന്നതിന് സംഭാവന നൽകി.

മാതൃദായ സമ്പ്രദായത്തെക്കുറിച്ചുള്ള വ്യവഹാരങ്ങളിൽ തിയ്യരുടെ പങ്കാളിത്തത്തിലേക്ക് വരുമ്പോൾ മുൻപ് സൂചിപ്പിച്ചതുപോലെ, മലബാറിൽ, 1933 -ലെ മദ്രാസ് മരുമക്കത്തായ നിയമം മറ്റ് മാതൃദായം പിന്തുടരുന്ന സമുദായങ്ങൾക്കൊപ്പം തിയ്യർക്കും ബാധകമായിരുന്നു. മൂർക്കോത്തുകുമാരൻ എന്ന , ഒരു തിയ്യ പരിഷ്കർത്താവിന്റെ അഭിപ്രായത്തിൽ മലയാളം തിയ്യർ നായന്മാരെപ്പോലെ മാതൃദായസമ്പ്രദായക്കാർ ആയതിനാൽ, ബഹുമാനപ്പെട്ട രാമൻ മേനോന്റെ ബിൽ അവർക്കും ബാധകമാണെന്നും പത്രത്തിൽ ഈ ബില്ലുകൾക്ക് ചുറ്റുമുള്ള ചർച്ചകളിൽ തിയ്യരുടെ അഭാവം ഒന്നുകിൽ അവർ ബില്ലിനെ പിന്തുണയ്ക്കുന്നു അല്ലെങ്കിൽ ബിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് അവർക്ക് ഒട്ടും ആശങ്ക ഇല്ല എന്ന് അനുമാനിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു എന്നും പറയുന്നു (മിതവാദി 1914, 12).

അനന്തരാവകാശത്തെക്കുറിച്ചും ബിൽ നടപ്പാക്കുന്നതിനെക്കുറിച്ചും ഉള്ള നിയമങ്ങളെക്കുറിച്ച് തിയ്യന്മാർക്ക് ഒട്ടും ആശങ്കയില്ലെന്നു തെളിയിക്കാൻ നിരവധി ശ്രമങ്ങൾ ഉണ്ടായിരുന്നു . ഭൂരിഭാഗം തീയ്യരും ദരിദ്രരും അബലരും ആയതിനാൽ, പിന്തുടർച്ചാവകാശവുമായ ബന്ധപ്പെട്ട കാര്യങ്ങൾക്ക് അക്കാദമിക മൂല്യം മാത്രമാണെന്ന് പുത്തൻകാലം വാദിക്കുന്നു (ജെഫറി പൊളിറ്റിക്സ് 49 ). ഗൗ യുടെ അഭിപ്രായത്തിൽ , 'ഈ പ്രവൃത്തികളുടെ കൃത്യമായ വ്യവസ്ഥകൾ കുറച്ചു സ്വത്ത് ഉള്ള പാവപ്പെട്ട തിയ്യ കുടിയാന്മാർക്കും തൊഴിലാളികൾക്കും ഒരു പരിധിവരെ അക്കാദമിക് വിഷയമാണ്' (408). ഇത് വളരെ ലളിതവും വിശാലമായ സാമാന്യവൽക്കരണവുമാണെന്ന് തോന്നുന്നു. ഈ കാലഘട്ടത്തിലെ പരിഷ്കർത്താക്കളുടെ ഉദ്ദേശ്യങ്ങളെക്കുറിച്ച് നമ്മൾ വിമർശനാത്മകമായി ചിന്തിക്കേണ്ടതുണ്ട്.

വടക്കേ മലബാർ തീയ്യർക്കിടയിൽ അധികം സമ്പന്നരായ തറവാടുകൾ ഇല്ലായിരുന്നുവെന്ന് മൂർക്കോത്ത് കുമാരൻ പ്രസ്താവിക്കുന്നു (മിതവാദി 1914, 12). തൽഫലമായി, ജീവിക്കാൻ ദൈനംദിന ചെലവുകൾ വഹിക്കേണ്ടിവരുന്നവർ സാധാരണയായി ഭാര്യയും കുട്ടികളുമൊത്ത് താമസിക്കുന്നു. ഈ സമയത്ത് ധാരാളം പിതൃദായക്രമം പിന്തുടരുന്ന അണു കുടുംബങ്ങൾ ഉണ്ടായിരുന്നുവെന്ന് തെളിയിക്കാനാണ് ഈ പ്രസ്താവന നടത്തിയത് എന്ന് ഊഹിക്കാമല്ലൊ. വിദ്യാസമ്പന്നരായ തീയ്യരുടെ മാതൃസമ്പ്രദായത്തിൽ നിന്ന് പിതൃവ്യവസ്ഥയിലേക്ക് മാറാനുള്ള പ്രവണതയും അദ്ദേഹം നന്നായി രേഖപ്പെടുത്തിയിട്ടുണ്ട് . അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസവും സർക്കാർ സേവനവും ഉള്ളവർ പിതാവിന്റെ കുടുംബപ്പേര് സ്വീകരിച്ചിട്ടുണ്ട്. ഒരാളുടെ തറവാട് വീട്ടുപേര് നോക്കി കൃത്യമായി തിരിച്ചറിയാൻ നമ്മൾക്ക് കഴിയില്ല എന്നും അതിനുദാഹരണമായി . ശ്രീ. കൊട്ടിയേത്ത് കണ്ണൻ അടിയേരി

തറവാട്ടിൽ നിന്നും ശ്രീ. കൊട്ടിയത്ത് കൃഷ്ണൻ മൂർക്കോത്ത് തറവാട്ടിൽ നിന്നും ആണ് എന്നും അദ്ദേഹം പറയുന്നു. മാത്രവുമല്ല, 'ഇത് മക്കത്തായത്തിലേക്കുള്ള അവരുടെ കുതിപ്പാണ് ((മിതവാദി 1914, 13) കാണിക്കുന്നതു എന്നും അദ്ദേഹം വാദിക്കുന്നു. വിവാഹവുമായി ബന്ധപ്പെട്ട ബില്ലിനെ അനുകൂലിച്ചുകൊണ്ടാണ് അദ്ദേഹം ലേഖനം അവസാനിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പിതൃദായ സമ്പ്രദായത്തോട് സഹാനുഭൂതി ഉള്ളവരും വിവാഹം അസാധുവാക്കാൻ താല്പര്യം ഇല്ലാത്തവരും അച്ഛനുമായുള്ള കുട്ടികളുടെ ബന്ധം നിഷേധിക്കാൻ താല്പര്യമില്ലാത്തവരും തീർച്ചയായും ഈ ബില്ലിനെ ബഹുമാനിക്കും ((മിതവാദി 1914, 12). ഈ ലേഖനം പുരുഷന്റെ വീക്ഷണകോണിൽ എഴുതിയതാണ്, കൂടാതെ തിയ്യ പരിഷ്കർത്താക്കൾ എങ്ങനെയാണ് തിയ്യരുടെ ഇടയിൽ പിതൃദായ സമ്പ്രദായം സാധാരണമാക്കിയതും അംഗീകരിക്കുകയും ചെയ്യുന്നതെന്ന് ഇതിൽ നിന്നും മനസിലാക്കാം .

## Reference:


Manuals, Gazetteers, Memos and Acts

Logan, William. Malabar Manual. 1985. Trans. T. V. Krishnan. 6th ed. Kozhikode: Mathrubhumi, 2007. Print.

Pillai, T. K. Velu. The Travancore State Manual. Vol. 1. Trivandrum: The Government of Travancore, 1940. Print.

Regulation III of 1100 (1925): The Ezhava Regulation, Sec 4. N.p., n.d. Print.

Census Reports

Aiyar, N. Subramhanya. Census Report of India: Travancore. 1901. Vol. 26. (Part 1 - Report). Trivandrum: Malabar Mail Press, 1903. Print. Magazines, Newspaper articles

"Acharaparishkaranam." [Reformation of Practices]. Vivekodayam 1.2. 1079 [1903]. 28-31. Print.

"Kochiyile Thiyyar." [Thiyyas of Kochi]. Mitavadi May 1914. 6. Print.

"Pathradipakkurippukal." [Editorials]. Vivekodayam 13.6,7. 1917. 151-152. Print.

Kumaran, Moorkoth. "Puthiya Billukalum Vatakke Malayalathile Thiyyarum." [New Bills and Thiyyas in Northern Malayalam]. Mitavadi 2.5. May 1914. Print.

Kunjan, K. V. Udyaperur. "Samudayikam: Nammute Vivaham." Vivekodayam 10.7,8. n.d. 194-201. Print.

Mitavati 3.3. March 1915. 12. Print.

Mitavati 3.7. May 1915. 13-15. Print.

Palpu, P. Vivekodayam, 14.1,2. 1092. 35. Print.

Vivekodayam 10.9,10. n.p, n.d. 268. Print.

Vivekodayam 11 n.p, n.d. 11. Print.

Vivekodayam April-June 1909. Print.

Books

Abraham, Janaki. "Gender, Status, and Class: A Sociological Study of the Thiyyas." Diss. University of Delhi, 2007. Print.

Aiyappan, A. Eravas and Cultural Change. Madras: Government Press, 1944. Print.

Ananthan, Kambil. Kerala Charithra Niroopanam:Thiyyarude Pouranikathvam: Oru Padanam. [Critique of Kerala History: Legend of Thiyyas: A Study]. 1935. Kannur: Sreenarayana Books, 2009. Print.

Arunima, G. There Comes Papa: Colonialism and the Transformation of Matriliny in Keralam, Malabar c.1850-1940. New Delhi: Orient Longman, 2003. Print.

Asan, Kumaran. Mathaparivarthanarasavadam: Mahakavi Kumaran Asan Ezhuthiya Oru Marupati. [Theory of Religious Conversion: A Response from the great Poet Kumaran Asan]. Thonnakkal: Sarada, 1947. Print.

Balakrishnan, P. V. Matrilineal System in Malabar. Cannore: Satyavani Prakashan, 1981. Print.

Balakrishnan, P.K. Jathivyavasthithiyum Kerala Charithravum. [Caste System and Kerala History]. Kottayam: NBS, 1983. Print.

Bhaskaranunni, P. Keralam: Irupatham Noottandinte Arambathil. [Kerala: At the beginning of Twentieth Century]. Thrissur: Kerala SahityaAkademy, 2005. 123. Print.

Bhaskaranunni, P. Pathonbatham Noottandile Keralam.[19thCentury Kerala]. Thrissur: Kerala Sahitya Akademy,1988. Print.

Gough, Kathleen. "Tiyyar: North Kerala." Matrilineal Kinship. Eds. David M. Scheider and Kathleen Gough. Berkly: Universiy of California press. 1961. 405 - 414. Print.

Iyer, L. K. Ananda Krishna. The Tribe and Caste of Cochin. Delhi: Casino, 1981. Print.

Jeffery, Robin. Politics, Women and Well-Being: How Kerala Became 'A Model.' New Delhi: Oxford University Press, 1992. Print.

Kesavan, C. Jeevithasamaram. [Life Struggle]. 2 Vols. Thiruvananthapuram: Kaumudi, 1953-1955. Print.

Kumaran, Moorkoth. "Thiyyar Oru Charithra Sameepanam." (Thiyyas: A Historical Approach). Sree Gnanodaya Yogam Centinary Historical Souvernir. Ed. Chambadan Vijayan. Thalassery: Sree Gnanodaya Yogam Centinary Committee for History Preparation, 2005. Print.

Logan, William. Malabar. New Delhi: Asian Educational Services, 1989. Print.

Manjula. K.V. Utharamalabarile Thiyya Samudaythile Sthreekalute Padavi. Diss. University of Calicut, 2004. Print.

# കുറ്റിച്ചിറയിലെ മാതൃദായ സമ്പ്രദായവും സ്ത്രീകളും



പ്രിയമുള്ളവരെ ഒരു സ്ത്രീയായി ജനിച്ചത് ഒരു ആഘോഷമായാണ് ഞാൻ കാണുന്നത്. കാരണം ഞാൻ വളർന്നു വന്ന മാതൃദായസമ്പ്രദായം തന്നെ. മാതൃദായ സമ്പ്രദായം കേരളത്തിൽ വിവിധ ജില്ലകളിൽ നിലനിൽക്കുന്നുണ്ട്. ഒരു കോഴിക്കോട്ടുകാരി എന്ന നിലയിൽ കോഴിക്കോട് തെക്കേപ്പുറം കുറ്റിച്ചിറയെ ആസ്പദമാക്കി മാതൃദായസമ്പ്രദായത്തെക്കുറിച്ച് വിവരിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കോഴിക്കോടിന്റെ ഹൃദയ ഭാഗം തന്നെയാണ് കുറ്റിച്ചിറ. അറബിക്കടലിനെ നോക്കി നിൽക്കുന്ന ഒരു സുന്ദരിയാണ് കുറ്റിച്ചിറ. തെക്കേപ്പുറത്തെ കിഴക്കുഭാഗം വിശാലമായ കോഴിക്കോട് നഗരത്തിലേക്ക് പരന്നുകിടന്നു കോഴിക്കോടിന് മൊഞ്ച് കൂട്ടുന്നു. തെക്ക് ഭാഗത്ത് പ്രശസ്തമായ പുഴയും വടക്കുഭാഗത്ത് വെള്ളയിൽ എന്ന പ്രദേശവുമാണ്. 1498 വാസ്കോ ഡ ഗാമ കേരള തീരത്തെത്തുമ്പോൾ തന്നെ മലബാറിൽ ജനസംഖ്യയുടെ ഒരു വലിയ വിഭാഗം മാപ്പിളമാരായിരുന്നു. അറബികൾ ഇസ്ലാം മതത്തിൻറെ ആവിർഭാവത്തിനു മുൻപും പിൻപും കച്ചവടത്തിനായി കടൽകടന്നു മലബാർ തീരത്ത് എത്തിയിരുന്നു. കടലിന്റെയും ആകാശത്തിന്റെയും ശാസ്ത്രവിഷയങ്ങളിൽ അറബികൾ അഗ്രഗണ്യരായിരുന്നു. അവർ നൂറ്റാണ്ടുകളായി കേരളത്തിൽ വരികയും കച്ചവടം ചെയ്യുകയും ഇവിടെ നിന്ന് വിവാഹം ചെയ്യുകയും ഉണ്ടായി. ബലപ്രയോഗമില്ലാതെ സാംസ്കാരിക കൈമാറ്റങ്ങളിലൂടെ കേരളത്തിൽ ഇസ്ലാം മതം ജനപ്രിയമാകുന്നതിൽ ഈ സമുദ്രാന്തരവ്യാപാര ബന്ധങ്ങൾക്ക് ഗണ്യമായ പങ്കുണ്ട്.



**ആയിശ ഫാബിൻ**
ജെ.ഡി.റ്റിയിൽ ഗസ്റ്റ് അസി. പ്രൊഫസർ ആയിരുന്നു

സ്നേഹത്താലും സംസ്കാരത്താലും ഒന്നായ അറബ് കേരള വംശത്തിലാണ് ഇവിടെ മാപ്പിളമാർ ഉണ്ടാവുന്നത്. പണ്ട് കോഴിക്കോട് ഭരിച്ചിരുന്ന സാമൂതിരി രാജാക്കന്മാർ അറബികൾക്ക് വൻ സ്വീകരണമാണ് നൽകിയത്. അറബികളിലെ ഉയർന്ന വംശജർക്ക് കോവിലകം നായർ തറവാടുകളിൽ നിന്നെല്ലാം വിവാഹം ചെയ്തു കൊടുക്കുകയും അത് മൂലം അവർ ഇസ്ലാം മതം സ്വീകരിക്കുകയും ചെയ്തു. കച്ചവടത്തിനായി വരുന്ന അറബികൾ നായർ തറവാടുകളിൽ ഭാര്യയുടെ അറയിൽ താമസിക്കുക എന്ന ചുറ്റുപാടുമുണ്ടായിരുന്നതായി പറയപ്പെടുന്നു. തെക്കേപ്പുറത്തുള്ള തറവാടുകൾ സ്നേഹപൂർവ്വവും ആദരപൂർവ്വവും ഇസ്ലാം മതം സ്വീകരിച്ച നായർ കുടുംബങ്ങളുടേതാണ് എന്നും പറയപ്പെടുന്നുണ്ട്. നായർ കുടുംബങ്ങളിൽ ഉണ്ടായിരുന്ന മാതൃദായ സമ്പ്രദായം അതുപോലെ അവിടെയുള്ള



മുസ്ലിം കുടുംബങ്ങളിൽ കാണാൻ സാധിച്ചു. നൂറ്റാണ്ടുകൾക്കുമുമ്പേ കേരളത്തിൽ വന്ന അറബികൾ സ്നേഹം കൊണ്ടാണ് ഈ നാടിനെ ആശ്ലേഷിച്ചത്. ആധുനിക സാഹചര്യത്തിൽ മാതൃദായസമ്പ്രദായം സ്ത്രീ ജീവിതങ്ങളുടെ കണ്ണിലൂടെ നോക്കുമ്പോൾ ലോകത്ത് വേറെ എവിടെയാണ് ഇത്രയും നല്ല സമ്പ്രദായം ഉള്ളത് എന്ന് തോന്നിപ്പോകും. സ്ത്രീകൾ വിവാഹശേഷം സ്വന്തം വീട്ടിൽ തന്നെ താമസിക്കുന്നു. പുരുഷന്മാർ വിവാഹശേഷം അവരുടെ ഭാര്യ വീട്ടിൽ താമസിക്കുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ അന്തസ്സ് ലഭിക്കുന്നു. പുരുഷന്മാരെ ഭാര്യവീട്ടിൽ പുതിയാപ്പിള എന്ന പ്രത്യേക സ്ഥാനം നൽകി ബഹുമാനിക്കുന്നു. അതേ വീട്ടിലെ പുരുഷന്മാർക്ക് കാരണവർ എന്ന സ്ഥാനവും നൽകുന്നു. ഭർത്താവിന്റെ ഗൃഹത്തിൽ സ്നേഹപൂർവ്വമുള്ള സ്വീകരണങ്ങളും ഒത്തുചേരലുകളും സ്ത്രീക്കും ലഭിക്കുന്നു. ഇത് ഒരു പുരുഷാധിപത്യ സംസ്കാരത്തിൽ ലഭിക്കാത്ത ഒന്നാണ്. സ്ത്രീകൾ വിവാഹശേഷം സ്വന്തം വീട്ടിൽ തന്നെ നിൽക്കുന്നതുകൊണ്ട് അവരുടെ സ്വാതന്ത്ര്യത്തിൽ ആരും കൈകടത്തുന്നില്ല. തുടർന്ന് പഠിക്കേണ്ട സ്ത്രീകൾക്ക് ഇഷ്ടം പോലെ പഠിക്കാം. ജോലിക്ക് പോകേണ്ടവർക്ക് പോകാം. ഒരുമിച്ച് താമസിക്കുന്ന സമ്പ്രദായം ആയതുകൊണ്ട് കുട്ടികളും അവരുടെ ബാല്യം സന്തോഷത്തിന്റെ അലയിൽ ആഘോഷിക്കുന്നു. സ്ത്രീകളുടെ വീടുകളിൽ കഴിയുന്നതുകൊണ്ട് വീട്ടുചിലവിനുള്ള തുക പുതിയാപ്ല അവരെ ഏൽപ്പിക്കുന്നു.



കൂട്ടുകുടുംബ വ്യവസ്ഥയിൽ എല്ലാവരും സഹകരണത്തോടെ ചെലവുകൾ നോക്കുന്നു. സ്ത്രീകൾക്ക് അവരുടെ ആങ്ങളമാരുടെ സംരക്ഷണവും ലഭിക്കുന്നു. ആങ്ങളമാർക്ക് പെങ്ങന്മാരുടെ സ്നേഹവും കരുതലും അതെപ്പോഴും ലഭിക്കുന്നു. തുല്യമായ രീതിയിൽ കുടുംബത്തെ കൊണ്ടുപോകാൻ വീട്ടിലെ മുതിർന്ന സ്ത്രീക്ക് സാധിക്കുന്നു. സ്ത്രീയും കുടുംബവും താമസിക്കുന്നത് കൊണ്ട് അവരുടെ പെൺമക്കൾ ആയിരിക്കും ഭാവിയിൽ അവിടെ ഉണ്ടാവുക. സഹോദരന്റെ ഭാര്യക്കും മക്കൾക്കും (ഭാര്യയുടെ) അവരുടെ വീട്ടിൽ ആ സ്ഥാനം ഉണ്ടാകും. തെക്കേപ്പുറത്തെ മിക്ക തറവാടുകളും വിൽക്കാൻ സാധിക്കില്ല. തലമുറയിലെ പെൺകുട്ടികൾക്കും കുട്ടികൾക്കും എന്നും സുരക്ഷിതമായ ഇടമാണ്. സ്ത്രീകൾ തന്നെ സാമ്പത്തികം കൈകാര്യം ചെയ്യുന്നത് ഇവിടെ കാണാം. എല്ലാ കാര്യങ്ങളിലും സ്ത്രീകൾ മുന്നിലാണ്. ഏത് പാതിരാത്രിക്കും സ്ത്രീകൾക്ക് ധൈര്യത്തോടെ പുറത്തിറങ്ങാം. എല്ലാ ആളുകളും പരസ്പരം അറിയാവുന്നവർ ആയിരിക്കും. പിതാവിനെ ഇത്തോകം എന്നാണ് കുറ്റിച്ചിറയിൽ വിളിക്കുന്നത്. അച്ഛന്റെ അമ്മയെ ഇത്ത എന്നാണ് വിളിക്കുന്നത്. അച്ഛന്റെ അമ്മയുടെ വീടായതുകൊണ്ട് ഇത്തോകം എന്ന് വിളിക്കുന്നു. അറബികളുടെയും കേരളത്തിലെയും സംസ്കാരങ്ങൾ മിശ്രിതമായി ഒരു സ്നേഹ സം

സ്കാരമാണ് നമുക്ക് കുറ്റിച്ചിറയിൽ കാണാൻ സാധിക്കുക. അതിഥികൾക്കെല്ലാം അവർ കൂട്ടുകാരാണ്. കുറ്റിച്ചിറയിലെ തറവാടുകൾ നിർമ്മിച്ചിരിക്കുന്നത് അറബ് കേരള മിശ്രിത ശൈലിയിൽ തന്നെ. എല്ലാ വീടുകൾക്കും പടാപ്പുറം, കോലായ. വരാന്തക്ക് പടാപ്പുറം എന്നാണ് അവർ പറയുന്നത്. സ്റ്റേജ് പോലുള്ള കൊട്ടിലുകൾ ,വലിയ അകം, നടുമുറ്റം എന്നിവ ഉണ്ട് . നല്ല വായുസഞ്ചാരമുള്ള നിർമ്മിതിയാണ്. വലിയകുളം അല്ലെങ്കിൽ ഒരു വലിയ കിണറും കുളിമുറിയും ഒക്കെ ഉണ്ടാവും. തലമുറകൾ വലുതായി കഴിഞ്ഞ കുടുംബങ്ങൾ, വിട്ട ബന്ധങ്ങൾ ഒക്കെ തറവാട്ടിൽ വേറെ അടുക്കളകളും ഉപയോഗിക്കും. എന്നിരുന്നാലും എല്ലാവർക്കും ഉള്ളതുകൊണ്ട് ഓണം പോലെ ജീവിക്കുന്നവരെയാണ് കുറ്റിച്ചിറയിൽ നിങ്ങൾക്ക് കാണാൻ കഴിയുന്നത്. സാധിക്കാത്തത് ഒന്ന് സ്വത്തു തർക്കം. സ്വത്ത് ഇല്ലാത്തത് കൊണ്ട് തന്നെ അവിടെ സ്വത്ത് തർക്കം ഇല്ല. സ്ത്രീധനപീഡനം ഇല്ല, പെൺകുട്ടി വീട്ടിൽ നിൽക്കുന്നതുകൊണ്ട് കല്യാണത്തിന് എല്ലാവരുടെയും ആഭരണങ്ങൾ ഒക്കെ ധരിക്കും. നവ വധൂവരന്മാർക്ക് ഉറങ്ങാനുള്ള അറ മാത്രം കൊടുത്താൽ മതി. സ്ത്രീധനത്തുകയുടെ കണക്കോ പൊന്നിന്റെ കണക്കോ അവിടെ ഇല്ല. ചില തറവാടുകളിൽ അറ ഇല്ലാത്തതിനാൽ മുതിർന്ന സ്ത്രീകൾ അവരുടെ അറ കൊടുക്കും. ചിലപ്പോൾ ബന്ധുക്കളുടെ അറ കുറച്ചു ദിവസത്തിന് ഒക്കെ ഉപയോഗിക്കും. ഗൾഫ് പുതിയാപ്പിള വരുമ്പോൾ. അതായത് സ്ത്രീക്ക് ഒരുവിധത്തിലുമുള്ള സ്ത്രീധന ഉപദ്രവവും ഏൽക്കേണ്ടി വരുന്നില്ല.

**എല്ലാവരും പരസ്പരം സഹകരണത്തോടെ ജീവിക്കുന്നത് കൊണ്ട് ഒരു സ്ത്രീയേയും ലൈംഗിക തൊഴിലാളിയായി നിങ്ങൾക്ക് കാണാനാവില്ല. പീഡനം, അമ്മായിയമ്മപ്പോര് ഇതെല്ലാം കുറ്റിച്ചിറക്ക് അന്യം. നല്ല ഭക്ഷണം കഴിക്കുക , കൊടുക്കുക. നല്ല വസ്ത്രം ധരിക്കുക സന്തോഷത്തോടെ ജീവിക്കുക ഇതാണ് കുറ്റിച്ചിറ. ഗാർഹികപീഡനം, പുരുഷന്മാരുടെയും കുടുംബത്തിന്റെയും ക്രൂരവും ബഹുമാനം നൽകാത്തതും ആയ പെരുമാറ്റം തുടങ്ങിയ കാര്യങ്ങൾ തട്ടിച്ചു നോക്കുമ്പോൾ കുറ്റിച്ചിറയിലെ ജീവിതം വ്യത്യസ്തമാണ്.**

എല്ലാവരും പരസ്പരം സഹകരണത്തോടെ ജീവിക്കുന്നത് കൊണ്ട് ഒരു സ്ത്രീയേയും ലൈംഗിക തൊഴിലാളിയായി നിങ്ങൾക്ക് കാണാനാവില്ല. പീഡനം, അമ്മായിയമ്മപ്പോര് ഇതെല്ലാം കുറ്റിച്ചിറക്ക് അന്യം. നല്ല ഭക്ഷണം കഴിക്കുക, കൊടുക്കുക. നല്ല വസ്ത്രം ധരിക്കുക സന്തോഷത്തോടെ ജീവിക്കുക ഇതാണ് കുറ്റിച്ചിറ. ഗാർഹികപീഡനം, പുരുഷന്മാരുടെയും കുടുംബത്തിന്റെയും ക്രൂരവും ബഹുമാനം നൽകാത്തതും ആയ പെരുമാറ്റം തുടങ്ങിയ കാര്യങ്ങൾ തട്ടിച്ചു നോക്കുമ്പോൾ കുറ്റിച്ചിറയിലെ ജീവിതം വ്യത്യസ്തമാണ്. അത് ഏറെക്കുറെ സ്ത്രീപക്ഷവും മറ്റ് സമൂഹങ്ങൾക്ക് മാതൃകയാക്കാവുന്നതുമായ സമൂഹമാണ്. നിലവിൽ സ്ത്രീകളുടെ മാനസികാരോഗ്യം തന്നെ നോക്കുമ്പോൾ കുറ്റിച്ചിറയിലെ സ്ത്രീകൾ മാനസികാരോഗ്യത്തോടെ ജീവിക്കുന്നു. സ്ത്രീധന പീഡനത്തിൽ ഒരു പെൺകുട്ടി കേരളത്തിൽ മരിച്ചപ്പോൾ ഉയർന്ന സ്ത്രീ നേതാക്കളൊക്കെ മാതൃദായ സമ്പ്രദായത്തെ അംഗീകരിച്ചിട്ടുണ്ട്. മാതൃദായ സംവിധാനം നിലവിൽ വരണം എന്ന് പറയുക കൂടി ഉണ്ടായി. എനിക്കും അതേ അഭിപ്രായമാണ്. മാതൃദായക സമ്പ്രദായം സ്ത്രീകൾക്ക് കൂടുതൽ മാനസിക സന്തോഷം പ്രധാനം ചെയ്യുന്നു. പുരുഷന്റെ വീട്ടിൽ താമസിക്കുമ്പോൾ സ്ത്രീയെ അടിമയായി മാത്രമാണ് അവർ കാണുന്നത്. അങ്ങനെ അല്ലാത്ത പുരുഷാധിപത്യ കുടുംബങ്ങൾ വിരളമാണ്. ഒരു സ്ത്രീപക്ഷവാദി എന്ന നിലയിൽ മാതൃദായക സമ്പ്രദായത്തെ ഞാൻ ബഹുമാനിക്കുന്നു....

# മാതൃദായക്രമം സമ്പ്രദായം വർക്കലയിലും പരിസരപ്രദേശങ്ങളിലും



ഡോ. എ. ജെദീദ
മുൻ വൈസ് പ്രിൻസിപ്പിൾ,
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

ചരിത്രകാരന്മാരുടെ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ള ഒന്നാണ് തിരുവനന്തപുരം ജില്ലയിലെ കോസ്റ്റൽ പോക്കറ്റ്സിൽ മുസ്ലീങ്ങളുടെ ഇടയിൽ നിലനിന്നിരുന്ന മരുമക്കത്തായ സമ്പ്രദായം. പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ള സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി എന്ന തന്റെ ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. തിരുവിതാംകൂറിലെ മുസ്ലിംകളിൽ പരവൂർ, ഇടവ, വർക്കല തുടങ്ങിയ സ്ഥലങ്ങളിൽ മരുമക്കത്തായ പിന്തുടർച്ചക്കാരെ കാണാം (പേ. 310). ഡോക്ടർ എ.പി. ഇബ്രാഹിംകുഞ്ഞ് 'മാപ്പിള മുസ്ലിംസ് ഓഫ് കേരള 'എന്ന തന്റെ ചരിത്രരചനയിൽ ഇളം കുളത്തിന്റെ ഈ പ്രസ്താവനയെ ശരി വെച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലയുടെ വടക്കു ഭാഗത്ത് സ്ഥിതിചെയ്യുന്ന 6 ദേശങ്ങൾ ഇടവാ, കാപ്പിൽ, ഇടവാകുടി (പാറയിൽ), വെങ്കുളം, മാന്തറ , ഓടേറ്റി എന്നിങ്ങനെ ആറു ദേശങ്ങൾ അടങ്ങിയതാണ് ഇടവ വില്ലേജ്. ഡിസ്ട്രിക്റ്റ് ഗസറ്റ്സ് ഓഫ് ട്രിവാൻഡ്രമിൽ (പി. 272) വ്യാപാരികളായി എത്തിയ (എഡി എട്ടാം നൂറ്റാണ്ടിൽ തന്നെ) അറബ് വണിക്കുകളുടെ സ്വാധീന ഫലമായി രൂപം കൊണ്ടതാണ് ട്രിവാൻഡ്രം ഡിസ്ട്രീക്ക്ട്-ലെ കടലോര പ്രദേശങ്ങളിൽ മുസ്ലിം സമൂഹം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. "വർക്കല ഹാഡ് എ ഗുഡ് ഹാർബർ ആൻഡ് എ വില്ലേജ് ഓൺ ഇറ്റസ് ഷോർ" എന്ന ടി. വി. എം. ഡിസ്ട്രീക്ക്ട്-ലെ പരാമർശവും ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്.

ഭൂമിശാസ്ത്രപരമായ വമ്പിച്ച വ്യതിയാനങ്ങളുടെയും ആഗോള വ്യാപാര വാണിജ്യ മണ്ഡലങ്ങളിലെ സാമ്പത്തിക മുന്നേറ്റങ്ങളുടെയും മുന്നിൽ പകച്ചുപോയ വർക്കലയിലെ മിനി ഹാർബറിന് പത്തൊൻപതാം നൂറ്റാണ്ടിൽ പ്രശസ്തി നഷ്ടമായി. എന്നാൽ ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നത് പോലെ അറബികൾ വർക്കല വിട്ട് പോയിട്ടും അവരുടെ സ്വാധീ



ന ഫലമായുണ്ടായ (വിവാഹബന്ധങ്ങളിലൂടെയും സ്വമേധയാ ഉള്ള ഇസ്ലാം മതാശ്ലേഷത്തിലൂടെയും) ഉയിർകൊണ്ട മുസ്ലിം സമൂഹം ഇന്നും ഈ പ്രദേശങ്ങളിൽ ഇന്നാടിന്റെ അവിഭാജ്യഘടകമായി നിലകൊള്ളുന്നു. സാമ്പത്തിക മേഖല മന്ദീഭവിച്ചപ്പോൾ തദ്ദേശീയ മുസ്ലീങ്ങൾ സിംഗപ്പൂർ, ബർമ്മ, സിലോൺ തുടങ്ങിയുള്ള ദേശങ്ങളിൽ തൊഴിൽ തേടി പോയി. പിൽക്കാലത്ത് ഗൾഫ് ബൂം ഉണ്ടായപ്പോൾ ഭൂരിഭാഗം നാട്ടുകാരും അവിടെ പ്രവാസികളായെത്തി. ഈ പ്രദേശങ്ങളിലെ മുസ്ലിംങ്ങൾക്കിടയിൽ നിലവിൽ വന്ന മരുമക്കത്തായ സമ്പ്രദായം കുടുംബത്തിലെ പുരുഷന്മാർ ദീർഘകാലം വിദേശങ്ങളിൽ ആയിരിക്കെ കുടുംബത്തിൽ കഴിഞ്ഞിരുന്ന സ്ത്രീകളുടെ സെക്യൂരിറ്റിയെക്കുറിച്ചുള്ള ആകുലതയിൽ നിന്നും ഉണ്ടായതാണ്. സ്ത്രീകളിലൂടെയുള്ള അനന്തരാവകാശ കൈമാറ്റ രീതി (മാതൃകദായക സമ്പ്രദായം) അങ്ങനെ ഉത്ഭവിച്ചതാണെന്ന് കാണാം.

ഉത്തരകേരളത്തിലെ മാപ്പിള സമൂഹത്തിൽ നിന്ന് വ്യത്യസ്തമാണ് ഇവിടങ്ങളിൽ നിലനിന്ന മരുമക്കത്തായ സമ്പ്രദായം. വ്യതിരിക്തത പുലർത്തിയ ഈ തനത് സംസ്ക്കാരത്തിൽ ബഹുഭാര്യത്വം വളരെ കുറവായിരുന്നു. ഉത്തരകേരളത്തിലെ സമകാലിക മാപ്പിള സ്ത്രീകളോടു തുലനം ചെയ്യുമ്പോൾ ഈ പ്രദേശങ്ങളിലെ മുസ്ലിം സ്ത്രീകൾ ഏറെ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു. അവർക്ക് വ്യവസ്ഥാപിതമായി നടത്തപ്പെട്ടിരുന്ന മലയാളം കൂടി അഭ്യസിപ്പിച്ചിരുന്ന മദ്രസകളിൽ പ്രായമായ പെൺകുട്ടികൾക്കും വിദ്യാഭ്യാസം ലഭിച്ചിരുന്നു. സ്വത്തവകാശം അവർക്ക് ആത്മവിശ്വാസവും സാമ്പത്തിക ഭദ്രതയും നൽകി. സ്ത്രീ ഭാര്യയായും ഏറെ ആദരിക്കപ്പെട്ടു. കൂട്ടുകുടുംബ സംവിധാനം ഈ വ്യവസ്ഥിതിയിലെ പൊതുരീതിയായിരുന്നു. ഭാര്യവീട്ടിൽ താമസമാക്കിയിരുന്ന പുരുഷന്മാർ, തങ്ങളുടെ തറവാടുകളിൽ സ്വത്തവകാശം ഉറപ്പിച്ച്, സ്വന്തം അസ്തിത്വം ഉറപ്പിച്ചു നിലകൊണ്ടിരുന്ന ഭാര്യമാരെ ഏറെ ബഹുമാനത്തോടെയും കരുതലോടെയുമാണ് അഭിമുഖീകരിച്ചിരുന്നത്. സ്ത്രീപീഡനങ്ങൾ ഇല്ലായിരുന്നു. പെൺകുഞ്ഞിൻറെ ജനനം കൊണ്ടാടപ്പെട്ടിരുന്നു. ഇവിടെ ഒരു സങ്കീർണ്ണത ചൂണ്ടിക്കാട്ടാനുണ്ട്. ഇസ്ലാമിന് അന്യമായ മാതൃദായക സമ്പ്രദായത്തിനുള്ളിൽ തന്നെ ഇസ്ലാം കല്പിക്കുന്ന ഏകഭർതൃസമ്പ്രദായം രൂഢമൂലമായിരുന്നു. മരുമക്കത്തായികളുടെ അറകളുടെ അകത്തളങ്ങളിൽ കെട്ടുറപ്പുള്ള പാട്രിയാർക്കൽ സമ്പ്രദായത്തിന്റെ സ്വകാര്യമായ ഹൃദയതുടിപ്പുകൾ സ്ഫുടമായിരുന്നു.



ഫാത്തിമ നിസാറുദ്ദീന്റെ 'മൈ മദേർ'സ് ഡോട്ടർ എന്ന ഡോക്യുമെൻററിയിൽ അനന്തരാവകാശികൾക്കു വേണ്ടി സ്വന്തം സഹോദരിയെ ഒന്നിനു പിറകെ ഒന്നായി മൂന്നു തവണ വിവാഹം ചെയ്തു കൊടുത്ത കാരണവരെ കാണാം. (മൂന്നു ഭർത്താക്കന്മാരുണ്ടായിരുന്നു എന്ന പരാമർശം ഏറെ തെറ്റിദ്ധാരണകൾ ഉണ്ടാക്കി; എനിക്കാ ഉമ്മാമ്മയെ നേരിട്ടറിയാം) ഒരിക്കലും ബഹുഭർതൃത്വം നിലനിന്നില്ല മുസ്ലിം മരുമക്കത്തായത്തിൽ. ചരിത്രത്തിന്റെ ഐറണി എന്നോണം ആധുനികകാലഘട്ടത്തിലെ പ്രവാസി ലോകത്തിന്റെ സ്വാധീനത്തിൽ ഈ മേഖലയിലെ മരുമക്കത്തായം തകർന്നു.



ചർച്ചാവിഷയം

**ലക്ഷ്മി ചന്ദ്രൻ സി. പി.**
ഗവേഷക വിദ്യാർത്ഥി, ജെ.എൻ.യു, ന്യൂഡൽഹി



# മണിപ്രവാളകൃതികളും താവഴി സമ്പ്രദായവും

മധ്യകാല കേരളത്തിൽ നിലനിന്നിരുന്ന താവഴി എന്ന സമ്പ്രദായത്തിന്റെ ബ്രാഹ്മണവൽക്കരണവും അതിനുമേൽ ആധിപത്യം സ്ഥാപിക്കുന്നതിൽ മണിപ്രവാള കൃതികളുടെ പങ്കിനെ കുറിച്ചാണ് പ്രസ്തുത ലേഖനത്തിന്റെ പ്രതിപാദന വിഷയം. വർണ വ്യവസ്ഥിതിയിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിൽ വരേണ്യ വിഭാഗത്തിന്റെ വക്താക്കളാലാൽ നിർമ്മിക്കപ്പെട്ട സാഹിത്യവും മറ്റു അനുബന്ധ ശാഖകളും സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട ഒരു ജനതയുടെ നൂറ്റാണ്ടുകളായുള്ള ജീവിതത്തെ ബാധിച്ചുവെന്നുള്ള യാഥാർഥ്യത്തിനു വളരെ കൃത്യമായ വിശകലനങ്ങൾ നൽകുന്ന പഠനങ്ങൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും, മധ്യകാലകേരളത്തിനെ കുറിച്ചുള്ള അത്തരം പഠനങ്ങൾ കുറവായി കാണുന്നു. അതിനാൽ പ്രാദേശിക ഭാഷകളിൽ സാധാരണക്കാർക്കുകൂടി ലഭ്യമാകുന്ന രീതിയുള്ള പഠനങ്ങൾ വളരെ അത്യന്താപേക്ഷികമാണ്.

ബ്രിട്ടീഷ് അധിനിവേശ കാലഘട്ടത്തിലുണ്ടായ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മാറ്റങ്ങളും അവയെ തുടർന്ന് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉണ്ടായിട്ടുള്ള സാമൂഹിക മത പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് സ്ത്രീകളുടെയും താഴ്ന്നര ജാതിയിൽപെട്ടവരുടെയും അവസ്ഥയിൽ മാറ്റങ്ങൾ വരുത്താനായിട്ടുണ്ടെങ്കിലും അത്തരം മാറ്റങ്ങളുടെയും അക്കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള വ്യവഹാരങ്ങളെ പറ്റിയുമുള്ള പഠനങ്ങൾ കേരളചരിത്രത്തിൽ വളരെ കുറവായി കാണപ്പെടുന്നു.

ബ്രാഹ്മണ്യത്തിന്റെ വക്താക്കൾ വർണാശ്രമധർമത്തിൽ അധിഷ്ഠിതമായ സാമൂഹികവ്യവസ്ഥിയെ ഊട്ടിയുറപ്പിക്കുന്നതിലേക്കായി മധ്യകാല മണിപ്രവാള സാഹിത്യകൃതികളെ പ്രചാരണ മാധ്യമങ്ങളായി ഉപയോഗിച്ച തായി കണക്കാഠീ. ജാതിയുടെയും ലിംഗവ്യതാസത്തിന്റെയും അടിസ്ഥാനത്തിലുള്ള ധാരാളം അക്രമങ്ങൾക്കു പുറമെ ദൈനംദിന ജീവിതത്തിൽ, നേരത്തെ സൂചിപ്പിച്ചതുപോലെ, ജാതിവാദവും ലിംഗഭേദവും പൊതുജനങ്ങളിലും ജനങ്ങളുടെ സ്വകാര്യ ജീവിതത്തിലും ആഴത്തിൽ കൊത്തിവച്ചിട്ടുണ്ട്.

**വൈശികതന്ത്രം, ചന്ദ്രോത്സവം എന്നീ കൃതികൾ വേശ്യ കുടുംബങ്ങളിലെ മാതൃദായക ക്രമത്തിനെ കുറിച്ച് പ്രതിപാദിക്കുന്നവയാണ്. മണിപ്രവാള ഭാഷയിൽ രചിക്കപ്പെട്ട ആദ്യ കൃതികളിൽ ഒന്നാണ് വൈശികതന്ത്രം. പതിമൂന്നോ പതിനാലോ ശതകങ്ങളിൽ രചിക്കപ്പെട്ടുന്നു എന്ന് കരുതപ്പെടുന്ന ഈ കൃതിയുടെ രചനാകാലഘട്ടത്തെ കുറിച്ച് ചരിത്രകാരന്മാരുടെ ഇടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ആണ് നിലനിൽക്കുന്നത്. വേശ്യാവൃത്തിയെ കുറിച്ച് പ്രതിപാദിക്കുന്ന ഈ കൃതി, അമ്മയിൽ നിന്ന് മകളിലേക്ക് പാരമ്പര്യമായി വേശ്യാവൃത്തി കൈമാറുന്ന താവഴി ക്രമത്തിനെ കുറിച്ച് സൂചന നൽകുന്നു.**

വൈശികതന്ത്രം, ചന്ദ്രോത്സവം എന്നീ കൃതികൾ വേശ്യ കുടുംബങ്ങളിലെ മാതൃദായക ക്രമത്തിനെ കുറിച്ച് പ്രതിപാദിക്കുന്നവയാണ്. മണിപ്രവാള ഭാഷയിൽ രചിക്കപ്പെട്ട ആദ്യ കൃതികളിൽ ഒന്നാണ് വൈശികതന്ത്രം. പതിമൂന്നോ പതിനാലോ ശതകങ്ങളിൽ രചിക്കപ്പെട്ടുന്നു എന്ന് കരുതപ്പെടുന്ന ഈ കൃതിയുടെ രചനാകാലഘട്ടത്തെ കുറിച്ച് ചരിത്രകാരന്മാരുടെ ഇടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ആണ് നിലനിൽക്കുന്നത്. വേശ്യാവൃത്തിയെ കുറിച്ച് പ്രതിപാദിക്കുന്ന ഈ കൃതി, അമ്മയിൽ നിന്ന് മകളിലേക്ക് പാരമ്പര്യമായി വേശ്യാവൃത്തി കൈമാറുന്ന താവഴി ക്രമത്തിനെ കുറിച്ച് സൂചന നൽകുന്നു. വേശ്യാഗൃഹങ്ങളിലെ താവഴി സമ്പ്രദായം അവരുടെ വേശ്യാവൃത്തിയിലൂടെ ധനസമാഹാരണതിനെ നിലനിർത്തുന്നതിനുള്ള ഒരു പ്രധാന മാനദണ്ഡമനാണ്. സ്ത്രീകൾ കുടുംബത്തിന്റെ അധികാരം വഹിക്കുക എന്നത് വേശ്യ ഗൃഹത്തിന്റെ പ്രത്യേകതയാണ്. ശാലിനി ഷായുടെ അഭിപ്രായത്തിൽ പുരുഷാധിപത്യ കുടുംബങ്ങളിൽ നിന്ന് വ്യത്യസ്തമായി, വേശ്യ കുടുംബങ്ങൾ കർശനമായി മാട്രിഫോക്കൽ സ്ഥാപനങ്ങളായിരുന്നു. വേശ്യ എന്ന പദത്തിനോടും വേശ്യാകുടുംബം എന്ന് കേൾക്കുമ്പോൾ സാദാരണ ഉണ്ടാകാറുള്ള 'അറ

പ്പും', അത്തരം സ്ത്രീകളോടുള്ള 'വെറുപ്പും' നമ്മുടെ സമൂഹത്തിൽ നില നിൽക്കുന്ന സോഷ്യൽ സ്റ്റിഗ്മയെ ആണ് സൂചിപ്പിക്കുന്നത്. ശുദ്ധി, അശുദ്ധി, കുലീന, കുലട എന്നീ ലിംഗ അസമത്വത്ത പരമായ സങ്കല്പങ്ങളുടെ പ്രത്യയശാസ്ത്രപരമായ അടിത്തറ വിശകലനം ചെയ്യുക എന്നുള്ളതാണ് ഈ പഠനത്തിന്റെ മറ്റൊരു ഉദ്ദേശ്യലക്ഷ്യം.

അമ്മ തന്റെ മകൾക്കു വേശ്യാവൃത്തിയുടെ സങ്കീർണമായ വിശദശാംശങ്ങൾ കൈമാറ്റം ചെയ്യുന്നതാണ് വൈശികതന്ത്രത്തിലെ പ്രതിപാദന വിഷയം. തന്റെ അമ്മയും അമ്മൂമ്മമാരും പഠിപ്പിച്ച വസ്തുതകൾ മകൾക്കു കൈമാറുന്ന ഈ രീതിയിൽ അമ്മയും മകളും തമ്മിലുള്ള ബന്ധം ഒരമ്മയും മകളും എന്നതിലുപരി തങ്ങളുടെ ജീവിതചര്യയെ കുറിച്ചുള്ള അറിവ് പകർന്നു നൽകാനുള്ള ഉത്തരവാദിത്തമുള്ള ഒരു അദ്ധ്യാപിക കൂടിയാണ്. ഇത് ഒരുതരം ഗുരു-ശിഷ്യ ബന്ധമായി വായിക്കേണ്ടതാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ അടുത്ത തലമുറയിലേക്ക് അറിവ് കൈമാറാനുള്ള ഒരു മാധ്യമം കൂടിയായി അമ്മ മാറുന്നു. അമ്മ അവരുടെ മകൾക്ക് തൊഴിലുമായി ബന്ധപ്പെട്ട പ്രത്യേക കഴിവുകൾ നേടാൻ പ്രാപ്തയാകാൻ കൈമാറുന്ന ആശയങ്ങൾ തലമുറകളിലൂടെ വാമൊഴിയായി കൈമാറ്റം ചെയ്തതാണെന്ന് കൃതിയിൽ പരാമർശിക്കപ്പെടുന്നു.

**അമ്മ തന്റെ മകൾക്കു വേശ്യാവൃത്തിയുടെ സങ്കീർണമായ വിശദശാംശങ്ങൾ കൈമാറ്റം ചെയ്യുന്നതാണ് വൈശികതന്ത്രത്തിലെ പ്രതിപാദന വിഷയം. തന്റെ അമ്മയും അമ്മൂമ്മമാരും പഠിപ്പിച്ച വസ്തുതകൾ മകൾക്കു കൈമാറുന്ന ഈ രീതിയിൽ അമ്മയും മകളും തമ്മിലുള്ള ബന്ധം ഒരമ്മയും മകളും എന്നതിലുപരി തങ്ങളുടെ ജീവിതചര്യയെ കുറിച്ചുള്ള അറിവ് പകർന്നു നൽകാനുള്ള ഉത്തരവാദിത്തമുള്ള ഒരു അദ്ധ്യാപിക കൂടിയാണ്.**

മുത്തശ്ശി തന്റെ മകൾക്ക് അവളുടെ ചെവിയിൽ രഹസ്യമായി അറിവ് പകർന്നു കൊടുക്കുന്ന രീതി വളരെ ഉയർന്ന തരത്തിലുള്ള അറിവുകൾ എന്നുകരുതപ്പെട്ടിരുന്ന ഉപനിഷദ്കൾ പോലെയുള്ള വിജ്ഞാന മേഖലകൾ ഒരു പ്രത്യേകതരം അവകാശമായി സാമൂഹിക ഉയർന്ന തട്ടിൽ ഉള്ളവർക്ക് മാത്രമായി പ്രചരിപ്പിക്കുന്നതിനായുള്ള ഉപാധിയായി മനസ്സിലാക്കപ്പെടുന്നു. ഉപനയനവുമായി ബന്ധപ്പെട്ട ആചാരങ്ങളിലും ഈ രീതി കാണപ്പെടുന്നു. ഇത്തര അവതാരണം വാമൊഴിയായി അടുത്ത തലമുറയിലേക്കു കൈമാറ്റം നൽകുന്ന അറിവിന്റെ മൂല്യത്തെയും രഹസ്യാത്മകത്തെയും സൂചിപ്പിക്കുന്നു. അതോടൊപ്പം തന്നെ തങ്ങളുടെ ജീവിതചര്യയുമായി ബന്ധപ്പെട്ടതിനാൽ അത് അവർക്ക് വളരെ പവിത്രമായിരിക്കാം.

വേശ്യാവൃത്തിയെക്കുറിച്ചുള്ള വൈശികതന്ത്രത്തിലെ പരാമർശങ്ങൾ നമുക്ക് അവരുടെ കുടുംബത്തിന്റെ ഘടനയെക്കുറിച്ച് മനസിലാക്കുവാൻ സഹായിക്കുന്നു. അമ്മ, അമ്മാമി, മുതുതള്ള തുടങ്ങിയ കുടുംബാംഗങ്ങൾ മരിച്ചാലും, അവൾ പുല ആചരിക്കുന്നുണ്ടെങ്കിലും, കുടുംബാംഗങ്ങളെ അശുദ്ധരായി കണക്കാക്കുന്ന ഈ സമയത്ത് അവർ ഏതെങ്കിലും ആചാരങ്ങൾ അല്ലെങ്കിൽ ദൈനംദിന പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെങ്കിലും 'അമ്മ മകളോട് അവളുടെ കാമുകൻ അവളുടെ അറയിൽ അവളുടെ അരികിൽ തുടരുന്നുവെന്ന് ഉറപ്പുവരുത്തണം എന്ന് ഉപദേശിക്കുന്ന വരികൾ വൈശികതന്ത്രത്തിൽ കാണുന്നു. ഇത് കാണിക്കുന്നത് അമ്മ വാസ്തവത്തിൽ മകളെ തന്റെഅ തൊഴിലിനോട് പ്രതിപദ്യത കാണിക്കുവാൻ ആവശ്യപ്പെടുന്നതാണ്. വൈശികതന്ത്രം കുലദേവനെ (തേവർ) കുറിച്ച് പരാമർശിക്കുന്നതിനോടൊപ്പം, തേവരുടെ പ്രതിഷ്ഠാസ്ഥാനത്തു അനംഗസേന (വൈശികതന്ത്രത്തിലെ പ്രധാന കഥാപാത്രം) കാമുകനെ സമീപിക്കുന്നതിന് മുൻപ് സന്ദർശിക്കണമെന്നും വഴിപാട് നടത്തുകയും വേണമെന്ന് നിഷ്കർഷിക്കുന്നു. ഇത് ഒരു കുലദൈവമാണോ അല്ലയോ എന്ന് വ്യക്തമല്ല. ഒരു സ്ത്രീ പരിചാരക (തോഴി) അല്ലെങ്കിൽ തോഴി ഇപ്പോഴും വേശ്യയോടൊപ്പം ഉണ്ടായിരിക്കുകയും അവളുടെ ഇഷ്ടനുവർത്തിയായി പ്രവൃത്തിക്കണമെന്നും പറയുന്നു. ഇത്തരം പരിചാരകരും ബന്ധുക്കളും ഉൾപ്പെട്ട ഒരു കുടുംബവ്യസ്ഥയാണ് വൈശികതന്ത്രം വരച്ചു കാണിക്കുന്നത്.

താവഴി സമ്പ്രദായം പാരമ്പര്യമായി പിന്തുടരുന്ന സ്ത്രീകളുടെ രണ്ട് വിഭാഗങ്ങളെയാണ് മണിപ്രവാള സാഹിത്യത്തിൽ കണ്ടുവരുന്നത്. വേശ്യസ്ത്രീകളും ചമ്പൂ കാവ്യങ്ങളിലെയും സന്ദേശകാവ്യങ്ങളിലെയും നായികമാർ. ഈ സ്ത്രീകഥാപാത്രങ്ങളെ എല്ലാം ഒരേ വിഭാഗത്തിൽ ഉൾപ്പെടുത്താൻ പറ്റുന്നവയല്ല. മുകളിൽ പ്രതിപാദിച്ച വേശ്യാകുടുംബവും നടിയുടെ കുടുംബവും തമ്മിൽ വളരെയധികം വ്യത്യസ്തകൾ ഉണ്ട്. ബ്രഹ്മണ്യ ചിന്താഗതിയുടെ വക്താക്കൾ മാതൃദായകക്രമം പാലിക്കുന്ന, വിവാഹം എന്ന വ്യഹരത്തിനു പുറത്തു ജീവിക്കുന്ന സ്ത്രീകളെ പറ്റി മണിപ്രവാളകൃതികളിൽ വിപുലമായ രീതിയിൽ വംശാവലികൾ നിർമിച്ചു.

ഉയർന്നകുലജാതരായ (എല്ലാ മണിപ്രവാള നായികമാരുടെയും ജാതി പരാമർശിച്ചിട്ടില്ല ) അല്ലെങ്കിൽ ബ്രാഹ്മണ സമൂഹത്തിൽ, ഭരണവർഗത്തിന്റെ പാർപ്പിട സമുച്ചയങ്ങൾക്കു അടുത്ത്, പട്ടണങ്ങളിൽ വസിക്കുന്നതായി കാണിച്ചിരിക്കുന്ന താവഴി സമ്പ്രദായം പാലിച്ചു പോരുന്ന സ്ത്രീകളെ ശാപം മൂലം ഭൂമിയിൽ ജനിച്ച അപ്സരസുകളായും, ഗന്ധർവകുലത്തിൽ നിന്നും ഉള്ളവരായും ചിത്രീകരിക്കുന്നതിലൂടെ താവഴി സമ്പ്രദായത്തിന്റെ ഉദ്ഭവമിത്തുകൾ സൃഷിടിക്കുകയാണ് മണിപ്രവാളകൃതികളിലൂടെ സവർണ ബ്രാഹ്മണ്യതയുടെ വക്താക്കൾ ചെയ്തത്.

മണിപ്രവാള സാഹിത്യകൃതികളിലെ സ്ത്രീ കഥാപാത്രങ്ങൾ നോൺ-നോർമറ്റീവ് കുടുംബങ്ങളുടെ ഭാഗമാണ്, അവരുടെ കുടുംബങ്ങളിലെ ഉൽപാദനമാർഗങ്ങൾ അച്ഛനിൽ നിന്നും മൂത്ത മകനിലേക്കു അധികാരം കൈമാറ്റം ചെയ്യപ്പെടുന്ന കുടുംബങ്ങളിൽ നിന്നും വ്യത്യസ്തമാണ്. ബന്ധുത്വ രീതികളും അതനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. മണിപ്രവാള കൃതികളിലെ മാതൃദായക കുടുംബങ്ങൾ മറ്റ് പ്രാദേശിക സാമൂഹിക-സാമ്പത്തിക, രാഷ്ട്രീയ, മത സ്ഥാപനങ്ങളിൽ നിന്ന് ഒറ്റപ്പെട്ടു കഴിയുന്നവയല്ല എന്ന് കാണാൻ കഴിയും.

താവഴി സമ്പ്രദായം നിയമപരമായി നിരോധിച്ച ഒരു സംസ്ഥാനം ആണ് കേരളം. മക്കത്തായം ആണ് 'ശ്രേഷ്ഠം' എന്ന 'ധാരണയും', താവഴി സമ്പ്രദായം പ്രാകൃതമാണെന്നുള്ള അബദ്ധ വിചാരധാരകളും പുരുഷമേധാവിത്വ കുടുംബങ്ങളിൽ ചരിത്രപരമായി നിലനിന്നിരുന്നതും ഇപ്പോഴും വ്യാപകമായി നിലനിൽക്കുന്നതുമായ സ്ത്രീകളുടെ പ്രത്യുത്പാദന പ്രക്രിയയുടെയും, ലൈംഗികതയുടെയും മേലുള്ള പുരുഷാധിപത്യം, പ്രതിഫലം ലഭിക്കാത്ത സമയക്രമം ഇല്ലാത്ത ജോലിഭാരത്തെക്കുറിച്ചുള്ള വേണ്ടത്രപഠനങ്ങൾ ഉണ്ടാകാത്തതിന്റെ പരിണിത ഫലങ്ങൾ ആയി വേണം കണക്കാക്കാൻ.

ചർച്ചാവിഷയം



**സുമേ സംങ്മാ**
സാമൂഹ്യപ്രവർത്തക
മേഘാലയ

വിവർത്തനം :
**അനു ഉഷ**
വിവർത്തക, കവയത്രി

# ‘എന്റെ അഭിമാനവും എന്റെ സ്ഥാനമാനങ്ങളും’ മേഘാലയയിലെ ‘അ’ച്ചിക്ക്

## മാതൃദായ സമ്പ്രദായത്തിൽ

മാതൃദായക്രമത്തിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിൽ ജനിച്ചു വളർന്നതിനാൽ എന്റെ സിരകളിൽ അനാവശ്യമായ അരക്ഷിതത്വമോ ഭയമോ ഉണ്ടായിട്ടില്ല. ഇവയൊക്കെ പുരുഷ കേന്ദ്രിത സമൂഹത്തിൽ ജനിക്കുന്ന ഒരു സ്ത്രീ അംഗം അനുഭവിക്കുന്ന പൊതുവായ ആശങ്കകളാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അമ്മയുടെ കുലമായ 'മഹരി'യോട് ശക്തമായ അടുപ്പം തോന്നുന്നതിനൊപ്പം ആത്മവിശ്വാസവും എന്നിൽ വളരുന്നു. കാരണം, കുട്ടിക്കാലം വളരെ ആനന്ദകരമാണ്; നിങ്ങൾ ഒരു പെൺകുട്ടിയായതിനാൽ ഒരിക്കലും ഉദാസീനമായ അനുഭവങ്ങൾ ഉണ്ടാവുകയില്ല. സ്വന്തം വീടിന്റെ സുഖവും സുരക്ഷിതത്വവും ഉപേക്ഷിക്കേണ്ടിവരുമെന്നോ അല്ലെങ്കിൽ വിവാഹ ജീവിതം നിങ്ങൾക്ക് അനുകൂലമല്ലെങ്കിൽ വീട് നൽകുന്ന സുരക്ഷിതത്വം നഷ്ടമാകുമെന്ന് ഭയപ്പെടാതെ ഒരു വിവാഹത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയുന്നത് അതിശയകരമാണ്. പരമ്പരാഗത ഭവനത്തിന്റെയും മറ്റു സ്ഥാവര സ്വത്തുക്കളുടെയും പിന്തുടർച്ചാവകാശം (എന്റെ കാര്യത്തിൽ ഇളയ മകൾ ആയതിനാൽ) എന്നിൽ അഭിമാനവും സുരക്ഷിതത്വബോധവും പകരുന്നു, അത് നിർണായകമായ സമയങ്ങളിൽ ഉത്തരവാദിത്വത്തോടെ സ്വതന്ത്രമായി തീരുമാനമെടുക്കുന്ന നിർഭയയായ ഒരു സ്ത്രീയെ പുറത്തുകൊണ്ടുവരാനും സഹായിക്കുന്നു. പ്രത്യേകിച്ച് ഗാരോ മാതൃദായക സമൂഹത്തിൽ ജനിച്ച ഒരു സ്ത്രീയെ സംബന്ധിച്ച് ഇത് വളരെ സ്വാഭാവികവും ചില അപവാദങ്ങളുണ്ടെങ്കിലും പുരുഷന്മാരും അതിനെ ഉൾക്കൊള്ളുകയും ചെയ്യുന്നു.



പക്ഷേ, മാതൃദായക്രമാധിഷ്ഠിതമായ ഗാരോ സമൂഹത്തിന്റെ സമ്പ്രദായങ്ങളെക്കുറിച്ചുള്ള സൂക്ഷ്മമായ പഠനം കാണിക്കുന്നത്, ഈ സമൂഹം പോലും രാഷ്ട്രീയ നേതൃത്വം, ധാർമ്മിക അധികാരം, സാമൂഹിക പദവി, സ്വത്തധികാരം എന്നിവയിൽ പുരുഷ മേധാവിത്വത്തിൽ നിന്ന് പൂർണ്ണമായും മുക്തമല്ല എന്നാണ്. അമ്മാവന്മാരും സഹോദരന്മാരും അടങ്ങുന്ന ക്രാസ് അധികാരം പ്രയോഗിക്കുന്നുണ്ട്.

മിക്ക മഹരികളിലും അല്ലെങ്കിൽ വംശങ്ങളിലും, ഒരു സ്ത്രീ ആരെ വിവാഹം കഴിക്കണമെന്നും അല്ലെങ്കിൽ ഒരു വിധവയെ ആരു പുനർവിവാഹം ചെയ്യണമെന്നും അവർ തീരുമാനിക്കുന്നു. വിവാഹാലോചനകൾ അംഗീകരിക്കുവാനും നിരാകരിക്കുവാനും ആൺകുട്ടിക്ക് അധികാരമുണ്ട്. തങ്ങൾക്ക് അനുകൂലമല്ലാത്ത വിവാഹബന്ധം വേർപെടുത്തുവാനുമുള്ള അവകാശം അവർക്കുണ്ട്. മൂത്ത സഹോദരിക്ക് മേൽ കൈ ഉയർത്താൻ ഒരു ഇളയ സഹോദരനെ പ്രാപ്തമാക്കുന്ന പരിധിവരെ പുരുഷാധിപത്യ സമ്പ്രദായം സമൂഹത്തിൽ പ്രവർത്തിക്കുന്നു. കുടുംബ കാര്യങ്ങളിലും തർക്കങ്ങളിലും, ഇനി അത് സ്ത്രീ അംഗത്തെ സംബന്ധിച്ച് അനുകൂലമായ ഫലം നൽകാത്തതായാലും അന്തിമ തീരുമാനം ക്രാസിന്റേതാണ്.



പൂർവികരുടെ സ്വത്തുക്കളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ക്രാസിന് പ്രധാനപ്പെട്ട അഭിപ്രായമുണ്ട്. വാസ്തവമെന്തെന്നാൽ പൂർവ്വികസ്വത്ത് ഇളയ മകളുടെ ജന്മാവകാശമാണ്. പക്ഷെ ഇത്തരം അനാവശ്യമായ ഇടപെടലുകൾ ഈ അനന്തരാവകാശത്തെ നിയന്ത്രിക്കുന്നു. എന്നിരുന്നാലും, മാതൃദായക്രമത്തെ പ്രാധാന്യത്തോടെ കാണുന്ന ക്രാസിന്റെ വിവേകത്തെ അംഗീകരിക്കേണ്ടതുണ്ട്. അവർ യുക്തിയും അനുകമ്പയും ഉള്ളവരായി പ്രവർത്തിക്കുകയാണെങ്കിൽ, കുടുംബ കാര്യങ്ങളിൽ അവരുടെ ഇടപെടൽ നന്മ മാത്രമേ നൽകുകയുള്ളു.

ഭർത്താവ് മരണപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും കുടുംബാംഗങ്ങൾക്ക് ഗുരുതരമായ രോഗങ്ങൾ ബാധിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ വിധവയെയും അവളുടെ മക്കളെയും നോക്കാനും വിവേകപൂർണ്ണമായ തീരുമാനങ്ങൾ എടുക്കാനുമുള്ള ഉത്തരവാദിത്തം അവർക്കുണ്ട്. ഇങ്ങനെ സ്വന്തം വംശത്തിലെ സ്ത്രീകളെ സംരക്ഷിക്കുക, പിന്തുണയ്ക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാവുന്ന തരത്തിലുള്ള ശ്രേഷ്ഠമായ ഉദ്ദേശ്യത്തോടെയാണ് ക്രാസിന് സമുദായത്തിൽ അധികാരം കൊടുത്തിരിക്കുന്നത്. ഗാരോ സമുദായത്തിലെ പുരുഷന്മാർ അവരുടെ മാതൃ മഹരികളിൽ മാത്രമല്ല, ഭാര്യയുടെ മഹരിയിലും ഒരു പ്രധാ

ന പങ്ക് വഹിക്കുന്നു, അവിടെ അവരെ ഗച്ചി എന്ന് വിളിക്കുന്നു. പുരുഷൻ ഒരു ഭാര്യയെ സ്വന്തമാക്കുക വഴി അവളുടെ മുഴുവൻ കുടുംബത്തെയും സ്വീകരിക്കുകയും ആ കുടുംബത്തിലെ മകനെപ്പോലെ അവൻ എല്ലാ ഉത്തരവാദിത്തങ്ങളും നിർവഹിക്കുന്നതിന് പ്രതിജ്ഞാബദ്ധനാകുകയും ചെയ്യുന്നു. അയാൾക്ക് ഭാര്യയുടെ ഉടമസ്ഥതയിലുള്ള സ്വത്തുക്കളുമായി ബന്ധപ്പെട്ട എല്ലാ കുടുംബകാര്യങ്ങളിലും തീരുമാനമെടുക്കുന്നതിൽ മുൻഗണന നൽകുകയും ചെയ്യുന്നു. അതിനാൽ, ഒരു മാതൃ സമൂഹത്തിൽ, രണ്ട് ലിംഗത്തിൽപെട്ട വ്യക്തികൾ തമ്മിലുള്ള സന്തുലിതാവസ്ഥയുടെയും ഐക്യത്തിന്റെയും ഒരു ചരട് സൂക്ഷിക്കാൻ കഴിയുമെന്ന് മനസ്സിലാക്കാം. ഇതുകൊണ്ട് തന്നെ വികാരങ്ങളുടെയും താല്പര്യങ്ങളുടെയും അടിച്ചമർത്തലുകൾ ഇല്ലാതെ സമുദായാംഗങ്ങൾക്ക് ഒരുമിച്ച് ജീവിക്കാനുള്ള അവസരം ലഭിക്കുന്നു. എല്ലാ സാമൂഹിക പ്രവർത്തനങ്ങളുടെയും നടത്തിപ്പിൽ പുരുഷന്മാർ ആധിപത്യം തുടരുമ്പോളാണ് സ്ത്രീകൾക്ക് തങ്ങളുടെ സ്വത്തുക്കളുടെ മേലുള്ള ഉടമസ്ഥാവകാശം നഷ്ടപ്പെടുന്നത്. സ്ത്രീകളും പുരുഷന്മാരും തമ്മിൽ അസമത്വം നിലനിൽക്കാത്ത അനുയോജ്യമായ സാമൂഹിക ക്രമീകരണമായി ഇതിനെ കാണാം. പുരുഷകേന്ദ്രിത സമൂഹത്തിൽ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുമ്പോൾ ഉണ്ടാകുന്ന അഹങ്കാര മനോഭാവം ഗാരോ സാമൂഹിക ജീവിതത്തിൽ ഇല്ല.



പക്ഷെ, ശരിയായ വിദ്യാഭ്യാസത്തിന്റെ അഭാവം മൂലം സ്ത്രീകൾ നിശബ്ദമായി പുരുഷന്മാരുടെ നിർദ്ദേശങ്ങൾക്ക് കീഴടങ്ങുകയും അവർ എടുക്കുന്ന തീരുമാനങ്ങൾ എത്ര യുക്തിരഹിതമാണെങ്കിലും അംഗീകരിക്കുകയും ചെയ്യുന്നു. എല്ലാ വീട്ടുജോലികളും ഒരു പെൺകുട്ടിയുടെ മാത്രം ചുമതലയാണെന്ന് വിശ്വസിപ്പിച്ചുകൊണ്ടാണ് സമുദായം അവളെ വളർത്തുന്നത്, അവർക്കുവേണ്ടി അമ്മാവന്മാരും സഹോദരന്മാരും എടുക്കുന്ന തീരുമാനങ്ങളെ ഒരിക്കലും ചോദ്യം ചെയ്യാതിരിക്കാനും പരിശീലിപ്പിക്കുന്നു. ഗാരോ സമൂഹത്തിന്റെ ആചാരപരമായ നിയമസംവിധാനം, സമുദായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നവർ- അതേതെങ്കിലും പ്രത്യേക വ്യക്തിയോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥാപനമോ ആയിക്കൊള്ളട്ടെ- അവരുടെ താത്പര്യങ്ങൾക്കനുസൃതമായി രൂപകല്പന ചെയ്തു വികസിപ്പിച്ചതും നടപ്പിലാക്കുന്നതുമാണ്. അവയിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും പ്രതികൂലമായ നിരവധി ആചാരങ്ങൾ ഉണ്ട്. അത്തരത്തിൽ ലിംഗപരമായ അടിച്ചമർത്തലിന്റെ പ്രതീകങ്ങളായ ചില ആചാരങ്ങൾ സൂചിപ്പിക്കാം. ഓണ്ണിക ആചാരപ്രകാരം, ഒരു വിഭാര്യന് തന്റെ ഭാര്യയുടെ അതേ വംശത്തിൽ നിന്നുള്ള ഒരു രണ്ടാമത്തെ ഭാര്യയെ ആവശ്യപ്പെടാം. ഈ ആചാരത്തിലൂടെ പുരുഷൻ ആദ്യ ഭാര്യയുടെ കുടുംബത്തിൽ തന്നെ തുടർന്നുകൊണ്ട് കുട്ടികളുടെയും വീട്ടുകാര്യങ്ങളുടെയും ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയും ചെയ്യുന്നു. ഉദ്ദേശ്യം എത്രതന്നെ നല്ലതാ

ണെങ്കിലും, പുരുഷൻമാർ അവരുടെ താത്പര്യങ്ങൾക്കനുസൃതമായി ഈ ആചാരത്തെ പ്രയോജനപ്പെടുത്തുന്നു.

സമുദായം ഇളയ സഹോദരിമാരെ രണ്ടാം ഭാര്യയായി വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഞാൻ അംഗമായ സ്ത്രീ സംഘടനയിൽ വന്ന ഒരു കേസ്, ഈ പ്രത്യേക ആചാരം ഗാരോ സമൂഹത്തിലെ സ്ത്രീകളെ എങ്ങനെ ബാധിക്കുന്നു എന്ന വസ്തുത എടുത്തുകാണിക്കുന്നു. ഇരയായ പെൺകുട്ടിയുടെ അമ്മയുടെ മരണശേഷം, അവളുടെ രണ്ടാനച്ഛൻ അവളുമായി പുനർവിവാഹം നടത്താൻ ആവശ്യപ്പെടുമ്പോൾ അവൾക്ക് ഏകദേശം പന്ത്രണ്ട് വയസ്സായിരുന്നു. അന്നുമുതൽ പെൺകുട്ടി ക്രൂരമായ ലൈംഗിക പീഡനത്തിനും അക്രമത്തിനും ഇരയായി. പക്ഷേ, ഭാഗ്യവശാൽ, അവളുടെ രണ്ടാനച്ഛന്റെ മക്കൾ അവളെ രക്ഷിക്കുകയും അവരുടെ പിതാവിനെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പ്രായം കൂടുതലുള്ള ഒരു സ്ത്രീയെ വിവാഹം കഴിക്കുന്ന ഒരുവന് പ്രായം കുറഞ്ഞ ഒരു ഭാര്യയെക്കൂടി ആവശ്യപ്പെടാൻ കഴിയുന്ന ദോച്ചപ (Dokchapa) ആചാരമാണ് ലിംഗപരമായ അടിച്ചമർത്തലിന് മറ്റൊരു തെളിവ്. ഇത്തരം ആചാരങ്ങൾ സ്ത്രീകൾക്കെതിരായ ഏറ്റവും മോശമായ



അടിച്ചമർത്തലുകളുടെയും വിവേചനത്തിന്റെയും പ്രതീകങ്ങളാണ്. ജെൻഡറിനെ അടിസ്ഥാനമാക്കിയുള്ള അതിക്രമങ്ങളുടെ ചരിത്രപരമായ ഒരു സ്വഭാവം പരിശോധിച്ചാൽ വെളിപ്പെടുന്ന വസ്തുതയെന്തെന്നാൽ അതൊരിക്കലും സ്വാഭാവികമായി സംഭവിക്കുന്നതല്ല എന്നതാണ്. വെറുതെ നിർഭാഗ്യകരമെന്ന് പറയേണ്ട കുറ്റകരമായ പ്രവൃത്തി മാത്രമല്ലത്. പിതൃദായ ക്രമത്തിൽ കാലങ്ങൾ കൊണ്ട് വ്യവസ്ഥാപിതമായ മട്ടിൽ രൂഢമൂലമായി, ഊട്ടിയുറപ്പിക്കപ്പെട്ടതാണ് ഇത്തരം അതിക്രമങ്ങൾ എന്ന് കാണാം.

കുടുംബം, വംശ കൂടാതെ സാമൂഹിക-പൗര-നിയമ സ്ഥാപനങ്ങൾ രഹസ്യമായും അല്ലാതെയും ഇതിന് ഒത്താശ ചെയ്യുന്നുണ്ട്. അതിനൊപ്പം തന്നെ, ഇത്തരം അതിക്രമങ്ങൾ ഉണ്ടാക്കുന്ന അപകീർത്തിയും, ഭയവും: അവയിൽ അന്തർലീനമായ ലൈംഗികചുവയും (സെക്സിസം) സ്ത്രീവിരുദ്ധതയും നിയന്ത്രണസ്വഭാവമുള്ള സ്ത്രീ പുരുഷ നീതിയെ ഉരുവപ്പെടുത്തുകയും ഉയർത്തിപ്പിക്കുകയും ചെയ്യുക വഴി ഏകശിലാത്മകമായ അസമത്വങ്ങൾ സൃഷ്ടിക്കുന്നതിന് അതിന്റേതായ പങ്ക് വഹിക്കുന്നു.

ഗാരോ മാതൃദായ ക്രമത്തിൽ കുടുംബം, കുലം, വംശം, എന്നിവയിലെ മുതിർന്ന അംഗം എന്ന നിലയ്ക്ക് സ്ത്രീകൾക്ക് പൊതുവേ നല്കി വരുന്ന സ്ഥാനമാനങ്ങൾ, ഭൂവുടമസ്ഥാധികാരം എന്നിവയെല്ലാം ഇന്നവിടത്തെ പിതൃദായക്രമം കവർന്നെടുക്കാനുള്ള ശ്രമത്തിലാണ്. അതിനാൽ, ഈ ഘട്ടത്തിൽ

ഗാരോ സമൂഹത്തെ പറ്റി മനസ്സിലാക്കിയിരിക്കേണ്ട ഒരു പ്രധാന വസ്തുതയെന്തെന്നാൽ ഭൂമി സംബന്ധമായ ഉടമസ്ഥാവകാശങ്ങളെല്ലാം അവിടത്തെ സമുദായ കൂട്ടായ്മയിലാണ് നിക്ഷിപ്തമായിക്കുന്നത്; വ്യക്തികളിലല്ല. നേരത്തേ തന്നെ സൂചിപ്പിച്ചിരുന്നത് പോലെ, വംശത്തിൽ പുരുഷനാണ്/ഭർത്താവാണ് ഭൂമി സംബന്ധമായ രേഖകളിൽ ഔദ്യോഗികമായി ഒപ്പിടുന്നതും, ആർക്ക് എന്തെല്ലാം വീതം വെച്ച് നല്കണമെന്നുമൊക്കെ തീരുമാനിക്കുന്നത്. ഭാര്യയുടെ പൂർവിക സ്വത്തുമായി ബന്ധപ്പെട്ട്, അവ വില്പന ചെയ്യുന്നതു പോലുള്ള നിർണ്ണായക കാര്യങ്ങളിൽ ഭർത്താവ് , ക്രാസിന്റെ ഉപദേശം സ്വീകരിക്കണമെന്നതാണ് നാട്ടുനടപ്പ്. എന്നാൽ, ഭൂരിഭാഗം പേരും ഏകപക്ഷീയമായി കാര്യങ്ങൾ ചെയ്യുന്നവരാണ്. ചട്ടങ്ങളേയോ നാട്ടുനടപ്പിനേയോ അവർ മുഖവിലക്കെടുക്കാറില്ല.

1920 കളിൽ ബ്രിട്ടീഷുകാർ തയ്യാറാക്കിയതും പിന്നീട് സ്വാതന്ത്ര്യത്തിനു ശേഷം ഗാരോ ഹിൽസ് സ്വയം ഭരണാധികാര ജില്ലാ സമിതി (Garo Hills Autonomous District Council) സൂക്ഷിക്കുന്നതുമായ രജിസ്ട്രറിൽ, ഭാര്യയുടെ പേരാണ് ആദ്യം എഴുതിക്കാണുന്നത്; ശേഷമാണ് ഭർത്താവിന്റെ പേര് കുറിക്കുന്നത്. പക്ഷേ, അദ്ഭുതപ്പെടുന്ന ഒരു കാര്യം, ഈയടുത്ത കാലത്തെ രജിസ്ട്രറുകളിൽ കാര്യങ്ങൾ അങ്ങനെയല്ല. ഭർത്താവിന്റെ പേരാണാദ്യം. പുതിയ കാലത്തെ രജിസ്ട്രേഷൻ ഫോമുകളിൽ ഭർത്താവിന്റെ പേരിനുള്ള കോളമാണ് ആദ്യം കാണുന്നത്. അതിനാൽ, ഇന്നിപ്പോൾ ആദ്യം ചേയ്യേണ്ട കാര്യം, സ്ത്രീയെ അവളുടെ പരമ്പരാഗതമായ അവകാശങ്ങളെ കുറിച്ച്, അതിന്റെ പ്രായോഗികമായ സാധ്യതകളെ കുറിച്ച്, പ്രയോജനങ്ങളെ കുറിച്ച്, അവയിലൂടെ കരഗതമാകുന്ന വ്യാപ്തമാർന്ന സ്ഥാനമാനങ്ങളെ കുറിച്ചെല്ലാം കാര്യമായി തന്നെ ബോധവതികളാക്കുക എന്നതാണ്.ഉദാത്തമായ ലക്ഷ്യങ്ങളുള്ളതും അതിനനുസരിച്ച് വെല്ലുവിളികൾ നിറഞ്ഞതുമായ ദൗത്യമാണിത്. അതേസമയം, പ്രധാന വിഷയങ്ങളിൽ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ നിന്നും സ്ത്രീകളെ പങ്കെടുപ്പിക്കാത്ത പ്രവൃത്തി തികച്ചും ഗൗരവതരമയ പക്ഷപാതിത്വമാണ്. ഇന്നാട്ടിലെ ആദിവാസി ജന വിഭാഗങ്ങളുടെ സ്വതസിദ്ധമായ പ്രത്യേകാവകാശങ്ങളെ പരിഗണിക്കാൻ ഭരണഘടന അനുശാസിക്കുന്ന ഗാരോ ഹിൽസ് സ്വയംഭരണ ജില്ല സമിതി ആരാണ് യതാർത്ഥ ഗാരോ എന്ന് ഏകപക്ഷീയമായും ധിക്കാരത്തോടെയുമാണ് നിർവ്വചിക്കാൻ ശ്രമിക്കുന്നത്. മാതൃദായക്രമത്തിന് കടകവിരുദ്ധമായ പ്രവൃത്തിയാണ് സമിതി നടത്തുന്നത്. അചിക്ക് സമുദായത്തിൽ മിശ്രവിവാഹിതർക്ക് ജനിക്കുന്ന കുഞ്ഞിനെ നോക്കി വളർത്തുന്നത് ആ സമുദായാംഗങ്ങൾ തന്നെയാണ്. കുട്ടികൾ അവരുടെ ഭാഷ സംസാരിക്കുന്നു. അമ്മയുടെ പാരമ്പര്യമാണവർക്ക് ലഭിക്കുന്നത് (മാതൃദായകം). അതുവഴി ആ കുഞ്ഞുങ്ങൾ ആ സമുദായത്തിന്റെ ഭാഗമായി വളരുന്നു. അതിനോട് ചേർന്ന് ജീവിക്കുന്നു. സ്വസമുദായാംഗമെന്ന നിലയിൽ സ്വീകരിക്കപ്പെടുന്നു. സമുദായത്തിലെ എല്ലാ ചടങ്ങുകളിലും ആഘോഷങ്ങളിലും പങ്കെടുക്കുകയും



ചെയ്യുന്നു. ഇത്തരം കുടുംബങ്ങൾ ഇന്നുമുണ്ടെന്നത് ഏവർക്കും കാണാവുന്ന കാര്യമാണ്.ഈ കുട്ടികൾ വളരുന്ന മുറയ്ക്ക് അവരവരുടേതായ നിലയിൽ സമുദായത്തിലെ ക്രിയാത്മകാംഗമായി മാറുന്നു.അവർ സമുദായത്തിന്റെ ഉന്നമനത്തിനും ക്ഷേമത്തിനും ഭാഗഭാക്കാവുന്നു. ആ നിലയിൽ, കാലങ്ങളായി സമൂഹം കൈമാറി കൈമാറി വരുന്ന പാരമ്പര്യങ്ങൾക്ക് ഇവരും ജന്മാവകാശികളാണ്. അങ്ങനെ തന്നെയാണ് ഇന്നാട്ടിലെ സർക്കാർ സംവിധാനങ്ങളും വിദ്യഭ്യാസ സ്ഥാപനങ്ങളും, മറ്റ് സാമുഹ്യ സംഘടനകളും, സാമുദായിക നേതാക്കളും, ഗ്രാമമുഖ്യന്മാരും ഇവരെ ഉൾക്കൊള്ളുന്നതും സ്വീകരിക്കുന്നതും. അമ്മയുടെ പേര് ചേർത്താണ് അവരെ സ്ക്കൂളിൽ പ്രവേശിപ്പിക്കുന്നത്. അവരവിടെ മിടുക്കന്മാരായി പഠിച്ച് വളരുന്നു, നല്ല ജോലി സമ്പാദിക്കുന്നു.

അമ്മയുടെ പേരും സമുദായത്തിന്റെ പേരുമാണ് ഇവർക്ക് വ്യക്തിത്വം / മേൽവിലാസം നല്കുന്നത്. അതേ സമയം, നിലനില്ക്കുന്ന സംവിധാനങ്ങളും രീതികളും ഇതായിരുന്നിട്ട് കൂടി പുതുതായി പ്രാബല്യത്തിൽ വന്ന ഗാരോ പരമ്പരാഗത നിയമ ബിൽ ഇതിൽ മാറ്റം വരുത്താനാണ് ശ്രമിക്കുന്നത്. അതിന്റെ ഫലമായി പരമ്പരാഗതമായി കൈമാറ്റം ചെയ്യപ്പെട്ട് വന്നിരുന്ന ജന്മാവകാശങ്ങളും, സ്ത്രീകൾക്കുണ്ടായിരുന്ന പ്രത്യേകാവകാശങ്ങളും ഏതാണ്ടെല്ലാം തന്നെ നിഷേധിക്കപ്പെടുകയാണ്.ഏതാനും വർഷങ്ങൾക്ക് മുമ്പ് ഗാരോ ജനതയുടെ പരമ്പരാഗതമായ അവകാശങ്ങളെ ഏകീകരിക്കുക എന്ന ലക്ഷ്യത്തോടെ ഗാരോ ഹിൽസ് സ്വയംഭരണ ജില്ലാ സമിതി ഒരു കമ്മിറ്റി രൂപീകരിക്കയുണ്ടായി.

ആ പ്രദേശത്തെ ഭൂമി ശാസ്ത്രപരമായ എല്ലാ വശങ്ങളേയും കണക്കിലെടുത്തായിരുന്നു പഠനം നടത്തിയത്. തികച്ചും നിഷ്പക്ഷമായി, സത്യസന്ധമായതും ഉറച്ചതും നീതിയുക്തവുമായ ഒരു പഠനമായിരുന്നു അത്. അതിലെ പരമ്പരാഗതമായ നിയമങ്ങളെ ഏകീകരിച്ചു കൊണ്ട് പറയുന്നതിപ്രകാരമാണ്: 1) രക്ഷിതാക്കൾ രണ്ടു പേരും ഗാരോ ആയിട്ടുള്ള കുട്ടികൾ 2) രക്ഷിതാക്കളിൽ ഒരാൾ - മാതാവോ പിതാവോ - മാത്രം ഗരോ ആയിട്ടുള്ള കുട്ടികൾ - അവർ ഗാരോ തന്നെയാണെന്നാണ് നിർവ്വചിക്കുന്നത്. അതിനുള്ള ഒരു മാനദണ്ഡം എന്നത് - കുട്ടികളെ ഗാരോ എന്ന നിലയിൽ നോക്കി വളർത്തുക, ഗാരോ ഭാഷ സംസാരിക്കുക, സമുദായത്തിന്റെ പരമ്പരാഗതമായ ആചാരങ്ങളെ പറ്റി അറിവുണ്ടാവുക എന്നതെല്ലാമാണ്. ചുരുക്കി പറഞ്ഞാൽ, സമുദായത്തിലേക്ക് അവരെ പൂർണ്ണമായും ഉൾക്കൊള്ളുക എന്നതാണ് അതുദ്ദേശിക്കുന്നത്. മേല്പറഞ്ഞ യഥാർത്ഥ കരട് രേഖയിലെ മിശ്രദമ്പതികളുടെ കുട്ടികളെ സംബന്ധിക്കുന്ന ഭാഗങ്ങൾ 2018 മാർച്ച് മാസത്തിൽ പാസാക്കിയ ഗാരോ പരമ്പരാഗത നിയമബില്ലും തുടർന്ന് 2019 ഡിസംബർ മാസത്തിലെ അനുബന്ധ രേഖയിലും ഒഴിവാക്കപ്പെടുകയാണുണ്ടായത്. അതിനർത്ഥം, ദമ്പതിമാരിൽ ഒരാൾ - അമ്മയോ അച്ഛനോ - ഗാരോ അല്ല എങ്കിൽ കുട്ടിയെ ഗാരോ ആയി പരിഗണിക്കില്ല എന്നാണ്.

ഗാരോ ഭാഷ സംസാരിക്കുക, രക്ഷിതാവിന്റെ സമുദായത്തിന്റെയോ അതിന്റെ ഉപവിഭാഗത്തിന്റെയോ പരമ്പര്യങ്ങൾ ഉണ്ടായിരിക്കുക, അതിന്റെ പേരോ മറ്റ് ചിഹ്നങ്ങളോ പേരിനൊപ്പം ചേർക്കുക എന്നിവയെ ആ നിയമം ഒട്ടും പരിഗണിച്ചിട്ടു കൂടി ഇല്ല. ഇത് ആത്യന്തികമായി ഈ കുട്ടികളുടെ / ജനങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്നതാണ്. ജന്മനാ മാതൃ പാരമ്പര്യത്തെ ഉൾക്കൊള്ളുന്ന മാതൃ



ദായ ക്രമത്തെ സംബന്ധിച്ചിടത്തോളം, രക്തശുദ്ധിയെ സംരക്ഷിക്കുന്ന വിധത്തിലുള്ള കാർക്കശ്യ സ്വഭാവമുള്ള ഈ നിയമ പ്രഖ്യാപനം ഗാരോ സമൂഹത്തെ അടിമുടി ആശങ്കയിലാഴ്ത്തിക്കളഞ്ഞു. ആബാലവൃദ്ധം ജനങ്ങളും നിയമപരമായ വെല്ലുവിളി നേരിടുകയാണ്. സ്ത്രീകൾക്കിടയിൽ പ്രത്യേകിച്ച് ഇത് ഭയവും ഉത്കണ്ഠയും വർദ്ധിപ്പിക്കുകയും ചെയ്തു.അക്ഷരാർത്ഥത്തിൽ, തന്റെ മക്കൾക്ക് തന്റെ പേര് നല്കാനുള്ള അമ്മയുടെ പരമ്പരാഗതമായ അവകാശത്തെ ഈ നിയമം തീർത്തും ഹനിച്ചു കളഞ്ഞു. ഗാരോ സമൂഹത്തിന്റെ അടിത്തറയെ തകർത്തുകൊണ്ട് പരമ്പരാഗതമായി നിലിനില്ക്കുന്ന പൂർവ്വികരുടെ സംസ്ക്കാരത്തെ ഇല്ലാതാക്കാനാണ് ഈ നിയമത്തിലൂടെ ശ്രമിച്ചത്.


രക്ഷിതാക്കളിൽ ഒരാൾ ഗാരോ വിഭാഗത്തിലല്ല എങ്കിൽ കുട്ടി ഗാരോ വിഭാഗത്തിൽ പെടില്ല എന്നത് ഭരണഘടനാവിരുദ്ധമാണ്.ഏകപക്ഷീയമാണ് ആ നയം.സത്രീകളും കുട്ടികളും ഉൾപ്പെടുന്ന മുഴുവൻ ഗാരോ സമൂഹത്തിന്റെയും എന്നെന്നേക്കുമായുള്ള ജീവിതവിധി ജനവിരുദ്ധരായ ഗാരോ ഹിൽസ് സ്വയംഭരണ ജില്ല സമിതയാണ് നിർണ്ണയിക്കുക എന്നത് അത്രമേൽ ആശങ്കയും ഭീതിയും ജനിപ്പിക്കുന്നു. സ്ത്രീകൾക്ക് മാത്രമായി നിശ്ചയിക്കപ്പെട്ടിരുന്ന അധികാരങ്ങളെയും അവകാശങ്ങളേയും കവർന്നെടുത്തുകൊണ്ട് കുടുംബവൃത്തം മുതൽ രാഷ്ട്രീയ മേഖലയിൽ വരെ ഏകപക്ഷീയവും അധികാര സ്വഭാവത്തോടു കൂടിയും തീരുമാനങ്ങളെടുക്കാൻ പുരുഷൻമാർക്ക് ഭരണഘടന സ്ഥാപനങ്ങൾ നല്കുന്ന അധികാരം അപകടകരമായ സൂചനയാണ് നല്കുന്നത്.

സ്ത്രീ ശബ്ദത്തിന് വില കൽപിക്കാത്ത, അവരുടെ ധാർമ്മിക ബോധങ്ങളെ പരിഗണിക്കാത്ത ഒരു സമൂഹം ഒരിക്കലും ഒരു മാതൃകാ സമൂഹം അല്ല. എന്തു തന്നെയാണെങ്കിലും, ഗാരോ സമൂഹത്തിൽ സ്ത്രീകൾക്ക് അത്രയും ഉന്നതമായ സ്ഥാനമാനങ്ങളാണുള്ളത്. ഭൂരിഭാഗം സ്ത്രീകളും സമൂഹത്തിൽ ഉയർന്നവരും സർക്കാർ ജോലി നേടിയവരുമാണ്. പൊതുവേ സ്ത്രീയെ പുരുഷതുല്യമായി കണ്ട് പരിഗണിക്കുകയും ചെയ്യുന്നു. കുടുംബം, കുലം, വംശം, സമൂഹം എന്നിങ്ങനെ പ്രധാന വേദികളിൽ തീരുമാനങ്ങളെടുക്കുന്ന ഘട്ടത്തിൽ സ്ത്രീകളും തുല്യ പങ്ക് വഹിക്കുന്നു. പൊതു സമൂഹത്തിൽ ഭയാശങ്കകൾ ഇല്ലാതെ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. അവർ സാമ്പത്തികമായി സ്വയംപര്യാപ്തരാണ്. കുടുംബകാര്യങ്ങളിലും തുല്യതയുണ്ട്. സമൂഹത്തിൽ ഏതാനും പേർ ജനപ്രതിനിധികളായി ജനാധിപത്യസംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ നിയമസഭയിലും ജില്ലാ വികസന സമിതികളിലും സ്ത്രീ പങ്കാളിത്തം ശ്രദ്ധേയമാണ്. കൂടുതൽ പുരോഗമനപരമായ സാമൂഹിക മാറ്റം, സാമൂഹികാവബോധം എന്നിവയുടെ ചാലകശക്തിയായി വർത്തിക്കാൻ വനിതാ പൊതുപ്രവർത്തകർ ശ്രദ്ധിക്കുന്നുണ്ട്. പ്രതിജ്ഞാബദ്ധമായി തന്നെ ഇടപെടുന്നുണ്ട് എന്നുകാണാം. സാർവത്രിക വിദ്യാഭ്യാസം, ക്രിയാത്മകമായ സാമൂഹിക പുരോഗതി എന്നിവയിലൂടെ ഗാരോ സമൂഹത്തിലെ മാതൃദായക്രമം നേരിടുന്ന എല്ലാത്തരം കുറവുകളേയും പരിഹരിച്ച് ഒരു മാതൃകാ സമൂഹത്തെ കെട്ടിപ്പടുക്കാൻ കഴിയും.



ചർച്ചാവിഷയം

**വർഷ കെ.**
അസി.പ്രൊഫസർ, ഇംഗ്ലീഷ് വിഭാഗം, സ്കൂൾ ഓഫ് സയൻസ്&ലാഗ്വേജസ്,
വി.ഐ.റ്റി സർവ്വകലാശാല വെല്ലൂർ



# കേരളത്തിൽ നായർ മരുമക്കത്തായവും സ്ത്രീസ്വാതന്ത്ര്യവും



കേരളത്തിലെ മരുമക്കത്തായ സമ്പ്രദായത്തെപ്പറ്റി സംസാരിക്കുമ്പോൾ പൊതുവെ ആദ്യം ചർച്ചയാവുക നായർ സമുദായമാണ്. കേരളത്തിലെ മറ്റുപല സമുദായങ്ങളും പിന്തുടർന്നിരുന്ന/ പിന്തുടരുന്ന രീതിയാണെങ്കിലും കേരളത്തില കത്തും പുറത്തും മരുമക്കത്തായം എന്നാൽ മിക്കപ്പോഴും നായർ മരുമക്കത്തായം എന്നാണ് വിവക്ഷിക്കുക. സമുദായ പരിഷ്കർത്താക്കളുടെ ഇടപെടലുകൾ, ബ്രിട്ടീഷ്സാമ്രാജ്യത്വ കാലത്തെയും, സ്വതന്ത്ര ഭാരതത്തിലെ ആദ്യകാലത്തെയും ഭരണപരിഷ്കാരങ്ങൾ, നവമാധ്യമപുനഃസൃഷ്ടികൾ തുടങ്ങി അതിനു പല കാരണങ്ങൾ ഉണ്ട്. അതിനാൽത്തന്നെ മരുമക്കത്തായ പഠനം എന്നത് ഒരു സങ്കീർണ പ്രക്രിയയാണ്. പ്രസിദ്ധ ചരിത്രകാരിയും ഗവേഷകയുമായ ജി. അരുണിമ, നായർ മരുമക്കത്തായത്തെകുറിച്ചുള്ള അവരുടെ പഠനത്തിൽ പറയുന്നത് എളുപ്പത്തിൽ വിശദീകരിക്കാനോ പുനഃസൃഷ്ടിക്കാനോ കഴിയാത്തവിധം അപൂർണവും അവ്യക്തവുമായ ഒരു പ്രക്രിയയാണ് മരുമക്കത്തായ പഠനം എന്നാണ്.

**സംബന്ധം എന്ന വാക്ക് സ്ത്രീകളെ അപമാനിക്കുന്ന ഒരു പദമായി മാറിക്കഴിഞ്ഞ ഇക്കാലത്ത് മരുമക്കത്തായ സംസ്കാരത്തെക്കുറിച്ചും അതിൽ സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ചും ചർച്ച ചെയ്യുക എന്നത് ഒരു വെല്ലുവിളിതന്നെയാണ്. നിയമപരിഷ്കരണങ്ങളിലൂടെ നിർത്തലാക്കിയ ഒരേയൊരു സംസ്കാരമാണ് നായർ മരുമക്കത്തായം. ജർമൻ തത്വചിന്തകനും ചിത്രകാരനുമായ ഫ്രഡറിക് എംഗൽസ്, കുടുംബം , സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉദ്ഭവം എന്ന തന്റെ വിഖ്യാത കൃതിയിൽ പറയുന്നത് താവഴി സംസ്കാരത്തിന്റെ ഉന്മൂലനം സ്ത്രീവർഗത്തിനുണ്ടായ ചരിത്രപരമായ വീഴ്ചയാണെന്നാണ്.**

സംബന്ധം എന്ന വാക്ക് സ്ത്രീകളെ അപമാനിക്കുന്ന ഒരു പദമായി മാറിക്കഴിഞ്ഞ ഇക്കാലത്ത് മരുമക്കത്തായ സംസ്കാരത്തെക്കുറിച്ചും അതിൽ സ്ത്രീകൾക്കുണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ചും ചർച്ച ചെയ്യുക എന്നത് ഒരു വെല്ലുവിളിതന്നെയാണ്. നിയമപരിഷ്കരണങ്ങളിലൂടെ നിർത്തലാക്കിയ ഒരേയൊരു സംസ്കാരമാണ് നായർ മരുമക്കത്തായം. ജർമൻ തത്വചിന്തകനും ചിത്രകാരനുമായ ഫ്രഡറിക് എംഗൽസ്, കുടുംബം , സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉദ്ഭവം എന്ന തന്റെ വിഖ്യാത കൃതിയിൽ പറയുന്നത് താവഴി സംസ്കാരത്തിന്റെ ഉന്മൂലനം സ്ത്രീവർഗത്തിനുണ്ടായ ചരിത്രപരമായ വീഴ്ചയാണെന്നാണ്. പ്രസിദ്ധ കഥാകാരന്റെ നോവലുകളിലും തിരക്കഥാ സിനിമകളിലും നായർ തറവാടുകളും നാലുകെട്ടുകളും തകർന്നടിയുന്ന കണ്ടു ആവേശം കൊള്ളുന്നവരാണ് നാം. എന്നാൽ ആ തകർച്ച ഈ സമ്പ്രദായത്തിലെ സ്ത്രീകളിലും കുട്ടികളിലും എന്ത് പരിവർത്തനമുണ്ടാക്കി എന്നത് ചർച്ചാർഹമായ വിഷയമാണ്. മരുമക്കത്തായ സമ്പ്രദായത്തിൽ അവർക്കുണ്ടായിരുന്ന മേന്മ കുട്ടികൾ- ആൺ പെൺ വ്യത്യാസ

മില്ലാതെ അമ്മമാരുടെ തറവാടിന്റെ ഭാഗമായിരുന്നു എന്ന തും വിവാഹശേഷവും സ്ത്രീകൾ അവരുടെ തറവാട്ടിലെ അംഗമായി തുടർന്നിരുന്നു എന്നതുമാണ്. എന്നാൽ മുഖ്യധാരാ കച്ചവട സിനിമകളിലും മറ്റു പൊതുമാധ്യമങ്ങളിലും അപലപനീയമായ ഒരു ചരിത്ര സംസ്ക്കാരമായാണ് മരുമക്കത്തായവും സംബന്ധം എന്ന രീതിയും മിക്കപ്പോഴും ചിത്രീകരിക്കപ്പെടാറ്. അതിനപവാദമായി ഇറങ്ങുന്ന ചുരുക്കം ചില സൃഷ്ടികളാകട്ടെ പൊതുജനശ്രദ്ധ അത്രപെട്ടെന്ന് കിട്ടാത്ത ആർട്ട്-ഹോസ് മൂവീസ് വിഭാഗത്തിലേക്ക് ഒതുക്കപ്പെടുന്നു. 2012-ൽ ഇറങ്ങിയ ഒഴിമുറി എന്ന ചിത്രം അതിനൊരു ഉദാഹരണം മാത്രം. മരുമക്കത്തായ സംസ്കാരം എന്നത്

അതിന്റെ എല്ലാ ഗുണങ്ങളോടും പോരായ്മകളോടും ചേർത്ത് വച്ച് മനസ്സിലാക്കേണ്ട ഒന്നാണ്. അല്ലാതെ അച്ഛനെന്ന കുടുംബനാഥനിൽ നിന്നുമാറി അമ്മാവൻ ഭരിച്ചിരുന്ന, സ്ത്രീകൾ സ്വേച്ഛയാൽ പങ്കാളികളെ മാറ്റിക്കൊണ്ടിരുന്നതിനാൽ പിതാവിൻറെ നാമത്തിലും കുടുംബപ്പേരിലും അറിയപ്പെടാൻ കാത്തിരുന്ന കുട്ടികളുള്ള, മക്കത്തായത്തിനു വിപരീതമായ സംസ്കാരമായിരുന്നു എന്നല്ല വരും തലമുറകൾ നായർ മരുമക്കത്തായത്തെ അറിയേണ്ടത്. സ്ത്രീകൾ, സമൂഹത്തിൽ അവർ നേരിടുന്ന വെല്ലുവിളികൾ തുറന്നു പറയുമ്പോൾ അല്ലെങ്കിൽ ഒരു ജനാധിപത്യ രാഷ്ട്രത്തിൽ രണ്ടാം പൗരന്മാരെന്ന സ്ഥാനം മൂലമുള്ള അസന്തുലിതാവസ്ഥയെ ചോദ്യം ചെയ്യുമ്പോൾ പലപ്പോഴും ചിരിയോടെയാണ് സമൂഹം അതിനെ നേരിടുക. ആ ചിരിക്കു പല അർത്ഥതലങ്ങൾ



ഉണ്ട്. പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന വിവേചനങ്ങൾക്കുള്ള ഉദാഹരണമായി ഒരു ചെറിയ അനുഭവം പങ്കു വെക്കാം. പുതുതായി ഒരു സ്ഥാപനത്തിൽ ജോലിക്കു ചേർന്ന ഒരു സ്ത്രീ അവിടുത്തെ ഒരു ഔദ്യോഗിക വിഭാഗത്തിൽ ഒരു കാര്യം ബോധിപ്പിക്കാനായെത്തുന്നു. അവിടുത്തെ ഉദ്യോഗസ്ഥനോട് കാര്യങ്ങൾ വിശദീകരിക്കുന്നതിനിടയിൽ ഒരു പുരുഷൻ അവിടെയെത്തുന്നു. അവർ രണ്ടുപേരും ഒരേ ദിവസം ഒരേ പദവിയിൽ ഒരേ വിദ്യാഭ്യാസ യോഗ്യതകളോട് കൂടി ജോലിയിൽ പ്രവേശിച്ചവരാണ്. ആ ഉദ്യോഗസ്ഥൻ അവരുമായുള്ള സംഭാഷണം ഇടക്കുവച്ചുനിർത്തി, ഉടനെ തന്നെ അദ്ദേഹത്തിന്റെ ആവശ്യമന്വേഷിക്കുകയും നിർദ്ദേശം നൽകുകയും ചെയ്യുന്നു. ഈ സമയം കേൾവിക്കാരിയായി നിന്ന അവർ, രണ്ടുപേരും സമാന കാര്യത്തിനാണ് അവിടെ എത്തിയതെന്ന് മനസിലാക്കുന്നു. അതിനുശേഷം ആ നിർദ്ദേശപ്രകാരം കാര്യം നിവർത്തിച്ചു മടങ്ങുന്നു. ഈ വിവരിച്ച സംഭവം വളരെ സ്വാഭാവികമായി നിങ്ങൾക്കു തോന്നുന്നെങ്കിൽ, നിങ്ങളും ആ ഉദ്യോഗസ്ഥനെപ്പോലെ പുരുഷമേധാവിത്വസമൂഹത്തിന്റെ കെണിയിലാണെന്നു നിസംശയം അനുമാനിക്കാം.

പുരുഷമേധാവിത്ത പ്രമാണങ്ങൾ വേരുറച്ചുപോയ ഒരു സമൂഹത്തിൽ സ്ത്രീകൾക്ക് സ്വന്തമായൊരു ഇടം കണ്ടെത്തൽ ഒരു നിരന്തര പോരാട്ടമാണ്. കുടുംബം എന്ന ഇടത്തിൽ നിന്ന് തുടങ്ങുന്ന വിവേചനത്തിന്റെ ആ വേരുകൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. സ്ത്രീധനമരണങ്ങൾ തുടർക്കഥയാകുന്ന ഇന്നത്തെകാലത്തു സ്ത്രീശാക്തീകരണ സമിതി അംഗം പി.കെ.ശ്രീമതി ടീച്ചർ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. ഇനി വിവാഹം കഴിഞ്ഞു പുരുഷന്മാർ സ്ത്രീകളുടെ വീട്ടിലേക്കു വരട്ടെ എന്ന്. എന്നാൽ ഒരു സ്ത്രീ സ്വന്തം സ്വത്വത്തെക്കുറിച്ചു ബോധവതിയായി മുന്നോട്ടു വരിക എന്നതാണ് അവളെ സംന്ധിക്കുന്ന ഏതൊരു പ്രശ്നത്തിന്റെയും പ്രതിവിധിയിലേക്കുള്ള തുടക്കം. അങ്ങിനെ മുന്നോട്ടു വരുന്ന സ്ത്രീക്ക് സ്വാശ്രയത്തിലൂന്നിയ ജീവിതം കെട്ടിപ്പടുക്കാൻ, സദാചാരത്തിന്റെയും പുരുഷമേധാവിത്വ പ്രമാണങ്ങളുടെയും മറയിലകപ്പെടാതെ, ഒരുമിച്ചു നിൽക്കുക എന്നതാണ് പരിഷ്കൃത സമൂഹം എന്ന നിലയിൽ നാം ചെയ്യേണ്ടത്.



**ഡോ.ലേഖ.എൻ.ബി.**
അസി.പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് സോഷ്യോളജി, ശ്രീനാരായണ കോളേജ്, ചെമ്പഴന്തി

# ലൈംഗികത, വിവാഹം, കുടുംബം, മാതൃദായക്രമവും കേരള സമൂഹത്തിന്റെ പുനർനിർമ്മിതിയും



ശാക്തീകരിക്കപ്പെട്ട സ്ത്രീകൾ' എന്ന മുഖമുദ്ര ഉപയോഗിച്ച് കേരളത്തിന്റെ  പുരോഗമനം ഉയർത്തിപ്പിടിക്കുമ്പോൾ അതിൽ ഒളിഞ്ഞിരിക്കുന്ന സ്ത്രീ വിരുദ്ധത ഒരു പ്രഹേളികയായി നിലകൊള്ളുന്നു. കേരളത്തിൽ അരങ്ങേറുന്ന സ്ത്രീപീഡനങ്ങളും ഗാർഹിക പീഡനങ്ങളും സ്ത്രീ ആത്മഹത്യകളും തുടങ്ങി സ്ത്രീയ്ക്ക് നേരയുള്ള സമസ്ത അതിക്രമങ്ങളുടെയും കണക്കെടുത്താൽ, കേരള സമൂഹം ഊറ്റം കൊള്ളുന്ന മലയാളി സ്ത്രീയുടെ സമൂഹത്തിലുള്ള ഉയർന്ന 'പദവി'യുടെ വിവിധ അർത്ഥതലങ്ങളെക്കുറിച്ചുള്ള ഒരു തുറന്ന ചർച്ച അനിവാര്യമാകുന്നു. എഴുപതുകളുടെ ആരംഭത്തിൽ ലോകമെമ്പാടും വിഖ്യാതമായ 'വികസനത്തിന്റെ കേരളമാതൃക'യിൽ ഏറ്റവുമധികം ചർച്ച ചെയ്ത ഒരു വിഷയമാണ് കേരളത്തിലെ സ്ത്രീകളുടെ 'ഉയർന്ന പദവി'. ഈ ഉയർന്ന പദവി നിർണ്ണയിക്കുന്നതിനുള്ള അളവുകോൽ സ്ത്രീകളുടെ സാക്ഷരതനിരക്ക്, പ്രത്യുൽപാദന നിരക്ക്, മാതൃ-ശിശു മരണനിരക്ക്, എന്നിവയിൽ മാത്രമായി ചുരുക്കി. സാക്ഷരത നിരക്ക് ഉയർന്ന കേരളത്തിലെ സ്ത്രീകളുടെ മാനസിക ആരോഗ്യം, സാക്ഷരത നിരക്ക് കുറവുള്ള ബീഹാറിലെ സ്ത്രീകളെക്കാൾ വളരെ പുറകിലാണ് എന്നാണ് സ്വപ്ന മുഖോപാധ്യായയുടെ(2014) പഠനം വ്യക്തമാക്കുന്നത്. എന്തുകൊണ്ടാണ് വിദ്യാഭ്യാസത്തിൽ ഇത്രയധികം മുന്നിട്ട് നിൽക്കുമ്പോഴും, സ്ത്രീകളുടെ ഇടയിൽ മാനസിക സമ്മർദ്ദം ഇത്രയധികം വർദ്ധി

ക്കുന്നത്? ഗാർഹികത, പരിചരണം, എളിമ, യാഥാസ്ഥിതിക മത മൂല്യങ്ങൾ എന്നിവയോടാണ് ഇപ്പോഴും സ്ത്രീയുടെ മൂലധനം ചേർത്ത് വായിക്കുന്നത്. മറിച്ച് അവളുടെ വിദ്യാഭ്യാസവും ജോലിയും തന്മൂലമുള്ള നേട്ടങ്ങളും ഇപ്പോഴും രണ്ടാംകിട സൂചികകളായി നിലകൊള്ളുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനം പരിശോധിക്കുമ്പോൾ നമ്മൾ ചെന്നെത്തുന്നത് സ്ത്രീയെ വരിഞ്ഞുമുറുക്കുന്ന ലൈംഗികത, വിവാഹം, കുടുംബം എന്ന വ്യവസ്ഥാപിതമായ സാമൂഹ്യസ്ഥാപനങ്ങളിലും അവയുടെ സാമൂഹ്യ നിർമ്മിതിയിലുമാണ്.

വർത്തമാന കേരള സമൂഹം 'സദാചാരബോധം' മറ്റെന്തിലും മീതേ പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു സമൂഹമായി മാറിക്കഴിഞ്ഞു. ലൈംഗികത എന്ന വാക്ക് തന്നെ മലയാളികൾ സ്വീകരിച്ച് തുടങ്ങിയിട്ട് വളരെകുറച്ച് കാലമേ ആയിട്ടുള്ളൂ. കുടുംബവും വിവാഹവും ഒരു വ്യവസ്ഥാപിത സ്ഥാപനമായി പരിണമിച്ചതിന്റെ ഫലമായി ലൈംഗികത 'സദാചാര ബോധ' ത്തിന്റെ ആണിക്കല്ലായി മാറി. സ്ത്രീയുടെ ലൈംഗികതയെ ഉദ്ഘോഷിക്കുന്ന ആദ്യപടവായ ആർ



ത്തവം പോലും പരസ്യമായി പറയാൻ മലയാളിക്ക് ശബരിമല പ്രശ്നം വേണ്ടി വന്നു. സ്ത്രീയുടെ ലൈംഗികത ഇപ്പോഴും പുരുഷന്റെ കൈയ്കളിൽ അമ്മാനമാടുന്ന പന്തായി നിലകൊള്ളുന്നു. ലൈംഗികതയെ വിവാഹത്തിൽ തളച്ചിട്ടപ്പോൾ, മനുഷ്യൻറെ ചോദനകളെ പൂർത്തീകരിക്കാൻ അവിഹിതം അനിവാര്യമായിത്തീർന്നു. പലപ്പോഴും ഈ അവിഹിതങ്ങൾ കുടുംബത്തിൽ സംഘർഷങ്ങൾ ഉണ്ടാക്കി. ഒട്ടുമിക്ക മലയാള സിനിമകളിലും അവിഹിത ബന്ധങ്ങളുടെ ചിത്രീകരണം ഒരു

പതിവു കാഴ്ചയാണ്. എങ്കിലും ഇതിന്റെ രൂഢമൂല കാരണം എവിടെയും ചർച്ചചെയ്പ്പെട്ടതായി കണ്ടിട്ടില്ല. കേരളത്തിൽ കുടുംബം എന്ന് പറയുന്നത് ഒരു ചരടാണ്. അത് സ്ത്രീകൾക്ക് മാത്രമുള്ള ഒരു ചരടാണ്. അതിന്റെ മുറുക്കം കൂട്ടുന്നതും സ്ത്രീകൾ തന്നെയാണ്. കേരളത്തിൽ അരങ്ങേറുന്ന സ്ത്രീപീഡനങ്ങളുടെ അടിസ്ഥാന സ്ത്രോതസ്സ് എന്ന് പറയുന്നത് കുടുംബവും അതുമായി ബന്ധപ്പെട്ടു കിടക്കുന്ന മൂല്യവ്യവസ്ഥിതിയുമാണ്. വികാര പരാവശ്യങ്ങളുടെയും വീട്ടുവഴക്കുകളുടെയും വിചിത്രസംയോഗമാ

യ കുടുംബം സ്ത്രീകളെ സംബന്ധിച്ച് അടിമത്തത്തിന്റെ ചരിത്രരൂപങ്ങളിലൊന്നായിത്തീർന്നുവെന്നും എംഗൽസ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇന്ന് കേരള സമൂഹത്തിൽ കൊടികുത്തി വാഴുന്ന ഈ സ്ത്രീ വിരുദ്ധ സാംസ്കാരിക പരിസരം ഒരു കാലത്ത് ലോകം മുഴുവനും അത്ഭുതത്തോടെയും അതിശയത്തോടെയും വീക്ഷിച്ച മാതൃദായക്രമത്തിൽ നിലനിന്നിരുന്ന സ്ത്രീപക്ഷ സാമൂഹ്യ വ്യവസ്ഥയ്ക്കും സ്ത്രീ ബദ്ധ സാംസ്കാരിക ഭൂമികയ്ക്കും കടകവിരുദ്ധമാണെന്ന് കാണാം. കേരള ചരിത്രം പരിശോധിച്ചാൽ – പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ കേരള സമൂഹത്തിൽ ആരംഭിച്ച 'സദാചാര ബോധ'മാണ്, മറ്റു സമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമായി, കേരള സമൂഹത്തിൽ വളർന്നുവന്ന ലൈംഗിക ബോധത്തിലും വിവാഹം കുടുംബം എന്നീ സാമൂഹികസ്ഥാപനങ്ങളിലും സമൂലമായ മാറ്റം വരുത്തിയത്.

മരുമക്കത്തായം എന്ന് ചുരുക്കി വിളിക്കുന്ന മാതൃദായക്രമത്തിൽ സ്ത്രീകൾക്ക് അവരുടെ ലൈംഗിക ജീവിതത്തിലും സ്വത്തിലും ചില പ്രത്യേക ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു. പല കാലഘട്ടങ്ങളിൽ നടന്നിട്ടുള്ള വിവിധ പഠനങ്ങൾ അത്തരം കാര്യങ്ങളെപ്പറ്റി വിശദമായി പഠിക്കുകയും രേഖപ്പെടുത്തുകയും



ചെയ്തിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് മാതൃദായസമ്പ്രദായത്തിൽ സ്വത്തിന്റെ യും അധികാരത്തിന്റെയും കൈമാറ്റം, കൂട്ടുകുടുംബവ്യവസ്ഥിതിയിൽ സ്ത്രീകൾ വഹിച്ചിരുന്ന സ്ഥാനമാനങ്ങൾ, സ്ത്രീകളുടെ കാഴ്ചപ്പാടുകൾ, നിയമാനുസൃതമായ വിവാഹത്തിന്റെ ബന്ധനമില്ലാത്ത സംബന്ധം എന്ന രീതി, അപ്രധാനമായ പിതൃത്വം എന്ന സങ്കല്പനം, അതുപോലെ സ്ത്രീകൾക്കും അവരുടെ കുട്ടികൾക്കും അമ്മവീട്ടിലുള്ള സ്വത്തവകാശം തുടങ്ങിയവ. കുട്ടിയുടെ അച്ഛൻ / പിതാവ് എന്ന ചോദ്യം അക്കാലത്തു തികച്ചും അപ്രസക്തമായിരുന്നു. അമ്മയും അമ്മവീടുമായിരുന്നു അക്കാലത്തു കുട്ടികളുടെ സർവ്വസ്വവും. എന്നാൽ ക്രമേണ ഇതിൽ മാറ്റം വന്നു. പുരോഗതിയുടെ പേരിൽ ഇവിടത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ സമൂലമായ മാറ്റം വന്നപ്പോൾ മരുമക്കത്തായം പ്രാചീനവും അധാർമികവുമായ ഒന്നായി ചിത്രീകരിക്കപ്പെട്ടു.

സ്ത്രീയ്ക്കും പുരുഷനും ലൈംഗികമായി ലഭിച്ചിരുന്ന സ്വാതന്ത്ര്യം മാതൃദായക്രമത്തിലെ ഒരു പ്രത്യേകതയായിരുന്നു. അവർക്കിടയിലുള്ള ഇഷ്ടം അല്ലെങ്കിൽ അഭിനിവേശം മാത്രമായിരുന്നു സംബന്ധ ബന്ധങ്ങൾ നിലനിർത്തിയിരുന്നത്. എപ്പോൾ അവർക്കിടയിലുള്ള ഇഷ്ടം ഇല്ലാതായോ അതോടെ അവർ തമ്മിലുള്ള സംബന്ധവും ഇല്ലാതാകുമായിരുന്നു. ഇവിടെ നിലനിന്നിരുന്ന മാതൃദായക്രമത്തെക്കുറിച്ച് പഠിച്ചിരുന്നത് കൂടുതലും വിദേശികളായ സമൂഹശാസ്ത്രജ്ഞരായിരുന്നു. വില്യം റീഫിന്റെ (1936) അഭിപ്രായത്തിൽ മാതൃദായ സമൂഹം സ്വാഭാവിക സമൂഹവും പിതൃദായ സമൂഹം അസ്വഭാവിക സമൂഹവുമാണ്. സ്വഭാവിക സമൂഹത്തിൽ ഈഡിപ്പസ് കോംപ്ലക്സ് മൂലമുള്ള കലാപങ്ങളോ നിഷേധങ്ങളോ ഉണ്ടായിരുന്നില്ല. ഇ

തിന് ഒരു കാരണമായി അദ്ദേഹം ചൂണ്ടിക്കാട്ടിയത് പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിന്റെ അഭാവമായിരുന്നു. ഇന്നു കാണുന്നപോലെ സ്ത്രീ ഭർത്താവിന്റെ സ്വത്ത് ആയി കരുതിയിരുന്നില്ല. അതുപോലെ മക്കൾക്ക് മേൽ പിതാവിനുള്ള അധികാരം തുലോം കുറവായിരുന്നു.

ഒരേ സമയം പലരുമായിട്ടുള്ള ലൈംഗിക ബന്ധം സ്ത്രീക്കും പുരുഷനുമിടയിൽ സാധ്യമായിരുന്നു. എങ്കിൽ പോലും അസൂയ എന്ന വികാരത്തിനവിടെ സ്ഥാനമുണ്ടായിരുന്നില്ല. പല വ്യക്തികളിൽ നിന്നും കുട്ടികളുണ്ടാകുന്നത് ഒരു സൗഭാഗ്യമായി കണ്ടിരുന്നു, അത് സ്ത്രീയുടെ മേന്മയായി കണക്കാക്കിയിരുന്നു. അതിലൂടെ സ്ത്രീയുടെ പ്രജനനശേഷിയെ വിലമതിച്ചിരുന്നു. അതുമാത്രമല്ല ഇത്തരത്തിലുള്ള ലൈംഗികത പാപമായോ നീച സ്വഭാവമായോ കണക്കാക്കിയിരുന്നില്ല. മറിച്ച് അതിന് സമൂഹത്തിൽ മാന്യമായ സ്ഥാനമുണ്ടായിരുന്നു. അങ്ങനെ എല്ലാ അർത്ഥത്തിലും മാതൃദായക്രമം ലൈംഗിക വികാരങ്ങളെ അടിച്ചമർത്തുകയല്ല, മറിച്ച് പൂർണ്ണമായി സഫലീകരിക്കുന്നതിന് സഹായിക്കുകയാണ് ചെയ്തിരുന്നത്. ആധുനിക മനസ്സിന് അരോചകമായി തോന്നാവുന്ന മരുമക്കത്തായ ലൈംഗിക സ്വാതന്ത്ര്യത്തെക്കുറിച്ച് കെ.പി.പത്മനാഭ മേനോൻ തുറന്ന് എഴുതിയിട്ടുണ്ട്. "സ്ത്രീപുരുഷന്മാരുടെ സംസർഗ വിഷയത്തിലുള്ള സ്വാതന്ത്ര്യത്തിന് അളവില്ല. ഭർത്താവ് തന്നെയായാലും യാതൊരു തടസ്സവും ചെയ്തുകൂടാ.

വാതുക്കൽ ആയുധം ചാരി വെച്ചിരിക്കുന്നതു കണ്ടാൽ ഭർത്താവ് കൂടി മടങ്ങി പോകണം. ബഹുഭർത്തൃത്വംട്ടും അസാധാരണമല്ലായിരുന്നു. ഓരോ ഭർത്താവും സ്ത്രീയുടെ ഓരോ ആവശ്യങ്ങൾക്കു വേണ്ടുന്നതു കൊടുത്തിരുന്നു. ഊഴമിട്ടു ഭാര്യ ഗൃഹത്തിൽ പോകുകയും ചെയ്യും. ഭർത്താക്കന്മാർ തമ്മിൽ സ്പർദ്ധ കൂടാതെ കഴിഞ്ഞിരുന്നു."(1912, ജ.465)

**ഒരേ സമയം പലരുമായിട്ടുള്ള ലൈംഗിക ബന്ധം സ്ത്രീക്കും പുരുഷനുമിടയിൽ സാധ്യമായിരുന്നു. എങ്കിൽ പോലും അസൂയ എന്ന വികാരത്തിനവിടെ സ്ഥാനമുണ്ടായിരുന്നില്ല. പല വ്യക്തികളിൽ നിന്നും കുട്ടികളുണ്ടാകുന്നത് ഒരു സൗഭാഗ്യമായി കണ്ടിരുന്നു, അത് സ്ത്രീയുടെ മേന്മയായി കണക്കാക്കിയിരുന്നു. അതിലൂടെ സ്ത്രീയുടെ പ്രജനനശേഷിയെ വിലമതിച്ചിരുന്നു. അതുമാത്രമല്ല ഇത്തരത്തിലുള്ള ലൈംഗികത പാപമായോ നീച സ്വഭാവമായോ കണക്കാക്കിയിരുന്നില്ല.**

മരുമക്കത്തായ ക്രമത്തിൽ ശരിയായ ഒരു വിവാഹക്രമം നിലനിന്നിരുന്നില്ല. സംബന്ധം, പുടമുറി, കിടക്കുറി എന്നീ പല പേരുകളിൽ അറിയപ്പെട്ടിരുന്ന ഒരു ലളിതമായ ചടങ്ങായിരുന്നു അത്. അതിന് മതപരമായ ഘടകങ്ങൾ കുറവായിരുന്നു. ഒരു സ്ത്രീയുടെ ജീവിതത്തിൽ ഏറ്റവും ആർഭാടപൂർവ്വം കൊണ്ടാടിയിരുന്നത് അവളുടെ ലൈംഗികതയെ വിളിച്ചോതിയിരുന്ന ആർത്തവം ആയിരുന്നു. അതായിരുന്നു തെരണ്ടുകല്യാണം, കെട്ടുകല്യാണം എന്നീ പേരുകളിൽ ആഘോഷിച്ചിരുന്നത്. എന്നാൽ ഇന്ന് സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും അനിവാര്യവുമായ ഒന്നായി വിവാഹം. സംബന്ധക്കാരൻ 'ഇന്ന വീട്ടിൽ സംബന്ധം' എന്നല്ലാതെ ഭർത്താവ് എന്ന് വിളിച്ചിരുന്നില്ല. സ്ത്രീയെ 'ഭാര്യ' യെന്നു പറഞ്ഞിരുന്നില്ല. അതുപോലെ സംബന്ധക്കാരനെ 'നായർ' എന്നല്ലാതെ ഭർത്താവ് എന്ന് വിളിച്ചിരുന്നില്ല. ബഹുഭർത്തൃമതികളായാൽ വൈധവ്യമില്ലാതിരുന്ന സ്ത്രീകളുടെ പേരിൽ തറവാടുകൾ പ്രസിദ്ധി നേടിയിരുന്നു.


പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച മധ്യവർഗ്ഗക്കാരായ നായന്മാർ, അവർ ജീവിക്കുന്ന സമൂഹത്തിൽ കുടുംബത്തിന്റേയും വിഹാത്തിന്റേയും ഘടനയും പ്രാധാന്യവും ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്ഥമാണെന്ന് മനസ്സിലാക്കി. കുടുബത്തിന്റെ ഘടനയിലും അവരുടെ ജീവിതരീതിയിലും വിവാ

ഹത്തെ സംബന്ധിച്ച കാഴ്ചപ്പാടിലും മാറ്റം വരുത്തിയാൽ മാത്രമേ മറ്റു സമുദായങ്ങളെപ്പോലെ വികസനം ഉണ്ടാകുകയുള്ളു എന്ന് അവർ വിശ്വസിച്ചു. അവരുടെ സമൂഹത്തിൽ നിലനിന്നിരുന്ന അയഞ്ഞ രീതിയിലുള്ള സംബന്ധമെന്ന വിവാഹ സമ്പ്രദായത്തെപ്പറ്റിയായിരുന്നു (സംബന്ധം)മുഖ്യ ആശങ്ക. പുരുഷാധിപത്യ സമൂഹം അനുശാസിക്കുന്ന വൈവാഹിക മൂല്യങ്ങൾക്ക് പ്രതിബന്ധം സൃഷ്ടിക്കുന്ന ഒന്നായി അവർ സംബന്ധത്തെ നിരീക്ഷിച്ചു.

ഈ വിവഹസമ്പ്രദായം പ്രധാനമായും വിക്ടോറിയൻ വൈവാഹിക ആശയസംഹിതയെ തകിടം മറിക്കും എന്നവർ കരുതി. വിക്ടോറിയൻ വിവാഹ സമ്പ്രദായം മാതൃദായക്രമത്തെക്കാൾ ധാർമികമായി ശ്രേഷ്ഠമാണെന്ന പ്രതീതി വരുത്തിത്തീർത്തു. മാത്രമല്ല വീട്ടിലെ ആണുങ്ങൾക്ക് പരമസ്ഥാനവും അധികാരവും നൽകുന്ന അണുകുടുംബം എന്നത് തറവാട് എന്ന കുടുംബവ്യവസ്ഥയെക്കാൾ സാമ്പത്തികമായി കാര്യക്ഷമമാണെന്ന സങ്കല്പം ആളുകളുടെയിടയിൽ അടിച്ചേൽപ്പിച്ചു. ഇതു സംബന്ധിച്ച് കോടോത്ത് (2001) നടത്തുന്ന നിരീക്ഷണം ശ്രദ്ധേയമാണ്. പത്തൊൻപതാംനൂറ്റാണ്ടിന്റെ  ഉത്തരാർദ്ധം മുതൽ, ബഹുഭാര്യത്വത്തെ അധാർമികമായി വീക്ഷിച്ച പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും ക്രിസ്ത്യൻ പ്രത്യയശാസ്ത്രങ്ങളുടേയും സ്വാധീനത്താൽ ചെറുപ്പക്കാരായ നായർ പുരുഷന്മാർ തറവാടിനെ വിഭജിക്കണമെന്ന് ആവശ്യപ്പെട്ടു തുടങ്ങി.

വിവാഹം നിയമവിധേയമാക്കണമെന്നും ബഹുഭാര്യത്വം ഫലപ്രദമായി നിർത്തലാക്കണമെന്നുമുള്ള ആവശ്യങ്ങൾ നായർ സമുദായത്തിലെ അഭ്യസ്ഥവിദ്യരായ യുവാക്കൾ വളരെ ശക്തമായി മുന്നോട്ട് വെച്ചു. അങ്ങനെ, ആദ്യത്തെ തിരുവിതാംകൂർ നായർ ആക്റ്റ് 1912-ൽ പാസ്സായി. തന്മൂലം ആദ്യമായി, കാരണവരുടെ സ്വത്തവകാശം അദ്ദേഹത്തിന്റെ മരുമക്കൾ പങ്കിട്ടിരുന്ന സ്ഥാനത്ത്, അത് അദ്ദേഹത്തിന്റെ മക്കൾക്ക് ലഭിച്ചു. മരുമക്കത്തായ സമ്പ്രദായത്തിൽ സമഗ്രമായ മാറ്റം വരുത്തുവാൻ നടപ്പിലാക്കിയ കുറെ നിയമങ്ങളിലെ ആദ്യത്തെ നിയമമായിരുന്നു ഇത്. തത്ഫലമായി, വിവാഹം മുതലാളിത്ത ആശയങ്ങൾ ഊട്ടിഉറപ്പിക്കുന്ന ഒരു വ്യവസ്ഥാപിത സ്ഥാപനമായി മാറി. അതിലൂടെ പുരുഷാധിപത്യവും പിന്നെ പിതൃദായക്രമവും നായർ സമുദായത്തിൽ കൊണ്ടുവരുകയും ചെയ്ത നിരവധി നിയമങ്ങളിൽ ആദ്യത്തേതാണ് പ്രസ്തുത നിയമം (ജെഫ്രി, 1992).

ഈ നിയമനിർമ്മാണങ്ങൾ നായർ സമുദായത്തിലെ ലിംഗബന്ധത്തെ എങ്ങനെ ബാധിച്ചുവെന്ന് അരുണിമ അഭിപ്രായപ്പെടുന്നുണ്ട്. അവർ പറയുന്നു, "കേരളത്തിലെ നിയമ പരിഷ്കരണം സ്ത്രീകൾക്ക് അനുവദിച്ചിരുന്ന സാമ്പത്തിക- സാമൂഹിക ശക്തി അമർച്ച ചെയ്ത് പുരുഷാധിപത്യ കുടുംബവ്യവസ്ഥയിൽ അവരെ തളച്ചിട്ട് ദുർബ്ബലരാക്കി" (2003:23). സാമൂഹികവും സാമ്പത്തികവുമായ മാറ്റത്തിന്റെ കാതലായ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങളുടേയും സാഹിത്യത്തിന്റേയും സജീവമായ ഇടപെടലിനും ആ കാലഘട്ടം സാക്ഷ്യംവഹിച്ചു. ആ കാലഘട്ടത്തിലെ പല ലേഖനങ്ങളിലും, പാഠപുസ്തകങ്ങളിലും പ്രകടമാകുന്ന സന്ദർഭങ്ങളായി പാതിവ്രത്യം രൂപംകൊ



ണ്ടു. സ്ത്രീകളേയും പുരുഷന്മാരേയും വ്യഭിചാരവൃത്തിയിൽ നിന്നും അകറ്റി നിർത്തുവാനുള്ള ഉറപ്പായ ഒരു മാർഗ്ഗം എന്നനിലയിൽ, നിലവിലെ മാതൃദായസ മ്പ്രദായത്തെ (സംബന്ധം) അവഗണിച്ച് ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച് താമസി ക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുകയാണ് വേണ്ടത് എന്ന് ഏതാനും ലേഖകർ അഭിപ്രായപ്പെട്ടു (പരമേശ്വര മേനോൻ, 1901). സൂക്ഷ്മമായി പരിശോധിക്കുമ്പോൾ, സംബന്ധത്തെ വിവിധയിടങ്ങളിൽ വ്യത്യസ്ത ആളുകൾ വ്യത്യസ്ത രീതിക ളിൽ വ്യാഖ്യാനിച്ചതായി കാണാം (അരുണിമ, 2003; കോടോത്ത് 2001). ഭർത്താ വിന്റെയും കുടുംബത്തിന്റെയും, എന്തിനധികം സ്വന്തം രാഷ്ട്രത്തിന്റെയും എല്ലാ വിധ തെറ്റുകുറ്റങ്ങളും ഇല്ലായ്മ ചെയ്തു സ്ത്രീകളെ സമൂഹത്തിൽ ഉയർത്തി ക്കൊണ്ടുവരുന്നതിനുള്ള ഒരു ഉപകരണമായി ഭാര്യയുടെ പാതിവ്രത്യത്തെ ചി ത്രീകരിച്ചു. പുരാണ കഥാപാത്രങ്ങളായ സീത, സാവിത്രി, ദമയന്തി മുതലായ വർ പാതിവ്രത്യത്തിന്റെ മകുടോദാഹരണങ്ങളായി മാറി. അവരുടെ പാതിവ്രത്യം, സ്നേഹം, അചഞ്ചലത, ഭർത്താക്കന്മാരോടുള്ള വിശ്വസ്തത തുടങ്ങിയ ഗുണ ങ്ങളൊക്കെയാണ് ലേഖനങ്ങളിൽ നിറഞ്ഞുനിന്നിരുന്നത്.

(നായർ, 1929). സ്ത്രീകളുടെ കടമകൾ ചില എഴുത്തുകാരുടെ പ്രധാനപ്പെട്ട മറ്റൊരു വിഷയമായിരുന്നു. ഭർത്താവ്, കുട്ടികൾ, മാതാപിതാക്കൾ, ബന്ധുക്കൾ, വീട് എന്നിവ സ്ത്രീകളുടെ പ്രാഥമിക ഉത്തരവാദിത്തമായിരുന്നു. പ്രായമായവ രേയും രോഗികളേയും പരിചരിക്കുന്നതും അതിൽ ഉൾപ്പെട്ടു. അതായത് അനു കമ്പയും, അകമഴിഞ്ഞ സഹാനുഭൂതിയും, ഉദാരമനസ്കയും, വിനീതയും, കഴി

**ഭർത്താവിന്റെയും കുടുംബത്തിന്റെയും, എന്തിനധികം സ്വന്തം രാഷ്ട്രത്തിന്റെയും എല്ലാവിധ തെറ്റുകുറ്റങ്ങളും ഇല്ലായ്മ ചെയ്തു സ്ത്രീകളെ സമൂഹത്തിൽ ഉയർ ത്തിക്കൊണ്ടുവരുന്നതിനുള്ള ഒരു ഉപകരണമായി ഭാര്യയുടെ പാതിവ്രത്യത്തെ ചിത്രീകരിച്ചു. പുരാണ കഥാപാത്രങ്ങളായ സീത, സാവിത്രി, ദമയന്തി മുതലായ വർ പാതിവ്രത്യത്തിന്റെ മകുടോദാഹരണങ്ങളായി മാറി. അവരുടെ പാതിവ്രത്യം, സ്നേഹം, അചഞ്ചലത, ഭർത്താക്കന്മാരോടുള്ള വിശ്വസ്തത തുടങ്ങിയ ഗുണങ്ങ ളൊക്കെയാണ് ലേഖനങ്ങളിൽ നിറഞ്ഞുനിന്നിരുന്നത്.**

വുള്ളവളും, സ്നേഹസമ്പന്നയുമായ ഒരു ഉത്തമ ഭാര്യയായി സ്ത്രീ മാറുക എന്നതാ യിരുന്നു ആ എഴുത്തുകളിലെ മുഖ്യ ആശയം. ഇവ്വിധം സാമ്പത്തിക അച്ചടക്കം, നല്ല സംഭാഷണ വൈദഗ്ദ്ധ്യം, പാചകകല, ശിശുപരിപാലനം, പൂന്തോട്ടപരിപാലനം മുത ലായവയെക്കുറിച്ചുള്ള അറിവും പരിചയസമ്പത്തുമുണ്ടായിരിക്കുക എന്ന പ്രതിലോമ നിർവ്വചനത്തിൽ സ്ത്രീയുടെ സ്വത്വബോധത്തെ തളച്ചിട്ടു (പിള്ള, 1987). നായർ സ്ത്രീ കൾക്കിടയിൽ ഒരു പുരുഷ കേന്ദ്രീകൃതമായ ലിംഗഭേദ വ്യക്തിത്വം ഉയർന്നുവന്നത് ഇ ങ്ങനെയാണ്. സ്ത്രീ സമത്വത്തെക്കുറിച്ചും, ലൈംഗികതയെക്കുറിച്ചും, വിവാഹത്തെ ക്കുറിച്ചും കുടുംബത്തെക്കുറിച്ചും കേരളത്തിൽ ആശങ്കാജനകമായ ആശയക്കുഴപ്പം തുടരുന്നു.

സമത്വത്തേയും വികസനത്തേയും കുറിച്ചുള്ള ചർച്ചകൾ ലിംഗസമത്വത്തിന്റെ വാച ക കസർത്തുകൾക്കപ്പുറം, വ്യത്യസ്ത സാഹചര്യത്തിലും സന്ദർഭങ്ങളിലും ജീവിച്ചിരി ക്കുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും അനുഭവങ്ങളുടെ തീച്ചൂളയിൽ നിന്ന് പ രിശോധിക്കാൻ സമാരംഭിക്കേണ്ടതുമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം, ലിംഗ ഭേദത്തെ അഭിസംബോധന ചെയ്യുന്നതിലൂടെ സാമൂഹിക പുനരുൽപാദന പ്രക്രിയിൽ നിലവിലുള്ള വിദ്യാഭ്യാസവും സാമൂഹികവത്കരണവും സാമൂഹിക ബോധവും എ ത്രത്തോളം മാറ്റം കൊണ്ടുവരാൻ സാധിക്കും എന്നുള്ളത് ഗൗരവമായി ചിന്തിക്കേണ്ട തുണ്ട്. പാശ്ചാത്യ വിദ്യാഭ്യാസം കൊണ്ട് വന്ന സദാചാരബോധം ഏകദേശം ഒരു നൂ റ്റാണ്ട് കൊണ്ട് നിലനിന്നിരുന്ന കുടുംബഘടനയിലും വിവാഹത്തിലും ലൈംഗികതയി ലും സമൂലമായ മാറ്റം വരുത്താൻ സാധിച്ചെങ്കിൽ ഇനി എത്രകാലം എടുക്കും സ്ത്രീ യെ ഇപ്പോൾ തളച്ചിട്ടിരിക്കുന്ന നിഷേധാത്മകമായ ലൈംഗികതയിലും വിവാഹത്തി ലും കുടുംബത്തിലും മാറ്റം വരുത്താൻ ?

ചർച്ചാവിഷയം



**അലീന സബാസ്റ്റ്യൻ**
അസി. പ്രൊഫസർ, നാഷണൽ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
അഡ്വാൻസ്ഡ് സ്റ്റഡീസ്, ഇന്ത്യ



**വിവർത്തനം :**
**ഷംല മുസ്തഫ മൊഹമ്മദ്**
പി.എച്ച്.ഡി. സ്കോളർ,
ജെ.എൻ.യു.

# കോഴിക്കോട്ടെ കോയമാർക്കിടയിലെ മരുമക്കത്തായം:
# മാറ്റങ്ങളും തുടർച്ചകളും

**കോ**യമാർക്കിടയിൽ മരുമക്കത്തായ ഗാർഹിക കൂട്ടുകുടുംബം/തറവാട് തുടങ്ങിയ ഘടനകൾ ചില മാറ്റങ്ങളോടു കൂടി ഇപ്പോഴും അനുവർത്തിച്ചു പോരുന്നുണ്ട്. ഇത്തരം ഘടനകൾ മാറ്റങ്ങൾക്ക് വിധേയമാകുമ്പോൾതന്നെ കോയമാർക്കിടയിലെ ബന്ധുത്വ രീതികൾ (കിൻഷിപ്പ് പ്രാക്ടീസ്) നിലനിർത്തുന്നതിൽ സ്ത്രീകൾക്ക് സുപ്രധാനമായ പങ്കുണ്ട്. ഇത്തരം പ്രവണതകളെ പരിശോധിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. കോഴിക്കോടിന്റെ തീരപ്രദേശത്തുള്ള വ്യത്യസ്തമായൊരു വ്യാപാര സമൂഹമാണ് കോയമാർ. കച്ചവടത്തിനായി കോഴിക്കോടിന്റെ തീരത്തെത്തിയ അറബികളും മരുമക്കത്തായ കുടുംബങ്ങളിലെ സ്ത്രീകളും തമ്മിലുള്ള വിവാഹ ബന്ധത്തിലൂടെയാണ് ഇവർ ഉത്ഭവിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. മുസ്ലീം സമുദായങ്ങൾ പിന്തുടരുന്ന ദായക്രമം പിതൃദായമാണെന്ന പൊതുധാരണയെ വെല്ലുവിളിക്കും വിധം, കോയമാർക്കിടയിൽ



ഫോട്ടോ : ഹമീദ സി.കെ.

ഇസ്ലാമും മരുമക്കത്തായ സമ്പ്രദായവും ഒരുമിച്ച് നിലനിൽക്കുന്നത് കാണാം. ഈ മാതൃദായഘടന കൊളോണിയൽ പൂർവകോളോണിയൽ കാലഘട്ടങ്ങളിൽ നിലനിന്നിരുന്ന സമുദ്രാനന്തര വ്യാപാരങ്ങളുമായി . ഞാൻ മറ്റൊരിടത്ത് വാദിച്ചതുപോലെ (സെബാസ്റ്റ്യൻ 2013, 2016) ഇന്ത്യൻ മഹാസമുദ്രത്തിലെ വ്യാപാരം കോയമാരെ തീരപ്രദേശത്തെ ഉയർന്ന സാമൂഹിക-സാമ്പത്തിക ഗ്രൂപ്പായി വളരാൻ പ്രാപ്തരാക്കി.

തറവാട് സമ്പ്രദായത്തിൽ പരമ്പരാഗതമായി സ്ത്രീകൾ താവഴി നിലകൊള്ളുകയും അവർ മാട്രിലോക്കൽ സമ്പ്രദായം പിൻതുടരുകയും ചെയ്യുന്നു. ഈ താമസരീതിയിൽ, വിവാഹശേഷവും സ്ത്രീകൾ അവർ ജനിച്ച തറവാട്ടിൽ ജീവിക്കുന്നു. ഭർത്താക്കന്മാർ വിവാഹ ശേഷം ഭാര്യ വീടുകളിൽ തുടരുന്ന സമ്പ്രദായമാണ് കോയമാർ പിന്തുടരുന്നത്.

അടുത്ത കാലത്തായി താമസരീതികളിൽ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും, ഈ രീതി കോയമാർ ഇന്നും തുടരുന്നുണ്ട്.

## പരമ്പരാഗത തറവാടിന്റെ സ്ഥല വിസ്തീർണത്തിലെ ലിംഗപരമായ സ്വഭാവം

കോഴിക്കോടിന്റെ തീരപ്രദേശത്ത് മുന്നൂറ് വർഷം വരെ പഴക്കമുള്ള മാതൃദായക തറവാടുകൾ കാണാം. മിക്ക പരമ്പരാഗത തറവാടുകൾക്കും വിശാലമായ മുറ്റമുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ വിവാഹ ചടങ്ങുകൾ ഇവിടെ നടന്നിരുന്നു. സമീപകാലത്ത്, അത്തരം പ്രവർത്തനങ്ങൾ ഓഡിറ്റോറിയങ്ങളിലേക്ക് മാറുന്നുണ്ട്. മിക്ക തറവാടുകളിലും പടിപ്പുര അല്ലെങ്കിൽ പരമ്പരാഗത രീതിയിലുള്ള മരം കൊണ്ട് നിർമ്മിച്ച ഗേറ്റ് കാണാം. മാട്രിലീനിയൽ കുടുംബങ്ങളിലെ മുതിർന്ന അംഗങ്ങൾ ഫീൽഡ് വിസിറ്റ് വേളയിൽ ഇതിന്റെ പ്രാധാന്യത്തെകുറിച്ച് ഊന്നിപ്പറയുകയും ചെയ്തു. അവരുടെ അഭിപ്രായത്തിൽ, പടിപ്പുര ചൂടും മഴയും ഉള്ളപ്പോൾ നിരവധി കാൽനടയാത്രക്കാരുടെ അഭയസ്ഥാനമാകാറുണ്ട്. ഇന്ന്, പല പടിപ്പുരകളും ഒന്നുകിൽ ജീർണാവസ്ഥയിലാണ് അല്ലെങ്കിൽ പകരം ആധുനിക കവാടങ്ങൾ സ്ഥാപിച്ചിരിക്കുകയാണ്.



പുരുഷാംഗങ്ങൾക്കുള്ള കുളിമുറികൾ തറവാടു മുറ്റത്തെ ഇരുവശങ്ങളിലും സ്ത്രീകൾക്ക് പിൻഭാഗത്തുമാണ് നിർമ്മിക്കപ്പെടാറ്. അടുത്ത കാലത്തായി, വീട്ടിനകത്തെ അറ എന്ന് പൊതുവായി അറിയപ്പെടുന്ന മണിയറയിലാണ് നിർമ്മിക്കുന്നത്.

മുറ്റത്തുനിന്ന് പ്രവേശിക്കുന്ന വരാന്തയിൽ ഇരുപ്പും ഉൾപ്പെടുന്നു. വരാന്തയുടെ ഇരുവശത്തും നിർമ്മിച്ച തടി ബെഞ്ചാണ് ഇരുപ്പ്. പരമ്പരാഗത തറവാടുകളിൽ ഇവിടെയാണ് പുരുഷാംഗങ്ങൾ അതിഥികളെ സ്വീകരിച്ചിരുന്നത്. ഇരുപ്പിന് പിന്നിൽ, ഇരുവശത്തും, കൊട്ടിൽ എന്ന് വിളിക്കപ്പെടുന്ന രണ്ട് തടി തൂണുകളുള്ള പോലുള്ള ഒരു സ്റ്റേജ് പോലെയുള്ളൊന്ന് കാണാം. തലശ്ശേരിയിൽ ഇത് കണാത്തറ എന്നും അറിയപ്പെടുന്നു. എല്ലാ അംഗങ്ങളെയും ഉൾക്കൊള്ളാൻ തറവാടിന് കഴിയാതെ വരുമ്പോൾ, അവിവാഹിതരായ പുരുഷന്മാർ രാത്രി ഉറങ്ങാൻ കൊട്ടിൽ ഉപയോഗിക്കാറുണ്ട്. കൊളോണിയൽ പ്രീകോളോണിയൽ കാലഘട്ടങ്ങളിൽ വാണിജ്യ വ്യവസായ യാത്രകളും പുരുഷന്മാരെ തറവാട്ടിൽ നിന്ന് അകറ്റിനിർത്തിയിരുന്നു. അവിവാഹിതരായ പുരുഷൻമാർക്ക് സമാനമായ ഉറക്ക ക്രമീകരണം പടിഞ്ഞാറൻ സുമാത്രയിലെ മാട്രിലീനിയൽ മിനങ്കബാവ് മുസ്ലീങ്ങളിൽ കാണപ്പെടുന്നു. അവിടെ അവിവാഹിതരായ പുരുഷന്മാർ സുരാവ് അഥവാ പ്രാർത്ഥനാ ഭവനത്തിലാണ് ഉറങ്ങേണ്ടത്. ഇന്തോനേഷ്യയിലെ സുമാത്രൻ ഗ്രാമത്തിൽ ഞാൻ സന്ദർശിച്ചപ്പോൾ കണ്ടുമുട്ടിയ മിനാങ്കബാവ് ആളുകൾ പറഞ്ഞു, ഈ ക്രമീകരണം പുരുഷന്മാരെ അകറ്റിനിർത്താനും സഹോദരിമാർക്കും സഹോദരങ്ങൾക്കുമിടയിൽ ഉണ്ടാകുന്ന സംഘർഷം ഒഴിവാക്കാനും വേണ്ടിയാണെന്ന്.

മിനങ്കബാവ് സമുദായത്തിൽ, ആദത്ത് ഹൗസ് എന്ന സംയുക്ത ഗൃഹം സ്ത്രീകൾക്ക് മാത്രമുള്ള ഇടമായി കണക്കാക്കപ്പെടുന്നു. കോയമാരുടെ കാര്യത്തിൽ, മൗലൂദ് നടത്താനും കൊട്ടിൽ ഉപയോഗിച്ചിരുന്നു. റംസാൻ മാസത്തിലെ നോമ്പ് കാലത്ത് തറവാടംഗങ്ങൾ കൊട്ടില് ഒത്തുകൂടി, മൊല്ലാക്കയുടെ (മതനേതാവ്) സാമീപ്യത്തിൽ ഖുറാൻ പാരായണം ചെയ്യുകയും പ്രവാചകനെ പ്രകീർത്തിച്ച് പ്രാർത്ഥന നയിക്കുകയും ചെയ്യും. ഇസ്ലാമിക പരിഷ്ക്കരണ പ്രവണതകളുടെ ഇടപെടൽ കാരണം ഇപ്പോൾ മൗലിദ് പരിശീലിക്കുന്നില്ല. നിസ്കാരം അല്ലെങ്കിൽ വിവാഹനിശ്ചയങ്ങൾ നടത്തുന്നതിനുള്ള ഒരു ഇടമായും കൊട്ടിൽ ഉപയോഗിച്ചിരുന്നു. ഇന്ന്, മിക്ക കൊട്ടിലുകളും മുറികൾ നിർമ്മിക്കുന്നതിനായി മാറ്റിയിരിക്കുന്നു. ചില സന്ദർഭങ്ങളിൽ ഫംഗ്ഷനുകൾ നടത്തുന്നതിനായി ഒരു കൊട്ടിൽ നിലനിർത്തുന്നു.

തറവാടുകളിൽ താഴത്തെ നിലയിൽ ഒരു കോമൺ ഹാൾ, കോമൺ അടുക്കള, കുറച്ച് മുറികൾ എന്നിവ അടങ്ങിയിരിക്കുന്നു. കോമൺ ഹാളിൽ ഒന്നോ രണ്ടോ നാലക്കെകൾ ഉണ്ടായിരുന്നു. ഒരു നല്ല ചതുരാകൃതിയിലുള്ള ആകാശത്തേക്ക് തുറക്കുന്നതും അതിലൂടെ സൂര്യപ്രകാശം ഹാളിലേക്ക് പ്രവേശിക്കാൻ സഹായകമാവുന്നതുമായ തടി ഘടനയാണിത്. നാലക്കെയുടെ താഴത്തെ ഭാഗത്ത് മഴക്കാലത്ത് വെള്ളം പുറത്തേക്ക് ഒഴുകാനുള്ള സൗകര്യവും ഉണ്ടായിരുന്നു. ഭക്ഷണം കഴിച്ചതിനുശേഷം ആളുകൾക്ക് ഇവിടെ കൈ കഴുകാം. നാലക്കെ ഇന്നും പല തറവാടുകളിലും കാണപ്പെടുന്നു.

**പരമ്പരാഗത തറവാടുകളുടെ താഴത്തെ മുറികൾ മുതിർന്ന പുരുഷ –സ്ത്രീ അംഗങ്ങളെ ഉദ്ദേശിച്ചുള്ളതാണ്. സ്ത്രീകൾക്ക് അനുവദിച്ച താഴത്തെ മുറികളിലും അതിഥികളെ സ്വീകരിച്ചിരുന്നു. വീട്ടുജോലിക്കുശേഷം, പകൽ സമയത്ത് ഇരിക്കാനും വിശ്രമിക്കാനും സല്ലപിക്കാനും സ്ത്രീകൾ ഈ താഴത്തെ മുറികൾ ഉപയോഗിച്ചു. മുകളിലത്തെ നിലയിൽ സാധാരണയായി വിവാഹിതരായ സ്ത്രീകൾ രാത്രിയിൽ ഭർത്താവിനെ സ്വീകരിക്കുന്ന അറ എന്നറിയപ്പെടുന്ന പത്ത് മുതൽ ഇരുപത് വരെ മുറികൾ ഉണ്ടാകും.**

പരമ്പരാഗത തറവാടുകളുടെ താഴത്തെ മുറികൾ മുതിർന്ന പുരുഷ -സ്ത്രീ അംഗങ്ങളെ ഉദ്ദേശിച്ചുള്ളതാണ്. സ്ത്രീകൾക്ക് അനുവദിച്ച താഴത്തെ മുറികളിലും അതിഥികളെ സ്വീകരിച്ചിരുന്നു. വീട്ടുജോലിക്കുശേഷം, പകൽ സമയത്ത് ഇരിക്കാനും വിശ്രമിക്കാനും സല്ലപിക്കാനും സ്ത്രീകൾ ഈ താഴത്തെ മുറികൾ ഉപയോഗിച്ചു. മുകളിലത്തെ നിലയിൽ സാധാരണയായി വിവാഹിതരായ സ്ത്രീകൾ രാത്രിയിൽ ഭർത്താവിനെ സ്വീകരിക്കുന്ന അറ എന്നറിയപ്പെടുന്ന പത്ത് മുതൽ ഇരുപത് വരെ മുറികൾ ഉണ്ടാകും. ഈ സമ്പ്രദായം പുതിയാപ്പിളമാരുടെ സന്ദർശന സമ്പ്രദായം എന്നറിയപ്പെടുന്നു. ഇത് സ്ത്രീകൾക്ക് മാട്രിലോക്കൽ താമസസ്ഥലം പ്രാപ്തമാക്കി.

പുരുഷന്മാർ സ്വന്തം ജന്മ തറവാടിനും ഭാര്യയുടെ തറവാടിനും ഇടയിൽ സമയം തുല്യമായി വിഭജിക്കുന്നു. 'പുര', 'വീട്' എന്നീ രണ്ട് പദങ്ങൾ 'വീട്' എന്ന് അർത്ഥം അറിയിക്കുന്നുണ്ടെങ്കിലും (സെബാസ്റ്റ്യൻ, 2016), കോഴിക്കോട്ടെ പുരുഷന്മാരുടെ ഇരട്ടവാസത്തിന്റെ പശ്ചാത്തലത്തിൽ ഇവയ്ക്ക് വ്യത്യസ്ത ഉപയോഗങ്ങളുണ്ട്. പുര എന്ന പദം സ്വന്തം തറവാടിനെ സൂചിപ്പിക്കുന്നു. വീടു ഭാര്യയുടെ തറവാടിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. വിവാഹിതരായ പുരുഷൻമാർ അവന്റെ അമ്മയോടൊപ്പം ദിവസ

വും ഒരു നേരമെങ്കിലും ഭക്ഷണം കഴിക്കണമെന്നാണ് പൊതുവെയുള്ള രീതി. തലശ്ശേരിയിലെ മാതൃദായക മുസ്ലീം സമുദായങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, കോയമാർക്കിടയിൽ മാട്രിലോക്കലിറ്റിയും ഡുഒലൊക്കാലിറ്റിയും വ്യാപകമായി നടക്കുന്നു. തലശേരിയിലെ പട്ടണ കുടുംബങ്ങൾ പട്ടണത്തിൽ ചിതറിക്കിടക്കുന്നതായി കാണുമ്പോൾ കോയമാരുടെ വാസസ്ഥലവും ഭൂമിശാസ്ത്രപരമായ എൻഡോഗാമിയുടെ പരിശീലനവും ഈ രീതികളുടെ നിലനിൽപ്പിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

മരുമകനെയും മരുമകളെയും യഥാക്രമം പുതിയാപ്പിള എന്നും പുതിയോട്ടി എന്നും വിളിക്കുന്നു. ഈ പേരുകൾ അവരുമായി എന്നെന്നേക്കുമായി ഘടിപ്പിച്ചിരിക്കും. മണിയറയുടെ മരം കൊണ്ടുള്ള മേൽക്കൂര മാളിക എന്നറിയപ്പെടുന്നു. സ്ത്രീ അംഗങ്ങൾ വിവാഹപ്രായമെത്തുമ്പോൾ മരുമക്കത്തായ സമ്പ്രദായത്തിലെ മൂത്ത പുരുഷൻ അഥവാ കാരണവർ ആണ് അറ നിർമ്മിക്കുന്നത്. ഒരു അമ്മയ്ക്ക് പ്രായമാകുമ്പോൾ, കല്യാണ പ്രായംതികഞ്ഞ മകൾക്ക് തന്റെ അറ കൈമാറി താഴേക്ക് മാറുകയും ചെയ്യും. താഴത്തെ നിലയിലുള്ള സ്ത്രീകളുടെയും പുരുഷൻമാരുടെയും മുറികൾ മൂപ്പും അധികാരവുമനുസരിച്ചായിരിക്കും.



മണിയറയിലേക്കുള്ള സ്റ്റെയർകേസുകളുടെ നിർമ്മാണം ഒരു ലിംഗപരമായ മാനദണ്ഡവും, കുടുംബാംഗങ്ങളും സ്ത്രീകളുടെ ഭർത്താക്കന്മാരും തമ്മിലുള്ള ഇടപെടലിലെ ചില പെരുമാറ്റച്ചട്ടങ്ങളും ഉൾക്കൊള്ളുന്നു. അറ എത്തുന്നതിനായി നിർമ്മിച്ച ഒന്നിലധികം പടികൾ സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെയാണ് നിർമ്മിക്കപ്പെടുന്നത്. തറവാടിന്റെ പ്രധാന വാതിലിനോട് ചേർന്ന് നിർമ്മിച്ച ഗോവണി പുതിയാപ്പിളക്ക് തറവാടിനുള്ളിലെ മറ്റ് അവിവാഹിതരായ സ്ത്രീകളുമായി ഇടപഴകാതെ തന്റെ മുകളിലേക്കുള്ള മണിയറയിൽ പോകാൻ ഉള്ളതാണ്. മുൻകാലങ്ങളിൽ മാട്രിലീനിയൽ സംയുക്ത കുടുംബത്തിനുള്ളിലെ സ്ത്രീകൾക്ക് സ്പേഷ്യൽ മൊബിലിറ്റി പരിമിതമായതിനാൽ, അറയിൽ ഭർത്താക്കന്മാരെ സ്വീകരിക്കാൻ അവർ താഴേക്കിറങ്ങാൻ അതേ ഗോവണി ഉപയോഗിച്ചിരുന്നില്ല. കൂടാതെ, സ്ത്രീകൾക്ക് വരാന്തയിൽ വരാൻ അനുവാദമില്ല. അതിനാൽ, കോമൺ അടുക്കളയോട് ബന്ധിപ്പിച്ചുകൊണ്ട് മറ്റൊരു ഗോവണി അറയോട് ചേർത്ത് നിർമ്മിക്കുമായിരുന്നു. അറയിൽ നിന്ന് സ്ത്രീകൾ അടുക്കള ഭാഗത്തേക്ക് പ്രവേശിക്കാൻ വേണ്ടിയാണിത്. ചില തറവാടുകളിൽ ഒരു തരത്തിലുള്ള ഗോവണി കൂടി നിരീക്ഷിക്കപ്പെട്ടു. ഇത് അറ, മുകളിലത്തെ ഹാൾ, തറവാടിന്റെ അങ്കണം എന്നിവയെ ബന്ധിപ്പിക്കുന്നു. താഴത്തെ നിലയിലോ വരാന്തയിലോ സ്ഥിതിചെയ്യുന്ന കോമൺ ഹാളിൽ പ്രവേശിക്കാതെ രാവിലെ തന്നെ നടുമുറ്റത്തിലൂടെ വധുവിന്റെ അറയിൽ നിന്ന് പുറപ്പെടാൻ പുതിയാപ്പിളയെ ഇത് സഹായിച്ചു.

### ഭാഗങ്ങളുടെ രൂപീകരണത്തിൽ സ്ത്രീകളുടെ പങ്ക്

ഭാഗങ്ങളുടെ രൂപീകരണം സാമ്പത്തികമായി താഴ്ന്ന വീട്ടംഗങ്ങളുടെ താമസപരമായ അവകാശങ്ങൾ സാമ്പത്തികമായി മെച്ചപ്പെട്ട അംഗങ്ങൾ മാറി താമസിച്ചുകൊണ്ട് നിലനിർത്തുന്ന ഒരു ഇടപെടലായി പഠിക്കുന്നതിൽ ഞാൻ ആകൃഷ്ടയായിരുന്നു. സാമ്പത്തിക പ്രതിസന്ധിയിൽ സ്ത്രീകൾ തങ്ങളുടെ ഏജൻസിയെ എങ്ങനെയാണ് മാട്രിലീനിയിലൂടെ അവർക്ക് നൽകുന്ന റെസിഡൻഷ്യൽ അവകാശങ്ങളിലൂടെ പരിശീലിക്കുന്നതെന്നും കാണേണ്ടതുണ്ട്.

ഭാഗങ്ങൾ അഥവാ വിഭാഗങ്ങൾ സാധാരണയായി രൂപപ്പെടുത്തുന്നത് സ്ത്രീ സഹോദരങ്ങളോ അല്ലെങ്കിൽ വൈവാഹിക ബന്ധുക്കളോ ആണ്. ഭാഗങ്ങളുടെ രൂപീകരണം, സമീപകാലത്തു കണ്ടുവരുന്ന സന്ദർശന ഭർത്താവ് സമ്പ്രദായത്തിൽ ഭർത്താവ് കൂടുതലും അല്ലെങ്കിൽ സ്ഥിരമായി ഭാര്യയോടും മക്കളോടൊപ്പവും താമസിക്കുകയും സ്വന്തം തറവാട്ടിലേക്ക് ഇടയ്ക്ക് സന്ദർശിക്കുകയും ചെയ്യുന്ന മാറ്റത്തെയും പ്രതിഫലിപ്പിക്കുന്നു. ഗൾഫ് പണമടയ്ക്കലിന്റെ ഒഴുക്ക് ഇന്ന് കോഴിക്കോട് തീരപ്രദേശത്തുള്ള കുടുംബ ബന്ധങ്ങളെ പുനർനിർവചിക്കുന്നു. അവിടെ ആണവ കുടുംബങ്ങളുടെ എണ്ണം വർധിച്ചു വരുന്നത് നമുക്ക് കാണാം.



തറവാട്ടിൽ തുടരുന്ന സ്ത്രീ സഹോദരങ്ങൾ അല്ലെങ്കിൽ മാതൃ ബന്ധുക്കൾ അവരുടെ ഭർത്താവിനെയും കുട്ടികളെയും ഉൾക്കൊള്ളുന്നതിനായി അവരുടെ അറ വിപുലീകരിക്കും. ചില സന്ദർഭങ്ങളിൽ, മാറി താമസിച്ച സ്ത്രീകളുടെ അറ വിപുലീകരിക്കാറുമുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ മാറി താമസിച്ചവർക്ക് പണം പ്രതിഫലമായി കൊടുക്കാറുണ്ട്. സമ്മതമില്ലാതെ ഒരാൾക്ക് മറ്റൊരാളുടെ അറയിൽ താമസിക്കാൻ കഴിയില്ല.


ഒരേ തറവാട്ടിൽ താമസിക്കുന്ന അഞ്ച് വിഭാഗങ്ങൾ വരെ ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. ചില അംഗങ്ങൾ അവരുടെ സാമ്പത്തിക ശേഷിക്ക് അനുസൃതമായി അവരുടെ വിഭാഗത്തെ പുനർനിർമ്മിക്കുന്നു. ഭാഗങ്ങൾ പുനർനിർമ്മാണത്തിന് ഭർത്താക്കന്മാരുടെ സാമ്പത്തിക സംഭാവനയും ഇന്ന് വർദ്ധിച്ചുവരുന്നതായി കാണുന്നു. ഒരു ന്യൂക്ലിയർ ഗൃഹത്തിന്റെ ഭൗതിക ഭാവന പ്രദാനം ചെയ്യുന്നതിനായി ഒരു പ്രത്യേക ഡോർബെല്ലും ഗേറ്റും വെച്ച് ചില വിഭാഗങ്ങൾ പരിഷ്കരിച്ചിട്ടുണ്ട് (തറവാടിനോട് ചേർത്തുതന്നെ). മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിൽ തറവാട് എങ്ങനെ രൂപാന്തരപ്പെടുന്നു എന്നതിന്റെ രസകരമായ ഒരു മാനം ഭാഗങ്ങളുടെ രൂപീകരണം നൽകുന്നു. കുടുംബത്തിന്റെ ഈ പ്രക്രിയാപരമായ വശം ഗവേഷണം ചെയ്യാൻ പറ്റിയ ഒന്നാണ്.

**ഉപസംഹാരക്കുറിപ്പ്**

കോയമാർക്കിടയിലെ കൂട്ടുകുടുംബ വ്യവസ്ഥ കുടുംബം എന്നത് സ്വത്തിന്റെ കാഴ്ച മാത്രമല്ല എന്നതാണ്. ഇതിൽ ലിംഗപരമായ അധികാര ബന്ധങ്ങളും സാമൂഹികവും ആചാരപരമായ വശങ്ങളും ഉൾക്കൊള്ളുന്നു എന്നതാണ്. തറവാട് സമ്പ്രദായത്തിന്റെ നിലനിൽപ്പ് ഇതെല്ലാം ഒരു കാരണത്താൽ ആണെന്ന് പറയാനാകില്ല എന്ന വസ്തുത കൂടിയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. മറ്റ് സാമൂഹിക-സാമ്പത്തിക, മത, സാംസ്കാരിക പ്രക്രിയകളാലും കൊളോണിയലിസത്തിന്റെ സ്വാധീനത്താലും, അക്കാലത്തെ നിയമ പരിഷ്കരണം, ഇസ്ലാമിക പരിഷ്ക്കരണം, ഗൾഫ് കുടിയേറ്റം, ആധുനിക വിദ്യാഭ്യാസം എന്നിവയാലും രൂപപ്പെട്ടതാവാം ഈ മാറ്റങ്ങള് എന്ന് വേണം കരുതാൻ.

**Sebastian, A.** (2013). Matrilineal Practices among Koyas of Kozhikode. *Journal of South Asian Studies, An Open Access International Journal*, 1(1): 66-82.
**Sebastian, A.** (2016). Matrilineal Practices along the coasts of Malabar. *Sociological Bulletin (Sage)*, 65(1): 89-106.





# പൊന്നാനിയിലെ മരുമക്കത്തായ സമ്പ്രദായത്തിന്റെ ചരിത്രവഴികളിലൂടെ

ജസി സലീം, തിരൂർക്കാട്.

കേരളത്തിന്റെ സാംസ്കാരിക നഗരമായ പൊന്നാനി സുകൃതങ്ങളുടെയും പൈതൃകങ്ങളുടെയും നൂറ്റാണ്ടുകളായുള്ള മതസൗഹാർദ്ദത്തിന്റെയും വിളനിലമാണ്.ഒട്ടേറെ തനത് അടയാളങ്ങളുള്ള പൊന്നാനി കാലാനുസൃതമായുള്ള മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും പഴമയും പുതുമയും ഒത്ത് ചേർന്നതിന്റെ പകിട്ടിലാണിന്നും.പിറന്ന നാടെന്നത് പൊക്കിൾക്കൊടി ബന്ധം പോലെ ദൃഢവും വൈകാരികത ഉളവാക്കുന്നതും ആയതിനാൽ തന്നെ തലമുറകളായി പകർന്നു കിട്ടിയ ആചാരാനുഷ്ഠാനങ്ങളുടെ തിരിനാളമിന്നും കാത്തു സൂക്ഷിക്കുന്നുണ്ട് പൊന്നാനിയിലെ ജനങ്ങൾ.

കേരളത്തിലെ പൗരാണിക തുറമുഖങ്ങളിൽ രണ്ടാം സ്ഥാനമുള്ള 'തിണ്ടീസ്'പൊന്നാനി ആണെന്ന് ചരിത്രകാരന്മാർ പറയുന്നു. പഴയ കാലത്തെ വാണിജ്യ സിരാകേന്ദ്രം കൂടിയായ പൊന്നാനിയിൽ ചരിത്രപ്രാധാന്യമുള്ള കയ്യൊപ്പ് ചാർത്തിയ ഒട്ടേറെ സ്ഥലങ്ങളും അതോടൊപ്പം ചരിത്രമുറങ്ങുന്ന തറവാട്ടുകങ്ങളുമുണ്ട്. ഇവിടെങ്ങളിലുറങ്ങിക്കിടക്കുന്ന ഒട്ടനവധി കഥകളും ചരിത്ര സംഭവങ്ങളും നമുക്ക് വിസ്മരിച്ചു കൂടാ.മഖ്ദൂമുകളുടെ വരവോടെ വിജ്ഞാന രംഗത്തും സാഹിത്യ രംഗത്തും പൊന്നാനിക്ക് ശോഭ കൂടി. അതോടെ മാറ്റങ്ങൾക്കിവിടം വിധേയമായി.അങ്ങനെ അനവധി സാഹിത്യകാരന്മാർക്കും സമന്വയ കലാപ്രതിഭകൾക്കും മത രാഷ്ട്രീയ നേതാക്കൾക്കും പിറവി കൊടുത്ത നാടാണീ പൊന്നാനി.

പത്താം നൂറ്റാണ്ടിൽ തന്നെ പൊന്നാനിയിൽ ഇസ്ലാം മതം വന്നിട്ടുണ്ട്. മാലിക് ദീനാറും കൂട്ടരും കൊടുങ്ങല്ലൂരും പലയിടത്തും ഇസ്ലാം പ്രചരിപ്പിച്ചിരുന്നു.അവർ പൊന്നാനിയിലും വന്നിരുന്നു.പൊന്നാനിയുടെയും പുതുപൊന്നാനിയുടേയും ഖാസിയായി മാലിക് ദീനാറിന്റെ സന്തത സഹചാരിയായ അബ്ദുൽ മജീദിബ്നു മാലിക് പ്രവർത്തിച്ചിരുന്നതായി ഇബ്നു സുഹറവർദിയുടെ റിഹ് ലത്തുൽ മുലൂക്ക് എന്ന ചരിത്ര ലേഖനത്തിൽ പറയുന്നുണ്ട്. എങ്കിലും അതിനു മുമ്പേ തന്നെ അറബികൾ ഇവിടെ കച്ചവട ആവശ്യത്തിനായി വന്നിരുന്നുവെന്ന്



പറയപ്പെടുന്നു. ജൂൺ,ജൂലായ് മാസങ്ങളിൽ സുഗന്ധവ്യഞ്ജനങ്ങളായ കുരുമുളക്, ഏലം,കാപ്പി എന്നിവയുടെ വിളവെടുപ്പിന് ശേഷം ഡിസംബർമാസങ്ങളിലവർ തിരിച്ചു പോയിരുന്നത് പാശ്ചാത്യ രാജ്യങ്ങളിലെ അന്നത്തെ പ്രധാന തുറമുഖ മായ അലക്സാണ്ടർ തുറമുഖത്തേക്കായിരുന്നുവെന്നും, അറബികളുടെ നാലഞ്ചു മാസക്കാലത്തെ താമസത്തിനും അവർ കൊണ്ട് വരുന്ന സ്വർണനാണയങ്ങളുടെ സുരക്ഷക്കുമായി അവരിവിടെ നിന്നും കല്യാണം  കഴിക്കുകയും ചെയ്തിരുന്നു വെന്നും പഴമക്കാർ പറയുന്നുണ്ട്. അങ്ങനെയാണത്രേ ഇസ്ലാമും വിശ്വാസവും  പൊന്നാനിയിൽ നിലനിന്നത്. അവർ ഒരിക്കലും നമ്മുടെ നാടിനെ ചൂഷണം ചെയ്തിട്ടുമില്ല.അവരിൽ നിന്നും സുഗന്ധവ്യഞ്ജന കച്ചവട വിവരങ്ങൾ അറിഞ്ഞു മിസിരികളും ചൈനക്കാരും പറങ്കികളും  ഇവിടെ വന്നതായും ചരിത്രം പറയപ്പെടുന്നു. മിസിരികൾ പൊന്നാനിയിൽ വന്ന് താവളമടിച്ച  പള്ളി മിസിരി പള്ളി ആയും അറിയപ്പെടുന്നു.

പ്രാചീന അറേബ്യൻ സമൂഹത്തിലെ ഒരു വിഭാഗം സ്ത്രീകൾ തങ്ങൾക്ക് ഇഷ്ടപ്പെട്ട പുരുഷനെ സ്വീകരിക്കൽ പതിവായിരുന്നു.സംബന്ധം പോലുള്ള ഇത്തരം ബന്ധങ്ങളെ' മുഅത്ത' വിവാഹം എന്നാണ് വിശേഷിപ്പിച്ചിരുന്നത്.ഈ രീതി അനുസരിച്ച് പുരുഷൻ സ്ത്രീയുടെ വീട്ടിൽ ഒരു നിശ്ചിത കാലം വരെ താമസിക്കുകയും പ്രതിഫലമായി നിശ്ചിത സംഖ്യ കീഴ്വഴക്കമായി മഹർ(പെൺപണം) നൽകുകയും ചെയ്തിരുന്നു.ഇത്തരം ബന്ധങ്ങളിൽ പുരുഷനെ തിരഞ്ഞെടുക്കാനും വേണ്ടെന്ന് തോന്നുമ്പോൾ ഉപേക്ഷിക്കാനും സ്ത്രീ ക്ക് അവകാശമുണ്ട്.ഇസ്ലാമിന് മുമ്പ് (പ്രവാചകൻ വരുന്ന മുമ്പ്) നിലനിന്നിരുന്ന ഈ സമ്പ്രദായം പിന്നീട് ഇസ്ലാമിന്റെ വരവോടെ തികച്ചും നിരോധിച്ചതായി പറയപ്പെടുന്നു.

അറബികൾ വ്യാപാരാർത്ഥം പോകുന്ന ഇടങ്ങളിൽ എല്ലാം ഇത്തരം ബന്ധങ്ങൾ നടന്നിരുന്നു.അക്കാലത്തെ സാമൂഹിക ഘടന ഇത്തരം വിവാഹങ്ങളെ നിരുത്സാഹപ്പെടുത്തിയിരുന്നുമില്ല.ജൂൺ മാസം മുതൽ ജനുവരി വരെയുള്ള കാലയളവിലെ (അഞ്ചെട്ടു മാസം) കരയിലും കടലിലുമായി ഭാര്യ ഭർതൃ ബന്ധം ഇല്ലാതെ കഴിയേണ്ടി വരുന്ന അവർക്ക് കരക്കണയുന്ന തീരങ്ങളിൽ അവിടത്തുകാരായ സ്ത്രീകളുമായി വിവാഹം മനുഷ്യസഹജമായതുമാണ്.ഇന്നത്തെ പോലെ വിവാഹ ബന്ധങ്ങളിൽ അത്ര നിഷ്കർഷത പാലിച്ചിരുന്നുമില്ല.മലബാറിലെ പ്രധാന തുറമുഖങ്ങളിലും(പൊന്നാനി ഉൾപ്പെടെ) ഇത്തരത്തിലെ ബന്ധങ്ങളിൽ ഉണ്ടായ സന്തതികൾ മാപ്പിളമാർ എന്നും പിന്നീട് ഇസ്ലാമിന്റെ ആവിർഭാവത്തോടെ ഇവർ മുസ്ലീംകൾ ആവുകയും മുസ്ലിം മാപ്പിളമാർ എന്ന് അറിയപ്പെടുകയും ചെയ്തു.

കേരളം പല വൈദേശിക മതങ്ങളെയും ഉൾകൊണ്ട പ്രദേശമായത്  കൊണ്ട് ഇസ്ലാം മതത്തെയും ക്രിസ്തുമതത്തെയും ഉൾകൊണ്ടു.അങ്ങനെ മലബാറിലെ ഹൈന്ദവരിൽ നിന്നും ഇസ്ലാം സ്വീകരിച്ചവരെ മുസ്ലീം മാപ്പിള മാർ എന്നും തിരുവിതാംകൂർ ഹൈന്ദവരിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർ ക്രൈസ്തവ മാപ്പിളമാർ എന്നും അറിയപ്പെടുന്നു.മഹാപിള്ള എന്ന വാക്ക് ലോപിച്ചാണ് മാപ്പിള എന്ന് പറയുന്നത്.



പതിനാലാം നൂറ്റാണ്ടോടെ സാമൂതിരി ഭരണത്തിന്റെ ഉദയത്തോടെയാണ് മലബാറിലെ തീരപ്രദേശങ്ങളിൽ മുസ്ളീം കളിൽ  മരുമക്കത്തായ സമ്പ്രദായം വ്യാപിച്ചത്.കാസർഗോഡ്, തലശ്ശേരി,കണ്ണൂർ, കോഴിക്കോട്,പൊന്നാനി തുടങ്ങിയ തീരപ്രദേശങ്ങളും അറേബ്യൻ നാടുകളും തമ്മിൽ വ്യാപാര ബന്ധങ്ങൾ സുദൃഢമായതും ഇതേത്തുടർന്നാണ്.മറ്റുപ്രദേശങ്ങളിലെ മുസ്ലീംകളിൽ നിന്നും വ്യത്യസ്തമായി കുടുംബഘടനയിലും, ക്രയവിക്രയങ്ങളിലും,ആചാരാനുഷ്ഠാനങ്ങളിലും,മാമൂലുകളിലും(പരമ്പരാഗത  ശൈലി) വ്യത്യാസം ഇവർ പുലർത്തിയിരുന്നു.

കോഴിക്കോടും പൊന്നാനിയും സാമൂതിരിയുടെ മാത്രം അധീനതയിലുള്ള പ്രദേശമാകയാൽ ഇവിടെങ്ങളിൽ നിന്നും സ്ത്രീകളെ അറബികൾക്ക് കല്യാണം കഴിക്കാമെന്ന ആജ്ഞ പുറപ്പെടുവിക്കുകയും തടസ്സങ്ങളില്ലാതെ കല്യാണം നടത്തുകയും അങ്ങനെ ഇവിടെ മരുമക്കത്തായ വ്യവസ്ഥ നടമാടിയെന്നും പറയപ്പെടുന്നു.

മരുമക്കത്തായ  സമ്പ്രദായത്തിൽ, ഭാര്യ വീട്ടിൽ അന്തിയുറക്കം, സന്താനങ്ങൾക്ക് പിതാവിന്റെ തറവാട് പേരിന് പകരം മാതാവിന്റെ  തറവാട് പേര് ചേർക്കൽ, തനതായ വിവാഹവേളകൾ, റംസാൻ മാമൂലുകൾ, മറ്റ് വിശേഷ ദിവസങ്ങളിലെ ആചാരങ്ങൾ തുടങ്ങിയവ ഉണ്ടായിരുന്നു. കൂടാതെ കുട്ടികളുടെ വൈജ്ഞാനിക പരിപോഷണത്തിലും സ്വ



ഭാവ രൂപീകരണത്തിലും മുഖ്യ പങ്ക് വഹിച്ചിരുന്നതും സ്ത്രീകളായിരുന്നു .അതിന്റെ ഭാഗമായി 'അറ കൊടുക്കൽ ' ആചാരവുമിവിടെ നിലനിന്നു.നായർ സമുദായ തുടർച്ചയെന്നോണം പല പേരുകേട്ട തറവാട് വീടുകളും മഠങ്ങളുമായും അകങ്ങളുമായറിയപ്പെടുന്നു.തങ്ങളുടെ സ്വത്ത് അന്യാധീനപ്പെടാതെ കാത്തു സൂക്ഷിക്കാനും ബന്ധങ്ങൾ ശിഥിലമാവാതെ സൂക്ഷിക്കാനുമാണ് അറ സമ്പ്രദായവും കുടുംബങ്ങളിൽ നിന്ന് തന്നെയുള്ള വിവാഹങ്ങളും .



പൊൻ നാണയത്തിന്റെ നാട്ടിൽ പൊന്നിട്ട് വിളിച്ചു കല്യാണം ക്ഷണിക്കുന്ന ആചാരവും നിലനിന്നിരുന്നു. വിവാഹനാളുകളിൽ പ്രഭാതഭക്ഷണത്തോടെ ഭാര്യ വീട്ടിൽ നിന്നും ഇറങ്ങുന്ന പുരുഷൻ രാത്രി അവിടെ കൂടണയും.കാലക്രമേണ ആ കുടുംബത്തിലെ അംഗമായി തീരും.പെൺകുട്ടിയായി പിറവി കൊണ്ടാൽ അവളുടെ വാസസ്ഥലം ജീവിതാന്ത്യം വരെ തറവാട് തന്നെ യാണ്.ആൺകുട്ടികൾക്ക് ജന്മഗൃഹത്തിൽ കാര്യമായ അവകാശം ഉണ്ടാവണമെന്നില്ല.

കേരളത്തിലെ തന്നെ പ്രമുഖ രാജവംശങ്ങളായ സാമൂതിരി,കോലത്ത് നാട്, കടത്തനാട്,കൊച്ചിൻ രാജവംശം, വേണാട്,വള്ളുവനാട് തുടങ്ങിയ വംശങ്ങളിലെല്ലാം സ്ഥാനാരോഹണം നടന്നിരുന്നത് മരുമക്കത്തായ രീതികളിലായിരുന്നു. മാത്രമല്ല

കേരളത്തിലെ ഏക മുസ്ലിം രാജവംശമായ കണ്ണൂരിലെ അറക്കൽ സ്വരൂപം, തലശ്ശേരിയിലെ കേയി വംശം, കോഴിക്കോട്ട് കോയമ്മാർ, പൊന്നാനിയിലെ മഖ്ദൂം തറവാട് തുടങ്ങി പല പ്രാമാണിക മുസ്ലിം കുടുംബങ്ങളിലും ഈ രീതി കൾ ആചരിച്ചു പോന്നിരുന്നു.പൊന്നാനിയിലെ മഖ്ദൂം പരമ്പരയിൽ ഇന്നും നിലനിൽക്കുന്ന സ്ഥാനാരോഹണം മരുമക്കത്തായ രീതിയിൽ തന്നെയാണ് ഇപ്പോഴും നടക്കുന്നത്.

അതായത്, മഖ്ദൂം പരമ്പരയിലെ മൂന്നാം സ്ഥാനിയും കേരളത്തിലെ പ്രശസ്ത പണ്ഡിത ശ്രേഷ്ഠനും തുഹ്ഫത്തുൽ മുജാഹിദീൻ എന്ന ഗ്രന്ഥത്തിന്റെ രചയിതാവും കൂടി ആയ ശൈഖ് സൈനുദ്ദീൻ രണ്ടാമൻ സദാസമയവും ഇസ്ലാമിക പ്രബോധനത്തിലും വിജ്ഞാന പ്രസരണത്തിലും ആകയാൽ മഖ്ദൂം പദവിയോട് വേണ്ടത്ര നീതി പുലർത്താൻ അവസരം ലഭിക്കാത്തതിനെ തുടർന്ന് തന്റെ സഹോദരി ഫാത്തിമയുടെയും ശൈഖ് ഉസ്മാൻ ജമാലുദ്ദീൻ മ അബരിയുടെ മകനുമായ ശൈഖ് അബ്ദുറഹ്മാനെ മഖ്ദൂം ആയി നാമകരണം ചെയ്തു.അന്ന് മുതലാണ് മഖ്ദൂം സ്ഥാനാരോഹണം മരുമക്കത്തായ വ്യവസ്ഥ യിലൂടെ അനുവർത്തിച്ചു വരുന്നതും 2007 ൽ ഈ പരമ്പരയിലെ നാൽപതാം സ്ഥാനിയായി മഖ്ദൂം മുത്തുക്കോയ തങ്ങൾ ഹൈദ്രോസി പൊന്നാനിയിൽ സ്ഥാനമേറ്റതും.

അമ്മാവൻമാരാണ് മരുമക്കത്തായ തറവാടുകളിൽ എല്ലാ കാര്യങ്ങളുടെയും കാരണവർ സ്ഥാനി. .പെൺകുട്ടികൾ കല്യാണം പ്രായമായാൽ പിതാവിനോട് പറയുന്നതിന് മുമ്പേ അമ്മാവൻമാരുമായീ കൂടിയാലോചിക്കുന്ന രീതിയും പൊന്നാനിയിൽ നിലനിന്നിരുന്നു. അതും തലമുതിർന്ന അമ്മാവനെയോ അല്ലെങ്കിൽ അതിന് തക്കതായ മറ്റാരെയെങ്കിലും ആയിരിക്കും കാര്യങ്ങളുടെ ചുമതല ഏൽപ്പിക്കുന്നത്.പദവിയും പ്രതാപവും നിലനിർത്താൻ തറവാട് സ്വത്തിന്റെ. ഒരു ഭാഗം തന്നെ നീക്കി വെക്കും.അംഗസംഖ്യ എത്ര കൂടിയാലും കുലീന ധനാഢ്യ തറവാടുകളിൽ സഹോദരിമാരും സ്ത്രീ സന്താനങ്ങളും സാഹോദര്യത്തോടെ കൂട്ടുകുടുംബമായി ജീവിച്ചു മരിക്കും. മറിച്ച് ഐക്യമില്ലായ്മയും സംഭവിക്കാറുണ്ട്.

പെൺകുട്ടികളും ആൺകുട്ടികളും ജനിച്ചു വളരുന്നത് മാതാവിനോടൊന്നിച്ച് കൂട്ടുകുടുംബത്തിലാണ്.ഓരോ അംഗത്തിനും പൊതു സ്വത്തിൽ അവകാശം നീലനിൽക്കും.ഒരംഗത്തിനും സ്വന്തമായി സ്വത്ത് വിഹിതം ആവശ്യപ്പെടാൻ കീഴ് വഴക്കം അനുവദിക്കില്ല.മുഴുവൻ അംഗങ്ങളും യോജിച്ചു പോയാൽ തറവാട് ഭാഗം വെക്കും.സ്വന്തം അധ്വാനിച്ചുണ്ടാക്കിയ സമ്പത്ത് സ്വന്തം മക്കൾക്ക് പിന്തുടർച്ചാവകാശം ലഭിക്കാതെ അന്യൻ ജന്മം നൽകിയ സഹോദരി പുത്രൻമാർക്ക് ലഭിക്കുക എന്നത് പിന്നീട് വിചിത്രമായി കരുതപ്പെട്ടു. അതായത് വീടിന്റെ മൊത്തം ഉത്തരവാദിത്വത്തിൽ ഒരു മെല്ലെ പോക്ക് നയം ഉണ്ടാവുന്ന പക്ഷം പല വീടുകളും തകർന്ന് തരിപ്പണമായി പോകുന്ന കാഴ്ചയാണ് ഉണ്ടാവാറ്.തന്മൂലം ഇന്നത്തെ തലമുറയിൽ അറസമ്പ്രദായവും മരുമക്കത്തായ രീതികളോട് പുഛവുമാണ് കണ്ട് വരുന്നത്.ഒരു മാറ്റത്തിന്റെ തന്നെ ചിന്താവിശേഷമാണ് ഇവിടുത്തെ പുരുഷന്മാരിൽ കണ്ടു വരുന്നത്.

മനോഹരമായ അറബ്-കേരളീയ കരകൗശല വേലകളാൽ നിർമിച്ച വീടുകൾ ഇന്നും പൊന്നാനിയിൽ കാണാം.പഴയ തലമുറയുടെ സുഭിക്ഷമായ ദൈനംദിന ജീവിതത്തിനനുയോജ്യമായ തരത്തിലുള്ള നാല് കെട്ട്,എട്ട് കെട്ട്,വിശാലമായ അകത്തളങ്ങൾ, ധാരാളം അറകൾ തുടങ്ങിയവ ഇത്തരം തറവാട് വീടുകളുടെ പ്രത്യേകതയാണ്.

തരകൻകോജിനിയകം,പടിഞ്ഞാറെ പുതിയകം,പാടാരിയകം,മുക്രിയകം,രാഇച്ചനകം,ചോയിമഠം,വെട്ടം വീട്, വെട്ടം പോക്കിരിങ്ങാനകംതുടങ്ങിയ വീടുകൾ ഇത്തരം സവിശേഷതകളാൽ സമ്പന്നമാണ്.

പൊന്നാനിയിൽ തന്നെ ഒരുകാലത്ത് കനോലികനാലിന് കിഴക്ക് വശം ഹൈന്ദവതയിലൂന്നിയ സംസ്കാരവും കനാലിന് പടിഞ്ഞാറ് വശം ഇസ്ലാമിക രീതിയിലുമായിരുന്നു.ഒരു പ്രത്യേക ആചാരമോ വ്യവസ്ഥയോ ഇല്ലാതെ ആയിരുന്നു പഴയകാല ഹിന്ദു സമൂഹം.അവരിലെ ഉയർന്ന ജാതിക്കാരിൽ മാത്രം നിലനിന്നിരുന്ന മരുമക്കത്തായ രീതികൾ പിന്നീട് മുസ്ലിംകൾക്കിടയിലും വന്നു ചേർന്നതാകാനും സാധ്യതയുണ്ട്.മരുമക്കത്തായികളായ ഹൈന്ദവ വർ ഇസ്ലാം മതം സ്വികരിച്ചതിനു ശേഷം പഴയ രീതികൾ തുടർന്ന് വന്നുവെന്നും,അറബികൾ കച്ചവട ആവശ്യാർത്ഥം ഇവിടെ വന്നുണ്ടായ വൈവാഹിക ബന്ധത്തിൽ പിറന്ന സന്തതികളുടെ വിവാഹങ്ങളിൽ പൂർവ്വാചാരം നിലനിന്നുവെന്നും തുടങ്ങി നിരവധി അഭിപ്രായങ്ങൾ പൊന്നാനിയിലെ മരുമക്കത്തായത്തെ പറ്റിയുള്ള പൊതു അഭിപ്രായങ്ങളാണ്.

ഇന്നും മലബാറിലെ ചില പ്രദേശങ്ങളിൽ നിലനിൽക്കുന്ന മരുമക്കത്തായ സമ്പ്രദായം പൊന്നാനിയിൽ നാമാവശേഷമായിട്ടുണ്ട്.മറ്റുപ്രദേശങ്ങളിലെ (കണ്ണൂർ, തലശ്ശേരി, ലക്ഷദ്വീപ്) മരുമക്കത്തായ രീതിയിൽ നിന്നും തികച്ചും ലളിതമായ താണ് പൊന്നാനിയിലേത്. കാരണം ഹൈന്ദവ രീതിയിലെ പോലെ സ്വത്തവകാശ നിയമങ്ങൾ ഇവിടങ്ങളിൽ നിലനിന്നിരുന്നു.പക്ഷെ പൊന്നാനിയിലും കോഴിക്കോടും അറസമ്പ്രദായവും ഭാര്യ വീട്ടിലെ താമസവും കുഞ്ഞുങ്ങൾക്ക് പേരിനൊപ്പം ഉമ്മ വീടിന്റെപേര് നിർദ്ദേശിക്കലും മാത്രം ആയിരുന്നു മരുമക്കത്തായ രീതിയിൽ അനുവർത്തിച്ചു പോന്നത്. ഈ സമ്പ്രദായത്തിൽ തറവാട് നിലനിൽക്കുന്ന കാലത്തോളം കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും തറവാട്ടിൽ ഒന്നിച്ചു നിൽക്കാനുള്ള അവസരമുണ്ട്.

മരുമക്കത്തായ രീതികളോട് തികച്ചും ശക്തമായ എതിർപ്പുമായി മുമ്പോട്ടു വന്ന നവോത്ഥാനനായകൻ ആയിരുന്നു സനാഉല്ല മക് തി തങ്ങൾ.അദ്ദേഹം പൊന്നാനിയുടെ തൊട്ട് പ്രദേശമായ വെളിയങ്കോടുകാരനാണ്.1884ൽ മലയാളഭാഷയിൽ ആദ്യമായി ലേഖനം പുറത്തിറക്കിയ മുസ്ലിമും കൂടിയായിരുന്നു.കൂടാതെ 1961 കേരളത്തിലെ ആദ്യത്തെ സ്പീക്കറും നിയമ പണ്ഡിതനും കൂടിയായ കേ. എം. സീതി സാഹിബും ഈ അനാചാരങ്ങൾക്കെതിരെ ശബ്ദം ഉയർത്തിയ വ്യക്തിത്വം ആണ്.സനാഉല്ല മക് തി തങ്ങൾ മരുമക്കത്തായ സമ്പ്രദായത്തിനെതിരെ കേരളത്തിലങ്ങോളമിങ്ങോളം പ്രഭാഷണങ്ങൾ നടത്തിയ വ്യക്തിയാണ്.അറക്കൽ രാജവംശത്തിനെതിരെ അദ്ദേഹം ശബ്ദമുയർത്തി. കെ. എം സീതി സാഹിബും കോടതികളിൽ ഇതിനെതിരെ ശക്തിയുക്തം വാദിച്ച മറ്റൊരു വ്യക്തിത്വമാണ്.കൊടുങ്ങല്ലൂർകാരനായ അദ്ദേഹം തന്റെ പ്രവർത്തന മേഖലയായ കോഴീക്കോട്ടേക്കും തലശേരിയിലേക്കും കനോലി കനാലിലൂടെയുള്ള യാത്ര മധ്യേ ഇടത്താവളമായി സ്ഥിരമായി തങ്ങിയിരുന്നത് പൊന്നാനിയിൽ ആയിരുന്നു.അക്കാലത്ത് ജലഗതാഗതം ആയിരുന്നല്ലോ പ്രാമുഖ്യം.മരുമക്കത്തായ സമ്പ്രദായത്തിനെതിരെ ശബ്ദം ഉയർത്തിയ ഈ നവോത്ഥാന നായകന്മാരായി ഇവർ അറിയപ്പെടുന്നു. അങ്ങനെ പൊന്നാനിയിൽ നിന്നും തന്നെയാണ് ഇതിനെതിരെ ആദ്യമായി ശബ്ദം ഉയർന്നു വന്നതും.

1960കളോടെ മരുമക്കത്തായ പിൻതുടർച്ച മുസ്ലീംകളിൽ നിന്നും ഏതാണ്ട് നാമാവശേഷമായി തുടങ്ങി.അങ്ങനെ മുസ്ലീം പേഴ്സണൽ ലോ രാജ്യത്താകമാനം പ്രാബല്യത്തിൽ വരികയും നായർ സമുദായത്തിലെ ഈ ആചാരം ഹിന്ദു മരുമക്കത്തായ അബോളിഷിങ്ങ് ആക്ട് നിലവിൽ വന്നതോടെ 1976 ജനുവരി ഒന്നിന് ജനിക്കുന്ന ഓരോ കേരളീയനും ഈ സമ്പ്രദായത്തിൽ നിന്നും നിയമദൃഷ്ടിയാൽ മോചനം ലഭിച്ചു.

**റഫറൻസ്**


1. 'മാപ്പിള ചരിത ശകലങ്ങൾ', പ്രൊഫ:,കെ.വി, അബ്ദുറഹ്മാൻ
2. 'മഖ്ദൂമും പൊന്നാനിയും', ഡോക്ടർ ഹുസൈൻ രണ്ടത്താണി.
3. 'പൊൻവാനിയുടെ പ്രവാഹം', ടി.കെ പൊന്നാനി
4. 'പൊന്നാനി പൈതൃകവും നവോത്ഥാനവും', ടി.വി അബ്ദുറഹ്മാൻ കുട്ടി
5. 'സനാഉല്ല മക്തി തങ്ങൾ', ടി.വി അബ്ദുറഹ്മാൻ കുട്ടി



# പെണ്ണിടങ്ങൾ : മധ്യകാല സന്ദേശകാവ്യങ്ങളിലേക്കുള്ള ലിംഗപദവി നോട്ടങ്ങൾ

**ഡോ. മാളവിക ബിന്നി**
അസി. പ്രൊഫസർ, ചരിത്ര വിഭാഗം, സ്കൂൾ ഓഫ് ലിബറൽ ആർട്സ് & സയൻസസ്
എസ്.ആർ.എം സർവ്വകലാശാല, ആന്ധ്രപ്രദേശ്



ഓർമ്മകൾക്കപ്പുറമുള്ള കാലഘട്ടം മുതൽക്കുതന്നെ കേരളത്തിലെ (മലബാർ) പൊതു സാംസ്കാരിക വഴക്കം മാതൃദായക്രമം ആയിരുന്നു എന്ന രീതിയിൽ തെറ്റിദ്ധരിക്കപ്പെടുകയും തെറ്റായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിരുന്നു. മധ്യകാല സഞ്ചാരികളുടെ രേഖകളിലും ആധുനീക ദേശീയവാദ വിചക്ഷണരുടെ രചനകളിലും ഗാഢമായ ഈ ആശയക്കുഴപ്പം തെളിഞ്ഞു തന്നെ ദൃശ്യമാണ്. കേരളത്തിനകത്തും പുറത്തുമുള്ള പല ചരിത്രകാരന്മാരും മുന്നോട്ടുവയ്ക്കുന്ന കേരള വൈശിഷ്ട്യവാദം പോലുള്ള ചില ആശയങ്ങൾ വരേണ്യജാതികൾ പിന്തുടരുന്ന ദായക്രമം പൊതുവായി അംഗീകരിക്കപ്പെട്ട യഥാർത്ഥ്യമാണ് എന്ന തെറ്റിദ്ധാരണ പ്രചരിക്കുന്നതിന് കാരണമായിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന പിന്തുടർച്ചാവകാശ സമ്പ്രദായത്തെക്കുറിച്ചുള്ള സൂചനകൾ നൽകുന്ന ആദ്യകാല സാഹിത്യരചനയാണ് ‘സംഘകാല’ കൃതിയായ അകനാനൂറ്. പിതാവിൽ നിന്ന് മകനിലേക്ക് ഗമിക്കുന്ന പാരമ്പര്യ ക്രമത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ അകം പാട്ടുകളിലെ പല വരികളിലും കാണാം. ഭൂമിയുടെ ഉടമസ്ഥാവകാശം, സമ്പത്തിന്റെ കൈമാറ്റ - കൈവശാവകാശങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള പരാമർശങ്ങളും ഈ കൃതിയിൽ കാണാം.

പരജാതി വൈവാഹിക സമ്പ്രദായം ആ കാലഘട്ടത്തിൽ വ്യാപകമായി നിലവിലുണ്ടായിരുന്നു എന്ന വസ്തുത മരുതം തിണയിലുള്ള സ്ത്രീകൾക്ക് പ്രണയ ബന്ധങ്ങൾ കുറിഞ്ചി, പാലൈ എന്നീ തിണകളിൽ ഉണ്ടായിരുന്നു എന്ന തരത്തിലുള്ള അകനാനൂറിലുള്ള പ്രസ്താവനകൾ സൂചിപ്പിക്കുന്നു. മറ്റ് തിണകളിലുള്ള പുരുഷൻമാർ പ്രണയിക്കുന്ന ചെറുപ്പക്കാരികളായ സ്ത്രീകളുടെ അമ്മമാരെ പ്രാമുഖ്യത്തോടെയാണ് അകം കവിതകൾ അവതരിപ്പിക്കുന്നത്. പാലൈ, കുറിഞ്ചി എന്നീ തിണക

ളിൽ പ്രധാനമായും ആരാധിച്ചിരുന്ന ശക്തമായ ദേവീസങ്കൽപ്പങ്ങളായിരുന്ന കൊട്രവൈ, അനങ്ക് എന്നീ ആരാധനാമൂർത്തികളുമായി ബന്ധപ്പെട്ട സ്ത്രീ പുരോഹിതരേയും അനുഷ്ഠാന പാർശ്വവർത്തികളെയും കുറിച്ചുള്ള പ്രതിപാദനങ്ങളും സംഘകാല കൃതികളിൽ ദൃശ്യമാണ്. വ്യത്യസ്തങ്ങളായ തിണകളിൽ വ്യത്യസ്തങ്ങളായ വംശപരമ്പര ക്രമങ്ങളാണ് കാണപ്പെടുന്നതെങ്കിലും കുട്ടികൾ മാതൃഗൃഹത്തിൽ വസിക്കുന്നതായുള്ള ചിത്രീകരണം വെളിച്ചം വീശുന്നത് പ്രബലമായി സമൂഹത്തിൽ നിലനിന്നിരുന്നത് ഭാര്യാഗൃഹവാസ വൈവാഹീക സമ്പ്രദായം (മാട്രിലൊക്കാലിറ്റി) ആയിരുന്നു എന്ന ശക്തമായ സാധ്യതയിലേക്കാണ്.

പ്രാചീന-മധ്യകാലഘട്ടത്തിൽ ബഹുവിധ ദായക്രമങ്ങളുടെ ഒരുമിച്ചു ചേർന്നുള്ള സഹവർത്തിത്വം നിലനിന്നിരുന്നു എന്ന വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്ന വ്യക്തമായ സൂചകങ്ങളാണ് തരിസാപ്പള്ളി താമ്രശാസനവും ജൂത ശാസനവും. പെരുമാൾ ഭരണാധികാരിയായിരുന്ന ഭാസ്കര രവിവർമ്മൻ ജൂതവ്യാപാരികളുടെ തലവനായിരുന്ന ജോസഫ് റബ്ബാനു നൽകിയ വിശിഷ്ടാധികാരങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന ജൂതശാസനത്തിൽ (1000 സി.ഇ.) ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു :- ജോസഫ് റബ്ബാനും അവന് ജനിക്കുന്ന ആൺ-പെൺ മക്കൾക്കും അനന്തരവർക്കും (അവന്റെ) പെൺ മക്കളെ വിവാഹം ചെയ്യുന്ന മരുമക്കൾക്കും അഞ്ചുവണ്ണം ഒരു പാരമ്പര്യസ്വത്ത് (ആയി) ഭൂ - ചന്ദ്രാദികൾ നിലനിൽക്കുന്നിടത്തോളം കാലം (നാം നൽകുന്നു)." (15ാം വരി, ജൂത ശാസനം) ജോസഫ് റബ്ബാന് ശാശ്വതമായി നൽകപ്പെട്ട വിശേഷാധികാരങ്ങളിൽ ആൺമക്കൾക്കും അനന്തരവർക്കും വ്യക്തമായ ഓഹരിയുണ്ട് എന്ന ശാസനത്തിലെ പരാമർശം പിതൃദായ - മാതൃദായക്രമങ്ങൾ രണ്ടും നിലനിന്നിരുന്നു എന്ന വസ്തുതയെ വ്യഞ്ജിപ്പിക്കുന്നതാണ് എന്നുള്ളത് ജിജ്ഞാസയുണർത്തുന്ന കാര്യമാണ്. കൂടുതൽ താത്പര്യമുളവാക്കുന്ന മറ്റൊരു കാര്യം റബ്ബാന്റെ പെൺമക്കളേയും അവരുടെ ഭർത്താക്കന്മാരേയും പാരമ്പര്യസ്വത്ത് നൽകപ്പെട്ടവരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതാണ്.

ക്ഷേത്രങ്ങൾക്കും ക്ഷേത്രനിർമ്മാണ പ്രവർത്തനങ്ങൾക്കും സമ്പത്ത് ദാനം ചെയ്തവരിൽ സ്ത്രീ ദാതാക്കളും ഉണ്ടായിരുന്നു എന്ന ചരിത്രവസ്തുത പല ശാസനങ്ങളും സ്ഥിരീകരിക്കുന്നുണ്ട്. ഉദാഹരണമായി ചേരമാൻ പെരുമാളുടെ ഭാര്യയായ നമ്പിരാട്ടിയാർ റാണിയെക്കുറിച്ചും മുഞ്ചിനാട്ടധികാരിയുടെ ഭാര്യയായ രാമൻ മാതേവിയെക്കുറിച്ചുമുള്ള തിരുവല്ല താമ്രശാസനത്തിലെ പ്രതിപാദനങ്ങൾ തെളിയിക്കുന്നത് സ്ത്രീകളുടെ അധീനതയിൽ ക്രയവിക്രയങ്ങൾക്കുതകുന്ന സ്വത്ത് ഉണ്ടായിരുന്നു എന്ന കാര്യമാണ്. ചെങ്ങന്നൂർ ക്ഷേത്രസ്ഥാപനം നടത്തിയത് തിരുക്കലയപുരം ആദിത്യ ഉമയമ്മ (തിരു ക്കലയപുരത്ത് ആതിച്ചൻ ഉമയമ്മയ് ) ആയിരുന്നു എന്ന് മാമ്പള്ളി ശാസനം ( 974 സി.ഇ.) പ്രമാണീകരിക്കുന്നു. ഉമയമ്മയ്ക്ക് ക്ഷേത്രവും അതിനോടനുബന്ധിച്ച ഭൂമിയും ശ്രീ വല്ലവൻ കോതൈ ദാനം ചെയ്തതിനെക്കുറിച്ചും ; പിന്നീട് ഉമയമ്മ ചെങ്ങന്നൂർ ക്ഷേത്രത്തിനായി ഇതേ ഭൂമി ദാനം ചെയ്തതിനെക്കുറിച്ചും ഈ ചെപ്പേടിൽ പറയുന്നു. മേൽ പറഞ്ഞ ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നത് ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന ദായക്രമങ്ങളിലെ ചരിത്രപരമായ വഴക്കങ്ങളേയും അയവുകളേയും കുറിച്ചാണ്.

സംസ്കൃതത്തിലും മണിപ്രവാളത്തിലും മലയാളത്തിലും എഴുതപ്പെട്ട മധ്യകാല സന്ദേശകാവ്യങ്ങളെക്കുറിച്ചും ചരിതങ്ങളെക്കുറിച്ചുമുള്ള നമ്മുടെ വായന ക്രമപ്പെടുത്തേണ്ടത് ഇത്തരത്തിലുള്ള അയഞ്ഞ ബഹുസ്വരമായ പരിതസ്ഥിതിയും പശ്ചാത്തലവുമായി ബന്ധപ്പെടുത്തിയാണ്. സാമ്പ്രദായിക എഴുത്തുകാർ അച്ചീചരിതങ്ങൾ എന്ന പേരിൽ ഇകഴ്ത്തിക്കാട്ടുന്ന സന്ദേശകാവ്യങ്ങൾ ചരിത്ര രചയിതാക്കളെ സംബന്ധിച്ചിടത്തോളം മധ്യകാല കേരളത്തിലെ സാമൂഹീകക്രമങ്ങളെക്കുറിച്ചും സംസ്കാരങ്ങളെക്കുറിച്ചും ബന്ധുത്വസമ്പ്രദായങ്ങളെക്കുറിച്ചുമെല്ലാം വിവരം നൽകുന്ന നിധികുംഭങ്ങളാണ്. ശൃംഗാരരസത്തിന് പ്രാമുഖ്യം നൽകി രചിക്കപ്പെട്ട സാഹിത്യകൃതികളെ മുൻ നിർത്തി എം .ജി. എസ്. നാരായണൻ, എ. ശ്രീധരമേനോൻ തുടങ്ങിയവരെ പോലുള്ള ചരിത്രകാരന്മാർ ഈ കാലഘട്ടത്തെ സന്മാർഗ്ഗക്ഷയം ഉള്ള കാലഘട്ടമായി വായിക്കുമ്പോൾ സാഹിത്യകൃതികളിലെ നായികമാരെ കുലസ്ത്രീകൾ എന്ന് സംബോധന ചെയ്ത് ഉള്ളൂർ എസ് പരമേശ്വര അയ്യർ, ശൂരനാട് കുഞ്ഞൻപിള്ള തുടങ്ങിയ എഴുത്തുകാർ ഈ കൃതികളെ ഒരു തരത്തിൽ വെള്ളപൂശാനും ഇവയിലെ കാമ പരതയുടെ പ്രാധാന്യത്തെ കുറച്ചു കാണിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. സന്ദേശകാവ്യങ്ങൾക്കും അച്ചീചരിതങ്ങൾക്കും ഉദാഹരണങ്ങളായ ഉണ്ണുനീലി സന്ദേശം, ഉദ്ദണ്ഡശാസ്ത്രികളുടെ കോകില സന്ദേശം (14 15ാം നൂറ്റാണ്ട്), ഹംസ സന്ദേശം (14ാം നൂറ്റാണ്ട്), പയ്യന്നൂർ ഭട്ടതിരിയുടെ ചകോര സന്ദേശം (15ാം നൂറ്റാണ്ട്), ഉണ്ണിയാടീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയച്ചീചരിതം എന്നീ കൃതികളിലെ നായികമാർ തൃപ്പാപ്പൂർ (പിൽക്കാല തിരുവിതാംകൂർ ), പെരുമ്പടപ്പ് (പിൽക്കാല കൊച്ചി), നെടിയിരിപ്പ് (പിൽക്കാല കോഴിക്കോട്) തുടങ്ങിയ സ്വരൂപങ്ങളുമായി ബന്ധപ്പെട്ട പല സ്ഥലങ്ങളിലെയും പ്രബലരും പ്രമുഖരുമായ സ്ത്രീകൾ ആയിരുന്നു. കൽപ്പനാ സൃഷ്ടികളോ യഥാർത്ഥത്തിൽ ജീവിച്ചിരുന്നവരോ ആയ ഇവർക്ക് ഗണനീയമായ സാമൂഹീക സ്ഥാനവും സമ്പത്തിലും ഭൂമിയിലും ഉടമസ്ഥാവകാശവും ഉണ്ടായിരുന്നു.

ഈ സ്ത്രീകളെ ദേവദാസികളോ ക്ഷേത്രത്തിന് സമർപ്പിക്കപ്പെട്ട സ്ത്രീകളോ ആയി ബന്ധിപ്പിച്ച് വായിക്കാനുള്ള പ്രവണത ഷെൽഡൺ പൊള്ളോക്കിനെ പോലുള്ള ചരിത്രകാരന്മാർക്കുണ്ട്. 13-ാം നൂറ്റാണ്ടു മുതൽ 16-ാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിനിടയിൽ രചിക്കപ്പെട്ട കൃതികളുടെ

സൂക്ഷ്മമായ പരിശോധന ഇവയിൽ വിവരിച്ചിട്ടുള്ള സ്ത്രീകളുടെ തൊഴിൽ, ജീവിത വ്യവഹാരം, സാമൂഹിക സ്ഥാനം എന്നിവയിലെ വ്യതിരിക്തതകളിലേക്ക് വെളിച്ചം വീശുന്നു. ഈ കാലഘട്ടത്തിൽ രാജവംശങ്ങളും പ്രധാനപ്പെട്ട കുടുംബങ്ങളും തമ്മിൽ ബന്ധം സ്ഥാപിക്കുന്നത് ആതിഥേയ ആചാരങ്ങളിലൂടെയും വൈവാഹികവും വിവാഹേതരവുമായ സ്ത്രീകളുടെ ചംക്രമണത്തിലൂടെയും ആയിരുന്നു.

നോബർട്ട് ഏലിയാസ്, ദാവൂദ് അലി തുടങ്ങിയ സാമൂഹിക ശാസ്ത്രജ്ഞർ അധികാര ബന്ധങ്ങളുടെ രൂപീകരണത്തിൽ കീഴ്നടപ്പനുസരിച്ചുള്ള ആചാരങ്ങളുടേയും ആ തിഥേയ മര്യാദകളുടേയും ദർബാർ സംസ്കാരത്തിന്റേയും പങ്കിന്റെ പ്രാധാന്യത്തെക്കുറിച്ച് വാദിച്ചിട്ടുണ്ട്. രാജാധികാരത്തിന്റെ വ്യാപനത്തിനായി സങ്കീർണ്ണമായ ' വിവാഹ ബന്ധങ്ങളും' ജാതി കോയ്മകളും ക്ഷേത്ര - കുടുംബ ആചാരങ്ങളും നിലനിർത്തിയിരുന്നതും ഇവയെ ഉപയോഗിച്ചിരുന്നതും പഠന വിഷയമാക്കേണ്ടതാണ്.

തറവാട് പോലുള്ള ഗാർഹീക അന്തരീക്ഷങ്ങൾ മധ്യകാല കേരളത്തിലെ സാംസ്കാരികവും സാമ്പത്തികവുമായ ചട്ടക്കൂടിനെ രൂപീകരിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. വൈശികതന്ത്രം പോലുള്ള കൃതികൾ ലൈംഗീകവൃത്തിക്ക് പ്രാമുഖ്യം നൽകുന്ന വേശ്യാഗൃഹങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. അമ്മമാരും മുത്തശ്ശിമാരും പെൺകുട്ടികൾക്ക് കാമകലയിൽ പരിശീലനം നൽകിയിരുന്ന മാതൃദായക്രമം നിലനിന്നിരുന്ന ഇടങ്ങളായിരുന്നു ഇവ. ഉണ്ണുനീലിസന്ദേശം പോലുള്ള സന്ദേശകാവ്യങ്ങൾ സ്ത്രീകളുടെ മേൽനോട്ടത്തിലുള്ള തറവാടുകൾ ഉണ്ടായിരുന്നു എന്ന പരോക്ഷ സൂചനകൾ നൽകുന്നുണ്ട്. മൃഗങ്ങളും വൃക്ഷങ്ങളുമടക്കം മിക്ക കഥാപാത്രങ്ങളും സ്ത്രീകൾ ആകുന്ന ഈ ഗാർഹീക ഇടങ്ങൾ സ്ത്രീ ഇടങ്ങളായി വ്യാഖ്യാനിക്കാവുന്നതാണ്. ഉണ്ണുനീലിസന്ദേശത്തിലെ നായികയായ ഉണ്ണുനീലി താമസിച്ചിരുന്ന മുണ്ടയ്ക്കലിലെ വീര മാണിക്യം വീട്ടിലെ എല്ലാവരും തന്നെ - അവളുടെ കാമുകനൊഴിച്ച് - സ്ത്രീകളാണ്. ഈ കൃതിയിലെ സന്ദേശ വാഹക കഥാപാത്രമായ ആദിത്യവർമ്മയുടെ യാത്രയിൽ അദ്ദേഹത്തെ പല സ്ഥലങ്ങളിലായി കണ്ടുമുട്ടുന്ന മറ്റ് നായികമാർ അല്ലെങ്കിൽ അച്ചികൾ ആണ് ചെറുകര കുട്ടത്തി, കുറങ്ങാട്ട് ചിരുതേവി, കുറങ്ങാട്ട് ഉണ്ണുനീലി, കണ്ടംകുളം സുന്ദരി, ചെറുകര ഉണ്ണിയാടി, മുണ്ടയ്ക്കൽ ചെറിയത് തുടങ്ങിയവർ. ഈ സ്ത്രീകളും , അവരുടെ സാമൂഹിക സ്ഥാനങ്ങളും , അവരെക്കുറിച്ചുള്ള വർണ്ണനകളും വിശേഷണങ്ങളുമെല്ലാം ശക്തമായി സൂചിപ്പിക്കുന്നത് ആതിഥ്യ ആചാരങ്ങളിലൂടെയും വൈവാഹീക - വൈവാഹികേതര ലൈംഗീക കെട്ടുപാടുകളിലൂടെയും രാഷ്ട്രീയ ബന്ധങ്ങൾ രൂപവത്കരിച്ച സ്ത്രീ ഇടങ്ങളായ കേരള നാട്ടിലുടനീളം വലിയ നിരയായി തന്നെ നിലനിന്നിരുന്നമാതൃദായ ഗൃഹങ്ങളുടെ പ്രാമുഖ്യത്തെയാണ് . ഈ സ്ത്രീകളുടെ പദവികളും അവർ ഏർപ്പെട്ടിരുന്ന ബന്ധങ്ങളുടെ പ്രകൃതവും വ്യത്യസ്തങ്ങളായി തന്നെ മനസിലാക്കേണ്ടതുണ്ട്. അവരെ ദേവദാസികൾ എന്ന രീതിയിൽ മാത്രം ധരിക്കുകയും വായിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കുകയും വേണം. വിവാഹബന്ധങ്ങളിലൂടെയും മണിപ്രവാളത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന കേരള ഭാഷ എന്ന പൊതുഭാഷയിലൂടെയും ഉയർന്നുവന്ന സാംസ്കാരിക ഭൂപ്രകൃതി മലയാൺമയുടെ രൂപീകരണത്തിന് വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് ഇനിയും പഠനങ്ങൾ വരേണ്ടത് അനിവാര്യമാണ്. സംബന്ധവും അമ്മ വീട് പാരമ്പര്യവും പോലുള്ള സങ്കീർണ്ണമായ വൈവാഹീക നിയന്ത്രണങ്ങളും ജാതി സമവാക്യങ്ങളും ഇതേ പശ്ചാത്തലത്തിൽ വായിക്കപ്പെടേണ്ടതാണ്.

സ്വരൂപങ്ങളിലെ ഭരണാധികാരികളുടെ ലൈംഗീക പങ്കാളികളെ 'അമ്മച്ചി' എന്നാണ് അഭിസംബോധന ചെയ്തിരുന്നത്. അമ്മച്ചിമാരായ സ്ത്രീകൾക്ക് രാജഭാര്യയുടെ പദവിയോ രാജാവിന്റെ കൂടെ വസിക്കാനോ പൊതു ചടങ്ങുകളിൽ പങ്കെടുക്കാനോ ഉള്ള അവകാശമോ ഇല്ലായിരുന്നു. രാജാവിനാകട്ടെ പല തറവാടുകളിലെ ഒന്നിലധികം അമ്മച്ചിമാരോട് ബന്ധങ്ങൾ സ്ഥാപിക്കാനുള്ള അവകാശം ഉണ്ടായിരുന്നു. അച്ചി എന്ന പദം പിൽകാലത്ത് ഭാര്യ എന്ന് പൊതുവിൽ ഉപയോഗത്തിൽ വന്നെങ്കിലും മധ്യകാലഘട്ടത്തിൽ മാതൃദായ - മാട്രി ലോക്കൽ കുടുംബങ്ങളിലെ പ്രമുഖ സ്ത്രീകളെ സംബോധന ചെയ്യാനാണ് ഈ പദം ഉപയോഗിച്ചിരുന്നത്. മധ്യകാല അച്ചികൾ വ്യാപാരത്തിലും രാഷ്ട്രീയ വ്യവഹാരങ്ങളിലും ക്ഷേത്ര കേന്ദ്രീകൃത സമ്പ്രദായങ്ങളിലും ലൈംഗീക ബന്ധങ്ങളിലും ഭാഗീകമായോ പൂർണ്ണമായോ ഏർപ്പെട്ടിരുന്നു. ഇവരെ ദേവദാസികളോ ലൈംഗീക തൊഴിലിൽ ഏർപ്പെട്ടിരുന്നവരോ മാത്രമായി കണക്കാക്കുന്നത് ആധുനീക കാഴ്ച്ചയുടെ അകാലികത ആണ്. വിക്ടോറിയൻ മൊറാലിറ്റിയുടേയോ ദേശീയതയുടെ ശുദ്ധി വാദങ്ങളുടേയോ ഭാരം വഹിക്കേണ്ടിയിരുന്നില്ലാത്ത മധ്യകാലഘട്ടത്തിൽ താരതമ്യേന 'ഏജൻസി' ഉണ്ടായിരുന്ന പ്രമുഖ സ്ത്രീകളെ ബ്രാഹ്മണിക പുരുഷാധിപത്യത്തിന്റെ ചട്ടക്കൂടിലേക്കും കുലസ്ത്രീ - കുലട വാർപ്പുമാതൃകകളിലേക്കും ചുരുക്കിയതിൽ ഒരു വലിയ പങ്ക് സാമ്പ്രദായിക ചരിത്രകാരന്മാർക്കുണ്ട്. മധ്യകാല കൃതികളുടെ, പ്രത്യേകിച്ച് സന്ദേശകാവ്യങ്ങളുടേയും അച്ചീചരിതങ്ങളുടേയും ജെൻഡേർഡ് വായനകൾ വെള്ളപൂശപ്പെട്ട അല്ലെങ്കിൽ പൈശാചീകവത്കരിക്കപ്പെട്ട ഈ സ്ത്രീകളുടെ ചരിത്രങ്ങളെ വീണ്ടെടുക്കാൻ അനിവാര്യമാണ്.

ചർച്ചാവിഷയം

സുലേഖ
മുൻ ജേർണലിസം ഗസ്റ്റ് ലക്ചർ, ഗവ.കോളേജ് പെരിങ്ങം



# മരുമക്കത്തായം : മാറിയ സാഹചര്യത്തിൽ കണ്ണൂരിൽ നിന്നുള്ള ചില നിരീക്ഷണങ്ങൾ



കൊല്ലത്ത് സ്ത്രീധന പീഡനത്തെ തുടർന്ന് വിസ്മയ മരണപ്പെട്ട സന്ദർഭത്തിൽ മുൻ മന്ത്രിയും സി.പി.എം നേതാവുമായ പി.കെ. ശ്രീമതി ടീച്ചർ വിവാഹ ശേഷം കണ്ണൂരിലെ മുസ്‌ലിം കുടുംബങ്ങളിലേതുപോലെ വരൻ വധുവിന്റെ വീട്ടിലേക്കു വരട്ടെയെന്നും വിവാഹ സംബന്ധമായ ആചാരങ്ങളിൽ മാറ്റം വരണമെന്നും അഭിപ്രായപ്പെട്ടത് ഏറെ ശ്രദ്ധേയമായിരുന്നു. ഈ ഒരു കുറിപ്പ് എഴുതുന്ന സമയത്താണ് വിവാഹശേഷം കൂടുതൽ സ്വർണ്ണം ആവശ്യപ്പെട്ട് മാനസികവും ശാരീരികവുമായി ഭർതൃവീട്ടിൽ വെച്ച് പീഡിപ്പിക്കുന്നു എന്ന യുവതിയുടെ പരാതിയിൽ ഭർത്താവിനും ബന്ധുക്കൾക്കുമെതിരെ പയ്യന്നൂർ പോലീസ് കേസ് എടുത്ത വാർത്ത വായിച്ചത്. പി. കെ ശ്രീമതി ടീച്ചർ കണ്ണൂരിലെ മുസ്ലിങ്ങൾക്കിടയിലെ മരുമക്കത്തായ സമ്പ്രദായത്തിലേക്ക് കേരളം മുഴുവൻ മാറണമെന്നാണ് അഭിപ്രായപ്പെട്ടത്.

## സ്ത്രീകളും മരുമക്കത്തായ സമ്പ്രദായവും

സ്ത്രീകൾക്ക് വലിയ പ്രാധാന്യം നൽകുന്ന സംവിധാനമാണ് മരുമക്കത്തായം.ഇത് സ്ത്രീകൾക്ക് കൂടുതൽ സുരക്ഷിതത്വം നൽകുന്ന സമ്പ്രദായം കൂടിയാണ്.ഭർതൃ ഗൃഹവുമായുള്ള സംഘർഷം, അമ്മായിഅമ്മ മരുമകൾ പോര്, ഭാര്യഭർതൃ പ്രശ്നങ്ങൾ, വിവാഹ മോചനം തുടങ്ങി സ്ത്രീകൾക്ക് നേരെ നടക്കുന്ന ഗാർഹിക അതിക്രമങ്ങൾ പൊതുവെ മരുമക്കത്തായ സമ്പ്രദായത്തിൽ വളരെ കുറവാണ്.

മരുമക്കത്തായ സമ്പ്രദായത്തിൽ വിവാഹാനന്തരം വധു അവളുടെ മാതാവിന്റെയും കുടുംബത്തിന്റെയും ഒപ്പമാണ് താമസിക്കുന്നത്. വരൻ അവളുടെ വീട്ടിലേക്ക് അഥിതിയായി വരുന്നു. വധുവും വരനും വധുവിന്റെ വീട്ടുകാരുടെ മേൽനോട്ടത്തിലായിരിക്കും ജീവിക്കുക. മരുമക്കത്തായ സമ്പ്രദായത്തിൽ ജനിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മാതൃതറവാടിന്റെ പേരാണ് അവരവരുടെ പേരിനോട് ചേർത്ത് നൽകുക. സ്വന്തമായി മാറിത്താമസിക്കുന്നത് വരെ അവരുടെ കുട്ടികൾ മാതൃഭവനത്തിലാണ് വളരുക. ഇവിടെ കുടുംബ ജീവിതം ഒരു സവിശേഷമായ ആഘോഷമായി മാറുന്നു.

സ്ത്രീസൗഹൃദ സംവിധാനമാണ് മരുമക്കത്തായം.അവൾക്ക് സ്വന്തം വീട്ടിൽ സ്നേഹവും പരിഗണനയും ലഭിക്കുന്നു.അവളുടെ രക്തബന്ധത്തിലുള്ളവരോട് കൂടുതൽ സമയം ചിലവഴിക്കാൻ അവൾക്ക് അവസരം ലഭിക്കുന്നു.അതോടൊപ്പം അവൾക്ക് ഭർതൃവീട്ടിലും എന്നും ആദരവ് ലഭിക്കുന്നു.ഭർതൃ വീട്ടിൽ എപ്പോഴെങ്കിലും പോകു



ന്ന അതിഥികളായതിനാൽ പല ഭർതൃവീടുകളിലും പ്രയാസമുള്ള ജോലികൾ ചെയ്യാൻ അവരെ സമ്മതിക്കില്ല. സ്ത്രീകൾ ഭർതൃവീടുകളിൽ വളരെ അപൂർവമായേ താമസിക്കാറുമുള്ളൂ.

ലോകത്ത് ഭൂരിപക്ഷം സമൂഹങ്ങളിലും മക്കത്തായ കുടുബഘടനയാണ് നിലനിൽക്കുന്നത്. ലോകത്ത് മുസ്ലിങ്ങൾക്കിടയിലും മക്കത്തായ സമ്പ്രദായം തന്നെയാണ് പൊതുവെ നിലനിൽക്കുന്നത്. ഇൻഡോനീഷ്യയിലും ലക്ഷദ്വീപിലും കണ്ണൂർ ഉൾപ്പെടെയുള്ള മലബാറിലെ മുസ്ലിങ്ങൾക്കിടയിലുമാണ് ചില മാറ്റങ്ങളോടെയാണെങ്കിലും മരുമക്കത്തായം ഇന്നും നിലനിൽക്കുന്നത്. ഈ സമ്പ്രദായം പിന്തുടരുന്നവർ ന്യൂനപക്ഷമാണെങ്കിലും ഇതിലെ ഭൂരിപക്ഷം ആണും പെ



ണ്ണും ഇതിന്റെ ഗുണങ്ങൾ അനുഭവിക്കുന്നവരും ഇത് നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവരുമാണ്. സ്ത്രീകൾക്ക് വലിയ അർത്ഥത്തിലുള്ള അധികാരവും ആദരവും നൽകുന്ന കുടുംബസമ്പ്രദായമാണ് മരുമക്കത്തായം. കുടുംബനാഥക്ക് വലിയ സ്ഥാനമാണ് മരുമക്കത്തായത്തിൽ ഉള്ളത്. ഈ മേഖലയിലെ മുസ്‌ലിം പുരുഷന്മാരുടെ ഗൾഫ് പ്രവാസം മരുമക്കത്തായ സമ്പ്രദായത്തിലെ സ്ത്രീയുടെ റോൾ ഊട്ടിയുറപ്പിക്കുന്നു. അടിസ്ഥാനപരമായി മക്കത്തായ സമ്പ്രദായം നിലനിൽക്കുന്ന മുസ്‌ലിംങ്ങളിൽ വളരെ ചെറിയൊരു ന്യൂനപക്ഷം മരുമക്കത്തായം പിന്തുടരുന്നു എന്നത് തന്നെ ഒരു വിസ്മയമാണ്.

## കണ്ണൂർ ജില്ലയിലെ മുസ്‌ലിം മരുമക്കത്തായം

മരുമക്കത്തായ സമ്പ്രദായം പിന്തുടരുന്നവരാണ് കണ്ണൂർ ജില്ലയിലെ ഭൂരിപക്ഷം മുസ്ലിങ്ങളും. മൂന്നു നൂറ്റാണ്ടിലധികമായി ഈ സമ്പ്രദായം ഇവിടെ നിലനിൽക്കുന്നു എന്ന് കണക്കാക്കപ്പെടുന്നു.കണ്ണൂർ ജില്ലയിലെ മുഴുവൻ മുസ്‌ലിം കുടുംബങ്ങളും തീരദേശം, മലയോരമേഖല എന്ന വ്യത്യാസമില്ലാതെ മരുമക്കത്തായ സമ്പ്രദായം നിലനിർത്തി പോരുന്നു. വധൂഗൃഹത്തിൽ വരൻ അന്തിയുറങ്ങുന്ന പുതിയാപ്പിള സമ്പ്രദായം കണ്ണൂരിലെ മുസ്ലിങ്ങൾക്കിടയിൽ ഇപ്പോഴും നിലനിൽക്കുന്നു.

മുസ്ലിങ്ങൾക്ക് പുറമെ, കണ്ണൂരിൽ പയ്യന്നൂർ ഗ്രാമത്തിലെ നമ്പൂതിരിമാർ മരുമക്കത്തായ സമ്പ്രദായം സ്വീകരിച്ചവരായിരുന്നു. പഴയ പയ്യന്നൂർ ഗ്രാമത്തിലെ പതിനാറു ബ്രാഹ്മണ ഭവനങ്ങളിൽ മരുമക്കത്തായം നിലനിന്നിരുന്നു. എന്നാൽ ഇപ്പോൾ അവർ ഇത് പിന്തുടരുന്നില്ല. കണ്ണൂരിലെ അറയ്ക്കൽ രാജകുടുംബവും തലശ്ശേരിയിലെ കേയിമാരും മരുമക്കത്തായ സമ്പ്രദായം പിന്തുടർന്നവരായിരുന്നു. ഇവരുടെ പുതിയ തലമുറയും ഈ സമ്പ്രദായം ഇപ്പോൾ പിന്തുടരുന്നു. അറയ്ക്കൽ രാജകുടുംബത്തിൽ നിന്നാണ് കണ്ണൂരിലെ മുസ്ലിങ്ങൾക്കിടയിൽ മരുമക്കത്തായ സമ്പ്രദായം പ്രചരിച്ചത് എന്ന് പറയപ്പെടുന്നു.

കൂട്ടുകുടുംബ വ്യവസ്ഥ ആയിരുന്നു മരുമക്കത്തായത്തിൽ പണ്ട് ഉണ്ടായിരുന്നത്.ഒരു തറവാട്ടിൽ എല്ലാവരും ഒരുമിച്ചായിരിക്കും കഴിയുക.ഒരു അടുക്കളയിൽ നിന്നാണ് എല്ലാവർക്കുമുള്ള ഭക്ഷണം പാകം ചെയ്തിരുന്നത്. മാതൃ സഹോദരിമാരുടെ മക്കളോടൊപ്പമായിരിക്കും മക്കൾ തറവാട്ടിൽവളരുക. കുട്ടികളെ നോക്കി വളർത്തുന്നതിൽ മാതൃസഹോദരിമാർ തമ്മിൽ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്നു.കുട്ടികൾക്ക് സൗഹാർദന്തരീക്ഷമാണ് മാതൃകുടുംബം നൽകുന്നത്. കുട്ടികളുടെ സാമൂഹികവൽക്കരണം മരുമക്കത്തായ അന്തരീക്ഷത്തിൽ എളുപ്പത്തിൽ സാധിക്കുന്നു. സഹോദരിമാരുടെ മക്കൾ തമ്മിൽ ആരോഗ്യകരമായ ബന്ധം നിലനിർത്താൻ ഇത് സഹായിക്കുന്നു.

അതേസമയം മരുമക്കത്തായ സമ്പ്രദായത്തിലെ കൂട്ടുകുടുംബ വ്യവസ്ഥ ദോഷരഹിതമായ ഒരു വ്യവസ്ഥയല്ല. പുതിയാപ്പിള (വരൻ )മാർക്കിടയിലെ സാമ്പത്തികവ്യത്യാസം പ്രശ്നങ്ങളുണ്ടാ




ക്കുന്നുണ്ട്. സാമ്പത്തികമായി ഉള്ളവരും ഇല്ലാത്തവരുമായ പുതിയാപ്പിളമാരെ പല വീടുകളിലും വേർതിരിച്ചു കാണുന്നു. സാമ്പത്തികശേഷി ഉള്ളവർ ചിലവിനു നൽകുന്ന പോലെ സാമ്പത്തികശേഷി ഇല്ലാത്തവർക്ക് നൽകാൻ കഴിയുന്നില്ല എന്നത് ഇത്തരം കുടുംബങ്ങളിൽ അസ്വസ്ഥതകൾക്ക് കാരണമാകാറുണ്ട്.പുതിയാപ്പിളമാരുടെ സാമ്പത്തികാവസ്ഥയിലുള്ള വ്യത്യാസം അവരുടെ കുട്ടികളോട് വിവേചനം കാണിക്കുന്നതിലേക്കടക്കം എത്താറുണ്ട് എന്നതും ഒരു യാഥാർഥ്യമാണ്. എന്നാൽ ഇന്ന് മരുമക്കത്തായ കൂട്ടുകുടുംബവ്യവസ്ഥ സംവിധാനത്തിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. പലരും ന്യൂക്ലിയർ കുടുംബ സാഹചര്യത്തിലേക്ക് മാറാനാണ് ആഗ്രഹം പ്രകടിപ്പിക്കുന്നത്.തറവാട് വിട്ടൊഴിഞ്ഞു പോകരുത് എന്നതാണ് മരുമക്കത്തായ സമ്പ്രദായത്തിലെ വ്യവസ്ഥ. എന്നാൽ 1970 കൾ മുതൽ അത് ലംഘിച്ചു തുടങ്ങിയിരിക്കുന്നു. സ്വന്തമായി താമസിക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്തവർ മാത്രമാണ് ഇന്ന് തറവാടുകളിൽ കഴിയുന്നത്.

ചില പോരായ്മകളൊക്കെ ഉണ്ടെങ്കിലും മരുമക്കത്തായവും അതിന്റെ കാലാനുവർത്തിയായ പുതിയ മാറ്റങ്ങളും സ്ത്രീകൾക്ക് വലിയ ആശ്വാസമാണ് നൽകുന്നത് എന്നതിൽ സംശയമില്ല.സാമൂഹിക ശാസ്ത്ര പണ്ഡിതന്മാരധികവും മരുമക്കത്തായമാണ് കൂടുതൽ ജൈവികമായ കുടുംബ വ്യവസ്ഥയെന്ന് അഭിപ്രായപ്പെടുന്നവരുമാണ്.

ചർച്ചാവിഷയം

ഡയാന കെ.
കോഴിക്കോട് സർവ്വകലാശാല
സ്ത്രീപഠന വിഭാഗം അധ്യാപിക





# മരുമക്കത്തായ വ്യവസ്ഥിതിയും സ്ത്രീകളും

ലോകത്തിലെ ഭൂസ്വത്ത് കൈമാറ്റ സമ്പ്രദായങ്ങളിൽ ശ്രദ്ധേയമായ ഒരു കൈമാറ്റ രീതിയാണ് മരുമക്കത്തായം. സ്ത്രീകളിലൂടെ അവരുടെ അനന്തരാവകാശികൾക്ക് ഭൂസ്വത്ത് കൈമാറ്റം ചെയ്യുന്ന രീതിയാണ് മരുമക്കത്തായം. ഏഷ്യൻ രാജ്യങ്ങളിൽ ചില സ്ഥലങ്ങളിൽ പ്രത്യേകിച്ചും ലക്ഷദ്വീപ് പോലുള്ള പ്രദേശങ്ങളിൽ ഇപ്പോഴും മരുമക്കത്തായ സമ്പ്രദായത്തിലൂടെയാണ് സ്വത്ത് കൈമാറ്റം നടക്കുന്നത്.

സൗത്ത് ഏഷ്യയിലാണ് പ്രധാനമായും താവഴി സമ്പ്രദായം നിലനിന്നിരുന്നത്. അവ വടക്കേ ഇന്ത്യയിൽ ആദിവാസി സമുദായത്തിൽ വരുന്ന ഗരോ, ഖാസി, ലാലുംക് തുടങ്ങിയ വിഭാഗങ്ങൾക്കിടയിലാണ്. അതുപോലെ തെക്കേ ഇന്ത്യയിൽ കേരള സംസ്ഥാനത്ത് നായർ, തിയ്യ ജാതികളിലും വടക്കേ കേരളത്തിലെ മാപ്പിള സമുദായത്തിലും ലക്ഷദ്വീപിലും, കർണ്ണാടകയിലെ ബാൻസ്വവിഭാഗത്തിലും കേരളത്തിലെ വയനാട് ജില്ലയിലെ ഗോത്ര സമുദായങ്ങളിലും ശ്രീലങ്കയിലെ മുസ്ലീം മൂർസ് എന്നീ വിഭാഗങ്ങളിലും മരുമക്കത്തായ സമ്പ്രദായം ഉണ്ടായിരുന്നു. (അഗർവാൾ ബിന 2008)

മരുമക്കത്തായ സമ്പ്രദായത്തിൽ വസ്തുക്കളുടെ പൂർണ്ണമായ ഉടമസ്ഥാവകാശം/ കൈവശാവകാശം സ്ത്രീകളിലായിരിക്കും ഉണ്ടാവുക. കേരളത്തിൽ നിലനിന്നിരുന്ന ഈ സമ്പ്രദായം വളരെയധികം സ്വാധീനം സ്ത്രീകളിൽ ചെലുത്തിയിരുന്നു. കേരളത്തിലെ ഒട്ടനവധിയായ ജാതിസമ്പ്രദായങ്ങൾ ഉള്ളതിൽ നായർ സമുദായത്തിലായിരുന്നു പ്രധാനമായും മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്നത്. ഈ വിഭാഗത്തെ കൂടാതെ കോഴിക്കോട് ജില്ലയിലെ കോരപ്പുഴക്ക് വടക്കു ഭാഗത്തുള്ള തിയ്യ സമുദായത്തിലും മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്നു.

തിരുവിതാംകൂർ രാജകുടുംബത്തിൽ മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്നതും അവിടുത്തെ സ്ത്രീജനങ്ങളായ റാണിമാർ തിരുവിതാംകൂർ ഭരിച്ചിരുന്നതും ഇത്തരുണത്തിൽ പ്രധനമാണ്.

മരുമക്കത്തായ വ്യവസ്ഥിതിയുടെ ഘടന സാധാരണ ഗതിയിൽ ഉണ്ടാവുന്ന ആൺ മേൽക്കോയ്മ നിലനില്ക്കുകയെന്ന സ്വത്ത് കൈമാറ്റ വ്യവസ്ഥതിയിക്ക് കടക വിരുദ്ധമാണ്. മരുമക്കത്തായ വ്യവസ്ഥിതി പ്രകാരം മൊത്തം തറവാടിന്റെ വിവിധ പിരിവുകളെ താവഴി എന്നാണ് സംബോധന ചെയ്യുന്നത്. താവഴി എന്നതിന്റെ വാച്യാർത്ഥം തായ് വഴി അഥവാ സ്ത്രീകളിലൂടെയുള്ള വസ്തുവിന്റെ കൈമാറ്റം എന്നാണ് ഉദ്ദേശിക്കുന്നത്. ഇത് പ്രകാരം തറവാട്ടിലെ ഓരോ താവഴിക്കും ഒരു കാരണവ സ്ത്രീയും അവരിൽ നിന്ന് ഉടലെടുക്കുന്ന സന്തതി പരമ്പരകളുമാണ് ഉണ്ടാവുന്നത്. എന്നാൽ താവഴി വസ്തുവിന്റെ അവകാശം തലമുറകളിലേക്ക് കുടുംബാംഗങ്ങളായ സ്ത്രീകളിലൂടെ



മാത്രമാണ് ഉണ്ടാവുന്നത്. ഇത് ഇന്ത്യയിൽ നില നിന്നുവന്നിരുന്ന വസ്തു കൈമാറ്റത്തിൽ ആൺ മേൽക്കോയ്മ ഉണ്ടായിരുന്ന കൂട്ടു കുടുംബ വ്യവസ്ഥിതിക്കും കൊപർസീനർ വ്യവസ്ഥിതിക്കും വിരുദ്ധമായിരുന്നു. മരുമക്കത്തായ വ്യവസ്ഥിതിയിൽ വസ്തുവിലുള്ള അവകാശം ലഭ്യമാവുന്നത് കാരണവ സ്ത്രീ മുതൽ പിന്നീട് വരുന്ന തലമുറകൾക്ക് സ്ത്രീജനങ്ങളിലൂടെ മാത്രമാണ്. ഒരു മരുമക്കത്തായ താവഴി കൂട്ടുകുടുംബ വസ്തുവിൽ ജന്മാവകാശം ലഭിക്കുന്നത് കാരണവ സ്ത്രീക്കും അവരുടെ മക്കൾക്കും അവരുടെ പെണ്മക്കളുടെ മക്കൾക്കും അവരുടെ പെൺ മക്കളുടെ മക്കൾക്കും എന്ന് തുടങ്ങി നാല് തലമുറയ്ക്കായിരുന്നു.

ആൺമക്കൾക്ക് മക്കൾ എന്ന നിലയ്ക്കുള്ള അവകാശം ലഭിക്കുമെങ്കിലും പെണ്മക്കൾക്ക് അവർക്ക് പുറമെ അവരുടെ മക്കൾക്കും ജന്മാവകാശം ലഭിക്കുമെന്ന ആനുകൂല്യം മരുമക്കത്തായത്തിൽ ഉണ്ടായിരുന്നു. ഇതിൽ നിന്നും സുവ്യക്തമായ കാര്യം ഒരു മരുമക്കത്തായ തറവാടിനെയോ താവഴിയെയോ സംബന്ധിച്ച് നിർണ്ണായകമായ അധികാരവകാശങ്ങൾ വസ്തുപരമായി പോലും കൈയ്യാളുന്നത് സ്ത്രീകളാണെന്നതാണ്. ഇത്തരത്തിലുള്ള അതിയായ സ്ത്രീ പ്രാധിനിധ്യമുള്ള വസ്തു കൈമാറ്റ വ്യവസ്ഥിതിയുടെ ഫലമായി അക്കാലത്ത് തറവാട്ടിലെ എല്ലാ കാര്യങ്ങളിലും വ്യക്തിപരമായ കാര്യങ്ങളിലും തീരുമാനമെടുക്കുന്നതിന് സ്വാതന്ത്ര്യവും ശേഷിയും സ്ത്രീകൾക്ക് ഉണ്ടായിരുന്നു. അത് ചോദ്യം ചെയ്യാനോ, അതിൽ ഇടപെടാനോ നിയമപരമായോ സാമൂഹ്യപരമായോ പുരുഷാംഗങ്ങൾക്കോ മറ്റുള്ളവർക്കോ സാധിക്കുമായിരുന്നില്ല. ഈ വ്യവസ്ഥിതിയുടെ ഉത്തമ ഉദാഹണങ്ങളായിരുന്നു കേരളത്തിലെ തന്നെ തിരുവിതാംകൂർ രാജകുടുംബവും അറയ്ക്കൽ കുടുംബവും. മരുമക്കത്തായ വ്യവസ്ഥിതിയുടെ പ്രഭാവത്തിന്റെ പ്രതീകമാണ് തിരുവിതാംകൂർ രാജകുടുംബം ഭരിച്ചിരുന്ന റാണിമാർ. സ്ത്രീജനങ്ങൾക്ക് മാത്രമേ അത്തരം പദവിയിലേക്ക് ഉയരുവാൻ കഴിഞ്ഞിരുന്നുള്ളു. അത്തരത്തിൽ റാണി പദത്തിലേക്ക് ഉയർത്തപ്പെട്ടിരുന്ന സ്ത്രീകളുടെ ആൺ ബന്ധുക്കളായ അച്ഛൻ, ഭർത്താവ്, മകൻ,സഹോദരൻ എന്നിവർക്ക് രാജാധികാരത്തിലോ വസ്തുവഹകളിലോ യാതൊരുവിധ അവകാശ അധികാരങ്ങൾ ഉണ്ടായിരുന്നില്ല, എല്ലാ കാര്യങ്ങളിലും അവസാന വാക്ക്/തീരുമാനം കാലാകാലങ്ങളിൽ റാണിമാരായിരുന്നിട്ടുള്ള സ്ത്രീ അംഗങ്ങളുടേത് മാത്രമായിരുന്നു. തിരുവിതാംകൂർ രാജ്യത്തെ റാണിമാർ എത്ര വിവേകപൂർണ്ണമായും ഭരണനൈപുണ്യത്തോടുകൂടിയുമാണ് അക്കാലത്ത് പ്രവർത്തിച്ചിരുന്നത് എന്നത് സ്ത്രീകൾക്ക് ഇത്തരം അധികാര അവകാശങ്ങൾ ലഭ്യമാക്കിയാൽ അവർ ആയത് വിവേകപൂർവമായും കർമ്മകുശലതയോടെയും കൈകാര്യം ചെയ്യും എന്നതിന്റെ ഉത്തമ ഉദാഹരണമായിരുന്നു. സ്ത്രീകൾക്ക് മരുമക്കത്തായ സമ്പ്രദായത്തിലൂടെ അവകാശ അധികാരങ്ങൾ കിട്ടിയപ്പോൾ അവർ ആയത് എത്ര മഹനീയമായാണ് നിർവഹിച്ചത് എന്നത് സ്ത്രീ ശക്തിയുടെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്. ഇതേ രീതിയിൽ തന്നെ വടക്കൻ മലബാറിലെ മുസ്ലീം തറവാടായ അറയ്ക്കൽ തറവാടിന്റെ ഭരണം അവിടുത്തെ അറയ്ക്കൽ ബീവിമാർ എത്ര സ്തുത്യർഹമായാണ് നിർവഹിച്ചത് എന്നതും ചരിത്രവസ്തുതയാണ്. ഇതിൽ നിന്നും സ്ത്രീജനങ്ങൾ അധികാരം കൈകാര്യം ചെയ്യാൻ പര്യാപ്തരല്ലെന്ന കാലങ്ങളായുള്ള ആൺകോയ്മവാദങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന് വ്യക്തമാണ്. ചരിത്രം പരിശോധിച്ചാൽ എപ്പോഴൊക്കെ സ്ത്രീകൾക്ക് പദവിയും അധികാരവും കൈയ്യാളാൻ അവസരം വന്നുവോ അത്തരം സന്ദർഭങ്ങളിൽ എല്ലാം തന്നെ ആയത് അവർ സ്തുത്യർഹമായവിധം നിർവഹിച്ചു എന്നത് വ്യക്തമാണ്.

കേരളത്തിൽ മരുമക്കത്തായ വ്യവസ്ഥിതി അവസാനിച്ചത് 1976 ലെ കേരള കൂട്ടുകുടുംബ നിരോധന നിയമം മൂലമാണ്. മേൽ നിയമപ്രകാരം കേരളത്തിൽ അന്നു നിലനിന്നു വന്നിരുന്ന എല്ലാ കൂട്ടുകുടുംബ വ്യവസ്ഥിതികളും ഇല്ലാതാകുകയാ

ണ് ഉണ്ടായത്. തൽഫലാമായി മേൽ നിയമം നിലവിൽ വന്ന ദിവസത്തിൽ ഓരോ തറവാട് അംഗങ്ങളുടെയും തറവാട്ട് കൂട്ടുകുടുംബ സ്വത്തിലുള്ള അവകാശം നിർണ്ണയിക്കുകയും തുര്ന്ന് ആ അവകാശം അവരുടെ കാലശേഷം അവരുടെ അവകാശികൾക്ക് സിദ്ധിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയുമാണ് ഉണ്ടായത്. ഇതിൻ പ്രകാരം കുടുംബ വ്യവസ്ഥിതി തന്നെ ഇല്ലാതെയായി മാറി. അന്നുവരെ സ്ത്രീജനങ്ങൾ അനുഭവിച്ചുവന്നിരുന്ന കൂട്ടുകുടുംബത്തിലെ വസ്തുപരവും അല്ലാതെയും ഉള്ള മേൽകോയ്മ അവസാനിക്കുകയുമാണ് ഉണ്ടായത്.

മരുമക്കത്തായ വ്യവസ്ഥിതി പ്രകാരം ആയത് തുടർന്നുവന്നിരുന്ന സ്ത്രീകൾക്ക് ലഭിച്ചിരുന്ന ത



റവാട് വസ്തുവഹകളിലും അഭിപ്രായ രൂപീകരണത്തിലുമുള്ള ഉന്നതസ്ഥാനം അന്നു അവർക്ക് സാമൂഹ്യ ജീവിതത്തിലും ഉണ്ടായിരുന്നു. തറവാട്ടിലെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്ന കാര്യത്തിലും ആയതിനെ സംബന്ധിച്ച് തീരുമാനം എടുക്കുന്ന കാര്യത്തിലും അവർക്കു ണ്ടായിരുന്ന അപ്രമാദിത്യം കാരണമാണ് സാമൂഹികമായി അവർക്ക് പ്രത്യേക പ്രാധാന്യം കൈവന്നത്. എന്നാൽ മരുമക്കത്തായ വ്യവസ്ഥിതിയുടെ ഇല്ലായ്മയോടുകൂടി ആ പ്രാധാന്യം അവർക്ക് നഷ്ടപ്പെടുകയാണുണ്ടായത്. ഫലത്തിൽ കേരള സംസ്ഥാനത്തിൽ മരുമക്കത്തായ വ്യവസ്ഥിതി ആചരിച്ചുവരുന്നവരുടെ കാര്യത്തിലെങ്കിലും കൂട്ടുകുടുംബ സമ്പ്രദായ നിരോധന നിയമം വിപരീതഫലം ഉണ്ടാക്കുകയാണ് ഉണ്ടായത്. തൽഫലമായി കഴിവും പ്രാപ്തിയും ഉള്ള സ്ത്രീകൾ അവരുടെ അധികാര അവകാശരാഹിത്യം കൊണ്ട് വിസ്മൃതമാവുകയാണ് ഉണ്ടായത്.

1976 ലെ ഹിന്ദു കൂട്ടുകുടുംബ വ്യവസ്ഥിതി ഇല്ലാതാക്കൽ നിയമത്തിന്റെ കേരളത്തിലെ പ്രധാനമായും ഇരകളായി മാറിയത് ഇവിടെ മരുമക്കത്തായം പിന്തുടർന്നി രുന്ന പ്രധാനസമുദായമായ നായർ സമുദായത്തിലെ സ്ത്രീകളാണ്. കാലാകാലങ്ങളായി അവർ അനുഭവിച്ചു വന്ന മരുമക്കത്തായ വ്യവസ്ഥിതി പ്രകാരമുള്ള അപ്രമാദിത്യം അവസാനിക്കുകയും അവർ തിരശീലയ്ക്ക് പിന്നിലേക്ക് വിടവാങ്ങുകയുമാണ് ഉണ്ടായത്. യഥാർത്ഥത്തിൽ മേൽ നിയമ പ്രകാരം നായർ വിഭാഗത്തിലും കൂടി പുരുഷന്മാരുടെ അപ്രമാദിത്യം തിരിച്ചു കൊണ്ടു വരികയാണ് ഉണ്ടായത്.

നല്ല നിലയിൽ സ്ത്രീകളുടെ സാമൂഹ്യജീവിതാവസ്ഥ നിലനിർത്തിയിരുന്ന ഒരു ഭൂസ്വത്ത് കൈമാറ്റ വ്യവസ്ഥിതിയെ 1976 ലെ നിയമം മൂലം തകർക്കപ്പെടുകയാണുണ്ടായത്. നിയമ വ്യവസ്ഥിതി ഇത്തരത്തിൽ പല രീതിയിൽ സ്ത്രീവിരുദ്ധമായി നിലനിലൽക്കുന്നത് കാണാവുന്നതാണ്. സ്ത്രീകൾ അനുഭവിച്ചിരുന്ന അവകാശങ്ങൾ നിയമം കൊണ്ട് തന്നെ ഇല്ലാതാക്കിയതായാണ് ഇതിലൂടെ കാണാൻ കഴിയുക.

### ഗ്രന്ഥസൂചിക


1. Agarwal Bina, *A Field of One's Own, Gender and Land Rights in South Asia*, 2008, Cambridge University Press India Pvt Ltd, New Delhi


2. Arunima G., There Comes Pappa : *Colonialism and the Transformation of Matriliny in Kerala, Malabar c.1850 - 1940*, 2003 Orient Longman Private Limited New Delhi.

3. Uberoi , Patricia : *Family, Kinship and Marriage in India*, 1993, Oxford University Press, New Delhi

4. *Manyne's Hindu Law & Usage*, 1986, 12th Edition, Bharath Law House, New Delhi.

5. Nambiar Karunakaran M., *Commentary on the Kerala Joint Hindu Family System (Abolition ) Act*, 2012, Swamy Law House, Ernakulam.



ഡോ.ജാൻസി ജോസ്

# അതെ, അതിനു വേണ്ടി ഞങ്ങൾ കാത്തിരിക്കുന്നു



നമ്മുടെ കേരളത്തിനെന്തു പറ്റി എന്ന് ആശങ്കപ്പെടാത്തവർ ആരുമുണ്ടാവില്ല. മാറാരോഗങ്ങൾ, മരണങ്ങൾ, മരണക്കെണികൾ, സാമ്പത്തിക തകർച്ച.... ഇങ്ങനെ നിലവാരത്തകർച്ചയും അധപതനവും വർദ്ധിച്ചുവരികയാണ്. പട്ടിണി മരണം കൂടി വന്നാൽ വിശേഷായി!.

സാമ്പത്തികത്തകർച്ച കൊണ്ടും കടക്കെണി കൊണ്ടും ആളുകൾ ആത്മഹത്യ ചെയ്തു തുടങ്ങിയിരിക്കുന്നു. ആണും പെണ്ണും സമ്മർദ്ദം കൊണ്ട് വീടുവിട്ടു പോകുന്നു. പ്രേമ വികാരത്താൽ ആത്മ എടുത്തു ചാടി ഒളിച്ചോടുക, ആത്മഹത്യ ചെയ്യുക, വിരോധം തോന്നി ചുട്ടു കൊല്ലുക, വെടിവെച്ചു കൊല്ലുക, വെട്ടിക്കൊല്ലുക, കൊന്നു കുഴിച്ചുമൂടി അടുപ്പുകൂട്ടുക, കള്ളക്കടത്ത്, കൊള്ള, ലഹരി വിൽപന,,,,,, ഇങ്ങനെ പറഞ്ഞു തുടങ്ങിയാൽ നമ്മുടെ സാംസ്കാരിക കേരളത്തിന്റെ നേട്ടങ്ങൾ തീരില്ല. ഇതൊക്കെ പണ്ടില്ലായിരുന്നോ എന്നു ചോദിച്ചാൽ ' ഉവ്വ്, ഉണ്ടായിരുന്നു ' എന്നുതന്നെയാണുത്തരം. പക്ഷേ ഇപ്പോഴത്തേതുപോലെ തുറന്നടിച്ചു ചെയ്യാൻ ആരും തയ്യാറാവുകയില്ലായിരുന്നു. ഇന്ന് ചെയ്യുന്നവർക്കറിയാം പിടിക്കപ്പെട്ടാൽ അത്രയിത്രയൊക്കെയേ സംഭവിക്കൂ എന്ന്.

കുറ്റം ചെയ്തവരെ ആരു പിടിക്കും എന്നൊരു ചോദ്യം മാത്രമാണ് ഇന്നവശേഷിക്കുന്നത്. മിക്ക കുറ്റവാളികളുടേയും തലപ്പത്ത് ഉദ്യോഗസ്ഥരും അതു കൈകാര്യം ചെയ്യേണ്ട വരും മാത്രമാണുള്ളത്. ഇതല്ലാം കണ്ടും കൊണ്ടും, പിടിക്കപ്പെടുമെന്നും ശക്ഷിക്കപ്പെടുമെന്നും വിചാരിച്ചിരിക്കുന്ന പാവം ജനങ്ങൾ അനുഭവിക്കുക തന്നെ. മുഖം നോക്കാതെ നടപടിയെടുക്കുന്ന സർക്കാരാണ് ഇതിനുണ്ടാവേണ്ടത്.അതിനാണ് ഞങ്ങൾ കാത്തിരിക്കുന്നത്, അതെ; അതിനു വേണ്ടി ഞങ്ങൾ കാത്തിരിക്കുന്നു.

ചർച്ചാവിഷയം/പഠനം



**പാർവ്വതികൃഷ്ണ പി.എൽ.**
ഗവേഷക, എം.ജി.കോളേജ് ,
ഗവേഷണ കേന്ദ്രം, തിരുവനന്തപുരം



# കാളിദാസികളാകുന്ന **പെൺപിറവികൾ**

അകത്ത് കവിതകൾ
പുറത്ത് കടമകൾ
അകത്ത് നീലനിലാവ്
പുറത്ത് കത്തുന്ന വെയിൽ
അകത്ത് കാളി
പുറത്ത് ദാസി
പുറത്ത് നിന്ന് പൂട്ടിയ വാതിൽ
തുറക്കാനാവാതെ ഞാൻ.. 1

ലളിതമായ ആവിഷ്കാരത്തിലൂടെ സ്ത്രീയവസ്ഥകളെ, സ്വത്വപ്രതിസന്ധികളെ ആഴത്തിൽ അവതരിപ്പിക്കുകയാണ് കവിയിത്രി. അകത്ത് കാളിയും പുറത്ത് ദാസിയുമായ കാളിദാസികളാണ് ഇന്ന് ഏറെയും സ്ത്രീകൾ. നിലവിലുള്ള പുരുഷനിർമ്മിത &ഭാഷയെ മാറ്റിയെടുത്ത് സ്വന്തമായി ഒരു ശൈലി വാർത്തെടുക്കേണ്ടതായിട്ടുണ്ട്. ഓരോ സ്ത്രീയ്ക്കും അത്തരത്തിലുള്ള ഒരു വാർത്തെടുപ്പിന്റെ സൂചനയാണ് ഓരോ പെൺകവിതകളും. ഇങ്ങനെ അകത്തും പുറത്തും വെവ്വേറെ ജീവിതം നയിക്കേണ്ടി വരുന്നതിലെ ആത്മസംഘർഷമാണ് പുതുപെൺ കവിതയിൽ കണ്ടു വരുന്ന പൊതുവായ പ്രമേയം. വ്യത്യസ്തമായ ഇടങ്ങളെ പ്രകാശിപ്പിച്ചുകൊണ്ട് വേറിട്ട പെൺശബ്ദങ്ങളെ പ്രകടമാക്കുകയാണ് ഗിരിജ പി.പാതേക്കര.

വിവാഹവും  കുടുംബജീവിതവുമാണ് സ്ത്രീജീവിതത്തിന്റെ ഒരേയൊരു സാഫല്യം എന്നുകരുതിയിരുന്ന സാമൂഹ്യവ്യവസ്ഥിതിയോട് അക്ഷരത്തിലൂടെ പ്രതിരോധം തീർക്കുകയാണ് പെൺ കവിതകൾ. സ്വകാര്യമായ ഇടങ്ങളിൽ ഒതുങ്ങികൂടി അതിനുള്ളിൽ ജീവിതം ജീവിച്ചു തീർക്കുന്ന സ്ത്രീകൾക്ക് തങ്ങൾ അനുഭവിക്കുന്ന അന്തഃസംഘർഷങ്ങൾ മറ്റാരെങ്കിലുമായി പങ്കുവയ്ക്കാനോ എഴുത്തിലൂടെ പ്രകാശിപ്പിക്കാനോ സാധ്യമായിരുന്നില്ല. എന്നാൽ  ഇന്ന് ഏറെ പ്രതിസന്ധികൾക്കൊടുവിൽ എഴുത്തുകാരികൾ നേരിട്ട സർഗാത്മക പ്രതിസന്ധികൾ എഴുത്തിലൂടെ പ്രകാശിക്കപ്പെടുന്നു. പെണ്ണിന്റെ പ്രണയം,ദാമ്പത്യം, &ഭക്തി, എഴുത്ത്, സാമൂഹിക-സംസ്കാരിക മേഘലകൾ എന്നിവയുടെ വെല്ലുവിളികളും സാഹിത്യത്തിലൂടെ ആവിഷ്കരിക്കപ്പെട്ടു. സ്ത്രീയെ സംബന്ധിച്ചടുത്തോളം അവളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം തന്നെയാണ് ഓരോ കവിതകളും. ഒരേ സമയം കുടുംബിനിയും കവയിത്രിയുമായി കഴിയേണ്ടി വരുന്നതിലെ ആത്മസംഘർഷങ്ങളിൽ നിന്നാണ് ഗിരിജ പി.പാതേക്കര തന്റെ കവിതകൾ ഏറെയും എഴുതിയിരിക്കുന്നത്.

അടിച്ചമർത്തപ്പെട്ട ജീവിതത്തിൽ നിന്ന് ഉയർത്തെഴുന്നേൽക്കപ്പെടുന്ന സ്ത്രീ ജീവിതത്തെയാണ് &കൊണ്ടാട്ടം◌എന്ന കവിത ആവിഷ്കരിക്കുന്നത്



അപ്പോൾക്കാണാം
ആത്മവീര്യത്തോടെ
തലയുയർത്തി
ഞാൻ പൊങ്ങിപ്പൊങ്ങി വരുന്നത്.
കടിച്ചാൽ പൊട്ടാത്തവണ്ണം
മൊരിയുന്നത് 2

സ്വപ്നങ്ങളും ആഗ്രഹങ്ങളും നിറഞ്ഞുനിന്ന ഒരു കാലത്തെ ഓർത്തുകൊണ്ട്  തന്റെ വറ്റിപ്പോയ ജീവജലത്തെയും കൊത്തിനുറുക്കി വേവിച്ചൂറ്റിയപ്പോഴും നുറുങ്ങാതെ നിന്ന ആത്മാവും ,ചോരയും നീരും വറ്റി ഒരു കൊണ്ടാട്ടമായി മാറിയത് കവയിത്രി തിരിച്ചറിയുന്നു. അവിടെ നിന്നാണ് അവൾ ഉയർത്തെഴുന്നേൽക്കുന്നത്.

തന്റെ ഊഴം കാത്തുനിൽക്കുന്ന പെൺപിറവികളെയാണ്&പെൺപിറവി എന്ന കവിത സൂചിപ്പിക്കുന്നത്. നിലനിൽക്കുന്ന പുരുഷ വർഗത്തെ, അധീശത്വവർഗത്തെ വൃദ്ധനായിരിക്കുന്നുള്ളതളർന്നിരിക്കുന്നു എന്നു സംബോധന ചെയ്താണ് ഓരോ പെൺപിറവികളും തങ്ങളുടെ വരവ് അറിയിക്കുന്നത്. സാഹിത്യത്തിലും, ചരിത്രത്തിലും സാമൂഹിക-സാംസ്കാരിക മേഘലകളിലും സ്ത്രീകൾ തങ്ങളുടെ ഉജ്ജ്വലമായ വരവ് അറിയിക്കുന്നു.

ഞാനിപ്പോൾ  പിറന്നതേയുള്ളു
പറഞ്ഞു തുടങ്ങുന്നതേയുള്ളു
നടന്നു പഠിക്കുന്നതേയുള്ളു.
ഇനി ഊഴം എന്റേതാണ്.  3

ആവർത്തിക്കപ്പെടുന്ന ഗാർഹികജോലികളാൽ തഴമ്പു നിറഞ്ഞ, അവളുടെ ശരീരത്തിൽ  കാലമെഴുതുന്ന കുറിപ്പുകൾ  അവളെ കാലം എങ്ങനെ ആവിഷ്കരിക്കുന്നു എന്നു സൂചിപ്പിക്കുന്ന കവിതയാണ് &അടയാളങ്ങൾ◌◌ ◌◌

ഓരോ അടയാളങ്ങളും
പോയ കാലത്തേക്ക്
പിന്നോട്ടിറങ്ങാൻ
എനിക്കുമാത്രം സ്വന്തമായ
രഹസ്യതുരങ്കങ്ങളാണ് !
കാലം ശരീരത്തിൽ
മായ്ക്കാനാവാത്ത
കുറിപ്പുകളെഴുതുമ്പോൾ
ഡയറിയിലെഴുതാൻ സമയവും
സൂക്ഷിക്കാനിടവുമില്ലാത്ത
പെൺ വിധിയിൽ
എന്തിനു വിലപിക്കണം? 4

അനുവദിച്ചു നൽകിയ സ്വാതന്ത്ര്യത്തിലും അസ്വാതന്ത്ര്യത്തിന്റെ ചങ്ങലകെട്ടുകൾ കാണുകയാണ് കവിത്രി ശ്ലഖങ്ങലകൾ◌ എന്ന കവിതയിൽ. എന്തെല്ലാം പുരോഗതികൾ ഉണ്ടായാലും ഉയിരിനെപ്പൂട്ടിയ ചങ്ങലകൾ വലിയൊരു പ്രശനം തന്നെയാണെന്ന തിരിച്ചറിവാണ് ഈ കവിത.

അന്യനെക്കണ്ടൽ കുരയ്ക്കുകയും
കള്ളനെ കടിക്കയുമല്ലേ വേണ്ടത് !
വീട്ടിന്നൊരലങ്കാരമാവാതെയും
വാലാട്ടാതെയുമെങ്ങനെയാണ് !
ഉയിരിനെപ്പൂട്ടിയ ഈ ചങ്ങലകൾ
എങ്ങനെയാണറുത്തു മാറ്റേണ്ടത് ? 5

ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിൽ വഴുതി വീണ സ്ത്രീജന്മങ്ങളെയാണ് ശ്ലഴുക്കലുകൾ എന്ന കവിത ആവിഷ്കരിച്ചിരിക്കുന്നത്.

കതിർ മണ്ഡപത്തിൽ
തൂവിപ്പോയ വിളക്കെണ്ണയിൽ
കാലിടറി
അമ്മയായപ്പോൾ
ഉണ്ണിമൂത്രത്തിൽ വഴുതി
പുതിയ വീട്ടിൽ
തിളച്ചുപൊങ്ങി
പാരന്നൊഴുകിയ
പാലിൽ വഴുതി. 6

ആദ്യമായി വഴുതി വീണതെന്നായിരുന്നു ? എന്നു ചോദിച്ചു കൊണ്ട് പിഞ്ചുകാലിടറിയതും ജീവിതത്തിലുടനീളം വഴുക്കിവീണ സന്ദർങ്ങളെയും കവിയിത്രി ഓർക്കുന്നു. ഒടുവിൽ എഴുന്നേൽക്കാനാവാതെ നിലയറ്റ കയത്തിലേക്ക് നുറുങ്ങിച്ചിതറിയ അസ്ഥികൾ ചേർത്തുവച്ച് ഇരുമ്പ് ദണ്ഡിൽ നട്ടും ബോൾട്ടും ഇട്ട് മുറുക്കി ഒരു ഉരുക്കു വനിതയായി താൻ മാറിയ സന്ദർഭം ഒരു സ്ത്രീയുടെ അവസ്ഥാന്തരങ്ങളെ സൂചിപ്പിക്കുന്നു.

പേടിപ്പെടുത്തുന്ന സമകാലജീവിത യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളേണ്ടി വരുന്ന, തിമിരം ഒരു അനുഗ്രഹമായി കാണുന്ന സ്ത്രീയെ ആവിഷ്കരിക്കുന്ന കവിതയാണ് ശ്ലകനേര് വെളിപ്പെട്ടു കാണുമ്പോൾ എന്ന കവിത. തിമിരത്തിന്റെ തിരശ്ശീല മാറ്റി യാഥാർഥ്യത്തിലേക്ക് നോക്കുന്ന കവിയിത്രി കാണുന്നത് പ്രണയം നഷ്ടപ്പെട്ട മകനെയും മകളെയുമാണ്. മുറ്റത്തെ കടലാസു ചെടികൾ പൂത്തുപടർന്ന തെച്ചിയും ചെമ്പരത്തിയുമായി സങ്കല്പിച്ചതും ചുവരിൽ തൂക്കിയിട്ടിരിക്കുന്ന വിലകൂടിയ പെയിന്റിങ് മരിച്ചുപോയ തന്റെ, ഭർത്താവിന്റെ ചിത്രമാണെന്നു കരുതി എന്നും തൊഴുതതും പോലുള്ള അബന്ധങ്ങൾ തന്റെ തിമിരകാലത്തുണ്ടയതാണ്. ഇതുവരെ കരുതിയതും ചെയ്തതും എല്ലാം തെറ്റായിരുന്നുവെന്നും തന്റെ കാഴ്ചപ്പാടുകളിൽ നിന്നും താൻ ജീവിക്കുന്ന ലോകം ഏറെ അകന്നുവെന്നും മനസിലാക്കുന്ന നിമിഷം



തനിക്ക് തിമിരം ഒരു അനുഗ്രഹമായിരുന്നുവെന്നും അത് തിരികെ ലഭിക്കണമെന്നും ആഗ്രഹിക്കുന്നു. ചുറ്റും കാണുന്ന യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെ, ഇരുട്ടിലേക്ക് മടങ്ങാൻ കൊതിക്കുന്ന കവിത്രിയെയാണ് ഈ കവിതയിൽ കാണാൻ കഴിയുന്നത്.

മോഹമില്ലാഞ്ഞിട്ടല്ല
നേരമില്ലാഞ്ഞിട്ടാണ്
കാരണം
അവളില്ലാതായാലും
മക്കൾക്കു പറയണ്ടേ
ഓണമെന്നാൽ ഓർമ്മയാണ്
അമ്മയാണ്, അടുക്കളയാണ്
സ്നേഹമാണ് എന്നൊക്കെ. 7.

അടുക്കളയുടെ മണത്തിലൂടെ ഗാർഹിക പരിസരങ്ങളിൽ മാത്രമാണ് അമ്മ ഓർമ്മിക്കപ്പെടുന്നത്. ഓണം ആഘോഷമാക്കാൻ ഓടിനടന്ന് എല്ലാം ഒരുക്കുന്ന തിരക്കിൽ തന്റെ സന്തോഷങ്ങൾ മറക്കുന്ന, വേണ്ടന്നു വയ്ക്കുന്ന ഒരു സാധാരണക്കാരിയാണ് ശ്ലാണമെന്നാൽ അവൾക്ക് ശ്ലഎന്ന കവിത. ഒരേ സമയം സ്ത്രീകൾ സാമൂഹിക- സാംസ്കാരിക ഇടങ്ങളിൽ ശോഭിക്കുമ്പോൾ, കുറച്ചുപേർ മറ്റുള്ളവർക്കു വേണ്ടി സ്വയം ബലിയാടാവുന്നു



വായനയിലേക്കോ എഴുത്തിലേക്കോ കടക്കാൻ മനസ് ഏറെ ആഗ്രഹിക്കുന്നുണ്ടെ ങ്കിലും കടമകൾക്കു വേണ്ടി അവൾ മോഹങ്ങളെ തിരസ്കരിക്കുന്നു. അമ്മയുള്ള ഓണനാളുകൾ മക്കൾക്ക് ഗംഭീരമാക്കികൊടുക്കണം എന്ന മോഹമാണ് അവളിൽ താൻ ഇല്ലാതായാലും ഓണത്തിലൂടെ അടുക്കളയിലൂടെ അവർ തന്നെ ഓർക്കും എന്ന് അവൾ പറയുന്നു ഓരോ സ്ത്രീയുടെയും നിസ്സഹായവസ്ഥയാണ് ഇവിടെ വെളിപ്പെടുന്നത്. അടുക്കളയുടെ ത്യാഗത്തിന്റെ ഔന്നത്യത്തിൽ അറിയപ്പെടാൻ ആഗ്രഹിക്കുന്ന ഓരോ സ്ത്രീയും തങ്ങളുടെ കഴിവുകൾ അടുപ്പിലും വിഴുപ്പിലും ഹോമിക്കുന്നു.

ടച്ച് മി നോട്ട് എന്നത്
തൊട്ടാൽ വാടിയായതെങ്ങനെയെന്നും
ഒരെത്തും പിടിയും കിട്ടുന്നില്ല.
എന്നെ തൊടരുതേ യെന്ന
ഒരപേക്ഷയാണതെന്ന്
ആരെങ്കിലും കരുതിക്കാണുമോ ?
എങ്കിലതും തെറ്റാണ്.
അതൊരാജ്ഞയാണ് !
തൊടരുതെന്നെ യെന്ന
ആയിരം മുള്ളകളുള്ള
ഒരാജ്ഞ !
തൊടുന്നവനെ
മുറിപ്പെടുത്തുമെന്ന
ഒരു മുന്നറിയിപ്പ് ! 8.

ഇവിടെ പുരുഷന്റെ കാഴ്ചപ്പാടിനോടുള്ള വിയോജിപ്പ് പ്രകടമാണ്. ശ്ലതാട്ടാൽ വാടി എന്നാൽ തൊട്ടാൽ വാടുന്നവൾ അല്ല എന്ന് ശക്തമായി വായിക്കുകയാണ് ശ്ലച്ച് മി നോട്ട് എന്ന കവിത. ആത്മധൈര്യവും ചങ്കൂറ്റവും ഇള്ള സ്ത്രീയാണ് ഈ കവിതയിൽ, തന്റെ നേരെ നീളുന്ന കൈകൾക്കും കാമം നിറഞ്ഞ കണ്ണുകൾക്കും എതിരെ മുള്ളുകൾ പ്രയോഗിക്കും എന്നാണ് തൊട്ടാവാടി പറയുന്നത്. പ്രതിരോധിക്കാൻ കെല്പുള്ള മുള്ളിന്റെ ഒരാവരണം എല്ലാ സ്ത്രീകളിലും ഉണ്ടാവണം, തൊട്ടാൽ വാടുന്നവൾ അല്ല എന്ന സന്ദേശമാണ് ഈ കവിത..

പൊടിയണിഞ്ഞ പുസ്തകങ്ങളും
മഷിയുണങ്ങിയ പേനകളും വിറ്റ്
പിന്നീടവൾ
ഡെറ്റോളും ലൈസോളും വാങ്ങി

തന്നെത്താൻ തൂത്തു തുടച്ചു മിനുക്കി
ഒരു പൊടിപോലുമില്ലാ –
കണ്ടുപിടിക്കാനെന്നായപ്പോൾ
അവളുടെ കാതിൽ
പ്രണയപൂർവ്വം അയാൾ മന്ത്രിച്ചു–
ഇപ്പോഴാണിത് വീടായത്
നീയിവീടിൻ വിളക്കായത് 9.

സാമ്പ്രദായിക സ്ത്രീ ജീവിതത്തിന്റെ നേർപകർപ്പാണിത്. ഭർത്താവിനും മക്കൾക്കും വേണ്ടി ജീവിക്കുന്ന, അവരുടെ ആരോഗ്യത്തിനും യശസ്സിനും വേണ്ടി പ്രയത്നിക്കുന്ന സ്ത്രീയാണ് വീടിന്റെ ഐശ്വര്യം. വായനയും എഴുത്തും ഒരിക്കലും ഒരു വീട്ടമ്മയ്ക്ക് പറഞ്ഞിട്ടുള്ളതല്ല എന്ന പുരുഷസമൂഹത്തിന്റെ കാഴ്ചപ്പാടിൽ ഒതുങ്ങുന്ന സ്ത്രീ ജീവിതങ്ങൾക്ക് എന്നും വീടിന്റെ വിളക്കായി എരിഞ്ഞു തീരാം.

അലക്ക്കല്ല്, തൂപ്പ്, വെപ്പുപണി, കിടപ്പുമുറി, ഇവിടെയൊന്നും അവൾക്ക് സ്ഥാനമില്ലെങ്കിൽ വീട്ടിൽ മറ്റൊരിടത്തും അവൾക്ക് തന്റെ സ്ഥാനം ഉറപ്പിക്കാൻ കഴിയില്ല, അവൾ വീടിനുപുറത്താണ് എന്ന സത്യത്തെ വെളിപ്പെടുത്തുന്ന കവിതയാണ് ശ്ലഅവൾ ചില ഇടങ്ങൾ അവൾക്കായി നിശ്ചയിച്ചിട്ടുണ്ട്.

അബലയായും അടിമയായും
ചപലയായും മൃദുലയായുംമെല്ലാം
പല വേഷങ്ങൾ കെട്ടി
ഓരോ വേഷവും
ഓരോ ഒളിയിടമായിരുന്നു
അവൾക്ക്. 10


പ്രച്ഛന്നവേഷങ്ങൾ കെട്ടിയാടി തീർക്കുന്ന സ്ത്രീ ജീവിതങ്ങളാണ് ശ്ലപച്ഛന്നം എന്ന കവിത. ചുണ്ടിൽ ചിരി ചേർത്തുവച്ച് അവൾ അവളെതന്നെ പറ്റിച്ചു. ഒടുവിൽ ചുണ്ടിലെ മായാത്ത ചിരിയിൽ അവൾ ഉള്ളിലെ കെടാത്ത തീയും മെരുങ്ങാത്ത കരുത്തും അവൾ ഒളിപ്പിച്ചു. തന്റെ കരുത്തും സർഗ്ഗാത്മകതയും അവൾ മറച്ചുകൊണ്ട് പല വേഷങ്ങൾ കെട്ടിയാടുന്നു. ഒരേ സമയം കുടുംബിനിയും കവിയിത്രിയുമായി കഴിയേണ്ടിവരുന്നതിലെ ആത്മസംഘർഷം വെളിപ്പെടുത്തുന്ന കവിതയാണ് ശ്ലഗൃഹപാഠങ്ങൾ

എരിവുമുപ്പും പുളിയും
ചേർത്തു കറികളും
മധുരംവെച്ചു പൊതി –
ഞ്ഞിലയടയുമുണ്ടാക്കുമ്പോൾ
ഞാൻ സങ്കലപ്പിക്കും
ഞാനൊരു കവയിത്രിയാണെന്ന് 11

തങ്ങളുടെ സ്വാതന്ത്ര്യപ്രഖ്യാപനം ഒരു സാഹസിക കൃത്ര്യമാണ് ഓരോ സ്ത്രീയ്ക്കും. ഓരോ സ്ത്രീയും ഓരോ വാക്കും ഉച്ചരിക്കുന്നത് എഴുതുന്നത് ഈ നിശബ്ദയെ ഭേദിച്ചുകൊണ്ടാണ്. തീവ്രമായ ഇച്ഛാശക്തിയോടെ മാത്രമാണ് ഒരുവൾക്ക് എഴുതുകയോ വരയ്ക്കുകയോ അഭിനയിക്കുകയോ ചെയ്തു തുടങ്ങാൻ കഴിയുന്നത് .സർഗ്ഗാത്മകമായ ഈ ഇച്ഛാശക്തിയെ പുച്ഛിച്ചുതള്ളുകയോ അവഗണിക്കുകയോ ആണോ പുരുഷാധികാരലോകം ചെയ്യുക. കാരണം കലയുടെ മാത്രമല്ല മൂല്യനിർണയത്തിന്റെയും ആധിപത്യം പുരുഷൻ സ്വയം ഏറ്റെടുത്തിരിക്കുന്നു. സ്ത്രീ എഴുതിത്തുടങ്ങിയപ്പോഴേക്കു സാഹിത്യത്തിന്റെ ഗണങ്ങളെല്ലാം പുരുഷന്റെ കൈയാൽ അവന്റെ ഉള്ളം കൈയിൽ ഉറച്ചു പോയിരുന്നു. സ്വന്തം ആവിഷ്കാരത്തിനുതകുന്ന സാഹിത്യഗണത്തെ ഒരുവൾ സ്വയം വാർത്തെടുക്കേണ്ടതുണ്ട്.12 ഇത്തരമൊരു സാഹചര്യത്തിലാണ് ഗിരിജ പി. പാതേക്കരയുടെ കവിതകളു

ടെ പ്രസക്തി. ആ ഇച്ഛാശക്തിയെ തന്റെ പരിമിതികളിൽ നിന്ന് ഉയർത്തി തന്റേതായ ഇടം കണ്ടെത്താൻ ശ്രമിക്കുന്നു. സ്വത്വം, കുടുംബം, അധികാരം, രാഷ്ട്രീയം, കല, സാഹിത്യം, പാരമ്പര്യം, ഭാവുകത്വം, സദാചാരം, ലൈംഗികത, തുടങ്ങിയ എല്ലാ ഘടകങ്ങളും പുരുഷ കേന്ദ്രിതമാണ്. അവിടെയാണ് സ്ത്രീ അവളുടെ സ്ഥാനം ഉറപ്പിക്കാൻ ശ്രമിക്കുന്നത് ശ്ലവറും ശരീരം മാത്രമായി സ്ത്രീയെ കണ്ടിരുന്ന ഒരു സമൂഹത്തിനു മുന്നിൽ തലച്ചോറുള്ള, ചിന്തിക്കുന്ന, വികാരവിചാരങ്ങളുള്ള ഒരു സ്ത്രീ വ്യക്തിത്വത്തെ അവഗണിക്കാനാവാത്തവിധം അവർ പിടിച്ചു നിർത്തി നിങ്ങൾ സങ്കല്പിക്കുന്ന സ്ത്രീയല്ല ശരിയായ സ്ത്രീ എന്നാണ് ഷിന്ദേ പ്രഖ്യാപിച്ചത് (13) ചിന്താശക്തിയുള്ള ഒരു പൂർണ വ്യക്തിത്വമായി സമൂഹം സ്ത്രീയെ അംഗീകരിക്കണമെന്ന അവകാശവാദമാണ് ഷിന്ദേ ഉയർത്തിയത്.

അനുഭവങ്ങളുടെ വളച്ചുകെട്ടില്ലാത്ത ആവിഷ്കരണമാണ് ഇന്ന് പെൺ കവിതകൾ ഓരോന്നും, ബഹുസ്വരങ്ങളുടെ ആഖ്യാനരൂപമായി മാറിയ പുതു കവിത അനുദിനം ജനാധിപത്യവൽക്കരിക്കപ്പെടുന്നു. തന്റെ ദുരിത ജീവിതം പറയാനും എഴുതാനും അറിയാനും ഉള്ള തികച്ചും വൈകാരികമായ ഒരിടമായി കവിത മാറുന്നു. സ്ത്രീയുടെ ഊഴം എപ്പോഴും ഏറ്റവും ഒടുവിൽ ആണ് എന്ന ധാരണ ഊട്ടിയുറപ്പിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയെ ചോദ്യം ചെയ്യുന്ന ആത്മവീര്യം പകർത്തുന്ന ഈ കവിതകൾ തികച്ചും പെൺപിറവികളുടെ അന്തഃസത്തയെ തുറന്നുകാട്ടുന്നു. കാളിദാസികളാകുന്ന പെൺ ജീവിതങ്ങളാണ് നമുക്ക് ചുറ്റിനും ഉള്ളത്.



### കുറിപ്പുകൾ

(1) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 36
(2) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 16
(3) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 19
(4) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 23
(5) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 28
(6) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 34
(7) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 44
(8) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 55
(9) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 57
(10) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 65
(11) ഗിരിജ പി.പാതേക്കര 2012 പെൺ പിറവി : ഡി.സി.ബുക്സ്, പുറം : 46
(12) ഗീത, എഴുത്തമ്മമാർ ; കേരള ഭാഷ ഇൻസ്റ്റിറ്റൂട്ട് തിരുവനന്തപുരം, പുറം: 18
(13) മാനസി. താരബായ് തെളിച്ച പെൺപഥങ്ങൾ, മാതൃഭൂമി ആഴചപ്പതിപ്പ്.മാർച്ച് - 10 , 2019 .

### സഹായകഗ്രന്ഥങ്ങൾ


(1)ഗിരിജ പി.പാതേക്കര. 2012, പെൺപിറവി : ഡി.സി.ബുക്സ്, കോട്ടയം
(2)ഗീത, 2014, എഴുത്തമ്മമാർ : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
(3)ഗീത, 2002, ആധുനിക മലയാള കവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്
(4)ഷീബാ ദിവാകരൻ. ഡോ 2014 പെൺകവിത മലയാളത്തിൽ , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം


### ആനുകാലികങ്ങൾ


(1) മാനസി താരാബായ് തെളിച്ച പെൺപഥങ്ങൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, മാർച്ച് 10, 2019

വഴിത്താരകൾ

# അഫ്ഘാന്റെ മകൾ



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

കവിത അഫ്ഘാനിസ്ഥാനിന്റെ ആത്മ സ്പന്ദനമാണ്. കവിതയിലൂടെയാണ് തങ്ങളുടെ ഏറ്റവും ആർദ്രവും തിക്തവുമായ അനുഭവങ്ങളേയും വികാരങ്ങളേയും അഫ്ഗാനിസ്ഥാൻ ജനത ആവിഷ്കരിച്ചിട്ടുള്ളത്. ശാന്തിയുടെയും സ്നേഹത്തിന്റെയും ആത്മീയ സൗന്ദര്യത്തെ, സാന്ത്വന ലാവണ്യത്തെ ഉണർത്തുന്ന ജലാലുദിന് റൂമിയുടെ കവിതകളുടെ ഉറവിടം അഫ്ഘാൻ ജീവിതത്തിലാണ്.തീരാ യുദ്ധങ്ങളുടെയും, സംഘർഷങ്ങളുടെയും, ഭീകരതയുടെയും, ദുഖങ്ങളെയും, ഭീതികളെ




യും, ആഗ്രഹങ്ങളേയും അവർ കരുതി വെച്ചിട്ടുള്ളത് കവിതകളിലാണ്. ഇന്ന് പൂർവ്വാധികം വേദനയോടെ, ഉത്കണ്ഠയോടെ ലോകം അഫ്ഘാനിലെ സ്ത്രീകളിലേക്കു ഉറ്റു നോക്കുകയാണ്.സ്ത്രീകളും ഈ കരാളമായ കാലഘട്ടത്തെ അതിജീവിക്കുന്നത് കവിതയിലൂടെയാണ്.2005ൽ വെറും ഇരുപത്തി അഞ്ചു വയസ്സിൽ സംശയകരമായ സാഹചര്യത്തിൽ മരണമടഞ്ഞ നാദിയ അഞ്ചുമന്റെ വരികൾ ഇന്നത്തെ സ്ത്രീകളുടെ മാനസികാവസ്ഥയെ തീക്ഷ്ണമായി ഉണർത്തുന്നു.ഈ വരികളിൽ തുടിക്കുന്നത് പ്രത്യാശയും പ്രതിരോധവുമാണെന്നത് പ്രതീക്ഷ പകരുന്നു.ഈ കവിതയെ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യാനുള്ള ഒരു എളിയ ശ്രമത്തിലൂടെ 'വഴിത്താരകൾ' അഫ്ഘാൻ ജനതയെ,പ്രത്യേകിച്ചും അവരിലെ പെൺപാതിയെ ചേർത്തുപിടിക്കുകയാണ്.



### *അഫ്ഘാനിസ്താന്റെ മകൾ*

എനിക്ക് ശബ്ദിക്കാൻ ആഗ്രഹമില്ല. ഞാൻ എന്ത് ചൊല്ലാനാണ് ?
കവിത ചൊല്ലിയാലും ഇല്ലെങ്കിലും ഈ കാലത്താൽ ഞാൻ നിന്ദിക്കപ്പെടുക തന്നെ ചെയ്യും
നാവിൽ വിഷമായി മാറിയ തേനിനെ കുറിച്ച് ഞാൻ എങ്ങിനെ പാടുവാനാണ്?
എന്റെ ശബ്ദത്തെ ഞെരിച്ചമർത്തുന്ന ഭീകരമുഷ്ടിയെ ശപിക്കട്ടെ ,
കരഞ്ഞാലും, ചിരിച്ചാലും, മരിച്ചാലും, ജീവിച്ചാലും
എന്റെ ദുഃഖത്തിൽ പങ്കു ചേരാൻ ഒരാൾ പോലുമില്ലാത്ത ഈ ലോകത്തിനു നന്മ നേരട്ടേ.
ഞാനും ഈ തടവറയും :ഒന്നുമല്ലാതാക്കപ്പെട്ട എന്റെ ആഗ്രഹങ്ങൾ
വ്യർത്ഥമാം എൻ ജന്മം —നിശ്ശബ്ദയാക്കപ്പെടാൻ വേണ്ടി മാത്രം ജനിച്ചവൾ
വസന്തത്തിൻ ഹർഷങ്ങൾ കടന്നു പോയെന്നു ഞാൻ അറിയുന്നു
ഈ തകർന്ന ചിറകുകളുമായി പറക്കുവതെങ്ങിനെ ഞാൻ ?
സദാ മൂകയെങ്കിലും കേട്ടിരിക്കുന്നു ഞാൻ ശ്രദ്ധയോടെ
എൻമനം മന്ത്രിക്കുന്നവളുടെ ഗാനങ്ങൾ,
അവൾക്കായി പുതു ഈണങ്ങൾ പിറക്കുന്നോരോ നിമിഷവും
ഒരു നാൾ ഈ കൂടിൻ ഏകാന്തത ഞാൻ തകർക്കും
ആനന്ദത്തിൻ വീഞ്ഞു മോന്തി ,വസന്ത പറവയെ പോൽ പാടും
പേലവാന്ഗിയാം വൃക്ഷമെങ്കിലും ഉലയുകില്ല ഞാൻ ഓരോ കാറ്റിലും
അഫ്ഘാന്റെ മകളാണ് ഞാൻ. ..എൻ ഫഘാന്റെ ഒലികൾ നിത്യതയിൽ അലിഞ്ഞുചേരട്ടേ ...



**സിന്ധു ഉല്ലാസ്**
കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

# തനിയെ

ഫാൻ കറങ്ങുന്നതും നോക്കി എത്ര നേരമായി ഇങ്ങനെ കിടക്കുന്നു. ശരീരം നുറുങ്ങുന്ന വേദന. നല്ല പനിയും തലവേദനയും. ഈ അടച്ചിട്ട മുറിക്കുള്ളിൽ ഒറ്റയ്ക്കായതിന്റെ വിഷമം വേറെ.

കൊറോണ പിടിച്ചാൽ പിന്നെ പെടാപ്പാട് തന്നെയാ ! പുറത്തിറങ്ങാതെ,ആരെയും കാണാതെ, മിണ്ടാതെ ഹോ... അടുത്തുപോലും ആരും വരില്ല . ഓർക്കുമ്പോൾ തന്നെ സങ്കടം. കണ്ണുകൾ ഇറുക്കിയടച്ചു കൊണ്ട് അവൾ ഓരോന്ന് ചിന്തിച്ചു കൊണ്ടിരുന്നു.

‘ശ്ശോ..ഇനി എത്ര ദിവസം കഴിയണം രാവിലെ മുതൽ മുറിയുടെ മച്ചിന്റെ അളവെടുക്കൽ ആണ് പണി . കണ്ണുകൾ ഒരറ്റം മുതൽ ഇങ്ങനെ ഓടിച്ച് ഓടിച്ച്..

പിന്നെ ജനലഴികളുടെ എണ്ണം എടുക്കും. പിന്നെ കുറച്ചുനേരം ജനലിലൂടെ പുറത്തേക്കു നോക്കും. മഴ കണ്ടിരിക്കും. തണുക്കുമ്പോൾ ജനൽ അടയ്ക്കും. വീണ്ടും കിടക്കും. കൈ വിരലുകൾ മടക്കിയും ഒടിച്ചും കുറച്ചുനേരം. ഇടയ്ക്കു മയക്കത്തിലേക്ക് വീഴും.

ഷെൽഫിൽ പുസ്തകങ്ങളൊക്കെ ഇരിപ്പുണ്ട് . തല പൊളിയുന്ന വേദന.വായിക്കാനോ ഫോണിൽ നോക്കാനോ പറ്റുന്നില്ല. കുറച്ചു നേരം പാട്ടു കേൾക്കും. പിന്നെ അതും ബോർ ആകും.

വെളുത്തൊരു പല്ലി ഫാനിന്റെ ചോട്ടിലിരുന്ന് താഴേക്ക് നോക്കുന്നുണ്ട്. വയറു ചെറുതായിട്ട് വീർത്തിട്ടുണ്ടല്ലോ.ഗർഭിണി ആയിരിക്കും . പറ്റിയ സ്ഥലം തപ്പുകയായിരിക്കും. അത് തന്നെ തന്നെയാണല്ലോ നോക്കുന്നത്. എപ്പോഴോ വായിച്ച ഒരു കഥയിലെ മറിയാമ്മ പല്ലിയെ അവൾക്ക് ഓർമ്മ വന്നു. ഉണ്ടക്കണ്ണുകൾ തിളങ്ങുന്നു.ഇത്തിരി കഴിഞ്ഞപ്പോൾ അത് ഓടി പുറത്തേക്ക് പോയി. പിന്നെയും അവൾ തനിച്ചായി. വാതിലിന് വെളിയിലേക്ക് ചെവികൂർപ്പിച്ചു. അനക്കമൊന്നും കേൾക്കുന്നില്ലല്ലോ. ആരുമില്ലേ ഇവിടെ. ‘കുറച്ച് ചൂടുവെള്ളം കിട്ടിയിരുന്നെങ്കിൽ?‘

രാവിലെ കുറച്ചു ഭക്ഷണം കൊണ്ടുവന്നു വെച്ചു പോയതാണ്. പിന്നെ ആരെയും ഈ വഴി കണ്ടില്ല..

മനസ്സിൽ ചെറിയ സങ്കടം തോന്നി. മറ്റാർക്കെങ്കിലും ആയിരുന്നു അസുഖം എങ്കിൽ എത്ര തവണ കുറവുണ്ടോ എന്ന് ചോദിച്ചു താൻ ഓടി ഓടി ചെല്ലുമായിരുന്നു. ഇഷ്ടമുള്ള ഭക്ഷണം, കാപ്പി, ചുട്ടരച്ച ചമ്മന്തി, പപ്പടം.... ആവി പിടിക്കണോ? ചുക്കുവെള്ളം വേണോ? അങ്ങനെ എന്തെല്ലാം ഓരോരുത്തരുടെ ഇഷ്ടത്തിനനുസരിച്ച്, ഇതിപ്പോൾ.. അറിയാതെ ഒരു നെടുവീർപ്പ്.

രാവിലെ കൊണ്ടുവച്ച ബ്രെഡും ജാമും തണുത്തിരിക്കുന്നു. മടുപ്പു തോന്നി എല്ലാറ്റിനോടും. അല്ലെങ്കിൽ തന്നെ മണവും രുചിയുമൊക്കെ തന്നോ

ട് പിണങ്ങിയിരിക്കുകയാണല്ലോ അമ്മയെ കാണണമെന്ന് തോന്നി.മണ്ടത്തരം ദേഷ്യവും തോന്നുന്നുണ്ട്.എന്ത് ഫലം. പുതപ്പെടുത്ത് തലവഴി മൂടി.

മുറ്റത്തെ ചെടികൾ ഒക്കെ തന്നെ കാണാതെ വിഷമിക്കുന്നുണ്ടാവും. ആരെങ്കിലും വെള്ളമൊഴിക്കുന്നുണ്ടോ ആവോ? മഴ പെയ്തത് കൊണ്ട് പിന്നെ വലിയ പ്രശ്നമില്ല. എങ്കിലും അതിന്റെ അടുത്ത് ഒന്നു പോയി, തൊട്ടുതലോടി ഒരു വർത്തമാനം ഒക്കെ പറയുന്ന സുഖം. മുറ്റത്തെ മാവില് ഒരു കിളിക്കൂട് ഉണ്ടായിരുന്നല്ലോ?

ആ കിളിമുട്ട വിരിഞ്ഞോ ആവോ?

മനസ്സാകെ കുഴഞ്ഞു മറിഞ്ഞു പോകുന്നു. ഈ വീട് ഉറങ്ങിയത് പോലെ. ഒരു ഒച്ചയോ വിളിയോ ചിരിയോ ഒന്നുമില്ല. അറിയാതെ അവളോർത്തു. എന്നെ കാണാത്തതിൽ വീടിന് സങ്കടം കാണുമോ? ഇടയ്ക്കു അവൾക്കു കൊച്ചുകുട്ടികളുടെ സ്വഭാവം . എന്റെ കാലം കഴിഞ്ഞാൽ വീട് തീർത്തും ഉറങ്ങി പോകും.

'ഏയ്.. അതൊന്നുമില്ല'

'ഭർത്താവും മോനും എന്തെങ്കിലും ജോലിയിൽ ആയിരിക്കും'.സ്വയം സമാധാനിക്കാൻ ശ്രമിച്ചു. മോൻ ആ ഹെഡ് ഫോണും ചെവിയിൽ വച്ച് അവന്റെ മുറിയിലേക്ക് കയറിയാൽ പിന്നെ ഭൂലോകം ഇടിഞ്ഞുവീണാൽ പോലും അറിയില്ല.

ഡും..ഡും.. വാതിലിൽ ആരോ മുട്ടുന്നുണ്ടല്ലോ!

'മിനി.. എടീ മിനി .. വീട്ടിൽ ഇടുന്ന എന്റെ നീല ടീ ഷർട്ട് എവിടെയാണ് വച്ചിരിക്കുന്നത്?'

ഓ.. അതാണ് കാര്യം. ഒന്നും നോക്കി എടുക്കുന്ന ശീലം പിന്നെ ഇല്ലല്ലോ. എല്ലാറ്റിനും എന്റെ കൈ ചെല്ലണം.

'അത് അപ്പുറത്തെ ഷെൽഫിൽ ഉണ്ടല്ലോ' വിളിച്ചു പറഞ്ഞു. വൈകിട്ട് ഒന്നു കുളിച്ചു കഴിഞ്ഞപ്പോൾ ഒരു സുഖം തോന്നി. മുടി വിടർത്തിയിട്ട് കിടന്നു. പതുക്കെപ്പതുക്കെ മയക്കത്തിലേക്ക്...

നിറയെ പൂക്കൾ ഉള്ള ഒരു തോട്ടത്തിലാണ് താനിപ്പോൾ നിൽക്കുന്നത്.. പൂമ്പാറ്റകൾ ഒക്കെ പാറി നടക്കുന്നുണ്ട്. ഒരു മഞ്ഞ കിളി തോളിൽ വന്നിരിക്കുന്നു. പഴുത്തു തുടുത്ത പേരയ്ക്കകൾ പേരമരം നിറയെ. വേറെയും പഴങ്ങളുണ്ട്. ഇളംകാറ്റിൽ ഇളകുന്ന മുടിയിഴകൾ ഒതുക്കി വെച്ചുകൊണ്ട് പൂക്കളുടെ സുഗന്ധം ആസ്വദിച്ചു.എന്ത് ഭംഗി! പതിയെ ഒരു പേരക്ക പറിക്കാൻ കൈ നീട്ടി. മനോഹരമായ ഒരു പാട്ട് കേട്ടു. തിരിഞ്ഞു നോക്കി. ആഹാ.. ഷീല., തന്റെ കൂട്ടുകാരി അവളാണല്ലോ പാടുന്നത്. സ്കൂളിലും കോളേജിലും ഒക്കെ ഞങ്ങൾ ഒന്നിച്ചായിരുന്നു പാട്ട് പാടിയിരുന്നത്. ഇപ്പോൾ എനിക്കെന്തു പാട്ട്? അങ്ങനെ ഒരു കാലം ഉണ്ടായിരുന്നത് ഓർക്കാറേയില്ല. വിലങ്ങുകൾ വീണ കുയിലല്ലേ താൻ.

ഷീല തന്നെ കണ്ടതും ഓടിയെത്തി കെട്ടിപ്പിടിച്ചു. 'വാടി.' എത്ര നാളായി കണ്ടിട്ട്, 'വന്നേ വിശേഷം ഒക്കെ പറഞ്ഞെ' സന്തോഷത്തോടെ അവളോടൊപ്പം നടക്കാൻ തുടങ്ങി. പെട്ടെന്ന് ഒരു വെള്ളിടി വെട്ടിയ ശബ്ദം. നടുങ്ങിപ്പോയി. കണ്ണുകൾ വലിച്ചു തുറന്നു. 'പൂക്കളൊക്കെ എവിടെ?' ഒന്നും കാണുന്നില്ലല്ലോ ഷീല എങ്ങോട്ട് പോയി??

'അമ്മേ'

മോനാണ്.. വാതിൽ തുറന്ന ശബ്ദമായിരുന്നു. ഹോ.. താൻ സ്വപ്നം കാണുകയായിരുന്നല്ലേ..അവൾക്കു ചിരി വന്നു. ഒരു ചെറിയ നഷ്ടബോധം.

'എന്താ മോനെ?'

'ഇന്നും ഇവിടെ അത്താഴത്തിന് ഒന്നുമില്ലെ.. ഒന്നും ഉണ്ടാക്കിയിട്ടില്ലേ?' ഒന്നും മിണ്ടാൻ തോന്നിയില്ല. വാക്കുകളോടൊപ്പം ഒരു തേങ്ങൽ തുണ്ട് തൊണ്ടയിൽ പിടക്കുന്നത് അവൾ അറിഞ്ഞു. വാതിൽ അടഞ്ഞു. കാലൊച്ചകൾ അകന്നു. കുറച്ചു കഴിഞ്ഞു ഒരു ബൈക്ക് വരുന്ന ശബ്ദം. ഭക്ഷണം ഓർഡർ ചെയ്തു കാണണം. അച്ഛനും മകനും കഴിച്ചിരിക്കും . എന്തോ ഒരു പാത്രത്തിൽ മുറിവാതിൽക്കൽ കൊണ്ട് വയ്ക്കുന്ന ശബ്ദം കേട്ടു. കഴിക്കണമെന്നു പോലും തോന്നിയില്ല. മേശപ്പുറത്തിരുന്ന ഒരു ഏത്തപ്പഴത്തിൽ അത്താഴം ഒതുക്കി. പകലന്തിയോളം ഒരു ഉരുവിനെപ്പോലെ പണിയെടുത്ത് നടക്കുകയായിരുന്നു. ആർക്കും ഒന്നിനും ഒരു കുറവും വന്നില്ല.. വരുത്തിയില്ല.. തന്റെ വയ്യായ്കകളെക്കുറിച്ച് പോലും ആരോടും പരാതി പറഞ്ഞില്ല.. എല്ലാവരുടെ ഇഷ്ടത്തിനൊത്ത് ജീവിച്ചു.. ഇഷ്ടങ്ങൾ നിറവേറ്റി കൊടുത്തു.. വൃത്തിയാക്കലും രുചിയുള്ള ഭക്ഷണങ്ങൾ ഉണ്ടാക്കലും തുണി അലക്കലും നല്ല വീട്ടമ്മയായി .. തന്റെ ഇഷ്ടമോ തനിക്കിഷ്ടം എന്താണെന്നോ ചോദിച്ചിട്ടില്ല ആരും...

നിറഞ്ഞൊഴുകുന്ന കണ്ണുകൾ കണ്ടില്ലെന്ന് നടിച്ചു. ഈ അടച്ചുപൂട്ടലിൽ ഏറെ കാര്യങ്ങൾ അവൾ തിരിച്ചറിയുകയായിരുന്നു..നൊമ്പരപ്പെടുത്തുന്ന തിരിച്ചറിവുകൾ.. ആൾക്കൂട്ടത്തിന്റെ ഒറ്റപ്പെട്ടു പോയവളുടെ സങ്കടം. എങ്ങനെയൊക്കെയോ പത്ത് ദിവസങ്ങൾ തള്ളിനീക്കി. ശുദ്ധവായുവിലേക്ക്.. വെളിച്ചത്തിലേക്ക് നടന്നിറങ്ങുമ്പോൾ എന്തെന്നില്ലാത്ത ആശ്വാസം... അലങ്കോലപ്പെട്ടു കിടക്കുന്ന അടുക്കള.. വാരിവലിച്ച് ഇട്ടിരിക്കുന്ന തുണികൾ... .. പാത്രങ്ങൾ. കരിയിലകൾ നിറഞ്ഞ മുറ്റം.. പിന്നെ മറ്റൊന്നിനെയും കുറിച്ച് ഓർക്കാൻ അവൾക്ക് സമയമില്ലായിരുന്നു.... നൈറ്റി എടുത്തു കുത്തി ക്ഷീണം മറന്ന് വീട്ടമ്മയായി... തളർന്ന കൈ കൊണ്ട് ചൂലെടുത്തു. ചോറും കറികളും ഉണ്ടാക്കി വെച്ചു. അപ്പനെയും മകനെയും വിളിച്ചു. ഒരു കൂസലുമില്ലാതെ ഒരു അന്വേഷണവും ഇല്ലാതെ രണ്ടാളും മൊബൈലിൽ നോക്കി കൊണ്ട് ഭക്ഷണം കഴിക്കുന്നത്

നിർവികാരയായി നോക്കിനിന്നു. അപ്പോഴും മഴ പെയ്യുന്നുണ്ടായിരുന്നു. തന്റെ കണ്ണുകൾ പെയ്യാതിരിക്കാൻ അവൾ പാടുപെട്ടു.

ചർച്ചാവിഷയം

**അജ്ന സി. എച്ച്.**
ജെൻഡർ റിസോഴ്സ് പേഴ്സൺ കുടുംബശ്രീ
മലപ്പുറം



# പൊന്നാനിയിലെ മരുമക്കത്തായം

സ്ത്രീകൾക്ക് പ്രാഥമികാധികാര ശക്തിയുള്ള ഒരു സാമൂഹിക സമ്പ്രദായമാണ് മരുമക്കത്തായം. ഈ സമ്പ്രദായം പിന്തുടർന്നവരാണ് പൂർവികരിൽ പലരും. ആധുനിക യുഗത്തിലും മരുമക്കത്തായസമ്പ്രദായം പല സമുദായങ്ങളിലും നിലകൊള്ളുന്നുണ്ട്. മലബാർ ഭാഗങ്ങളിലെ മുസ്ലിം മാപ്പിള മാർക്കിടയിൽ മരുമക്കത്തായസംവിധാനം പ്രകടമാണ്. ഈ സമ്പ്രദായ പ്രകാരം അമ്മ വഴിയാണ് ബന്ധങ്ങൾ പിന്തുടരുന്നത്.

അമ്മ വഴിക്കോ പെൺ വഴിക്കോ മാത്രമുള്ള പിന്തുടർച്ച ക്രമമനുസരിച്ച് ഗണിക്കപ്പെടുന്ന വംശാവലിയെ ആണ് മരുമക്കത്തായം എന്ന് വിളിക്കുന്നത്. മരുമക്കത്തായക്രമത്തിന് അതിന്റേംതായ നിയമവശങ്ങളുണ്ട്. മലബാറിലെ ചില മാപ്പിള സമൂഹം ഹിന്ദുക്കൾ പിന്തുടർന്നുകൊണ്ടിരുന്ന മരുമക്കത്തായം സ്വീകരിക്കുകയാണ് ചെയ്തത് എന്ന വാദങ്ങൾ നിലനില്ക്കുന്നുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെഎ മധ്യം വരെ വടക്കേ മലബാറിലെ കണ്ണൂർ, തലശേരി, വടകര, നാദാപുരം, കുറ്റിയാടി, പരപ്പനങ്ങാടി, കൂട്ടായി, പൊന്നാനി, തിരുവിതാംകൂറിലെ ചിറയംകീഴ്, പറവൂർ, ഇടവ തുടങ്ങിയ പ്രദേശങ്ങളിൽ പൂർണമായും ഭാഗികമായും മുസ്ലിംങ്ങൾക്കിടയിൽ നിലനിന്നിരുന്ന സമ്പ്രദായമായിരുന്നു മരുമക്കത്തായം. അത് പോലെ തന്നെ കേരളത്തിലെ തീരദേശ നിവാസികളായ മുസ്ലിംകളും ഇത് ആചരിച്ചു പോന്നിരുന്നു.



ലോക മുസ്ലിംങ്ങളിൽ ബഹുഭൂരിപക്ഷവും ആദ്യകാലം മുതൽ മരുമക്കത്തായ സമ്പ്രദായം സ്വീകരിച്ചിരുന്നത്. മരുമക്കത്തായം സ്വീകരിച്ചിരുന്ന മുസ്ലിംകളിൽ ഭൂരിപക്ഷവും ഇതിനകം ഈ സമ്പ്രദായം വെടിഞ്ഞു. ലക്ഷദ്വീപ് നിവാസികളും ഇന്തോനേഷ്യയിലെ മെനൻകവാബും പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ചില ന്യൂനപക്ഷ വിഭാഗങ്ങളുമാണ് ഇപ്പോഴും ഈ സമ്പ്രദായം തുടർന്ന് വരുന്നത്.

കേരളത്തിന്റെ 'ചെറു മക്ക' എന്ന് അറിയപ്പെടുന്ന പൊന്നാനിയിലെ മരുമക്കത്തായക്രമത്തെ അടിസ്ഥാമാക്കി ചില പഠനങ്ങൾ നടത്തിയിരുന്നു. ഇസ്ലാമിക സ്വാധീനവും മരുമക്കത്തായ സമ്പ്രദായവും പൂർവികരുടെ കാലം തൊട്ടേ പൊന്നാനിയിൽ പ്രകടമായിരുന്നു. കൂട്ടുകുടുംബ സമ്പ്രദായമാണ് പൊന്നാനിയിൽ കൂടുതലും കാണാൻ സാധിക്കുക.

മുസ്ലിം മാതൃദായകക്രമത്തിൽ തലമുറകൾക്കും ലിംഗഭേദത്തിനും അനുസരിച്ച് പലകാര്യങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച്, സ്വത്ത്, സമ്പ്രദായം, അവകാശങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ. മാതൃദായകക്രമ പ്രകാരം വംശ പരമ്പര അമ്മ വഴിക്കാണ് പിന്തുടരുന്നത്. മകൾക്കാണ് അമ്മയുടെ സ്വത്തിന്മേൽ അനന്തരാവകാശം.

കേരളത്തിലെ മുസ്ലിംകളിൽ മരുമക്കത്തായം നിലനിന്നിരുന്ന ഏതാനും പ്രദേശങ്ങളിലൊന്നായ, സ്വന്തമായ പലഹാരങ്ങളും വിശ്വാസങ്ങളും അതിനെ ബന്ധിതമായ ആചാരങ്ങളും കൊണ്ട് പേരുകേട്ട ഇടമാണ് പൊന്നാനി. വിവാഹശേഷം ഭർത്താവ് ഭാര്യയുടെ വീട്ടിലാണ് താമസിക്കുന്നത്. അതുപോലെ തന്നെ അതിഥിയെ പോലെ ആയിരിക്കും എന്നും സൽക്കരിക്കുന്നത്. മരുമക്കത്തായക്രമം പിന്തുടർന്ന കുടുംബങ്ങളിൽ അമ്മയ്ക്കാണ് വീട്ടിലെ അധികാരവും പദവിയും. വീട്ടിലെ മുതിർന്ന സ്ത്രീയാണ് 'കാരണവർ' എന്ന് വിളിക്കുന്നത്. ഇവിടെ ഭർത്താവിന്റെയോ പിതാവിന്റെയോ പദവിയ്ക്ക് പ്രാധാന്യം കുറവാണ്

പൊന്നാനിയിലെ മരുമക്കത്തായ കുടുംബങ്ങൾ കൂടുതലും കൂട്ടുകുടുംബങ്ങളാണ്. ഈ കുടുംബങ്ങളിൽ മൂന്നോ നാലോ തലമുറകൾ ഒരുമിച്ചുണ്ടാകും. പദവിയിലും പൊന്നാനിയിലെ മുസ്ലിം സ്ത്രീകൾ മറ്റു സ്ത്രീകളെക്കാൾ മുന്നിട്ട് നിൽക്കുന്നു. അഭിപ്രായ സ്വാത്രന്ത്യവും വ്യക്തി സ്വാതന്ത്ര്യവും സുഖവും സുരക്ഷിതത്വവും ഇവർക്ക് കൂടുതലാണ്. ഇവിടുത്തെ സ്ത്രീകൾ കൂടുതലായും പർദ്ദയാണ് ധരിക്കുന്നത്.

മരുമക്കത്തായ കുടുംബങ്ങളിൽ എല്ലാ ദിവസവും ആഘോഷം പോലെ ആയിരിക്കും. കൂട്ടുകുടുംബത്തിൽ ഒരുപാട് ആളുകൾ ഉള്ളതുകൊണ്ട് ആരാധനാകർമങ്ങളും (നമസ്കാരം, ഖുർആൻ പാരായണം, പലതരം മാലപ്പാട്ടുകൾ ചൊല്ലുന്നതും) ഭക്ഷണം കഴിക്കുന്നതും ജോലി ചെയ്യുന്നതുമെല്ലാം ഒരുമിച്ചായിരിക്കും. ഇവിടുത്തെ മറ്റൊരു ശ്രദ്ധേയമായ കാര്യമാണ് അവരുണ്ടാക്കുന്ന പലഹാരങ്ങൾ. റമസാൻ, പെരുന്നാൾ, വിവാഹം എന്നിങ്ങനെ തുടങ്ങി വിശിഷ്ട ദിവസങ്ങളിലും വിരുന്ന് സത്കാരങ്ങളിലും പലഹാരങ്ങൾ ഉണ്ടാക്കുന്നത് അവർക്ക് നിർബന്ധമായ കാര്യമാണ്. ഇവിടുത്തെ വിവാഹാഘോഷം രണ്ടോ മൂന്നോ ആഴ്ച മുന്നേ തന്നെ ആരംഭിക്കും. ബന്ധുക്കൾ എല്ലാവരും എത്തിച്ചേരുകയും ഒപ്പനയും പലഹാരമുണ്ടാക്കലും മാപ്പിളപ്പാട്ടും മൈലാഞ്ചി ഇടലും അറ ചമയ്ക്കലും എല്ലാം വലിയ ആഘോഷമായാണ് ആചരിക്കുന്നത്.

**മുസ്ലിം മാതൃദായകക്രമത്തിൽ തലമുറകൾക്കും ലിംഗഭേദത്തിനും അനുസരിച്ച് പലകാര്യങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച്, സ്വത്ത്, സമ്പ്രദായം, അവകാശങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ. മാതൃദായകക്രമ പ്രകാരം വംശ പരമ്പര അമ്മ വഴിക്കാണ് പിന്തുടരുന്നത്. മകൾക്കാണ് അമ്മയുടെ സ്വത്തിന്മേൽ അനന്തരാവകാശം.**

പൊന്നാനിയിലെ മരുമക്കത്തായ കുടുംബത്തിലെ പുതുതലമുറയിലെ ഒട്ടുമിക്ക സ്ത്രീകളും വിദ്യാസമ്പന്നരും സ്വന്തമായി ജോലിയുള്ളവരും ആണ്. അതുപോലെ തന്നെ പൊതുവേദികളിലും ഇവരുടെ സാന്നിധ്യം കാണാൻ സാധിക്കും. മരുമക്കത്തായ കുടുംബത്തിൽ 'സുന്നി' വിഭാഗം സ്ത്രീകൾ പള്ളിയിൽ പോകുന്നതിനോട് എതിർപ്പാണെങ്കിലും 'മുജാഹിദ്-ജമാഅത്ത്' വിഭാഗക്കാർ സ്ത്രീകൾ പള്ളിയിൽ പോകുന്നതിനോട് അനുകൂലിക്കുന്നു.

മറ്റൊരു കാര്യം ശ്രദ്ധയിൽപെട്ടത് എന്തെന്നാൽ പുതുതലമുറ മക്കത്തായ സമ്പ്രദായം പിന്തുടരുവാനും അണു കുടുംബങ്ങളായി ജീവിക്കാനുമാണ് കൂടുതലായും ആഗ്രഹിക്കുന്നത്.

പൊന്നാനിയിൽ 150 വർഷവും അതിലധികവും പഴക്കമുള്ള തറവാട് വീടുകളാണ് ഉള്ളത്. പൊന്നാനിയിലെ മുസ്ലിം മരുമക്കത്തായ സമ്പ്രദായവും കുടുംബവും എന്നും അതുപോലെ തന്നെ നിലനിൽക്കട്ടെ എന്നാശിക്കുന്നു.

ശാസ്ത്രം



**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# ബഹിരാകാശ സ്വപ്നങ്ങളിലേക്ക് പറന്ന ശിരിഷ

വർജിൻ ഗാലക്റ്റിക്കിന്റെ യൂണിറ്റി 22 ദൗത്യത്തിലൂടെ ശിരിഷ ബാൻഡ്‌ല പറന്നുയർന്നത് ആകാശത്തിനു മപ്പുറമുള്ള തന്റെ സ്വപ്നങ്ങളിലേക്കായിരുന്നു. വിഎസ്എസ് യൂണിറ്റി എന്ന സ്പേസ് പ്ലെയിനിൽ വർജിൻ ഗാലക്റ്റിക് മേ ധാവി റിച്ചാർഡ് ബാൻസൺ, ശിരിഷ എന്നിവർക്കൊപ്പം അഞ്ച് യാത്രികർ കൂടിയുണ്ടായിരുന്നു. ബഹിരാകാശ യാത്രാ സ്വപ്നങ്ങൾ ഇനി അകലെയല്ല എന്ന് ശിരിഷ എന്ന മുപ്പത്തിനാലുകാരി ലോകത്തോടു പറയുന്നു. ആസ്ട്രോനോട്ട് നമ്പർ 004 ആയി ബഹിരാകാശ വിസ്മയങ്ങളിലേക്ക് പറന്ന ശിരിഷ കല്പനാ ചൗളയ്ക്കും സുനിതാ വില്ല്യംസിനും ശേഷം ബഹിരാകാശ യാത്ര നടത്തുന്ന ഇന്ത്യൻ വംശജയായ മൂന്നാമത്തെ വനിത എന്ന റെക്കോർഡ് കൂടിയാണ് സ്വന്തമാക്കിയിരിക്കുന്നത്. സ്ക്കൂൾ വിദ്യാർഥിനിയായിരുന്ന സമയത്ത് നാസ സന്ദർശിക്കാൻ അവസരം ലഭിച്ചതോ



ടെ ആ പെൺകുട്ടിയുടെ സ്വപ്നങ്ങളിൽ അതിരുകളില്ലാത്ത ആകാശവും താരാഗണങ്ങളും നിറഞ്ഞു. ഒരു ആസ്ട്രോനോട്ട് ആവുക എന്നതാണ് തന്റെ ജീവിത ലക്ഷ്യമെന്ന് ഉറപ്പിക്കുകയും ചെയ്തു. പിന്നീട് വളർന്നപ്പോൾ ഈ സ്വപ്നസാക്ഷാൽക്കാരത്തിനായി നാസയിൽ അവസരം തേടിയെങ്കിലും ശിരിഷയുടെ ചെറിയ കാഴ്ചക്കുറവ് സ്വപ്നത്തിന് വിലങ്ങുതടിയായി. എങ്കിലും ബഹിരാകാശം ശിരിഷയെ മാടിവിളിച്ചുകൊണ്ടേയിരുന്നു. ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിൽ മുരളീധർ ബാൻഡ്‌ലയുടെയും

അനുരാധാ ബാൻഡ്‌ലയുടെയും മകളായാണ് ശിരിഷയുടെ ജനനം. നാലാമത്തെ വയസ്സിൽ മാതാപിതാക്കൾക്കൊപ്പം ആ പെൺകുട്ടി യു.എസ്സിലെ ഹൂസ്റ്റണിലെത്തി. പർഡ്യൂ യൂണിവേഴ്സിറ്റിയിൽ നിന്നും എയ്റോനോട്ടിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദം നേടിയ ശിരിഷ ജോർജ് ടൗൺ യൂണിവേഴ്സിറ്റിയിൽ നിന്നും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും നേടി. നാസയിൽ അവസരം നിഷേധിക്കപ്പെട്ടെങ്കിലും ശിരിഷ പിന്മാറാൻ തയ്യാറായിരുന്നില്ല. കൊമേർസ്യൽ സ്പേസ് ഫ് ലൈറ്റ് രംഗത്തെ അവസരങ്ങളെക്കുറിച്ച് പഠനകാലത്ത ശിരിഷ മനസ്സിലാക്കിയിരുന്നു. അങ്ങനെ കൊമേർസ്യൽ സ്പേസ്ഫ്ലൈറ്റ് ഫേഡറേഷനിൽ എയ്റോസ്പേസ് എഞ്ചിനീയറായി ജോലിയാരംഭിച്ച ശിരിഷ 2015–ൽ വർജിൻ ഗാലക്റ്റി ക്കിൽ എത്തി.

2004–ൽ റിച്ചാർഡ് ബ്രാൻസൺ ആരംഭിച്ച സ്വകാര്യ ബഹിരാകാശ കമ്പനിയാണ് വർജിൻ ഗാലക്റ്റിക്. ബഹിരാകാശ യാത്ര സ്വപ്നം കാണുന്നവർക്ക് ആ



കാശത്തിന്റെ അനന്തത വിസ്മയങ്ങളിലേക്കുയർന്ന് താരാഗണങ്ങളുടെയും ഭൂമിയുടെയും മനോഹരദൃശ്യം കാണാനും ഏതാനും മിനുട്ടു നേരത്തേക്ക് ബഹിരാകാശത്തെ ഭാരമില്ലായ്മ അനുഭവിക്കാനും അവസരം ഒരുക്കുക എന്നതാണ് തന്റെ ലക്ഷ്യമെന്ന് ബ്രാൻസൺ പ റയുന്നു. ബഹിരാകാശ ടൂറിസം യാഥാർഥ്യമാക്കുന്നതിന്റെ മുന്നോടിയായി നടത്തിയ ബഹിരാകാശപ്പറക്കലിൽ വർജിൻ ഗാലക്റ്റിക്കിൽ തന്നെ പ്രവർത്തിക്കുന്ന ശിരിഷയും തെരഞ്ഞെടുക്കപ്പെട്ടു. ഈ യാത്രയിൽ നാസയുടെ നിർദ്ദേശപ്രകാരം ശിരിഷ ഒരു പരീക്ഷണവും നടത്തി . അതിനായി ബഹിരാകാശയാത്രയിൽ മൂന്നു ട്യൂബുകളിൽ സസ്യങ്ങൾ കൂടെക്കൊണ്ടുപോയി. ഭൂമിയിൽ നിന്നും ബഹിരാകാശത്തേക്ക് പ്രവേശിക്കുമ്പോൾ മൈക്രോ ഗ്രാവിറ്റി അവസ്ഥയിൽ സസ്യങ്ങളിൽ ഉണ്ടാവുന്ന മാറ്റങ്ങൾ നിരീക്ഷിക്കുക എന്നതായിരുന്നു പരീക്ഷണ ലക്ഷ്യം. അതിഭീമമായ ചെലവു കാരണം ഇപ്പോൾ ബഹിരാകാശ വിനോദ സഞ്ചാരം സാധാരണക്കാരെ സംബന്ധിച്ച് ഒരാകാശ പുഷ്പമാണെങ്കിലും അധികം വൈകാതെ ബഹിരാകാശം സാധാരണക്കാർക്കും പ്രാപ്യമാവുമെന്നാണ് തന്റെ പ്രതീക്ഷയെന്ന് ശിരിഷ പറയുന്നു.



# നിങ്ങളുടെ കുടുംബത്തിനേകൂ യഥാർത്ഥ കാൻസർ പരിരക്ഷ.

കാലിക്കറ്റ് സിറ്റി സർവീസ് സഹകരണ ബാങ്കും എം. വി. ആർ കാൻസർ സെന്ററും കെയർ ഫൗണ്ടേഷനും സംയുക്തമായി അവതരിപ്പിക്കുന്ന സൗജന്യ കാൻസർ ചികിത്സാ പദ്ധതി

**15000* രൂപയ്ക്ക്**
**5 ലക്ഷം രൂപയുടെ**
**സൗജന്യ ചികിത്സ.**

MVRCCRI MASS CARE

- **വ്യക്തിഗത കാൻസർ ചികിത്സാ പരിരക്ഷ**
  ഏതൊരു വ്യക്തിക്കും 15000 രൂപ നിക്ഷേപിച്ച് ഈ പദ്ധതിയിൽ 5 ലക്ഷം രൂപയുടെ സൗജന്യ കാൻസർ ചികിത്സയ്ക്ക് അർഹത നേടാം.
- **മാസ്കെയർ ഫാമിലി**
  കുടുംബപദ്ധതിയിൽ ചേരുന്നവർക്ക് 5 ലക്ഷം രൂപ എന്ന പരിധിയില്ലാതെ മറ്റ് അംഗങ്ങൾക്ക് അവകാശപ്പെട്ട തുകയ്ക്ക് കൂടി സൗജന്യ കാൻസർ ചികിത്സ നേടാം.
- **മാസ്കെയർ പ്ലസ്**
  ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ സ്വന്തം പേരിൽ തന്നെ പണം നിക്ഷേപിച്ച് മറ്റൊരാളെ ഗുണഭോക്താവായി നിർദ്ദേശിക്കാവുന്ന പദ്ധതി. ഗുണഭോക്താവിനെ സംബന്ധിച്ച് പൊതുവ്യവസ്ഥകൾ ബാധകം.

## കാൻസറിനെ ഭയക്കേണ്ട ചികിത്സാചിലവിനെയും

## സവിശേഷതകൾ

- നിക്ഷേപ പദ്ധതിയിൽ ചേർന്ന് ഒരു വർഷം പൂർത്തിയായാൽ 15000 രൂപയ്ക്ക് 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ.
- 15000 രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കാം. 15000 രൂപക്ക് 5 ലക്ഷം രൂപ എന്ന നിരക്കിൽ ചികിത്സ ആനുകൂല്യത്തിന് അർഹത.
- നിലവിൽ കാൻസർ രോഗബാധിതർ അല്ലാത്ത 60 വയസ്സ് വരെ പ്രായമുള്ളവർക്ക് പദ്ധതിയിൽ അംഗമാകാം.
- അംഗമാകുന്നവർക്ക് 70 വയസ്സുവരെ ചികിത്സ ആനുകൂല്യത്തിന് അർഹത.
- 60 വയസ്സ് കഴിഞ്ഞവർക്കും പദ്ധതിയിൽ നിക്ഷേപിച്ച് നിബന്ധനകൾക്ക് വിധേയമായി മറ്റൊരു വ്യക്തിയെ ഗുണഭോക്താവായി നിർദ്ദേശിക്കാം.
- ചികിത്സ ആനുകൂല്യം ലഭിച്ചാലും നിക്ഷേപതുക മടക്കിക്കിട്ടും.
- നിക്ഷേപം നടത്തി ഒരു വർഷം കഴിഞ്ഞ് എപ്പോൾ വേണമെങ്കിലും പദ്ധതിയിൽ നിന്ന് പിന്മാറാം.
- ലളിതമായ നടപടിക്രമങ്ങൾ
- നിബന്ധനകൾക്ക് വിധേയം.

കൂടുതൽ വിവരങ്ങൾക്ക്: +91 9446 383 311
+91 9446 034 311
+91 7012 312 511

masscare.calicutcitybank.com

MVRCCRI MASS CARE

CALICUT CITY SERVICE CO-O BANK LTD.

MVR CANCER CENTRE & RESEARCH INSTITUTE